TRAVANCORE UNIVERSITY SERIES No. 24.

KĒRALABHĀṢĀVIJÑĀNĪYAM

PART I

BY

Dr. K. GODAVARMA, M. A., Ph. D. (Lond.)

TRIVANDRUM

Printed by the S. G. P. at the Government Central Press,
Trivandrum
and
Published by The Superintendent, Department of Publications
for the University of Travancore.
1951.





TRAVANCORE UNIVERSITY SERIES No. 24.

കേരളഭാഷാവിജ്ഞാനീയം

ഒന്നാം ഭാഗം

T.51
G 54






P 25

ഗ്രന്ഥകർത്താ

ഡാക്ടർ കേ. ഗോദവർമ്മ, എം. ഏ., പി എച്ച്. ഡി. (ലണ്ടൻ)

പ്രൊഫസ്സർ, യൂണിവേഴ്സിറ്റി കാളേജ്,

തിരുവനന്തപുരം.



Rights Reserved

Price Rs. 3-8-0

പ്രസ്താവന

ഭാഷകളുടെ ശാസ്ത്രീയമായ പഠനത്തിന് ആധുനികദശയിൽ പൊതുവേ ഒരു ഉണർവ് ഉണ്ടായിട്ടുണ്ട്. ദേശഭേദമോ വർഗ്ഗഭേദമോ കൂടാതെ ഭാഷാതത്ത്വങ്ങളുടെ ഉന്നയനത്തിനുവേണ്ടിയുള്ള കരുക്കൾ ഏതൊരു ഭാഷയിൽ നിന്നും സ്വീകരിക്കുവാൻ ഇന്ന് ശാസ്ത്രജ്ഞന്മാർ സന്നദ്ധത പ്രദർശിപ്പിക്കുന്നു. ദ്രാവിഡഭാഷകളിൽ ഓരോന്നിലും താരതമ്യപഠനത്തെ പുരസ്കരിച്ചുള്ള വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടായാൽ മാത്രമേ ദ്രാവിഡഭാഷാഗോത്രത്തെ സംബന്ധിക്കുന്ന തത്ത്വങ്ങൾ പൂർണ്ണമായി ആവിഷ്കൃതങ്ങളാകുകയുള്ളൂ. അംഗീകൃതങ്ങളായ ഭാഷാതത്ത്വങ്ങളെ അവലംബിച്ചുകൊണ്ട് ഒരു ഭാഷയുടെ സ്വഭാവഭേദങ്ങളെ പരിചിന്തനം ചെയ്യുകയും അനുഭവത്തിനും ചേരുന്ന സിദ്ധാന്തങ്ങളെ കഴിയുന്നിടത്തോളം പ്രകാശിപ്പിക്കുന്നതാണ് ആധുനികവൈയാകരണന്റെ കൃത്യം.

ദ്രാവിഡഭാഷകളുടെ പഠനത്തിന് ഡാക്ടർ കാൾഡ്വെല്ലിന്റെ 'A Comparative Grammar of the Dravidian' എന്ന ഗ്രന്ഥമാണ് പൊതുവേ ഉപയോഗത്തിലിരിക്കുന്നത്. ഈ ഗ്രന്ഥത്തിൽ മലയാളത്തെക്കുറിച്ചുള്ള ചർച്ച എത്രയും പരിമിതമാണെന്നു പറയേണ്ടതില്ലല്ലോ. രൂപനിഷ്പാദനത്തെമാത്രം ലക്ഷ്യമാക്കിക്കൊണ്ട് മലയാളത്തിൽ പല വ്യാകരണഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ബാലശിക്ഷണത്തിനല്ലാതെ നമ്മുടെ ഭാഷയെക്കുറിച്ചുള്ള ഉപരിപഠനത്തിന് അവ പ്രയോജനപ്പെടുന്നവയല്ല. ഡാക്ടർ ഗുണ്ടർട്ടിന്റെ വ്യാകരണമാണ് നമുക്ക് ആഗമികപ്രസ്ഥാനത്തിൽ ഇടം പ്രഥമമായ ഒരു പ്രവേശനമാർഗം തുറന്നുതന്നത്. കാൾഡ്വെല്ലിന്റെയും ഗുണ്ടർട്ടിന്റെയും അഭിപ്രായങ്ങളുടെ ഉപരിവിചാരണം എന്ന നിലയിലും ഭാഷാഘടകങ്ങളെക്കുറിച്ച് സവിസ്തരമായ ഒരു ലക്ഷണശാസ്ത്രം എന്ന നിലയിലും പ്രൊഫസ്സർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ രചിച്ചിട്ടുള്ള കേരളപാണിനീയത്തിന്റെ പ്രാശസ്ത്യം സുവിദിതമാണല്ലോ. കാൾഡ്വെല്ലിന്റെയോ ഗുണ്ടർട്ടിന്റെയോ ഏ. ആർ. രാജരാജവർമ്മയുടെയോ കാലത്തു് അറിയപ്പെട്ടിട്ടില്ലാത്ത പല ലക്ഷ്യങ്ങളും നമ്മുടെ ഭാഷയുടെ ഘടനയേയും ചരിത്രത്തേയും കൂടുതൽ വിശദമാക്കുന്നവയായി ഇന്ന് ഉപലബ്ധങ്ങളായിട്ടുണ്ട്. കഴിഞ്ഞ മുപ്പതു വർഷങ്ങളിൽ എല്ലാ ശാസ്ത്രങ്ങൾക്കും അതിനു മുൻപ് ഇല്ലാത്തവണ്ണമുള്ള ഒരു അഭിവൃദ്ധി സാധിതമായിട്ടുള്ള

ക്രട്ടത്തിൽ ഭാഷാശാസ്ത്രത്തിന്റെ വികാസം ഗണനീയമാണ്. പുതിയ കരുക്കളും അഴിച്ചു വാർക്കപ്പെട്ട നിയമസംഹിതകളും അനുസരിച്ച് കേരളഭാഷയ്ക്ക് അഭിനവമായ ഒരു വ്യാകരണം ആവശ്യമാണെന്ന് ഏവരും സമ്മതിക്കുമല്ലോ.

ആധുനികരീതിയിലുള്ള മലയാളവ്യാകരണത്തിന്റെ ഒരു പ്രവേശിക എന്ന നിലയ്ക്കു ഈ ഗ്രന്ഥം ഞാൻ തയ്യാറാക്കിയത് തിരുവിതാംകൂർ സർവ്വകലാശാലയുടെ നിർദ്ദേശമനുസരിച്ചാണ്. ഈ ഭാഗത്തിൽ ഭാഷോത്പത്തി, ഭാഷാവിഭജനം, ഭാഷാഗോത്രങ്ങൾ, ദ്രാവിഡഭാഷകൾ എന്നിവയെപ്പറ്റി സാമാന്യമായും മലയാളത്തെപ്പറ്റി നിഷ്കൃഷ്ടമായും ചെയ്തിട്ടുള്ള നിരൂപണം വിപുലമായ വീക്ഷണത്തോടുകൂടിയ മലയാളവ്യാകരണത്തിന് ഒരു പൂർവ്വരംഗമായിട്ടാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഏതാദ്ദേശമായ ഒരു ഗ്രന്ഥത്തിന്റെ നിർമ്മിതിക്കു വേണ്ടി എന്നെ പ്രേരിതപ്പെടുത്തിയതിൽ തിരുവിതാംകൂർ സർവ്വകലാശാലാ അധികാരികളോട് ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു.

തിരുവനന്തപുരം,

ഗ്രന്ഥകർത്താ.

വിഷയാനുക്രമണിക.

		പുറം.
	ഉപക്രമം	1
I.	ഭാഷാസമുദ്ഭവം	,,
	ആശയപ്രകാശനവും ശബ്ദരൂപമായ ഉപായവും	,,
	ഭാഷയുടെ ഉത്പത്തിയും വൃദ്ധിയും	2
	ശബ്ദാർത്ഥബന്ധത്തിന്റെ വ്യവസ്ഥാപനം	3
	അനുകരണസിദ്ധാന്തം	,,
	വ്യാക്ഷേപകസിദ്ധാന്തം	,,
	പ്രതിരണനസിദ്ധാന്തം	4
	കർമ്മസഹകാരിശബ്ദസിദ്ധാന്തം	,,
	ആംഗികചേഷ്ടാനുസരണസിദ്ധാന്തം	5
	ഭാഷയുടെ പ്രാഗ്രൂപം	6
	വാച്യവാചകസങ്കേതം	7
II.	ഭാഷകളുടെ കക്ഷ്യാവിഭജനം	8
	ഭാഷാവിഭജനത്തിൽ വൈവിധ്യം	,,
	ഭാഷകളുടെ കക്ഷ്യാഭേദങ്ങൾ	9
	പ്രാകൃതകക്ഷ്യ	,,
	വൈകൃതകക്ഷ്യ	10
	അപഗ്രഥനം	12
	സംശ്ലിഷ്ടകക്ഷ്യ	13
	സംഘടിതകക്ഷ്യ	,,
	കക്ഷ്യാവിഭജനത്തെക്കുറിച്ചുള്ള വിമർശനം	14
III.	ഭാഷാഗോത്രങ്ങളും ഭാഷാസംഘാതങ്ങളും	15
	ഭാഷകളുടെ ഗോത്രപരമായ വിഭജനം	,,
	ഭാഷാഗോത്രങ്ങളുടേയും ഭാഷാസംഘാതങ്ങളുടേയും നാമനിർദ്ദേശം	16
	ഇൻഡോയൂറോപ്യൻഗോത്രം	17
	ഇൻഡോയൂറോപ്യൻഭാഷകളുടെ സാമാന്യസ്വഭാവം	,,
	സെമിറ്റിക് ഗോത്രം	18
	ഹാമിറ്റിക് ഗോത്രം	19
	തെക്കുകിഴക്കൻ ഏഷ്യാറ്റിക് ഗോത്രം	20
	യൂറൽ അല്റേയ്ക് ഗോത്രം	21
	അസ്ത്രിക്ഭാഷാഗോത്രം	22
	ബാണ്ടുഭാഷാഗോത്രം	24
	കക്കേഷ്യൻ ഭാഷാസംഘം	25

		പുറം.
	അമേരിക്കൻ ഭാഷാസംഘം	26
	മദ്ധ്യാഫ്രിക്കൻ ഭാഷാസംഘങ്ങൾ	27
	ഒറ്റതിരിഞ്ഞുള്ള ഭാഷകൾ	,,
	ബാസ്ക് ഭാഷ	28
	ജാപ്പനീസ്	29
	കൊറിയൻ	30
	ഹൈപ്പർബോറിയൻ	,,
	ലോകഭാഷകളുടെ ഏകവംശ്യതാവാദം	31
	പ്രാചീനകാലത്തെ ഭാഷാവൈവിധ്യം	32
IV.	ദ്രാവിഡഭാഷാഗോത്രം	,,
	ദ്രാവിഡസംജ്ഞ	,,
	ദ്രാവിഡശബ്ദവ്യുത്പത്തി	33
	വിഭിന്നദേശ്യർ ദ്രാവിഡദേശത്തിനു നല്കിയിട്ടുള്ള സംജ്ഞകൾ	36
	ദ്രാവിഡർ ആരു? ...	37
	ദ്രാവിഡഭാഷാഗോത്രവും മറ്റു ഭാഷാഗോത്രങ്ങളും ...	40
	ദ്രാവിഡഗോത്രത്തിന്റെ ഇൻഡോ-യൂറോപ്യൻബന്ധം ...	41
	ദ്രാവിഡത്തിനു കാൾഡ്വെൽ അഭ്യൂഹിച്ചിട്ടുള്ള സിതിയൻബന്ധം ...	43
	സിതിയൻബന്ധവാദനിരാകരണം ...	44
	ഭാഷകളുടെ സഗോത്രതാനിർണ്ണയം ...	45
	ദ്രാവിഡഭാഷകളുടെ ഏകഗോത്രത ...	46
	പ്രത്യയസാദൃശ്യം ...	48
	വർണ്ണവിഷയകവും ഘടനാവിഷയകവുമായ സാദൃശ്യം....	49
	ദ്രാവിഡഭാഷകളുടെ പരസ്പരബന്ധം ...	58
	ഇൻഡോ ആര്യൻഭാഷകളിലുള്ള ദ്രാവിഡഭാഷാ സമാവേശം ...	60
	വർണ്ണവിഷയകം ...	,,
	ബ്ലൂംഫീൽഡ് തുടങ്ങിയവരുടെ അഭിപ്രായം ...	61
	ത്രുപനിഷ്പാദനവിഷയകം ...	63
	പദസമുച്ചയവിഷയകം ...	65
V.	ദ്രാവിഡഭാഷകളുടെ സാമാന്യവിവരണം. ...	68
	തമിഴ് ...	69
	തെലുങ്ക് ...	79
	കന്നഡകം ...	85

പഠം.

ഉദ്ദ	...	91
ക്കർഫ്	...	94
തൊദ അല്ലെങ്കിൽ ഉദ	...	98
കോത	...	101
ഗോണ്ഡി	...	102
മല്ത്തോ അല്ലെങ്കിൽ രാജ്മഹാലി	...	105
കറക്കു് അല്ലെങ്കിൽ ഒറാങോ	...	107
കയി, കന്ധി അല്ലെങ്കിൽ ഖോന്ദ്	...	108
കോലാമിനൈകിശാഖ	...	110
ബ്രാഹ്യൂയി	...	112
മലയാളം	...	114-234

ശുദ്ധിപത്രം.

ഈ പുസ്തകം അച്ചടിച്ച 'പ്രസ്സിലെ' തെറ്റുപ്പുകളിൽ തേയ്മാനംകൊണ്ട് പല സ്ഥലങ്ങളിലും വ്യഞ്ജനങ്ങൾക്ക് ശേഷമുള്ള ദീർഘമായ 'ഈ'കാരചിഹ്നവും സംവൃതോകാരത്തിന്റെ മീതലും, രേഫചിഹ്നവും തെളിയാതെ പോയിട്ടുണ്ട്. മിക്കവാറും അവയെ ഒഴിച്ചു്, തിരുത്തിവായിക്കേണ്ടതായ ഭാഗങ്ങൾ ചുവടെ നിർദ്ദേശിച്ചുകൊള്ളുന്നു.

പുറം.	വരി.	അബദ്ധം.	സുബദ്ധം.
8	11	പൈവിധ്യം	ദൈവിധ്യം.
9	2	ചേന്തായ	കേന്താനി
10	9	കൃഷ്ണമിഴി	കൃഷ്ണമണി
11	3	പ്രാചനമായ	പ്രാചീനമായ
11	30	ന	നീ
14	26	പ്രാചനമതം	പ്രാചീനമതം
17	Foot-Note	'o'	of
23	Foot-Note 5	...	Exclusive
24	32	ഉദ്ദേശികത്ഥത്തെ	ഉദ്ദേശികാത്ഥത്തെ
24	Foot-Note 1	...	Inclusive
34	6	അഭാവത്താൽ	അഭാവത്തിൽ
34	15	...	Cūḍikā
43	29	അതനം	അതിനം
55	23	വക്ഷിക്കുന്നതിനും	വീക്ഷിക്കുന്നതിനും
59	19	ശാഖേയെയും	ശാഖയെയും
61	2	...	ടോണി
61	2	...	ട്രോണി
61	13	...	സിംഹളീസിലും
61	14	...	നവീനൻഡോ—ആര്യൻ
61	31	...	ലൗകികസംസ്കൃതത്തിൽ
64	30	कितावें से	कितावों से
,,	31	കിതാബോംസെ	കിതാബോംസേ
74	28	ഗ്രന്ഥ	ഗ്രന്ഥം
77	11	ആയു	ആല്
77	12	ആല	ആല്
78	12	...	ചെയ്യിയ
80	29	കോമടാവു	കോമ്ടാവു
80	34	ബലഗാമിലുള്ള	ബല്ഗാമിലുള്ള
81	11	...	വാക്യരീതിക്ക്
81	20	ബേർഡിയിൽ	ബോർഡിയിൽ
81	32	സവ	സവ്

പുറം.	വരി.	അബദ്ധം.	സുബദ്ധം.
83	6	....	നീതിചന്ദ്രിക
83	22	....	അനുഗൃഹീത
83	23	....	സംസ്കൃതമയമായ
85	31	ദേശനാമം	ഈ പദം വിട്ടുവായിക്കുക
91	29	....	കൊങ്കണിയും
93	26	രേഖക	രേഖകം
95	9	സവേയിൽ	സവ്വേയിൽ
103	14	കോയ	കോപി
111	12	സമികരണം	സമീകരണം
118	19	വിശക്ക്ണില്ലയോ	വിശക്ക്ണതില്ലയോ
136	7	....	പ്രദർശിപ്പിച്ചിട്ടുള്ള
141	13	പ്രാചിന	പ്രാചീന
142	4	ഉനികിൻറ	ഉണികിൻറ
144	7	....	അംഗീകൃതമായിരുന്ന
152	15	കണട	കണ്ട
153	25	വലിമയലെ	വലിമയാലെ
156	16	തത	തത്
156	17	വിമൃയോർഹി	വിമൃമയോർഹി
157	1	യോഗമായ	യോഗമായി
159	16	കൃത	കൃതി
160	12	....	ചെന്തുന്നേൽ
162	13	ആയുച്ചുതി	ആയുച്ചുതി
165	10	സിദ്ധാന്ധി	സിദ്ധാന്തി
166	Foot-Note	....	Edited
173	3	(ൻറ)	ഇതുവിട്ടു വായിക്കണം
173	10	(ന്ന)	ണ്ണ
175	29	വണാവാണീം	പീണാവാണീം
177	1	....	ഉദാഹരണപദ്യങ്ങളിലും
183	26	സാഗ്രൃങ്ങളാണ്	സംശ്ലൃങ്ങളാണ്
191	1	....	പ്രഗല്ഭങ്ങളാണ്
196	17	ശോക്കളെയ്	ശോക്കളായ്
202	18	പ്രയോജകപ്രകാരം	നിയോജകപ്രകാരം
205	29	അനകരണ	അനുകരണ
206	9	....	അന്യഭാഷാ
217	3	ഓക്ക് പാദനം	ഓച്ചാരാദനം
223	17	അത്ഥഭേത്തിന്	അത്ഥഭേദത്തിന്
228	17	നിർമ്മാണം	നിർമ്മാണം
234	3	വിശദകരിക്കുക	വിശദീകരിക്കുക

കേരളഭാഷാവിജ്ഞാനീയം.

ഉപക്രമം.

൧. കേരളത്തിലെ വ്യവഹാരഭാഷയായ മലയാളം പരിഷ്കൃതങ്ങളായ ലോകഭാഷകളിൽ ഒന്നു മാത്രമാകുന്നു. എല്ലാ ഭാഷകളേയും പൊതുവായി സംബന്ധിക്കുന്ന പല തത്ത്വങ്ങളും ഉള്ളതുകൊണ്ട്, ഏതെങ്കിലും ഒരു ഭാഷയുടെ ശാസ്ത്രീയമായ പഠനത്തിൽ, ആ ഭാഷ ഭാഷാസമുദായത്തിലെ ഒരു വ്യക്തിയാണ് എന്നുള്ള വിപുലമായ വീക്ഷണം ഒഴിച്ചുകൂടാത്തതത്രേ. ഒരു ഭാഷയെ മാത്രം ആധാരമാക്കിക്കൊണ്ട് ചെയ്യുന്ന അന്വേഷണങ്ങൾ പലപ്പോഴും പിഴച്ചുപോകുവാൻ ഇടയുണ്ട്. മറ്റുള്ള ഭാഷകളുമായി താരതമ്യപ്പെടുത്തി വിചിന്തനം ചെയ്തിട്ട് പുറപ്പെടുവിക്കുന്ന നിഗമനങ്ങൾക്കാകട്ടെ, കൂടുതൽ അംഗീകാര്യത സിദ്ധിക്കുന്നു. അതിനാൽ, ഭാഷയുടെ സ്വരൂപം എന്ത്? ഭാഷയുടെ സമുദയം ഏതെല്ലാം ഉപാധികളെ ആശ്രയിച്ചായിരുന്നിരിക്കണം? ഭാഷകളുടെ വിഭജനത്തിൽ പ്രയോജകീഭവിക്കുന്ന തത്ത്വങ്ങൾ ഏവ? മുഖ്യങ്ങളായ ഭാഷാഗോത്രങ്ങളും ഭാഷാസംഘാതങ്ങളും ഏവ? അവയിൽ നമ്മുടെ ഭാഷയുടെ സ്ഥാനം എന്ത്? എന്നീ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടുള്ള നിരൂപണം നമ്മുടെ ഭാഷയെക്കുറിച്ച് നിഷ്കൃഷ്ടമായി പഠിക്കുന്നതിന് ഉപകാരകമായിരിക്കുമല്ലോ.

മലയാളം ഭാഷാസമുദായത്തിലെ ഒരു വ്യക്തി.

I

ഭാഷാസമുദ്ഭവം.

൨. നമ്മുടെ വികാരങ്ങളേയും വിചാരങ്ങളേയും അന്യോന്യം വിനിമയം ചെയ്യുന്നതിന് കണ്ണുനാക്കുതലേയും ആസ്യഗതങ്ങളായ അവയവങ്ങളേയും വ്യവസ്ഥിതമാകുംവണ്ണം പ്രവർത്തിപ്പിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന വിവിധധ്വനികളുടെ കൂട്ടമാകുന്നു ഭാഷ എന്ന് സാമാന്യമായി പറയാം. ഒരുവന്റെ ചിന്ത അതേ രൂപത്തിൽ തത്തുല്യമായ ആവിഷ്കൃതമാകുന്നില്ല; പിന്നെയോ, അത് ശബ്ദത്തിലും മുഖം, കണ്ണ്, തല, കയ്യ് എന്നിവയുടെ ചലനഭേദങ്ങളിലും പ്രകാശമാനമായി ഇതരർക്ക് ഗോചരീഭവിക്കുന്നു. അതിനും പുറമേ, പെരുമാറ്റത്തിലും പ്രവൃത്തിയിലും പ്രവൃത്തികളുടെ പൂർവാപരബന്ധത്തിലും കൂടി മനുഷ്യന്റെ അന്തർഗതഭാവം

ആശയപ്രകാശനവും ശബ്ദരൂപമായ ഉപായവും.

ഏറെക്കുറെ പ്രതിഫലിക്കുന്നുണ്ട്. ഇങ്ങനെ ആശയപ്രകാശനം പല വിധത്തിൽ നിർവഹിക്കപ്പെടുന്നുണ്ടെങ്കിലും, മനുഷ്യന്റെ അഭിവൃദ്ധിദശയിലെന്നുമാത്രമല്ല, ആരംഭദശകളിലും ശബ്ദരൂപമായ ഉപായത്തിന് പ്രാമുഖ്യം ഉണ്ടായിരുന്നിരിക്കണം. ശബ്ദം പുറപ്പെടുവിക്കുന്നതിനുള്ള ശക്തി മറ്റു പല ജീവികൾക്കും ഉണ്ടെന്നുള്ളതു് ശരിതന്നെ. എന്നാൽ മനുഷ്യന്റെ സാമാന്യേതരമായ അവബോധപാടവം മൂലം, വിചാരപ്രകടനത്തിൽ ശബ്ദത്തിനുള്ള പ്രാവണ്യത്തെ അനുക്രമം വർദ്ധിപ്പിച്ചു് ഉത്കൃഷ്ടജീവിതാനുഭവത്തിനുള്ള പ്രബലമായ ഒരു ഉപാധിയായി ഭാഷയെ രൂപവത്കരിക്കുവാൻ അവന് സാധിച്ചുവെന്നുള്ളതു് മഹത്തായ അനുഗ്രഹമത്രേ.

ഭാഷയുടെ ഉത്പത്തിയും വൃദ്ധിയും.

നമ്മുടെ ഭാഷ മനുഷ്യർക്ക് സ്വാശയപ്രകടനത്തിനായി ഈശ്വരൻ നല്കിയ ഒരു അനുഗ്രഹമാണെന്ന് ചിലർ കരുതുന്നു. എന്നാൽ ചരാചരാത്മകമായ ലോകത്തിന്റെ ചരിത്രത്തിൽ പരിണാമസിദ്ധാന്തത്തിനുതന്നെ യുക്തിസഹത്വം വീക്ഷിക്കുന്നവർ ഭാഷയുടെ ഉത്പത്തിവൃദ്ധികളിലും അതേ സിദ്ധാന്തത്തെത്തന്നെ ആദരിക്കുന്നു. വിശപ്പ്, പേടി, കോപം, കാമം മുതലായവയാൽ ബാധിതരാകുമ്പോൾ, മറ്റു പ്രാണികളും ചില ധ്വനിവിശേഷങ്ങളും കൊണ്ട് അന്തർഗതമായ ഭാവത്തെ വ്യഞ്ജിപ്പിക്കുന്നുവെന്നുള്ളതു് നമുക്ക് അനുഭവമാണല്ലോ. അതിപ്രാചീനമായ ദശയിൽ മൃഗാദികളിൽനിന്നും വളരെ വ്യത്യസ്തനല്ലാത്ത മനുഷ്യന്റെ ആശയപ്രകടനവും സ്വാഭാവികങ്ങളായ ചില ധ്വനികളാൽകൊണ്ട് സാധിതമായിരുന്നിരിക്കണം. ഈ ധ്വനികൾക്കു പുറമേ, മുഖത്തിലുള്ള സ്നായുക്കളെക്കൊണ്ടും കൈമുദ്രകളെക്കൊണ്ടും കൂടി അന്തർഗതത്തെ ആവിഷ്കരിക്കുന്നതിന് മറ്റൊരു ജന്തുവിനും ഇല്ലാത്തവണ്ണം പ്രാഗല്ഭ്യം മനുഷ്യൻ സ്വായത്തമാക്കി. മനുഷ്യൻ തന്റെ ചിത്തവൃത്തിയുടെ വ്യഞ്ജകമായി ആംഗ്യാഭിനയത്തെ കൈക്കൊണ്ടുവെങ്കിലും വിവക്ഷിതാർത്ഥപ്രകാശനത്തിൽ ശബ്ദരൂപമായ ഉപായത്തിന് അഭിവൃദ്ധിയേ ഉണ്ടായുള്ളൂ. ആംഗ്യാഭിനയത്തിൽ അനുഭൂതമാകുന്ന കായക്ലേശകരത്വം മാത്രമല്ല, വസ്തുക്കളുടെ വൈചിത്ര്യം പ്രകടിപ്പിക്കുന്നതിലുള്ള അശക്യത, ആകൃതിരഹിതങ്ങളായ ഗുണാദികളുടെ നിർദ്ദേശത്തിനുള്ള വൈഷമ്യം എന്നിവയെല്ലാം ശബ്ദപ്രയോഗരൂപമായ വികാരപ്രകടനോപായത്തെക്കാൾ അതിന് സ്വാഭാവികമായുള്ള ന്യൂനതയെ പ്രകടമാക്കുന്നുണ്ട്. മനുഷ്യന്റെ ചിന്താശക്തി വർദ്ധിക്കുകയും വികാരങ്ങൾ വിശദങ്ങളാകുകയും ചെയ്തതോടുകൂടി ആശയാവിഷ്കരണത്തിന് അങ്ഗീകൃതമായ ശബ്ദപ്രയോഗസമ്പ്രദായം സർവ്വഥാ അഭിവൃദ്ധിയെ പ്രാപിച്ചു.

൪. ആശയാവിഷ്കരണത്തെ സംബന്ധിച്ചിടത്തോളം ആദ്ധ്യാഭിനയം, ശബ്ദപ്രയോഗം എന്നിവയിൽ ശബ്ദപ്രയോഗത്തിനുള്ള മേന്മയെ യഥാകാലം അറിഞ്ഞ മനുഷ്യൻ വാച്യങ്ങളായ അർത്ഥങ്ങൾക്കും വാചകങ്ങളായ ശബ്ദങ്ങൾക്കും തമ്മിലുള്ള ബന്ധം എങ്ങനെ വ്യവസ്ഥാപനം ചെയ്യണമെന്നുള്ളതിനെക്കുറിച്ച് പണ്ഡിതന്മാർ പല സിദ്ധാന്തങ്ങളും ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ആ സിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ടവയുടെ സ്വരൂപജ്ഞാനത്തിനായി ചില വിവരങ്ങൾ മുമ്പടെ ചേർക്കുന്നു.

ശബ്ദാർത്ഥബന്ധത്തിന്റെ വ്യവസ്ഥാപനം.

൫. പക്ഷിമൃഗാദികളുടെ ശബ്ദത്തെ അനുകരിച്ച് അതാതിനെ വ്യപദേശിക്കുവാൻ തുടങ്ങിയതാണ് ഭാഷയുടെ ആദ്യത്തെ പടി എന്ന് ചിലർ സിദ്ധാന്തിച്ചിരിക്കുന്നു. സംസ്കൃതത്തിൽ കൂഷ്ണഃ (കൃയിൽ), കാകഃ (കാക്ക), മാഹാ (പശു), കുക്കുരഃ (പട്ടി), ഝില്ലീ (ചീവീട്) തുടങ്ങിയവയും ഇംഗ്ലീഷിൽ 'ക്രോ'[1] 'കുക്കൂ'[2] തുടങ്ങിയവയും മലയാളത്തിൽ കാക്ക, ഉമ്മാമ്മ,[3] മൂങ്ങ തുടങ്ങിയവയും ആയ വാക്കുകളും ശബ്ദാനുകരണംകൊണ്ടുള്ള അർത്ഥകല്പനത്തിന് നിദർശനങ്ങളാകാം. ശിശുക്കളുടെ വ്യവഹാരത്തിൽ അനുകരണശബ്ദങ്ങൾക്ക് കാണുന്ന ബാഹുല്യവും ഭാഷാസമുദ്ഭവത്തിൽ ഈ സിദ്ധാന്തത്തിന് ഒരു താങ്ങായി കരുതപ്പെടുന്നു.

അനുകരണസിദ്ധാന്തം.
The Bow-wow theory.

൬. അസാധാരണങ്ങളായ പദാർത്ഥങ്ങളെ പ്രത്യക്ഷീകരിക്കുമ്പോൾ നമ്മുടെ ഉള്ളിൽ വിഭിന്നങ്ങളായ വികാരങ്ങളും വിചാരങ്ങളും ഉണ്ടാകുന്നു. ആ വികാരങ്ങളും വിചാരങ്ങളും 'ഹാ', 'ഹീ' എന്നു തുടങ്ങിയ വ്യാക്ഷേപകങ്ങളെ തനിയേ ഉദ്ഗമിപ്പിക്കുന്നു. ഇത്തരം വ്യാക്ഷേപകശബ്ദങ്ങൾ ഏതെങ്കിലും അർത്ഥത്തോടു ചേർത്തു പരിഗണിക്കപ്പെട്ടതോടുകൂടി ചില നാമരൂപങ്ങളും ക്രിയാരൂപങ്ങളും ഭാഷയുടെ ഘടകങ്ങളായി ആവിർഭവിച്ചുവെന്നാണ് വ്യാക്ഷേപകസിദ്ധാന്തത്തെ അവലംബിക്കുന്നവർ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഏറ്റവും വലിയ ഒരു സംഖ്യയുടെ വാചകമായ 'ഹാഹാ' എന്നുള്ള സംസ്കൃത

വ്യാക്ഷേപകസിദ്ധാന്തം.
The Pooh-pooh theory.

---

1. Crow.
2. Cuckoo.
3. ഭിന്നഭാഷാ പദം എന്ന് അർത്ഥം.

ശബ്ദം പദാർത്ഥബാഹുല്യത്താൽ സമുത്ഥിതമായ അദ്ഭുതവികാരത്തിന്റെ ഫലമായിരിക്കാം. ഇതുപോലെ ഇംഗ്ലീഷിൽ 'ഫൈ'[1] എന്ന നിപാതത്തിൽനിന്നാണ് 'ഫീൻഡ്'[2] എന്ന പദം ഒരു പിശാചിന്റെ പേരായി നിഷ്പന്നമായതെന്ന് വിചാരിക്കപ്പെട്ടുന്നു. ഇങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ മിക്ക ഭാഷകളിലും സുലഭങ്ങളായിരിക്കുകയാൽ ഭാഷാസമുദ്ഭവം വ്യാക്ഷേപകധ്വനികളിൽ ക്രുടിയാണെന്നുള്ള സിദ്ധാന്തത്തിന് വേണ്ടുവോളം പ്രസക്തി ഉണ്ടെന്നാണ് ഒരു കൂട്ടരുടെ വിശ്വാസം.

പ്രതിരണനസിദ്ധാന്തം.
The Ding-dong theory.

൯. പ്രകൃതിയിലുള്ള വസ്തുക്കൾ നമ്മെ ആകർഷിക്കുവാൻ ഇടയാകുമ്പോൾ നാം സ്വയമേവ ചില ശബ്ദങ്ങളെ പ്രയോഗിക്കുവാൻ പ്രേരിതരാകുന്നു. ആ ശബ്ദങ്ങളാകട്ടെ, സാക്ഷാത്കരിക്കപ്പെട്ടുന്ന ദ്രവ്യങ്ങളുടേയോ ഗുണങ്ങളുടേയോ ക്രിയകളുടേയോ മറ്റോ വാചകങ്ങളായി കാലക്രമത്തിൽ അങ്ഗീകരിക്കപ്പെടാം. സൂര്യോദ്യാലോകത്തിൽ നമ്മുടെ മനസ്സ് ദീപ്തതയെ പ്രാപിക്കുകയും തരങ്ഗിതമായിത്തീരുകയും ചെയ്യുന്നുവെന്നുള്ളത് അനുഭവസിദ്ധമാണല്ലോ. ഇപ്രകാരമുള്ള അനുഭൂതിയുടെ ബഹിഃപ്രകാശനത്തിനായി ഉദ്ദേശിക്കപ്പെട്ടുന്ന ശബ്ദവും അതിനു അനുരൂപമായിട്ടേ പ്രസരിക്കുകയുള്ളു. ചന്ദ്രവാചകമായി 'ഗ്ലൗ' എന്ന് സംസ്കൃതത്തിലും, പ്രകാശാർത്ഥകമായി 'ഗ്ലോ'[3] എന്ന ഇംഗ്ലീഷിലും, സുവർണ്ണാദിലോഹങ്ങളുടെ ദ്യുതിയെ നിർദ്ദേശിക്കുന്നതായി 'പളപളപ്പ്' എന്ന് മലയാളത്തിലും ഉള്ള ശബ്ദങ്ങളും പ്രതിരണനത്തിനു ഉദാഹരണങ്ങളാകാം. ഇപ്രകാരമുള്ള പദങ്ങളും വാച്യങ്ങളായ അർത്ഥങ്ങളുടെ ഗുണപ്രതിരൂപമായി നമ്മുടെ അന്തരങ്ഗത്തിൽ ഉണ്ടായ അനുഭൂതിയെ അധിഷ്ഠാനമാക്കി സമുദ്ഭൂതങ്ങളാണെന്നു വരുവാൻ പാടില്ലായ്കയില്ല.

കർമ്മസഹകാരിസിദ്ധാന്തം.
The yo-he-ho theory

൰. കർമ്മങ്ങളുടെ സുകരത്വത്തിനായോ ക്ലേശാപനയനത്തിനായോ പലതരം ശബ്ദങ്ങളെ മനുഷ്യർ പ്രയോഗിക്കുന്നുണ്ട്. ആദിയിൽ കേവലമായ അർത്ഥത്തെ ആശ്രയിക്കാതെ കർമ്മങ്ങളിൽ വ്യാപരിക്കുന്ന മനുഷ്യരാൽ പ്രയുക്തങ്ങളായ ശബ്ദങ്ങളും തന്നെ അതാതുകർമ്മങ്ങളുടെ പേരുകളായിത്തീരുവാൻ ഇടവന്നു. ഭാരമേറിയ തടികളും കല്ലുകളും മറ്റും ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് മാറ്റു

1. Fie.
2. Fiend.
3. Glow.

മ്പോഴും മഞ്ചൽ മുതലായ വാഹനങ്ങൾ ചുമന്നുകൊണ്ടുപോകുമ്പോഴും കമ്മകരന്മാർ നമ്മുടെ നാട്ടിൽ 'ഏലേലം ഏലേലം', 'ഞൗ, ഞൗ, ഉൗ, ഉൗ'' എന്നും മറ്റും ചിലതരം ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതു് നാം കേട്ടിരിക്കുമല്ലോ. ആങ്ഗ്ലേയരായ നാവികന്മാർ നംക്രരം പൊക്കുന്ന സമയത്തു് ''യോ—ഹീ—ഹോ'' എന്നിങ്ങനെ ക്രുച്ചേന്ന് ഉച്ചരിക്കുന്ന ധ്വനികളുതന്നെയാണ് 'നെടുവീർപ്പിടുന്നു' എന്ന അർത്ഥത്തിൽ ഹീവ്[1] എന്നുള്ള ക്രിയാരൂപത്തിനു് നിദാനമായതെന്നു് ചില പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുള്ളതിനെ അനുസരിച്ചാണ് കമ്മശബ്ദസിദ്ധാന്തത്തെ 'യോ-ഹീ-ഹോ-സിദ്ധാന്തം' എന്നു് അഭിധാനം ചെയ്തിട്ടുള്ളതു്. കമ്മശബ്ദസിദ്ധാന്തത്തിൽ പ്രതിഷ്ഠിതങ്ങളായ ക്രിയാപദങ്ങളും നാമപദങ്ങളും കുറെയെങ്കിലും ഏതൊരു ഭാഷയിലും കാണും. കഥാശ്രവണാദികളിൽ 'മ്', 'മ്' എന്നിങ്ങനെ വീണ്ടും വീണ്ടും പ്രയോഗിക്കപ്പെടുന്ന ശബ്ദത്തിൽനിന്നും 'മൂളുക' എന്നും, വിലാപരൂപമായ 'മോ' എന്നതിൽനിന്നും 'മോങ്ങുക' എന്നും, ദുരാഹ്വാനപരമായ 'ക്രൂ' എന്നതിൽനിന്നും 'ക്രൂവുക' എന്നും, ചുംബിക്കുമ്പോൾ ചുണ്ടുകളുടെ സംയോജനത്താൽ നാസാരന്ധ്രങ്ങളിലൂടെ നിർഗ്ഗമിക്കുന്ന 'ഉമ്' എന്ന ധ്വനിയിൽനിന്നും 'ഉമ്മ' എന്നും ഉള്ള മലയാളപദങ്ങളുടെ വ്യുത്പത്തിയെ വിവരിക്കുന്ന പ്രകാരം ഇവിടെ നിദർശിപ്പിക്കത്തക്കതാണ്. ഹിക്കപ്[2] എന്നതുടങ്ങിയ ഇംഗ്ലീഷ് പദങ്ങളുടേയും ഹിക്കാദികളായ സംസ്കൃതപദങ്ങളുടേയും സമുദ്ഭവം കമ്മശബ്ദസിദ്ധാന്തത്തിന്റെ പരിധിക്കകത്താണെന്നു് സ്പഷ്ടമാണല്ലോ. മനുഷ്യകൃതങ്ങളായ പ്രയത്നങ്ങളാൽ വസ്തുക്കളിൽ ഉണ്ടാകുന്ന ശബ്ദങ്ങൾ അതാതുവസ്തുക്കളുടെ പേരുകളായിത്തീരുന്നതാകട്ടെ, കർമ്മശബ്ദസിദ്ധാന്തത്തെക്കാൾ അനുകരണസിദ്ധാന്തത്തിന്റെ അധിഷ്ഠാനത്തിൽ വ്യാകരിക്കപ്പെടുന്നതു് യുക്തമായിരിക്കും. ഉന്മേഷിഡിണ്ഡിമാദിപദങ്ങളെ ഇക്രുട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

ആങ്ഗികചേഷ്ടാനുകരണസിദ്ധാന്തം.

The ta-ta theory.

൯. ഹസ്തമുദ്രകളെത്തുടർന്ന് നൈസർഗികമായിത്തന്നെ ജിഹ്വയും ഓഷ്ഠപുടങ്ങളും ഏറ്റപ്പെടുന്ന ചലനങ്ങൾ ധ്വനികൾക്കു് വൈചിത്ര്യം വരുത്തി ശബ്ദരൂപമായ ആശയപ്രകാശനോപായത്തിനു് അധിഷ്ഠാനമായി ഭവിച്ചുവെന്നു് അടുത്തകാലത്തു് ചിലർ വാദിക്കുന്നുണ്ട്[3]. ഇതിനു് ആങ്ഗികചേഷ്ടാനുകരണസിദ്ധാന്തം

1. Heave.
2. Hiccup.
3. *The New Popular Educator* (edited dy Sir J. A. Hammerton) Vol II, p 1439.

എന്ന് പേർ കല്പിക്കാം. ഈ സിദ്ധാന്തത്തിന്റെ യുക്തിവൈകല്യം പ്രത്യക്ഷമത്രേ. ഹസ്തമുദ്രകളും ഭാഷയുടെ ആവിർഭാവത്തിനു മുൻപു അത്രമാത്രം വർദ്ധിച്ചിരുന്നുവെന്ന് കരുതുവാൻ യാതൊരു ലക്ഷ്യവും ഇല്ല. പ്രാകൃതനദശയിൽ കേവലം വൃക്ഷവാസിയായിരുന്നിരിക്കുവാൻ ഇടയുള്ള മനുഷ്യന് കരങ്ങളുടെ വ്യാപാരം സങ്കേതങ്ങൾ കുറിക്കുന്നതിനെക്കാൾ കൂടുതലായി മറെറന്തിനോ കായ്ങ്ങൾക്ക് അപേക്ഷിതമായിരുന്നിരിക്കണം. അതുകൊണ്ട് ഹസ്തമുദ്രകൾ ശബ്ദരൂപമായ ആശയപ്രകാശനത്തെ നിഷ്പദിപ്പിക്കുമാറോ പ്രചോദിപ്പിക്കുമാറോ കാലക്രമേണ പ്രയുക്തങ്ങളായിരുന്നുവെന്നുള്ള അഭ്യൂഹം സംഗതമായിരിക്കുന്നില്ല.

ഭാഷയുടെ പ്രാരൂപം.

൫൦. ഭാഷാസമുദ്ഭവത്തെക്കുറിച്ചുള്ള പ്രശ്നത്തിന് തക്ക സമാധാനം കണ്ടുപിടിക്കുവാൻ ഒരുമ്പെടുമ്പോൾ നമുക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന അതിപ്രധാനമായ വൈഷമ്യം പ്രാചീനകാലത്തു് ഭാഷയുടെ സ്വരൂപം എന്തായിരുന്നുവെന്ന് അറിയുവാൻ യാതൊരു ലക്ഷ്യവും ഇല്ലെന്നുള്ളതുതന്നെ. ഇന്ന് നിലവിലിരിക്കുന്ന യാതൊരു ഭാഷയും അതിന്റെ പിൻപിൽ, അതിദീർഘമായ കാലത്തിലെ ചരിത്രത്തെ ആവഹിക്കുന്നതായിരുന്നാൽത്തന്നെയും, പൂർവ്വരൂപത്തെ നിദർശിപ്പിക്കുന്നുവെന്ന് സ്വീകരിക്കുവാൻ നിവൃത്തിയില്ല. എന്തെന്നാൽ, അങ്ങനെയുള്ള ഭാഷയും എത്രയോ ദീർഘമായ ഒരു കാലത്തിലെ വളർച്ചയുടെ പരിണതഫലം മാത്രമാകുന്നു. നാം ഒരു ഭാഷയുടെ പൂർവ്വദശകളെ ആരായുംതോറും അതു ക്രമേണ ക്രമേണ ആകാരവൈചിത്ര്യം പ്രാപിക്കുന്നതായും പ്രകടനരീതികളിൽ ഇന്നത്തേതിനെക്കാൾ കൂടുതൽ സമ്പന്നമായിരിക്കുന്നതായും കാണാവുന്നതാണ്. അന്ന് പ്രയുക്തങ്ങളായിരുന്ന ധ്വനികളുടെ എണ്ണം കൂടുതലും, വാക്കുകൾ ദീർഘതരങ്ങളും, സ്വരങ്ങളുടെ ഉച്ചാവചഭേദംകൊണ്ട് അത്ഭേദം കുറിക്കുന്ന സമ്പ്രദായം സുലഭവും, പര്യായശബ്ദങ്ങൾ പ്രചുരങ്ങളും, ധർമ്മങ്ങളേയും ജാതികളേയും കുറിക്കുന്ന സാങ്കേതികശബ്ദങ്ങൾ വിരളങ്ങളും ആയിട്ടാണ് ഓരോ ഭാഷയുടേയും സ്ഥിതിയെന്നു ഗവേഷകന്മാർ നിർണയം ചെയ്തിരിക്കുന്നു. അപരിഷ്കൃതവർഗ്ഗക്കാരുടെ ഇടയിലുള്ള ഭാഷയുടെ സ്വഭാവവും ഏറെക്കുറെ ഇതുതന്നെ. ഭാഷകൾക്ക് കാലാതിക്രമംകൊണ്ട് മേല്ക്കുമേൽ ലാഘവവും പരിമിതിയും ആണ് സംഭവിക്കുന്നതെന്ന് ദർശിക്കുവാൻ പ്രയാസമില്ല. അതുകൊണ്ട്, പുരാതനത്വത്തേയോ അസംസ്കൃതത്വത്തേയോ ആധാരമാക്കി ഭാഷയുടെ സമുദ്ഭവം എങ്ങനെ ആയിരിക്കാമെന്ന് അഭ്യൂഹിക്കുവാൻ കഴിയും എന്നുള്ള കോട്ടോ ജെസ്പേഴ്സന്റെ അഭിപ്രായത്തിന്റെ[1]

1, Jespersen, *Language, its nature, development and origin* p. p. 416–418.

സ്ഥീകാര്യത സംശയാസ്പദമാകുന്നു. ഭാഷയുടെ ആവിർഭാവദശയെ വെളിപ്പെടുത്തുവാൻ പര്യാപ്തമായ നിലയിൽ ഏതെങ്കിലും കുഞ്ഞുണ്ടെങ്കിൽ അതു് പിഞ്ചുശൈശവത്തിന്റെ അവ്യക്തകാലാപമത്രേ. പറയുമുള്ളവരെ അനുകരിക്കുവാൻ തുടങ്ങിക്കഴിഞ്ഞാൽ കുട്ടികളുടെ ഭാഷണങ്ങളും പരമ്പരയാ നാട്ടുഭാഷയിലുള്ള വ്യവസ്ഥിതികൾക്ക് അനുക്രമം വിധേയമായിപ്പോകുന്നതാണ്. അതിനാൽ, കുഞ്ഞുങ്ങളും നൈസർഗികമായി പുറപ്പെടുവിക്കുന്ന ധ്വനികളും മാത്രമേ, ഭാഷാസമുദ്ഭവപ്രശ്നത്തിനു സമാശ്രയണീയങ്ങളായിത്തീരുകയുള്ളൂ.

വാച്യവാചകസങ്കേതം.

൧൧. മനുഷ്യന്റെ മസ്തിഷ്കം വിചിന്തനാനുകൂലമായി വികസിച്ചുകഴിഞ്ഞിട്ടില്ലാത്ത ആദിമഘട്ടങ്ങളിൽ ഭാഷ ശുദ്ധമേ വികാരാധിഷ്ഠിതമായിരുന്നിരിക്കാം. പദവിന്യാസത്തിനൊപ്പിച്ചോ, കൈകൊണ്ട് എന്തെങ്കിലും ജോലി ചെയ്യുന്നതിന് അനുസ്യൂതമായോ പ്രവൃത്തങ്ങളായ ശബ്ദങ്ങളും അതുപോലെതന്നെ വേദന, സന്തോഷം, ഭയം, കോപം എന്നു തുടങ്ങിയ മനോവികാരങ്ങളെ പ്രകടിപ്പിക്കുന്ന തരത്തിലുള്ള ധ്വനിവിശേഷങ്ങളും ഭാഷയുടെ പ്രഥമസോപാനമായി കരുതപ്പെടാം. കാലക്രമത്തിൽ അത്തരം ശബ്ദങ്ങൾ ഓരോ അർത്ഥത്തിൽ ദ്യോതകങ്ങളായിത്തീരുകയും, ഒരു വ്യക്തിയെന്നപോലെ പല വ്യക്തികളും അവയെ പ്രയോഗിക്കുവാൻ ഇടവരുകയും ചെയ്തതിന്റെ ഫലമായിരിക്കണം ഭാഷ ഒരു ആശയപ്രകടനപദ്ധതിയെന്ന നിലയിൽ വ്യക്തതരമായ രൂപം കൈയ്ക്കൊണ്ടത്. സങ്കേതരൂപമായ പദത്തിനും സങ്കേതിതമായ പദാർത്ഥത്തിനും തമ്മിൽ പ്രാകൃതികമായ ഒരു ബന്ധം ആരോപിക്കുവാൻ സാദ്ധ്യമല്ലെന്നും പ്രത്യേകരീതിയിലുള്ള ചില പരിതഃസ്ഥിതികളിൽ പദപദാർത്ഥങ്ങൾക്കുള്ള വാച്യവാചകരൂപമായ ബന്ധം കല്പിതമായിത്തീർന്നിട്ടുള്ളതാണെന്നും നാം മനസ്സിലാക്കേണ്ടതാണ്. ഏറിയൊരുകാലം അന്ധമായി വിശ്വസിക്കപ്പെട്ടുപോന്നതു് മനുഷ്യൻ ഓരോരോ വസ്തുക്കൾക്ക് കരുതിക്കൂട്ടി പ്രത്യേകം പേരുകൾ സൃഷ്ടിച്ചു് ഭാഷാരൂപത്തിലുള്ള വ്യവഹാരം സാധിതപ്രായമാക്കി എന്നാണ്. ഇന്നാകട്ടെ, അങ്ങനെ ഒരു അഭിപ്രായം കേവലം വിനോദാവഹമായിരിക്കുകയേ ഉള്ളൂ. ഭാഷയുടെ സമുദയത്തിന് സഹായകമായിരുന്നതു് വാക്കുകൾക്ക് അന്യോന്യവ്യവഹാരത്താൽ അതാതിനുള്ള വില പ്രചാരത്തിൽ വന്നു ചേരത്തക്കവണ്ണമുള്ള മൗനാനുവാദം ജനമധ്യത്തിൽ ഉണ്ടായിരുന്നതാണ്.

ദ്രവ്യവിനിമയത്തിനുള്ള അസൗകര്യത്തെ പരിഹരിക്കുന്നതിന് നാണയങ്ങളും കറൻസിനോട്ടുകളും എങ്ങനെ നിശ്ചിതങ്ങളായ മൂല്യങ്ങളോടുകൂടി സ്വീകരിക്കപ്പെട്ടുവാൻ ഇടയായോ അതുപോലെയാണ് വിചാരങ്ങളേയും വികാരങ്ങളേയും നിർദ്ദേശിക്കുന്നതിന് ഭാഷയുടെ ഘടകങ്ങളായ ശബ്ദങ്ങളും രൂപവത്കൃതങ്ങളായത്.

II

ഭാഷകളുടെ കക്ഷിവിഭജനം.

ഫ വ. ലോകത്തിൽ അറിയപ്പെട്ടിട്ടുള്ള സംഖ്യാതീതങ്ങളായ ഭാഷകളെ, അവ തമ്മിലുള്ള സാജാത്യവൈജാത്യങ്ങളെ പുരസ്കരിച്ച്, ശാസ്ത്രജ്ഞന്മാർ രണ്ടുവിധത്തിൽ തരം തിരിച്ചിട്ടുണ്ട്. ആദ്യത്തെ വിഭജനപ്രകാരം ആശയവിനിമയത്തിനായി വാക്കുകളെ വിന്യസിക്കുന്ന പദ്ധതിയെ ആശ്രയിച്ചിട്ടുള്ളതും രണ്ടാമത്തെ വിഭജനപ്രകാരം പരസ്പരസംബദ്ധങ്ങളായ ഭാഷകളെ പ്രത്യേകം ഗോത്രങ്ങളായി ഭാവനം ചെയ്യുന്നതിനെ ആശ്രയിച്ചുള്ളതും ആകുന്നു.

ഭാഷാവിഭജനത്തിൽ രണ്ടുവിധം.

ഫ ന. ഏതൊരു ഭാഷയിലേയും മുഖ്യമായ ഘടകം വാക്യമാണ്. വാക്യാംഗങ്ങളായ പദങ്ങളുടെ നിഷ്പാദനസമ്പ്രദായം എല്ലാ ഭാഷകളിലും ഒരേവിധമായിരിക്കണമെന്നില്ല. കർതൃത്വം, കർമ്മത്വം തുടങ്ങിയ കാരകവൈശിഷ്ട്യങ്ങളേയോ വിശേഷണവിശേഷ്യസംബന്ധത്തേയോ നിർദ്ദേശിക്കുന്നതിന് ചില ഭാഷകൾ കേവലം പ്രകൃതിയെത്തന്നെ, പ്രായേണ എല്ലാ അവയവങ്ങളിലും പൗർവാപര്യം, പ്രകരണം തുടങ്ങിയവയുടെ ബലത്തെ സമാശ്രയിച്ച്, ഉപയോഗ്യമാക്കിവെച്ചുകൊണ്ടിരിക്കുന്നു. ചില ഭാഷകളിൽ പദങ്ങളുടെ പ്രകൃതിപ്രത്യയങ്ങൾ എളുപ്പത്തിൽ നിർണ്ണയിക്കുവാൻ സാധിക്കുമല്ലാത്തവണ്ണം വികൃതങ്ങളായിത്തീർന്നിട്ടുണ്ട്. മറ്റു ചിലതിൽ ഒരേ പ്രകൃതിയോടുതന്നെ പിന്നിലധികം പ്രത്യയങ്ങൾ തുടച്ചയായി മെടഞ്ഞു കോർക്കപ്പെട്ടിട്ടുള്ളതുപോലെ കാണപ്പെടുന്നു. ഏതാനും ഭാഷകളിൽ പ്രകൃതിയോട് സംശ്ലിഷ്ടങ്ങളായ പ്രത്യയങ്ങൾക്കു പകരം നൂതന പ്രകൃതികൾ കടന്നുകൂടി, ഓരോ പദവും പ്രകൃതിമാത്രകമായി അവസ്ഥാനം ചെയ്യുന്നു. ഒരു ഭാഷയിൽ പല വാക്കുകൾക്കുകൊണ്ട് പ്രതിപാ

ദിതമാകുന്ന ആശയം തന്നെ, വേർപെട്ട് പ്രയോഗിക്കപ്പെടാത്ത പല അവയവങ്ങളും ചേർന്നതായി രൂപവത്കൃതമാകുന്ന ഒരൊറ്റ വാക്കു കൊണ്ടു നിർദ്ദിഷ്ടമാകുന്ന തരത്തിലും ചില ഭാഷകൾ അറിയപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നോക്കുമ്പോൾ പ്രകൃതിമാതൃകങ്ങളായ പദങ്ങളോടുകൂടിയവ അഥവാ പ്രാകൃതകക്ഷ്യയിൽപെട്ടവ[1], പ്രകൃതിപ്രത്യയങ്ങൾക്ക് ബഹുവിധമായ വികാരങ്ങൾ സംഭവിച്ച പദങ്ങളോടുകൂടിയവ അഥവാ വൈകൃതകക്ഷ്യയിൽപെട്ടവ ഒരേ പ്രകൃതിയോട് പല പ്രത്യയങ്ങളും ഒന്നിനോടൊന്നുചേർന്നിട്ടുള്ള പദങ്ങളോടുകൂടിയവ അഥവാ സംശ്ലിഷ്ടകക്ഷ്യയിൽപെട്ടവ[3], പ്രകൃതികളുടെ ഇതരേതരസംബന്ധത്തെ കുറിക്കുന്നതിനുകൂടി പ്രത്യേകം ശബ്ദങ്ങളെ വേർതിരിച്ചു പ്രയോഗിക്കുന്ന സ്വഭാവത്തോടുകൂടിയവ അഥവാ അപഗ്രഥിതകക്ഷ്യയിൽപെട്ടവ[4], അനേകം പ്രകൃത്യംഗങ്ങളും യോജിച്ച് ഒറ്റയായി പരിണമിച്ചിട്ടുള്ള പ്രതിപാദകശബ്ദങ്ങളോടുകൂടിയവ അഥവാ സംഘടിതകക്ഷ്യയിൽപെട്ടവ[5], എന്ന് അഞ്ചു തരത്തിൽ ഭാഷകളെ സ്വരൂപപരമായി ഭാഷാശാസ്ത്രജ്ഞന്മാർ പിരിച്ചിരിക്കുന്നതിന്റെ തത്ത്വം വിശദീകരിക്കുന്നതാണ്.

ഭാഷകളുടെ കക്ഷ്യാഭേദങ്ങൾ.

൨൪. പ്രാകൃതകക്ഷ്യയിൽപെട്ട ഒരു ഭാഷയിൽ വാക്യാംഗമായ പദം ഒരൊറ്റ അവയവം മാത്രമുള്ളതും വ്യത്യസ്തങ്ങളായ സൂചനകളുള്ള ഭാഗങ്ങളായി പിരിക്കുവാൻ കഴിയാത്തതും ആകുന്നു. മൗലികമായ ആശയത്തിന്റെ വൈവിധ്യം അനുസരിച്ച് പ്രകൃതികൾക്ക് രൂപഭേദം വരുന്നില്ല. നാമം, ക്രിയ, വിശേഷണം തുടങ്ങിയ ശബ്ദവിഭാഗങ്ങളിൽ ഏതൊന്നിലാണ് ഒരു പദം ഉൾപ്പെട്ടതെന്നുള്ളതു് അറിയുന്നതാകട്ടെ, പാർശ്വഗതങ്ങളായ ഇതരപദങ്ങളോടുള്ള ചാച്ചിയെ സമാശ്രയിച്ചുവേണ്ടിയിരിക്കുന്നു. പ്രാകൃതകക്ഷ്യയിൽപെട്ട ഭാഷയ്ക്ക് ഉത്തമദൃഷ്ടാന്തം ചീനഭാഷയാകുന്നു. അതിൽ ഓരോ പദത്തിനും നാമക്രിയാദിഭേദത്തെ ആശ്രയിച്ചുള്ള ആകാരവൈചിത്ര്യമോ വിഭക്തി, കാലം, പ്രകാരം മുതലായവയുടെ വ്യത്യസ്തതയെ കുറിക്കുന്നതിനുള്ള രൂപാവലീകോലാഹലങ്ങളോ സംഭവിച്ചിട്ടില്ല. പദങ്ങൾ തമ്മിൽനിന്നു വിഭക്തമായി നിബന്ധിക്കുക മാത്രമാണ് ഒരു വാക്യത്തിന്റെ സ്വഭാവം. പ്രകൃതിമാതൃകങ്ങളാകയാൽ

പ്രാകൃതകക്ഷ്യ.

1. Isolative.
2. Inflexional.
3. Agglutinative.
4. Analytic.
5. Incorporative
6. Roots.

പദങ്ങൾക്ക് ചീനഭാഷയിൽ അത്ഥഭേദം സാധിതമാകുന്നത് മിക്കയിത്തും ഉച്ചാരണവൈലക്ഷണ്യംകൊണ്ടാണ്. യെൻ[1] എന്ന ഒരേ വർണ്ണസമുദായത്തിനുതന്നെ പുക, ഉപ്പ്, കണ്ണ്, താറാവ് എന്ന് പല അത്ഥങ്ങളും ഉച്ചാരണവൈവിധ്യത്തെ ആസ്പദമാക്കി കല്പിതങ്ങളാകുന്നതായി ഉദാഹരിക്കപ്പെട്ടിരിക്കുന്നത് ഇവിടെ പ്രസ്താവ്യമാണ്. സൂക്ഷ്മതരമായ ധ്വനിഭേദത്തിന്റെ ഗൗരവത്വംകൊണ്ട് പദങ്ങളുടെ അത്ഥം ക്ലിപ്തീകരിക്കുവേണ്ടി പദാന്തരങ്ങളെ പിറകിലോ മുൻപിലോ ചേർക്കുന്ന ഒരു രീതിയും ചീനഭാഷയിൽ നടപ്പുണ്ട്. മുൻപറഞ്ഞ 'യെൻ' എന്നതിന് കണ്ണ് എന്നുള്ള അത്ഥം വിവക്ഷിക്കുമ്പോൾ കൃഷ്ണമിഴി എന്ന് അത്ഥമുള്ള ചിങ്ഗ[2] എന്ന വാക്കുകൂടി ചേർത്ത് യെൻചിങ് എന്ന യുഗ്മപദത്തിലുള്ള പ്രയോഗം ചെയ്യപ്പെടുന്നു. ലിഅവോ[3] എന്ന വാക്കിന് തനിയേ നില്ക്കുമ്പോൾ പൂർത്തിയാകുക എന്നാണത്ഥം. അതുതന്നെ t'a lai (അവൻ വരുന്നു) എന്നതിനോട് ചേർത്ത് t'a lai laio എന്ന് പ്രയോഗിച്ചാൽ 'അവൻ വന്നു' എന്നുള്ള ഭൂതാത്ഥം ഗ്രഹിക്കപ്പെടുന്നു. അതായത് 'അവൻ വരുക പൂർത്തിയാവുക' എന്ന പറഞ്ഞാൽ തത്കർതൃകമായ ഗമനവ്യാപാരത്തിന് പൂർത്തി ഭവിച്ചു എന്ന് സമന്വയിപ്പിച്ചുകൊള്ളണം എന്നത്രേ സങ്കേതം. ചീനഭാഷയിലെ വാക്യങ്ങളുടെ സ്വഭാവം നമ്മുടെ ഭാഷയിൽ ഉദാഹരിക്കുന്നതായാൽ, 'കായ്യും എടുത്തുകൊണ്ടുവേണം പ്രാചീനം' എന്നുള്ളതിന് 'കരാം മുക്കായ്ത്തിൽ പ്രാചീനരുടെ പദ്ധതികളെ മുറുകെ പിടിക്കേണ്ടതിന്റെ ആവശ്യകതയെന്തു?' എന്നും 'ഭവനം എന്നു കീഴ് ആകാശം' എന്നതിന് 'ആകാശമേല്ക്കൂട്ടിക്കു ചുവട്ടിലുള്ളതെല്ലാം ഒരു തറവാടാണ്' എന്നും അത്ഥം ഗ്രഹിക്കേണ്ടതായിത്തീരും. ടിബ്ബറൻ, ബർമ്മീസ്, സയാമീസ് എന്നീ ഭാഷകളും ഏതാണ്ട് പ്രാകൃതദൃക്ഷ്യയിൽ ഉൾപ്പെടുന്നവയായി കണക്കാക്കാം.

ചീനഭാഷയുടെ പ്രകൃതി.

൨൩. വാക്യാങ്ഗങ്ങളായ പദങ്ങളുടെ പ്രകൃതികളും അവയുടെ പരസ്പരബന്ധത്തെ കുറിക്കുന്നതിനുവേണ്ടി മുൻപും പിൻപും ചേർത്തിട്ടുള്ള അവയവങ്ങളും അന്യോന്യം വേർപിരിക്കപ്പെടാൻ കഴിയാത്തവിധത്തിലും, പ്രകൃതികളിൽതന്നെ കൗഖ്യവചനാർത്ഥഭേദം കുറിക്കുവാൻ അന്തരമായ വ്യത്യാസം വന്ന നിലയിലും ഉള്ള വികാരങ്ങളും പ്രാചുര്യേണ കാണപ്പെടുന്ന ഭാഷകളെയാണ്

1 Yen
2. Ching.
3. Liao.

വൈകൃതകക്ഷ്യയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയുടെ മൻപു് ഉപസൃഷ്ടങ്ങളോ പിൻപു് സമായോജിതങ്ങളോ ആയ അംശങ്ങൾക്കു് പ്രത്യേകമായ സത്ത എത്രതന്നെ പ്രാചനമായ ഒരുദ്ദേശയിലേക്കു് പോയാലും കണ്ടെത്തുവാൻ വൈകൃതകക്ഷ്യയിൽ കഴിയുന്നതല്ല. പ്രകൃതികളുടെ ആന്തരഭേദം നിലവിലുള്ള സ്വരങ്ങളുടെ വ്യതിയാനത്തിലോ, നൂതനസ്വരങ്ങളുടെ ആവിർഭാവത്തിലോ അധിഷ്ഠിതമായിരിക്കുന്നു. പ്രകൃതിക്കും അതിന്റെ ആദ്യാവയവങ്ങളായോ അന്ത്യാവയവങ്ങളായോ യോജിപ്പിക്കപ്പെടുന്ന അംശങ്ങൾക്കും പല വിധത്തിലുള്ള വിപരിണാമങ്ങൾ സംഭാവ്യങ്ങളത്രേ. വൈകൃതകക്ഷ്യയ്ക്ക് ഇൻഡോയുറോപ്യൻ ഗോത്രത്തിൽപ്പെട്ട ഭാഷകളും സെമിറ്റിക് ഗോത്രത്തിൽപ്പെട്ട ഭാഷകളും ആണ് മുഖ്യങ്ങളായ ദൃഷ്ടാന്തങ്ങൾ. റൺ[1] (ഓടുന്നു), റാൻ[2] (ഓടി), സിംഗ്[3] (പാടുന്നു), സാംഗ[4] (പാടി), ഗിവ്[5] (കൊടുക്കുന്നു), ഗേവ്[6] (കൊടുത്തു), മാൻ[7] (മനുഷ്യൻ), മെൻ[8] (മനുഷ്യർ), മൗസ[9] (ചുണ്ടെലി), മൈസ്[10] (ചുണ്ടെലികൾ), ടൂത്ത[11] (പല്ല്), ടീത്ത[12] (പല്ലുകൾ) എന്നിങ്ങനെ ഇംഗ്ലീഷിലും; സ്മരതി (സ്മരിക്കുന്നു), സസ്മാര (സ്മരിച്ചു), സ്മൃത-(സ്മരിക്കപ്പെട്ട) എന്നിങ്ങനെ സംസ്കൃതത്തിലും പ്രകൃതികൾക്ക് കാലവചനഭേദത്തെ നിർദ്ദേശിക്കുന്നതിന് ആന്തരമായി പ്രയുക്തമാകുന്ന വ്യതിയാനം ഉദാഹാര്യമാണ്. സെമിറ്റിക് വർഗ്ഗത്തിൽ അറബിഭാഷയിൽ qtl (കൊല്ലുക) എന്ന പ്രകൃതിയിൽ നിന്നും qatāla (അവൻ കൊന്നു) എന്നും qutila (അവൻ കൊല്ലപ്പെട്ടു) എന്നും yaqtulu (അവൻ കൊല്ലുന്നു) എന്നും qātil (കൊല്ലൽ) എന്നും qitl (ശത്രു) എന്നും qit-al (അടി) എന്നും വിഭിന്നങ്ങളായ രൂപങ്ങൾ സ്വരങ്ങളുടെ ആവാപോദ്വാപങ്ങൾകൊണ്ട് സംഭവിച്ചിട്ടുള്ളതു് വൈകൃതകക്ഷ്യയുടെ സ്വഭാവമായി നമുക്ക് ഗ്രഹിക്കാം. പ്രഹരതി (അടിക്കുന്നു), ആഹരതി (കൊണ്ടുവരുന്നു), വ്യാഹരതി (കളിക്കുന്നു), സംഹരതി (കൊല്ലുന്നു), പരിഹരതി (പരിഹരിക്കുന്നു) എന്നിങ്ങനെ ഭിന്നങ്ങളായ ഉപസർഗങ്ങളുടെ യോഗംകൊണ്ട് 'ഹൃ' എന്ന ധാതുവിന്റെ നൈസർഗ്ഗികമായ അർത്ഥത്തിനു വൈജാത്യം ഉളവാകുന്നുണ്ട്. പ്രാഭികളായ ഉപസർഗ്ഗങ്ങളുടെ പൂർവ്വപ്രകൃതി എന്താണെന്നുള്ളതു് മിക്കവാറും ദുരൂഹംതന്നെ. വദതി (അവൻ പറയുന്നു), വദസി (നീ പറയുന്നു), വദാമി (ഞാൻ പറയുന്നു) എന്നിങ്ങനെ പുരുഷഭേദമനുസരിച്ചു് ആയോജിക്കപ്പെടുന്ന വ്യത്യസ്തങ്ങ

---

1. run.
2. ran.
3. sing.
4. sang.
5. give.
6. gave.
7. man.
8. men.
9. mouse.
10. mice.
11. tooth.
12. teeth.

ളായ പ്രത്യയങ്ങൾക്ക് തനിയേ വേർപിരിഞ്ഞുനില്ക്കുവാൻ സാധ്യമല്ല. ഇങ്ങനെ പൂർവ്വപ്രകൃതിയിൽനിന്നും ആന്തരമായും ബാഹ്യമായും ബഹുവിധങ്ങളായ വികാരങ്ങളേറ്റുകിടിയ പദനിഷ്പാദനസംപ്രദായം പ്രദർശിപ്പിക്കുന്ന ഭാഷകൾ വൈകൃതകക്ഷ്യയിൽ ഉൾപ്പെടുന്നതായി ശാസ്ത്രജ്ഞന്മാർ വ്യവസ്ഥാപിക്കുന്നു.

൫൯. വൈകൃതകക്ഷ്യയിലുള്പെട്ട ഭാഷകൾതന്നെ അഭിമുഖഭാഗത്തിൽ ചിലപ്പോൾ കൂട്ടുതൽകൂട്ടുതൽ അപഗ്രഥനസ്വഭാവത്തെ പ്രദർശിപ്പിക്കുന്നവയായി കാണാം. ഇൻഡോയൂറോപ്യൻ ഗോത്രഭാഷകളിൽ പദത്തിന്റെ അഭേദ്യമായ ഒരു അംശമായി കണക്കാക്കാവുന്ന പ്രത്യയം കാരകകാലവചനാദികളെ ദ്യോതിപ്പിച്ചുകൊണ്ട് പ്രകൃതിയോടുചേർന്ന് അവസ്ഥാനം ചെയ്യുന്നു. പദത്തിൽ പരമപ്രാധാന്യമുള്ള പ്രകൃതിക്കല്ല, പ്രത്യയത്തിനാണ് കാലക്രമത്തിൽ കൂടുതൽ മാറ്റങ്ങൾ സംഭവിക്കുവാൻ ഇടയുള്ളത്. അങ്ങനെ പ്രത്യയങ്ങൾക്ക് ഉച്ചാരണപ്രവാഹത്താൽ വന്നുകൂടുന്ന മാറ്റങ്ങൾ, അവയുടെ ആദിമരൂപത്തിൽനിന്നും വളരെ അകന്നുപോവുകനിമിത്തം, വിദൂരജനകങ്ങളായിത്തീരുന്ന ഒരു ദശ വൈകൃതകക്ഷ്യയിൽപ്പെട്ട ഭാഷകളിൽ വരുമ്പോൾ, പ്രത്യയങ്ങളുടെ സ്ഥാനത്തിൽ ഗതികളും അനുപ്രയോഗാത്മകങ്ങളും ക്രിയാവിശേഷണങ്ങളും മറ്റും പ്രയുക്തങ്ങളായി, ഭാഷതന്നെ അപഗ്രഥിതകക്ഷ്യയിൽപ്പെട്ടതു് ' എന്ന് വ്യവഹരിക്കേണ്ട നിലയിൽ എത്തിച്ചേരാവുന്നതാണ്. ഇപ്രകാരമുള്ള അപഗ്രഥനം വൈകൃതകക്ഷ്യയിൽപ്പെട്ട ഭാഷകളുടെ അനുക്രമമായ വളർച്ചയിൽ സംഭവിക്കുന്ന ഒരു ദശ മാത്രമാകയാൽ അതിനെ പ്രത്യേകം ഒരു കക്ഷ്യയായി ഗണിക്കേണ്ടതുണ്ടെന്നു് തോന്നുന്നില്ല. ഒരു കാലത്തു് വൈകൃതകക്ഷ്യയിൽ ഇരുന്നിരുന്ന ഭാഷകൾ പിൽക്കാലത്തു് അപഗ്രഥനസ്വഭാവത്തെ സ്വീകരിച്ചിട്ടുള്ളതായി കാണാം. ലാറ്റിനിൽ 'cantaveram' എന്ന് ഒരൊറ്റ പ്പദമായി സംമിശ്രണംചെയ്തു് പ്രയോഗിക്കുമ്പോൾ ഇംഗ്ലീഷിൽ അതേ അർത്ഥത്തെ കുറിക്കുന്നതിനു 'I had sung' എന്ന് മൂന്നു പദങ്ങളായി പ്രയോഗിച്ചുപോരുന്നതു് ഇംഗ്ലീഷിന്റെ അപഗ്രഥനപരമായുള്ള ഗതിയെ നമുക്കു സ്പഷ്ടമാക്കിത്തരുന്നു.

൫൦. പ്രകൃതികളുടെ അന്യോന്യസംബന്ധത്തെ കുറിക്കുവാനായി വൈകൃതകക്ഷ്യയിൽ ഉള്ളപോലെതന്നെ ചില ശബ്ദങ്ങൾ ഉണ്ടെങ്കിലും, സംശ്ലിഷ്ടകക്ഷ്യയിൽ അത്തരം ശബ്ദങ്ങൾക്ക് പ്രത്യേകം

നിലകൊള്ളുവാനുള്ള സ്വരൂപയോഗ്യത പ്രായേണ കാണുവാൻ സാധിക്കും. പ്രകൃതിയോടു് ലിങ്ഗം, വിഭക്തി, വചനം മുതലായവയെ ദ്യോതിപ്പിക്കുന്നതിനുവേണ്ടി ചേർക്കുന്ന ഓരോ ശബ്ദാംശത്തേയും വേർതിരിച്ചു അറിയുന്നതിനു് സംശ്ലിഷ്ട കക്ഷ്യയിൽപെട്ട ഭാഷകളിൽ പ്രയാസം നേരിടുന്നില്ല. ഒന്നിനു മേലൊന്നായി ദ്യോതകശബ്ദങ്ങളെ പ്രകൃതിയോടു് സംശ്ലേഷിപ്പിച്ചു വാക്കുകൾ പ്രയോഗിക്കുന്നതിലാണു് ഒരു ഭാഷയുടെ സംശ്ലിഷ്ടത്വം പ്രകാശിക്കുന്നതു്. റ്റ്യൂറേനിയൻ ഗോത്രത്തിലും ദ്രാവിഡഗോത്രത്തിലും ഉൾപ്പെട്ട ഭാഷകൾ ഏറിയകൂറും സംശ്ലിഷ്ടസ്വഭാവങ്ങളുള്ളവയത്രേ. 'ഇരുഭൃ' എന്നു് സംസ്കൃതത്തിൽ പഞ്ചമീബഹുവചനാന്തമായ വാക്കിൽ അടങ്ങിയിരിക്കുന്ന അർത്ഥത്തെ മലയാളത്തിൽ 'ഇരുക്കന്മാരിൽനിന്നും' എന്നിങ്ങനെ പറഞ്ഞാലേ മതിയാവുകയുള്ളു. ഇവിടെ ഇരു—എന്ന പ്രകൃതിയോടു് —കൾ, —മാർ, —ഇൽ, —നിന്നും എന്നു് പ്രത്യേകം പിരിച്ചു് അവധാരണം ചെയ്യാവുന്ന നാലു ദ്യോതകശബ്ദങ്ങൾ ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. സംസ്കൃതത്തിലാകട്ടെ—ഭ്യസ് എന്ന ഒരു പ്രത്യയത്തിൽ തന്നെ ലിങ്ഗവും കാരകവും വചനവും എല്ലാം അടങ്ങിയിരിക്കുന്നു.

സംഘടിതകക്ഷ്യ. ക്രിയാപദത്തിന്റെ ഇടയ്ക്കോ അതിനോടു് അന്വയബന്ധിച്ചോ മറ്റനേകം പദങ്ങളുടെ അംശങ്ങൾ കൂടി കലർത്തി ഒരു വാക്യത്തെ ഒരൊറ്റപ്പദത്തിന്റെ രൂപത്തിൽ പ്രയോഗിക്കാറുള്ള ഭാഷകളെ ആണു് സംഘടിതകക്ഷ്യയിൽ ഉൾപ്പെടുത്തേണ്ടതു്. മറ്റു ഭാഷകളിൽ അനേകം പദങ്ങൾ വേർതിരിഞ്ഞുനിന്നുകൊണ്ടു് പ്രകാശിപ്പിക്കുന്ന ആശയം സംഘടിതകക്ഷ്യയിൽപെട്ട ഭാഷയിൽ ആകമ്പോൾ അവിഭാജ്യമായ ഒരു പദത്തിൽനിന്നുതന്നെ വെളിപ്പെടുന്നു. ക്രിയാപദങ്ങളോടു് മറ്റു പദങ്ങളിലെ മുഖ്യധ്വനികളെന്നു് സങ്കല്പിക്കപ്പെടാവുന്ന അംശങ്ങൾ സങ്ഘടിച്ചു് വാക്യത്തിന്റെ സ്ഥാനം വഹിക്കുന്ന പദം നിഷ്പന്നമാകുന്നതിലാണു് ഭാഷയുടെ സങ്ഘടിതത്വം ദർശിക്കാവുന്നതു്. ഇത്തരത്തിലുള്ള സംഘടനസ്വഭാവത്തെ അമേരിക്കൻ ഇൻഡ്യന്മാരുടെ ഭാഷകൾ നല്ല വണ്ണം പ്രത്യക്ഷമാക്കുന്നുണ്ടു്. ഗ്രീൻലാൻഡിലെ ഭാഷയിൽ 'അവൻ മീൻ പിടിക്കുവാൻ പോകുന്നതിനു് തിടുക്കം കൂട്ടുന്നു' എന്ന അർത്ഥം വരുമാറു 'aulisariartoraswarpok' എന്ന ഒരു സങ്ഘടിതപദം മാത്രം പ്രയോഗിച്ചാൽ മതിയാകും. വാക്യാകാരത്തിലുള്ള ഈ പദം 'മീൻപിടിക്കുക

എന്ന അർത്ഥത്തിലുള്ള 'aulisar' എന്ന ഭാഗവും 'ഏർപ്പെടുക' എന്ന അർത്ഥത്തിലുള്ള peartor എന്നതിലെ artor എന്ന ഭാഗവും 'അവൻ തിക്കം കൂട്ടുന്നു' എന്ന അർത്ഥത്തിലുള്ള pinneswarpok എന്നതിലെ swarpok എന്ന ഭാഗവും ചേർന്ന് ഉണ്ടായിട്ടുള്ളതാകുന്നു. ബാസ്ക് ഭാഷയും സങ്ശ്ലേഷിതകക്ഷ്യയിൽ ഉൾപ്പെടുന്നതത്രേ. ആ ഭാഷയിൽ eztakit എന്നു പറഞ്ഞാൽ 'എനിക്ക് അതു് അറിഞ്ഞുകൂടാ' എന്നാണ് അർത്ഥം. eztakinat എന്നാകുമ്പോൾ 'എനിക്ക് അതു അറിഞ്ഞുകൂടാ പെണ്ണേ!' എന്ന് ആശയം ഒന്നുകൂടി വർദ്ധിക്കും. പുരുഷനോടാകുമ്പോൾ eztakiat എന്നു പറയണം. സംസ്കൃതത്തിൽ ചികീർഷാ (ചെയ്യുവാനുള്ള ആഗ്രഹം), ചികീർഷുഃ (ചെയ്യുവാൻ ആഗ്രഹിക്കുന്നവൻ), ചികീർഷതി (ചെയ്യുവാൻ ആഗ്രഹിക്കുന്നു) എന്നു തുടങ്ങി സനാദ്യന്തരൂപങ്ങളിൽ പ്രകൃതിയോട് ഇച്ഛാദ്യർത്ഥത്തെക്കൂടി യോജിപ്പിക്കുന്നതിന് പുതുതായി ചില അംശങ്ങൾചേർത്തു് രൂപം നിഷ്പാദിപ്പിക്കുന്ന നയത്തോടു് സങ്ശ്ലേഷിതകക്ഷ്യയിലെ പദസംഘടനാരീതി ഏറെക്കുറെ സദൃശമാണ്.

൧൯. ഇങ്ങനെ വാക്യഘടനയുടെ വിഭിന്നസ്വഭാവങ്ങളെ അടിസ്ഥാനമാക്കി ലോകത്തിലുള്ള ഭാഷകളെ എല്ലാംതന്നെ നാലു കക്ഷ്യകകളിൽ ഏതെങ്കിലും ഒന്നിൽ, ദൃഷ്ടാന്തങ്ങളുടെ ബാഹുല്യത്തെ ആദരിച്ച്, ഉൾപ്പെടുത്തി പല ഭാഷാതത്ത്വശാസ്ത്രജ്ഞന്മാരും വിചിന്തനം ചെയ്തിട്ടുണ്ട്. എന്നാൽ ഈ കക്ഷ്യാവിഭജനം പല വിധത്തിലും അപൂർണ്ണമാണെന്നു ഓട്ടോ1 ജെസ്പേഴ്സൻ തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായം. ഭാഷകളുടെ അസംഖ്യേയതയും വൈവിധ്യവും പരിമിതങ്ങളായ ചില ഉപാധികളിലൂടെ അവയെ മൂന്നോ നാലോ കക്ഷ്യകളിലായി അന്തർഭവിപ്പിക്കുന്നതിനു അനുകൂലങ്ങളാം അല്ലാതെയാണ് ഇരിക്കുന്നതു. ഓരോ ഭാഷയും അതിന്റെ ചരിത്രത്തിൽ പ്രാകൃതം, സംശ്ലിഷ്ടം, വൈകൃതം എന്നീ മൂന്നവസ്ഥകളെ മുറയ്ക്ക് പ്രാപിക്കും എന്നുള്ള പ്രാചീനമതം ഇന്ന് ആദരിക്കപ്പെടുന്നില്ല. സമ്മിശ്രിതമായ നിലയിൽനിന്ന് വിവിക്തമായ നിലയിലേക്കാണ് എല്ലാ ഭാഷകളുടേയും ഗതി എന്ന് സൂക്ഷ്മമായ നിരീക്ഷണം കൊണ്ട് വെളിപ്പെടുന്നതാണ്. അതിനാൽ, സങ്ശ്ലേഷിതമായ ഒരു ദശയിൽനിന്നും സംശ്ലിഷ്ടമായ ദശയിലൂടെ വൈകൃതമായ ദശയിലേക്കും കടവിൽ പ്രാകൃതമായ ദശയിലേക്കും ആണ് ഭാഷകളുടെ അഭിവൃദ്ധി

കക്ഷ്യാവിഭജനത്തെക്കുറിച്ചുള്ള വിശേഷം

1. Jespersen, *Language, its nature, development and origin*, p. 80.

എന്ന് നിർണ്ണയിക്കുന്നതു് സംഗതമായിരിക്കും[1]. ഇൻഡ്യോയൂറോപ്യൻ ഗോത്രത്തിൽ ഉൾപ്പെട്ടതായ ഇംഗ്ലീഷ് ഭാഷ വൈകൃതത്തിൽനിന്നും പ്രാകൃതത്തിലേക്കു് പ്രയാണം ചെയ്യുന്നുണ്ടെന്നുള്ളതിനു് എത്ര ദൃഷ്ടാന്തങ്ങൾ വേണമെങ്കിലും എടുത്തുകാണിക്കുവാൻ കഴിയും. നാമങ്ങൾക്കും ക്രിയകൾക്കും തമ്മിൽ ശ്രുപവിഷയകമായ അകല്ച ഇൻഡ്യോയൂറോപ്യൻ ഭാഷകളുടെ ഒരു മുഖ്യസ്വഭാവമാണു്. എന്നാൽ ഇംഗ്ലീഷിന്റെ ആധുനികദശയിൽ ആ രണ്ടു ശബ്ദവിഭാഗങ്ങളും പലപ്പോഴും വ്യത്യസ്തങ്ങളില്ലാതെ പ്രയോഗിക്കപ്പെടുന്നുണ്ടു്. വാക്[2],റൺ[3],സ്ലീപ്[4],പാസ്[5] എന്നു തുടങ്ങിയുള്ള വാക്കുകൾ കൃതികളായും നാമങ്ങളായും നിലകൊള്ളുമല്ലോ. പ്രാകൃതകക്ഷ്യയിൽ ഉൾപ്പെട്ടുത്തപ്പെട്ടിട്ടുള്ള ചീനഭാഷയ്ക്കു് പ്രാകൃതദശയിൽ സമ്മിശ്രിതസ്വഭാവമുള്ള പല പ്രയോഗരീതികളും ഉണ്ടായിരുന്നുവെന്നു് ആ ഭാഷയെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ കൊണ്ടു വെളിപ്പെട്ടിട്ടുണ്ടു്.

൫൦. ഭാഷകളുടെ കക്ഷ്യാവിഭജനം സംബന്ധിച്ചു് പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണെങ്കിലും ഓരോ ഭാഷയുടേയും ഘടനയിലുള്ള സ്വഭാവവിശേഷങ്ങളെ മറു ഭാഷയിൽ ഉള്ളവയുമായി താരതമ്യപ്പെടുത്തി നോക്കി സാജാത്യവൈജാത്യങ്ങൾ നിരൂപണം ചെയ്യുവാനുള്ള ശ്രമം ഉപര്യുപരി പ്രയോജനപ്രദമാണു് തീർന്നിട്ടുണ്ടെന്നുള്ളതു് പ്രസ്താവ്യമത്രേ.

III.

ഭാഷാഗോത്രങ്ങളും ഭാഷാസംഘാതങ്ങളും.

൫൧. അടുത്തതായി ഭാഷകളെ പല ഗോത്രങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള രണ്ടാമത്തെ വിഭജനപ്രകാരത്തെക്കുറിച്ചു് ചിന്തിക്കാം. ലോകത്തിലെ എല്ലാ ഭാഷകൾക്കും പൊതുവായുള്ള ഒരു പൂർവ്വദശ ഉണ്ടായിരുന്നുവെന്നു നമുക്കു് പറയുവാൻ യാതൊരു ലക്ഷ്യവും ഇല്ല. ഭാഷാശാസ്ത്രജ്ഞന്മാരുടെ ഗവേഷണംകൊണ്ടു് പല ഭാഷകളുടേയും സമാനഗോത്രത തെളിഞ്ഞിട്ടുണ്ടെങ്കിലും ഒട്ടനേകം ഭാഷകൾ ഇനിയും തരം തിരിക്കപ്പെടാതെ അവശേഷിക്കുന്നതേയുള്ളു. പ്രകൃതികൾ, പ്രത്യയങ്ങൾ, പ്രകൃതിപ്രത്യയങ്ങളുടെ യോഗം, വാക്യാംഗങ്ങളായ പദങ്ങളുടെ പരസ്പരബന്ധം എന്നിങ്ങനെയുള്ള അംശങ്ങളിൽ സാദൃശ്യം അവഹിക്കുന്ന ഭാഷകളെ ഒരു ഗോത്രത്തിൽ ഉൾപ്പെടുന്നവയായി സാമാന്യേന പരിഗണിക്കാം. ഒരു ഭാഷയിൽ അതിനോടു് ആഗമികമായി യാതൊരു ബന്ധവും ഇല്ലാത്ത

ഭാഷകളുടെ ഗോത്രപരമായ വിഭജനം.

1. J. S. Armour, *The Genesis and Growth of English*, p. 9.
2. Walk. 3. Run. 4. Sleep. 5. Pass.

മറെറാരു ഭാഷയിൽനിന്നും ശബ്ദങ്ങളും ആശയപ്രകടനരീതികളും ചിലപ്പോൾ കടന്നുകൂടാവുന്നതാകയാൽ ഭാഷകളുടെ ഗോത്രനിർണ്ണയത്തിൽ പുറമേയുള്ള സാദൃശ്യങ്ങളാൽ വഞ്ചിതരാകാതെ ഇരിക്കുന്നതിന് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ സംസ്കൃതം, പ്രാകൃതം എന്നിവയിൽനിന്നു മാത്രമല്ല, ഹിന്ദി, മറാഠി തുടങ്ങിയ ഉത്തരേന്ത്യൻ ഭാഷകളിൽനിന്നും ഇംഗ്ലീഷ് തുടങ്ങിയ പാശ്ചാത്ത്യഭാഷകളിൽനിന്നുംകൂടി എത്രയെത്ര വാക്കുകളും പ്രയോഗരീതികളും അടുത്ത് ഓരോരോ കാലത്ത് സ്വീകരിക്കപ്പെട്ടിട്ടുള്ളത്? എന്നാലും മലയാളം ആര്യഗോത്രത്തിൽനിന്നും ഭിന്നമായ ഒരു ഗോത്രത്തിലാണ് നിലകൊള്ളുന്നതെന്ന് അറിയുവാൻ യാതൊരു വൈഷമ്യവും ഇല്ല. കൂടുംബാംഗങ്ങൾ തമ്മിലുള്ള ചാർച്ച, വീട്ടിൽ നിത്യവും ഉപയോഗിക്കുന്ന സാധനങ്ങൾ, വളർത്തുജന്തുക്കൾ മുതലായവയെക്കുറിക്കുന്ന വാക്കുകളേയും, സർവ്വനാമങ്ങളേയും, സങ്ഖ്യാവാചകങ്ങളേയും, ഇവയെല്ലാം മേലായി വ്യാകരണകാര്യങ്ങളേയും, പുറമേനിന്നും ഉണ്ടായിട്ടുള്ള അഭിയോഗത്തെ നീക്കിവെച്ചിട്ട് വീക്ഷിക്കുന്ന പക്ഷം, സംസ്കൃതത്തിൽനിന്നും മറ്റ് ആര്യഭാഷകളിൽ നിന്നും ഉള്ള വൈജാത്യം പ്രകടമാകുന്നതാണ്. ഭാഷാപരങ്ങളായ തെളിവുകൾക്കു പുറമേ ദേശീയവും സാമുദായികവുമായ ചരിത്രംകൂടി അനുകൂലമായിരുന്നാൽ മാത്രമേ ഭാഷകളുടെ ഏകഗോത്രതാനിർണ്ണയം സമഞ്ജസമായിരിക്കുകയുള്ളൂ. ഭിന്നങ്ങളായ പ്രദേശങ്ങളിൽ പലതരത്തിലുള്ള വിപരിണാമങ്ങൾക്കും സങ്കലനങ്ങൾക്കും വിധേയങ്ങളായിട്ടുണ്ടെങ്കിലും അനന്തരമായ സാദൃശ്യം അനുഭവിക്കുന്ന ഭാഷകളെ ചരിത്രലക്ഷ്യങ്ങളുടെ പിൻതുണയോടുകൂടി വിവേചനംചെയ്ത് അവയെല്ലാം പൊതുവായ ഒരു പ്രാചീനദശ കല്പിക്കുന്നതാണ് ഭാഷകളുടെ ഗോത്രവിഭജനത്തിൽ അടങ്ങിയിരിക്കുന്ന തത്ത്വം. സങ്കല്പിതമായ മൂലഭാഷയ്ക്ക് കാലക്രമത്തിൽ ദേശ്യഭേദങ്ങൾ എന്ന നിലയ്ക്ക് ഉണ്ടായിട്ടുള്ള നാനാരൂപങ്ങളാണ് ഏകഗോത്രജങ്ങളായ ഭാഷകൾ.

ഭാഷാഗോത്രങ്ങളുടേയും ഭാഷാസംഘാതങ്ങളുടേയും നാമനിർദ്ദേശം

൨൫. ഭാഷാതത്ത്വശാസ്ത്രജ്ഞന്മാരാൽ അങ്ഗീകൃതങ്ങളായിട്ടുള്ള ഭാഷാഗോത്രങ്ങളിൽ പ്രധാനപ്പെട്ടവ (൧) ഇൻഡോയൂറോപ്യൻ ഗോത്രം, (൨) സെമിറ്റിക്ക് ഗോത്രം, (൩) ഹാമിറ്റിക്ക് ഗോത്രം, (൪) തെക്കുകിഴക്കൻ ഏഷ്യാറ്റിക്ക് ഗോത്രം[1], (൫) യുറൽ അൽറൈക്ക് ഗോത്രം, (൬) ദ്രാവിഡഗോത്രം, (൭) അസ്ത്രിക്ക് ഗോത്രം, (൮) ബാണ്ടു ഗോത്രം-എന്നിവയാകുന്നു. ഇത്തരത്തോളംതന്നെ ബന്ധ

1. This is the same as the mono-syllabic family. See J. S. Armour, *The Genesis and Growth of English*, p. 10.

ദാർഢ്യം നിൽക്കുകയിച്ചുകഴിഞ്ഞിട്ടില്ലാത്തവയായി ചില ഭാഷാസംഘങ്ങളും അറിയപ്പെട്ടിട്ടുണ്ട്. അവയിൽ കക്കേഷ്യൻ, അമേരിക്കൻ, മധ്യാഫ്രിക്കൻ എന്നീ ഭാഷാസംഘങ്ങൾ ഉൾപ്പെടുന്നു. ഇവയുടെ പുറമേ ഏറ്റവ്സ്ക്കൻ, അക്കേഡിയൻ എന്നു തുടങ്ങിയ പ്രാചീനഭാഷകളും ബാസ്ക്, ജാപ്പനീസ്, കൊറിയൻ, ഫൈപർബോറിയൻ തുടങ്ങിയ ആധുനികഭാഷാസംഘതികളും വേണ്ടപോലെ തരംതിരിക്കപ്പെടാതെ അവശേഷിക്കുന്നുവെന്നുള്ളതും പ്രസ്താവ്യമാണ്.

ഇൻഡോയൂറോപ്യൻ ഗോത്രം.

൨൬. ഭാഷാഗോത്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതെന്നു പറയാവുന്ന ഇൻഡോയൂറോപ്യൻഗോത്രത്തിൽ ഇൻഡ്യയിലും യൂറോപ്പിലും വ്യവഹരിച്ചുപോരുന്ന മിക്ക ഭാഷകളും ഉൾപ്പെടുന്നു. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, സ്പാനിഷ്, ഇറ്റാലിയൻ, ഗ്രീക്ക്, റഷ്യൻ, അർമീനിയൻ, പേർഷ്യൻ തുടങ്ങിയ വൈദേശികഭാഷകളും ഹിന്ദീ, മറാഠീ, ഗുജറാത്തീ, പഞ്ചാബീ, ബംഗാളീ, നേപ്പാളീ തുടങ്ങിയ നവീനേൻഡ്യൻ ഭാഷകളും സിലോണിൽ നടപ്പിലിരിക്കുന്ന സിംഹളീസ് ഭാഷയും ഇൻഡോയൂറോപ്യൻഗോത്രത്തിൽ അന്തർഭവിക്കുന്ന ആധുനികഭാഷകളാണ്. സംസ്കൃതം പ്രാകൃതം, പാലീ, ക്ലാസ്സിക്കൽ ലാറ്റിൻ, ക്ലാസ്സിക്കൽ ഗ്രീക്ക് എന്നിവപോലെ ലുപ്തപ്രചാരങ്ങളെങ്കിലും ഗണ്യമായ ഗ്രന്ഥസമ്പത്തുള്ള പ്രാചീനഭാഷകളും ഈ മഹാഗോത്രത്തിന്റെ ശാഖകളത്രേ. ഉദ്ദേശം എണ്ണായിരം സംവത്സരങ്ങൾക്കു മുൻപ് മധ്യയൂറോപ്പിലും പടിഞ്ഞാറേ ഏഷ്യയിലും ഇടയിൽ പല ജനസംഘാതങ്ങളും വ്യവഹരിച്ചുപോന്നിരുന്ന ഭാഷ പിൽക്കാലത്തു നാനാദേശങ്ങളിലും പ്രസരിച്ചു വിവിധങ്ങളായ പരിതഃസ്ഥിതികൾക്കു് അനുഗുണമായി വൈചിത്ര്യം പ്രാപിച്ചതാണ് മേല്പറഞ്ഞവണ്ണമുള്ള അനേകം ഭാഷകളുടെ സ്വരൂപത്തിൽ ഇന്നു നാം കാണുന്നതു്[1].

ഇൻഡോയൂറോപ്യൻ ഭാഷകളുടെ സാമാന്യസ്വഭാവം.

൨൭. ഇൻഡോയൂറോപ്യൻ ഭാഷകൾ വൈകൃതകക്ഷ്യയുടെ സ്വഭാവത്തെയാണ് പ്രായേണ ആവഹിക്കുന്നതു്. എന്നാൽ അവയിൽ ചില ഭാഷകൾ അപഗ്രഥനരീതിയെ ആകുവോളം അവലംബിക്കുവാനുള്ള ഒരു അഭിമുഖ്യം പ്രദർശിപ്പിക്കുന്നുവെന്നുള്ളതും പ്രസ്താവ്യമാണ്. പദങ്ങൾക്കുള്ള പരസ്പരസംബന്ധത്തെ കാണിക്കുന്നതിന് ഇൻഡോ

1. H. G. Wells, *The Outline of History*, p. 145.

യൂറോപ്യൻ ഭാഷകളിൽ പ്രത്യയങ്ങൾ ചേർക്കുക, സ്വരവിനിമയം വരുത്തുക, ഘോഷതന്ത്രികളുടെ[1] അനുരണനത്തിലുള്ള ഏറ്റക്കുറച്ചിൽ കൊണ്ട് വ്യത്യസ്തങ്ങളായ ധ്വനികളെ പ്രയോഗിക്കുക — എന്നിങ്ങനെ മൂന്ന് ഉപായങ്ങൾ പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ദീർഘദീർഘങ്ങളായ സമസ്തപദങ്ങളെ സൃഷ്ടിക്കുന്നതിനുള്ള കെല്പും ഇൻഡോയൂറോപ്യൻ ഭാഷകൾക്ക് ഇതരഗോത്രഭാഷകളെ അപേക്ഷിച്ച് കൂടുതലാണ്.

൨൪. ഇൻഡോയൂറോപ്യൻഗോത്രം കഴിഞ്ഞാൽ അടുത്ത പ്രാധാന്യം സെമിറ്റിക്ക് ഗോത്രത്തിനാണ് ഉള്ളത്. ഇതിൽ ഹീബ്രൂ, ഫിനീഷ്യൻ, അസ്സീരിയൻ, അറബിക്, സിറിയൻ മുതലായ സെമിറ്റിക്ഗോത്രം. എന്നിവയ്ക്കു പുറമേ പടിഞ്ഞാറേ ഏഷ്യയിലുള്ള മറ്റു പ്രാചീനഭാഷകളും അടങ്ങിയിരിക്കുന്നു. ലോകപരിഷ്കൃതിയുടെ പുരോഗതിക്ക് അതിമാത്രം സഹായിച്ചിട്ടുള്ള പാരമ്പര്യവും സാഹിത്യസമ്പത്തുംകൊണ്ട് പ്രശസ്തങ്ങളായ ഭാഷകൾക്ക് മൂലഭ്രൂതമായ സെമിറ്റിക് ഗോത്രത്തിന് മഹിതമായ ഒരു സ്ഥാനം ഉണ്ട്. നോവായുടെ പുത്രന്മാരിൽ ഒരുവനായ ഷെമ്മിന്റെ[2] വംശജന്മാരായി സങ്കല്പിക്കപ്പെട്ടുപോരുന്ന ജനങ്ങളുടെ വ്യവഹാരഭാഷ എന്ന നിലയിലാണ് സെമിറ്റിക്ക് എന്നുള്ള പേര് ഈ ഭാഷാഗോത്രത്തിന് ഉണ്ടായിട്ടുള്ളത്. ലോകത്തിൽ ഭ്രൂരിപക്ഷം ജനങ്ങളും ഉപയോഗിക്കുന്ന അക്ഷരമാലകളുടെ ലിപിസംപ്രദായങ്ങളും സെമിറ്റിക്ഗോത്രത്തിലുള്ള ഭാഷകളിൽ നിന്നും അനുകരിക്കപ്പെട്ടിട്ടുള്ളവയാണെന്ന് പണ്ഡിതന്മാർ സ്ഥാപിച്ചിട്ടുണ്ട്. ഇൻഡോയൂറോപ്യൻഗോത്രഭാഷകളെപ്പോലെ സെമിറ്റിക്ക് ഭാഷകളും വൈകൃതകക്ഷ്യയിൽ ഉൾപ്പെട്ടവയാണ്. എന്നാൽ സെമിറ്റിക്ക് ഭാഷകൾക്ക് ഇൻഡോയൂറോപ്യൻഭാഷകളിൽനിന്നും പല അംശങ്ങളിലും സാരമായ വ്യത്യാസം ദർശിക്കുവാൻ കഴിയും. സെമിറ്റിക്കിലെന്നപോലെ വ്യഞ്ജനത്രയഘടിതങ്ങളായ ധാതുക്കൾ ഇൻഡോയൂറോപ്യനിൽ അജ്ഞാതങ്ങളത്രേ. ഇൻഡോയൂറോപ്യനിൽ പ്രത്യയങ്ങൾകൊണ്ടുമാത്രം സാധിക്കുന്ന വിവിധരൂപനിഷ്പാദനം സെമിറ്റിക്കിൽ പ്രധാന്യേന പ്രകൃതിഗതമാണ്. പ്രത്യയങ്ങളും ഉപസർഗങ്ങളും പ്രകൃതിയുടെ ആന്തരവികാരത്തിന് സഹായകങ്ങളായി മാത്രം സ്ഥിതി ചെയ്യുന്നതേയുള്ളൂ. 'എഴുതുക' എന്ന അർത്ഥത്തിൽ അറബിക്കിലുള്ള Ktb

1. Vocal Cords.
2. Shem

എന്ന ധാതുവിൽനിന്നും 'എഴുതിക്കുക' എന്ന അർത്ഥത്തിൽ aktaba എന്നുള്ള രൂപവും, 'അന്യോന്യം കത്തിടപാട് നടത്തി' എന്ന അർത്ഥത്തിൽ takataba എന്ന രൂപവും 'എഴുതപ്പെട്ട' എന്ന അർത്ഥത്തിൽ inkataba എന്നുള്ള രൂപവും 'കേട്ട് എഴുതി' എന്ന അർത്ഥത്തിൽ iktataba എന്നുള്ള രൂപവും 'ഒരുത്തനോട് എഴുതുവാൻ ആവശ്യപ്പെട്ട' എന്ന അർത്ഥത്തിൽ istaktaba എന്ന രൂപവും നിഷ്പന്നങ്ങളാകുന്നു. എല്ലാ ക്രിയാരൂപങ്ങളിലും ധാതു ktb എന്നു് മൂന്നു വ്യഞ്ജനങ്ങളോടു് കൂടിയതാണെന്നു് സ്പഷ്ടമാണല്ലോ. സെമിറിറിക്കിൽ സമാസം എന്ന പറയത്തക്കവണ്ണം സംസ്കൃതത്തിലെ ഷഷ്ഠീതത്പുരുഷന്റെ സ്വഭാവത്തോടു് ഏതാണ്ടു് സാദൃശ്യം വഹിക്കുന്ന ഒരുതരം പദഘടന മാത്രമേ അറിയപ്പെടുന്നുള്ളു. സെമിറിറിക്ക് ഭാഷകളിൽ പ്രയോജകാദിരൂപങ്ങൾ സൃഷ്ടിക്കുന്നതിനു് പൂർവ്വാനുബന്ധങ്ങൾ[1] വലിയ തോതിൽ ചേർക്കപ്പെടുന്നുണ്ടു്. ഇൻഡോയൂറോപ്യൻ ഭാഷകളിലാകട്ടെ, പൂർവ്വാനുബന്ധങ്ങളിൽ യാതൊരു വ്യാകരണകാര്യവും നിർവഹിക്കപ്പെടുന്നില്ല.

ഫാമിറിക് ഗോത്രം.

൨൬. സെമിറിറിക് ഗോത്രത്തേയും ഇൻഡോയൂറോപ്യൻ ഗോത്രത്തേയുംകാൾ ക്രിസ്തുവിനു മുമ്പുതന്നെ വ്യാപ്തിയും വൈവിധ്യവും ഉള്ള ഒരു ഭാഷാഗോത്രമാണു് ഹാമിറിറിക് ഗോത്രം. ഇന്നു് ഹാമിറിറിക് ഭാഷകൾ സംസാരിക്കുന്നവർ സെമിറിറിക് ഭാഷകൾ സംസാരിക്കുന്നവരെപ്പോലെ പ്രധാനമായി മെഡിറിറേനിയൻ വർഗ്ഗക്കാരാണു്. പ്രാചീനേജിപ്ഷ്യൻ, കോപ്റിറിക്[2], ബെർബർ ഭാഷകൾ[3], എത്തിയോപ്പിക് ഭാഷകൾ[4] എന്നിവയെല്ലാം ഹാമിറിറിക് ഗോത്രത്തിൽ ഉൾപ്പെടുന്നവയാണു്. ഹാമിറിറിക് ഭാഷകൾ സെമിറിറിക് ഭാഷകളോടു് ബന്ധപ്പെട്ടവയാണെന്നു് പല പണ്ഡിതന്മാരും അഭ്യൂഹിച്ചിട്ടുണ്ടു്. കൃത്രിമമായ ലിങ്ഗവ്യവസ്ഥ, കാലനിർദ്ദേശത്തെ അപ്രധാനമാക്കിയും ക്രിയയുടെ പൂർണ്ണതയേയോ അപൂർണ്ണതയേയോ പരമാധാരമാക്കിയും ഉള്ള ആഖ്യാതരൂപങ്ങൾ, നാമങ്ങളോടു് ചേർക്കുന്ന ബഹുവചനപ്രത്യയങ്ങൾ, സ്ത്രീതദ്ദ്യോതകങ്ങൾ, സർവനാമങ്ങൾ എന്നിങ്ങനെയുള്ള പല അംശങ്ങളിലും സമാനസ്വഭാവം ആവഹിക്കുന്ന ഈ രണ്ടു ഭാഷാഗോത്രങ്ങൾക്കും പൊതുവായ ഒരു പൂർവ്വദശ ഉണ്ടായിരുന്നിരിക്കണമെന്നു് സങ്കല്പിക്കുന്നതു് ഒരിക്കലും അസ്ഥാനത്തിലല്ല.

---

1. Prefixes. 2. പ്രാചീനേജിപ്ഷ്യന്മാരിൽ നിന്നു് ക്രൈസ്തവരായ കോപ്ഠ പർഗക്കാരുടെ ഭാഷ. 3. ആഫ്രിക്കയുടെ വടക്കും വടക്കുപടിഞ്ഞാറും ഉള്ള പർവതപ്രദേശങ്ങളിൽ പാർക്കുന്നവരുടെ ഭാഷ. 4. ഗല്ലന്മാരുടെയും സോമാലികളുടെയും വ്യവഹാരഭാഷകൾ ഉൾപ്പെടെയുള്ള കിഴക്കേ ആഫ്രിക്കൻ ഭാഷകൾ.

തെക്കുകിഴക്കൻ ഏഷ്യാറിക് ഗോത്രം.

൨൬. ഏഷ്യയുടെ കിഴക്കും തെക്കുകിഴക്കും പ്രദേശങ്ങളിൽ വ്യവഹരിച്ചുപോരുന്ന ചൈനീസ്, അന്നാമീസ്, ബർമീസ്, സയാമീസ്, ടിബറൻ എന്നു തുടങ്ങിയ ഭാഷകളെ അവയുടെ സമാനങ്ങളായ ചില സ്വഭാവങ്ങളെ ആസ്പദമാക്കി ഒരു ഗോത്രമായി തിരിക്കാവുന്നതാണ്. ശാഖാഭാഷകളിൽ ചീനഭാഷയ്ക്കുള്ള പ്രാമുഖ്യംകൊണ്ട് ചീനഭാഷാഗോത്രമെന്നും പദപ്രകൃതികളെല്ലാം ഏകാക്ഷരങ്ങളാകകൊണ്ട് ഏകാക്ഷരപ്രകൃതികഭാഷാഗോത്രം[1] എന്നും ഈ ഗോത്രത്തെ വ്യപദേശിക്കാറുണ്ട്. ഈ ഗോത്രത്തിലുള്ള ഭാഷകളിൽ പദങ്ങൾ ഏകാക്ഷരങ്ങളാണെന്നുള്ളതിനു പുറമേ കേവലപ്രകൃതികങ്ങളും ആണ്. ഒരു പദം നാമമോ നാമവിശേഷണമോ ക്രിയാവിശേഷണമോ എന്നും, ആ പദത്തിന് മറെറാരു പദത്തോടുള്ള ബന്ധം എന്തെന്നും മറും ഗ്രഹിക്കുന്നതിന് സ്വരങ്ങളുടെ ഉച്ചാരണത്തിൽ വരുത്തുന്ന ഉച്ചനീചത്വവും, പദങ്ങൾക്ക് വാക്യത്തിൽ നല്കുന്ന പൌർവാപര്യത്തിലുള്ള വൈജാത്യവും ആണ് മുഖ്യമായ ആലംബം ആയിരിക്കുന്നത്. ചീനഭാഷയിൽ ‹ത' (ta) എന്ന പദത്തിന് വലുതാകുക, വലിയ, വലിപ്പം, വലുതാകുംവണ്ണം, എന്നിങ്ങനെ വിഭിന്നങ്ങളായ അർത്ഥങ്ങൾ സംഭവിക്കുന്നത് മേൽ പറഞ്ഞതിന് ഉദാഹരണമാണ്. അതുപോലെ ngó tá ni എന്ന വാക്യത്തിലും ni ta' ngo' എന്ന വാക്യത്തിലും പദങ്ങളുടെ കർതൃത്വവും കർമത്വവും യഥാക്രമം ക്രിയയുടെ മുൻപിലും പിൻപിലും വരുന്നതുകൊണ്ട് നിർണ്ണയിക്കപ്പെടുന്നു. മേൽ കാണിച്ച വാക്യങ്ങളെ പദാനുപദം തർജ്ജമ ചെയ്യുന്നപക്ഷം ‹ഞാൻ അടിക്കുന്നു നീ', ‹നീ അടിക്കുന്നു ഞാൻ' എന്നിങ്ങനെയാകും. കാരകഭേദത്തെക്കുറിക്കുന്നതിനു നിശ്ശബ്ദങ്ങളായ പ്രത്യയങ്ങളും ഉള്ള ഭാഷകളിൽ പദങ്ങൾക്ക് സ്ഥാനഭേദം വന്നാലും അർത്ഥം തുല്യമായിത്തന്നെ ഇരിക്കുമല്ലോ. മറു ഭാഷകളിൽ വ്യാകരണകാര്യങ്ങളായി പരിഗണിക്കുന്നവയിൽ ഒന്നുംതന്നെ ചീനഭാഷയിലും മറും ദൃശ്യമല്ലാത്തതുകൊണ്ട് ആ ഭാഷകളിൽ വ്യാകരണം തന്നെ ഇല്ലയോ എന്നു തോന്നിപ്പോകും. എന്നാൽ ചിലപ്പോൾ പദങ്ങളുടെ സംബന്ധത്തെ കൂടുതൽ വ്യക്തമാക്കുന്നതിനുവേണ്ടി ശൂന്യപദങ്ങൾ[2] എന്ന് ആ നാട്ടുകാർ തന്നെ പറഞ്ഞുപോരുന്ന ഒരുതരം ദ്യോതകങ്ങളെ പൂർണ്ണപദങ്ങളുടെ മുൻപിലോ പിൻപിലോ ചേർക്കുന്നു എന്നുള്ളതു പ്രസ്താവ്യമാണ്. Jin (dzĭn) Kiun എന്നതിന് പ്രതിപദതർജ്ജമ ‹മനുഷ്യൻ രാജാവു്' എന്നായിരിക്കുമ്പോൾ ചീനഭാഷയിൽ അർത്ഥം ‹മനുഷ്യരുടെരാജാവു്' എന്നാകുന്നു. മലയാളത്തിൽ

1. Mono-syllabic. 2. Empty words.

നാം ‘ഉടെ’ എന്ന പ്രത്യയംകൊണ്ട് കുറിക്കുന്ന സ്വസ്വാമിഭാവസംബന്ധത്തെ വ്യക്തമാക്കുന്നതിന് ചീനഭാഷയിൽ tši എന്ന ശൂന്യപദം jin എന്നതിന്റെ പിറകിൽ ചേർത്ത് jin tši kiun എന്നും പ്രയോഗിക്കാം.

ഉ വ്യ. ചീനഭാഷാഗോത്രത്തിലുള്ള ഭാഷകൾ, കെട്ടുപാടുകൊണ്ട് സമാനമായ സ്വഭാവം പുലർത്തുന്നവയാണെങ്കിലും, പദങ്ങളെ സംബന്ധിച്ചിടത്തോളം പ്രകടമായ വൈജാത്യം പ്രദർശിപ്പിക്കുന്നു. പദവിഷയകമായ ഈ വൈജാത്യം വിഭിന്നദേശങ്ങളിലുള്ള വ്യവഹാരംകൊണ്ട് അനുക്രമം സംഭവിച്ച പരിണാമങ്ങളുടേയും ഭാഷാന്തരസമ്പർക്കങ്ങളുടേയും ഫലമാണെന്നാണ് ചിലരുടെ പക്ഷം. സമാനപ്രകൃതികളുടെ വൈരൂപ്യംകൊണ്ട് ഈ ഭാഷകളെ ഏകഗോത്രകങ്ങളായി കല്പിക്കുന്നതു തന്നെ മല്ലെന്ന് വാദിക്കുന്നവരും ഇല്ലാതില്ല.

ഉ ൻ. യൂറൽ അല്ത്തേയ്ക് ഭാഷാഗോത്രം ഏഷ്യയുടെ മദ്ധ്യഭാഗത്തേയും അതിക്രമിച്ച് യൂറോപ്പിന് തെക്കോട്ട് ടർക്കിയുടെ അതിരോളവും പടിഞ്ഞാറോട്ട് റഷ്യയിലും വടക്കേ സ്കാൻഡിനേവിയായിലും ഉള്ള അറ്റ്ലാന്റിക് പ്രദേശത്തോളവും ഏറെക്കുറെ വ്യാപിച്ചുകിടക്കുന്നു. യൂറൽ എന്നും അല്ത്തേയ്ക് എന്നും പേരുള്ള രണ്ടു പർവതനിരകളുടെ പരിസരദേശങ്ങളിൽ വ്യവഹരിക്കപ്പെട്ടപോന്ന ഭാഷയുടെ പരിണതരൂപങ്ങളായ ഭാഷകൾ ഉൾക്കൊള്ളുന്നതുകൊണ്ടാണ് യൂറൽഅല്ത്തേയ്ക് എന്നുള്ള സംജ്ഞ പ്രസ്തുതമായ ഭാഷാഗോത്രത്തിന് നല്കിയിട്ടുള്ളത്. ഇതിന് ട്യൂറേനിയൻ എന്നും സിതിയൻ എന്നും ക്രുടി പേരുകൾ പറഞ്ഞുവരാറുണ്ട്.

യൂറൽ അല്ത്തേയ്ക് ഗോത്രം.

ഉ ഠ. യൂറൽ അല്ത്തേയ്ക് ഗോത്രത്തിന് ഫിന്നോ ഉഗ്രിക്, സമോയെഡ്, ടുംഗ്രസ്, മങ്ഗോളിയൻ, ടർക്കിഷ് എന്നീ അഞ്ചു പിരിവുകൾ ഉണ്ട്. ഇവയിൽ ഓരോ പിരിവും അനേകഭാഷകളുടെ സമുച്ചയം ആണെന്നുള്ളതും പ്രസ്താവ്യമാകുന്നു. ഇതരഗോത്രങ്ങളിലുള്ള ഭാഷകളുടെ സമ്പർക്കംകൊണ്ട് യൂറൽഅല്ത്തേയ്ക് ഗോത്രത്തിലെ ഭാഷകൾ പരസ്പരം വളരെ അകന്നുപോയിട്ടുള്ളതിനാൽ അവയുടെ യഥാർത്ഥബന്ധം നിർണ്ണയിക്കുന്നതിന് വളരെ പ്രയാസമായിട്ടാണ് ഇരിക്കുന്നത്. ലാപ്പിഷ് (ലാപ്ലാൻഡിലെ ഭാഷ), സമോയെഡ് (അല്ത്തേയ് പർവതനിരകൾമുതൽ ഏഷ്യയിൽ ആർക്ടിക് മഹാസമുദ്രംവരെയുള്ള സൈബീരിയൻ പ്രദേശങ്ങളിലെ ഭാഷ), ഫിന്നിഷ് (ഫിൻലാൻഡിലെ ഭാഷ), മഗ്യാർ (ഹംഗേറിയിലെ ഭാഷ), ടർക്കിഷ് (ടർക്കിയിലെ ഭാഷ), മഞ്ചു

(മഞ്ചൂറിയായിലെ ഭാഷ), മംഗോൾ (മംഗോളിയായിലെ ഭാഷ) എന്നീ ആധുനികഭാഷകൾ യൂറൽ-അൽ്റേറയ്ക്ക് ഗോത്രത്തിൽ അന്തർഭവിക്കുന്നു. കൊറിയൻ (കൊറിയായിലെ ഭാഷ) എന്ന ഭാഷയും ജാപ്പനീസ് ഭാഷകളും കൂടി ഈ ഗോത്രത്തിൽ ഉൾപ്പെട്ടുവെന്ന് ചിലർ വാദിച്ചിട്ടുണ്ടെങ്കിലും അതിലേക്കുള്ള തെളിവുകൾ ഇനിയും പ്രദർശിപ്പിക്കപ്പെടേണ്ടതായിട്ടാണ് ഇരിക്കുന്നു. ദ്രാവിഡഭാഷകളെ സിതിയൻ ഭാഷാഗോത്രത്തിന്റെ ഒരു പിരിവായി പരിഗണിക്കുന്നതിൽ കാൾഡ്വെൽ തുടങ്ങിയ പണ്ഡിതന്മാർ പ്രദർശിപ്പിച്ചിട്ടുള്ള യുക്തികളാകട്ടെ കേവലം അപൂർണ്ണങ്ങളാണ്.

൩൫. യൂറൽഅൽറേറയ്ക് ഭാഷകൾ എല്ലാം തന്നെ സംശ്ലിഷ്ടകക്ഷ്യയുടെ സ്വഭാവത്തെയാണ് ആവഹിക്കുന്നത്. പ്രകൃതിയിലെ സ്വരത്തോട് പ്രത്യയത്തിലെ സ്വരങ്ങൾക്ക് ആനുരൂപ്യം വരുക എന്നുള്ള സ്വരസാരൂപ്യനയം [1] യൂറൽഅൽറേറയ്ക് ഗോത്രത്തിലെ ഭാഷകളിൽ സാർവത്രികമായി കണ്ടുവരുന്നത് അവയുടെ ആഗമികസംബന്ധത്തിന് ഉപോദ്ബലകമായി വർത്തിക്കുന്നുണ്ട്. ടർക്കിഷ് ഭാഷയിൽ ex-ler (വീടുകൾ) at-lar (കുതിരകൾ) എന്നിങ്ങനെയുള്ള വാക്കുകളിൽ യഥാക്രമം 'എ', 'അ' എന്ന പ്രകൃതിഗതസ്വരങ്ങളായ സ്വരങ്ങൾ പ്രത്യയസ്വരങ്ങളുടെ നിർണ്ണായകങ്ങളായിട്ട് അവസ്ഥാനംചെയ്യുന്നത് നോക്കുക.

൩൬. ഭാഷാഗോത്രങ്ങളിൽ ദേശവ്യാപ്തികൊണ്ട് പ്രഥമസ്ഥാനം അർഹിക്കുന്നതാണ് ആസ്ത്രിക് ഭാഷാഗോത്രം. ആഫ്രിക്കയുടെ കിഴക്കേ തീരത്തുള്ള മഡഗാസ്കറിൽനിന്നും ഇൻഡ്യൻ മഹാസമുദ്രത്തെ അതിക്രമിച്ച് മലേ ആക്കി പ്പെലഗോ എന്ന് വിളിക്കപ്പെടുന്ന ദ്വീപസംഘതിവരെയും അതിനുമേലായി ശാന്തമഹാസമുദ്രത്തിലൂടെ ഈസ്റ്റർ ദ്വീപത്തോളവും ഈ ഭാഷാഗോത്രത്തിന്റെ ശാഖകൾ വ്യാപിച്ചുകിടക്കുന്നു. അതുമല്ല, ഇൻഡോചൈനയിലും മലേ ഉപദ്വീപിലും സയാമിലും ബർമ്മയിലും ഇൻഡ്യയുടെ വടക്കുകിഴക്കൻപ്രദേശങ്ങളിലും മദ്ധ്യദേശത്തിലും കൂടി ആസ്ത്രിക് ഭാഷാഗോത്രത്തിന് പ്രസരണം സിദ്ധിച്ചിട്ടുണ്ട്.

ആസ്ത്രിക് ഭാഷാഗോത്രം.

൩൭. ആസ്ത്രിക് ഭാഷാഗോത്രം എന്ന് നാം ഇപ്പോൾ വ്യവഹരിക്കുന്നത് മലേ, ഇൻഡൊനേഷ്യൻ, മെലനേഷ്യൻ, പോളിനേഷ്യൻ

1. Vowel harmony.

എന്നിവ ഉൾപ്പെട്ടതാണ് ആസ്ട്രോനേഷ്യൻ ഭാഷാസംഘാതവും മോൺ ഖ്മേർ, ഖാ, പീ, മുണ്ഡാ എന്നിവ ഉൾപ്പെട്ടതാണ് ആസ്ട്രോഏഷ്യാറ്റിക് ഭാഷാസംഘാതവും ചേർന്നുള്ളതാണ്. മലയോപോളിനേഷ്യൻ ഭാഷാഗോത്രം, ഓഷ്യാനിക് ഭാഷാഗോത്രം എന്നീ സംജ്ഞകൾ ഈ ഗോത്രത്തിന്റെ വിസ്തൃതമായ വ്യാപ്തി നോക്കുമ്പോൾ അപര്യാപ്തങ്ങളെന്ന് കണ്ടിട്ടാണ് ആസ്ട്രിക് ഭാഷാഗോത്രം എന്ന നൂതനസംജ്ഞ പ്രസ്തുതഭാഷകളെ സംബന്ധിച്ച ഗവേഷണത്തിൽ പണ്ഡിതസമ്മതി ആർജ്ജിച്ചിട്ടുള്ള വാൻഡ്രർഷ്മിറ് എന്ന മഹാൻ നല്കിയതു്. [1]

ന. ർ. ന്യൂഗിനിയായിലും മറ്റും വ്യവഹാരത്തിൽ ഇരിക്കുന്ന പാപ്പുവൻ ഭാഷകളും ലുപ്തപ്രചാരമായിപ്പോയ ടാസ്മേനിയൻ ഭാഷ ഉൾപ്പെടെയുള്ള ആസ്ട്രേലിയൻ ഭാഷകളും കൂടി ആസ്ട്രിക് ഗോത്രത്തിൽ തന്നെ അന്തർഭാവം അർഹിക്കുന്നുവെന്നാണ് എം. റിവറിന്റെ പക്ഷം[2]. മെലനേഷ്യൻ, പോളിനേഷ്യൻ, മലയൻ, മലഗസി എന്നീ ഭാഷകളെ മാത്രം ഉൾപ്പെടുത്തി ഓഷ്യാനിക് ഭാഷാഗോത്രം എന്ന പേരു കൊടുത്തതു് മാക്ഡോണൽ (ന്യൂ ഹെബ്രിഡിസ് മിഷനിലെ ഒരു പാതിരി) ഓഷ്യാനിക് ഭാഷകളെക്കുറിച്ചു് വിസ്തൃതമായ ചർച്ച നടത്തിയിട്ടുള്ള കൃത്തിൽ ഇന്നു് ഓഷ്യാനിക് ഭാഷ സംസാരിക്കുന്നവരുടെ പൂർവികന്മാർ സെമിറ്റിക് ഭാഷകളുടെ സങ്കേതഭൂവിൽ നിന്നും ഓഷ്യാനിക് പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തിട്ടുള്ളവർ ആണെന്നു് അഭ്യൂഹിച്ചിരിക്കുന്നു[3]. ആസ്ട്രോ ഏഷ്യാറ്റിക് ഭാഷകൾക്കും സുമേരിയൻ ഭാഷകൾക്കും തമ്മിൽ പദവിഷയകമായുള്ള സാദൃശ്യത്തിലേക്കു് ദൃഷ്ടി പതിപ്പിച്ച പ്രൊഫ്സർ പ്രീസിലുസ്കി ഈ രണ്ടു ഭാഷാവർഗ്ഗങ്ങൾക്കും ഏതോ ചില ബന്ധങ്ങൾ ഉണ്ടായിരുന്നിരിക്കാം എന്നുള്ള ഒരു അഭിപ്രായം പ്രകാശിപ്പിച്ചിട്ടുണ്ടു്[4].

ന. ഭ. ആസ്ട്രിക് ഭാഷാഗോത്രത്തിലുള്ള ഭാഷകൾ സംശ്ലിഷ്ടകർക്ഷ്യയുടെ സ്വഭാവമാണ് ആവഹിക്കുന്നതു്. ഉത്തമപുരുഷസർവ്വനാമത്തിന്റെ ബഹുവചനത്തിനു് അനന്തർഭാവിതം[5], അന്തർഭാ

---

1. See *Introduction to Pre-Aryan and Pre-Dravidian in India*, Introduction p. X.
2. Ibid, p. X.
3. D. Macdonald, *Oceanic Languages*, Introduction pp. 9 & 10 and chapter I, pp. 4 & 5.
4. *Bulletin de la Societe de Linguistique, 1926.*
5. Exclusive.

വിതം [1] എന്നിങ്ങനെ ഉള്ള രൂപഭേദവിധ്യം, ദ്വിവചനത്തിനേറയും ത്രിവചനത്തിനേറയും സദ്ഭാവം എന്നീ വ്യാകരണകാര്യങ്ങളിൽ അഭിന്നമായ ഒരു രീതി ഈ ഗോത്രത്തിലെ ചില ഭാഷകളിൽ കാണപ്പെടുന്നതിനെക്കുറിച്ച് ഷ്മിറ്റ് പ്രസ്താവിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്.

൯൨. ആസ്ട്രോ ഏഷ്യാറ്റിക് വർഗ്ഗത്തിൽ അന്തർഭവിക്കുന്ന ഭാഷകളിൽ ഖാസിയും മുണ്ഡയും ഇൻഡ്യയ്ക്കകത്തു് ഇന്നും നിലവിൽ ഇരിക്കുന്നവയത്രേ. ആസ്ട്രിക്കുഗോത്രത്തിൽ ഉൾപ്പെട്ട ഭാഷകളോട് ആര്യഭാഷകൾക്കും ദ്രാവിഡഭാഷകൾക്കും അതിപ്രാചീനമായ ഒരു കാലത്തിൽത്തന്നെ സമ്പർക്കം ഉണ്ടായിട്ടുണ്ടെന്ന് അഭ്യൂഹിക്കുവാൻ പര്യാപ്തങ്ങളായ തെളിവുകളും ഉണ്ട്. അതുകൊണ്ട്, ഇൻഡോആര്യൻ ഭാഷകളെക്കുറിച്ചും ദ്രാവിഡഭാഷകളെക്കുറിച്ചും ഉപരിപഠനം നടത്തുന്നവർക്ക് അതിമാത്രം ഉപകരിക്കാവുന്ന പല കരുക്കളും മുണ്ഡാ, ഖാസീ എന്നീ ഭാഷകളിലും അവയുടെ സഹോദരഭാഷകളിലും നിന്ന് ലഭ്യങ്ങളാണ്.

ബാണ്ടുഭാഷാഗോത്രം.

൯൩. തെക്കേ ആഫ്രിക്കയുടെ ദക്ഷിണഭാഗത്തിലും മധ്യഭാഗത്തിലും പ്രായേണ വ്യാപിച്ചു കിടക്കുന്നവയും പരസ്പരം ദൃഢമായി സംബദ്ധങ്ങളും ആയ നൂറിയൻപതിൽപരം ഭാഷകളെ ഉൾക്കൊള്ളുന്നതാണ് ബാണ്ടുഭാഷാഗോത്രം. ഈ ഭാഷാഗോത്രത്തോട് ബന്ധപ്പെടാതെ ഹാട്ടൻടാട്ടകളുടേയും ബുഷവർഗ്ഗക്കാരുടേയും ഭാഷകൾ തെക്കുപടിഞ്ഞാറും, അസ്സൽ നീഗ്രോവർഗ്ഗക്കാരായ ഗല്ലന്മാരുടെ ഭാഷകൾ വടക്കും അതിരുകളെന്നപോലെ വർത്തിക്കുന്നു. ബാണ്ടു (മനുഷ്യർ) എന്ന വാക്ക് ഈ ഗോത്രത്തിലുള്ള ഭാഷകളുടെ സജാതീയസ്വഭാവത്തിന് ഒരു ഉത്തമോദാഹരണമായിരിക്കുന്നതിനെ ആസ്പദമാക്കിയാണ് ഗോത്രത്തിന് ബാണ്ടു എന്നുള്ള സംജ്ഞ നല്കപ്പെട്ടിട്ടുള്ളതു്. ബാണ്ടുഗോത്രത്തിൽ ഉൾപ്പെടുന്ന ഭാഷകളാകട്ടെ സുളു, ഷെറേറോ, ക്ലോസാ, സ്വാഹിലി, ഗാൻഡാ, ഡുവാലാ, കാങ്ഗോ, ബൊംബാ എന്നു തുടങ്ങുന്നവയാണ്.

൯൪. ബാണ്ടുഭാഷകൾ പരാനുബന്ധങ്ങളെക്കൊണ്ടു് എത്രയോ കൂട്ടത്തലായി പൂർവ്വാനുബന്ധങ്ങളുടെ സംയോജനത്താൽ അത്യവിശേഷത്തെ കുറിക്കുന്നവയാണ്. മലയാളത്തിൽ ഉദ്ദേശികാവിഭക്തിയെ കുറിക്കുന്നതിന് 'അവൾക്ക് ഞങ്ങൾക്ക്', എന്നിങ്ങനെ 'ക്ക്' എന്നുള്ള പരാനുബന്ധമാണല്ലോ നാം ചേർക്കുന്നതു്. ബാണ്ടുവിൽ ഉദ്ദേശിക

1 Inclusiv

ത്തെ കുറിക്കുന്നതിന് പൂവ്വാനുബന്ധമാണ് പ്രയുക്തമാകുന്നത്. ഉദാഹരണമായി Ku-ti (ഞങ്ങൾക്ക്), Ku-ri (അവർക്ക്), Ku-je (അവന്ന്) എന്നീ വാക്കുകൾ കാൺക. അതുപോലെ (umu) ntu (മനുഷ്യൻ) എന്നതിന്റെ ബഹുവചനരൂപം ഉണ്ടാക്കുവാൻ aba-ntu (മനുഷ്യർ) എന്നും, അതിനോട് സംയോജികാത്ഥം കൂട്ടിച്ചേർക്കുവാൻ ng aba-ntu (മനുഷ്യരോട്) എന്നും ഒന്നോ അതിലധികമോ പൂവ്വാനുബന്ധങ്ങളെ പ്രയോഗിക്കുന്ന രീതി ബാണ്ടുഭാഷകളിൽ ബാഹുല്യേന കാണപ്പെടാവുന്നതാണ്. ബാണ്ടുഭാഷകളുടെ മറ്റൊരു സ്വഭാവം വ്യാകരണപരമായ പൊരുത്തത്തിന് വിധേയങ്ങളായി വാക്കുകൾ പൂവ്വാനുബന്ധവിഷയത്തിൽ മാറ്റുവാനും സമാനരൂപത കൈയ്ക്കൊള്ളുന്നുവെന്നുള്ളതത്രേ. *Umu* ntu *we*-tu *omu*-Chle *U*-yabonakala *Sim*-tanda എന്നത് ബാണ്ടുഭാഷയിൽ വിശേഷണാദികർക്ക് ഏകവചനപ്പൊരുത്തമുള്ള വാക്യത്തിനു ഉദാഹരണമാണ്[1]. ഇതിനെ മലയാളത്തിലേക്കു പ്രതിപദതർജ്ജമ ചെയ്താൽ 'മനുഷ്യൻ നമ്മുടേവൻ അഴകുള്ളവൻ പ്രത്യക്ഷപ്പെട്ടാൽ നാം അവനെ സ്നേഹിക്കുന്നു' എന്നാകുമെങ്കിലും അർത്ഥം 'നമ്മുടെ ആൾ സുന്ദരനായി പ്രത്യക്ഷപ്പെട്ടാൽ; നാം അവനെ സ്നേഹിക്കുന്നു' എന്നത്രേ ബഹുവചനത്തിൽ ഇതേ വാക്യം aba-ntu be-tu aba-chle ba-yabonakala siba-tanda എന്നിങ്ങനെ പരിണമിക്കുന്നു. ബാണ്ടുഗോത്രത്തിന്റെ മറ്റൊരു സാമാന്യസ്വഭാവം വ്യാകരണപരമായ ലിങ്ഗത്തിന്റെ അത്യന്താഭാവമാണ്. അവൻ, അവൾ എന്നിങ്ങനെ ഉള്ള സർവ്വനാമങ്ങൾക്കുപോലും എതിരായി ബാണ്ടുഗോത്രത്തിൽ പുംസ്ത്രൂപങ്ങൾ ഭിന്നങ്ങളായിട്ടില്ല. ബാണ്ടുഭാഷകളുടെ നിഷ്കൃഷ്ടമായ പഠനത്തിന് പല പാശ്ചാത്ത്യപണ്ഡിതന്മാരും ഇന്ന് ഉത്സാഹിച്ചു വരുന്നുണ്ടെന്നുള്ളതും പ്രസ്താവ്യമത്രേ.

നൂ. സമാനഗോത്രത നിർണ്ണയിക്കുവാൻ പ്രയാസമുള്ളവയെങ്കിലും ഭ്രസ്ഥിതികൊണ്ടും മറ്റും ഐക്യം പുലർത്തുന്ന ഭാഷാസംഘങ്ങളും നമ്മുടെ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. അവയിൽ കാക്കസസ് പർവ്വതനിരയോട് ബന്ധിച്ചുകിടക്കുന്ന ദേശങ്ങളിൽ വ്യവഹരിക്കപ്പെട്ടുപോരുന്ന സർക്കേഷ്യൻ, കിസ്റ്റ്യൻ, ലെസ്ഡ്യൻ, ജാർജിയൻ, മിൻഗ്രീലിയൻ മുതലായ ഭാഷകളെ ഉൾക്കൊള്ളുന്ന കക്കേഷ്യൻഭാഷാസംഘം അതിപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. ബാപ് എന്ന പ്രാചീനപണ്ഡിതൻ

കാക്കേഷ്യൻ ഭാഷാസംഘം.

1 Tucker, *Introduction to the study of Language*, p. 140.
2 Taraporewala, *Elements of the science of Language*, p. 64.

കക്കേഷ്യൻഭാഷകളും വൈകൃതകക്ഷ്യയുടെ സ്വഭാവം അവഹിക്കുന്നുവെന്നുള്ള കാരണത്താൽ അവയെ ഇൻഡോയൂറോപ്യൻ ഗോത്രത്തിൽ അന്തർഭവിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അടുത്തകാലത്തു് നടത്തിയിട്ടുള്ള പര്യവേക്ഷണങ്ങളുടെ ഫലമായി സംശ്ലിഷ്ടകക്ഷ്യയിലാണ് കക്കേഷ്യൻ ഭാഷകളും ഏറിയക്രമം നിലകൊള്ളുന്നതെന്നു് തെളിഞ്ഞിരിക്കുന്നു. ഏഷ്യയിൽനിന്നും യൂറോപ്പിൽനിന്നും പല ജനസംഘങ്ങളും കക്കേഷ്യൻ പ്രദേശത്തിൽ ഓരോ കാലത്തു് കുടിയേറിപ്പാർത്തിട്ടുള്ളതുകൊണ്ടു് അവിടത്തെ ഭാഷകളുടെ ഘടനയിൽ ഗണനീയമായ വൈചിത്ര്യം സംഭവിക്കുവാൻ ഇടയായിട്ടുണ്ടു്. അതിനും പുറമേ ഓരോ ചെറിയ പ്രദേശവും ഒന്നിനോടൊന്നു വേർപെട്ടു കിടക്കുന്ന സ്ഥിതിയിൽ മിക്കവാറും സ്വതന്ത്രങ്ങളായിത്തന്നെ വളർന്നുവന്നിട്ടുള്ളതിനാൽ കക്കേഷ്യൻ ഭാഷകളുടെ പൂർവ്വബന്ധം മിക്കവാറും മറവിലായിപ്പോയിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമത്രേ.

അമേരിക്കൻ ഭാഷാസംഘം

൫൦. നാന്നൂറിലധികം വരുന്ന അമേരിക്കൻ ദേശ്യഭാഷകളുടേയും പരസ്പരബന്ധം അനിശ്ചിതമാണ്. അവ മറ്റു ഭൂഖണ്ഡങ്ങളിലെ ഭാഷാഗോത്രങ്ങളിൽ യാതൊന്നിനോടും ബന്ധപ്പെട്ടിട്ടുള്ളവയല്ല. എത്രതന്നെ കുറഞ്ഞാലും മുപ്പതോളം വർഗ്ഗങ്ങളായി അമേരിക്കൻഭാഷകൾ വേർതിരിഞ്ഞു നില്ക്കുന്നു. എല്ലാ വർഗ്ഗങ്ങളുടേയും സാമാന്യസ്വഭാവമായി കണക്കാക്കാവുന്നതു് ഏറക്കുറച്ചിലോടുകൂടിയ സങ്ഘടിതത്വം — അതായതു് ഒന്നിലധികം പദപ്രകൃതികളുടെ പ്രധാനപ്പെട്ട ഏതാനും അംശങ്ങൾ ഒന്നിച്ചുചേർന്നു് വർണ്ണവിപരിണാമനയങ്ങൾക്കു് വിധേയമായി ഏകപദത്തെപോലെ അവഭാസിക്കുന്ന വാക്യങ്ങളെ ഉരുക്കൊള്ളുന്ന രീതി — ആകുന്നു. സംസ്കൃതത്തിൽ ദീർഘദീർഘങ്ങളായ സമസ്തപദങ്ങൾ ഉണ്ടെങ്കിലും അവയുടെ സംഘടിതത്വം പദപ്രകൃതികൾക്കു് തിരിച്ചറിയുവാൻ കഴിയാത്തവണ്ണം ഉള്ള ഹ്രാസമോ വിപരിണാമമോ അമേരിക്കൻഭാഷകൾക്കു് ഉള്ളതുപോലെ പ്രദർശിപ്പിക്കുന്നതല്ല. ക്രിയാവിശേഷണങ്ങളോ കർമ്മകാരകമോ ക്രിയാപദത്തോടു് ചേർന്നുള്ള സമാസം ചില അമേരിക്കൻഭാഷകളിൽ കാണുന്നതു്, ഇൻഡോയൂറോപ്യൻ ഭാഷകളിൽ തീരെ പരിചിതമല്ലെന്നതത്രെ പറയാം. ചെറോക്കീഭാഷയിൽ nadholinin (ഞങ്ങൾക്കു് തോണി കൊണ്ടുവരുക) എന്നതിൽ 'കൊണ്ടുവരുക' എന്ന അർത്ഥത്തിലുള്ള naten എന്നതിന്റേയും 'വള്ളം'

എന്ന അർത്ഥത്തിലുള്ള amokhol എന്നതിന്റേയും 'ഞങ്ങൾക്ക്' എന്ന അർത്ഥത്തിലുള്ള nin എന്നതിന്റേയും മുഖ്യാംശങ്ങളോടുകൂടി ചില വിപരിണാമങ്ങൾ വന്നിട്ടുള്ള കാരകക്രിയാസംശ്ലേഷം കാൺക[1]. ഗ്രീൻലാൻഡിലെ എസ്കിമോ, കാനഡായിലെ അതബാസ്കൻ, ഐക്യസംസ്ഥാനത്തിലെ അതഗോൻകിൻ, മെക്സിക്കോവിലെ സൊനോറ, യുക്കട്ടനിലെ മയ, സെൻട്രൽ അമേരിക്കയിലെ കൂവ, തെക്കേഅമേരിക്കയിലെ ക്യാരിബ്, അറാവക്, കച്ചിച്വാ, പ്യൂവെല്ഛേ എന്നു തുടങ്ങിയ ഭാഷകളാണ് അമേരിക്കൻഭാഷാസംഘത്തിൽ ഉൾപ്പെട്ടവ.

മദ്ധ്യാഫ്രിക്കൻ ഭാഷാസംഘങ്ങൾ.

൪൭. ആഫ്രിക്കയിൽ ബാണ്ടു, ഹാമിറ്റിക്, സെമിറ്റിക്, എന്നിവപോലെ സമാനവാശ്യങ്ങളെന്ന് നിർണ്ണയിക്കുവാൻ കഴിയാത്തവയെങ്കിലും പൊതുവേ സംശ്ലിഷ്ടകക്ഷ്യയുടെ പരിധിയിൽ ഉൾപ്പെട്ടത്തക്ക പല ഭാഷാസംഘങ്ങളും വ്യവഹാരത്തിൽ ഇരിക്കുന്നുണ്ട്. അക്കൂട്ടത്തിൽ വോലോഫ്, മെൻഡോ, സൊങ്ഘ്രി, ബറി എന്നു തുടങ്ങിയ നീഗ്രോഭാഷകളും ഫൂലാ, നൂബിയൻ എന്നു തുടങ്ങിയ നൂബിയൻഫൂലാഭാഷകളും നമാ, ഖൊര എന്നു തുടങ്ങിയ ഹാട്ടൻടാട് ഭാഷകളും, ബുഷ്മെൻഭാഷകളും ആണ് പ്രധാനപ്പെട്ടവ. ഈ ഭാഷാസംഘങ്ങളിൽ ഏറിയകൂറും വ്യവഹാരത്തിൽ ഇരിക്കുന്നതു് ആഫ്രിക്കയുടെ മദ്ധ്യപ്രദേശത്താകയാൽ ഇവയെ എല്ലാറ്റിനേയുംകൂടി മദ്ധ്യാഫ്രിക്കൻഭാഷാസംഘങ്ങൾ എന്നു വ്യപദേശിക്കാവുന്നതാണ്.

മറ്റതിരിഞ്ഞുള്ള ഭാഷകൾ.

൪൮. ലുപ്തപ്രചാരങ്ങളായ ഭാഷകളിലും ആധുനികഭാഷകളിലും ചിലതെല്ലാം യാതൊന്നിനോടും കൂട്ടുചേരാതെ മറ്റതിരിഞ്ഞു നിലകൊള്ളുന്നവയാണ്. അവയിൽ എത്രുസ്കൻഭാഷയും സുമേരിയൻ അല്ലെങ്കിൽ അക്കേഡിയൻ ഭാഷയും ലുപ്തപ്രചാരങ്ങളുടെ കൂട്ടത്തിലും ബാസ്ക്, ജാപ്പനീസ്, കൊറിയൻ, ഹൈപ്പർബോറിയൻ എന്നിവ ആധുനികങ്ങളുടെ കൂട്ടത്തിലും ഉൾപ്പെട്ടവ.

൪൯. റോമിന്റെ ഉത്ഥിതിക്ക് മുൻപുതന്നെ ഇറാലിയുടെ ഉത്തരപ്രദേശത്തിലും മദ്ധ്യപ്രദേശത്തിലും വ്യവഹാരപ്രാചുര്യം സിദ്ധിച്ചിരുന്ന ഒരു ഭാഷയാണ് എത്രുസ്കൻ. ഈ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള അനേകം ശിലാശാസനങ്ങൾ ഭാഷാതത്ത്വശാസ്ത്രജ്ഞന്മാരുടെ

1. Tucker, *Introduction to the Study of Language*, p. 154.

സൂക്ഷ്മമായ പഠനത്തിന് വിഷയീഭവിച്ചിട്ടുണ്ട്. ഒരുകാലത്തു് ഇൻഡോയുറോപ്യൻ ഗോത്രത്തിൽ എഗ്ലൂസ്ക്കൻ അന്തർഭവിക്കുന്നതായി പരികല്പിക്കപ്പെട്ടിരുന്നതു് ഉപരിഗവേഷണത്തിന്റെ ഫലമായി യുക്തമല്ലെന്നു് തെളിഞ്ഞിട്ടുണ്ട്. ബി. സി. ഏഴാംശതകത്തിനു മുൻപു് വ്യവഹാരത്തിൽ ഇരുന്ന സുമേരിയൻ ബാബിലോണിലെ പ്രാചീനഭരണാധികാരികളായിരുന്ന സുമേരിയന്മാരുടെ കാലത്തു് സർവ്വതോമുഖമായ അഭിവൃദ്ധിയെ പ്രാപിച്ചു. സുമേരിയൻ ഭാഷയിൽ അതിവിപുലമായ ഒരു സാഹിത്യസമ്പത്തു് ഉണ്ടായിരുന്നതിനെ പില്ക്കാലത്തു് അസ്സീരിയന്മാർ അവധാനപൂർവ്വം പരിരക്ഷിച്ചതു് ആ പ്രാചീനഭാഷയെക്കുറിച്ചു് നമുക്കു് വേണ്ട വിവരങ്ങൾ അറിയുന്നതിനു് അതിമാത്രം സഹായകമായിട്ടുണ്ട്. സുമേരിയൻഭാഷ സംശ്ലിഷ്ടകക്ഷ്യയിൽ ഉൾപ്പെടുന്നതോടുകൂടി കർമ്മകാരകമായ സർവ്നാമത്തെ കൃതിരൂപത്തിൽ അടക്കിക്കൊണ്ടുള്ള സംഘടിതസ്വഭാവത്തെ ആവഹിക്കുന്നതും ആണു്. യൂറൽ അൽറേയ്ക്ക് ഗോത്രത്തിന്റെ അതിപ്രാചീനമായ ഒരു രൂപമാണു് സുമേരിയൻഭാഷ പ്രദർശിപ്പിക്കുന്നതു് എന്നുള്ള അഭ്യൂഹം പല പണ്ഡിതന്മാരും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇന്നോളം അക്കാര്യത്തിൽ ഒരു തീരുമാനം വന്നിട്ടില്ല.

ബാസ്ക്കു ഭാഷ.

൯൪. തരംതിരിക്കപ്പെടാത്ത ആധുനികഭാഷകളുടെ കൂട്ടത്തിൽ ബാസ്ക്കു്, ഭാഷാതത്ത്വശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിട്ടുള്ളതാണു്. ഈ ഭാഷ പിരണീസ് പർവ്വതനിരകളുടെ പശ്ചിമപാർശ്വത്തിലുള്ള പ്രദേശങ്ങളിലാണു് നിലവിൽ ഇരിക്കുന്നതു്. എട്ടോളം പരിഗണനാർഹങ്ങളായ ദേശ്യഭേദങ്ങൾ ഉള്ള ബാസ്ക്കു ഭാഷ നാലുപാടും ഇൻഡോയുറോപ്യൻ ഭാഷകളാൽ സമാവൃതമത്രേ. ലോകത്തിലെ യാതൊരു ഭാഷാഗോത്രത്തിലും അന്തർഭവിക്കാത്ത ഈ ഭാഷയ്ക്കു് കേവലം വ്യാകരണരീതിയെ സംബന്ധിച്ചിടത്തോളം ഫിന്നോഹങ്ഗേറിയൻ ഭാഷകളോടു് ഏതാനും ചില സാദൃശ്യങ്ങൾ കാണുന്നുണ്ടു്. ബാസ്ക്കു് പ്രധാനമായി സംശ്ലിഷ്ടകക്ഷ്യയുടെ ധർമ്മങ്ങളെയാണു് പ്രകടിപ്പിക്കുന്നതെങ്കിലും ക്രിയാപദത്തിനകത്തു് കർത്താവിനേയും കർമ്മത്തേയും കാലദേശാദികളേയും സന്നിവേശിപ്പിക്കുന്ന സംഘടിതകക്ഷ്യാസ്വഭാവത്തേയും ചുരുക്കമായി വൈകൃതകക്ഷ്യാസ്വഭാവത്തേയും കൂടി കൈയ്യാളുന്നു. ചുട്ടെഴുത്തു് നാമത്തിനു

---

1. Taraporewala, *Elements of the science of language*, p. 123.,

പിറകിലായി പ്രയോഗിക്കുന്ന ഒരു രീതി ബാസ്കിലുണ്ട്. ഉദാ:— zaldi കുതിര; zaldi-a കുതിര അ (അതായത് 'അ കുതിര'). ഈ ഭാഷയിൽ ലിംഗവ്യത്യാസം ക്രിയാരൂപങ്ങളിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. അരോടാണോ സംസാരിക്കുന്നത് അ അളുടെ പുംസ്ത്വത്തേയും സ്ത്രീത്വത്തേയും ദ്യോതിപ്പിക്കുന്ന അംശങ്ങൾ ക്രിയാപദത്തിനുള്ളിൽ കലർത്തുന്ന സ്വഭാവം ബാസ്കിലുള്ളതു് ഇതരഭാഷകളിൽ മിക്കവാറും അപരിചിതമാണ്. eztakit എന്നതിന് 'ഞാൻ അതിനെ അറിയുന്നില്ല' എന്നാണ് അർത്ഥം. ഇതേ വാക്യം ഒരു സ്ത്രീയോടു പറയുമ്പോൾ eztaki-na-t(ഞാൻ അതിനെ അറിയുന്നില്ലെടീ!) എന്നും ഒരു പുരുഷനോടു പറയുമ്പോൾ eztaki a-t (ഞാൻ അതിനെ അറിയുന്നില്ലെടാ) എന്നും മാറ്റം ചെയ്യപ്പെടുന്നു. ക്രിയയുടെ വർത്തമാനത്വവും ഭൂതത്വവും യഥാക്രമം കർത്തൃശത്തിന്റെ പിൻപും മുൻപും ഉള്ള നിലകൊണ്ടു് വേണം ബാസ്ക് ഭാഷയിൽ നിർണ്ണയിക്കുവാൻ. ഉദാ:— daki-gu 'ഞങ്ങൾ അതിനെ അറിയുന്നു'; gi-nak 'ഞങ്ങൾ അതിനെ അറിഞ്ഞു'. സാമാന്യനിർദ്ദേശകങ്ങളായ വാക്കുകളുടെ സൌലഭ്യവും ബാസ്ക് ഭാഷയുടെ പ്രാചീനത്വത്തെ വ്യവസ്ഥാപിക്കുവാൻ ഏറെക്കുറെ പര്യാപ്തമാണ്. 'ഒരു പുരുഷന്റെ സഹോദരി' എന്ന അർത്ഥത്തിൽ arreba എന്നും 'ഒരു സ്ത്രീയുടെ സഹോദരി' എന്ന അർത്ഥത്തിൽ ahizpa എന്നും പ്രത്യേകം വാക്കുകൾ ഉള്ളപ്പോൾ 'സഹോദരി' എന്നുള്ള സാമാന്യബന്ധത്തെ നിർദ്ദേശിക്കുന്നതിന് ഒരു വാക്ക് ബാസ്ക് ഭാഷയിൽ ഇല്ല. ഹംബോൾട്ട് എന്ന ജർമ്മൻ പണ്ഡിതൻ സ്ഥലനാമങ്ങളെ അധിഷ്ഠാനമാക്കി ബാസ്ക് ഭാഷ പണ്ട് ഫ്രാൻസ്, സ്പെയിൻ എന്നിവിടങ്ങളിലും ബല്യാറിക് ദ്വീപുകളിലും പ്രചരിച്ചിരുന്നുവെന്നും ചരിത്രാതീതമായ കാലത്തു് പ്രസ്തുതഭാഷ വ്യവഹരിച്ചിരുന്നവർ ആഫ്രിക്കയിൽനിന്നും ദക്ഷിണയൂറോപ്പിൽ കുടിയേറിപ്പാർത്ത പ്രാചീനബെർബിരിയന്മാരായിരുന്നുവെന്നും അഭ്യൂഹിച്ചിട്ടുണ്ടെങ്കിലും ഇതരലക്ഷ്യങ്ങളുടെ അഭാവത്താൽ അക്കാര്യം ഇനിയും തീർച്ചപ്പെടാതെ അവശേഷിക്കുന്നതേയുള്ളൂ.

ജാപ്പനീസ്.

45. ജാപ്പനീസ് ഭാഷയെ പലരും യൂറൽഅൽറൈക് ഭാഷാഗോത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വാസ്തവം നോക്കുമ്പോൾ അതു് ഒറ്റതിരിഞ്ഞാണ് നിലകൊള്ളുന്നതെന്ന് അഭ്യൂഹിക്കപ്പെട്ടിട്ടുണ്ടു്. പ്രത്യയങ്ങൾ ഒന്നിനോടൊന്നു് മെടഞ്ഞു ചേർക്കുന്നരീതി ജാപ്പനീസിൽ കാണപ്പെടുന്നുണ്ടെന്നുള്ളതു്

പരമാർത്ഥം തന്നെ. എന്നാൽ യൂറൽ അൽറേയക് ഗോത്രത്തിന്റെ മറ്റുലക്ഷണങ്ങളൊന്നും പ്രസ്തുതഭാഷയിൽ കാണുന്നില്ല. ആധുനികദശയിൽ ജാപ്പനീസിന് ചീനഭാഷയോട് ബഹുധാ സാദൃശ്യം കാണുന്നതു് അവയുടെ ഏകഗോത്രത കൊണ്ടല്ല. എന്നാൽ ചീനസംസ്കാരത്തിന്റേയും ചീനഭാഷയുടെയും സമാവേശം ജാപ്പനീസിന്റെ ബഹുമുഖമായ അഭിവൃദ്ധിക്ക് സഹായകമായി ഭവിച്ചിട്ടുണ്ടെന്നുള്ളതു് നിസ്സംശയമാകുന്നു. ജപ്പാൻകാർ ചീനഭാഷയിലെ ലിപിവിന്യാസപ്രകാരത്തെ ഏതാനും ചില പരിഷ്കരണങ്ങളോടുകൂടി സ്വഭാഷയെ രേഖപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുണ്ടു്. ജാപ്പനീസിലെ വർണ്ണവിപരിണാമക്രമം പ്രത്യേകരീതിയിൽ ഉള്ളതും വളരെ കുഴഞ്ഞതും ആകുന്നു. ബഹുതരത്തെ നിർദ്ദേശിക്കുന്നതിന് നാമങ്ങളെ ആവർത്തിക്കുന്ന സംപ്രദായവും ജാപ്പനീസിൽ സന്ദൃശ്യമാണു. ഉദാ:—'ജമജമ പർവ്വതങ്ങൾ'. ഇതിനൊക്കെപ്പുറമേ ഈ ഭാഷയുടെ മുഖ്യലക്ഷണമായി പ്രസ്താവിക്കപ്പെട്ട സംശ്ലിഷ്ടത്വം ഏറെക്കുറെ ശിഥിലവുമാണ്. വരമൊഴിയിൽ പലപ്പോഴും പ്രത്യയങ്ങൾ വേർതിരിച്ച് എഴുതിക്കാണിക്കപ്പെടുന്നതു് ഇതിലേക്ക് പര്യാപ്തമായ ഒരു തെളിവത്രേ.

46. കൊറിയായിലെ നാട്ടുഭാഷയായ കൊറിയൻ പരാനുബന്ധങ്ങളുടെ സംശ്ലേഷത്തെ പദനിഷ്പാദനവിഷയത്തിൽ പ്രദർശിപ്പിക്കുന്നു. ഉദാ:—ka-ta 'പോകുന്നു' ka-t-ta 'പോയി'; ka-keit-a 'പോകും'. കൊറിയായിലെ ഔദ്യോഗികഭാഷയായ ചൈനീസിൽനിന്നും കൊറിയനിൽ ഒട്ടധികം വാക്കുകൾ തദ്ഭവങ്ങളായി സംക്രമിച്ചിട്ടുണ്ടു്. യൂറൽ അൽറേയുക് ഗോത്രത്തിനോടു് കൊറിയന് ആഗമികമായ ബന്ധം ഉണ്ടെന്നുള്ള ചിലരുടെ അഭ്യൂഹത്തിന് വലുതായ പിൻതുണ ലഭിച്ചിട്ടില്ല.

കൊറിയൻ.

47. ഏഷ്യയുടെ വടക്കുകിഴക്കൻ ഭാഗത്തുള്ള ഉപദ്വീപിൽ യെനാ നദിയുടെ കിഴക്കായി തെക്കോട്ട് സഖലിനോളം വ്യാപിച്ചുകിടക്കുന്ന പ്രദേശത്തു് വ്യവഹാരത്തിൽ ഇരിക്കുന്ന യൈനു ഭാഷകളും, ഘിലിയക ഭാഷ, കാംചാട്കയിലെ ഭാഷകളും എന്നിവയും വേണ്ടപോലെ തരംതിരിക്കപ്പെടാത്തവയത്രേ. ഇവയെ എല്ലാംകൂടി ചേർത്തു ഹൈപർബോറിയൻ അതായതു് 'ഏറ്റവും വടക്കേ അറ്റത്തുള്ള ഭാഷകളുടെ സംഘാതം' എന്നു്

ഹൈപ്പർ ബോറിയൻ.

പറഞ്ഞുവരാറുണ്ട്. അവയുടെ തന്നെ അന്യോന്യബന്ധവും അനിശ്ചിതമാണ്.

ലോകഭാഷകളുടെ ഏകവംശ്യപ്രവാദം

48. വിഭിന്നങ്ങളായി കരുതപ്പെട്ടുപോരുന്ന പല ഭാഷാഗോത്രങ്ങൾക്കും ഏറെക്കുറെ പൊതുവായ ഒരു പൂർവ്വദശ ഉണ്ടായിരുന്നിരിക്കണമെന്ന് വാദിച്ചിട്ടുള്ള ചില ഗവേഷകന്മാർ ഉണ്ട്. ഇപ്പോഴും ഒറ്റതിരിഞ്ഞു നില്ക്കുന്ന ബാസ്ക്ക് ഭാഷ കക്കേഷ്യൻ പർവ്വതപ്രദേശങ്ങൾക്ക് അകത്തു തങ്ങിക്കിടക്കുന്ന ഭാഷകളുടെ പൂർവ്വരൂപത്തിന്റെ അവശേഷവും ഹാമിറിക് ഭാഷകളുടെ പ്രചാരത്തിനുമുൻപ് പശ്ചിമയൂറോപ്പിലും ദക്ഷിണയൂറോപ്പിലും പടിഞ്ഞാറെ ഏഷ്യയിലും മിക്കവാറും ഭാഗത്തു വ്യാപിച്ചിരുന്ന മെഡിറ്ററേനിയൻ വർഗ്ഗക്കാരാൽ വ്യവഹരിക്കപ്പെട്ടപോന്ന ഭാഷകളോട് സജാതീയവും ആണെന്നുള്ള അഭ്യൂഹത്തിലേക്ക് വഴിതെളിക്കുന്നതായി പരിഗണിക്കപ്പെടാമത്രേ. അതിനും മേലായി ഇൻഡ്യയിലുള്ള ദ്രാവിഡഭാഷകളോടും മലയോപാളിനേഷ്യൻ ഭാഷകളോടും ആ പുരാതനഭാഷാസംഘാതത്തിന് അടുത്ത ബന്ധം വ്യവസ്ഥാപിക്കുവാനുള്ള ശ്രമവും ഉണ്ടായിട്ടുണ്ട്. ബാസ്ക്ക്കക്കേഷ്യൻഭാഷാസംഘാതത്തേയും മങ്ങ്ഗോളിയൻഭാഷകളേയും അന്യോന്യം ഘടിപ്പിക്കുന്ന ഒരു ശൃംഖലയായി പ്രാചീനസുമേരിയൻ ഭാഷ നിലകൊള്ളുന്നുവെന്നും പ്രസ്തുതപക്ഷക്കാർ സങ്കല്പിക്കുന്നു. ഈ നിലയ്ക്ക് 'ബാസ്ക്ക്കക്കേഷ്യൻ–ദ്രാവിഡിയൻ — സുമേരിയൻ പ്രോട്ടോമംഗോളിയൻ' എന്ന് വ്യവഹരിക്കപ്പെടാവുന്ന ഒരു പ്രാചീനതമമായ ഭാഷാസംഘാതം ഉണ്ടായിരുന്നുവെന്ന് വിചാരിക്കേണ്ടിവരും. ഭാഷകൾക്ക് തമ്മിലുള്ള പുരാതനബന്ധം പല കാര്യങ്ങളാലും തിരോഹിതമായിപ്പോയിട്ടുണ്ടെന്നുള്ളതിനെ സമാദരിച്ച് ഈഷത്സാദൃശ്യങ്ങളുടെ ബലത്തിന്മേൽ ആര്യഭാഷകളേയും സെമിറിക് ഭാഷകളേയും ഹാമിറിക് ഭാഷകളേയും കൂടുമുകളിൽ സങ്കല്പിതമായ ഭാഷാസംഘാതത്തോട് ചേർത്ത് എല്ലാറ്റിനും കൂടി സമാനമായ ഒരു പ്രാചീനദശ ഊഹിക്കുന്നതിനും ചിലർ പ്രേരിതരായിട്ടുണ്ട്. എന്നാൽ അനുകൂലങ്ങളായ പരിതഃസ്ഥിതികളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും മാനവവംശത്തിന് വളർച്ച ഉണ്ടായതുപോലെ അന്യോന്യം ആശയവിനിമയത്തിന് പരമോപകാരകങ്ങളായ ഭാഷകളും ഭിന്നങ്ങളായ വർഗ്ഗങ്ങളെ ആലംബമാക്കി ആവിർഭവിച്ചു

1. H. G. Wells, *The Outline of Hislory* p. 155

വെവ്വേറെ തന്നെ വളരുവാൻ ഇടയായിരിക്കണം എന്നുള്ള അനുമാനമാണ് സങ്ഗതമായിട്ടുള്ളത്.

8൯. മേൽ വിവരിക്കപ്പെട്ട ഭാഷാഗോത്രങ്ങളിലും ഭാഷാസംഘാതങ്ങളിലും ഒറ്റ തിരിഞ്ഞു നില്ക്കുന്ന ഭാഷകളിലും ലോകത്തിൽ സമുദയം ചെയ്തിട്ടുള്ള എല്ലാ ഭാഷകളും ഉൾപ്പെട്ടത്തപ്പെട്ടിട്ടുണ്ടെന്ന് ഒരു വിധത്തിലും വിചാരിക്കാവുന്നതല്ല. കാലാതിപാതത്തിൽ മറ്റു ഭാഷകൾക്ക് സ്ഥാനം കൊടുത്തിട്ട് മറഞ്ഞുപോയിട്ടുള്ള നിരവധി ഭാഷകൾ ഉണ്ടായിരുന്നിരിക്കണം. വ്യാവഹാരികദശവിട്ട് കേവലം ഗ്രന്ഥത്തിലും ശിലാശാസനാദികളിലും മറ്റും അവശേഷിച്ചിട്ടുള്ള ഭാഷകളുടെ എണ്ണവും ഒട്ടും കുറവല്ല. സംസ്കൃതം, ലാറ്റിൻ, ഗോഥിക്, കാർണിഷ്, പ്രഷ്യൻ, എറ്റ്റുസ്കൻ, മുതലായവ ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള കാലത്തു തന്നെ വിലപ്പെട്ട വ്യവഹാരങ്ങളായിത്തീർന്നിട്ടുള്ളവയാണല്ലോ. പല ആധുനിക ഭാഷകളും അവയുടെ ദേശ്യഭേദങ്ങളോടുകൂടി ഇതരഭാഷകളുടെ ബലവത്തരമായ സമാവേശത്തിന് കീഴ്പെട്ട് അനുക്രമം പരിക്ഷീണങ്ങളായിത്തീരുന്നതും പ്രസ്താവ്യമാണ്. ദേശാഭിമാനം കൊണ്ടും സംസ്കാരപ്രണയം കൊണ്ടും നാട്ടുകാരുടെ പരിരക്ഷണോദ്യമങ്ങൾ ഉണ്ടായിരുന്നിട്ടും കെൽട്ടിക ഭാഷയിലെ ചില ദേശ്യഭേദങ്ങളും അമേരിക്കയിലും ഇൻഡ്യയിലും ആഫ്രിക്കയിലും ഉള്ള ചില നാട്ടുഭാഷകളും മിക്കവാറും വിനാശോന്മുഖമായ ഒരു ദശയെ പ്രാപിച്ചിട്ടുണ്ടെന്ന് കാണാം. ഇതിൽനിന്നെല്ലാം വെളിപ്പെടുന്ന തത്ത്വം ഇന്നത്തേതിലും എത്രയോ കൂടുതൽ ഭാഷാവംശങ്ങളും അവയുടെ പിരിവുകളും പ്രാചീനദശയിൽ ഉണ്ടായിരുന്നുവെന്നുള്ളതാകുന്നു.


പ്രാചീനകാലത്തെ ഭാഷാബാഹുല്യം.

IV

ദ്രാവിഡഭാഷാഗോത്രം.

50. തമിഴ്, തെലുങ്ക്, കണ്ണാടകം, മലയാളം മുതലായ ഭാഷകൾ ഉൾപ്പെടുന്ന ഗോത്രത്തിന് ദ്രാവിഡഭാഷാഗോത്രം എന്നുള്ള സംജ്ഞ ഡാക്ടർ കാൽഡ്വെൽ നൽകിയിട്ടുള്ളതാണ്. സംസ്കൃതഗ്രന്ഥങ്ങളിൽ ദ്രവിഡശബ്ദവും ദ്രാവിഡശബ്ദവും ഉപയോഗിച്ചിട്ടുണ്ടെന്ന് ഒരു വിധത്തിലും വിചാരിക്കാവുന്നതല്ല. കാലാതിപാതത്തിൽ മറ്റു ഭാഷകൾക്ക് സ്ഥാനം കൊടുത്തിട്ട് മറഞ്ഞുപോയിട്ടുള്ള നിരവധി ഭാഷകൾ ഉണ്ടായിരുന്നിരിക്കണം. വ്യാവഹാരികദശവിട്ട് കേവലം ഗ്രന്ഥത്തിലും ശിലാശാസനാദികളിലും മറ്റും അവശേഷിച്ചിട്ടുള്ള ഭാഷകളുടെ എണ്ണവും ഒട്ടും കുറവല്ല. സംസ്കൃതം, ലാറ്റിൻ, ഗോഥിക്, കാർണിഷ്, പ്രഷ്യൻ, എറ്റ്റുസ്കൻ, മുതലായവ ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള കാലത്തു തന്നെ വിലപ്പെട്ട വ്യവഹാരങ്ങളായിത്തീർന്നിട്ടുള്ളവയാണല്ലോ. പല ആധുനിക ഭാഷകളും അവയുടെ ദേശ്യഭേദങ്ങളോടുകൂടി ഇതരഭാഷകളുടെ ബലവത്തരമായ സമാവേശത്തിന് കീഴ്പെട്ട് അനുക്രമം പരിക്ഷീണങ്ങളായിത്തീരുന്നതും പ്രസ്താവ്യമാണ്. ദേശാഭിമാനം കൊണ്ടും സംസ്കാരപ്രണയം കൊണ്ടും നാട്ടുകാരുടെ പരിരക്ഷണോദ്യമങ്ങൾ ഉണ്ടായിരുന്നിട്ടും കെൽട്ടിക ഭാഷയിലെ ചില ദേശ്യഭേദങ്ങളും അമേരിക്കയിലും ഇൻഡ്യയിലും ആഫ്രിക്കയിലും ഉള്ള ചില നാട്ടുഭാഷകളും മിക്കവാറും വിനാശോന്മുഖമായ ഒരു ദശയെ പ്രാപിച്ചിട്ടുണ്ടെന്ന് കാണാം. ഇതിൽനിന്നെല്ലാം വെളിപ്പെടുന്ന തത്ത്വം ഇന്നത്തേതിലും എത്രയോ കൂടുതൽ ഭാഷാവംശങ്ങളും അവയുടെ പിരിവുകളും പ്രാചീനദശയിൽ ഉണ്ടായിരുന്നുവെന്നുള്ളതാകുന്നു.

ദ്രാവിഡസംജ്ഞ.


MAP
Illustrating the distribution of the
DRAVIDIAN LANGUAGES
AFGHANISTAN
BALUCHISTAN AGENCY
Kalat
RAJPUTANA AGENCY
KURRACHEE
TIBET
NEPAL
BHUTAN
Tsangpo R.
Sikkim
CHINA
Ganges R.
MALDA
BENGAL
Ahmedabad
Rajkot
Narbudda R.
Surat
Tapti R.
Bombay
Poona
Dhond
Mahad
Kolhapur
Goa
Hidapore
CALCUTTA
Chittagong
Bilaspur
Cuttack
Puri
Waltair
Vizagapatam
Hyderabad
Kalingapatam
Pondicherry
Karikal
Cochin
Tuticorin
Trivandrum
Calombo
BAY OF BENGAL
BURMA
Rangoon
Andaman Islands
Port Blair
ARABIAN SEA
Malayalam
Tamil
Kanarese, Kodagu, Toda, Kota
Tulu
Kurukh & Malto
Kui
Gondi
Telugu
Brahui

വ്യഞ്ജനങ്ങൾ

	വട്ടെഴുത്ത്			കോലെഴുത്ത്		മലയാൺമ	
	ഏറ്റവും പഴക്കമുള്ളതായി അറിയപ്പെടുന്നത് ക്രി.പി. ഏഴും എട്ടും ശതകങ്ങൾ ഇടിലപക്കൻ, വരഗുണപാണ്ഡ്യൻ തുടങ്ങിയവരെ സംബന്ധിക്കുന്ന രേഖകളിൽ കാണുന്നത്.	അനന്തരകാലങ്ങളിൽ ഉണ്ടായിട്ടുള്ള പ്രധാന മാറ്റങ്ങൾ		ഉദാഹരിച്ചിട്ടുള്ള രൂപങ്ങൾ മദ്ധ്യഘട്ടത്തെ സംബന്ധിക്കുന്നവയാണ്.		കൊല്ലം 1067 , 1068	
ക							
ച							
ട							
ത							
പ							
ങ							
ഞ							
ണ							
ന							
ന							
മ							
യ							
ര							
റ							
ല							
വ							
ഴ							
ള							

പൌണ്ഡ്രകാശ്ചൌഡ്രദ്രവിഡാ
കാംബോജാ യവനാഃ ശകാഃ
പാരദാഃ പഹ്ലവാശ്ചീനാഃ
കിരാതാ ദരദാ ഖശാഃ[1]

എന്ന് മനുസ്മൃതിയിലും 'ആന്ധ്രദ്രാവിഡഭാഷാ' എന്ന് കുമാരിലഭട്ടന്റെ തന്ത്രവാർത്തികത്തിലും കാണുന്ന പ്രയോഗങ്ങളും ഇവിടെ ഉദാഹരിക്കാവുന്നതാണ്. ദ്രാവിഡം എന്നുള്ള ശബ്ദം ഗോത്രസംജ്ഞയായി സ്വീകരിക്കുന്നതിന് കാൾഡ്വെൽ പ്രദർശിപ്പിച്ചിട്ടുള്ള യുക്തി പ്രധാനമായി അതു തമിഴ് മുതലായ ശബ്ദങ്ങളെക്കാൾ വ്യാപകമായ അർത്ഥം കുറിക്കുന്നതിന് ശക്തമാണെന്നുള്ളതാണ്. കാൾഡ്വെല്ലിനു മുൻപു് ചില പാശ്ചാത്യപണ്ഡിതന്മാർ പ്രസ്തുതഗോത്രത്തിനു നല്കിയിരുന്ന 'തമുലിയൻ' (Tamulian) എന്നുള്ള വ്യപദേശം ഇപ്പോൾ തിരസ്കൃതമായിട്ടുണ്ട്.

ദ്രവിഡശബ്ദത്തിന്റെ പ്രാചീനരൂപം 'ദ്രമിഡ' എന്നാണെന്ന് വിചാരിക്കുന്ന കാൾഡ്വെൽ 'ദ്രവിഡം' എന്നതിനേയും 'തമിഴ്' എന്നതിനേയും സമാനപ്രകൃതികങ്ങളായി സമർത്ഥിക്കുവാൻ ശ്രമിച്ചിരിക്കുന്നു. സംസ്കൃതത്തിലെ ദ്രവിഡശബ്ദം പ്രാകൃതത്തിലെ രീതി അനുസരിച്ച് 'ദവിഡ' എന്നായിട്ട് വകാരത്തിന് മകാരാദേശവും 'നാഡി' എന്നതു് 'നാഴി' എന്നാകുന്നതുപോലെ ഡകാരത്തിന് ഴകാരാദേശവും വന്നിട്ട് തമിഴ് എന്നുള്ള രൂപം പ്രാപിച്ചുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു[2] ദ്രവിഡത്തിന് ദവിഡം എന്ന രൂപം പ്രാകൃതം വഴിക്കേ വരുകയുള്ളൂ. വകാരത്തിന് മകാരം ചില പ്രത്യേകപരിതഃസ്ഥിതികളിൽ മാത്രമാണ് സംഭവിക്കുന്നതു എന്നുള്ളതും വിസ്മരിക്കത്തക്കതല്ല. ആ സ്ഥിതിക്ക് 'തമിഴ്' എന്ന ശബ്ദം 'ദ്രവിഡ' എന്ന സംസ്കൃതപ്രകൃതിയുടെ നേരിട്ടുള്ള തദ്ഭവരൂപമാകുവാൻ പ്രയാസമുണ്ട്. പ്രൊഫസർ ഏ ആർ. രാജരാജവർമ്മയാകട്ടെ തമിഴ് എന്നതിന്റെ സംസ്കൃതീകരണമാണ് ദ്രവിഡശബ്ദം എന്ന് നിർദ്ദേശിച്ചിട്ടു തമിഴം—ദമിള—ദ്രമിളം—ദ്രവിളം—ദ്രവിഡം എന്നുള്ള പരിണാമക്രമം പ്രദർശിപ്പിച്ചിരിക്കുന്നു.[3] മലയാളദേശക്കാർ സംസ്കൃതത്തിലെ ദ്രവിഡശബ്ദത്തെ ദ്രമിളം എന്നു എഴുതാനും വായിക്കാനും ഉള്ള രീതിയും പ്രസ്തുതമായ പരിണാമത്തിന്

ദ്രവിഡശബ്ദപരിണാമം.

1. *Manusmṛti*, X. 43.
2. *A Comparative Grammar of the Dravidian*, pp. 9 & 10.
3. *Kēraḷapāṇiniyam* (Fourth Edition) p. 8.

ഉപോദ്ബലകങ്ങളായി അദ്ദേഹം സങ്കല്പിക്കുന്നു. 'തമിഴ്' എന്നാണ് പൂർവ്വരൂപമെങ്കിൽ പദാരംഭത്തിലെ തകാരം ദകാരമായി പരിണമിക്കുമായിരുന്നില്ല. പൂർവ്വപ്രകൃതിയിൽ ഇല്ലാത്ത രേഫം വെറുതേ വലിഞ്ഞുകയറി എന്നുള്ള അഭിപ്രായത്തിന്റെ സാധുതയും ചിന്ത്യമാണ്. 'ക്രമുക, കമുക്' എന്നിവയിൽ പൂർവ്വരൂപം 'കമുക്' എന്നതുതന്നെയാണെന്നു നിർണ്ണയിക്കുവാനുള്ള ലക്ഷ്യത്തിന്റെ അഭാവത്താൽ ആ ഒരൊറ്റ ഉദാഹരണത്തെ ആശ്രയിച്ചുകൊണ്ടുള്ള വാദം എത്രയും ദുർബലമാകുന്നു. സ്വരമധ്യത്തിലുള്ള ഡകാരത്തിന് ളകാരോച്ചാരണം സംഭാവ്യമാണെങ്കിലും ളകാരത്തെ ഡകാരമാക്കി ഉച്ചരിക്കുന്ന രീതി തീരെ അപരിചിതമത്രേ. ദ്രവിഡശബ്ദത്തിൽനിന്നും 'തമിഴ്' എന്ന ശബ്ദം ഉണ്ടായി എന്നുള്ള കാൾഡ്വെല്ലിന്റെ മതത്തെ ഗ്രിയേഴ്സൺ അതിപ്രാചീനമായ ആര്യസാഹിത്യത്തിൽ 'ദമിള' എന്ന രൂപം കാണുന്നതിനെ ആസ്പദമാക്കി നിരസിച്ചിരിക്കുന്നു.[1] പ്രാചീനപാലിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള 'മഹാവംശം' എന്ന ഗ്രന്ഥത്തിൽ തമിഴരെ 'ദമിള' എന്ന ശബ്ദംകൊണ്ട് വ്യവഹരിച്ചിരിക്കുന്നതും ശ്വേതാംബരജൈനന്മാരുടെ മതഗ്രന്ഥങ്ങളിൽ അതേ രൂപം ഉപയോഗിച്ചുകാണുന്നതും ചൂണ്ടിക്കാണിച്ചിട്ട്, ഗ്രിയേഴ്സൺ ജൈനന്മാരുടെ പ്രാകൃതസാഹിത്യത്തിലും സംസ്കൃതനാടകങ്ങളിലും 'ദവിള' എന്നും 'ദവിഡ' എന്നും കാണുന്നതു പിൽക്കാലത്തെ പരിണതരൂപങ്ങൾ മാത്രമാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. മകാരത്തിനു വകാരാദേശം പ്രാകൃതത്തിൽ വരാവുന്നതിനെ അദ്ദേഹം പ്രകൃതത്തിൽ ആലംബമാക്കിയിരിക്കുന്നതും പ്രസ്താവ്യമാണ്. ഗ്രിയേഴ്സന്റെ അഭ്യൂഹം 'ദ്രമിള, ദ്രമിഡ, ദ്രവിഡ' എന്നിവകളെല്ലാം ദമിള എന്നതിന്റെയും ദവിഡ എന്നതിന്റെയും സംസ്കൃതീകൃതരൂപങ്ങളായിരിക്കണമെന്നത്രേ. തമിഴ് എന്നതിനു 'മാധുര്യം, പരിമളം' എന്നെല്ലാം അർത്ഥങ്ങൾ ഉണ്ടെന്നുള്ള ചില തമിഴ്നാട്ടുപണ്ഡിതന്മാരുടെ അഭിപ്രായം അനുസരിച്ച് 'തമിഴ്' എന്നതായിരുന്ന പ്രാചീനരൂപമെങ്കിൽ 'തമ്' എന്ന സ്വവാചിസർവനാമപ്രകൃതിയോട് 'ഇഴ്' എന്ന പ്രത്യയം ചേർന്ന് തമിഴ് എന്ന രൂപത്തിന്റെ നിഷ്പത്തി സംഭാവ്യമാണെന്നുകൂടി ഗ്രിയേഴ്സന് തോന്നാതിരുന്നിട്ടില്ല. എന്നാൽ സ്വവാചിസർവനാമം ദ്രാവിഡഭാഷകളിൽ എല്ലാറ്റിലും തകാരാദിയായിട്ടുതന്നെ കാണുന്നതുകൊണ്ട് പൂർവ്വരൂപം 'തമിഴ്' എന്നായിരുന്നുവെങ്കിൽ അതിൽനിന്നും 'ദമിള' 'ദവിഡ' എന്നും മറ്റും ദകാരാദിയായ രൂപം ഒരിക്കലും സംഭവി

1. ഇ' *Linguistic Survey of India*. Vol. IV, p. 298.

ക്കുകയില്ലായിരുന്നു. 'തമിഴ്' എന്നുള്ള തകാരാദിയായ പദത്തെ ഉകാരാദി യാക്കി പ്രാകൃതത്തിൽ സ്വീകരിക്കേണ്ട ആവശ്യം ഇല്ലല്ലോ. 'തമിഴ്' എന്നു ഴകാരാന്തമായും 'തമിള്' എന്നു ളകാരാന്തമായും രണ്ടുരൂപം കാണുന്ന തിൽ പൂർവ്വരൂപം 'തമിഴ' എന്നതാണെന്നുള്ളതിനു സംശയം ഇല്ല. ഴകാരത്തിനു ളകാരാദേശമല്ലാതെ ളകാരത്തിനു ഴകാരാദേശം അത്ഭുത മാണു്. 'തമിഴ്' എന്നുള്ളതിനു നേരായി 'ദമിഡ' എന്നു പ്രാകൃതത്തിൽ കാണുന്നതുകൊണ്ടു മൂലദ്രാവിഡഭാഷയിൽതന്നെ ഡകാരാന്തമായ ഒരു പ്രകൃതി ഉണ്ടായിരുന്നിരിക്കണമെന്നു്, ന്യായമായി അനുമാനിക്കാം. ഡകാ രത്തിനു ഴകാരാദേശം തമിഴ് ഭാഷയിൽ സ്വഗോത്രീയപദങ്ങളിലും പര ഗോത്രീയപദങ്ങളിലും സാധാരണമാണു്.

ഉദാഹരണം:—

Tel· ēḍu, Tam. ēḻu (seven); Tel. kaḍugu, Tam. kaḻugu (wash); Tel. tōḍi, Tam. tōḻi (female friend); Tel. suḍi, Tam. cuḻi (whirl); Tel. peḍa, Tam. piḻai (worng); Sk. garuḍa, Tam, kaṟuḻan (Kite); Sk. pīḍā, Tam. pīḻai (affliction); Sk· c ḍikā. Tam. cūḻi (a hair-knot on the top of the head); Sk, nāḍī, Tam. nāḻi (a tube); Sk· nāḍikā, Tam· nāḻigai (a measure of time).

മൂലദ്രാവിഡഭാഷയിൽ 'ദമിഡു' എന്നോ മറോ ഒരു രൂപം ഉണ്ടായിരുന്നുവെന്നു വരുന്നപക്ഷം അതു് തമിഴ എന്നു് തമിഴിൽ പരി ണമിക്കാവുന്നതോടുകൂടി പ്രാകൃതഭാഷയിലേക്കു് 'ദമിഡ' – എന്ന നില യിൽതന്നെ സ്വീകരിക്കപ്പെടാവുന്നതുമാണു്. പ്രാകൃതത്തിലും പാലി യിലും തന്നെ പല രൂപങ്ങളും കാണുന്നവയിൽ പൂർവ്വരൂപം 'ദമിഡ –' എന്നതന്നെ ആയിരിക്കണം. പിന്നീടു് ഡകാരത്തിനു ളകാരാ ദേശവും മകാരത്തിനു വകാരാദേശവും ആ ഭാഷകളിലെ പരിണാമ നിയമങ്ങൾ അനുസരിച്ചു് സംഭവിച്ചുവെന്നു തീർച്ചപ്പെടുത്താവുന്നതാണു്. സംസ്കൃതത്തിലെ 'ദ്രമിഡ –, ദ്രമിള –, ദ്രവിഡ – എന്നീ രൂപങ്ങൾ ദമിഡ –, ദമിള –, ദവിഡ –, എന്നീ പ്രാകൃതരൂപങ്ങൾക്കു് നേരായി സംഭാവനം ചെയ്തിട്ടുള്ളവയാവാം. 'ദ്രോണി' – എന്നതിനു നേരായി 'ദോണി –' എന്നും, 'ദ്രോഹ–' എന്നതിനു നേരായി 'ദോഹ–' എന്നും, 'പ്രതിഗ്രഹ–' എന്നതിനു നേരായി 'പഡിഗ്ഗഹ–' എന്നും രേഫഘടിത മായ സംയുക്താക്ഷരംകൊണ്ടു് തുടങ്ങുന്ന സംസ്കൃതപദങ്ങളിൽ രേഫ ത്തിനു തിരോധാനം പ്രാകൃതത്തിൽ സംഭവിക്കാവുന്ന രീതിയെ മാതൃക

യാക്കി തിരികെ പ്രാകൃതത്തിലുള്ള പദാദിയായ ദകാരത്തിന് രേഫ സംസർഗ്ഗം കല്പിതമായതിന്റെ ഫലമാണ് പ്രാകൃതത്തിലെ ദമിഡാദികം സംസ്കൃതത്തിൽ ദ്രമിഡാദികളായത് എന്നു നിർണ്ണയിക്കുന്നത് ശാസ്ത്രസമ്മതമായിരിക്കും.

വിഭിന്നദേശീയർ ദ്രാവിഡദേശത്തിന് നല്കിയിട്ടുള്ള സംജ്ഞകൾ.

൪൨. പ്രാചീനറോമാക്കാർ നിർമ്മിച്ചിട്ടുള്ള ഭൂപടങ്ങളിൽ ഇൻഡ്യയിലുള്ള ദേശവിഭാഗങ്ങളെ കുറിക്കുന്ന ക്രുത്തിൽ (Andre Indi) എന്നും (Damirice) എന്നും കാണുന്ന ദേശസംജ്ഞകൾ യഥാക്രമം ആന്ധ്രത്തേയും ദ്രാവിഡത്തേയും പരാമർശിക്കുന്നവയാണെന്ന് നമുക്കു വിചാരിക്കാം. ഏതായാലും തമിഴ്ദേശത്തെ കുറിക്കുന്ന ഒരു വാക്ക് പ്രാചീനരേഖയിൽ ദകാരയുക്തമായി കാണുന്നതു തമിഴിന്റെ പൂർവ്വരൂപം ദമിഡ – എന്നോ മറ്റോ ആണെന്ന് നിശ്ചയിക്കുന്നതിന് സഹായകമത്രേ. ദമിരികെ എന്നത് 'ദമിർ' എന്ന പ്രകൃതിയും 'ഇകെ' എന്ന പ്രത്യയവും ചേർന്ന് ഉണ്ടായതാണെന്നുള്ളതിനു സംശയം ഇല്ല. പ്രസ്തുതമായ ഭൂപടത്തിൽ തന്നെ മറ്റൊരിടത്തു (Scytia Dymrice) എന്നും ടോളമിയുടെ ഭൂവിവരണങ്ങളിൽ (Lumiriki) എന്നും പ്ലൈനിയുടെ പ്രസ്താവങ്ങളിൽ (Tropina) എന്നും ഹ്യൂയൻസാങ്ങിന്റെ സഞ്ചാരക്കുറിപ്പുകളിൽ (Tchi-mo-lo) എന്നും കാണുന്നത് അതാതുഭാഷകളുടെ ഉച്ചാരണാദിവിഷയകമായ പ്രത്യേകതകളോടുകൂടി ദ്രാവിഡദേശത്തെ നിരദേശിച്ചിരുന്ന വാക്കു വിഭിന്നദേശ്യരാൽ അങ്ഗീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമാണെന്നാണ് ഇന്നു പൊതുവേ വിശ്വസിച്ചുപോരുന്നത്. പൂർവദ്രാവിഡരുടെ വർഗവിനിർണ്ണയം ചെയ്യുന്നക്രുത്തിൽ ഡാക്ടർ എസ്സ്. കെ. ചാറ്റർജി ഏഷ്യാമൈനറിലെ ലിക്യൻസ് അവരുടെ ശ്മശാനശിലാസനങ്ങളിൽ തുമ്മലി എന്ന് തങ്ങളെ നിർദ്ദേശിച്ചിരിക്കുന്നതു ചൂണ്ടിക്കാണിച്ചിട്ട് 'തുമ്മിലി[1]' എന്ന വാക്കിനും 'ദ്രമിള' എന്ന വാക്കിനും പ്രകൃതിസാജാത്യം ശങ്കിച്ചിരിക്കുന്നതും ഇവിടെ പ്രസ്താവ്യമാണ്. ദ്രാവിഡശബ്ദത്തിന്റെ പൂർവപ്രകൃതി എന്തായിരുന്നാലും അതിന് ഇപ്പോൾ കാണുന്ന വിചിത്രരൂപങ്ങളെ ആധാരമാക്കി അവയവാർത്ഥം എന്തെന്ന് തിട്ടപ്പെടുത്തിപ്പറയുക കേവലം അസാദ്ധ്യമായിത്തന്നെ ഇരിക്കുന്നു.

൪൩. ദ്രാവിഡരുടെ ആദിമമായ അധിവാസസ്ഥാനത്തെക്കുറിച്ച് പല അഭിപ്രായങ്ങളും പുറപ്പെട്ടിട്ടുണ്ട്. ഇൻഡ്യൻമഹാസമുദ്രം ഒരു

1. Tmmil.

കാലത്തു് ഒരു ഭൂഖണ്ഡം ആയിരുന്നുവെന്നും ഇപ്പോൾ വെള്ളത്തിനു് അടിയിൽ ആണ്ടുപോയ ആ സ്ഥലം മഡഗാസ്കർ മുതൽ മലൈ അക്കിപ്പെലഗോ വരെ തെക്കേ ഇൻഡ്യയെ ആഫ്രിക്കയോടും ആസ്ട്രേലിയയോടും ഘടിപ്പിക്കുന്ന നിലയിൽ വർത്തിച്ചിരുന്നുവെന്നും ഉള്ള ചില ഗവേഷകന്മാരുടെ അഭ്യൂഹത്തെ ആധാരമാക്കി ദ്രാവിഡർ നഷ്ടമായിപ്പോയ ആ ഭൂഖണ്ഡത്തിൽനിന്നും അവിടെ കടൽ വ്യാപിക്കുന്നതിനു് എത്രയോ മുൻപു് വടക്കോട്ടേയ്ക്കു് കടന്നുകുടിയെന്നു് ഒരു കൂട്ടർ വാദിക്കുന്നു.[1] തെക്കേ ആഫ്രിക്കയേയും തെക്കേ ഇൻഡ്യയേയും ഘടിപ്പിച്ചുകൊണ്ടു് ഒരു ഭൂഭാഗം മുൻപു ഉണ്ടായിരുന്നു എന്നുള്ളതിനു് അനുകൂലമായി രണ്ടിടത്തുമുള്ള മൃഗങ്ങളുടേയും വൃക്ഷലതാദികളുടേയും സജാതീയതയും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്.[2] ഈ മതം അനുസരിച്ചു് ഇൻഡ്യയോടും ആഫ്രിക്കയോടും ആസ്ട്രേലിയയോടും ബന്ധപ്പെട്ടിട്ടുള്ള ഒരു പൂർവ്വവർഗ്ഗക്കാരാണു് ദ്രാവിഡർ എന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

ദ്രാവിഡർ ആരു്?

൪൪. ഡാറിയസ് ഹിസ്റ്റാസ്പിന്റെ രാജ്യഭരണസംബന്ധമായ ആത്മകഥാകഥനത്തെ ഉൾക്കൊള്ളുന്ന ബെഹിസ്തൂൺ ശാസനങ്ങളുടെ സിതിയൻവിവർത്തനങ്ങളിൽ കാണുന്ന ഭാഷയ്ക്കും ദ്രാവിഡഭാഷകൾക്കും അടുത്ത സാദൃശ്യം ദർശിക്കുന്ന ഡാക്ടർ കാൾഡ്വെൽ പല പ്രാചീനവർഗ്ഗക്കാരുടേയും ജന്മഭൂവാണെന്നു് കരുതപ്പെട്ടപോരുന്ന ഏഷ്യയുടെ മദ്ധ്യപ്രദേശങ്ങളിൽ സമുദയം ചെയ്തവരും, പിൽക്കാലത്തു് ആര്യവർഗ്ഗക്കാരിൽനിന്നും ഉഗ്രോട്ടൂറേനിയൻവർഗ്ഗക്കാരിൽനിന്നും വേർപിരിഞ്ഞു്, ബലൂചിസ്ഥാനിൽ തങ്ങളുടെ കൂട്ടത്തിൽ ഒരു വിഭാഗത്തെ വിട്ടിട്ടു്, ഇൻഡസ്സിലൂടെ ഇൻഡ്യയിലേക്കു് കടന്നുവന്നവരും ആയ വർഗ്ഗക്കാരാണു് ദ്രാവിഡർ എന്നു് ഊഹിച്ചിരിക്കുന്നു.[3]

൪൫. പഞ്ചാബിൽ മോൺട്ഗോമറി ഡിസ്ട്രിക്ടിൽ ഹരപ്പ എന്ന സ്ഥലത്തും സിൻഡിൽ ലാർക്കാനാ ഡിസ്ട്രിക്ടിൽ മോഹഞ്ജൊദാരോ എന്ന സ്ഥലത്തും നടത്തപ്പെട്ടിട്ടുള്ള ഭ്രഗർഭപര്യവേക്ഷണങ്ങളിൽനിന്നും ഉപലബ്ധങ്ങളായിട്ടുള്ള ലക്ഷ്യങ്ങളെ ആധാരമാക്കി ദ്രാവിഡർ പ്രാചീനസുമേരിയന്മാരോടും ഏലാം ദേശക്കാരോടും അടുത്ത ബന്ധം

1. See *Dravidian India* (by T. R. Sesha Ayyangar) Vol. I, pp 25 and 26.
2. See the opinion of Oldham quoted on page 24 in Vol. I of *Castes and tribes of Southern India* by Thurston.
3. *A Comparative Grammar of the Dravidian*, p.67.

ഉണ്ടായിരുന്നുവെന്ന് ചില പണ്ഡിതന്മാർ അഭ്യൂഹിക്കുന്നു. ഇൻഡ്യയിൽ ആര്യന്മാരുടെ അധിനിവേശത്തിനു വളരെ മുൻപുതന്നെ നിലയിൽ ഇരുന്നിരുന്ന ദ്രാവിഡസംസ്കാരത്തിന്റെ ഗണനീയമായ പ്രാശസ്ത്യത്തെ വിശദീകരിക്കുന്ന രണ്ടു മഹാനഗരങ്ങളുടെ അവശേഷങ്ങളാണ് ഹരപ്പയിലും മോഹഞ്ജോദാരോവിലും കണ്ടെടുക്കപ്പെട്ടിട്ടുള്ളത്. അത്തരം വസ്തുക്കളുടെ കൂട്ടത്തിൽ അജ്ഞാതമായ ഒരുതരം ലിപി ഉപയോഗിച്ച് കൊത്തപ്പെട്ടിട്ടുള്ള രേഖകൾക്കും ഏഷ്യാമൈനറിൽ സൂസ എന്ന സ്ഥലത്തിൽനിന്നും കിട്ടിയിട്ടുള്ള അതിപുരാതനമായ ഏലാമൈറ്റ് രേഖകൾക്കും രൂപത്തിലും പരിമാണത്തിലും പ്രസ്പഷ്ടമായ സാദൃശ്യം ദർശിക്കുന്നു പ്രൊഫെസർ എ. എച്ച്. സെയ്സ് സൂസയ്ക്കും വടക്കുപടിഞ്ഞാറൻ ഇൻഡ്യയ്ക്കും തമ്മിൽ ബി. സി. ൩൦൦൦-നു മുൻപുതന്നെ സാംസ്കാരികമായ സമ്പർക്കം ഉണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്നു.[1] സി. ജി. ഗ്യാഡ് എന്ന പണ്ഡിതനും സിഡ്നി സ്മിത്ത് എന്ന പണ്ഡിതനും ഹരപ്പയിലേയും മോഹൻജോദാരോവിലെയും മൺപാത്രങ്ങൾ, ലിഖിതങ്ങൾ, ശിലാസാമഗ്രികൾ, ഉരുക്കിൻതുണ്ടുകൾ, കളിമൺപാവകൾ, ഇഷ്ടികപ്പണികൾ, കെട്ടിടങ്ങൾ എന്നിവയെല്ലാം സുമേരിയൻപുരാണവസ്തുക്കളോട് പലതരത്തിലും സാമ്യം ഉപലക്ഷിച്ചിട്ടുള്ളതും വകതവ്യമത്രേ.[2] ഇപ്രകാരം ഇൻഡ്യയിലെ പ്രാചീനസംസ്കാരത്തിനും, സുമേരിയാ, ഏലാം എന്നീ വിദൂരപ്രദേശങ്ങളിലെ പ്രാചീനസംസ്കാരത്തിനും പ്രത്യക്ഷപ്പെടുന്ന സാദൃപ്യങ്ങൾ കേവലം അകാരണങ്ങളല്ലെന്നും ആ സംസ്കാരങ്ങളുടെ സംപോഷകരായിരുന്ന ജനങ്ങൾ സമാനവർഗ്ഗീയരായിരുന്നതിന്റെ ഫലമാണെന്നും സങ്കല്പിക്കുവാൻ ഇടയായിട്ടുണ്ട്.

ഒന്നു. ദ്രാവിഡർ ഇൻഡ്യയിൽതന്നെ ഉണ്ടായിരുന്ന പ്രാചീനവർഗ്ഗക്കാരാണെന്നും മറ്റെങ്ങും നിന്ന് കുടിയേറിപ്പാർത്തവരല്ലെന്നും ആണ് വേറൊരു മതം. ഡാക്ടർ മക്ലീൻ ദ്രാവിഡരുടെ അതിപ്രാചീനതയേയും തെക്കേ ഇൻഡ്യയ്ക്കുത്തുതന്നെയുള്ള സമുദ്ഭവത്തേയും കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.[3] ഡാക്ടർ ഹാള്ം സർ ജാൺ മാർഷലും മോഹൻജോദാരോ, ഹരപ്പ എന്നീ സ്ഥലങ്ങളിലുള്ള ഭ്രഗർഭപര്യവേക്ഷണംകൊണ്ട് തെളിഞ്ഞിട്ടുള്ള പ്രാചീനസംസ്കാരത്തിനും സുമേരിയൻ

---

1. See the article, '*The remarkable discoveries in India*' -The Illustrated London News, September 17, 1914.
2. See '*The New Links between India and Babylonian civilizations*'—The Illustrated London News, October 4, 1914.
3. See *Dravidian India* (by T. R. Sesha Ayyangar) Vol. I, page 59.

സംസ്കാരത്തിനും തമ്മിലുള്ള സാദൃശ്യത്തെ ആസ്പദമാക്കി പല അഭ്യൂഹങ്ങളും ചെയ്യുന്ന കൂട്ടത്തിൽ ദ്രാവിഡർ ഒരുപക്ഷേ ഇൻഡ്യയിൽനിന്നും മെസോപ്പൊട്ടേമിയൻ പ്രദേശങ്ങളിലേക്ക് സംക്രമിച്ചവരായിവരുവാനും പാടില്ലാതില്ലെന്ന് (ആ പണ്ഡിതന്മാരുടെ പ്രബലമായ അഭിപ്രായം നേരെമറിച്ചാണ്) നിർദ്ദേശിച്ചിട്ടുള്ളതിനെ, ദ്രാവിഡർ ഇൻഡ്യയിൽ തന്നെ ഉള്ളവരാണെന്ന് വാദിക്കുന്ന ചില ഭാരതീയ ചരിത്രകാരന്മാർ, സ്വമതത്തിന് അനുകൂലമായി സ്വീകരിക്കുന്നു.[1] പ്രാചീനതമിഴ് സാഹിത്യത്തിലുള്ള ചില പ്രസ്താവങ്ങളും അനുസരിച്ച് ദ്രാവിഡരുടെ ആദിമമായ നിവാസസ്ഥാനം ഇപ്പോൾ ഇൻഡ്യൻ മഹാസമുദ്രത്തിൽ മുഴുകിപ്പോയ ഒരു ഭൂവിഭാഗം ആണെന്ന് സങ്കല്പിക്കപ്പെടാമത്രേ. ടി. ആർ. ശേഷയ്യങ്കാർ പറയുന്നത് വ്യവസായതത്പരന്മാരായ ദ്രാവിഡർ, ജാവാ, ബർമ്മ മുതലായ സ്ഥലങ്ങളിൽ തങ്ങളുടെ വാണിജ്യകേന്ദ്രങ്ങളും ഉറപ്പിച്ചിട്ടുള്ളതിനെ പരിഗണിക്കുമ്പോൾ ഇൻഡ്യയിൽനിന്നും മറെറാരു വഴിയിൽക്കൂടി മെസൊപ്പൊട്ടോമിയ, ഏഷ്യാമൈനർ തുടങ്ങിയ വിദൂരഭൂഭാഗങ്ങളിലേക്കും തങ്ങളുടെ സംസ്കാരത്തെ വ്യാപിപ്പിക്കുവാൻ അവർ പ്രസരിച്ചിരിക്കാമെന്ന് ഊഹിക്കുന്നതിൽ അപാകമില്ലെന്നാണ്.[2] അതിനും പുറമേ സുമാർ ഇരുപതിനായിരം സംവത്സരങ്ങൾക്കു മുൻപ് ഇൻഡ്യയിൽ സമുദയം ചെയ്ത നൂതനശിലായുഗസംസ്കാരം ഇവിടെ മിക്ക ദീർഘതടപ്രദേശങ്ങളിലും വ്യാപിച്ചിരുന്നതാണ്, ഇൻഡ്യയുടെ പരിധിയെത്തന്നെ അതിലങ്ഘിച്ച് കടൽമാർഗ്ഗമായി പ്രാചീനാസ്സീരിയായിൽ നയിക്കപ്പെട്ട്, പിൽക്കാലത്ത് ചാല്ഡിയൻ സംസ്കാരത്തിൻകൂടി പ്രഭവമായിത്തീർന്ന സുമേരിയൻ സംസ്കാരം എന്ന നിലയിൽ പരിണമിച്ചതെന്നും അദ്ദേഹം വിശ്വസിക്കുന്നു.

ഈജിപ്റ്റുകാർക്കും ഇൻഡ്യയിലുള്ള ദ്രാവിഡർക്കും പൊതുവായ ഉത്പത്തിയെ സാധിക്കുന്ന നിലയിൽ ഒരു കൂട്ടം ഇരുണ്ട തവിട്ടുനിറക്കാർ അതിപ്രാചീനകാലത്തുതന്നെ ഇൻഡ്യമുതൽ സ്പെയിൻവരെ വ്യാപിച്ചിരുന്നുവെന്ന് ഫക്സ്ലി എന്ന പണ്ഡിതൻ സംശയിച്ചിട്ടുണ്ട്. മേല്പറഞ്ഞ വർഗ്ഗക്കാർ ഇൻഡ്യയ്ക്കും അപ്പുറമായി പസഫിക് മഹാസമുദ്രത്തിന്റെ തീരങ്ങളോളം എത്തി നൂതനശിലായുഗസംസ്കാരത്തിന്റെ ആദിമസംവാഹകന്മാരെന്ന നിലയിൽ മാനവസംസ്കാരത്തിന്റെ നിദാനഭൂതരായി നിലകൊണ്ടിരുന്നുവെന്ന് എച്ച്. ജി. വെല്സ് തുടങ്ങിയ

1. See '*Dravidian India* (by T. R. Sesha Ayyangar) Vol. I, pp. 37 and 42.
2. *Ibid.*, p. 174.

ആധുനികചരിത്രകാരന്മാർ അഭ്യൂഹിക്കുന്നു.[1] സുമേരിയായിലേയും ഈജിപ്റ്റിലേയും ജനതതിക്ക് സമാനമായ രീതിയിൽ ദ്രാവിഡർ ഗംഗാനദീതീരത്തു് അഭിവൃദ്ധിയെ പ്രാപിച്ചുവെന്നല്ലാതെ ആ സംസ്കാരങ്ങൾക്ക് അന്യോന്യം ജന്യജനകഭാവം ആശങ്കിക്കുന്നതു് അസ്ഥാനത്തിലാണെന്നാണ് ഇക്കൂട്ടർ കരുതുന്നതു്. വടക്കേ ഇൻഡ്യയിൽ കണ്ടുകിട്ടിയിട്ടുള്ള നഗരാവശേഷങ്ങളുടെ ക്രുത്തിൽ ഉൾപ്പെട്ടന്ന മൃദ്കലം, ശിലാസാമഗ്രികൾ, കളിമൺപ്രപകരം, ഇഷ്ടികപ്പണികരം, ശവകുടീരങ്ങൾ മുതലായവയ്ക്ക് സുമേരിയായിലും ക്രീറ്റിലും ഉപലബ്ധങ്ങളായിട്ടുള്ളവയോട് സജാതീയത പ്രത്യക്ഷമാകുന്നതും വൈദികാഗ്നിമാരുടെ ഇടയ്ക്ക് ഇല്ലാത്ത ശക്ത്യുപാസന തുടങ്ങിയ ചില മതാചാരങ്ങൾ ഇൻഡ്യൻജനത, ക്രീറ്റിലും ഏഷ്യാമൈനാറിലും ഉള്ളവയോട് അടുപ്പമുള്ളവണ്ണം, പുലത്തിപ്പോരുന്നതും വിദൂരസ്ഥിതങ്ങളായ ഈ സംസ്കാരങ്ങൾ ഒരേ സംസ്കാരത്തിന്റെ ശാഖകളായതുകൊണ്ടാണെന്നാണ് അഭ്യൂഹിക്കപ്പെട്ടിട്ടുള്ളതു്. എന്നാൽ ഇൻഡ്യൻജനസമുദായങ്ങൾക്ക് സുമേരിയന്മാക്കും ഈജിപ്റ്റുകാക്കും എന്നപോലെ സാമുദായികമായ അഭിവൃദ്ധി അത്രത്തോളം പ്രാചീനമായ കാലത്തു് ഉണ്ടായിരുന്നുവെന്നു് സിദ്ധാന്തിക്കുന്നതിനു വേണ്ടിടത്തോളം രേഖകൾ കിട്ടിക്കഴിഞ്ഞിട്ടില്ല. ഇൻഡ്യാക്കാർ സെമിറ്റിക്കുവർഗ്ഗക്കാരേയോ സെമിറ്റിക്കുവർഗ്ഗക്കാർ ഇൻഡ്യാക്കാരേയോ ആ പുരാതനദശയിൽ കീഴടക്കിയിട്ടുണ്ടെന്നു് വിചാരിക്കുവാനും ലക്ഷ്യങ്ങളില്ലാത്ത സ്ഥിതിക്ക് മുൻപു പറഞ്ഞതുപോലെ ഇൻഡ്യൻസംസ്കാരവും സുമേരിയൻസംസ്കാരവും സാമാനമായ ഒരു ഭൂമികയിൽ സ്വതന്ത്രങ്ങളായി വളർന്നുവന്ന എന്നതന്നെ നിർണ്ണയിക്കേണ്ടിയിരിക്കുന്നു.[2]

ദ്രാവിഡഭാഷാഗോത്രവും മറ്റു ഭാഷാഗോത്രങ്ങളും.

ദ്രാവിഡ, ഭാഷകളുടെ സാജാത്യവൈജാത്യങ്ങളെക്കുറിച്ചു് ഗവേഷണം നടത്തിയ പണ്ഡിതന്മാർ ഇൻഡോയൂറോപ്യൻ തുടങ്ങി ചില ഭാഷാഗോത്രങ്ങളേയും അവയുടെ ഉപവിഭാഗങ്ങളേയും വ്യവസ്ഥാപനം ചെയ്തിട്ടുണ്ട്. തെക്കേ ഇൻഡ്യയിൽ പ്രചാരത്തിൽ ഇരിക്കുന്ന തമിഴ്, കന്നഡം, തെലുങ്ക്, മലയാളം, തുളു മുതലായ ഭാഷകളുടെ പരസ്പരബന്ധം അറിഞ്ഞതോടുകൂടി അവ മുൻപു് അങ്ങീകൃതങ്ങളായ ഭാഷാഗോത്രങ്ങളിൽ

1. *The Outline of History*, p. 138.
2. *Ibid.*, 174.

ഏതിലെങ്കിലും ഉൾപ്പെട്ടന്നവയാണോ അതല്ല, അവയിൽനിന്നും വ്യത്യസ്തമായ ഒരു ഭാഷാസങ്ഘാതമായി പരിഗണിക്കപ്പെടത്തക്കവയാണോ എന്നുള്ള പ്രശ്നം സുപ്രസിദ്ധരായ പല ഭാഷാശാസ്ത്രജ്ഞന്മാരുടേയും ശ്രദ്ധയ്ക്ക് വിഷയീഭവിച്ചു. പുതുതായി അറിവിൽപ്പെട്ടന്ന ഒന്നിനെ മുൻപു അറിയപ്പെട്ടിട്ടുള്ളതിനോട് ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ സംബന്ധിപ്പിക്കുവാനുള്ള ഒരുത്സുക്യം ഉണ്ടാകുന്നത് സാധാരണമാകയാൽ പല പണ്ഡിതന്മാരും ദ്രാവിഡഭാഷകളും നിർണ്ണീതപൂർവ്വങ്ങളായ ഭാഷാഗോത്രങ്ങളിൽ അന്തർഭവിക്കുന്നുവെന്നുള്ളതിന് അനുകൂലങ്ങളായ തെളിവുകൾ ആരായുവാൻ പ്രേരിതരായിത്തീർന്നിട്ടുണ്ടെന്നു കാണാം.

ദ്രാവിഡഗോത്രത്തിനും ഇൻഡോയുറോപ്യൻ ബന്ധം.

ഇൻ. ഡാക്കർ-പോപ്പ് ദ്രാവിഡഭാഷകളെ ഇൻഡോയുറോപ്യൻ ഗോത്രത്തിൽ ഉൾപ്പെടുത്തിയെന്നു മാത്രമല്ല അവ സംസ്കൃതഭാഷയോട് ആഗമികമായി അടുത്ത ബന്ധമുള്ള ഒരു ഭാഷയിൽനിന്നും പിരിഞ്ഞുപോയിട്ടുള്ളവയാണ്, എന്നുകൂടി നിഗ്രഹം പ്രസ്താവിച്ചിട്ടുണ്ട്.[1] ഇൻഡോയുറോപ്യൻ ഭാഷകളിൽ തന്നെ കെല്ററിക്കിനോടാണ് ദ്രാവിഡഭാഷകൾക്ക് കൂടുതൽ വേഴ്ച ദൃശ്യമാകുന്നതെന്നും അദ്ദേഹത്തിന് അഭിപ്രായം ഉണ്ടായിരുന്നു.[2] പിൽക്കാലത്ത് ഗോവർ,[3] ശേഷഗിരിശാസ്ത്രി, ആർ. സ്വാമിനാഥയ്യർ തുടങ്ങി വേറെ ചിലരും ദ്രാവിഡഭാഷകളുടെ ഇൻഡോയുറോപ്യൻ ബന്ധത്തെ അനുകൂലിച്ചിട്ടുണ്ട്. ദ്രാവിഡഭാഷകൾ ഇൻഡ്യയിൽ ആര്യന്മാരുടെ ആഗമനത്തിനു വളരെ മുൻപുതന്നെ അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞിരുന്നുവെന്നുള്ള പാശ്ചാത്യപണ്ഡിതന്മാരുടെ അഭ്യൂഹത്തിനും ആ അഭ്യൂഹത്തെ മുഖ്യാധാരമാക്കി ദ്രാവിഡവർഗ്ഗക്കാരുടെ പൂർവ്വചരിത്രത്തെക്കുറിച്ചു പ്രചരിക്കുന്ന സിദ്ധാന്തത്തിനും പരിപൂർണ്ണമായ തിരസ്കാരം സംഭവിച്ചുപോകുമെന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ് ആർ. സ്വാമിനാഥയ്യർ ദ്രാവിഡഭാഷകളുടെ ആര്യസംബന്ധത്തെ സംസ്ഥാപിക്കുവാനെന്നുള്ള മട്ടിൽ പല യുക്ത്യാഭാസങ്ങളും അവതരിപ്പിച്ചിട്ടുള്ളത്. പ്രസ്തുതമായ ഗവേഷണത്തിന് നിരവധി വർഷങ്ങൾ വ്യയം ചെയ്തിട്ടുണ്ടെന്ന് പ്രസ്താവിക്കുന്ന മി. അയ്യർ അഭിവൃദ്ധങ്ങളായ ദ്രാവിഡഭാഷകളിൽ ക്രിയകളുടെ കാലപ്രകാരങ്ങളെ കുറിക്കുന്ന

1. See the Introduction to Pope's *Tamil Handbook* (1809)
2. See the Prefatory notice to the *Outlines of the Grammar of the Tuda Language* by Pope (1872)
3. See Caldwell's *Comparative Grammar of the Dravidian Languages* pp. 365 & 410.

തിന് തുറോളം പ്രത്യയങ്ങൾ ഉള്ളവയിൽ ഏറിയകൂറും ഇൻഡോ ആര്യൻപ്രഭവങ്ങളാണെന്നും മുറുവിനകളുടെ പുരുഷദ്യോതകങ്ങളായ അന്ത്യാംശങ്ങളും ആ അന്ത്യാംശങ്ങൾ പൂർവ്വപ്രകൃതികളായിരിക്കാവുന്ന പുരുഷസർവനാമങ്ങളും ബാഹുല്യേന ആര്യഭാഷകളോട് ചേർച്ചയുള്ളവയാണെന്നും വാദിക്കുന്നു. പദപ്രകൃതികളുടെ ആദിമരൂപങ്ങൾ തമിഴിലും മറുമുള്ള അക്ഷരമാലകളുടെ പരിമിതസ്വഭാവംകൊണ്ട് പ്രായേണ ദുരവഗാഹങ്ങളായിപ്പോയിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗത്തിനും ഇൻഡോ ആര്യൻഗോത്രഭാഷകളോട് അടുത്ത വേഴ്ചയുണ്ടെന്നും അദ്ദേഹത്തിന് അഭിപ്രായമുള്ളതായി കാണുന്നു. ഇന്ന് ദ്രാവിഡഭാഷകൾ എന്ന അറിയപ്പെടുന്നവയൊക്കെയും വടക്കുനിന്ന് ഇൻഡ്യയിൽ കടന്നുകേറിപ്പറ്റിയ ആര്യന്മാരുടേയും ആര്യന്മാരായിത്തീർന്നിട്ടുള്ള ജനസമുദായത്തിന്റെയും സൃഷ്ടിയാണെന്നതത്രേ മി. സ്വാമിനാഥയ്യരുടെ സിദ്ധാന്തം. അതിനും പുറമേ ഇൻഡോ ആര്യൻഭാഷകളിൽ വർണ്ണവിപരിണാമനയത്തിലും ശ്രുപനിഷ്പദനസംപ്രദായത്തിലും, ദ്രാവിഡഭാഷകളിൽ നിന്നും പകർന്നിട്ടുള്ള സ്വഭാവങ്ങളായി ചിലർ പരിഗണിച്ചിട്ടുള്ളവ വാസ്തവത്തിൽ ദ്രാവിഡഭാഷകളിൽ നിലനില്ക്കുന്ന ഇൻഡോആര്യൻ സ്വഭാവങ്ങളാണെന്നും പ്രസ്തുത വിഷയത്തിൽ അസ്സൽ പകർപ്പായും, പകർപ്പ് അസ്സലായും മാറിധരിച്ചുപോയതാണ് പല അപസിദ്ധാന്തങ്ങൾക്കും ആസ്പദമെന്നും കൂടി മി. അയ്യർ ഉദ്ബോധിപ്പിക്കുവാൻ ശ്രമം ചെയ്തിട്ടുണ്ട്. ദ്രാവിഡസർവനാമങ്ങളുടെ ആര്യസംബന്ധം[1] എന്ന ലേഖനത്തിൽ ദ്രാവിഡഭാഷകളിലെ വിവേചകം, വ്യപേക്ഷക ചോദ്യവാചി[2] സ്വവാചി[3] എന്നീ സർവനാമങ്ങളും ആര്യഭാഷാഗോത്രജങ്ങളാണെന്നും പുരുഷസർവനാമങ്ങളും ചില ആര്യബന്ധങ്ങളും പുലർത്തുന്നവയാണെന്നും സർവനാമങ്ങളിലെ ലിംഗവചനദ്യോതകങ്ങളായ അന്ത്യാംശങ്ങളും മിക്കവാറും ആര്യസംജാതങ്ങളാണെന്നും സ്ഥാപിക്കുവാൻ മി. സ്വാമിനാഥയ്യർ വളരെ ആയാസപ്പെട്ടിരിക്കുന്നു. കേവലം അസ്വാഭാവികങ്ങളും, ശാസ്ത്രീയമായ ചർച്ച നടത്തുന്നവർക്ക് ഒരു വിധത്തിലും പ്രയോജനപ്പെടാത്തവയും ആയ ആ വാദമുഖങ്ങളെ ഉദ്ധരിച്ച് ഖണ്ഡിക്കുവാൻ ഇവിടെ ഉദ്യമിക്കുന്നില്ല. മി. നാരായണറാവുവിന്റെ തെലുങ്കു ഭാഷാചരിത്രഗ്രന്ഥത്തിലും റെവറൻറ് ജ്ഞാനപ്രകാശർ പ്രണയനം ചെയ്തിട്ടുള്ള 'തമിഴ് ലാക്സിക്കൺ' ഒന്നാംവാല്യം ഒന്നാം ലക്ഷ

1. *Aryan affinities of Dravidian Pronouns.*
2. Relative—interrogative.
3. Reflexive.

ത്തിലും ദ്രാവിഡഭാഷകളിലെ പദപ്രകൃതികളും ആര്യഭാഷകളിലെ പദപ്രകൃതികളും സമാനമായ ഒരു പൂർവ്വദശയിൽനിന്ന് പരിണതങ്ങളാണെന്നുള്ള അടിസ്ഥാനത്തിന്മേൽ ദ്രാവിഡഭാഷകൾക്ക് ആര്യസംബന്ധം നിഗമനം ചെയ്തിരിക്കുന്നു. എന്നാൽ പദങ്ങളുടെ വ്യുത്പത്തിപ്രദർശനത്തിൽ അവർ അംഗീകരിച്ചിട്ടുള്ള നയം പലയിടത്തും ധ്വനിവിഷയകമായ മിഥ്യാസാദൃശ്യത്തെ മാത്രം ഉപജീവിച്ചിട്ടുള്ളതാണ്.

ദ്രാവിഡത്തിന് കാൾഡ്വൽ അനുഹിച്ചിട്ടുള്ള സിതിയൻബന്ധം.

൩൦. ഡാക്ടർ കാൾഡ്വൽ ദ്രാവിഡഭാഷകൾ ഇൻഡോയുറോപ്യൻ ഗോത്രത്തോട് മാത്രമല്ല സിതിയൻ, സെമിറ്റിക് ചൈനീസ്, ആസ്ത്രേലിയൻ എന്നീ ഭാഷാകുടുംബങ്ങളോടും പല അംശങ്ങളിലും സാദൃശ്യം ആവഹിക്കുന്നുവെന്ന് നിരൂപണം ചെയ്തിട്ട് ദ്രാവിഡഭാഷകൾ ഇൻഡോയുറോപ്യൻഭാഷകളുടെയും സിതിയൻ ഭാഷകളുടെയും ഇടയ്ക്ക്, സിതിയൻ ഭാഷകളോട് ഇതരാപേക്ഷയാ കൂടുതൽ അടുത്തു്, നിലകൊള്ളുന്നുവെന്ന് സിദ്ധാന്തിക്കുന്നു.[1] ദ്രാവിഡഭാഷകൾ സിതിയൻഭാഷകളുടെ കൂട്ടത്തിൽ അന്തർഭവിപ്പിക്കത്തക്കവയാണെന്നുള്ള വാദം പ്രൊഫസർ റാസ്ക് സാമാന്യമായും പ്രിച്ചേർഡ് ഏതാനും വ്യാകരണവിഷയകങ്ങളായ ദൃഷ്ടാന്തങ്ങളെ പുരസ്കരിച്ചും കാൾഡ്വലിനു മുൻപുതന്നെ അവതരിപ്പിച്ചിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. കാൾഡ്വൽ തന്റെ സിദ്ധാന്തത്തിന് മുഖ്യമായ ആധാരമാക്കിയിട്ടുള്ളതു് ബഹിസ്തൂൺ ശിലാശാസനങ്ങളുടെ സിതിയൻരേഖകൾക്കും ദ്രാവിഡഭാഷകൾക്കും തമ്മിൽ പദസമുച്ചയത്തിലും വാക്യഘടനയിലും വ്യാകരണകാര്യങ്ങളിലും മറ്റും പ്രസ്പഷ്ടമായ സദൃശത കാണപ്പെടുന്നുണ്ടെന്നുള്ളതാണ്. ബഹിസ്തൂൺശാസനത്തിൽ സംബന്ധാർത്ഥത്തെക്കുറിക്കുന്ന 'ന, ഇന, ഇന്ന' എന്നീ പ്രത്യയങ്ങൾക്കും ഉദ്ദേശികാർത്ഥം കുറിക്കുന്ന 'ഉക്കി, ഇക്ക' എന്നീ പ്രത്യയങ്ങൾക്കും തമിഴിലെ 'ഇൻ' എന്ന സംബന്ധികാവിഭക്തിപ്രത്യയത്തോടും ദ്രാവിഡഭാഷകളിൽ പൊതുവെ 'കു, കി, ക' എന്നിവ തനിച്ചോ സ്വരപൂർവ്വകങ്ങളായോ ഉള്ള ഉദ്ദേശികാവിഭക്തിപ്രത്യയങ്ങളോടും യഥാക്രമം സാദൃശ്യം ഉണ്ടെന്ന് കാൾഡ്വൽ മൂണ്ടിക്കാണിക്കുന്നു. അതിനും പുറമേ മധ്യമപുരുഷസർവനാമം ശാസനത്തിലെ ഭാഷയിലും ദ്രാവിഡത്തിലും അഭിന്നമായിരിക്കുന്നതും, ദ്രാവിഡഭാഷകളിലെന്നപോലെ ശാസനത്തിൽ വ്യുപേക്ഷാസൂചകമാകുംവണ്ണം സർവനാമപ്രകൃതി ചേർത്തു്

1. *A Comparative Grammar of the Dravidian*, p. 74.

പോരെച്ചത്തിൽനിന്നും തദ്ധിതരൂപം ഉണ്ടാക്കുന്ന രീതി ദൃശ്യമാകുന്നതും എല്ലാം ദ്രാവിഡഭാഷകൾ സിതിയൻഭാഷകളോട് സാജാത്യം പുലർത്തുന്നവയാണെന്ന് തീർച്ചപ്പെടുത്തുവാൻ സഹായിക്കുന്നുവെന്നതേ കാൾഡ്വെൽ വാദിക്കുന്നതു്. പിന്നോഉഗ്രിയൻഭാഷയോടാണ് ദ്രാവിഡഭാഷകൾക്ക് കൂടുതൽ അടുപ്പം എന്നും കാൾഡ്വെല്ലിന് അഭിപ്രായം ഉണ്ടായിരുന്നു.

സിതിയൻബന്ധവാദനിരാകരണം.

ന്യൂ. ദ്രാവിഡഭാഷകൾ സിതിയൻഭാഷകളോട് ബന്ധപ്പെട്ടവയാണെന്നുള്ള കാൾഡ്വെല്ലിന്റെ സിദ്ധാന്തത്തെ മാക്സ്മുള്ളർ, വിറ്റ്നി, കസറു് മുതലായവർ ഏറെക്കുറെ അനുകൂലിച്ചിട്ടുണ്ടെങ്കിലും[1] പിന്നീടുള്ള ഗവേഷണങ്ങളുടെ ഫലമായി ദ്രാവിഡഭാഷകൾ ഇൻഡ്യയ്ക്കു പുറമേയുള്ള യാതൊരു ഭാഷാഗോത്രത്തോടും ആഗമികമായി ബന്ധമില്ലാതെ സ്വതന്ത്രമായ ഒരു ഗോത്രമായി അവസ്ഥാനം ചെയ്യുന്നുവെന്ന് വേണ്ടുവോളം പ്രസ്പഷ്ടമായിട്ടുണ്ട്. കാൾഡ്വെല്ലിന്റെ കാലത്തുതന്നെ പ്രൊഫസർ പാട്, ഫ്രീഡ്രിക് മുള്ളർ തുടങ്ങി പലരും സിതിയൻ എന്നു പറയപ്പെടുന്ന ഭാഷകളുടെ സമാനവംശ്യതതന്നെ സംശയാസ്പദമായിരിക്കുന്ന സ്ഥിതിക്ക് അവരോട് ദ്രാവിഡഭാഷകളെ ആഗമികമായി ബന്ധിപ്പിക്കുവാനുള്ള ശ്രമം അസ്ഥാനത്തിലാണെന്ന് കണക്കാക്കിയിരുന്നു.[2] ഇൻഡ്യൻ ഭാഷകളെപ്പറ്റി വിപുലമായ പര്യവേക്ഷണം നടത്തിയവരായ ഗ്രിയേഴ്സൺ, സ്ലൈൻകൊനോ എന്നിവർ ദ്രാവിഡഭാഷകൾക്ക് സിതിയൻ ബന്ധം ഉണ്ടെന്നുള്ള വാദത്തെ പാടേ നിരാകരിച്ചിട്ടുണ്ട്. സിതിയൻ ഭാഷകളുടെ അന്യോന്യബന്ധം തന്നെ അനിശ്ചിതമായിരിക്കുന്നതും ഗ്രീക്കോഷിൽനിന്നും ഉപലബ്ധങ്ങളായിട്ടുള്ള സിതിയൻ രേഖകൾ ഇറേനിയൻ ഭാഷകളുടെ സമാവേശംകൊണ്ട് സങ്കീർണ്ണങ്ങളായിരിക്കുന്നതും പരിഗണിക്കുമ്പോൾ ദ്രാവിഡഭാഷകളുടെ സിതിയൻബന്ധത്തെ വ്യവസ്ഥാപിക്കുവാൻ കാൾഡ്വെൽ ഉദ്യമിച്ചിരിക്കുന്നതു് അനുപപന്നമാണെന്നാണ് ആ പണ്ഡിതന്മാരുടെ പ്രസ്താവനയിൽനിന്നും തെളിയുന്നതു്.[3] അതിനും പുറമേ അമേരിക്കൻ ഓറിയന്റൽ സൊസൈറ്റി ജർണ്ണലിന്റെ പ്രസാധകസംഘം ദ്രാവിഡഭാഷകളുടെ ഇതരഗോത്രബന്ധത്തെക്കുറിച്ചുള്ള കാൾഡ്വെല്ലിന്റെ മതം ഒരുവിധത്തിലും അനുരണി

1. See *History of Kannada Language* (by R. Narasimhacarya) p. 5.
2. Caldwell, *A Comparative Grammar of the Dravidian*, p. 88.
3. See *Linguistic Survey of India*, Vol. IV, p. 282.

ന മായിരിക്കുന്നില്ലെന്ന് ഉപന്യസിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്. ദ്രാവിഡഭാഷകൾക്ക് ഇൻഡോയൂറോപ്യൻ ഗോത്രത്തോടും സെമിറ്റിക്ക് ഗോത്രത്തോടും കാർഡൊൽ ദർശിക്കുന വേഴ്ച പദവിഷയത്തിലും വ്യാകരണവിഷയത്തിലും ഏതാനും മിഥ്യാസാദൃശ്യങ്ങളെ പുരസ്കരിച്ചുള്ളതും ചരിത്രപരമായി വില കല്പിക്കുവാൻ നിർവാഹം ഇല്ലാത്തതും ആണെന്നും ദ്രാവിഡഭാഷകൾക്ക് സിതിയൻഭാഷകളോട് ബാഹ്യമായ കെട്ടുപാടിലും പ്രകടനരീതിയിലും ഏതോ ചില സാദൃശ്യങ്ങൾ ഉള്ളതല്ലാതെ അവയുടെ ഏകഗോത്രതയ്ക്ക് പര്യാപ്തമായ യാതൊരു ലക്ഷ്യവും ഉപലബ്ധമാകുന്നില്ലെന്നും ആണ് ആ പ്രസാധകസംഘത്തിന്റെ അവധാനപൂർവകമായ തീരുമാനത്തിന്റെ മൂരുക്കം.[1]

ഭാഷകളുടെ സഗോത്രതാ നിർണ്ണയം.

ഈ വാക്യഘടനയിലുള്ള വൈചിത്ര്യത്തെ ആസ്പദമാക്കി ഭാഷകളെ പല കക്ഷ്യകളായി തരംതിരിച്ചിട്ടുള്ള കൂട്ടത്തിൽ ദ്രാവിഡഭാഷകൾ സംശ്ലിഷ്ടകക്ഷ്യയിലാണ് നിലകൊള്ളുന്നതെന്ന് ഇതിനുമുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഭാഷകളുടെ സമാനഗോത്രത നിർണ്ണയിക്കുമ്പോൾ അവ ഘടനാവിഷയകമായി ഒരേ കക്ഷ്യയിൽ സ്ഥിതിചെയ്യുന്നവയാണോ എന്നുള്ളതുമാത്രം ചിന്തിച്ചാൽ പോരാ. ആഗമികമായി ബന്ധമില്ലാത്ത ഭാഷകളും അഭിന്നമായ കക്ഷ്യയുടെ സ്വഭാവത്തെ അവഹിക്കുന്നവയായി വരുവാൻ പാടില്ലായ്കയില്ല. അതുകൊണ്ട്, പദസമുച്ചയത്തിലും വ്യാകരണകാര്യങ്ങളിലും അനിഷേധ്യമായ സാദൃശ്യം പുലരത്തുന്ന ഭാഷകളെ മാത്രമേ ഏകഗോത്രങ്ങളായി പരിഗണിക്കുവാൻ പാടുള്ളൂ. ഒരു മൂലഭാഷയിൽ നിന്നുതന്നെ പിരിഞ്ഞുപോയിട്ടുള്ള ഭാഷകളിൽ ഇതരഗോത്രഭാഷകളുമായുള്ള സമ്പർക്കംകൊണ്ട് പല നൂതനപദങ്ങളും സംക്രമിക്കുന്നതോടുകൂടി സ്വകീയങ്ങളായ ചില പദങ്ങളും നഷ്ടങ്ങളോ മൃഷ്പ്രചാരങ്ങളോ ആയിത്തീരുക സ്വാഭാവികമാണ്. അതിനാൽ, പദസമുച്ചയത്തിൽ പരകീയപദങ്ങളെ നിശ്ലേഷം നീക്കിവെച്ചും സാധാരണങ്ങളായ പദങ്ങളുടെ ബാഹുല്യം പുരസ്കരിച്ചും ആയിരിക്കണം നമ്മുടെ വിചിന്തനം. സഗോത്രങ്ങളെന്ന് സംശയിക്കപ്പെടുന്ന എട്ടു ഭാഷകൾ ഉണ്ടെന്നിരിക്കട്ടെ. അവയിൽ ഒരു പദമോ അതിന്റെ മുഖ്യപ്രകൃതിയോ ഒന്നും രണ്ടും മൂന്നും നാലും ഏഴും ശാഖകളിൽ സാധാരണമായിരിക്കുകയും അഞ്ചും ആറും എട്ടും ശാഖകളിൽ കാണപ്പെടാതിരിക്കുകയും, മറ്റൊരു പദമോ അതിന്റെ മുഖ്യപ്രകൃതിയോ ഒന്നും മൂന്നും നാലും അഞ്ചും

1. *The Journal of the American Oriental Society*, Vol. VII, p. 271.

എട്ടും ശാഖകളിൽ സാധാരണമായിരിക്കുകയും രണ്ടും ആറും ഏഴും ശാഖകളിൽ കാണപ്പെടാതിരിക്കുകയും, വേറൊരു പദമോ അതിന്റെ മുഖ്യപ്രകൃതിയോ ഒന്നും മൂന്നും അഞ്ചും ആറും ഏഴും ശാഖകളിൽ സാധാരണമായിരിക്കുകയും മറ്റു ശാഖകളിൽ കാണപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ ആ ശാഖകളെല്ലാം പ്രായേണ പരസ്പരസംബദ്ധങ്ങളെന്ന് അനുമിക്കുന്നതു് സങ്ഗതമായിരിക്കും. ശാഖാഭാഷകളിൽ ചിലതിന് മറ്റുള്ളവയെ അപേക്ഷിച്ചു് കൂടുതൽ അടുപ്പമോ അകലച്ചയോ ദൃശ്യമാകുന്നതു് അവയ്ക്ക് ചരിത്രപരമായുള്ള വേഴ്ചയുടെ ഏറ്റക്കുറച്ചിൽകൊണ്ടു് മാത്രമാണ്. വർണ്ണവിപരിണാമക്രമത്തിൽ ശാഖാഭാഷകൾ ചില വ്യത്യസ്തസ്വഭാവങ്ങളെക്കൂടി അവലംബിച്ചിരിക്കാം എന്നുള്ളതുകൊണ്ടു് പ്രഥമദൃഷ്ടിയിൽ പദപ്രകൃതികളുടെ ഐകരൂപ്യം ദുർഗ്രഹമായിരുന്നാലും ശാസ്ത്രീയമായ പരിശോധനംകൊണ്ടു് യാഥാർത്ഥ്യം വെളിപ്പെടുകതന്നെ ചെയ്യും. പദങ്ങളുടെ കൂട്ടത്തിൽത്തന്നെ സുപരിചിതങ്ങളായ ജന്തുക്കളുടേയും ഗൃഹ്യോപകരണങ്ങളുടേയും ഗുണങ്ങളുടേയും, വ്യാപൃതികളുടേയും, ചാഷ്ടകളുടേയും ശരീരാവയവങ്ങളുടേയും വാചകങ്ങൾ, സർവ്വനാമങ്ങൾ, സങ്ഖ്യാവാചകങ്ങൾ മുതലായവയാണ് ഭാഷകളുടെ സഗോത്രതാനിർണ്ണയത്തിന് പ്രയോജകീഭവിക്കുന്നതു് എന്നും വക്തവ്യമായിട്ടുണ്ട്. ഈവക പദങ്ങൾ ബാഹ്യാന്യേന സ്വകീയങ്ങളായിട്ടല്ലാതെ മറുഗോത്രങ്ങളിൽനിന്നും സംക്രമിച്ചുവയായിരിക്കുവാൻ വഴിയില്ലല്ലോ.

ദ്രാവിഡഭാഷകളുടെ ഏകഗോത്രത.

൩൨. ദ്രാവിഡഭാഷകളുടെ ഏകഗോത്രതാനിർണ്ണയത്തിന് അനുകൂലകങ്ങളായി പദസമുച്ചയത്തിൽ മേൽപ്പറഞ്ഞമാതിരിയിലുള്ള ദൃഷ്ടാന്തങ്ങൾ നിരവധികളുണ്ട്. അവയിൽ ചിലതിനെ ചുവടെ നിർദ്ദേശിക്കാം.

Mal. നായ് (nāy) 'dog' Tam. nāy Kaik. nāy Ir. nai Kannāyi Bad. nai Koḍ. nāi Tuḷu nāyi Toda nāi Kōta na Gondī nai.

" ആട് (āṭə) 'sheep' Tam. āḍu Kaik. āṭ Ir. āḍu Tuḷu yēḍu Kur. ēṛā Malto ēṛ-Ku oḍā.

" കുതിര (Kutira) 'horse' Tam. Kudirai Kor. Kudri Ir. Kudure Kan. Kudure Toda. Kudare Kōta Kudare Kaik. Kudrī Tuḷu Kudure.

" തീയ് (tīy) 'fire' Tam. tī Kan. tī Tuḷu tī Koḍ. titiu.

" പാല് (pāl) 'milk' Tam. pāl Tel. pālu Kan. hālu Tuḷu pēr Koḍ. pāḷu.

Mal. ഉപ്പ് (uppə) 'salt' Tam. uppu Tel. uppu Kan. uppu Tuḷu uppu Kod. uppu.

" മെത്ത (metta) 'bedding' Tam. mettai Tel. metta Kan. mette Tuḷu mette Kod. mettɛ.

" വെളുപ്പ് (veḷuppə) 'whiteness' Tam. veḷuppu Tel. vellɛdanamu Kan. beḷ Tuḷu boḷci Koḍ boḷca.

" കള്ളം (kaḷḷam) 'falsehood' Tam. kaḷḷam Tel. kalla Kan. kaḷḷa 'thief' Tuḷu kaḷḷatana Kod. kaḷḷā 'thief'.

" കനിവ് (kaṅivə) 'pity' Tam. kanivu Tel. Kanikara Kan. kani Tuḷu kanikara.

" ഓടു (ōṭu) 'to run' Tam. ōḍu Tel. ōḍu Kan. ōḍu Tuḷu ōḍuni Koḍ. ōḍuvə Kor. ōḍa Kaik. ōḍa.

" വരുക (varuka) 'to come' Tam. var Tel. vaccu 'to come' Kan. bar Tuḷu barpuni Kod. banditu 'having come' Kor. vā Kaik. vā Kur. bārā Kui bāmu Gōṇḍī varā Br. bar Malto bara.

" ചാവുക (cāvuka) 'to die' Tam. śāvu Tel. tsāvu Kan. sāvu 'death' Tuḷu sāvu Koḍ. cattupōci 'died' Kor. sāg Kaik. sāg Kui sāmu Gōṇḍī sāyā.

" നില്ക്കുക (nilkkuka) 'to stand' Tam. nil Tel. nilutsu Kan. nil Tuḷu nilluni Kod. nil Kor. (yedd) nil Kaik. nil Kui nilmu Gōṇḍī nil'ā.

" അണ്ണൻ (aṇṇan) 'elder brother' Tam. aṇṇan Tel. anna Kan. aṇṇa Tuḷu aṇṇe Kor. aṇṇa Koḍ. aṇṇa.

" മകൻ (makan) 'son' Tam. magan Tel. maga 'male' Kan. maga Koḍ. makka 'children' Kor. mavu Tuḷu mage.

" അക്ക (akka) 'elder sister' Tam. akkāḷ Tel. akka Koḍ. akka Kor. akka.

" തല (tala) 'head' Tam. talai Tel. tala Kan. tale Tuḷu tare Koḍ talɛ Kor. teli Kaik. thālī Kui tlān Gōṇḍī tallā.

" കണ്ണ് (Kaṇṇə) 'eye' Tam. kaṇ Tel. kannu Kan. kaṇṇu Tuḷu kaṇṇu Koḍ. Kaṇṇu.

" പല്ല് (pallə) 'tooth' Tam. pallu Tel. pallu Kan. hallu Tuḷu paru Koḍ. pallu Kor. pell Kaik. pella Kui pall Malto paluth Kui pālkā Gōṇḍī pall.

" കാൽ (Kālə) 'Tam. kālu Tel. Kālu Kan. kālu Tuḷu kāru Koḍ. kālu Kor. kāl Kaik. kāl Gōṇḍī kāl.

Mal. ഞാൻ (ñān) 'I' Tam. nān Tel. nēnu Kan. nānu Tuḷu yānu Koḍ. nānu Kor. nā Kaik. nān, nā Kur. en Malto en Kui ānu Gōṇḍī nannā Br. ī.

,, നീ (nī) 'you' Tam. nī Tel. nīvu Kan. nīnu Tuḷu ī Koḍ. nīnu Kor. nī Kaik. nīn, nī Kur. nīn Malto nīn Kui inu Gōṇḍī immā Br. nī.

,, അവൻ (avan) 'he' Tam. avan Tel. vāḍu Kan. avanu Tuḷu āye Koḍ. avā Kor. āva. Kaik. āu.

,, ഒന്ന് (onnə) 'one' Tam. ondru Tel. okaṭi Kan. ondu Tuḷu oñji Kod. ondu Toda vadd Kōtā vodde Kur. oṇṭā Malto ort Gōṇḍī uṇḍī Kor. oṇḍ Kōl. okkod Kaik vaṇḍa Ir. vondu Bad. vondu.

,, രണ്ട് (raṇṭə) 'two' Tam. iraṇḍu Tel. reṇḍu Kan. eraḍu Tuḷu reḍḍu Koḍ. danṇḍu Kor. raṇḍ Kaik. raṇḍa Ir. irndu Baḍ. yeraḍu Toda yeḍ Kōta yeḍe Kur. eṇḍ Malto eṇḍis Kōl. indiñ Gōṇḍī raṇḍ Br. iraṭ.

,, മൂന്ന് (mūnnə) 'three' Tam. muṉḍdru Tel. mūḍu Kan. mūru Baḍ. mūru Koḍ. mūndu Tuḷu mūji Toda mūḍu Kōta mūṇḍe Kur. mūṇḍ Kui muñji Kōl. mūndīñ Gōṇḍī muṇḍ Br. musit.

,, അൻപത് (aṉpatə) 'fifty' Tam. aymbadu Tel. yābhai Kan aivattu Tuḷu aiva Baḍ. aivattu Koḍ. aimbadu Kor. añjarkapatt Ir. ambadu Toda ēboth Kōta eivatte.

,, നൂറ് (nūrə) 'hundred' Tam. nūru Tel. nūru Kan. nūru Tuḷu nūdu Koḍ. nūru Kor. nūr Kaik. nūr Ir. nūru Bad. nuru Gōṇḍī nūr.

൩൫. പദസമുച്ചയത്തിലുള്ള സുവ്യക്തമായ സാധാരണ്യത്തിനു പുറമേ ക്രിയാപ്രകൃതികളോട് കാലപ്രകാരാദികളെ കൂറിക്കുന്നതിനു ചേർക്കപ്പെട്ടുന്നവയും നാമപ്രകൃതികളോട് പ്രത്യയസാദൃശ്യം വിഭക്തിവചനാദികളെ കുറിക്കുന്നതിന് ചേർക്കപ്പെട്ടുന്നവയും അതു പ്രത്യയങ്ങളുടെ സമാനപ്രഭവത്വവും പരിശോധിക്കപ്പെടേണ്ടതായിട്ടുണ്ട്. ഓരോ ഭാഷയുടേയും വളർച്ചയിൽ പരിതഃസ്ഥിതിയുടെ വൈജാത്യംകൊണ്ട് പ്രത്യയവിഷയകമായി കുറച്ചൊക്കെ മാറ്റവും മറിച്ചിലും സംഭവിച്ചിരിക്കാം. അതുകൊണ്ട് ഭിന്ന ഭാഷകളിൽ കാണുന്ന പ്രത്യയസദൃശങ്ങളിൽ ഒന്ന് മറ്റൊന്നിന്

നേരെ എതിരാണെന്ന് സാവ്ത്രികമായി നിർദ്ദേശിക്കുവാൻ പലപ്പോഴും സാദ്ധ്യമായിരിക്കുകയില്ല. എങ്കിലും ദ്രാവിഡഭാഷകളിൽ ഒട്ടാകെ രൂപനിഷ്പാദനത്തിൽ അങ്ങീകൃതമായിട്ടുള്ള വ്യാകരണകായ്വങ്ങൾക്ക് മിക്കവാറും അഭിന്നത താഴെച്ചേക്കുന്ന ഉദാഹരണങ്ങളിൽനിന്നും പ്രത്യക്ഷമാകുന്നതാണ്.

Mal. ആടുകൾ (āṭukaḷ) 'sheep' Tam. āḍugaḷ Kaik. āṭgā Kan. āḍugaḷu Tel. mēklu Tuḷu Kurikuḷu Koḍ. Kuriya (ḷ) Br. hēṭk.

,, തന്തയ്ക്ക് (tantaykkə) 'to a father' Tam. tandaikku Tel. taṇḍriki Kan. tandegu Tuḷu ammegu Kor. āvank Kaik gāunk Baḍ. tandega Koḍ. appaṅgu Toda ening Kur. bābas gē Kui ābāki.

,, ഞാൻ അടിച്ചു (ñān aṭiccu) 'I beat' Tam. aḍittēn Ir. aḍide Kan. hoḍedenu Bad. huide Koḍ. pojje ∠* poydẽ Tuḷu nōte Gōṇḍī jītān.

,, ഞാൻ ചെയ്യും (ñān ceyyum) cf. Poet. ceyvēn, ceyvan 'I will do' Tam. śeyvēn Kan. geyvem Tuḷu malpe Koḍ. keyuvam.

,, ചെയ്ത (ceyta) 'that did' Tam. śeyda Tel. cēsina Kan. geyda Koḍ. kejja.

ന്യൂ. ഇതോടുകൂടി ദ്രാവിഡഭാഷകൾക്ക് വർണ്ണവിഷയകമായും പദഘടനാവിഷയകമായും താഴെ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കണ്ടെത്താവുന്ന പ്രത്യേകതകളും അവയുടെ സഗോത്രതാനിർണ്ണയത്തിന് ഉപോദ്ബലകങ്ങളായിരിക്കുന്നു.

വർണ്ണവിഷയകവും പദഘടനാവിഷയകവും ആയ സാദൃശ്യം.

(ക) പദാവസാനത്തിൽ വ്യഞ്ജനം തനിയെ നിൽക്കാതെ ഏതെങ്കിലും ഒരു സ്വരം ചേരുക എന്നുള്ളത് തമിഴ്, കണ്ണാടകം, മലയാളം, തെലുങ്ക്, തുളു, ക്രർഗ് തുടങ്ങി മിക്ക ദ്രാവിഡഭാഷകളുടേയും ഒരു സാമാന്യസ്വഭാവമാണ്. തെലുങ്കിലും കണ്ണാടകത്തിലും പൂർണ്ണമായ ഉകാരവും തമിഴ്, ക്രർഗ്, തുളു, മലയാളം എന്നിവയിൽ

ambu (Tam. Koḍ. and Tuḷu) ampə (Mal.), kallu (Tam. Koḍ. and Tuḷu) Kallə (Mal.), nāḍu (Tam. Koḍ. and Tuḷu) nāḍə (Mal.),

എന്നിങ്ങനെ കേന്ദ്രീകൃതമായ ഒരു സ്വരവും, ആണ് പദാവസാനത്തിൽ നിബന്ധിക്കപ്പെടാറുള്ളത്. മകാരം സാവ്രതികമായും നകാരം ചില പ്പോഴും സ്വരയോഗംകൂടാതെ തമിഴിലും മലയാളത്തിലും palam, tāḷam, avan, kaḷḷam എന്നിങ്ങനെ നിലകൊള്ളുന്നുണ്ട്. വര മൊഴിയിൽ ചില്ലുകളെ പദാവസാനത്തിൽ വിന്യസിക്കാറുണ്ടെങ്കിലും വാസ്തവത്തിൽ അവയ്ക്കും സ്വരയോഗം ഉണ്ടെന്നുള്ളത് സംഭാഷണരീതി ശ്രദ്ധിച്ചാൽ വ്യക്തമാകും. ആര്യഭാഷകൾ വ്യവഹാരത്തിലിരിക്കുന്ന പ്രദേശങ്ങളുടെ ഇടയ്ക്ക് അകപ്പെട്ടിട്ടുള്ള ദ്രാവിഡഭാഷകളിൽ വ്യഞ്ജനാന്തങ്ങളായ പദങ്ങൾ കാണപ്പെടുന്നതിന് ഹേതു ആ ആര്യഭാഷകളുടെ സമ്പർക്കമാണെന്ന് വിശിഷ്യ പറയേണ്ടതില്ലല്ലോ.

(൨) ദ്രാവിഡഭാഷകളിൽ 'എ' എന്നും 'ഏ' എന്നും 'ഒ' എന്നും 'ഓ' എന്നും എകാരത്തിനും ഒകാരത്തിനും ഹ്രസ്വദീർഘഭേദം ഉള്ളത് സംസ്കൃതഭാഷയിലോ നവീനാര്യഭാഷകളിലോ സംദൃശ്യമല്ല. കെട്ട' കേട്ടു; വെളി, വേളി; ചെന, ചേന; കൊടി, കോടി; മൊന്ത, മോന്ത; തൊട്ടി, തോട്ടി; എന്നിങ്ങനെയുള്ള വാക്കുകളിൽ അർത്ഥവ്യത്യാസം ഉള്ളതുകൊണ്ടുതന്നെ എകാരത്തിനും ഒകാരത്തിനും ദ്വൈവിധ്യം ഉച്ചാരണദോഷത്തിന്റെയോ മറ്റൊ ഫലമല്ലെന്നും പ്രകൃതിസിദ്ധമായിട്ടുള്ളതാണെന്നും നിശ്ചിതമത്രേ. പ്രാകൃതഭാഷാവ്യാകരണഗ്രന്ഥങ്ങളിൽ എകാരവും ഒകാരവും ഹ്രസ്വമായി ഇരട്ടിച്ച വ്യഞ്ജനങ്ങളുടെ മുൻപിൽ വരുമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രാകൃതത്തിൽ അത്തരത്തിലുള്ള ഉച്ചാരണം നിലവിലിരുന്നുവെന്നുള്ളതിന് ദ്രാവിഡഭാഷകളിൽ കടന്നുകൂടിയിട്ടുള്ള പ്രാകൃതഭാഷാപദങ്ങളുടെ ഉച്ചാരണം എത്രയും വിശ്വസനീയമായ ഒരു തെളിവാണെന്ന് ഈ ഗ്രന്ഥകർത്താവ് അന്യത്ര സമർത്ഥിച്ചിട്ടുണ്ട്.2

(൩) പദാരംഭത്തിൽവരുന്ന എ, ഏ—എന്നീ താലവ്യസ്വരങ്ങൾക്കു മുൻപ് യകാരവും ഒ, ഓ എന്നീ ഓഷ്ഠ്യസ്വരങ്ങൾക്കു മുൻപ് വകാരവും ചേർത്തുച്ചരിക്കുന്ന ഒരു രീതി മിക്ക ദ്രാവിഡഭാഷകളിലും നിലവിലിരിക്കുന്നുണ്ട്. വരമൊഴിയിൽ ഈ യകാരവകാരങ്ങൾ സാധാരണമായി രേഖപ്പെടുത്താറില്ല. എന്നാൽ ദ്രാവിഡർ പദാദിയിലുള്ള താലവ്യസ്വരങ്ങളേയും ഓഷ്ഠ്യസ്വരങ്ങളേയും പ്രായേണ യകാരപൂർവകവും വകാരപൂർവകവും ആയിട്ടാണ് ഉച്ചരിക്കുന്നത് എന്ന് ദ്രാവിഡേതരർ നിഷ്പ്രയാസം ഗ്രഹിക്കും. ഉദാ.—ഇംഗ്ലീഷ നിഘണ്ടുവിന്റെ

---

1. Centralized Vowel.

2. *Phonological observations on Sanskrit ĕ, ŏ, ai and au and Middle Indo Aryan e and o* pp 16-21.

കത്താവായ മാനർ തുളുവിൽ എകാരത്തിലും ഏകാരത്തിലും തുടങ്ങുന്ന വാക്കുകളെ യ് (y) എന്നും ഒകാരത്തിലും ഓകാരത്തിലും തുടങ്ങുന്ന വാക്കുകളെ വ് (w) എന്നും ചേർത്ത് റോമൻ ലിപിയിൽ വിന്യസിച്ചിട്ടുള്ളതു് തുളുഭാഷയിലെ ഉച്ചാരണം അനുസരിച്ചത്രേ. സ്റ്റെൻ കൊനോ, ഗ്രിയേഴ്സൻ എന്നിവർ പ്രസാധനം ചെയ്തിട്ടുള്ള ലിംഗ്വിസ്റ്റിക് സർവേ നാലാംവാല്യത്തിലും ദ്രാവിഡഭാഷകളിൽ താലവ്യസ്പരാദികളായ പദങ്ങളിൽ ശ്രുതിക്കപ്പെടുന്ന യകാരവും വകാരവും രേഖപ്പെടുത്തിയിട്ടുള്ള ദൃഷ്ടാന്തങ്ങൾ സുലഭങ്ങളാണ്.

Kor. yedd nil, Ir. yēndu kove cf. Mal. എഴുന്നേൽക്കുക (eḻunnēlkkuka 'stand up'.

Bad. yeṅla cf. Mal. എങ്ങൾ (eṅṅaḷ) 'we' (poet.)

Bad. yēka Kōta yēndea Ir. yenna Kor. yāṭka cf. Mal. എന്ത് (entə) 'why'.

Tuḷu yēru Tel. yevaḍu Kaik. yau cf. Mal. ആര് (ārə = who).

Bad. voṭṭu Kor. vaṇṭi Tuḷu voṇṭe Kaik. vāṇṭi cf. Mal. ഒട്ടകം (oṭṭakam) 'camel'.

Ir. vombadu Kaik. vamdi Tuḷu wcrmba cf. Mal. ഒൻപതു് (oṉpatu) 'nine'.

സംഭാഷണഭാഷയിലുള്ള ഈ ഉച്ചാരണരീതി പദങ്ങളുടെ വിചിത്രങ്ങളായ ചില പരിണതികൾക്കും കാരണമായിട്ടുണ്ടെന്നു് നമുക്കു് വഴിയേ കാണാം.

(ർ) രണ്ടു സ്വരങ്ങളുടെ മധ്യത്തിൽ വരുന്ന അഘോഷസ്പർശങ്ങൾക്കു് ഉച്ചാരണത്തിൽ ഘോഷത്വം സംഭവിക്കുന്നതു് ദ്രാവിഡഭാഷകളിൽ പൊതുവേ ദൃശ്യമാകുന്ന ഒരു സ്വഭാവമാണു്. ദ്രാവിഡഗോത്രത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഒരു ഭാഷ മാതൃഭാഷയായിട്ടുള്ളവരുടെ സംസ്കൃതവ്യവഹാരത്തിൽപ്പോലും ഈ ഉച്ചാരണവൈലക്ഷണ്യം സ്ഥാനംപിടിക്കുന്നുണ്ടു്. ദ്രാവിഡപ്രകൃതികങ്ങളായ ശബ്ദങ്ങളിൽ സ്വരങ്ങളുടെ ഇടയ്ക്കു് വരുന്ന ക്, ട്, ത്, എന്നിവ കർണ്ണാടകം, തെലുങ്കു്, തുളു, കൂർഗ്, എന്നീ ഭാഷകളിൽ യഥാക്രമം ഗ്, ഡ്, ദ്, എന്നിവയായിട്ടു് മാറിപ്പോയിരിക്കുന്നു. തമിഴിലാകട്ടെ സ്വരമധ്യത്തിലുള്ള കകാരവും തകാരവും ഘോഷപ്രയത്നങ്ങളായിട്ടോ അല്ലെങ്കിൽ അതായു്

സ്ഥാനങ്ങളിൽത്തന്നെ ജിഹ്വാതലത്തിന്റെ നേരിയ സ്പർശത്തോടുകൂടി ഘോഷത്വമുള്ള ഒരു തരം ശിഥിലവർണ്ണങ്ങളായിട്ടോ ഉച്ചരിക്കപ്പെടുന്നു. മലയാളത്തിൽ സ്വരമധ്യത്തിലുള്ള കകാരത്തിനും തകാരത്തിനും ഘോഷപ്രയത്നകമായ ശിഥിലോച്ചാരണം മാത്രമേ സംഭവിക്കുന്നുള്ളൂ. ടകാരം മാത്രം തമിഴിലും മലയാളത്തിലും കൂടി ഡകാരമായിട്ടല്ലാതെ മറ്റു വിധത്തിൽ മാറുന്നില്ല. അതിനു കാരണം ടകാരോച്ചാരണത്തിൽ ഉപയുക്തമാകുന്ന ജിഹ്വാഗ്രത്തിനു് മേലണ്ണാക്കിനോടുള്ള സ്പർശം നേരിയതായാലും ഏതാണ്ടു് ഡകാരത്തിനു് സജാതീയമായ ഒരു ധ്വനിയായിട്ടല്ലാതെ മറ്റു വിധത്തിലാകുവാൻ തരമില്ലെന്നുള്ളതാണു്. ദ്രാവിഡഭാഷകളിലുള്ള സ്വകീയപദങ്ങളിൽ സ്വരങ്ങളുടെ ഇടയ്ക്കു് ചകാരവും പകാരവും ഒർല്ലപ്പങ്ങളാണു്. മറ്റു ഗോത്രങ്ങളിൽ നിന്നു് കടന്നുകൂടിയിട്ടുള്ള പദങ്ങളിൽ ചകാരപകാരങ്ങൾ മേല്പറഞ്ഞ വിധത്തിൽ ഘോഷത്വത്തോടുകൂടിയ ഏതെങ്കിലും വർണ്ണങ്ങളായിട്ടോ അല്ലെങ്കിൽ സ്വകീയപദങ്ങളിൽ തത്സ്ഥാനികങ്ങളായി വരാവുന്ന യകാരവകാരങ്ങളായിട്ടോ പരിണമിക്കുന്നുവെന്നുള്ളതും പ്രസ്താവ്യമാകുന്നു. ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ സ്വരമധ്യത്തിലുള്ള കാദിവ്യഞ്ജനങ്ങളെ ഒരു പുതിയ തരം ലിപി ഉപയോഗിച്ചു് രേഖപ്പെടുത്തിയിട്ടുള്ളതു് ഉച്ചാരണത്തിലുള്ള വൈജാത്യം ശ്രദ്ധാവിഷയമാക്കുവാനത്രേ. അനുനാസികപൂർവ്വകമായി വരുന്ന അഘോഷസ്പർശങ്ങൾ ഘോഷസ്പർശങ്ങളുടെ നിലയിൽ ദ്രാവിഡഭാഷകളിൽ എല്ലാറ്റിലും തന്നെ ഉച്ചരിക്കപ്പെട്ടപോരുന്നതും മേല്പറഞ്ഞതിനോടൊപ്പം പരിഗണനയെ അർഹിക്കുന്ന സ്വഭാവമാണു്.

(൪) ദ്രാവിഡഭാഷകളിലെ പരകീയപദങ്ങളിൽ അസവർണ്ണവ്യഞ്ജനങ്ങൾ ചേർന്നുള്ള ക്ലൃപ്തക്ഷരങ്ങളെ ഇടയ്ക്കു് സ്വരം ചേർത്തു് വേർതിരിക്കുന്ന ഒരു സംപ്രദായം അംഗീകൃതമായിട്ടുണ്ടെന്നു് താഴെച്ചേർക്കുന്ന ദൃഷ്ടാന്തങ്ങളിൽനിന്നും സുഗ്രഹമാണു്.

Mal. ചക്കരം (cakkaram) cf. Sk. cakra—; Mal. തക്കിളി (takkiḷī) cf H. takḷī; Mal. മുദിര (muddira) cf. Sk. mudrā; Tel. sirimāṭuṇḍu cf. Sk. śrīmant; Tel. candiruṇḍu cf. Sk candra; Kan. sattuva cf. Sk. sattva—; Kan. satu pātra cf. Sk. satpātra; Kan. sandaruśana cf. Sk. Sandarśana—; Tam. cittirai cf. Sk. citrā; Tam. puṇṇiyam cf. Sk. puṇya—; Tam. vāttiyam cf. Sk. vādya—

ഇങ്ങനെ പരകീയപദങ്ങളിലുള്ള ക്ലൃപ്തക്ഷരങ്ങൾ സ്വരയോഗംകൊണ്ടു് ശിഥിലീകരിക്കപ്പെടുന്നുണ്ടെങ്കിലും ക്ലൃപ്തക്ഷരങ്ങൾ ഒരു കാലത്തും ഇല്ലായിരുന്നുവെന്നു് വിചാരിക്കേണ്ടതില്ല. സ്വകീയശബ്ദങ്ങളിലെ പ്രകൃതിപ്രത്യയയോഗത്തെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ

സ്വരങ്ങളാൽ അവ്യവഹിതങ്ങളായ അസമാനവ്യഞ്ജനങ്ങൾ എല്ലാ ദ്രാവിഡഭാഷകളിലും പണ്ടു് ഉണ്ടായിരിക്കണം എന്നു തെളിയുന്നതാണു്. കൊടുത്തു, എടുത്തു, എന്നിങ്ങനെ മലയാളത്തിലുള്ള ക്രിയകൾക്കു കൊടുക്കു, എടുക്കു എന്നിങ്ങനെയുള്ളവയുടെ പരിണതരൂപങ്ങളാണെന്നുള്ളതു് നിസ്സന്ദേഹമത്രേ. ഭാഷയുടെ ഒരു ദശയിൽ ശബ്ദസംബന്ധമായി നിലവിൽ ഇരിക്കുന്നിരുന്ന ഏതെങ്കിലും ഒരു രീതി അടുത്ത ഒരു ദശയിൽ മറവിലാണ്ടുവെന്നു വരുന്നതാണു്. ഇന്നാകട്ടെ ദ്രാവിഡഭാഷകളിലെല്ലാം അനേകം ആര്യഭാഷാപദങ്ങൾ തൽസമരൂപത്തിൽതന്നെ സംക്രമിച്ചിട്ടുള്ളവയിൽ പലതരം ക്രുട്ടിക്ഷരങ്ങളും നമുക്കു് പരിചിതങ്ങളായിത്തീർന്നിട്ടുള്ളതും, നമ്മുടെ ഭാഷയിൽത്തന്നെ സ്വരഭാരത്തിന്റെ സ്ഥാനവിനിമയംകൊണ്ടു് പിടാക, പ്പാകയായും, പലാശ-പ്പ്ലാശായും, വിളാകം വ്ളാകമായും, തമ്പുരാക്കൾ തമ്പ്രാക്കളായും, എന്നിയേ എന്യേ ആയും സംയുക്തവ്യഞ്ജനഘടിതങ്ങളായി പരിണമിച്ചിട്ടുള്ളതും ഈ പ്രകൃതത്തിൽ സ്മർത്തവ്യമാണു്.

(ന) ദ്രാവിഡഭാഷകളിലെ ലിങ്ഗവ്യവസ്ഥകൾ ഇൻഡോയൂറോപ്യൻഭാഷകളിൽ ഉള്ളതിൽനിന്നും പല അംശങ്ങളിലും വ്യത്യസ്തമാണു്. സംസ്കൃതം, ലാററിൻ തുടങ്ങിയവയിൽ സ്ത്രീപുംനപുംസകഭേദം ഏറിയകൂറും ആരോപിതവും പദങ്ങളുടെ രൂപഭേദത്തെ സാരമാംവണ്ണം നിയന്ത്രിക്കുന്നതും ആകുന്നു. അതുകൊണ്ടു് വൃക്ഷശബ്ദം രാമശബ്ദംപോലെയും, ലതാശബ്ദം രമാശബ്ദംപോലെയും, കളത്രശബ്ദം ജ്ഞാനശബ്ദംപോലെയും സംസ്കൃതത്തിൽ എല്ലാ വിഭക്തികളിലും നിഷ്പന്നങ്ങളായിത്തീരുന്നു. ദ്രാവിഡഭാഷകളിലാകട്ടെ മനുഷ്യർ, ദേവന്മാർ തുടങ്ങി വ്യക്തതരമായ ചേതനത്വം ഉള്ള വസ്തുക്കളിൽ പുരുഷൻ എന്നോ, സ്ത്രീ എന്നോ ഉള്ള വ്യത്യാസം നിയമേന പരിഗണിക്കപ്പെടുന്നു. പക്ഷിമൃഗാദികളിലും, വിവക്ഷയുണ്ടെങ്കിൽ, സ്ത്രീപുരുഷഭേദം ഭാവനം ചെയ്യപ്പെടുന്നുണ്ടു്. ചേതനത്വം തീരെ കുറഞ്ഞ ജന്തുക്കളും അചേതനങ്ങളും നപുംസകകോടിയിലാണു് തള്ളപ്പെട്ടിരിക്കുന്നതു്. ഒരു വ്യക്തിയിലുള്ള പുംസ്ത്വത്തേയോ സ്ത്രീത്വത്തേയോ ഗണിക്കാതെ ചിലപ്പോൾ അതിനെക്കൂടി നപുംസകസജാതീയമായി വക്ഷിക്കുന്നതിനും ദ്രാവിഡഭാഷകളിൽ ഉദാഹരണങ്ങൾ ഉണ്ടു. ഇങ്ങനെ വ്യക്തികളിൽ സങ്കല്പിക്കപ്പെടുന്ന ലിങ്ഗഭേദത്തിനു് ദ്രാവിഡഭാഷകളിൽ രൂപഭേദത്തെ സംബന്ധിച്ചിടത്തോളം ഏററവും പരിമിതമായ വ്യാപ്തി മാത്രമേ ഉള്ളു. അവൻ, അവൾ, അതു്; ഇവൻ, ഇവൾ, ഇതു; ഏവൻ, ഏവൾ,

ഏയ്—എന്ന തുടങ്ങി സർവനാമങ്ങളിലും, വന്താൻ, വന്താൾ, വന്തുത് എന്ന തുടങ്ങി പ്രഥമപുരുഷപ്രത്യയാന്തങ്ങളായ ആഖ്യാതരൂപങ്ങളിലും, നല്ലവൻ, നല്ലവൾ, നല്ലത്, മിടുക്കൻ, മിടുക്കി, എന്ന തുടങ്ങി ധർമ്മിവാചകങ്ങളായ നാമങ്ങളിലും, കറവൻ, കറത്തി, പുലയൻ, പുലച്ചി (പുലയി) എന്ന തുടങ്ങി ജാതിവാചകങ്ങളായ നാമങ്ങളിലും മാത്രമേ ലിങ്ഗഭേദദ്യോതകങ്ങളായ അംശങ്ങൾ ദൃശ്യങ്ങളാകുന്നുള്ളൂ.

(൬) ദ്രാവിഡഭാഷകളിൽ ഏകവചനം, ബഹുവചനം എന്നിങ്ങനെ രണ്ടു വചനങ്ങൾ മാത്രമേ ഉള്ളൂ. ഇക്കാര്യത്തിൽ ദ്രാവിഡഭാഷകൾക്ക് നവീനേൻഡോആര്യൻഭാഷകളോടും മുണ്ഡാഭാഷകളോടും ആണ് സാദൃശ്യം കാണുന്നത്. സംസ്കൃതം, ലാറ്റിൻ തുടങ്ങിയ ഇൻഡോയൂറോപ്യൻഭാഷകളിലാകട്ടെ ദ്വിവചനം ക്രടി ഉണ്ട്. നപുംസകപ്രകൃതികളോട് ബഹുവചനപ്രത്യയം ചേർന്നുള്ള രൂപങ്ങൾ ദ്രാവിഡഭാഷകളിൽ വിരളങ്ങളാണ്. നപുംസകനാമങ്ങളുടെ വ്യക്തിഭേദം ഗണ്യമാകുന്നില്ലെന്നുള്ളതിനു പുറമേ ബഹുത്വസൂചകങ്ങളായ ഉപപദങ്ങൾ മുൻചിലോ പിൻചിലോ ചേർക്കുന്നതുകൊണ്ടുക്രടിയാണ് അവയിൽ ബഹുവചനപ്രത്യയം പ്രായേണ അനപേക്ഷണീയമായിരിക്കുന്നത് എന്നുവിചാരിക്കാം. ഇങ്ങനെയുള്ള പ്രയോഗങ്ങൾ മിക്ക ദ്രാവിഡഭാഷകളിലും കണ്ടെത്തുവാൻ കഴിയും. Mal. ഒരുപാടുമരം (oṟupāṭe maram) lit. 'many tree'; Tam. nālu māḍu 'four oxen' lit. four ox, Kod. dumba jana 'many people; Kan. eṣṭu talegimbu 'how many pillows'; Tuḷu sumāru kukku' many mangoes.

സംസ്കൃതരീതിയെ അനുകരിച്ച് ബഹുവചനപ്രത്യയം ചേർന്നുള്ള നപുംസകനാമങ്ങൾ വരമൊഴിയിൽ പലയിടത്തും സ്ഥാനം പിടിച്ചുകാണുന്നുണ്ട്.

(൭) വിശേഷണവിശേഷ്യങ്ങൾക്ക് ലിങ്ഗവിഭക്തിവചനങ്ങളിൽ സംസ്കൃതത്തിൽ കാണുന്നതുപോലുള്ള പൊരുത്തം ദ്രാവിഡഭാഷകളിൽ ഇല്ല. ഉത്തമഃ പുരുഷഃ, ഉത്തമാ സ്ത്രീ, ഉത്തമം കുലം, ഉത്തമാനാം പുരുഷാണാം, ഉത്തമാസു സ്ത്രീഷു, ത്രീണി ഉത്തമഫലാനി എന്നിങ്ങനെയുള്ള പ്രയോഗങ്ങൾക്ക് എതിരായി മലയാളത്തിൽ നല്ല പുരുഷൻ, നല്ല സ്ത്രീ, നല്ല കുലം, നല്ല പുരുഷന്മാരുടെ, നല്ല സ്ത്രീകളിൽ, മൂന്നു മാങ്ങ എന്നിങ്ങനെ എല്ലായിടത്തും വിശേഷണശബ്ദം സരൂപമായിട്ടാണല്ലോ കാണപ്പെടുന്നത്. വസ്തുസ്ഥിതി ഇപ്രകാരമാണെങ്കിലും മണിപ്രവാളകൃതികളിൽ അവിടവിടെ:—

പ്രതിപ്രത്യോജ്ജ്വചാങ്ഗിക്കതുലതുണനിധിക്കംഗനാമൌലിമാല-
യ്ക്കാതുംഗാഭോഗപീനസ്തനഭരവിനമന്മധ്യവല്ലിക്കകാണ്ഡ
സീതയ്ക്ക്' ... ...

നലമുള്ളായ നവതുണപരിമളനെ,
നളനെന്നൊരു ഗുപനെ അവം വരിച്ചു'—

എന്നിങ്ങനെയുള്ള പ്രയോഗങ്ങളും സംസ്കൃതപക്ഷപാതികളായ കവികളും നിബന്ധിച്ചിട്ടില്ലെന്നില്ല.

(ൻ) ഉത്തമപുരുഷസർവനാമത്തിന് ബഹുവചനത്തിൽ മിക്ക ദ്രാവിഡഭാഷകളിലും രണ്ടു രൂപങ്ങളും കാണുന്നുണ്ട്. അവയിൽ ഒന്ന് പ്രതിപത്ഗുപക്ഷത്തേക്കുടി ഉൾക്കൊള്ളുന്നതും[1] മറെറാന്ന് സ്വപക്ഷത്തെമാത്രം പരാമർശിക്കുന്നതും[2] ആകുന്നു. ഉദാ:

Inclusive (പ്രതിപത്ഗുപക്ഷത്തേക്കുടി ഉൾക്കൊള്ളുന്നത്) Mal. നാം (nām) Ta. nām, Kod. naṅga, Tuḷu nama, Tel. manamu.

Exclusive (സ്വപക്ഷത്തെ മാത്രം പരാമർശിക്കുന്നത്) Mal. ഞങ്ങൾ (ñaṅṅaḷ) Tam. nāṅgaḷ, Kod. eṅga Tuḷu eṅkuḷu Tel. nēmu

(ഫ o) ക്രിയാധാതുക്കളായ ധാതുക്കളിൽനിന്നും വിധിരൂപം[3] എന്നപോലെ നിഷേധരൂപവും[4] നിഷ്പാദിപ്പിക്കുന്ന ഒരു സമ്പ്രദായം മിക്ക ദ്രാവിഡഭാഷകളിലും കാണുന്നത് സംസ്കൃതം തുടങ്ങിയ ആര്യഭാഷകളിൽ പരിചിതമല്ല. പ്രകൃതിയോട് നേരിട്ടെന്ന തോന്നുമാറ് പുരുഷപ്രത്യയം ചേർന്നുണ്ടാകുന്ന രൂപത്തിന് നിഷേധാർത്ഥം വന്നുകൂടുന്നു. പ്രകൃതിയുടേയും പുരുഷപ്രത്യയത്തിന്റേയും ഇടയ്ക്ക് കാലത്തേയോ പ്രകാരത്തേയോ കുറിക്കുന്ന പ്രത്യയമോ മറെറാ ചേരുകയുണ്ടെങ്കിൽ വിധ്യർത്ഥം മാത്രമാണുള്ളത്. ഉദാ:

Tam. pōgēn, Tel. pōvanu and Kan. pōgenu 'I go not. Tam. vāḻ-ēn 'I flourish not', തമിഴിലെ vāḻ-gir-ēn 'I flourish,' vāḻ-nd-ēn, 'I flourished, vāḻ-v-ēn 'I will flourish' എന്നിങ്ങനെ കാലപ്രത്യയം ചേർന്നുള്ള രൂപങ്ങളെ മേൽ ഉദ്ധരിച്ചിട്ടുള്ള നിഷേധരൂപങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുക. ഇവയിൽ ആദ്യത്തെ മാതിരി

1. Inclusive.
2. Exclusive.
3. Affirmative.
4. Negative.

രൂപങ്ങൾക്ക് തമിഴിൽ വിരളമായിട്ട് വിധ്യർത്ഥവും നിഷേധാർത്ഥവും സന്ദർഭാനുസാരേണ ഗ്രഹിക്കപ്പെട്ടുന്നുണ്ട്. 'നീ ചെയ്യായ്' എന്നതിനു 'നീ ചെയ്യും' എന്നോ 'നീ ചെയ്യുകയില്ല' എന്നോ അർത്ഥം ആകാമെന്നു കാണുന്നു. അതുപോലെ 'അവൻ സഹിക്കും' എന്നുള്ളതിനും 'അവൻ സഹിക്കുകയില്ല എന്നുള്ളതിനും 'നോവാൻ' എന്ന സാമാന്യരൂപം പ്രയുക്തമാകുന്നു. നന്നൂൽ എന്ന വ്യാകരണഗ്രന്ഥത്തിൽ തന്നെ 'ചാവാൻ' എന്നതിന് 'അവൻ ചാകും' എന്നും 'അവൻ ചാകുകയില്ല എന്നും അർത്ഥം ഉള്ളതായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

(ക) ആര്യഭാഷകളിൽ ഉള്ളതുപോലെ ദ്രാവിഡഭാഷകളിൽ വ്യപേക്ഷകസർവനാമം ചേർത്തുള്ള പ്രയോഗരീതി നടപ്പില്ല. എല്ലാ ധാതുക്കളിൽനിന്നും വർത്തമാനാദികാലങ്ങളെ സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ ചേർന്നുള്ള കൃദന്തരൂപങ്ങൾ[1] ദ്രാവിഡഭാഷകളിൽ നാമാംഗവാക്യത്തിന്റെ[2] സ്ഥാനം വഹിക്കുവാൻ പ്രാപ്തരാണ്. 'യത് പുസ്തകം ത്വം മഹ്യം ദദാസി തദഹമധ്യാചയമ്' എന്ന സംസ്കൃതത്തിലും 'I read the book which you gave me' എന്ന് ഇംഗ്ലീഷിലും കാണുന്നതിന് നേരായി മലയാളത്തിൽ 'നീ എനിക്കു തന്ന പുസ്തകം ഞാൻ വായിച്ചു' എന്നുള്ള രൂപമാണ് 'നീ യാതൊരു പുസ്തകം എനിക്കു തന്നുവോ അതു ഞാൻ വായിച്ചു' എന്നുള്ള രൂപത്തെക്കാൾ സ്വാഭാവികമായിട്ടുള്ളതു്. സംസ്കൃതഗ്രന്ഥങ്ങളുടെ വ്യാഖ്യാനത്തിലും മറ്റും 'യാതൊരു രൂപാദാനകൊണ്ടു നമുചിയാകിൻറ ദൈത്യവരൻ അതാമൂട്ടുകളായി പുവന്ന് അതികോമളങ്ങളായിരുന്ന നഖമണിനികരങ്ങളാൽ ബന്ധുജീവകസുമസദൃശച്ഛായമായിരുന്ന അംബരമാസ്ത്തികൽ മേൽനോക്കി എട്ടുത്തെറിയപ്പെട്ടിതു ത്രിഭുവനോത്സവഹേതുകമായിരുന്ന ഇന്ദ്രാവരജൻ ഉപേന്ദ്രൻതിരുവടിയുടെ ആ പാദാരവിന്ദം നിങ്ങളെ നിത്യമായി രക്ഷിപ്പതാക[3]

'യാതൊൻറ മഹാരാജ നിയോഗമതവണ്ണമേ'

എന്നിങ്ങനെ കാണുന്നതിൻറെ അനുകരണം കൊണ്ടാണ് വ്യപേക്ഷകസർവനാമം കലർന്നുള്ള പ്രയോഗങ്ങൾ വരമൊഴിയിൽ അവിടവിടെ സ്ഥാനം പിടിച്ചിട്ടുള്ളതു്.

---

1. Participles.
2. Noun clause.
3. Rāmavarma Granthāvali, No. 85, p. 5, (Dūtavākyam)

(ക്ര൨) സംസ്കൃതം, തുടങ്ങിയ ഇൻഡോയൂറോപ്യൻഭാഷകളിൽ ഉള്ളതുപോലെ കർമ്മണിപ്രയോഗം ദ്രാവിഡഭാഷകളിൽ കാണാവുന്നതല്ല. എന്നാൽ സംസ്കൃതഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളിലും തർജ്ജമകളിലും സംസ്കൃതഭാഷയിലുള്ള പ്രയോഗരീതിയെ അതേപടി പകർത്തുന്നതിനുവേണ്ടി 'കിരാതനാൽ മൃഗം കൊല്ലപ്പെട്ടു' എന്നിങ്ങനെ 'പെടുക' എന്നുള്ള അനുപ്രയോഗധാതു ചേർത്തു കർമ്മണിപ്രയോഗം എന്ന നിലയിൽ ഒരു തരം വാക്യസമ്പ്രദായം ആവിർഭവിക്കുവാൻ ഇടവന്നിട്ടുള്ളതു് പ്രസ്താവ്യമാകുന്നു. ആധുനികങ്ങളായ സ്വതന്ത്രകൃതികളിലും സംസ്കൃതത്തിനേയും ഇംഗ്ലീഷിനേയും അനുകരിച്ചു് പലയിടങ്ങളിലും കർമ്മണിപ്രയോഗം സ്ഥാനം പിടിച്ചിട്ടുണ്ടു്. കർമ്മണിപ്രയോഗം വായ്മൊഴിയിൽ തീരെ ഇല്ലാത്ത സ്ഥിതിക്കു് അതു് ദ്രാവിഡഭാഷകളുടെ ശൈലിക്കു് ചേർന്നതല്ലെന്നു് നിർവ്വിവാദമായും പറയാം. അകപ്പെടുക, ഉരിപ്പെടുക ഇത്യാദി സ്ഥലങ്ങളിൽ കർമ്മകാരകത്തിനു് പ്രാധാന്യവിവക്ഷ ഇല്ലാതെതന്നെ 'പെടുക' എന്നുള്ള അനുപ്രയോഗധാതു ഭാഷയിൽ പരിചിതമാണു്. 'അപ്പെടുക' എന്നുള്ളതിനെത്തന്നെ വരമൊഴിയിൽ 'ഉണ്ടാക്കപ്പെട്ടു', 'കാണപ്പെട്ടു' എന്നു തുടങ്ങിയ ക്രിയാരൂപങ്ങളിൽ കർമ്മപ്രാധാന്യം ഉദ്ഘാടിക്കുവാൻകൂടി ശക്തിയുള്ള നിലയിൽ ഗ്രന്ഥകാരന്മാർ കൽപ്പിച്ചു എന്നേയുള്ളു.

(ക്ര൩) സമുച്ചയാർത്ഥകമായ ഘടകപദം ചേർത്തു് ക്രിയാപദങ്ങളെ സമുച്ചയിക്കുന്നതിൽ ദ്രാവിഡഭാഷകൾക്കു് സംസ്കൃതാദ്യാര്യഭാഷകളിൽനിന്നും സ്പഷ്ടമായ വ്യത്യാസം ഉണ്ടു്. സംസ്കൃതത്തിലും മറ്റും ക്രിയാരൂപങ്ങളെ കാലപുരുഷവചനപ്രത്യയകങ്ങളായ അംശങ്ങളോടുകൂടിത്തന്നെ സംയോജിപ്പിക്കുകയാണു് സമുച്ചയനിപാതം ചെയ്യുന്നതു്. ഇതിലേക്കു് 'ഹനുമാൻ അബ്ധിമതരത്; സീതാമപശ്യത്; ലങ്കാമദാഹയത്; ശീഘ്രം പ്രത്യാഗത്യ സ്വാമിനം ശ്രീരാമദേവം സീതാവൃത്താന്തമബ്രവീച്ച' എന്നുള്ള സംസ്കൃതവാക്യം ഒരു ദൃഷ്ടാന്തമത്രേ. ദ്രാവിഡഭാഷകളിലാകട്ടെ ധാതുക്കളിൽനിന്നും നടവിനയെച്ചത്തിന്റെ രൂപങ്ങൾ ഉപാദാനം ചെയ്തു് അവയിൽ ഓരോന്നിനോടും സമുച്ചയനിപാതം ചേർക്കുകയും എല്ലാറ്റിന്റെയും ഒടുവിലായി കാലാദിദ്യോതകവിശിഷ്ടമായ ഏതെങ്കിലും ഒരു അനുപ്രയോഗധാതു നിഷ്പാദിക്കുകയും ചെയ്യുകയാണു് പതിവു്. മേൽക്കാണിച്ച സംസ്കൃതവാക്യത്തെത്തന്നെ മലയാളത്തിലേക്കു് തർജ്ജമ ചെയ്യുകയാണെങ്കിൽ 'ഹനുമാൻ സമുദ്രം തരണം ചെയ്യുകയും, സീതയെ കാണുകയും, ലങ്കയെ ദഹിപ്പിക്കുകയും, തിരിച്ചു

വന്ന് സ്വാമിയായ ശ്രീരാമദേവനോട് സീതാവൃത്താന്തം പറയുകയും ചെയ്തു' എന്നുള്ള നിലയിൽ ആകും. ക്രിയ നടക്കുന്നതു് ഏതു കാലത്തിലായാലും വേണ്ടില്ല, അന്യപ്രയോഗധാതുവിനോടുമാത്രം കാലവാചിയായ പ്രത്യയം കൂട്ടിച്ചേർത്താൽ മതി.

ന്യൂ. ദ്രാവിഡഭാഷകളുടെ സാമാന്യസ്വഭാവങ്ങളിലും, ഇൻഡോയൂറോപ്യൻ ഗോത്രഭാഷകളിൽനിന്ന് ദ്രാവിഡഭാഷകൾക്കുള്ള വിജാതീയതകളിലും പ്രധാനപ്പെട്ടവയെ മാത്രമാണ് ഇവിടെ വിവരിച്ചിട്ടുള്ളൂ. ഈ രീതിയിൽ ദ്രാവിഡഭാഷകളുടെ ആന്തരപ്രകൃതിയെ മനസ്സിൽ വെച്ചുകൊണ്ട് മറ്റു ഭാഷകളെ താരതമ്യബുദ്ധ്യാ പഠിക്കുമ്പോൾ ദ്രാവിഡഭാഷാഗോത്രത്തിന്റെ വ്യവസ്ഥാപനത്തിന് സഹായകങ്ങളായ തെളിവുകൾ മേൽക്കുമേൽ ലഭിക്കുന്നതാണ്.

ദ്രാവിഡഭാഷകളുടെ പരസ്പരബന്ധം.

ന്യൂ ൩. ദ്രാവിഡഗോത്രത്തിൽ ഉൾപ്പെട്ട ചില ഭാഷകൾക്ക് തമ്മിൽ കൂടുതൽ അടുപ്പവും മറ്റു ചില ഭാഷകൾക്ക് തമ്മിൽ അകൽച്ചയും പ്രത്യക്ഷമാകുന്നുണ്ട്. തമിഴും മലയാളവും ഒരേ ശാഖയുടെ രണ്ടു പിരിവുകളായി പരിഗണിക്കത്തക്കവണ്ണം സാധർമ്മ്യം ആവഹിക്കുന്നവയാണ്. ഒരു തമിഴൻ പറയുന്നതു് ഒരു മലയാളിക്കും ഒരു മലയാളി പറയുന്നതു് ഒരു തമിഴനും വലിയ പ്രയാസം കൂടാതെ ഗ്രഹിക്കുവാൻ സാധിക്കുന്നുണ്ടല്ലോ. പ്രാചീനമലയാളസാഹിത്യം തമിഴിന്റെ പ്രാബല്യത്തിന് അതിമാത്രം വിധേയമായിട്ടുണ്ടെങ്കിലും മലനാട്ടിലെ വ്യവഹാരഭാഷ പല വിഷയങ്ങളിലും തമിഴിനെ അപേക്ഷിച്ചു് പ്രാചീനതരമാണെന്ന് നിർണ്ണയിക്കുവാൻ കഴിയും. പ്രകൃത്യംശത്തിലും പ്രത്യയാംശത്തിലും കണ്ണാടകത്തിന് തെലുങ്കിനോടു് ഉള്ളതിനെക്കാൾ തമിഴിനോടു് കൂടുതൽ ചാർച്ച വെളിപ്പെടുന്നതുകൊണ്ടു കണ്ണാടകത്തിനും തമിഴിനും തെലുങ്ക് പിരിഞ്ഞുപോയതിനുശേഷവും സമാനമായ ഒരു ദശ ഉണ്ടായിട്ടുണ്ടെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. കുമാരിലഭട്ടന്റെ ആന്ധ്രദ്രാവിഡഭാഷാ എന്നുള്ള വ്യവഹാരത്തിൽ ആന്ധ്രഭാഷയെ (തെലുങ്കിനെ) മറ്റു ദ്രാവിഡഭാഷകളിൽനിന്നും വേർതിരിച്ചു് നിർദ്ദേശിച്ചിട്ടുള്ളതുതന്നെ അതിന്റെ അകൽച്ച പരക്കെ സമ്മതിക്കപ്പെട്ടിരുന്നുവെന്നു് തെളിയിക്കുമല്ലോ. കണ്ണാടകതമിഴുകളിൽ വെച്ചു് തെലുങ്കിനോടു് കൂടുതൽ യോജിപ്പു് കണ്ണാടകം പ്രദർശിപ്പിക്കുന്നുവെന്നുള്ളതും വകതിരിവുമാത്രേ. സർവനാമങ്ങളിൽ നിർദ്ദേശികയും സംബോധികയും ഒഴിച്ചുള്ള വിഭക്തികളുടെ ഏകവചനരൂപങ്ങളിലും, വർത്തമാനപ്രത്യയങ്ങളിലും കണ്ണാടകത്തിനും തെലുങ്കിനും

പ്രകടമായ സാദൃശ്യം ഉണ്ട്. പദാരംഭത്തിൽ ഘോഷപ്രയത്നകങ്ങളായ സ്പർശങ്ങളെ പുലർത്തിപ്പോരുന്നു വിഷയത്തിലും കണ്ണാടകതെലുങ്കുകൾ സമാനമായ നില കൈക്കൊള്ളുന്നു. ദക്ഷിണദ്രാവിഡത്തിലെ അസംപുഷ്ടങ്ങളായ ദ്രാവിഡഭാഷകളിൽ[1] ഉള്ള, ക്രർഗ്, കോത, തൊദ എന്നിവ അഗമികമായി കണ്ണാടകതമിഴുകളുടെ ഇടയ്ക്കുള്ള ഒരു ദശയുടെ പ്രാതിനിധ്യം വഹിക്കുന്നവയത്രേ. അവതാട്ടുക്കുടി ഉള്ള, കണ്ണാടകത്തിനോടും, ക്രർഗ്, കോത, തൊദ എന്നിവ തമിഴിനോടും അടുത്ത് അടുത്തിരിക്കുന്നതു് എന്നുള്ളതും പ്രസ്താവ്യമായിട്ടുണ്ട്. കുറുക്, മൽതോ എന്നിവയ്ക്കു് കർണ്ണാടകതമിഴുകളുടെ അന്തരാളദശ തന്നെയാണ് കൽപ്പിക്കേണ്ടതായിരിക്കുന്നതു്. കുറുക്കിലും മൽതോവിലും സർവനാമങ്ങളും പ്രായേണ പ്രാചീനതമിഴിലും പ്രാചീനകണ്ണാടകത്തിലും ഉണ്ടായിരുന്നവയോടു് സദൃശങ്ങളത്രേ. ക്രിയയുടെ വർത്തമാനകാലരൂപം കർണ്ണാടകത്തിൽ ഉള്ളതിനോടും ഭൂതകാലരൂപം തമിഴിൽ ഗ്രാമ്യഭാഷയിൽ ഉള്ളതിനോടും സദൃശങ്ങളാകുന്നു. ഈ ഭാഷകളും സമീപസ്ഥങ്ങളായ കുയി, ഗോണ്ഡി, തെലുങ്കു, എന്നിവയെ അനുഗമിച്ചിട്ടുള്ളതിനും ലക്ഷ്യങ്ങളും ഇല്ലാതില്ല. പ്രഥമപുരുഷസർവനാമത്തിനു് സ്ത്രീനപുംസകഭേദത്തിന്റെ അഭാവവും നാമങ്ങളിൽ പ്രതിഗ്രാഹികാവിഭക്തികളിൽ പൃഥക്കായ അങ്ഗകല്പനയുടെ അഭാവവും[2] മേൽപ്പറഞ്ഞതിനു് നിദർശനങ്ങളാണു്. തമിഴ് കണ്ണാടകങ്ങളും ഉൾപ്പെട്ട ശാഖയേയും തെലുങ്കിനേയും സംയോജിപ്പിക്കുന്ന ശൃങ്ഖലകളാണു് കുയിയും ഗോണ്ഡിയും. ഇവയുടെ വ്യാകരണകാര്യങ്ങളിൽ തമിഴ് കർണ്ണാടകങ്ങളോടു് കൂടുതൽ ചാച്ചു കാണുന്നു. അതുകൊണ്ടു് ഈ ഭാഷകളും തമിഴ് കർണ്ണാടകങ്ങൾക്കു് മാതൃസ്ഥാനം വഹിച്ചിരുന്ന ശാഖയിൽനിന്നും പിരിഞ്ഞുപോയവ ആയിരിക്കുവാനാണു് വഴിയുള്ളതു്. കേലാമീ, നൈകി, ചീലി എന്നിവയാകട്ടെ ഉത്പാദിപ്പിച്ചുകൊണ്ടു തമിഴ് കർണ്ണാടകങ്ങളുടേയും തെലുങ്കിന്റെയും മധ്യവർത്തികളാണെന്നുള്ളതോടുകൂടി ഇന്നത്തെ നിലയ്ക്കു് ഗോണ്ഡിയേയും തെലുങ്കിനേയും കൂട്ടിയിണക്കുവാൻ ഉതകുകയും ചെയ്യുന്നു. ബലൂചിസ്ഥാനിലെ ബ്രാഹുയി മറ്റുള്ള ദ്രാവിഡഭാഷകളിൽനിന്നെല്ലാം ഭിന്നമായ ഒരു ശാഖയായിട്ടാണ് വീക്ഷിക്കപ്പെടേണ്ടിയിരിക്കുന്നതു്. ഈ ഭാഷ വളരെക്കാലം മുൻപുതന്നെ മൂലദ്രാവിഡഭാഷയിൽനിന്നും പിരിഞ്ഞുപോയിരിക്കണം. അന്യഭാഷകളോടുള്ള സമ്പർക്കംകൊണ്ടു് ബ്രാഹുയി

---

1. Uncultivated Dravidian dialects.
2. Absence of the oblique case.

യിക്കു വളരെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഒരു ഭാഷയുടെ ഗോത്ര നിർണ്ണയത്തിന് പ്രയോജകീഭവിക്കുന്ന വ്യാകരണകാര്യങ്ങളിലും പദപ്രകൃതികളിലും ഇതരദ്രാവിഡഭാഷകളോട് പ്രസ്പഷ്ടമായ വേഴ്ച അവശേഷിക്കുക തന്നെ ചെയ്യുന്നു.

ന്യൂ. ഇൻഡ്യയിലുള്ള ആര്യഭാഷകളിൽ മറ്റ് ഇൻഡോയൂറോപ്യൻഭാഷകളിൽ നിന്നും വർണ്ണവിപരിണാമനയം, ശ്രുപനിഷ്ഠാടനം വാക്യഘടന എന്നിവയിൽ ചില വ്യത്യാസങ്ങൾ വന്നിട്ടുള്ളതിനേയും നൂതനങ്ങളായ പല പദപ്രകൃതികളും കടന്നുകൂടിയിട്ടുള്ളതിനേയും ആസ്പദമാക്കി പല പണ്ഡിതന്മാരും ചർച്ചകൾ നടത്തിയിട്ടുണ്ട്. മദ്ധ്യമകാലീനങ്ങളായ ഇൻഡോആര്യൻഭാഷകളുടെ സമുദയത്തിന് തന്നെ നിദാനമായിത്തീർന്നത് ആര്യഭാഷകളുടെ ഇതരഭാഷാസമ്പർക്കമാണെന്ന് ചിലർ അഭ്യൂഹിക്കുന്നു. ഇൻഡ്യയിൽ ആര്യന്മാരുടെ പ്രവേശനകാലത്തു് പ്രചരിച്ചിരുന്ന ദ്രാവിഡഭാഷകളുടെ സമാവേശമാണ് സംസ്കൃതത്തിലും പ്രാകൃതത്തിലും മറ്റു സഗോത്രഭാഷകളിൽ നിന്നും കാണപ്പെടുന്ന അകല്പ്പുഷ്ക്ക് ഏറിയകൂറും അധിഷ്ഠാനമായിത്തീർന്നതെന്നു പ്രബലമായ ഒരു പക്ഷം പുറപ്പെട്ടിട്ടുള്ളതിനെപ്പറ്റി അല്പം വിചിന്തനം ചെയ്യുന്നതു് അപ്രകൃതമായിരിക്കുകയില്ലല്ലോ.

ഇൻഡോ ആര്യൻ ഭാഷകളിലുള്ള ദ്രാവിഡഭാഷാസമാവേശം.

ന്യൂൻ. മറ്റുള്ള ഇൻഡോയൂറോപ്യൻഗോത്രഭാഷകളിൽ 'ല്' എന്ന വ്യഞ്ജനത്തോട് ചേർന്നുള്ള തവർഗ്യങ്ങളുടേയും സകാരത്തിന്റേയും സ്ഥാനത്തിൽ ടവർഗ്യങ്ങളും ഷകാരവും ആണ് സംസ്കൃതഭാഷയിൽ കാണപ്പെടുന്നതു്. സഗോത്രഭാഷകളിൽ അപരിചിതങ്ങളായ ഈ മൂർധന്യവ്യഞ്ജനങ്ങൾ ദ്രാവിഡഭാഷകളിൽ നിന്നും സ്വീകൃതങ്ങളാണെന്ന് ചിലർ വിചാരിക്കുന്നു. ദ്രാവിഡഭാഷകളിൽ രേഫലകാരങ്ങൾക്ക് അന്യോന്യവിപര്യയം കാണുന്നുണ്ടെന്നു പ്രസ്താവിച്ചിട്ടുള്ളതിനെ ആസ്പദമാക്കി ലൗകികസംസ്കൃതത്തിൽ ലകാരം വൈദികസംസ്കൃതത്തിലും ഇറേനിയൻഭാഷയിലും ഉള്ള രേഫത്തിന്റെ സ്ഥാനത്തു വന്നിട്ടുള്ളതിന് ഹേതുവായിട്ട് ദ്രാവിഡഭാഷാസമ്പർക്കത്തെ പ്രദർശിപ്പിക്കുന്നവരും ഉണ്ട്. പ്രാകൃതഭാഷകളിലും പാലിയിലും ഐ, ഔ, ഋ, ൠ, ഌ എന്നീ സ്വരങ്ങളുടെ തിരോധാനത്തിനും എ, ഒ-എന്നീ ഹ്രസ്വസ്വരങ്ങളുടെ ആവിർഭാവത്തിനും സംയുക്തവ്യഞ്ജനങ്ങളുടെ ഇടയ്ക്ക് സ്വരയോഗത്തിനും വേണ്ടുവോളം സഹായകമായിത്തീർന്നതും ദ്രാവിഡ

ന്യൂൻ. വർണ്ണവിഷയകം.

ഭാഷാഗോത്രമാണെന്ന് പലരും വിചാരിച്ചുപോരുന്നു. വ്യത്യസ്തവ്യഞ്ജനങ്ങളുടെ സംയോഗത്തിൽ ഭേണി (Sk. ഭ്രോണി-) ഗാമ (Sk. ഗ്രാമ-), ഥാണ-(Sk. സ്ഥാന) എന്നിങ്ങനെ പദാരംഭത്തിലാണെങ്കിൽ ഒന്നാമത്തേതു ശേഷിക്കുകയും, പുത്ത-(Sk. പുത്ര-), സത്തി-(Sk. ശക്തി-), ചക്ക-Sk. ചക്ര-) എന്നിങ്ങനെ പദമധ്യത്തിലാണെങ്കിൽ ഒന്നിന്റെ മുറ്റതന്റെ സദൃപത ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതും, ശകാരഷകാരങ്ങളുടെ സ്ഥാനത്തിൽ ക്രമേണ സകാരം വന്നിട്ടുള്ളതും, സപരമധ്യത്തിലുള്ള അഘോഷവ്യഞ്ജനങ്ങൾക്ക് ഘോഷത്വം സംഭവിച്ചിട്ടുള്ളതും നാം മധ്യകാലീനങ്ങളായ ഇൻഡോആര്യൻഭാഷകളിൽ കാണുന്നതു് ദ്രാവിഡഭാഷാസമാവേശത്തിന്റെ ഫലമാണെന്നു മറാട്ടിയിൽ താലവ്യങ്ങൾക്ക് തെലുങ്കിലെന്നപോലെ ഉച്ചാരണദൈർഘ്യം കാണപ്പെടുന്നതും ഋകാരത്തിനു സകാരം സം (Sk ഋല-) സടി (Pk. ഋടഠി) എന്നിങ്ങനെ ചിലയിടത്തു് ആദേശിച്ചിട്ടുള്ളതും സിംഹളീസിലും മറ്റും സകാരം ഹകാരമായി പരിണമിച്ചിട്ടുള്ളതും നവീനോൻഡോആര്യൻഭാഷകളിൽ ദ്രാവിഡഭാഷാസമ്പർക്കത്തിന്റെ ഫലത്തെ നിദർശിപ്പിക്കുന്നുവെന്ന് വിഭാവനം ചെയ്തിട്ടുള്ളവരും ഇല്ലാതില്ല.

ബ്ലൂംഫീൽഡ് തുടങ്ങിയവരുടെ അഭിപ്രായം

൧൦. വർണ്ണവിപരിണാമനയത്തെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ രീതിയിൽ ഇൻഡോആര്യൻഭാഷകളിൽ ദ്രാവിഡഭാഷാസമാവേശത്തെ അംഗീകരിക്കുന്നതിനു പകരം ചെയ്യുകൊണ്ടുള്ള മതങ്ങളെ ബ്ലൂംഫീൽഡ് തുടങ്ങി പലരും അനുകരിച്ചിട്ടില്ല.[1] സംസ്കൃതത്തിൽ മൂർധന്യവ്യഞ്ജനങ്ങളുടെ സമൃദ്ധിയിൽനിന്ന് ഗോത്രാന്തരഭാഷാസമ്പർക്കം പ്രയോജകീഭവിച്ചിട്ടുണ്ടായിരിക്കും എന്നതിൽ ബ്ലൂംഫീൽഡിനു് വിപ്രതിപത്തി ഇല്ല. പക്ഷേ ഈ വിഷയത്തിൽ ദ്രാവിഡഭാഷകളെക്കാൾ മുണ്ഡാഭാഷകളോ മൂർധന്യവ്യഞ്ജനങ്ങളെ പുലർത്തിയിരുന്ന മറ്റുവല്ല ഭാഷകളോ ആയിരുന്നിരിക്കണം സംസ്കൃതത്തിന് ആലംബമെന്ന് അദ്ദേഹം വിചാരിക്കുന്നു. ദ്രാവിഡഭാഷകളിലെന്നപോലെ സംസ്കൃതത്തിന്റെ അനുപ്രവേശകാലത്തു് പ്രചരിച്ചിരുന്ന മുണ്ഡാഭാഷകളിലും ദന്ത്യങ്ങളായ വ്യഞ്ജനങ്ങൾക്കു പുറമേ മൂർധന്യങ്ങളായ വ്യഞ്ജനങ്ങളും ഉണ്ടായിരുന്നു. പദാരംഭത്തിൽക്കൂടി മൂർധന്യവ്യഞ്ജനങ്ങൾ മുണ്ഡാഭാഷകളിൽ കാണുന്നുവെന്നുള്ളതു് ദ്രാവിഡഭാഷയിൽ നിന്നുള്ള വൈശിഷ്ട്യവും ആകുന്നു. വൈദികസംസ്കൃതത്തിൽ പല പദങ്ങളിലും ലകാരം, വൈദികസംസ്കൃതത്തിലും ഇറേനിയൻ ഭാഷകളിലും ഉള്ള രേഫത്തിന്റെ

1. See *Pre-Aryan and Pre-Dravidian*, pp. 35-46.

സ്ഥാനത്തിൽ വത്തിക്കുന്നതു് ദ്രാവിഡേതരസമ്പർക്കത്തിന്റെ ഫലമാണെന്നു വിചാരിക്കുന്നതു് യുക്തമല്ല. ലൗകികസംസ്കൃതം താഴ്ശസ്ഥലങ്ങളിൽ പ്രാചീനമായ ലകാരത്തെ അതേപടി പരിരക്ഷിക്കുകയാണു് വാസ്തവത്തിൽ ചെയ്യുന്നതു. ഈ വിഷയത്തിൽ വൈദികസംസ്കൃതവും ഇറേനിയൻഭാഷകളും തമ്മിൽ വ്യതിചലനത്തിന്റെ വിധേയമായിത്തീർന്നതു ദ്രാവിഡഭാഷകളിൽ ഉണ്ടെന്നു് കാണ്മാൻ പ്രസ്താവിക്കുന്ന രേഫലകാരവ്യവസ്ഥയുടെ സൂക്ഷ്മദൃഷ്ട്യാ നിരീക്ഷിക്കുമ്പോൾ അവയിൽ പറയത്തക്കവണ്ണം യാതൊരു സ്ഥാനവും പിടിച്ചിട്ടില്ലെന്നു് വ്യക്തമാകുന്നതാണു്. അതുകൊണ്ടു വൈദികസംസ്കൃതത്തിലും മറ്റും ഉണ്ടായിട്ടുള്ള രേഫതാപത്തിക്കു കൂടി മറ്റുമാർഗ്ഗങ്ങൾ ആരായേണ്ടതായിരിക്കുന്നു.

൫. സ്വരങ്ങളിൽ ചിലതിനു് നിരോധാനവും മറ്റു ചിലതിനു് ഹ്രാസവും സ്വരമധ്യത്തിലുള്ള വ്യഞ്ജനങ്ങൾക്കു് ഉച്ചാരണഭേദവും സംയുക്തവ്യഞ്ജനങ്ങളുടെ ഇടയ്ക്കു് സ്വരം ചേർന്നുള്ള ശൈഥില്യവും പ്രയത്നലാഘവപുരസ്കൃതമായ നയം അനുസരിച്ചു് ഏതൊരു ഭാഷയിലും പരാപേക്ഷകൂടാതെ തന്നെ സംഭവിക്കാം. അതിനാൽ മദ്ധ്യമകാലീനങ്ങളായ ഇൻഡോ ആര്യൻഭാഷകളിൽ ഐകാരവും ഔകാരവും ഇല്ലാതിരിക്കുന്നതിനും ക്ലൃക്ഷരങ്ങൾക്കു മുൻപു് ഇകാരവും ഉകാരവും ഏകാരവും ഓകാരവും ആയി മാറിപ്പോയിട്ടുള്ളതിനും ഌകാരവും ൠകാരവും മറ്റേതെങ്കിലും ഒരു സ്വരമായി പരിണമിച്ചിട്ടുള്ളതിനും സ്വരങ്ങളുടെ ഇടയ്ക്കു് അഘോഷങ്ങൾ ഘോഷങ്ങളായിട്ടുള്ളതിനും മറ്റും ദ്രാവിഡഭാഷാസമ്പർക്കത്തെ ഒരു ഉപാധിയായി കല്പിക്കേണ്ട ആവശ്യകതയില്ല. പ്രാകൃതഭാഷകളിലും പാലിയിലും എന്നപോലെ വൈദികസംസ്കൃതത്തിനു് മുൻപുള്ള ദശകളിൽ തന്നെ സംയുക്തവ്യഞ്ജനങ്ങളിൽ ഒന്നിനു് ലോപമോ സ്വരപരിണതിയോ കാണുന്നതുകൊണ്ടു് ആ അംശത്തിൽ ദ്രാവിഡഭാഷാസമാവേശത്തെ ആശങ്കിക്കുന്നതും അസ്ഥാനത്തിലാണു്. വ്യത്യസ്തങ്ങളായ വ്യഞ്ജനങ്ങൾ ചേർന്നുള്ള സംയോഗം തീരെ നഷ്ടമായിത്തീർന്നതു് മദ്ധ്യമകാലീനേൻഡോ ആര്യൻ ഭാഷകളിൽ ആണെന്നുള്ള മാറ്റിയിൽ താലവ്യവ്യഞ്ജനങ്ങൾക്കു് ഉച്ചാരണവൈവിധ്യം അർവാചീനദശയിൽ മായും ഉണ്ടായിട്ടുള്ളതാണു് എന്നു് സമാധിക്കാം കഴിയും. ഇതിനെ പരാരംഭത്തിൽ എ രേഫവും ഒകാരവും യകാരവകാരങ്ങൾ ചേർന്നു്, ഒപ്പം എന്നിങ്ങനെ മറാട്ടിയിൽ ഉച്ചരിക്കുന്ന രീതിയിലെപ്പോലെ എതുയും

നിസ്സാരമായി പരിഗണിച്ചാൽ മതിയാകും. കേവലം പ്രാദേശികങ്ങളും അവാചീനങ്ങളും ആയ ഇത്തരം ഉച്ചാരണവൈലക്ഷണ്യങ്ങളെ ആര്യദ്രാവിഡഭാഷകളുടെ മിഥോബന്ധം നിർണ്ണയിക്കുന്ന വിഷയത്തിൽ കെട്ടിപ്പൊക്കിക്കൊണ്ടുവന്നേതു് എത്രയും പരിഹാസ്യമായിരിക്കും എന്നാണ് ഷൂംബ്ലാക്കിന്റെ അഭിപ്രായത്തിന്റെ മുതൽക്കം.

൬൫. മധ്യമകാലീനേൻഡോ ആര്യൻ ഭാഷകളിൽ പ്രായേണ ശകാരഷകാരങ്ങളുടെ സ്ഥാനത്തിൽക്രമേ സകാരം വന്നിട്ടുള്ളതിനു് കാരണം ദ്രാവിഡഭാഷാസമ്പർക്കം ആണെന്നുള്ള അഭ്യൂഹത്തിന്റെ സംഗത്യവും സംശയാസ്പദമാണു്. മുണ്ഡാഭാഷകളിലും ദന്ത്യമായ ഉഷ്മാവു മാത്രമേയുള്ളൂ. ശകാരത്തിനു് സകാരവും സകാരത്തിനു് ഹകാരവും നവീനേൻഡോ ആര്യൻ ഭാഷകളിൽ അങ്ങിങ്ങു കാണുന്നതാണ്ടേ കേരവിധത്തിലും ദ്രാവിഡീയമല്ലെന്നും പ്രാദേശികപ്രത്തിൽ മാത്രം പൊട്ടിമുളച്ചിട്ടുള്ളതാണെന്നും അറിയുവാൻ പ്രയാസം ഇല്ല.

൬൬. ശ്രുതനിഷ്പാദനനയത്തിലും ഇൻഡോആര്യൻഭാഷകൾ ദ്രാവിഡഭാഷാസമാവേശത്തിനു് സാരമായവണ്ണം വിധേയങ്ങളായിട്ടുണ്ടെന്നു് സ്ഥാപിക്കുവാൻ ചിലർ ശ്രമിച്ചിട്ടുണ്ടു്.[1] വൈദികസംസ്കൃതത്തിലെ ക്രിയാശ്രുപവൈവിധ്യത്തിനു് ലൗകികസംസ്കൃതത്തിൽ ഗണനീയമായ കുറവു് വന്നിട്ടുള്ളതും ക്രിയാശ്രുപങ്ങൾക്കു് പകരം കൃന്തശ്രുപങ്ങൾ ആവിർഭവിച്ചിട്ടുള്ളതും ദ്രാവിഡഭാഷകളെ അനുകരിച്ചാണെന്നത്രേ, അവരുടെ അഭിപ്രായം. നവീനേൻഡോആര്യൻഭാഷകളിൽ കാലവാചികങ്ങളായ ക്രിയാശ്രുപങ്ങളിൽ ചിലതൊഴികെ മറ്റെല്ലാം പാടേ മറഞ്ഞുപോയിട്ടുണ്ടു്. ഹിന്ദിയിൽ ക്രിയകളുടെ വർത്തമാനശ്രുപം वह जाता है (വഹ് ജാതാ ഹൈ) 'അവൻ പോകുന്നു', मैं जाता हूँ (മേം ജാതാ ഹും) 'ഞാൻ പോകുന്നു' എന്നിങ്ങനെ ता (താ) എന്നുള്ള അങ്ഗക്രിയാപ്രത്യയം ചേർന്നു് നിഷ്പന്നമായിട്ടുള്ളതു് 'അവൻ പോകുന്നുണ്ടു്', 'ഞാൻ പോകുന്നുണ്ടു്' എന്നിങ്ങനെ മലയാളത്തിലും മറ്റും ഉണ്ടു് ഇന്ദ് എന്നതു് ചേർന്നു് ഉണ്ടായിട്ടുള്ള ശ്രുപങ്ങളുടെ നിഷ്പാദനസംപ്രദായത്തോടു് സാരൂപ്യം അവഹിക്കുന്നതായി അവർ പക്ഷാന്തരം ഭർശിക്കുന്നു. കൃത്വാ, ഗന്താ എന്നിങ്ങനെയുള്ള കൃജന്തശ്രുപങ്ങളോടു് അസ്മി മുതലായ ക്രിയാശ്രുപങ്ങൾ ചേർത്തു് കർത്താസ്മി, കർത്താസി എന്നീ രീതിയിൽ ഉണ്ടായിട്ടുള്ള ലുട്ടിന്റെ ശ്രുപങ്ങൾ ബ്രാഹ്മണങ്ങളിൽ വിരളങ്ങളായിരിക്കുമ്പോൾ പിൽക്കാലത്തെ സംസ്കൃതസാ

ശ്രുതനിഷ്പാദനം വിഷയകം.

1. See *Linguistic Survey* Vol. IV. pp. 280 & 281.

ഹിന്ദിയിൽ വളരെ പ്രചാരത്തിൽ വന്നിട്ടുള്ളതു് ദ്രാവിഡരീതിയെ ഏറെക്കുറെ അവലംബിച്ചായിരിക്കാം എന്നും സംശയിക്കപ്പെട്ടിട്ടുണ്ടു്. ഗോണ്ഡിയിൽ Kṛāṭōṅā 'ഞാൻ ചെയ്യുന്നു', Kiāṭōṅī 'നീ ചെയ്യുന്നു', എന്നിങ്ങനെ 'ഞാൻ ചെയ്യുന്നവനാകുന്നു, നീ ചെയ്യുന്നവനാകുന്നു' എന്നുള്ള അർത്ഥത്തെ ഉറപ്പിക്കാൻവേണ്ടിയാണു് പ്രയോഗിക്കുന്നതെങ്കിലും. കൃതവാൻ, ഭുക്തവാൻ എന്നീ രീതിയിലുള്ള രൂപങ്ങൾ അർവാചീനസംസ്കൃതത്തിൽ സുഭദ്രമായിത്തീർന്നിട്ടുള്ളതു് ചെയ്തു്, തിന്നു— മുതലായവയോടു് അവൻ എന്നതു ചേർന്നു് ചെയ്തവൻ, തിന്നവൻ എന്നിങ്ങനെ രൂപം ഉണ്ടാകുന്ന ദ്രാവിഡന്യായത്തെ ഉപജീവിച്ചതുകൊണ്ടാണത്രേ. ദ്രാവിഡഭാഷകളിൽ ക്രിയാരൂപങ്ങളുടെ നിഷ്പാദനരീതി മൂന്നുകാലങ്ങളിലും ഒരുപോലെയാണു്. അതുകൊണ്ടു് സംസ്കൃതത്തിലും ഹിന്ദിയിലും മറ്റും കാലവാചികങ്ങളായ ക്രിയാരൂപങ്ങളിൽ ചിലയിടത്തുമാത്രം കാണുന്ന രൂപനിഷ്പാദനപ്രകാരത്തിനു ദ്രാവിഡഭാഷകൾ സ്വന്തമായിച്ചിട്ടുണ്ടെന്നു് തീർച്ചപ്പെടുത്തുന്നതു് യുക്തമായിരിക്കുകയില്ല. പൂർണ്ണക്രിയാരൂപങ്ങൾക്കുപകരം നാമരൂപങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനു് ഇറേനിയനിലും നിരവധി ദൃഷ്ടാന്തങ്ങൾ ഉണ്ടു്. ഇറേനിയനിൽ 'തവന്തു്' എന്നതു് ധാതുവിനോടു ചേർന്നു് പ്രയുക്തമാകുന്നതുകൊണ്ടു് കൃതവാൻ, ഭുക്തവാൻ മുതലായവയിലെ കൃത് പ്രത്യയത്തിനു ആര്യഭാഷകളിൽ സ്വതന്ത്രമായ അവസ്ഥാനം തന്നെ കല്പിക്കേണ്ടിയിരിക്കുന്നു.[1] ചെയ്തവൻ, തിന്നവൻ— ഇത്യാദികളിലെ 'അവൻ' എന്ന അംശത്തോടു് സംസ്കൃതത്തിലെ കൃതവത്പ്രത്യയത്തിനു് ആഗമികമായി യാതൊരു ബന്ധവും സംശയിക്കുവാൻ ഇല്ല. ഇങ്ങനെ ഇൻഡോആര്യൻഭാഷകളിൽ ക്രിയാരൂപങ്ങളുടെ വൈചിത്ര്യം നഷ്ടപ്പെട്ടതിനുള്ള കാരണം ദ്രാവിഡസമ്പർക്കമാണെന്നുള്ള വാദത്തെ നിരാകരിച്ചിട്ടുള്ളവരിലും ഷൂംബ്ലാക് അണു് പ്രാമുഖ്യം വഹിക്കുന്നതു്.

൪. നവീനേൻഡോആര്യൻഭാഷകളിൽ നാമങ്ങളുടെ അന്യപ്രകൃതികളേടു് (Oblique case) പരാനുബന്ധം ഏകവചനത്തിലും ബഹുവചനത്തിലും അഭിന്നമായി ചേർത്തു ക്രിയയോടും മറ്റുനാമങ്ങളോടും ഉള്ള ബന്ധത്തെ വെളിപ്പെടുത്തുന്ന ഒരു രീതി സർവ്വസാധാരണമാണു്. लड़के को (ലഡ്കേ കോ) 'കുട്ടിക്കുവേണ്ടി', लड़कों को (ലഡ്കോം കോ) 'കുട്ടികൾക്കുവേണ്ടി', किताब से (കിതാബ് സേ) 'പുസ്തകത്തെക്കാൾ', किताबें से (കിതാബോം സേ) 'പുസ്തകങ്ങളെക്കാൾ'— എന്നിങ്ങനെ ഹിന്ദിയിലുള്ള

1. *Pre-Aryan and Pre-Dravidian*, p. 44.

പ്രയോഗങ്ങൾ മലയാളത്തിലും മറ്റും ഗതകം ചേർന്നുള്ള പ്രയോഗങ്ങളോട് മിക്കവാറും സദൃശങ്ങളായി കാണുന്നതിലും ചിലർ ദ്രാവിഡസമ്പർക്കത്തെ ഉല്ലേഖനം ചെയ്യുന്നുണ്ട്. എന്നാൽ ദ്രാവിഡഭാഷകളിൽ മാത്രമല്ല ഇൻഡ്യയിലുള്ള മറ്റു് ആദ്യേതരഭാഷകളിലും ഏതാദൃശമായ പ്രയോഗരീതി നിലവിലിരിക്കുന്നുവെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. കർമ്മകാരകത്തെക്കുറിക്കുന്ന രൂപങ്ങൾക്കു ചേതനാചേതനഭേദേന ദ്വൈവിധ്യം നവീനേൻഡോആര്യൻഭാഷകളിൽ ഉണ്ടായിട്ടുള്ളതു് തീർച്ചയായും ദ്രാവിഡഭാഷകളെ അനുകരിച്ചാണെന്നു് ഗ്രിയേഴ്സൺ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അതിന്റെ സാംഗത്യവും സംശയാസ്പദമത്രേ. നപുംസകരൂപങ്ങളിൽ പ്രഥമയ്ക്കും ദ്വിതീയയ്ക്കും അഭിന്നരൂപം സംസ്കൃതത്തിൽ തന്നെ നമുക്കു് സുപരിചിതമാണല്ലോ കൃത്രിമമായ ലിങ്ഗവ്യവസ്ഥകൊണ്ടു് അചേതനങ്ങൾക്കു കൂടി സ്ത്രീത്വവും പുംസ്ത്വവും ആരോപിക്കുമ്പോൾ ചേതനങ്ങളെപ്പോലെ പ്രത്യേകം കർമ്മവിഭക്തി പ്രയോഗിക്കുന്നതാകട്ടെ സംസ്കൃതത്തിൽ മാത്രമല്ല 'ലത തരുവരണെ ആശ്ലേഷിക്കുന്നു' എന്നതുപോലെ മലയാളത്തിലും സംഭാവ്യമത്രേ. നവീനേൻഡോആര്യൻഭാഷകളിൽ ലിങ്ഗവിഷയകമായി അല്പീഭാവം ഉളവായിട്ടുള്ളതിനു ദ്രാവിഡഭാഷകളും ഏറെക്കുറെ സഹായിച്ചിട്ടുണ്ടെന്നുള്ള അഭൂഹവും വിപ്രതിപത്തിക്കു വിഷയീഭവിച്ചിട്ടുണ്ടു്. ലിങ്ഗഭേദം നിശ്ശേഷം ഇല്ലാതായിട്ടുള്ളതു് പൗരസ്ത്യങ്ങളായ ഇൻഡോആര്യൻഭാഷകളിലാണു്. അതിന്റെ അടിസ്ഥാനം ടിബറോബർമൻഭാഷകളുടെ സന്നികർഷം ആണെന്നു് ഷ്ര്യംബ്ളാക്കു് വ്യവസ്ഥാപിക്കുന്നു[1].

൫. ഈ സ്ഥിതിക്കു് രൂപനിഷ്പാദനയത്നത്തിലും ഇൻഡോആര്യൻഭാഷകളിൽ ദ്രാവിഡഭാഷാസമാവേശത്തിന്റെ വിനിർണ്ണയം ഭദ്രമായിരിക്കുകയില്ലെന്നു് തെളിയുമല്ലോ. അതുകൊണ്ടു, ഇൻഡോആര്യൻഭാഷകളുടെ പദസമുച്ചയത്തിൽ ദ്രാവിഡഭാഷകളുടെ സ്വൈരാധിക്യം എത്രമാത്രം ഉണ്ടായിട്ടുണ്ടു് എന്നുള്ളതുമാത്രമേ വിചിന്തനീയമായി അവശേഷിക്കുന്നുള്ളു.

പദസമുച്ചയവിഷയകം.

൬. ഇൻഡോആര്യൻഭാഷകൾ ഒട്ടനേകം പദങ്ങൾ ഇൻഡോയൂറോപ്യൻഗോത്രത്തിൽ ഉൾപ്പെട്ട ഇതരഭാഷകളിൽ യാതൊന്നിനോടും ആഗമവിഷയത്തിൽ ബന്ധിപ്പിക്കപ്പെടുവാൻ കഴിയാത്തവയായി കാണപ്പെടുന്നുണ്ടു. മധ്യമകാലീനങ്ങളായ ഇൻഡോആര്യൻഭാഷകളിലോ നവീനേൻഡോആര്യൻഭാഷകളിലോ ഉള്ള ഏകദേ

1 *Pre-Aryan and Pre-Draviaian* p. 45.

ങ്കിലും പദപ്രകൃതികൾക്ക് എതിരായി ലൗകികസംസ്കൃതത്തിലോ അതല്ല വൈദികസംസ്കൃതത്തിൽത്തന്നെയോ വല്ല പദപ്രകൃതികളും ഉപലബ്ധങ്ങളാകുന്നതുകൊണ്ടു അവ ഇൻഡോയൂറോപ്യൻഗോത്രത്തിൽ സാധാരണങ്ങളായിരുന്നുവെന്ന് നിർണ്ണയിക്കാവുന്നതല്ല. സംസ്കൃതഭാഷയുടെ പ്രാചീനദശയിൽക്കൂടി ആര്യന്മാരുടെപ്രവേശനത്തിനു മുൻപ് ഇൻഡ്യയിൽ ഉണ്ടായിരുന്ന ജനസംഘങ്ങളുടെ ഭാഷകളിൽ പലതിൽ നിന്നും നിരവധി പദങ്ങൾ കടന്നുകൂടിയിരിക്കണമെന്നുള്ളതിന് സംശയമില്ല. അവയിൽ ഒരു നല്ല പങ്ക് ദ്രാവിഡഭാഷകൾ പ്രദാനം ചെയ്തതായിരിക്കുവാൻ തികച്ചും വഴിയുണ്ട്, അതുപോലെ മുണ്ഡാഭാഷകളിൽ നിന്നും ശബ്ദങ്ങൾ ആര്യഭാഷകളിലേക്ക് അനുപ്രവേശിച്ചിട്ടുള്ളതുകൊണ്ട് ദ്രാവിഡശബ്ദങ്ങളുടെ വിവേചനത്തിന് വളരെ വൈഷമ്യം നേരിടുന്നു. മുണ്ഡാഭാഷകളിൽനിന്നും ദ്രാവിഡഭാഷകളിലേക്കും ഇൻഡോആര്യൻഭാഷകളിലേക്കും സമാനങ്ങളായ പദപ്രകൃതികൾതന്നെ സപ്രകൃതങ്ങളായിട്ടുള്ളവയും സൂക്ഷ്മപരിശോധിക്കേണ്ടവയായിട്ടുണ്ട്. ഡാക്ടർ കാൾഡ്വെലും കിറ്റലും ഇൻഡോആര്യൻഭാഷകളിലുള്ള ദ്രാവിഡഭാഷാസമാവേശത്തെ ദൃഷ്ടാന്തീകരിക്കുന്നതിന് ഒട്ടേറെ പദപ്രകൃതികൾ ഉദ്ധരിച്ചിട്ടുണ്ടെങ്കിലും അവ ദ്രാവിഡഗോത്രജങ്ങൾതന്നെയാണെന്നുള്ളതിനു വേണ്ട തെളിവുകൾ പ്രദർശിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല അവയിൽ ഏറിയക്രമും ആധുനികരൂപങ്ങളേയും വർണവിഷയകങ്ങളായ ബാഹ്യസാദൃശ്യങ്ങളേയും മാത്രം ആലംബിച്ച് ഉദാഹൃതങ്ങളാണെന്നും ആക്ഷേപങ്ങൾ പുറപ്പെട്ടിട്ടുണ്ട്. സംസ്കൃതകോശങ്ങളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു വാക്കിന്റെ ദ്രാവിഡീയത്വത്തെ വ്യവസ്ഥാപിക്കുന്നതിന് സമാശ്രയണീയങ്ങളായി കാൾഡ്വെൽ നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾ ചുവടെ ചേർക്കുന്നവയാണ്[1]:—

(ക) ഒരു വാക്ക് സംസ്കൃതത്തിൽ ധാതുവോ നിഷ്പന്നരൂപങ്ങളോ ഇല്ലാതെ ഒറ്റതിരിഞ്ഞു നില്ക്കുകയും ദ്രാവിഡഭാഷകളിൽ അതിനോടു ചാർച്ചയുള്ള പലതരം നിഷ്പന്നരൂപങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുക. (ഖ) സംസ്കൃതത്തിൽ പര്യായശബ്ദങ്ങൾ ഉണ്ടായിരിക്കുകയും ദ്രാവിഡഭാഷകളിൽ ആ ആശയത്തെ കുറിക്കുന്നതിന് അതല്ലാതെ മറെറാരു വാക്കും ഇല്ലാതിരിക്കുകയും ചെയ്യുക. (ഗ) ഒരു വാക്ക് സംസ്കൃതത്തോടു സംബന്ധമുള്ള ഇൻഡോയൂറോപ്യൻഭാഷകളിൽ യാതൊന്നിലും കാണപ്പെടാതിരിക്കുകയും ദ്രാവിഡഭാഷകളിൽ കേവലം

---

1 *Comparative Grammar of the Dravidian Languages* pp 566&567.

അസംസ്കൃതങ്ങളായിട്ടുള്ളവയിൽക്കൂടി കാണപ്പെടുകയും ചെയ്യുക. (൪) സംസ്കൃതനിഘണ്ടുകാരന്മാർ ഏതെങ്കിലും ദേശീയമായ ഒരു ദ്രാവിഡധാതുവിൽ നിന്നും മറ്റു പല രൂപങ്ങളോടുമൊപ്പം ഉപപന്നമായ നിഷ്പാദനം പ്രദർശിപ്പിച്ചിരിക്കുകയും ചെയ്യുക. (൫) ഒരു വാക്കിന്റെ അർത്ഥം ദ്രാവിഡഭാഷകളിൽ യൗഗികവും സംസ്കൃതഭാഷയിൽ ലാക്ഷണികവും ആയിരിക്കുക. (൬) സംസ്കൃതഭാഷയുടെ മഹിമാതിരേകത്തെ പൂർണ്ണമായി സമ്മതിക്കുന്ന ദ്രാവിഡപണ്ഡിതന്മാർപോലും അതിലെ ഒരു വാക്ക് ശുദ്ധദ്രാവിഡം തന്നെയാണെന്നു വിവേചനം ചെയ്തിരിക്കുക.

ഈ ഉപാധികളിൽ ഏതെങ്കിലുമോ എല്ലാം തന്നെയോ യോജിച്ചിരിക്കുമ്പോഴാണ് ഒരു വാക്ക് ദ്രാവിഡപ്രകൃതികമായിരിക്കുവാൻ ഇടയുള്ളതെന്ന് കാൾഡ്വെൽ ഉപദേശിക്കുന്നുണ്ടെങ്കിലും അദ്ദേഹം ഉദ്ധരിച്ചിട്ടുള്ള വാക്കുകളുടെ ദ്രാവിഡീയതാനിർണയത്തിൽ വേണ്ടുവോളം നിഷ്കർഷം പതിപ്പിച്ചിട്ടുണ്ടോ എന്നുള്ളതു് സംശയമാണ്. 'കാട്' എന്ന അർത്ഥത്തിൽ സംസ്കൃതത്തിലുള്ള 'അടവീ' എന്ന വാക്ക് ഗത്യർഥകമായ 'അട' ധാതുവിൽനിന്നും സംസ്കൃതപണ്ഡിതന്മാർ വ്യുത്പാദിപ്പിക്കുന്നതു് സ്വീകാര്യമായിരിക്കുന്നില്ലെന്നുള്ള കാരണത്താൽ 'അടപ്പാ, തിങ്ങിയിരിക്കൽ' എന്നീ അർത്ഥങ്ങളുള്ള 'അഡ്' എന്ന ദ്രാവിഡധാതുവിൽനിന്നും നിഷ്പന്നമായിരിക്കുവാൻ ഇടയുണ്ടെന്നു കാൾഡ്വെൽ അഭ്യൂഹിച്ചിരിക്കുന്നതു് യുക്തിസഹമല്ല. അടവി എന്നതു് ദ്രാവിഡഭാഷകളുടെ സാധാരണവ്യവഹാരത്തിൽ ഇല്ല. നേരെമറിച്ചു് അതേ അർത്ഥത്തിൽ ദ്രാവിഡഭാഷകളിൽ മിക്കതിലും കണ്ടെത്താവുന്ന വേറെ പദം ഉണ്ടുതാനും. അതുപോലെ തീരാർത്ഥവാചിയായ 'ക്രല' പദത്തെ 'കുളം' എന്നതിനോടും, വൈവിധ്യാർത്ഥവാചിയായ 'നാനാ' പദത്തെ നാല എന്നതിനോടും, അംഗാർത്ഥവാചിയായ 'ഭാഗ' പദത്തെ 'പകുക്കുക' എന്നതിനോടും, യാവല്യാർത്ഥവാചിയായ 'വലക്ഷ-' പദത്തെ 'വെള്' എന്നതിനോടും മറ്റും ആഗമകമായി ഘടിപ്പിച്ചിട്ടുള്ളതും ഉപപന്നമായിത്തോന്നുന്നില്ല. എന്നാൽ 'മീന-' എന്നതിനു 'മീൻ,' 'നീര-' എന്നതിനു് 'നീര്' എന്നിങ്ങനെ ചില സംസ്കൃതപദങ്ങളുടെ ദ്രാവിഡസംബന്ധത്തെ കാൾഡ്വെൽ സംഭാവനം ചെയ്തിട്ടുള്ളതു് മിക്കവാറും സങ്ഗതമായിരിക്കുവാൻ വഴിയുണ്ടു. ഡാക്ടർ ഹണ്ടർട്ട് ജർമൻ ഓറിയന്റൽ സൊസൈറ്റിവക ജർണലിൽ 'Dravidian elements in Sanskrit' എന്ന തലക്കെട്ടിൽ എഴുതിയിട്ടുള്ള പ്രബന്ധത്തിലും റവറെൻറ് കിറ്റൽകണ്ണാടകം-ഇംഗ്ലിഷ് നിഘണ്ടുവിന്റെ ആമുഖ

ത്തിലും ദ്രാവിഡഭാഷകളിൽനിന്നും സംസ്കൃതത്തിലേക്ക് സ്വീകൃതങ്ങളായിരിക്കാവുന്ന അസംഖ്യം പദങ്ങൾ നിർദ്ദേശിച്ചിട്ടുള്ളവയിൽ ഭ്രരിഭാഗവും ഉപരിചർച്ചയ്ക്ക് വിഷയമാകേണ്ടതായിരിക്കുന്നുവെന്നേയുള്ളൂ. പ്രബോധചന്ദ്രബാഗ്ചി എന്ന പണ്ഡിതൻ ഫ്രഞ്ചുഭാഷയിൽനിന്നും ഇംഗ്ലീഷിലേക്ക് തരജമ ചെയ്തിട്ടുള്ള Pre-Aryan and Pre-Dravidian എന്ന ഗ്രന്ഥത്തിൽ, ആര്യഭാഷകളുടെയും ആര്യേതരഭാഷകളുടെയും ബന്ധത്തെക്കുറിച്ച് ശാസ്ത്രീയമായി നിരൂപണം ചെയ്യുന്ന പല ലേഖനങ്ങളും നമുക്ക് പ്രകൃതവിഷയത്തിൽ ഗവേഷണപഥത്തെ തെളിച്ചുതരുന്നവയായിട്ടുണ്ട്. അവയിൽവെച്ച് ഷൂംബ്ലാക്കിന്റെ Sanskrit and Dravidian (സംസ്കൃതവും ദ്രാവിഡവും) എന്ന ലേഖനം സർവ്വഥാ പ്രാശസ്ത്യം അർഹിക്കുന്നു.

VI

ദ്രാവിഡഭാഷകളുടെ സാമാന്യവിവരണം.

൧൦. തമിഴ്, തെലുങ്ക്, കണ്ണാടകം, മലയാളം, തുളു, ക്രർഗ് തൊദ, കോത, ഗോണ്ഡി, മല്തോ, കുറുക്, കയി, കോലാമീ നൈകി, ബ്രാഹ്വയീ എന്നീ ഭാഷകളാണ് ദ്രാവിഡഗോത്രത്തിൽ ഉൾപ്പെടുന്നവയായി പരിഗണിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ ആദ്യത്തെ നാലെണ്ണത്തിനൊഴികെ മറ്റുള്ളവയ്ക്ക് സാഹിത്യപരമായ അഭിവൃദ്ധി ഉണ്ടായിട്ടില്ല. സ്വന്തമായ ലിപിസംപ്രദായവും വിവിധശാഖകളിലുള്ള ഗ്രന്ഥസമ്പത്തും സിദ്ധിച്ചിട്ടുള്ള ഭാഷകളെ പുഷ്ടങ്ങൾ[1] എന്നും വ്യവഹാരമാത്രകങ്ങളായ മറ്റുള്ളവയെ അപുഷ്ടങ്ങൾ[2] എന്നും പൊതുവേ വ്യപദേശിക്കാറുണ്ട്. ഡാക്ടർ കാൾഡ്വെല് തുളുവിനേയും ക്രർഗിനേയും കൂടി പുഷ്ടങ്ങളായ ദ്രാവിഡഭാഷകളായി സ്വീകരിച്ചിരിക്കുന്നു. എന്നാൽ കണ്ണാടകത്തിൽനിന്നും ഭിന്നമായ ലിപിസംപ്രദായമോ സാഹിത്യപ്രാധാന്യം ഉള്ള കൃതികളോ തുളുവിലും ക്രർഗിലും ഉണ്ടായിട്ടില്ലാത്തതുകൊണ്ട് അവയ്ക്ക് തമിഴ്, തെലുങ്ക്, കണ്ണാടകം, മലയാളം, എന്നിവയോടൊപ്പം സ്ഥാനം നല്കുന്നത് യുക്തമായിരിക്കുന്നില്ല. ദ്രാവിഡഗോത്രത്തിൽ മലയാളം ഒഴിച്ചുള്ള ഭാഷകളുടെ സാമാന്യസ്വഭാവങ്ങളെ ചുവടെ വിവരിക്കാം.

---

1. Cultivated.
2. Uncultivated.

(ക) തമിഴ്

വ്യ. ദ്രാവിഡഭാഷകളുടെ കൂട്ടത്തിൽ സാഹിത്യസമ്പത്തിന്റെ വൈപുല്യം കൊണ്ട് അഗ്രഗണ്യമായിട്ടുള്ളത് തമിഴാകുന്നു. അതിനും പുറമേ തമിഴിലാണ് മറ്റുള്ളവയെ അപേക്ഷിച്ച് സാഹിത്യം ആദ്യമായി അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതെന്നും സുസമ്മതമത്രേ. തമിഴാണ് ഏറ്റവും പ്രാചീനമെന്നും മൂലദ്രാവിഡഭാഷയുടെ സ്വഭാവങ്ങളെ കൂടുതൽ സംരക്ഷിക്കുന്നതെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും സൂക്ഷ്മമായ പരിശോധനയിൽ വാസ്തവം അപ്രകാരമാകാൻ തരമില്ലെന്നു നിർണ്ണയിക്കുവാൻ പര്യാപ്തങ്ങളായ തെളിവുകൾ ലഭ്യങ്ങളത്രേ. തമിഴ് ഭാഷയിലുള്ള പദങ്ങളുടെ രൂപങ്ങൾ ധ്വനിവിഷയകമായി സഹിച്ചിട്ടുള്ള പരിണതികൾ നോക്കിയാൽ തെലുങ്ക്, കണ്ണാടകം, തുളു മുതലായവയെ അപേക്ഷിച്ച് തമിഴിന്റെ അർവാചീനതയാണ് വെളിപ്പെടുന്നത്. തെലുങ്കിലും കണ്ണാടകത്തിലും തുളുവിലും ഗകാരമോ ഭകാരമോ കൊണ്ടു തുടങ്ങുന്ന പദങ്ങൾക്ക് എതിരായി തമിഴിൽ കകാരാദിയും തകാരാദിയും ആയ പ്രകൃതികളാണ് നമുക്ക് ദർശിക്കുവാൻ കഴിയുന്നത്.

തമിഴിന്റെ പ്രാചീനത.

Tel.	giṭṭu,	Kan. giṭṭu	Tam. kiṭṭu, 'to obtain'
Tel.	guddu,	Kan. guddu,	Tam. kuttu, 'a blow'
Tel.	gūnu,	Kan. gūnu,	Tam. kūnu, 'hump'
Tel.	dāṭu,	Kan. dāṭṭu	Tam. tāṭṭu, 'to cross over'
Tel.	duḍḍu,	Kan. duḍḍu,	Tam tuṭṭu 'a small coin'

ഇവയിൽ ഗകാരംകൊണ്ടും ഭകാരംകൊണ്ടും തുടങ്ങുന്ന രൂപങ്ങളാണ് പ്രാചീനതയെ ആവഹിക്കുന്നവ എന്നുള്ളതിന് സംശയമില്ല. പദാരംഭത്തിലുള്ള ഗകാരത്തിനും ഭകാരത്തിനും പ്രയത്നലാഘവപുരസ്സരമായ വർണ്ണവിപരിണാമനയം അനുസ്യൂതമാക്കി കകാരവും തകാരവും വരുന്നതല്ലാതെ നേരേമറിച്ച് ലഘുപ്രയത്നകങ്ങളായ വർണ്ണങ്ങളുടെ സ്ഥാനത്ത് ഗുരുപ്രയത്നകങ്ങളായ വർണ്ണങ്ങൾ അനുദേശിക്കുവാൻ ഇടയില്ലല്ലോ. അതുപോലെ കണ്ണാടകത്തിൽ കകാരത്തിന് പിന്നിൽ താലവ്യസ്വരം ഉള്ള ചില വാക്കുകൾക്ക് എതിരായി തമിഴിൽ ചകാരഘടിതങ്ങളായ രൂപങ്ങൾ

സംദർശ്യങ്ങളാകുന്നതും തമിഴിന്റെ പ്രാചീനതാവാദത്തെ ദുർബ്ബലമാക്കുന്നു. ഇവയിൽ കകാരഘടിതങ്ങളായ രൂപങ്ങൾ ആണ പ്രാകൃതനാമങ്ങൾ എന്നു വിചാരിക്കുവാൻ വേണ്ടുവോളം ഉപപത്തി ഉണ്ട്. എന്തെന്നാൽ കകാരത്തിനു ചകാരമായി പരിണാമം വരുവാൻ താലവ്യസ്വരസന്നികർഷം അനിഷേധ്യമായ ഹേതു ആയിരിക്കുമല്ലോ. ചകാരഘടിതമാണു പൂർവ്വരൂപമെങ്കിൽ കകാരമായുള്ള പരിണാമം യുക്തിസഹമല്ലാത്തതിനാൽ അസംഭാവ്യമത്രേ.

തമിഴിന്റെ വ്യാപ്തി.

൯. തമിഴ് ഭാഷ ഇൻഡ്യൻ ഉപദ്വീപിന്റെ തെക്കുകിഴക്കൻ ഭാഗത്തുള്ള പ്രദേശങ്ങളിൽ ഒട്ടാകെയും സിലോണിന്റെ വടക്കേ പകുതിയിലും വ്യവഹരിക്കപ്പെട്ടുന്നു. ഇൻഡ്യൻ ഉപദ്വീപിൽ കിഴക്ക് ബങ്ഗാൾ ഉൾക്കടലോളവും പടിഞ്ഞാറ് പശ്ചിമപർവതനിരകളോളവും ആണ തമിഴിന്റെ വ്യാപ്തി. മദ്രാസിന് അല്പം വടക്ക് സമുദ്രതീരത്തിൽനിന്നും ചെങ്കൽപേട്ട, വടക്കൻആക്കാട് എന്നിവയിലൂടെ ഒരു രേഖ സങ്കല്പിക്കുകയാണെങ്കിൽ അതിന്റെ തെക്കും കിഴക്കും ഭാഗത്തിൽ മുഖ്യമായ വ്യവഹാരഭാഷ തമിഴാണെന്നു കാണാം. എന്നാൽ വടക്കൻആക്കാടിന്റെ ഉത്തരാതിർത്തിയിൽ കുറഞ്ഞൊരു ഭാഗം തെലുങ്കുഭാഷയാൽ വ്യാപ്തമായിട്ടുണ്ട്. മുൻപ് സങ്കല്പിക്കപ്പെട്ട രേഖ സേലത്തിന്റെ വടക്കുപടിഞ്ഞാറൻമൂലയിൽ കർണ്ണാടകഭാഷയോടു സന്ധിച്ചു നീലഗിരിയിലൂടെ പശ്ചിമപർവതനിരകളിൽ എത്തി തെക്കോട്ടു മലയാളഭാഷയുടെ അതിരുവരെ എത്തിച്ചേരുന്നപക്ഷം അതു തമിഴിന്റെ വ്യാപ്തിയെ പ്രദർശിപ്പിക്കുവാൻ പര്യാപ്തമായിരിക്കും. അതോടുകൂടി തെക്കൻതിരുവിതാംകൂറിൽ കുഴിത്തുറമുതൽ തെക്കോട്ടു പൊതുവായുള്ള വ്യവഹാരഭാഷ തമിഴാണെന്നുള്ളതും പ്രസ്താവ്യമാണ്. തമിഴിന്റെ ഭാഷാപരമായ അതിരു വടക്കു തെലുങ്കും, പടിഞ്ഞാറു കർണ്ണാടകവും മലയാളവും ആകുന്നു.

൧൦. തമിഴിൽ സംഭാഷണഭാഷ കൊടുന്തമിഴ് എന്നും ഗ്രന്ഥഭാഷ ചെന്തമിഴ് എന്നും ഉള്ള പേരുകൾകൊണ്ടാണു അറിയപ്പെടുന്നതു്. തമിഴ് വ്യവഹാരഭാഷയായുള്ള സ്ഥലങ്ങളിൽ അതിനു സാർവത്രികമായ ഐകരൂപ്യം ഉണ്ടെന്നു പറയുവാൻ സാധ്യമല്ല. ഭിന്നങ്ങളായ ദേശങ്ങളിൽ ഉച്ചാരണവിഷയകമായും അർത്ഥവിഷയകമായും മറ്റും ഗണനീയങ്ങളായ ഭേദങ്ങൾ തമിഴിൽ കടന്നുകൂടിയിട്ടുണ്ട്. തിരുനൽവേലിയിലും തൂത്തുക്കുടിയിലും യാപ്പാണത്തും ഉള്ള വ്യവഹാരഭാഷകളെ

താരതമ്യപ്പെടുത്തി നോക്കിയാൽ പല അംശങ്ങളിലും അവയ്ക്കുള്ള വ്യത്യാസം ഗ്രഹിക്കുവാൻ പ്രയാസമില്ല. തമിഴിൽ ദേശ്യഭേദങ്ങൾ[1] എന്ന നിലയിൽ പരിഗണിക്കപ്പെടത്തക്കവണ്ണം വ്യക്തമായ പ്രത്യേകതകളോടുകൂടി യാപ്പാണത്തമിഴിനെ ഒഴിച്ചാൽ അഞ്ചു ഭാഷകൾ ഉണ്ട്. ആ ഭാഷകൾ കൊറവ (യെറുകല), ഇരുള, കസുവ, കൈക്കാഡീ, ബുർഗണ്ഡീ എന്നിവയത്രെ. ഇവയിൽ കൊറവ സംസാരിക്കുന്ന ജനങ്ങൾ മദ്രാസ് പ്രസിഡൻസിയിൽ മിക്ക ഭാഗങ്ങളിലും ബാംബേ പ്രസിഡൻസിയിൽ പല ഡിസ്ട്രിക്ടുകളിലും കണ്ടെത്തുവാൻ കഴിയുന്നവരും കട്ട, പായ് മുതലായവ ഉണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ആയ ഒരു സഞ്ചാരവർഗ്ഗക്കാരാകുന്നു. കൊറവയ്ക്ക് തമിഴിൽനിന്നും ചില അംശങ്ങളിൽ അകലുചയും മറ്റു ദ്രാവിഡഭാഷകളോട് അടുപ്പവും കാണുന്നില്ലെന്നില്ല. ഉദാഹരണമായി പദാരംഭത്തിലുള്ള പകാരം ഹകാരമാകുന്ന രീതി കണ്ണാടകത്തിലെന്നപോലെ കൊറവയിലും ഉണ്ട്. അതുപോലെ വിഭക്തിപ്രത്യയങ്ങളുടെ കാര്യത്തിലും കൊറവയ്ക്ക് കർണ്ണാടകത്തോട് അടുപ്പം കാണുന്നു. പുരുഷസർവനാമത്തിന്റെ ബഹുവചനത്തിൽ ഒരേ ഒരു രൂപം മാത്രം കൊറവയിൽ കാണുന്നതു കർണ്ണാടകത്തിൽ നമുക്ക് പരിചിതമാണല്ലോ. കൊറവയിൽ ഉത്തമപുരുഷസർവനാമത്തിന്റെ നിർദ്ദേശിക ഒഴിച്ചുള്ള വിഭക്തികളിലെ ഏകവചനരൂപങ്ങളും തമിഴിൽ ഉള്ളവയെക്കാൾ കർണ്ണാടകത്തിൽ ഉള്ളവയോടാണ് കൂടുതൽ സംബന്ധപ്പെട്ടിരിക്കുന്നതു്. എങ്കിലും കെട്ടുപാടു നോക്കുമ്പോൾ കൊറവ തമിഴിന്റെ ഒരു ദേശ്യഭേദം തന്നെയാണെന്ന് തെളിയുന്നു. ഇരുള നീലഗിരിയിലും അതിനോടു തൊട്ടുള്ള ചില പ്രദേശങ്ങളിലും പാർക്കുന്ന ഒരു വർഗ്ഗക്കാരുടെ വ്യവഹാരഭാഷയാകുന്നു. ഇരുളഭാഷയിലെ പദസമുച്ചയത്തെക്കുറിച്ചു ഹാഡ്സൺ പ്രസിദ്ധംചെയ്തിട്ടുള്ള ചില ഉപന്യാസങ്ങളിൽനിന്നും മദ്രാസ് പ്രസിഡൻസിയിലെ അഡ്മിനിസ്ട്രേഷൻ മാന്വലിൽനിന്നും ചില വിവരങ്ങൾ ഗ്രഹിക്കുവാൻ കഴിയുന്നതാണ്. നീലഗിരിയുടെ അടിവാരത്തിനും മോയർനദിക്കും ഇടയ്ക്കുള്ള ഒരുതരം വന്യവർഗ്ഗക്കാരുടെ വ്യവഹാരഭാഷയാണു കസുവ. ബാംബേപ്രസിഡൻസിയിലും ബറാറിലും സെൻട്രൽപ്രാവിൻസുകളിലും അലഞ്ഞുനടക്കുന്ന ഒരുകൂട്ടം ആളുകൾ വ്യവഹരിക്കുന്ന കൈക്കാഡി കണ്ണാടകഭാഷയോട് പല അംശ

തമിഴിലെ ദേശ്യഭേദങ്ങൾ.

---

1. Dialects.

ങ്ങളിലും സാദൃശ്യം വഹിക്കുന്നു. തമിഴും, കർണ്ണാടകവും ഇപ്പോഴത്തെ നിലയിൽ പ്രകടതരമാംവണ്ണം വെവ്വേറെ ഭാഷകളായി പിരിയുന്നതിനു മുൻപുള്ള ഒരു ദശയിൽ തമിഴിൽനിന്നും ഉണ്ടായിട്ടുള്ള ഒരു ഉപഭാഷയായിട്ടുവേണം കൈക്കാഡിയെ കരുതുവാൻ എന്നതേ ഗ്രീയേഴ്സന്റെ അഭിപ്രായം.[1] കൈക്കാഡിയിൽ, കർണ്ണാടകത്തിലെന്നപോലെ പദാരംഭത്തിലുള്ള പകാരത്തിന്ന് ഹകാരവും, തെലുങ്കിലെന്നപോലെ ചകാരത്തിന്ന് ചിപ്പയിടത്ത് 'സ' എന്നുള്ള ഉച്ചാരണവും പദാവസാനത്തിനുള്ള തിരോധാനവും സംഭവിച്ചിട്ടുള്ളതു് അതിന്ന് തമിഴിൽനിന്നും ഉള്ള വൈലക്ഷണ്യമായി കരുതാം. ദീർഘസ്വരങ്ങൾക്ക് ഹ്രസ്വവും ഹ്രസ്വസ്വരങ്ങൾക്ക് ദൈർഘ്യവും പാക്ഷികമായി വരുത്തിയിട്ടുള്ള പ്രയോഗങ്ങളും കൈക്കാഡിയിൽ സുലഭങ്ങളാണ്. വന്തു, വാന്തു, വന്തു, വാന്തു — ഇങ്ങനെ 'അവൻ വന്നു' എന്നുള്ള അർത്ഥത്തിൽ നാലു രൂപങ്ങളും കൈക്കാഡിയിൽ പ്രയോഗാർഹങ്ങളാണ്. 'ഒ' എന്നും 'ഉ' എന്നും ഉള്ള സ്വരങ്ങൾക്ക് സ്പഷ്ടമായ വിനിമയവും 'അപ്പോ, അപ്പു' (അപ്പോൾ) ഇത്യാദി പ്രയോഗത്തിൽ ദൃശ്യമത്രേ. കൈക്കാഡിയിൽ സംബന്ധികാവിഭക്ത്യന്തമായ പദത്തിന് ലിങ്ഗവിഷയത്തിൽ വിശേഷ്യനാമത്തോടു് പൊരുത്തം ഗോണ്ഡിയിലെന്നപോലെ ചിലപ്പോൾ സംഭവിക്കുന്നുണ്ടു്. ninnāu māṅg (നിന്റെ മകൻ) എന്നും khudryād khōgir (കുതിരയുടെ ?) എന്നും ഉള്ള പ്രയോഗങ്ങൾ മേൽപറഞ്ഞതിന് ഉദാഹരണമായിട്ട് എടുക്കാം. nalla urāpāy (നല്ല മനുഷ്യൻ), nallayā urāyā നല്ല (മനുഷ്യർ,) nallāḍ urti (നല്ല സ്ത്രീ), nallayā urtiyā (നല്ല സ്ത്രീകൾ), എന്നിങ്ങനെ വിശേഷണങ്ങൾക്ക് വിശേഷ്യങ്ങളോടു് ലിങ്ഗവചനപ്പൊരുത്തം ഭിക്ഷിച്ചുള്ള പ്രയോഗങ്ങളും കൈക്കാഡിയിൽ സ്ഥാനംപിടിച്ചിരിക്കുന്നു. ദേശഭേദംകൊണ്ടു് കൈക്കാഡിയിൽ പലതരം കലർപ്പു് ഉണ്ടായിട്ടുള്ളതിനാൽ അതു് അല്പാല്പം വ്യത്യാസത്തോടുകൂടി മാത്രമേ നമുക്ക് ഉപലബ്ധമാകുന്നുള്ളു. ഷോളാപ്പൂരിലെ കൈക്കാഡി താരതമ്യേന ശുദ്ധമാണെന്നാണ് പരിഗണിച്ചിരിക്കുന്നതു്. സെന്റൽപ്രാവിൻസുകളിലുള്ള നീമാറിലും സെൻടൽഇൻഡ്യാ ഏജൻസിയിൽ ഉൾപ്പെട്ടുന്ന ചില പ്രദേശങ്ങളിലും പാർക്കുന്ന മറാഠാ സഞ്ചാരവർഗ്ഗക്കാരുടെ ഭാഷയായ ബുർഗണ്ഡീ കൈക്കാഡിയോടു് ഏതാനും സാദൃശ്യങ്ങൾ ഉള്ളതത്രേ. ഇരുപതിനെ തോതാക്കിയാണ് ഉപരിസങ്ഖ്യകം കണക്കാക്കുന്നതു് എന്നുള്ളതു് ബുർഗണ്ഡിയിൽ പ്രസ്താവയോഗ്യമായ ഒരു

1. *Linguistic Survey*, Vol. IV. p. 333.

വൈശിഷ്ട്യം ആകുന്നു. ird (ഇരുപതു്), rand irdpat (രണ്ടു് ഇരുപതും പത്തും = ൩൦) anj ird (അഞ്ചു് ഇരുപതു് = ൧൦൦) ഇത്യാദ്യുദാഹരണങ്ങളാം കാൺക. ബർഗണ്ഡിവർക്കാർ എണ്ണത്തിൽ വളരെ കുറവാകകൊണ്ടു് ഈ ഉപഭാഷയുടെ അനുക്രമം ക്ഷയംതട്ടിക്കൊണ്ടിരിക്കുന്നു. തമിഴിന്റെ ദേശ്യഭേദങ്ങളിൽ മുഖ്യങ്ങളായ ഈ ഭാഷകളുടെ നിഷ്കൃഷ്ടമായ പഠനം ലക്ഷ്യങ്ങളുടെ പരിമിതികൊണ്ടു് ഇപ്പോഴും മുഴുവനായിട്ടില്ല.

തമിഴിന്റെ പ്രത്യേകതകൾ.

൫൧. തമിഴഭാഷയുടെ സാമാന്യമായി വന്നുകൂടിയിട്ടുള്ള ചില വർണ്ണനിയമങ്ങളും ശ്രദ്ധേയങ്ങളാണു്. പദാരംഭത്തിൽ ഘോഷസ്പർശങ്ങളായ ഗജദബ-ങ്ങൾക്കു അഘോഷത്വം ഏർപ്പെട്ടു് കചതപ-ങ്ങളായിത്തീർന്നിട്ടുള്ള ഒരു ദശയാണു് തമിഴം മലയാളവും വെളിപ്പെടുത്തുന്നതു്. മൂലദ്രാവിഡഭാഷയിൽ പദാദിയിലും ഗജദബങ്ങൾ ഉണ്ടായിരുന്നുവെന്നുള്ളതിനു് കർണ്ണാടകവും തെലുങ്കും തുളുവും പര്യാപ്തങ്ങളായ ലക്ഷ്യങ്ങൾ ആവഹിക്കുന്നു എന്നു് അന്യത്ര സൂചിപ്പിച്ചിട്ടുണ്ടല്ലോ. സ്വരമധ്യത്തിലും അനുനാസികങ്ങളുടെ പിറകിലും ഒറ്റയായുള്ള കചടതപങ്ങൾക്കു് ഉച്ചാരണത്തിൽ ഘോഷത്വാപത്തി തമിഴിൽ സാധാരണമത്രേ. വ്യഞ്ജനത്തിനു് ഇരട്ടിച്ചുള്ള ഉച്ചാരണം തമിഴിൽ കലിത്തുറൈ 'a class of verse' പക്കത്തുച്ചുവർ 'a side-wall' ഇത്യാദി സമസ്തരൂപങ്ങളിൽ ഉത്തരപദാദിയിലും 'വരുവതായ്ക്കണ്ടേൻ' 'നിർപ്പതാകപ്പാർത്തേൻ' എന്നിങ്ങനെ വിനയെച്ചങ്ങളുടെ പിറകിലും 'അവനുക്കുക്കൊട്ടത്തേൻ', 'പാലത്തെത്താണ്ടി' എന്നിങ്ങനെ ഉദ്ദേശികാവിഭക്തിയുടേയും പ്രതിഗ്രാഹികാവിഭക്തിയുടേയും പിറകിലും 'കൊള്ളപ്പോകിറാൻ, വരച്ചൊല്ലുകിറാൻ' എന്നിങ്ങനെ മുൻവിനയെച്ചത്തിന്റെ പിറകിലും മാറും സ്ഥാനം പിടിച്ചിട്ടുള്ളതു് കർണ്ണാടകം, തെലുങ്കു്, തുളു, ഇവയിൽ നിന്നും തികച്ചും വിഭിന്നമായ ഒരു വർണ്ണനിയമത്തെ നിദർശിപ്പിക്കുന്നു. ഇക്കാര്യത്തിൽ തമിഴിനോടു് മിക്കവാറും അടുത്ത ഒരു നിലതന്നെയാണു് മലയാളവും കൈക്കൊണ്ടിട്ടുള്ളതു്. തമിഴിൽ ഴകാരത്തിനു് ളകാരമായുള്ള മാറ്റം ഉച്ചാരണഭാഷയിൽ പണ്ടിട്ടുണ്ടു്. കർണ്ണാടകത്തിലും ഴകാരോച്ചാരണം ഒരു കാലത്തു് നിലവിൽ ഇരുന്നിരുന്നുവെന്നു് ഊഹിക്കുവാൻ ലക്ഷ്യങ്ങളും ഉണ്ടെങ്കിലും പിൽക്കാലത്തു് അതിന്റെ സ്ഥാനം ളകാരത്താൽ പാടേ അപഹൃതമായിത്തീർന്നുപോയി. മലയാളമാകട്ടെ, ഴകാരത്തെ അതേനിലയിൽ തന്നെ പരിരക്ഷിക്കുന്നു.

റകാരം തമിഴിലും മലയാളത്തിലും മാത്രമാണ് രേഫത്തിൽനിന്നും വ്യതിരിക്തമായ നിലയിൽ അവശേഷിക്കുന്നത് എന്നുള്ളതും ഈ പ്രകൃത്തിൽ പ്രസ്താവ്യതയെ അർഹിക്കുന്നു. ചകാരം ശകാരമായും സകാരമായും കൂടി ചിലപ്പോൾ തമിഴിൽ ഉച്ചരിക്കപ്പെടുന്നുണ്ടെന്നുള്ളതിന് സാപ്പാട്ട് ചാപ്പാട്ട്, അരശാങ്കം അരചാങ്കം, ശീക്കു് ചീക്കു, ശത്തുപ്പോനാൻ ചത്തുപ്പോനാൻ മുതലായ വാക്കുകൾ നിദർശനങ്ങളാകുന്നു. വർണ്ണങ്ങളുടെ ചേരുവയിൽ ൻറ, ററ എന്നിങ്ങനെ രണ്ടു ധ്വനികൾ മറ്റു ദ്രാവിഡഭാഷകളിൽ ഇല്ലാത്തവണ്ണം തമിഴിൽ സമുദയം ചെയ്തിട്ടുണ്ട്. ൻറ തമിഴിനെ അനുകരിച്ച സ്ഥാനത്തിലും അസ്ഥാനത്തിലും പ്രാചീനമലയാളകവികൾ പ്രയോഗിച്ചിട്ടുണ്ടെങ്കിലും അതിന് മലയാളത്തിൽ താത്കാലികമായ അവസ്ഥാനം ഇല്ലതന്നെ. ററ തമിഴിൽ എന്നപോലെ മലയാളത്തിലും സ്ഥാനം പിടിച്ചിരിക്കുന്നു.

തമിഴിന്റെ ആര്യഭാഷോപജീവകത.

വ്യ. തമിഴ് സാഹിത്യത്തിന്റെ പ്രാചീനതയും വൈപുല്യവും ദ്രാവിഡവർഗ്ഗക്കാർക്ക് അഭിമാനജനകമാണെങ്കിലും സംസ്കൃതഭാഷയോടും അതിലെ സാഹിത്യത്തോടും ശാസ്ത്രഗ്രന്ഥങ്ങളോടും തമിഴ്ഭാഷാസാഹിത്യത്തിന് അല്പമെങ്കിലും കടപ്പാടില്ലാത്ത ഒരു ദശ ഉണ്ടായിരുന്നുവോ എന്ന് സംശയമാണ്. തമിഴിൽ ആര്യഭാഷകളിൽ ഉള്ളിടത്തോളം വർണ്ണങ്ങൾ ഇല്ലാത്തതുകൊണ്ട് വർണ്ണവികാരത്താൽ വേഷം മാറിയിട്ടുള്ള പല പദങ്ങളും മറ്റനോട്ടത്തിൽ തിരിച്ചറിയുവാൻ കഴിയാത്തവണ്ണം സംസ്കൃതം, പ്രാകൃതം തുടങ്ങിയ ഭാഷകളിൽ നിന്നും തമിഴിലുള്ള പ്രാചീനകൃതികളിൽ തന്നെ സംക്രമിച്ചിരിക്കുന്നു. അതുകൊണ്ട് തമിഴിൽ സപ്രകീയങ്ങളായികരുതപ്പെട്ടപോരുന്ന പല പദങ്ങളും സനിഷ്കൃഷ്ടമായ പരിശോധനത്തിൽ ആര്യഭാഷകളിൽനിന്നും അംഗീകൃതങ്ങളാണെന്ന് തെളിയുവാൻ ഇടയുണ്ട്. തമിഴ്നാട്ടിൽ സാഹിത്യപ്രവർത്തനത്തിന് അസ്ഥിവാരമിട്ടത് അഗസ്ത്യമഹർഷിയാണെന്നതേ ദേശീയമായ ഐതിഹ്യം. തൊല്കാപ്പിയം എന്നു പറയപ്പെടുന്ന പ്രാചീനതമമായ തമിഴ്വ്യാകരണഗ്രന്ഥം ഒരു അഗസ്ത്യമഹർഷിയാൽ നിർമ്മിതമാണെന്ന് വിശ്വസിക്കപ്പെട്ടവരുന്നു. ആ വ്യാകരണഗ്രന്ഥത്തിന്റെ കാലം അവസാനമായി തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. തൊല്കാപ്പിയത്തിൽ അതിനു മുൻപുള്ള കൃതികളിൽനിന്നും പല ഉദാഹരണങ്ങൾ കാണുന്നതുകൊണ്ട് തമിഴ് സാഹിത്യത്തിന് ആ ഗ്രന്ഥത്തിന്റെ നിർമ്മിതികാലത്തുതന്നെ പ്രപുഷ്ടമായ ഒരു നില സിദ്ധിച്ചുകഴിഞ്ഞിരുന്നുവെന്ന് നിർണ്ണയിക്കുന്നതിൽ അപാകമില്ല.

ക്രിസ്ത്വബ്ദം എട്ടാംശതകത്തിൽ അനുവർത്തിച്ചിട്ടുള്ളതാണ തൊല്കാപ്പിയം എന്നതേ ഡാക്ടർ ബർണൽ അഭ്യൂഹിച്ചിട്ടുള്ളതു്. എന്നാൽ തമിഴ് പണ്ഡിതന്മാർ പ്രായേണ വിശ്വസിച്ചുപോരുന്നതു് സംഘാകൃതികൾക്കു് ഏ. ഡി. അഞ്ചാംശതകത്തിനുശേഷം ഉള്ള ഒരു കാലം വ്യവസ്ഥാപിക്കുവാൻ യാതൊരു മാർഗ്ഗവും ഇല്ലെന്നും പുറനാനൂറ്, പതിറ്റുപ്പത്തു് തുടങ്ങി ക്രിസ്ത്വർഷാരംഭത്തോടടുത്തു് ഉണ്ടായ സംഘാകൃതികൾക്കു മുൻപാണ് തൊല്കാപ്പിയം രചിതമായിട്ടുള്ളതെന്നും ആണ്. തൊല്ക്കാപ്പിയത്തിനു് ഇളംപൂരണർ, സേനാവരൈയർ, തൈവച്ചിലൈയാർ, നച്ചിനാർ കിണിയാർ തുടങ്ങി പലരും വിലിന്നകാലങ്ങളിൽ വ്യാഖ്യാനങ്ങൾ നിർമ്മിച്ചിട്ടുള്ളതു് ആ ഗ്രന്ഥത്തിന്റെ പ്രാമാണ്യവും പ്രചാരപ്രാചുര്യവും വ്യക്തമാക്കുമല്ലോ. തൊല്കാപ്പിയത്തിനുപുറമേ തമിഴിൽ ഉണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളിൽ പുത്തമിത്തിരനാരുടെ വീരചോഴിയവും (ഏ. ഡി. ൧൧-ാംശതകം) ഗുണവീരപണ്ഡിതരുടെ നേമിനാതവും (ഏ. ഡി. ൧൨-ാംശതകം) ഭവനന്ദിയുടെ നന്നൂലും (ഏ. ഡി. ൧൨-ാംശതകം) സുബ്രഹ്മണ്യദീക്ഷിതരുടെ പ്രയോഗവിവേകവും (ഏ. ഡി. ൧൩-ാംശതകം) വൈദ്യനാഥദേശികരുടെ ഇലക്കണവിളക്കവും (ഏ. ഡി. ൧൩-ാംശതകം) സ്വാമിനാഥദേശികരുടെ ഇലക്കണക്കൊത്തും (ഏ. ഡി. ൧൩-ാംശതകം) ബഷി എന്ന പാതിരിയുടെ തൊന്നൂൽവിളക്കവും (ഏ. ഡി. ൧൮-ാംശതകം) പരിഗണനാർഹങ്ങളാണ്. തമിഴിലെ വ്യാകരണഗ്രന്ഥങ്ങളൊക്കെത്തന്നെ സംസ്കൃതവ്യാകരണഗ്രന്ഥങ്ങളെ പ്രതിപാദനരീതിയിലും സാങ്കേതികസംജ്ഞാനിർമ്മിതിയിലും മറ്റും ഏറെക്കുറെ ഉപജീവിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കുവാൻ പ്രയാസമില്ല.

തമിഴ്ഭാഷയുടെ ഘട്ടവിഭാഗം.

൭൯. തമിഴ്ഭാഷയുടെ വളർച്ചയെ ആനുക്രമമായി പ്രദർശിപ്പിക്കുന്ന ശാസ്ത്രഗ്രന്ഥങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടാണ് ഇരിക്കുന്നതു്. സാഹിത്യഗ്രന്ഥങ്ങളിലെ പ്രയോഗങ്ങളെ ആസ്പദമാക്കിയുള്ള വ്യാകരണഗ്രന്ഥങ്ങൾ കാലഭേദത്തെയും മറ്റും വേണ്ടതുപോലെ ചർച്ച ചെയ്തിട്ടില്ല. ഡാക്ടർ പി. എസ്സ്. സുബ്രഹ്മണ്യശാസ്ത്രികൾ, തമിഴ് വ്യാകരണസിദ്ധാന്തങ്ങളുടെ ചരിതം[1] എന്ന ഗ്രന്ഥത്തിൽ തമിഴ്ഭാഷയെ പുരാതനം, മധ്യതനം, അധുനാതനം, എന്നു് മൂന്നു ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. അവയിൽ പുരാതനഘട്ടം ക്രിസ്ത്വബ്ദാരംഭത്തിനു മുൻപു മുതൽ

1. *History of Grammatical Theories in Tamil.*

എ. ഡി. അഞ്ചാംശതകംവരെ അതായത് സംഘംകാലത്തിന്റെ അന്ത്യംവരെ വ്യാപിക്കുന്നതും മധ്യതമിഴ്ഘട്ടം ആറാംശതകത്തിനും പതിനാലാംശതകത്തിനും ഇടയ്ക്കുള്ളതും അധുനാതനഘട്ടം പതിനഞ്ചാം ശതകത്തിന് ഇപ്പുറമുള്ളതും ആണെന്ന് മി. ശാസ്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. വിവിധങ്ങളായ വ്യാകരണതത്ത്വങ്ങളെ വിശദീകരിക്കുന്ന സന്ദർഭങ്ങളിൽ അദ്ദേഹം പുരാതനഘട്ടത്തിന് തൊൽകാപ്പിയത്തെയും, മധ്യതനഘട്ടത്തിന് നന്നൂൽ, വീരചോഴിയം, നേമിനാതം എന്നിവയേയും അധുനാതനഘട്ടത്തിന് ഇലക്കണവിളക്കം, തൊന്നൂൽവിളക്കം മുതലായവയേയും പ്രാധാന്യേന അവലംബങ്ങളാക്കുന്നു. തമിഴ് വ്യാകരണഗ്രന്ഥങ്ങളിൽ നിന്നും ഭാഷയുടെ വളർച്ച എത്രമാത്രം ഗ്രഹിക്കുവാൻ കഴിയുമെന്നു പരിശോധിക്കുന്ന വിഷയത്തിൽ മി. സുബ്രഹ്മണ്യശാസ്ത്രിയുടെ ഗ്രന്ഥം നമുക്ക് ഉപകാരകമാണ്.

വ. ർ. സംഘംകൃതികൾക്കും വൈഷ്ണവരായ ആൾവാർമാരുടേയും ശൈവസന്ന്യാസിമാരുടേയും കൃതികൾക്കും തമ്മിൽ ഭാഷാപരമായി സ്പഷ്ടമായ അകല്ച്ച കാണുന്നുണ്ടെന്നുള്ളതിനെ ആസ്പദമാക്കി മി. എൽ. വി. രാമസ്വാമിഅയ്യർ സംഘംകൃതികളിലെ തമിഴിനെ പ്രാചീനതമിഴ്[1] എന്നും അഞ്ചാംശതകത്തിന് ശേഷമുള്ള കൃതികളിലെ തമിഴിനെ മദ്ധ്യതമിഴ്[2] എന്നും വ്യവഹരിക്കുന്നു. തൊൽകാപ്പിയത്തിലെ ചൊല്ലധികാരം പ്രാചീനതമിഴിന്റെ വ്യാകരണനിയമങ്ങളെ പ്രതിപാദിക്കുമ്പോൾ പതിനൊന്നാംശതകത്തിലെ വീരചോഴിയവും പതിമൂന്നാംശതകത്തിലെ നന്നൂലും മധ്യതമിഴിലെ പ്രയോഗവിശേഷങ്ങളെക്കൂടി പരാമർശിക്കുന്നുവെന്ന് മി. രാമസ്വാമിഅയ്യർ അഭിപ്രായപ്പെടുന്നു. മധ്യതമിഴിൽതന്നെ അഞ്ചാംശതകത്തിനും പത്താംശതകത്തിനും ഇടയ്ക്കു പ്രാചീനമധ്യകാലതമിഴ്[3] എന്നും അതിനുമേൽ കമ്പന്റെ കാലംവരെ അർവാചീനമധ്യകാലതമിഴ്[4] എന്നും രണ്ടു ഭാഗകൾ അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ളതും വക്തവ്യമാണ്. എട്ടുത്തൊകൈ, പത്തുപ്പാട്ട് എന്നീകൃതിസമുച്ചയങ്ങൾ പ്രാചീനതമിഴിനും തേവാരം, തിരുവാചകം, തിരുക്കോവൈ, നാലായിരപ്രബന്ധം, എന്നിവ പ്രാചീനമധ്യകാലതമിഴിനും ഉത്തമദൃഷ്ടാന്തങ്ങളായി മി. അയ്യർ ഉപാദാനം ചെയ്യുന്നു. വിഭിന്നകാലങ്ങളിൽ ആവിർഭവിച്ചിട്ടുള്ള കൃതികളെ ഉൾക്കൊള്ളുന്ന പതിനെൺകീഴ്കണക്ക് എന്ന ഗ്രന്ഥസമുച്ചയം എട്ടുത്തൊകൈയേയും പത്തുപ്പാട്ടിനേയുംകാൾ പ്രാചീ

1. Ancient Tamil. 2. Middle Tamil. 3. Early Middle Tamil. 4. Later Middle Tamil

നപ്രയോഗങ്ങൾ[1] കുറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് പതിനെൺകീഴ്കണക്കിലെ ഭാഷാരീതിയെ മദ്ധ്യകാലതമിഴിലേക്കുള്ള പരിവർത്തനദശയെക്കുറിക്കുന്ന പ്രാചീനതമിഴായിട്ടത്രേ മി. രാമസ്വാമിഅയ്യർ കരുതുന്നത്. പ്രാചീനതമിഴിനും മദ്ധ്യകാലതമിഴിനും തമ്മിൽ വർണ്ണവിപരിണാമനയത്തിലും വ്യാകരണകാര്യങ്ങളിലും വാക്യാംഗങ്ങളായ പദങ്ങളുടെ ക്രമത്തിലും പ്രത്യക്ഷങ്ങളാകുന്ന ചില വ്യത്യാസങ്ങളെക്കുറിച്ച് മിസ്റ്റർ രാമസ്വാമിഅയ്യർ അദ്ദേഹത്തിന്റെ 'തമിഴും മലയാളവും'[2] എന്ന ലേഖനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ വ്യാകരണകാര്യങ്ങളെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളെ ചുവടേ ചേർക്കുന്നു.

(ക) പ്രാചീനതമിഴിൽ സംയോജികാവിഭക്തിയെ കുറിക്കുന്നവയായിട്ട് 'ഒട്ട്', 'ആൻ', എന്നിവ 'ഓട്ട്', 'ആല' എന്നിവയെക്കാൾ കൂടുതൽ പ്രചാരത്തിൽ ഇരുന്നിരുന്നു. 'ഓട്ട്', 'ആല' എന്നിവ പ്രയുക്തങ്ങളായിത്തീർന്നതു മദ്ധ്യകാലതമിഴിലാണ്.

(ഖ) പ്രാചീനതമിഴിലെ ഉദ്ദേശികാവിഭക്ത്യന്തരൂപങ്ങളിൽ 'അവക്ക്', 'മരത്തിക്ക്' എന്നിങ്ങനെ ഐകാരത്തിന് റകാരാദേശം വന്നിട്ടുള്ള രൂപങ്ങൾ കാണുമ്പോൾ 'അവനക്ക്', മരത്തിനക്ക്' എന്നിങ്ങനെ ഇടയ്ക്ക് ഉകാരം ചേർന്നുള്ള രൂപങ്ങളാണ് മദ്ധ്യകാലതമിഴിൽ സമുദയം ചെയ്തിട്ടുള്ളതു. ആഗമികമായ 'ഇൻ' എന്നതിലെ ഐകാരത്തിന് റകാരാദേശം തൊല്കാപ്പിയത്തിലും ന് എന്നതിനും ക് എന്നതിനും ഇടയ്ക്ക് 'ഉ-ചാരിയെ മദ്ധ്യകാലതമിഴ വ്യാകരണങ്ങളിലും അനുശാസിക്കപ്പെട്ടിട്ടുണ്ട്.

(ഗ) പ്രാചീനതമിഴിൽ അപാദാനാർത്ഥത്തെ കുറിക്കുന്ന 'ഇൻ' എന്നൊരു അന്ത്യാംശം ഉണ്ട്. മദ്ധ്യകാലതമിഴിൽ അതേ സ്ഥാനത്ത് 'ഇല്നിൻറു' എന്നു കാണുന്നു.

(ഘ) 'ഇൻ' എന്ന അന്ത്യാംശംതന്നെ താരതമ്യദ്യോതകമായും പ്രാചീനതമിഴിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. മദ്ധ്യകാലതമിഴിൽ ഇതിനെതിരായി 'ഇലും' എന്നതു ചേർന്ന രൂപങ്ങളാണുള്ളതു.

(ങ) പ്രാചീനതമിഴിൽ സംബന്ധദ്യോതകമായ അന്ത്യാംശം അചേതനങ്ങളെ വിശേഷിപ്പിക്കുമ്പോൾ 'അതു' എന്നതും ചേതനങ്ങളെ വിശേഷിപ്പിക്കുമ്പോൾ 'ക്കു' എന്നതും ആകുന്നു. മദ്ധ്യകാലതമിഴിലാകട്ടെ, 'ഉടൈ, ഉടൈയ' എന്നിവ പ്രയുക്തങ്ങളായിരിക്കുന്നു.

---

1. Archaic forms. 2. *Tamil and Malayalam*,

(സ) മധ്യകാലതമിഴിൽ ഗതികളായിത്തീർന്നിട്ടുള്ള 'കൊണ്ട്, ആയി, കുറിത്ത്' മുതലായവ പ്രാചീനതമിഴിൽ കേവലം വിനയെച്ചങ്ങളായി മാത്രമേ അവസ്ഥാനം ചെയ്തിരുന്നുള്ളൂ.

(ഒ) പ്രാചീനതമിഴിൽ 'അത്ത്' 'ഇത്ത്' 'യാത്ത്' എന്നിവയുടെ വികേതിപ്രത്യയയോഗത്തിൽ ഇടനിലയായി 'അൻ' എന്നു വരുന്നതിനു നേരായി മധ്യകാലതമിഴിൽ 'ഇൻ' എന്നു വരുന്നു.

(വ) 'വന്തിചിൻ' മായ്ന്തിചിനോർ, പെറിചിൻ, കണ്ടിചിൻ, എന്നിവപോലെ ഇചിൻ ചേർന്ന രൂപങ്ങളും 'നട്ടകിൻറ്', പോയിൻറ്' എന്നിവപോലെയും 'മായ്ന്തൻറ്' വന്തൻറ്, എന്നിവപോലെയും അചേതനകർത്തൃകങ്ങളായ പ്രഥമപുരുഷൈകവചനാന്തരൂപങ്ങളും മധ്യകാലതമിഴ്ദശയിൽ ലുപ്തപ്രചാരങ്ങളായിത്തീർന്നു.

(ൻ) 'ചെയ്യിയർ', 'ചെയ്യായ' എന്നിവപോലെയുള്ള മൻവിനയെച്ചങ്ങളും മധ്യകാലതമിഴിൽ തിരോധാനം ചെയ്യുകയും 'വിൻ, ബാൻ, പ്പാൻ', എന്നിവ ചേർന്നുള്ള പുതിയ രൂപങ്ങളും ആവിർഭവിക്കുകയും ചെയ്തു.

(ഫ ഠ) പ്രാചീനതമിഴിൽ പാക്ഷികതപ്പെത്തെ കുറിക്കുന്നതിനു ക്രിയാപ്രകൃതിയോട് 'ണൻ' എന്നതും മുറവിനകളോട് 'ആയിൻ' എന്നതും ചേർത്തിരുന്നു. മധ്യകാലതമിഴിലാകട്ടെ 'ഇല്, ആയില് ആല്, ഏല്' എന്നിവ ചേർന്ന രൂപങ്ങൾ ഏർപ്പെട്ടു.

വ ഭ. തമിഴ് സാഹിത്യത്തിൽ പ്രധാനപ്പെട്ട ഏതാനും ലക്ഷ്യഗ്രന്ഥങ്ങളേയും ലക്ഷണഗ്രന്ഥങ്ങളേയും ആസ്പദമാക്കി മിസ്റ്റർ രാമസ്വാമി അയ്യർ രണ്ടു ദശകൾക്കും തമ്മിലുള്ള അന്തരത്തെ വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുള്ളതിൽ ക്രമാനുഗതങ്ങളായ പരിണാമങ്ങളെ ഒഴിച്ചാൽ മധ്യകാലതമിഴിൽ നൂതനമായി ആവിർഭവിച്ചവയെന്ന് നിർദ്ദേശിച്ചിട്ടുള്ളവ പ്രായേണ പ്രാചീനദശയിൽത്തന്നെ വായ്മൊഴിയിൽ ഉണ്ടായിരുന്നവയുടെ സ്മരണങ്ങളാണെന്ന മാത്രമേ കരുതുവാൻ നിർവാഹമുള്ളൂ. പ്രാചീനതമിഴിൽനിന്നും മധ്യകാലതമിഴിനുള്ള വ്യത്യസ്തസ്വഭാവത്തെ ആധാരമാക്കിയാണ് മലയാളത്തിന്റെ ആദിമദശ പ്രാചീനതമിഴിൽനിന്നും അകന്നും എന്നാൽ മധ്യകാലതമിഴിനോട് ഏറെക്കുറെ സമാനമായും ഉള്ള ഒരു സ്ഥിതിയെ പ്രതിബിംബിപ്പിക്കുന്നുവെന്ന് ആദ്ദേഹം മറെറാരിടത്തു് സിദ്ധാന്തിച്ചിട്ടുള്ളതു്.

വ്യു. തമിഴിലുള്ള വ്യാകരണഗ്രന്ഥങ്ങളേയും നിഘണ്ടുക്കളേയും പരിശോധിച്ചാൽ അവ്വാചീനദശയിൽ പ്രചാരലോപം സംഭവിച്ചിട്ടുള്ള പല പദങ്ങളും പ്രാചീനദശയിൽ ഉണ്ടായിരുന്നുവെന്നു കാണാം. അമരും (അഗ്രഹിക്കുന്നു), അവല് (കുഴി), ഇങ്ക (വസിക്കുക), ഇനത്തൽ (കെട്ടുതൽ), ഉമ്പല് (കലം), ഉവല് (തഴ), എനവ (എന്റെ), ഊതിയം (പ്രതിഫലം), ഓരൈ (പെൺകുട്ടികളുടെ കളി), കൂടൈ (പനയോല കൊണ്ടുണ്ടാക്കിയ ഭോജനപാത്രം), കൂയി (കട്ടവറവ്), ഞമലി (പട്ടി), കുരുപ്പൈ (എലി), കൊള്ളൈ (വില), വല്സി (ആഹാരം), തിരൈയൽ (വെറിലു), കാഡി (ഉപ്പിലിട്ടതു), തൊഡർ (വേലി) മുതലായവ അതു ഇനത്തിൽപെട്ടവയാണ്.

---

(൨) തെലുങ്ക്.

ദേശവ്യവസ്ഥിതിയും ഭാഷാപരമായ അതിരും.

വ്യ൩. തെലുങ്കുഭാഷ പ്രാധാന്യേന വ്യവഹാരത്തിൽ ഇരിക്കുന്നതു് പുലിക്കാട്ട മുതൽ ചിക്കാക്കോളംവരെ ഉള്ള കിഴക്കൻ സമുദ്രതീരപ്രദേശങ്ങളിലും, ഉള്ളിലേക്കു് മഹാരാഷ്ട്രദേശത്തിന്റെയും മൈസൂരിന്റെയും കിഴക്കേ അതിരോളം ബല്ലാറിയിൽ വടക്കുകിഴക്കൻ സീമയും അനന്തപ്പൂരിന്റെ കിഴക്കുഭാഗത്തുള്ള ഭൂരിഭാഗവും ഉൾക്കൊള്ളുന്ന സ്ഥലത്തിലും, നാഗപ്പൂരിലും ഗോണ്ഡിവനത്തിലും ഉള്ള ഏതാനും പ്രദേശങ്ങളിലും ആകുന്നു. തമിഴ്നാട്ടുകളിൽ പലയിടത്തും തെലുങ്കു സംസാരിക്കുന്നവരായി കാണപ്പെടുന്നവർ ഏറിയക്രമം കൃഷ്ണദേവരായന്റെ കാലത്തും അതിനുശേഷവും ആന്ധ്രാധിപത്യം പുലർന്നിരുന്നപ്പോൾ കുടിയേറിപ്പാർത്തവരുടെ പിൻതലമുറക്കാരത്രേ. തെലുങ്കിന്റെ ഭാഷാപരമായ അതിരാകട്ടെ, വടക്കു് ഒഡിയാ, ഹല്ബി, ഗോണ്ഡീ, മറാഠീ എന്നിവയും പടിഞ്ഞാറു് മറാഠീ, കർണാടകം, എന്നിവയും തെക്കു് തമിഴും ആകുന്നു.

വ്യ൪. തെലുങ്കു എന്നുള്ള സംജ്ഞ ത്രിലിങ്ഗ-എന്ന സംസ്കൃതപ്രകൃതിയുടെ തദ്ഭവമാണെന്നാണു് പൊതുവേ ധരിക്കപ്പെട്ടിരിക്കുന്നതു്. ത്രിലിങ്ഗ-എന്നതു് കാലേശ്വരം, ശ്രീശൈലം, ഭീമേശ്വരം എന്നീ ശൈലങ്ങളിൽ ആവിർഭവിച്ച മൂന്നു ശൈവലിങ്ഗങ്ങളെ അസ്സദൃശമാക്കി ഉണ്ടായ ദേശനാമമാണത്രേ. ത്രിലിങ്ഗ— എന്നാണു് പൂർവ്വരൂപമെങ്കിൽ 'ത്രി' എന്നതിലെ ഇകാരം എകാരമായി മാറുവാൻ പ്രസക്തിയില്ല.

അതുപോലെ തൈലിങ്ഗക—എന്നോ മറേറാ ഉള്ള സംസ്കൃതരൂപത്തിന് എതിരായി പ്രാകൃതത്തിൽ ഉണ്ടായിരുന്ന ഒരു രൂപത്തിന്റെ തദ്ഭവമായിരിക്കണം തെലുങ്ക് എന്ന പറയുവാൻ അശക്യമായിരിക്കുന്നു തൈലിങ്ഗ—എന്നതിന് പ്രാകൃതത്തിൽ തേലിങ്ഗ—എന്ന് ദീർഘമായ ഏകാരത്തോടുകൂടിയ രൂപം മാത്രമേ കാണുവാൻ വഴിയുള്ളൂ. ഭാഷയുടെ പേരായി 'തെലുങ്ഗ' എന്ന് ചിലയിടങ്ങളിൽ കാണുന്നതാണ് പൂർവ്വരൂപം എന്നും അതിന്റെ അർത്ഥം 'തേൻപോലെ മധുരമായ ഭാഷ' എന്നാണെന്നും ചില പ്രാദേശികപണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതും സ്വീകാര്യമായിരിക്കുന്നില്ല. അനുനാസികവ്യഞ്ജനത്തിന്റെ സാന്നിധ്യം കൊണ്ട് ലകാരത്തിന് നകാരാദേശം ഉണ്ടാകാം എന്നുള്ളതിനാൽ തെലുങ്ഗ, തെനുങ്ഗ എന്നിവയിൽ പൂർവ്വരൂപം തെലുങ്ഗ—എന്നതു തന്നെ ആയിരിക്കണം എന്നു തീർച്ചപ്പെടുത്താമല്ലോ. തെലുങ്ഗ എന്നതു ദ്രാവിഡപ്രകൃതികമായ ഒരു പദമായിരിപ്പാനാണ് സംഭാവ്യത ഉള്ളതെങ്കിലും അതിന്റെ വ്യുത്പാദനം ഇന്നത്തെ നിലയ്ക്ക് ദുഷ്കരമായിരിക്കുന്നു. 'പ്രകാശിക്കുക' എന്ന അർത്ഥത്തിലുള്ള 'തെലി—' എന്ന ധാതുവിനോട് 'ങ്ഗ' എന്ന പ്രത്യയം ചേർന്ന് നിഷ്പന്നമായ ശബ്ദമാണ് ഭാഷാസംജ്ഞയായി സ്വീകരിക്കപ്പെട്ടിട്ടുള്ളതു്, എന്നുള്ള ചിലരുടെ അഭിപ്രായവും ഉപപന്നമാണെന്ന് സമർത്ഥിക്കുവാൻ സാധിക്കുന്നില്ല. ഇന്ന് 'തെലുഗ' എന്ന് സാധാരണ്യേന ഉപയോഗിക്കപ്പെടുന്ന രൂപം തെലുങ്ഗ എന്നതിൽ ഉകാരത്തിന് ആനുനാസിക്യം വന്ന്, അനുനാസികവ്യഞ്ജനം ലോപിച്ചിട്ടുള്ള Telūgu എന്ന രൂപത്തിൽ ഉകാരത്തിന്റെ ആനുനാസിക്യംകൂടി ഇല്ലാതായി പ്രചാരത്തിൽ വന്നിട്ടുള്ളതാണ്.

തെലുങ്ക് എന്നുള്ള സംജ്ഞ.

വ്യൻ. തെലുങ്കുഭാഷ എല്ലായിടത്തും ഐകരൂപ്യം വഹിക്കുന്നില്ല. കൃഷ്ണാ, ഗോദാവരി, എന്നീ ജില്ലകളിൽ വ്യവഹരിക്കപ്പെടുന്ന ഭാഷയ്ക്കാണ് ക്രുദ്ധതൽ പ്രചാരവും ശ്രുദ്ധിയും ഉള്ളതെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഉത്തരോത്തരത്തിൽ ഗന്ദാഡിസ്ട്രിക്റ്റിൽ സാലവാരി, കോമടാവു, കാപ്പേവാരി, ഗോമ്മരീ, മനഥനീ എന്നു തുടങ്ങി പല പേരുകളിലും പ്രചരിക്കുന്ന ഉപഭാഷകൾ സാധാരണതെലുങ്കിൽനിന്നും വളരെ വ്യത്യാസം ഉള്ളവയല്ല. കർണാടകദേശത്തിലും, ബാംബേയിലും ചില ജാതിക്കാരുടെ വ്യവഹാരഭാഷയായി തെലുങ്ക്, അല്പം വ്യത്യാസത്തോടുകൂടി നിലവിൽ ഇരിക്കുന്നുണ്ട്. ആവയിൽ പ്രധാനപ്പെട്ടവ ബല്ല ഗാമിലുള്ള ബേരഡീ, ഭാസരീ എന്നി

ഉപഭാഷകൾ.

വയും, ബാംബേയിലെ കാമാഠീയും ആകുന്നു. അതുകൂടാതെ ബാംബേ പ്രസിഡൻസിയിലും, ബീറാർ മുതലായ ഡിസ്ട്രിക്റ്റുകളിലും ഒരു ക്ലൃപ്തം സഞ്ചാരിവർഗ്ഗക്കാർ സംസാരിക്കുന്ന വഡരിയും തെലുങ്കിന്റെ ഒരു വകഭേദം തന്നെ. കാമാഠിക്കു അന്യഭാഷാസമ്പർക്കംകൊണ്ടു് അല്പം ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടു്. സാധാരണതെലുങ്കിൽ ചിലയിടത്തു് 'ച' എന്നതു 'സ' എന്നു് ഉച്ചരിക്കപ്പെട്ടുമ്പോൾ കാമാഠിയിൽ അതു് 'സ' എന്ന നിലയിലാണു് ഇരിക്കുന്നതു. സ്വരങ്ങളുടെ മധ്യവർത്തിയായ ഡകാരം ഉച്ചാരണത്തിൽ രേഫമാകുന്ന രീതി ചില നവീനേന്ത്യൻഭാഷകളിൽ ഉള്ളതുപോലെ കാമാഠിയിലും ദർശിക്കാവുന്നതാണു് ഉദാ:—മൂരു ('three' സാധാരണതെലുങ്കു് മൂഡു) കാമാഠിയിൽ വ്യപേക്ഷകസർവ്വനാമം പ്രയോഗിച്ചിട്ടുള്ള വാക്യരീതിക്കു് പ്രതിഷ്ഠ ലഭിച്ചിട്ടുള്ളതു് ആര്യഭാഷാസമ്പർക്കത്തിന്റെ മറെറാരു ഫലമാണു. അത്തരം വാക്യങ്ങളിൽ ചോദ്യസർവ്വനാമമാണു് വ്യപേക്ഷകസർവനാമത്തിന്റെ സ്ഥാനം വഹിക്കുന്നതു്. ഉദാ: യേമി ജിന്നഗി അസ്തദു ആദു ഉജാനാ 'What property will come that you should give?'

൯൦. ബല്ഗാമിൽ ഒരുതരം താഴ്ന്നവർഗക്കാർ സംസാരിക്കുന്ന ഭാഷയിലെ ഉച്ചാരണഭേദങ്ങളിൽ ബഹുവചനപ്രത്യയമായ 'രു' എന്നതു് 'ള്ള' എന്നോ 'ല്ല' എന്നോ ആയിത്തീരുന്നതു് പ്രസ്താവാർഹമാണു്. ബല്ഗാമിലെ ആദിമനിവാസികളിൽ ഉൾപ്പെട്ടന്ന ബേരഡികളുടെ വ്യവഹാരഭാഷയായ ബേർഡിയിൽ ഇടയ്ക്കിടയ്ക്കു കർണാടകരൂപങ്ങൾ കടന്നുകൂടിയിട്ടുണ്ടു്. സാധാരണതെലുങ്കിൽ 'നേനു' (ഞാൻ) എന്നു് ഏകാരത്തോടുകൂടി കാണുന്ന രൂപത്തിനു് എതിരായി കർണാടകത്തിൽ 'നാനു' എന്നു് ആകാരാഭേദം വന്നിട്ടുള്ള രൂപമാണു ബേരഡിയിൽ പ്രചരിക്കുന്നതു്. അതുപോലെ ബേരഡിയിൽ 'കേസി' എന്നു് കകാരത്തിനു് സാധാരണതെലുങ്കിലെന്നപോലെ ചേസി എന്ന താലവ്യാഭേദം വരാതെയുള്ള രൂപം കർണാടകത്തിൽ ഉള്ളതിനോടു സദൃശമായിരിക്കുന്നു. അവസാനത്തിലുള്ള സ്വരം ഒസ്താൻ (സാധാരണ തെലുങ്കു— വസ്താനു), വാത്തുൻ (സാധാരണ. വത്തു സ്തുനു) എന്നിങ്ങനെ ബേരഡിയിൽ ലോപിക്കുന്നതും ശ്രദ്ധേയമാണു്. വഡരിയിലെ ശ്രദ്ധനീയങ്ങളായ പ്രത്യേകതകൾ ഏകാരത്തിനു് ഈകാരവും (ഉദാ: നീനു=നേനു 'I'; മീമു=മേമു 'We') ചകാരത്തിനു് ശകാരോച്ചാരണവും (ഉദാ: ശേശി=ചേശി 'having done') ആകുന്നു. ക്രിയാപദങ്ങളിൽ ഉത്തമപുരുഷസർവനാമത്തേയും മധ്യമപുരുഷസർവനാമത്തേയും കുറിക്കുന്ന പ്രത്യയങ്ങൾ വഡരിയിൽ നഷ്ടപ്പെട്ടുപോയിട്ടുള്ളതും പ്രസ്താവ്യമാണു.

൯൫. പ്രാചീനകാലത്തു് തെലുങ്കിനെ മറ്റു ദ്രാവിഡഭാഷകളിൽ നിന്നും വ്യത്യസ്തമായി പരിഗണിച്ചിരുന്നുവെന്നുള്ളതിനു് കമാരിലഭട്ടന്റെ തന്ത്രവാർത്തികത്തിലുള്ള പരാമർശം ഒരു തെളിവാണു്.

തെലുങ്കിന്റെ പ്രത്യേകതകൾ.

ആധുനികതെലുങ്കിൽ സംസ്കൃതത്തിന്റെ സമാവേശം മലയാളത്തിലെന്നപോലെ വളരെ കൂടുതലായിരിക്കുന്നു. പദാരംഭത്തിലുള്ള ഘോഷവ്യഞ്ജനങ്ങളെ അതേ നിലയിൽ തന്നെ വെച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ തെലുങ്കു് കർണാടകത്തിനു സദൃശമായ പ്രാചീനദശയെ ആവഹിക്കുന്നു. തമിഴിലും കർണാടകത്തിലും മലയാളത്തിലും പൂർവ്വദ്രാവിഡത്തിലെ ഡകാരം ഴകാരമായോ ഒരു പടി കൂടി കടന്നു് ളകാരമായോ, യകാരമായോ മാറിപ്പോയിട്ടുണ്ടെങ്കിലും തെലുങ്കിൽ ഇന്നും ഡകാരഘടിതങ്ങളായ രൂപങ്ങളും ധാരാളം അവശേഷിക്കുന്നു:— ഉദാ:

Tel. ēḍu 'seven' cf. Mal. ēḻe Tam. ēḻu Kan. ēḷu.
Tel. kaḍugu 'to wash' cf. Mal. kaḻuka Tam. kaḻugu.
Tel. kōḍi 'fowl' cf Mal. kōḻi Tam. kōḻi. Kan. kōḷi
Tel. nīḍa 'shadow' cf. Mal. niḻal Tam. niḻal.

പദാരംഭത്തിലുള്ള കവർഗം അതിനെത്തുടർന്നുവരുന്നതായ താലവ്യസ്വരത്തിന്റെ ധർമസംക്രമംകൊണ്ടു് ചവർഗമാകുന്ന സംപ്രദായം തമിഴിലും മലയാളത്തിലും എന്നപോലെ തെലുങ്കിലും ഉണ്ടു്. ഈ വിഷയത്തിൽ തെലുങ്കു് കർണാടകത്തോടു് വൈസാദൃശ്യം വഹിക്കുന്നുവെന്നു് പറയേണ്ടതില്ലല്ലോ. പദാവസാനത്തിലുള്ള 'അയ്' മലയാളത്തിലെന്നപോലെ യകാരം ലുപ്തമായി മല, തല, എന്നിങ്ങനെ അകാരമാത്രമായിട്ടാണു തെലുങ്കിലും പരിണമിച്ചിട്ടുള്ളതു്. തെലുങ്കുവൈയാകരണന്മാർ 'ശകടരേഫം' എന്നു പറയുന്ന ഒരു വർണം പല തെലുങ്കുവാക്കുകളിലും ശ്രവിക്കപ്പെടുന്നുണ്ടു്. ഉദാ: ഗുർറമു 'horse'; കർറ 'a stick ഈ വർണം ഏതാണ്ടു് ഇരട്ടിച്ച രേഫത്തോടു് സദൃശമത്രേ. ശകടരേഫത്തിന്റെ സ്ഥാനത്തിൽ മറ്റു ദ്രാവിഡഭാഷകളിൽ നാം പ്രായേണ കണ്ടെത്തുന്നതു് കേവലം റകാരമായിരിക്കും. ഉദാ:—

Tel. arra 'a room, chamber' cf. Mal. ara.
Tel. cirru 'anger' cf. Mal. cīṟuka 'to be angry',

൯൬. പ്രത്യയത്തിലെ സ്വരം പ്രകൃതിയിലുള്ള സ്വരത്തെയും പ്രകൃതിയിലെ സ്വരം പ്രത്യയത്തിലുള്ള സ്വരത്തെയും സദൃശീകരിക്കുന്ന നയം തെലുങ്കിൽ പ്രമുഖമാണു്. കത്തി—എന്നതിനോടു് 'ലു' എന്ന ബഹുവചനപ്രത്യയം ചേരുമ്പോൾ രൂപം കത്തുലു 'knives

എന്നാകുന്നതും, Ku എന്ന ഉദ്ദേശികാവിഭക്തിപ്രത്യയം ചേരുമ്പോൾ രൂപം കത്തികി 'for a knife' എന്നാകുന്നതും മേല് പറഞ്ഞതിനു ദൃഷ്ടാന്തങ്ങളത്രേ.

തെലുങ്കിലെ പദസമുച്ചയം,

ന്ന. തെലുങ്കിൽ വരമൊഴി വായ്മൊഴിയിൽനിന്നും പ്രത്യക്ഷത്തിൽ വളരെ അകന്നതായി തോന്നിക്കുന്നതാണ്. വിക്രമാർക്കചരിതം, കാശീയാത്ര, പഞ്ചതന്ത്രം, നീതിചന്ദ്രിക, വേമനശതകം മുതലായവയിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്ന ഭാഷയുടെ അർത്ഥം ഗ്രഹിക്കുന്നതിന് വ്യാകരണസാഹായ്യം അപരിഹാര്യമാണെന്നു ഏവരും സമ്മതിക്കും. പ്രാചീനവ്യാകരണഗ്രന്ഥങ്ങളിൽ ഏറിയൊരു ഭാഗവും സംസ്കൃതപദങ്ങളെ തെലുങ്കിലേക്ക് ഉപാദാനം ചെയ്യേണ്ടതെങ്ങനെ എന്നുള്ള ചർച്ചകൾക്കു വേണ്ടി വിനിയോഗിക്കപ്പെട്ടിരിക്കുന്നു. സംസ്കൃതതൽസമമുലു, ദേശ്യമുലു, ഗ്രാമ്യമുലു എന്നിങ്ങനെയാണ് തെലുങ്കുഭാഷയിലുള്ള പദസമുച്ചയത്തെ വൈയാകരണന്മാർ വിഭജിച്ചിരിക്കുന്നത് എന്നുള്ളതും വക്തവ്യമത്രേ.

തെലുങ്കുഭാഷയുടെ ദശാവിശേഷങ്ങൾ.

ന്ര. തെലുങ്ക് പ്രാകൃതഭാഷയുടെ പ്രബലമായ സമാവേശത്തിനു കീഴ്പ്പെട്ടിരുന്ന ഒരു ദശ ദീർഘകാലത്തേക്ക് അവലംബിച്ചിരുന്നുവെന്ന് ഊഹിക്കുവാൻ മതിയായ ലക്ഷ്യങ്ങളും ഉണ്ട്. ഇതര ദ്രാവിഡഭാഷകളിൽ നിന്നും തെലുങ്ക് ശബ്ദസമുച്ചയവിഷയകമായി അകലുന്നതിനുള്ള മുഖ്യകാരണം അതിൽ കടന്നുകൂടിയിട്ടുള്ള പ്രാകൃതപദങ്ങളുടെ ബാഹുല്യമത്രേ. കാലം ചെന്നപ്പോൾ സംസ്കൃതഭാഷയുടെ അനുപ്രവേശത്തിന് മേല്ക്കുമേൽ വിധേയമായി തെലുങ്ക് നവീനപദസമ്പത്തുകൊണ്ട് അനുഗ്രഹീതമാവുകയും മിക്കവാറും സംസ്കൃതമയമായ ഒരു ആകാരം കൈക്കൊള്ളുകയും ചെയ്തു. ഇങ്ങനെ ആര്യഭാഷകളുടെ ക്രമാധികമായ കൈയേറ്റം ഉണ്ടായിട്ടും തെലുങ്കിന്റെ ദ്രാവിഡീയമായ കെട്ടുപാടിന് വലിയ ഉലച്ചിലൊന്നും വന്നിട്ടില്ല. പ്രാകൃതത്തിന്റെ കലർപ്പില്ലാത്ത തെലുങ്കിന്റെ ആദിമദശയെ നിർണ്ണയിക്കുന്നതിന് ഉതകുന്ന സാമഗ്രികളും വിരളങ്ങളാണ്. ജാനുതെലുഗു എന്ന് വ്യപദേശിക്കപ്പെടുന്ന ശുദ്ധമായ തെലുങ്കുഭാഷയിൽ ചില പ്രാചീനഗാനങ്ങളല്ലാതെ സാഹിത്യത്തിൽ പ്രതിഷ്ഠം പ്രാപിച്ചിട്ടുള്ള ഗ്രന്ഥങ്ങളും ഉണ്ടായിട്ടുണ്ടോ എന്ന സംശയമാണ്. തെലുങ്കിലെ ആദികവി എന്ന് ശ്ലാഘിതനായ നന്നയ്യയുടെ ഭാരതവിവർത്തനത്തിൽ ഏറിയപങ്കും ആര്യഭാഷാപദങ്ങളാണ് പ്രയുക്തങ്ങളായിട്ടുള്ളതു. ചില ശൈവകവികളും തെലുങ്കിലേക്കു ആര്യഭാഷാപദങ്ങളും

സ്വീകരിക്കുന്ന രീതിയെ എതിർക്കുകയും ആകുവോളം ജ്ഞാനത്തെയുംകൂ ഉപയോഗിച്ച് സാമാന്യലോകത്തിന് സാഹിത്യഗ്രന്ഥങ്ങൾ സുഗ്രഹങ്ങളാക്കിത്തീർക്കുന്നതിന് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്കൃതപക്ഷപാതിയായിരുന്നുവെങ്കിലും തിക്കണ്ണ എന്ന കവി നന്നയ്യയെക്കാൾ ദേശ്യപദങ്ങളെ പ്രയോഗിക്കുന്നതിൽ ഉൽസുകനായിരുന്നുവെന്നു കാണാം. പക്ഷേ സാധാരണവ്യവഹാരത്തിൽപോലും സംസ്കൃതപദങ്ങളുടെ പ്രചാരംകൊണ്ട് പല ദേശ്യപദങ്ങളും തിരോധാനം ചെയ്തുപോയിട്ടുള്ളതിനാൽ തിക്കണ്ണയുടെ ദേശ്യപ്രയോഗങ്ങൾ അർവാചീനകാലത്തു് ദുർഗ്രഹങ്ങളായിത്തീർന്നുപോയിട്ടുണ്ട്. ഇങ്ങനെ തെലുങ്കുഭാഷയുടെ ദശാവിശേഷങ്ങളെ പര്യാലോചിക്കുമ്പോൾ പ്രധാനമായി നമ്മുടെ ശ്രദ്ധയ്ക്കു് വിഷയീഭവിക്കുന്നതു് ആര്യഭാഷകളുടെ അന്തഃപ്രവേശത്തിന് മുൻപുള്ള ഘട്ടം, പ്രാകൃതഭാഷാസമാവേശഘട്ടം, ആധുനികഘട്ടം എന്നിവയത്രേ.

ൻ ൽ. തെലുങ്കുഭാഷയുടെ പദവിഷയകമായും ഘടനാവിഷയകമായും ഉള്ള പഠനത്തിന് ഉപകരിക്കുന്ന ചില വ്യാകരണഗ്രന്ഥങ്ങളും കോശങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ നന്നയ്യയുടെ ആന്ധ്രശബ്ദചിന്താമണിയും അഥർവണന്റെ ത്രില്യം ഗശബ്ദാനുശാസനവും മൂലഘടികകേതനന്റെ ആന്ധ്രഭാഷാഭൂഷണവും പ്രാചീനവ്യാകരണഗ്രന്ഥങ്ങൾ എന്ന നിലയ്ക്കു് ആദരണീയങ്ങളാണ്. പതിനെട്ടാം ശതകത്തിൽ ആന്ധ്രഭാഷാർണ്ണവം എന്നൊരു കോശഗ്രന്ഥം വെങ്കടനാർയ്യുഡുവിനാൽ വിരചിതമായിട്ടുണ്ട്. അമരസിംഹന്റെ നാമലിങ്ഗാനുശാസനത്തെ അനുകരിച്ച് പദ്യരൂപത്തിൽ നിബദ്ധങ്ങളായിട്ടുള്ള ആന്ധ്രനാമസംഗ്രഹം, ആന്ധ്രനാമശേഷം, സംബന്ധിഘണ്ടു എന്നീ ലഘുകോശഗ്രന്ഥങ്ങളും ഈ പ്രകൃതത്തിൽ സ്മരണീയങ്ങളാണ്. ആധുനികകാലത്തു് ഉണ്ടായിട്ടുള്ള ഭാഷാപരങ്ങളായ ഗ്രന്ഥങ്ങളിൽ സി. പി. ബ്രൌണിന്റെയും ഏ. എച്ച്. ആർഡന്റേയും വ്യാകരണങ്ങളും സി. പി. ബ്രൌൺ, ശങ്കരനാരായണയ്യാ ഹെട്ടി എന്നിവരുടെ തെലുഗു—ഇംഗ്ലീഷ നിഘണ്ടുക്കളും ബാഹ്യലോകത്തിന്റെ ശ്രദ്ധയ്ക്കു് തെലുങ്കുഭാഷയെ വിഷയീഭവിപ്പിക്കുവാൻ സഹായിക്കുന്നവയാണ്.

വ്യാകരണഗ്രന്ഥങ്ങളും കോശഗ്രന്ഥങ്ങളും.

(ന) കർണ്ണാടകം.

ൻന്നു. മൈസൂരിലേയും, കോയമ്പത്തൂർ, സേലം അനന്തപ്പൂർ, ബല്ലാറി എന്നീ ഡിസ്ട്രിക്ടുകളുടെ പ്രാന്തപ്രദേശങ്ങളിലേയും മുഖ്യമായ വ്യവഹാരഭാഷയാണ് കർണ്ണാടകം. അതുമല്ല, ഈ ഭാഷ വടക്കോട്ട് ഹൈദരബാദിൽ ബീഡർ വരെ എത്തി, അവിടെനിന്നും തിരിഞ്ഞു മിക്കവാറും പടിഞ്ഞാറോട്ട് വെ ഡിഗ്രിയോളം ചെന്ന്, പിന്നീട് തെക്കോട്ട് ജാത്, ഭഹൽപൂർ എന്നിവയുടെ തെക്കുകിഴക്കൻ പ്രദേശങ്ങളെക്കൂടി ഉൾക്കൊള്ളത്തക്കവണ്ണവും വ്യാപിച്ചുകിടക്കുന്നു. സത്താറായുടെ തെക്കുകിഴക്കൻ അറ്റത്തുള്ള തസ്ഗോൺ (Tasgaon) താലൂക്കിലും ഔൻധ് സ്റ്റേറ്റിൽ ഏതാനും ഭാഗത്തിലും, ബഡ്ഗാമിന്റെ തെക്കും പടിഞ്ഞാറോട്ട് കൊല്ഹാപ്പൂർ പട്ടണം വരെ കോല്ഹാപ്പൂരിലും കണ്ണാടകഭാഷ വ്യവഹാരത്തിൽ ഇരിക്കുന്നുണ്ട്. പിന്നീട് കണ്ണാടകഭാഷയുടെ സീമ തെക്കോട്ട് തിരിഞ്ഞു ഫൊനാവർവരെ പശ്ചിമപർവതനിരയെ അനുഗമിച്ച് വരുന്നു. വടക്കൻ ക്യാനറായിൽ എല്ലായിടത്തുമുള്ള ഔദ്യോഗികഭാഷയും കണ്ണാടകം തന്നെ. തെക്കൻക്യാനറായിൽ തെക്കെ അറ്റത്തെ മൂല ഒഴിച്ചാൽ കണ്ണാടകമാണ് പ്രധാനപ്പെട്ട വ്യവഹാരഭാഷ. കണ്ണാടകഭാഷയുടെ ഭേദ്യഭേദങ്ങൾക്ക് നീലഗിരിയിലും സ്ഥാനം ലഭിച്ചിട്ടുണ്ട്. കണ്ണാടകഭാഷയുടെ ഭാഷാപരമായ അതിത്തി വടക്കും പടിഞ്ഞാറും മറാഠി, കിഴക്ക് തെലുങ്കും തമിഴും, തെക്ക് തമിഴും കൊടകും തുളുവും എന്നിങ്ങനെയാകുന്നു.

ദേശവ്യവസ്ഥിതിയും ഭാഷാപരമായ അതിരും

ൻ൭. കണ്ണാടകം എന്നുള്ള ഭാഷാസംജ്ഞ സംസ്കൃതഗ്രന്ഥങ്ങളിൽ പ്രയുക്തമായിട്ടുള്ള കണ്ണാടകപദത്തെ അനുസരിച്ച് ചെയ്യപ്പോരുന്നതാണ്. കണ്ണാടകദേശക്കാർ അവരുടെ നാട്ടിനേയും നാട്ടുഭാഷയേയും 'കന്നഡം' എന്നുള്ള പേരുകൊണ്ടാണ് സാധാരണമായി നിർദ്ദേശിക്കുന്നതു്. പ്രാചീനകണ്ണാടകസാഹിത്യത്തിൽ 'കണ്ണാട' എന്നും 'കന്നഡ' എന്നും രണ്ടു രൂപങ്ങളും കാണുവാൻ സാധിക്കുന്നു. തഞ്ചാവൂരിൽ നിന്നും ലഭിച്ചിട്ടുള്ള പതിനൊന്നാം ശതവർഷത്തിലെ ഒരു രേഖയിൽ കന്നഡം എന്നു കാണുന്നതുകൊണ്ടു് മുൻപു് നിർദ്ദേശിച്ച രൂപദ്വയത്തിൽ 'കന്നഡ' എന്നതു് കുറച്ചുകൂടി പഴക്കം ഉള്ളതാണെന്നു വിചാരിക്കാം. ദേശനാമം (കറുത്ത) എന്നർത്ഥത്തിലുള്ള 'കറു' എന്നും 'ദേശം' എന്നർത്ഥത്തിലുള്ള 'നാഡു' എന്നും ഉള്ള പദപ്രകൃതികളെ

കർണാടകം എന്നുള്ള സംജ്ഞ.

ചേർന്ന് 'കർനാട്ട്' എന്ന് നിഷ്പന്നമാണെന്നുള്ള ഡാക്ടർ ഗുണ്ടർട്ടിന്റെ അഭിപ്രായം ബിഷപ്പ് കാൾഡ്വെല്ലും സ്വീകരിച്ചിട്ടുണ്ട്. ഗുണ്ടർട്ടിന്റേയും കാൾഡ്വെല്ലിന്റേയും അഭിപ്രായത്തിൽ സംസ്കൃതത്തിലെ കർണ്ണാടകശബ്ദം 'കർനാട്ട്' എന്നുള്ളതിന് എതിരായി കല്പിതമായിട്ടുള്ളതാണെന്ന് കരുതാം. 'കരു' എന്നതിന് 'പൊക്കം കൂടിയതു്' എന്നുള്ള അർത്ഥത്തെ അസ്പഷ്ടമാക്കി ചിലർ ദേശനാമത്തിന്റെ ആദിമരൂപം 'കരുനാഡു' എന്ന് ആയിരിക്കണമെന്നും അതിന്റെ അർത്ഥം പൊക്കം കൂടിയസ്ഥലം എന്നാണെന്നും വാദിക്കുന്നു. 'കന്നഡം' എന്നതു് 'കർണ്ണാട' എന്നതിന്റെ വികലരൂപം ആണെന്നുള്ള കാൾഡ്വെല്ലിന്റെ നിഗമനം അനുപപന്നമാണെന്ന ഗ്രിയേഴ്സൺ പ്രസ്താവിച്ചിട്ടുണ്ട്. പൈശാചിയിൽ വിരചിതമായിട്ടുള്ള ഗുണാഢ്യന്റെ ബൃഹത്കഥയെ ഉപജീവിച്ചിട്ടുള്ള സോമദേവന്റെ കഥാസരിത്സാഗരത്തിൽ പ്രയോഗിച്ചിട്ടുള്ള കർണാടകപദം മൂലകൃതിയിൽ ഉണ്ടായിരുന്നിരിക്കാവുന്ന 'കന്നാഡ' എന്നോ 'കന്നട' എന്നോ ഉള്ള പ്രാകൃതപദത്തിന്റെ സംസ്കൃതീകൃതരൂപമാകാൻ ഇടയുണ്ടെന്നും അത്തരത്തിലുള്ള പ്രാകൃതരൂപമാണ് പ്രാചീനതരം എന്നു വിചാരിക്കുന്നതു് സംഗതമാണെന്നും ലിംഗ്വിസ്റ്റിക് സർവേ എന്ന ഗ്രന്ഥത്തിൽ ഗ്രിയേഴ്സൺ നിരൂപണം ചെയ്തിട്ടുള്ളതും പ്രസ്താവ്യമത്രേ. കണ്ണാടകഭാഷയിൽ ഒരിടത്തും 'കന്നാട' എന്ന ഭീരഘടിതമായ രൂപം ഉപലബ്ധമായിട്ടില്ലാത്തതുകൊണ്ടും നേരെ മറിച്ച് 'കന്നഡം' എന്ന രൂപം എല്ലാക്കാലത്തും കരുപോലെ ഉപയുക്തമായിക്കാണുന്നതുകൊണ്ടും 'കന്നാഡ' എന്നുള്ള രൂപത്തെ അസ്പഷ്ടമാക്കിയുള്ള വ്യുത്പാദനം മാത്രമേ സുസമ്മതമായി തീരുകയുള്ളൂ. 'കൻ' എന്നതിനെ സമാസത്തിൽ പൂർവ്വപദമായി വരുമ്പോൾ 'കറുത്ത' എന്നുള്ള അർത്ഥം കിറാലിന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുള്ളതു് ശരിയാണെങ്കിൽ അതിനോടു 'നാട' (place) എന്നുള്ള പദം ചേർന്നുള്ള പ്രാചീനരൂപത്തിൽ നിന്നും പരിണതമായതാണ് കന്നഡം എന്നു വിചാരിക്കുവാൻ അല്പം പഴുതുണ്ടെന്നു മാത്രമേ ഇന്നത്തെ നിലയ്ക്കു പറയുവാൻ നിവൃത്തിയുള്ളൂ. കന്നഡം' എന്നതിലെ പൂർവ്വപദം 'സുരഭിലമായ (fragrant)എന്ന അർത്ഥമുള്ള 'കമ്മിതു' എന്നതിന്റെ പ്രകൃതിയോടു് സംബന്ധമാണെന്നും ചന്ദനാദിസുഗന്ധവൃക്ഷങ്ങൾക്കു് കേരളംകേട്ട കർണ്ണാടകദേശത്തിനു് ആ പേരു് അനുചിതമാണെന്നും ഒരു. നരസിംഹാചാരി പ്രസ്താവിച്ചിട്ടുള്ളതാകട്ടെ ദേശാഭിമാനവിജൃംഭണംകൊണ്ടാണു് എന്ന മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

൯ വു. കർണ്ണാടകത്തിന്റെ ഉപഭാഷകൾ എന്ന വിചാരിക്കപ്പെടാവുന്ന ഭേദ്യഭേദങ്ങളിൽ പ്രധാനപ്പെട്ടത് നീലഗിരിയിലെ ബഡഗന്മാർ സംസാരിക്കുന്ന ബഡഗഭാഷയാകുന്നു. ഈ ഭാഷ സാ

ഉപഭാഷകൾ. ധാരണകർണ്ണാടകത്തെക്കാൾ പ്രാചീനവും പഴയ കർണ്ണാടകസാഹിത്യത്തിലെ ഭാഷയോട് പല അംശങ്ങളിലും സാമ്യം വഹിക്കുന്നതും ആകുന്നു. കർണ്ണാടകത്തിൽ പിൽക്കാലത്ത് തിരോധാനം ചെയ്ത റകാരവും ഴകാരവും ബഡഗയിൽ ഇന്നും അവശേഷിക്കുന്നുണ്ട്. ഉദാ:— aṛi 'to know' ēṛu 'to ascend' kuṛi 'sheep keṛe 'a tank' hoḷḷu 'to praise' hḷā 'ruin' gḷuyi 'pit', hḷāye 'old' ബഡഗയിൽ ഴകാരം ളകാരത്തിനു പകരം ചിലയിടത്തു് വന്നിട്ടുള്ളതും പ്രസ്താവ്യമാണു്. ഉദാ:— avḷa cf. Kan. avaḷu 'she'; makkḷa cf. Kan. makkaḷu 'children'.

ഉത്തമപുരുഷസർവനാമത്തിന്റെ ഏകവചനരൂപം ബഡഗയിൽ 'നാം' എന്നാണു്. കൃതികളുടെ ഭൂതകാലരൂപത്തിൽ പ്രായേണ പ്രാചീനകർണ്ണാടകത്തോടാണു് ബഡഗയുടെ അടുപ്പം കാണുന്നതു. ഉദാ:—mādidem I did' cf. Old Kan. mādidem, Mod. Kan. madidenu.

കീള, ബൂള, മളഹ എന്നിങ്ങനെ ആധുനികകർണ്ണാടകത്തിൽ കാണുന്നവയ്ക്കു തിരായി kḷī 'to pull out', bḷū 'to fall', mḷūgu 'to sink' എന്നിങ്ങനെ ഇടയ്ക്കുള്ള സ്വരം ലോപിച്ചിട്ടുള്ള രൂപങ്ങൾ ബഡഗയിൽ സുലഭങ്ങളാണു്. നീലഗിരിരാജ്യത്തിൽതന്നെ കുറുമ്പന്മാർ എന്ന മറെറാരു ക്രൂട്ടർ സംസാരിക്കുന്ന കുറുമ്പ എന്ന ഭാഷയും കർണ്ണാടകത്തിന്റെ ഒരു ഭേദ്യഭേദമാകുന്നു. ഈ ഭാഷ സാധാരണമായ കർണ്ണാടകത്തിൽനിന്നും അധികം വ്യത്യസ്തമല്ല. കുറുമ്പന്മാരോടു് സദൃശരായ കുറുംവാർമാർ സംസാരിക്കുന്ന കുറുംവാരി എന്ന ഭാഷ കർണ്ണാടകത്തിന്റെ ഭേദ്യഭേദമാണെങ്കിലും പ്രാതിവേശികമായ തെലുങ്കുഭാഷയുടെ പ്രാബല്യത്തിനു് കുറച്ചൊക്കെ വിധേയമായിട്ടുണ്ടു്. pilla-gaḷḷu 'കുട്ടികൾ' എന്ന രീതിയിലുള്ള ബഹുവചനങ്ങൾ തെലുങ്കുഭാഷയിലുള്ളതിനോടു് സദൃശങ്ങളായിരിക്കുന്നു. സ്ത്രീലിംഗൈകവചനത്തിനു പ്രത്യേകം രൂപം ഇല്ലാതെ നപും സകരൂപം ചേർത്തുള്ള pille sāmānoka ittu 'The daughter was of indifferent beauty' എന്ന മാതിരിയിലുള്ള പ്രയോഗങ്ങളും കുറുംവാരിയിൽ കണ്ടെത്താവുന്നതാണു്. aun rupaṁ chakkagā iddā 'he was well-looking' ഇത്യാദി വാക്യങ്ങളിലുള്ള 'gā' എന്ന വിനയെച്ചപ്രത്യയം തെലുങ്കിലെന്നപോലെ കുറുംവാരിയിൽ പ്രയോഗിക്കപ്പെടുന്നതും

വകതവ്യമത്രേ. ബീജപ്പൂരിൽ കർണ്ണാടകഭാഷയ്ക്ക് ഉച്ചാരണവിഷയക മായി ചില വൈലക്ഷണ്യങ്ങൾ വന്നുകൂടിയിട്ടുണ്ട്. yāka = why; ra = if (Standard Kannaḍa yāke & re) എന്നിങ്ങനെ പദാവസാനത്തിലുള്ള ഏ കാരത്തിന് അകാരവും myāge = on; yallā = all (cf. Standard Kannaḍa mēge & ellā) എന്നിങ്ങനെ ഏകാരത്തിന്റെയും ഏകാരത്തി ന്റെയും സ്ഥാനത്തിൽ യഥാക്രമം 'യ' എന്നും 'യാ' എന്നും പലവാക്കു കളിലും ഉച്ചരിക്കപ്പെട്ടുപോരുന്നതും മേൽപറഞ്ഞതിനു ദൃഷ്ടാന്തമത്രേ. ക ണ്ണാടകത്തിന്റെ സാമാന്യവ്യവഹാരത്തിൽ 'ഏരഡു, നാലുക' എന്നിങ്ങ നെ സാവർണ്യസംസ്ലഷ്ടി[1] വന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ കൂടി ബീജപ്പൂരി യിൽ എഡ്ഡു, നാകു എന്നിത്തരത്തിലുള്ള പരിണാമം സംഭവിച്ചിട്ടുണ്ട്. കണ്ണാടകത്തിന്റെ ഒരു ദേശ്യഭേദമെന്ന് കണക്കാക്കപ്പെട്ടിട്ടുള്ള ഗോലാരീ സെൻട്രൽപ്രാവിൻസുകളിലുള്ള ഒരുതരം ഇടയവർഗ്ഗക്കാരുടെ വ്യവഹാരഭാ ഷയാണ്. ഗോലാരിക്ക് ചില അംശങ്ങളിൽ ബീജപ്പൂരിയോടും മറു ചില അംശങ്ങളിൽ പ്രാചീനകണ്ണാടകത്തോടും സാദൃശ്യം കാണാവുന്നതാണ്. ബീജപ്പൂരിയിലെന്നപോലെ ഏകാരത്തിനും ഒകാരത്തിനും പകരം യകാര വും വകാരവും വന്നിട്ടുള്ളതിന് ഗോലാരിയിൽ ക്യല്സ് (cf. Kan. kelasa 'work') വബ്ബ (cf. Kan. obba 'one') ഇത്യാദികം ഉദാഹരണങ്ങളാകുന്നു. ഹ്രസ്വസ്വരം കൊണ്ട് അവസാനിക്കുന്നതായി ആധുനികകണ്ണാടകത്തിൽ കാണുന്ന പല ക്രിയാരൂപങ്ങൾക്കും നേരായി ഹ്രസ്വസ്വരം ചേരാതുള്ള രൂപങ്ങൾ പ്രാചീനകണ്ണാടകത്തിലെന്നപോലെ ഗോലാരിയിൽ സുല ഭമാണ്. ഉദാ:—baḍutīn 'I strike', baḍutān 'he strikes', badutēv 'we strike', badutīr 'you strike'. അതുപോലെ പ്രഥമപുരുഷൈകവചനരൂ പത്തിൽ നകാരത്തിനു പകരം മകാരം āhām (Standard Ka. āhān 'he is') mittum (Standard Kan. mittum 'he stayed') എന്നിങ്ങനെ പാക്ഷിക മായി വന്നിട്ടുള്ള വിഷയത്തിലും ഗോലാരി പ്രാചീനകർണ്ണാടകത്തോടത്രേ അടുത്തിരിക്കുന്നതു്.

ഘട്ടങ്ങളും അവയുടെ സ്വഭാവങ്ങളും.

൯൯. കർണ്ണാടകഭാഷയിൽ ഭിന്നങ്ങളായ മൂന്നു ഭാഗം നമുക്കു ദർശിക്കുവാൻ സാധിക്കുന്നു. അവയിൽ ആദ്യത്തേതായ പ്രാചീന കർണ്ണാടകം പഴയശാസനങ്ങളിലും ജൈനപ്രഭാവ കാലത്തിലുള്ള കൃതികളിലും പ്രയുക്തമായിട്ടുള്ളതത്രേ. പില്ക്കാലത്തു് പ്രാചീനകർണ്ണാടകഭാഷ ഉപയോ

1. Assimilation.

ഗിച്ച് ചില കൃതികരം പണ്ഡിതന്മാരാൽ എഴുതപ്പെട്ടിട്ടുള്ള വക്രോ ഭാഷാവിഷയകമായി പ്രാചീനഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ചേർത്തു നിരൂപണം ചെയ്യപ്പെടുന്നു. ഇന്ന് ഏറെക്കുറെ ലുപ്തങ്ങളായിട്ടുള്ള വിഭക്തിപ്രത്യയങ്ങളും കാലപ്രത്യയങ്ങളും പ്രാചീനദശയിൽ നിയമേന അനുബന്ധിക്കപ്പെട്ടിരുന്നു. നപുംസകനാമത്തിൽ നിർദ്ദേശികാവിഭക്ത്യന്തമായ രൂപങ്ങളും തമിഴിലും മലയാളത്തിലും ഉള്ളതുപോലെ പ്രാചീനകർണ്ണാടകത്തിലും മരം, പാലം എന്നിങ്ങനെ 'അം' എന്നു് അവസാനിക്കുന്നവയായിട്ടാണു് കാണുന്നതു്. അവതന്നെ പില്ക്കാലത്തു് 'മര, പാല' എന്നിങ്ങനെ ആയിട്ടോയിട്ടുണ്ടു്. അതുപോലെ പ്രതിഗ്രാഹികാവിഭക്തിയിൽ 'അവളെ, അവനം' (അവളെ, അവനെ) എന്നിവയുടെ സ്ഥാനത്തിൽ 'അവളന്ന, അവനന്ന' എന്നിവ ക്രമേണ പ്രാചീനകർണ്ണാടകത്തിൽ കടന്നുകൂടിയിരിക്കുന്നു. പ്രാചീനകർണ്ണാടകത്തിൽ ആധാരികാവിഭക്തിപ്രത്യയം 'ഓം' എന്നായിരിക്കുമ്പോൾ ആധുനികകർണ്ണാടകത്തിൽ അതിന്റെ സ്ഥാനം വഹിക്കുന്നതു് 'അല്ലി' എന്നതും 'ഇല്ല' എന്നതും ആണു്. പ്രയോജികാവിഭക്തിയിൽ 'ഇം' എന്നതു ആധുനികദശയിൽ ഇന്ന ആയി മാറിയിരിക്കുന്നു. ക്രിയാപദങ്ങളിൽ കാലപ്രത്യയത്തിനു് വന്നിട്ടുള്ള വ്യതിയാനത്തിനു് പ്രാചീനകർണ്ണാടകത്തിൽ വർത്തമാനകാലരൂപം 'dap' എന്നു കോന്നു bāḷdapem 'I live' എന്നും ആധുനികകർണ്ണാടകത്തിൽ 'utt' എന്നു കോന്നു 'bāḷuttēne' എന്നും ആയിരിക്കുന്നതു് നിദർശനമാണു്. സംസ്കൃതത്തിൽ നിന്നും പ്രാകൃതത്തിൽ നിന്നും തൽസമരൂപങ്ങളും തദ്ഭവരൂപങ്ങളും പ്രാചീനകർണ്ണാടകത്തിൽ ബാഹുല്യേന അനുപ്രവേശിച്ചിട്ടുണ്ടായിരുന്നു. ഴ്, ള്, ർ, റ്, എന്നീ വർണ്ണങ്ങളും പില്ക്കാലത്തു് വന്നുകൂടിയ സങ്കരങ്ങളുംക്കു് വിധേയമാകാതെ പരസ്പരം വ്യത്യസ്തമായ നിലയിൽ വർത്തിച്ചിരുന്നു. കവികരം പ്രാസഭിക്ഷയിൽ പ്രസ്തുതവർണ്ണങ്ങളെ കൂട്ടിക്കലർത്താതെ പ്രയോഗിച്ചിരിക്കുന്നതു് ഇതിനു് ഒരു നല്ല തെളിവാണു്.

ക്ര ഠ ഠ. കർണ്ണാടകഭാഷയിൽ മധ്യദശ എന്നു പറയുന്നതു് ക്ര-ാം ശതകത്തിന്റെ അവസാനം മുതൽ ക്ര ങ-ാം ശതകത്തിന്റെ പ്രാരംഭം വരെയുള്ള കാലഘട്ടമാണു്. ഇക്കാലത്തെ സാഹിത്യം പ്രധാനമായി ശൈവമതത്തെ അധിഷ്ഠിതമാക്കിയിരിക്കുന്നു. പ്രാചീനരായ ഗ്രന്ഥകാരന്മാരാൽ അനുജ്ഞാതങ്ങളാകാത്ത പല തദ്ഭവരൂപങ്ങളും ചില നൂതനപ്രത്യയങ്ങളും ഈ ദശയിൽ പ്രചാരത്തിൽ വരുവാൻ ഇടയായി.

ഴ് എന്ന വർണ്ണം നിശ്ലേഷം നഷ്ടമാവുകയും അതിന്റെ സ്ഥാനം രേഫമോ ളകാരമോ കൈക്കലാക്കുകയും ചെയ്തു. ധാതുവിനോട് ചേർന്ന വർത്തമാനാർത്ഥത്തെയും ഭവിഷ്യദർത്ഥത്തെയും[1] കുറിക്കുന്ന പ്രത്യയങ്ങളിൽ ഉള്ള പകാരവും, പദാരംഭത്തിലുള്ള പകാരവും പലയിടത്തും ഹകാരം ആയി മാറിയതും മധ്യകാലത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്.

ക്ര ഠ ക്ര. ആധുനികകന്നഡം എന്ന സാധാരണമായി പറയുന്നതു് ക്രന്യ-ാംശതകത്തിനിപ്പുറമുള്ള ഭാഷയേയാണ്. പൂർവ്വദശകളിൽ ഉണ്ടായിരുന്ന പല ക്രിയാപദങ്ങളും നാമപദങ്ങളും ഇക്കാലത്തു വിലുപ്തങ്ങളായിട്ടുണ്ട്. രേഫവും റകാരവും തമ്മിലുള്ള വ്യത്യാസം ക്രമേണ അവഗണിക്കപ്പെട്ടു് അവ രണ്ടും രേഫരൂപത്തിൽ അവശേഷിക്കുവാൻ ഇടയായി. ഏതേതു പദങ്ങളിലാണ് രേഫവും റകാരവും ശുദ്ധമൂലമായിരുന്നതെന്ന് വിവേചിച്ചു കാണിക്കുന്ന ഒരു നിഘണ്ടു ഉണ്ടാക്കേണ്ടതായിട്ടുവന്നതുതന്നെ അവയുടെ സമ്മിശ്രിതമായ വ്യവഹാരത്തിനു് ഒരു ലക്ഷ്യമാണല്ലോ. മഹാരാഷ്ട്രം, ഹിന്ദുസ്ഥാനി, തുടങ്ങിയ നവീനാര്യഭാഷകളിൽനിന്നും നിരവധി പദങ്ങൾ കടന്നുകൂടിയിട്ടുള്ളതും ആധുനികദശയുടെ സ്വരൂപനിരൂപണത്തിൽ വിസ്മരിക്കാവുന്നതല്ല. വ്യഞ്ജനാന്തങ്ങളായിരുന്ന ക്രിയാരൂപങ്ങളിലും നാമരൂപങ്ങളിലും ളകാരം ചേർന്നുള്ള രൂപം ധാരാളമായി തീർന്നിട്ടുള്ളതിനു പുറമേ ആധുനികദശയിൽ വർത്തമാനകാലരൂപത്തിന്റെ രൂപം മാറുകയും എല്ലാ ക്രിയാപദങ്ങളിലും, ഇദ്ദോനേ, ബിട്ടാനേ, കൃതാരേ, എന്നിങ്ങനെ ആശയദാർഢ്യദ്യോതകമായി ഏ ചേരുകയും ചെയ്തിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമത്രേ. അനിശ്ചിതഭാവിയോ സാമാന്യവർത്തമാനമോ ക്രിയാദ്യോതിപ്പിക്കുന്ന ഒരുതരം ഭാവികാലരൂപം[1] നടപ്പിൽ വന്നതും ഈ ഘട്ടത്തിലാണ്. ഉദാ:— ഇദ്ദേനെ 'I shall perhaps come' ആഗിട്ടീദ് 'may have become ready'

ക്ര ഠ ഛ. കന്നഡകത്തിൽ ഉണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളുടെ പരിഗണനത്തിൽ ക്ര ഛ-ാം ശതകത്തിൽ ജീവിച്ചിരുന്ന നാഗവർമ്മന്റെ കാവ്യാവലോകനവും ശബ്ദമണിദർപ്പണവും ക്ര ൈ-ാംശതകത്തിൽ ജീവിച്ചിരുന്ന ഭട്ടാകളങ്കദേവന്റെ കന്നഡശബ്ദാനുശാസനവും പ്രാമുഖ്യം അർഹിക്കുന്നു. കാവ്യാവലോകനം പ്രാധാന്യേന ഒരു സാഹിത്യശാസ്ത്രഗ്രന്ഥ

വ്യാകരണഗ്രന്ഥങ്ങളും കോശഗ്രന്ഥങ്ങളും

1. Contingent preseet-future and contingent future—perfect.

മാണെങ്കിലും അതിലെ ശബ്ദസ്മൃതി എന്ന പ്രഥമവിഭാഗം തികച്ചും വ്യാകരണപരമാണ്. സംസ്കൃതഭാഷയിൽ സൂത്രങ്ങളും അവയുടെ വൃത്തിയും ആയി എഴുതപ്പെട്ടിട്ടുള്ള രണ്ടു വ്യാകരണഗ്രന്ഥങ്ങളാണ് കർണ്ണാടകഭാഷാഭൂഷണവും കർണ്ണാടകശബ്ദാനുശാസനവും. ശബ്ദമണിദർപ്പണം കർണ്ണാടകഭാഷയിൽതന്നെ എഴുതപ്പെട്ടിട്ടുള്ളതുകൊണ്ടും പുരാതനകൃതികളിൽ നിന്നുള്ള നിരവധി ഉദാഹരണങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടും ഭാഷാശാസ്ത്രവിഷയകമായും സാഹിത്യചരിത്രവിഷയകമായും പ്രാധാന്യം അർഹിക്കുന്ന ഒരു വ്യാകരണഗ്രന്ഥമത്രേ. റവറൻറ കിറ്റലിൻെറ വ്യാകരണത്തിനും ഒരു സമുന്നതമായ സ്ഥാനം നല്കേണ്ടതായിട്ടുണ്ട്. പ്രാചീനങ്ങളും അർവ്വാചീനങ്ങളും ആയ ഗ്രന്ഥങ്ങളെ സനിഷ്കർഷം പരിശോധിച്ച് ഇതരഭാഷകളുടെ താരതമ്യപഠനത്തോടുകൂടി നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ കൃതി ദ്രാവിഡഭാഷാവിദ്യാർത്ഥികൾക്ക് വളരെ പ്രയോജനപ്രദമായിട്ടുള്ളതാണ്. കർണ്ണാടകശബ്ദസാരം (ക്രി.പി. 10-ാം ശതകം), ചതുരാസ്യനിഘണ്ടു (ക്രി.പി. 13-ാംശതകം), കബ്ബിഗരകയ്പിടി (ക്രി.പി. 14-ാംശതകം), കർണ്ണാടകശബ്ദമഞ്ജരി (ക്രി.പി. 14-ാംശതകം) എന്നു തുടങ്ങി പല തരത്തിലുള്ള നിഘണ്ടുഗ്രന്ഥങ്ങൾ കർണ്ണാടകത്തിൽ വിവിധകാലങ്ങളിലായി ഉണ്ടായിട്ടുണ്ടെങ്കിലും പ്രാചീനവും മധ്യതനവും ആധുനികവും ആയ ഭാഷകളെ സാകല്യേന സംബന്ധിക്കുന്നതും ശബ്ദങ്ങളുടെ ആഗമികമായ ചരിത്രത്തെ പ്രായേണ വെളിപ്പെടുത്തുന്നതും ആയ ഒരു നിഘണ്ടു കർണ്ണാടകഭാഷയ്ക്ക് ലഭിച്ചിട്ടുള്ളതു് കിറ്റലിൻെറ പരിശ്രമഫലമത്രേ.

(൪) തുളു

വ്യാപ്തിയും ഭാഷാപരമായ അതിരും.

ക്രി.പി. തെക്കൻ ക്യാനറാ ഡിസ്ട്രിക്റ്റിൻെറ മദ്ധ്യഭാഗത്തു് കല്യാണപുരിനദിയുടേയും ചന്ദ്രഗിരിനദിയുടേയും ഇടയ്ക്കുള്ള സ്ഥലത്തു് പാർത്തുവരുന്ന അഞ്ചുലക്ഷത്തോളം ആളുകളുടെ വ്യവഹാരഭാഷയാണ് തുളു. തുളുവിൻെറ ഭാഷാപരമായ അതിർത്തികൾ വടക്കും കിഴക്കും കർണ്ണാടകവും തെക്ക് മലയാളവും ആകുന്നു. തുളുഭാഷ വ്യവഹാരത്തിൽ ഇരിക്കുന്ന പ്രദേശത്തിനകത്തുതന്നെ മറാട്ടിയുടെ ഒരു ഉപഭാഷയായ കൊങ്കണിയും

കണ്ണാടകവും സംസാരിക്കുന്ന ഗണ്യമായ ജനസംഖ്യ ഉള്ളതുകൊണ്ട് അവയുടെ സമാവേശം തുളുവിൽ നല്ലവണ്ണം ഉണ്ടായിട്ടുണ്ട്. തുളുട്ടിലെ ഔദ്യോഗികഭാഷതന്നെ കണ്ണാടകമാണ്. വസ്തുസ്ഥിതി ഇങ്ങനെയാണെങ്കിലും തുളു അതിന്റെ ഭാഷാപരമായ വ്യക്തിത്വത്തെ വർണ്ണവിപരിണാമവിഷയത്തിലും വ്യാകരണവിഷയത്തിലും പുലർത്തിയിട്ടുണ്ടെന്നു കാണാം.

ഫ ൦ ൪. തുളുഭാഷയ്ക്ക് സാമുദായികവും ദേശീയവും ആയ അടിസ്ഥാനങ്ങളിൽ പല ഭേദങ്ങളും വന്നു കൂടിയിട്ടുണ്ട്. ദേശഭേദംകൊണ്ടുള്ള തുളുവിന്റെ പിരിവുകളെ കുറിച്ച് ഇനിയും ഗവേഷണം നടത്തേണ്ടതായിട്ടാണ് ഇരിക്കുന്നത്. ബ്രാഹ്മണരുടെ വ്യവഹാരഭാഷയ്ക്കും അബ്രാഹ്മണരുടെ വ്യവഹാരഭാഷയ്ക്കും ഉള്ള വ്യത്യാസങ്ങളെ ഏറെക്കുറെ എൽ. വി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ 'Tulu Prose-texts in two dialects' എന്ന ലേഖനത്തിൽ ചൂണ്ടിക്കാണിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

തുളുവിന്റെ ഭേദങ്ങൾ

ഫ ൦ ൫. പദാവസാനത്തിൽ തമിഴിൽ അയ് എന്നും കണ്ണാടകത്തിൽ 'എ' എന്നും മലയാളത്തിലും തെലുങ്കിലും 'അ' എന്നും കാണുന്നതിന് നേരായി ē എന്നൊരു സ്വരമാണ് തുളുവിലുള്ളത്. ഉദാ:- bāḷē (Mal. വാഴ), marē (Mal. മറ=screen). പദാരംഭത്തിലുള്ള എകാരവും ഒകാരവും യഥാക്രമം യകാരപൂർവ്വകമായും വകാരപൂർവ്വകമായും തുളുവിൽ നിയമേന ഉച്ചരിക്കപ്പെടുന്നുവെന്നുള്ളതിന് മുന്നറുടെ നിഘണ്ടുവിൽ അവയെ അപ്രകാരം വിന്യസിച്ചിരിക്കുന്നതുതന്നെ ഒരു തെളിവാണ്. ഹ്രസ്വങ്ങളായ ഇകാരവും എകാരവും ഓഷ്ഠ്യങ്ങളുടേയും മൂർദ്ധന്യങ്ങളുടേയും ഇടയ്ക്കു വരുമ്പോൾ യഥാക്രമം വ്യവഹാരഭാഷയിൽ ഉകാരമായും ഒകാരമായും മാറുന്നതിന് ദ്രാവിഡഭാഷകളിൽ പലതിലും ലക്ഷ്യങ്ങൾ ഉണ്ട്. തുളുവിലാകട്ടെ ദീർഘങ്ങളായ ഈകാരങ്ങൾക്കും ഏകാരങ്ങൾക്കും കൂടി ഉകാരവും ഓകാരവും ചിലയിടങ്ങളിൽ വന്നു ചേരുന്നതു ഒരു പ്രത്യേകതയായി കണക്കാക്കാം. ഉദാ:— pōḍi (Mal. പേടി=fear); bōḍu (Kan. bēḍu=wish); būḷu (Mal. വീഴ=to fall and Kan. bīḷu); būḍu (Kan. bīḍu = house) തുളുവിൽ വിരളമായിട്ടെങ്കിലും ദർശിക്കാവുന്ന ഈ പരിണാമരീതി ക്രർഗ്ഗഭാഷയിൽ പ്രചുരമാണെന്നുള്ളതും പ്രസ്താവ്യമാകുന്നു. പദാരംഭത്തിലുള്ള കകാരം താലവ്യസ്വരപരമായിരിക്കുമ്പോൾ തമിഴിലും തെലുങ്കിലും മലയാ

തുളുവിന്റെ പ്രത്യേകതകൾ.

ളത്തിലും ചകാരമായി മാറുന്ന രീതി തുളുവിൽ സ്ഥാനം പിടിച്ചിട്ടില്ല. ഇതരഭാഷകളിൽ തകാരം കൊണ്ടു തുടങ്ങുന്ന പല പദങ്ങൾക്കും എതിരായി തുളുവിൽ ചിലപ്പോൾ സകാരവും ഹകാരവും ക്രടി ആദേശിച്ചുള്ള രൂപങ്ങൾ ദർശിക്കാവുന്നതാണ്. ഉദാ:—teḷi, seḷi, heḷi, 'to become clean' cf. Mal. teḷiyuka; tū, su, hū 'bright' cf. Mal. tū 'fine, bright in tūnilāve; tōj, sōj, hoj, to appear' cf. Tam. tōṉṟu, Kui tōñj-, Mal. tōnn-സ്വരഭാഗത്തിന്റെ വിന്യാസഭേദംകൊണ്ടു പദാദിയിലുള്ള സ്വരം ലോപിച്ചുപോയിട്ടുള്ളതിനു തുളുവിൽ lanb 'wash' (Tam. alambḍaṅgu 'left' (Tam. eḍam =left) എന്നിങ്ങനെയുള്ള ഉദാഹരണങ്ങൾ സംശയങ്ങളാണ്. ഇതരഭാഷകളിലെ റകാരത്തിന്റെ സ്ഥാനത്തു തുളുവിൽ ജകാരമോ ഭകാരമോ ആണ് കാണുന്നതു് എന്നുള്ളതും വർണ്ണവിപരിണാമവിഷയത്തിൽ ശ്രദ്ധേയമായിട്ടുണ്ടു്. ഉദാ:—kajḗ 'staiṅ cf. Mal. കറ; majḗ 'conceal' cf. Tam. maṟai; ūj 'percolate' cf. Mal. ഊറ; nūdu 'hundred' cf. Mal. നൂറ; nād- 'to stink' cf. Mal. (നാറ pādḗ 'rock' cf. Mal. പാറ. ഇതുപോലെ തന്നെ രേഫത്തിനു ചിലയിടത്തു തുളുവിൽ ലകാരം വന്നുകൂടിയിട്ടുള്ളതും ഒരു പ്രത്യേകതയത്രേ. ഉദാ:— irḗ 'leaf' cf. Tam. ilai; paru 'tooth' cf. Tam. Mal. and Kan. pal; kāru 'leg' cf. Mal. kālə; maraḍu 'barrenness' cf. Mal. maḷaṭə.

തുളുഭാഷകൾ.

ഉപസംഹാരം. തുളുവന്മാരുടെ പ്രാചീനതയ്ക്കു ചില ലക്ഷ്യങ്ങളുണ്ടെങ്കിലും അവരുടെ ഭാഷയ്ക്കു് വരമൊഴിയിലൂടെ യാതൊരു പുഷ്ടിയും സിദ്ധിച്ചിട്ടില്ല. പൌരാണികമായും ഐതിഹാസികമായും ഉള്ള ചില കൃതികളും മതപരങ്ങളായ ചില ഗാനങ്ങളും ഏതാനും ബ്രാഹ്മണകുടുംബങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. ഇവയ്ക്കു വളരെ പഴക്കമുണ്ടെന്നു് പറയാവുന്നതല്ല. എങ്കിലും ഇത്തരത്തിലുള്ള രേഖകൾ ബ്രാഹ്മണരുടെ വ്യവഹാരഭാഷയ്ക്കുള്ള ചില പ്രത്യേകതകളേയും സംസ്കൃതത്തിൽ നിന്നും പ്രാകൃതത്തിൽനിന്നും പദങ്ങൾ തുളുവിലേയ്ക്കു സ്വീകരിക്കുമ്പോൾ ഉണ്ടാകുന്ന പരിണതികളേയും ഗ്രഹിക്കുന്നതിനു് ഏറെക്കുറെ പ്രയോജനപ്പെടുന്നവയാണു. അബ്രാഹ്മണരായ തുളുവരുടെ ഇടയ്ക്കു പ്രചാരത്തിലുള്ള ദേശീയഗാനങ്ങളാകട്ടെ തുളുവിലുള്ള പല പദങ്ങളുടേയും പ്രാചീനരൂപങ്ങളെ സംരക്ഷിച്ചുപോരുന്നതിനാൽ ഭാഷാപരമായ പഠനത്തിൽ കൂടുതൽ പ്രധാന്യം അർഹിക്കുന്നവയാണ്.

ഫ ൦ ൬. തുളുവിന് സ്വന്തമായി ഒരു ലിപിസംപ്രദായം ഇല്ല. മലയാളം ഉപയോഗിച്ചാണ് മുൻപൊക്കെ തുളു എഴുതിവന്നിരുന്നത്. ബാസൽ മിഷൻകാർ കണ്ണാടകലിപി ഉപയോഗിച്ച് തുളുഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയതോടുകൂടി എഴുത്തിലും അച്ചടിയിലും കണ്ണാടകലിപി തന്നെ പൊതുവേ അംഗീകൃതമായിത്തീർന്നു.

തുളു എഴുതുവാൻ ഉപയോഗിക്കുന്ന ലിപി.

ഫ ൦ ൭. തുളുവിലുള്ള പദങ്ങളെ ശേഖരിക്കുന്നതിനും വ്യാകരണനിയമങ്ങളെ ക്രമീകരണം ചെയ്യുന്നതിനും മാംഗലൂർ മിഷണറിമാർ ചെയ്തിട്ടുള്ള പരിശ്രമങ്ങൾ അഭിനന്ദനീയങ്ങളത്രേ. ഫ്രഞ്ച്-ൽ ന്യൂടെസ്റ്റമെൻറിന്റെ ഒരു തുളുപരിഭാഷയും ഫ്രഞ്ച്-ൽ റെവറെൻറ് ബ്രിഗലിന്റെ ഒരു വ്യാകരണവും ഫ്രഞ്ച്-ൽ റവറെൻറ് ഏ. മാനറിന്റെ സാമാന്യം വിപുലമായ ഒരു തുളു ഇംഗ്ലീഷ് നിഘണ്ടുവും മിഷനറിമാരാൽ പ്രകാശിതങ്ങളായിട്ടുള്ള ഗ്രന്ഥങ്ങളിൽ പ്രാധാന്യം അർഹിക്കുന്നു. അടുത്ത കാലത്ത് ദ്രാവിഡഭാഷകളുടെ പഠനത്തിൽ അതിമാത്രം താത്പര്യം പ്രദർശിപ്പിച്ചിട്ടുള്ള മിസ്റ്റർ എൽ. വി. രാമസ്വാമി അയ്യർ തുളുഭാഷയുടെ പല വശങ്ങളിലും ഗവേഷണം ചെയ്ത് ചില ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസ്താവ്യമാണ്.

വ്യാകരണഗ്രന്ഥങ്ങളും കോശഗ്രന്ഥങ്ങളും.

(൪) കുർഗ്.

ഫ ൦ ൮. മലബാറിലെ വയനാടിനും മൈസൂരിലെ മഞ്ചറാബാദ് മലകൾക്കും ഇടയ്ക്ക് പശ്ചിമപർവ്വതനിരകളുടെ ഉപരിതലത്തിൽവടക്ക് ഹേമവതിനദി മുതൽ തെക്ക് ബ്രഹ്മഗിരിവരെയും പടിഞ്ഞാറ് തെക്കൻ കാനറയും മലബാറും മുതൽ കിഴക്ക് മൈസൂർവരെയും ഉള്ള പ്രദേശങ്ങളിലെ വ്യവഹാരഭാഷയാണ് കുർഗ്. കുർഗിന്റെ ഭാഷാപരമായ അതിരുകൾ തെക്കും പടിഞ്ഞാറും മലയാളവും, വടക്ക് തുളുവും കർണ്ണാടകവും, കിഴക്ക് കർണ്ണാടകവും ആകുന്നു.

വ്യാപ്തിയും ഭാഷാപരമായ അതിരും.

ക്ര ഗ്ര ം. കർണ്ണാടകത്തിന്റെ അസംസ്കൃതമായ ഒരു ഉപഭാഷ തുളുവിന്റെ സമാവേശത്താൽ രൂപാന്തരം പ്രാപിച്ചുപോയിട്ടുള്ളതാണെന്നുള്ള നിലയിലല്ലാതെ ഒരു പ്രത്യേകഭാഷയായി ക്രർഗിനെ പൊതുവേ പരിഗണിച്ചിരുന്നില്ല. ഡാക്ടർ കാംഡെവല് ക്രർഗിനെ ഒരു സ്വതന്ത്രഭാഷയായി വിചാരിക്കുകയും അതു പ്രാചീനകർണ്ണാടകത്തിന്റേയും തുളുവിന്റേയും നടുക്കുള്ള ഒരു ദശയെ ആണു് ഭാഷാപരമായി പ്രദർശിപ്പിക്കുന്നതെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ടു്.[1] സർ ജാർജ്ജ് ഗ്രിയേഴ്സന്റെ ലാംഗ്വിസ്റ്റിക് സർവേയിൽ തുളു തൊമാ, കോത എന്നിവയെപ്പോലെ ക്രർഗ് ഭാഷയും തമിഴ്—കർണ്ണാടകങ്ങളുടെ ഒരു സംയോജകശൃംഖലയും അതേ അവസരത്തിൽ കർണ്ണാടകത്തിനോടുള്ളതിനെക്കാൾ തമിഴിനോടു കൂടുതൽ അടുത്തു നില്ക്കുന്നതും ആയി നിരൂപിച്ചിരിക്കുന്നു.[2] ക്രർഗുകളുടെ ഇടയ്ക്കു കുറെക്കാലം താമസിച്ച അവരുടെ ഭാഷയുടെ സ്വഭാവം നേരിട്ടു ഗ്രഹിച്ചിട്ടുള്ള റവറന്റ് മൊഗ്ലിംഗ എന്ന ജർമ്മൻ മിഷനറി ക്രർഗ് ഭാഷ കർണ്ണാടകത്തോടുള്ളതിനേക്കാൾ തമിഴിനോടും മലയാളത്തോടും ആണു് കൂടുതൽ വേഴ്ചപ്പെട്ടിരിക്കുന്നതെന്നു് കാംഡെവല്പ്പും മുൻപുതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണു് താരതമ്യനപരമാർത്ഥത്തോടു് അടുത്തിരിക്കുന്നതു്. ഫർഗ്വസൻ-ൽ ക്രർഗ് ഡിസ്ട്രിക്ടിൽ പോയി അവിടത്തെ ഭാഷയെ സംബന്ധിച്ച ഗവേഷണം നടത്തുവാൻ സാധിച്ചിട്ടുള്ള ഈ ഗ്രന്ഥകർത്താവിനു് ക്രർഗ് ഭാഷ ആഗമികമായി തമിഴ്-മലയാളങ്ങളോടാണു് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതു് എന്നു തെളിയിക്കുന്നതിനു് പര്യാപ്തങ്ങളായ ലക്ഷ്യങ്ങൾ ഉപലബ്ധങ്ങളായിട്ടുണ്ടു്. കർണ്ണാടകഭാഷയിൽ കണ്ടെത്തുവാൻ കഴിയാത്ത എത്രയോ ക്രിയാപ്രകൃതികൾ ക്രർഗിൽ തമിഴ്-മലയാളങ്ങളോടു് സാധാരണങ്ങളായി ഇരിക്കുന്നു. പ്രത്യയവിഷയകമായും ഘടനാവിഷയകമായും ക്രർഗിനു് തമിഴ്-മലയാളങ്ങളോടുള്ള പ്രകടമായ സാദൃശ്യം ശ്രദ്ധാർഹമാണു. yāṭrelu, mārgatu, snēhitaṇḍa, paṭira, niṅgaḷa എന്നിങ്ങനെ ക്രർഗിലുള്ള പ്രയോഗങ്ങൾ യാത്രയിൽ, മാർഗ്ഗത്തു്, സ്നേഹിതന്റെ, പടീരെ നിങ്ങളെ എന്നിങ്ങനെ മലയാളത്തിൽ ഉള്ളവയോടു് പ്രത്യയാംശത്തിൽ സർവ്വഥാ സദൃശങ്ങളാണല്ലോ. ക്രർഗുഭാഷയിലുള്ള ചില പഴഞ്ചൊല്ല

ചുരുക്കം വ്യവഹരിക്കപ്പെടുന്ന ഭാഷകളോടു് ക്രർഗിനുള്ള ബന്ധം.

---

1. See *Comparative Grammar of the Dravidian Languages*, p 32.
2. *Linguistic Survey of India* Vol. IV, p. 284.
3. Colloquial c f. lit- പടിയുടെ

കന്നട മലയാളത്തിലേക്കോ തമിഴിലേക്കോ തജ്ജമ ചെയ്തുനോക്കിയാൽ ഈ ഭാഷകളുടെ അടുപ്പത്തിന്റെ സ്വഭാവം കുറച്ചുകൂടി വിശദീകരിക്കുന്നതാണ്. 'alpaṅgu aiśvarya bandaka naḍu pādira nēratu koḍe puḍicanake', 'ā kāṭukku ā koraṅgeṅgi I kāṭukku I koreṅgeu' 'maṇṇu uṇḍeṅgi poṇṇu uṇḍu', 'āne nIrukku pōṇḍu aṇṇe koṭṭa marakku pōṇḍu,' makkaku nari pūṇe', 'mantra iṭṭeṅgi māṅge būvā,' buddadu pōrāndu pallondu pōci' എന്നിവയ്ക്കും ഇവയ്ക്കുതിരായി മലയാളത്തിൽ കല്പിക്കാവുന്ന 'അല്പന് ഐശ്വര്യം വന്നാൽ നടപ്പാതിര നേരത്തു് കുട പിടിച്ച കണക്കെ', 'ആ കാട്ടിന അ കൊരങ്ങെങ്കിൽ ഈ കാട്ടിന് ഈ കൊരങ്ങു്', 'മണ്ണുണ്ടെങ്കിൽ പെണ്ണുണ്ടു', 'ആന നീരിലേക്കു് പോണം അണ്ണാക്കുട്ടൻ മരത്തിലേക്കു പോണം', 'മക്കൾക്കു നരി പൂച്ച', 'മന്ത്രം ഇട്ടെങ്കിൽ മാങ്ങ വീഴുമോ', 'വീണതു പോരാഞ്ഞു് പല്ലൊന്നു് പോയി' എന്നിവയ്ക്കും ഉള്ള സാദൃശ്യം പ്രകടമാണല്ലോ. ക്രർഗു് ഭാഷയുടെതന്ന പ്രാചീനവും അപരിഷ്കൃതവും ആയ രൂപം എന്ന കല്പിക്കപ്പെടേണ്ട എവയ്ക്കും മലയാളത്തോടാണ് കൂടുതൽ അടുപ്പം കാണുന്നതെന്നുള്ളതും പ്രസ്താവ്യമത്രേ. ഏതാണ്ടു് കർഗും കർണ്ണാടകവും മലയാളവും ആവശ്യംപോലെ വ്യവഹരിക്കപ്പോരുന്നതുകൊണ്ടു് അവരുടെ ഭാഷയുടെ യഥാർത്ഥസ്വരൂപം തിരിച്ചറിയുന്നതിനു് ഇന്നത്തെ നിലയ്ക്കു് വളരെ വൈഷമ്യം ഉണ്ടു. ക്രർഗ് ഡിസ്ട്രിക്ടിലെ ഔദ്യോഗികഭാഷയും പാഠശാലകളിൽ പ്രയോഗിക്കുന്ന നാട്ടുഭാഷയും കർണ്ണാടകമാണ്. അതിനാൽ അർവാചീനദശയിൽ കർണ്ണാടകത്തിൽനിന്നും നിരവധി പദങ്ങൾ ക്രർഗിൽ കടന്നുകൂടിയിട്ടുണ്ടു്. കർണ്ണാടകത്തിലെ ചില പ്രത്യയങ്ങൾപോലും ക്രർഗ് ഭാഷയിൽ സംക്രമിച്ചിട്ടുണ്ടെന്നു പറയുമ്പോൾ ആ ഭാഷയുടെ സമാവേശം എത്രത്തോളം പ്രബലമാണെന്നു വെളിപ്പെട്ടുമല്ലോ.

ക്രർഗിന്റെ പ്രത്യേകതകൾ.

൨൨൨. ക്രർഗിൽ അന്തരാളസ്വരങ്ങൾ[1] താരതമ്യേന കൂടുതലാണ്. ഇ, ഈ, എ, ഏ എന്നീ താലവ്യസ്വരങ്ങളാണ് ഏറിയകൂറും അന്തരാളസ്വരങ്ങളായിപരിണമിച്ചിട്ടുള്ളതു്. ഉദാ:— Kittu- 'to obtain' kiṇṇe 'boy'; tīndatu 'finished'; ēṇṇu- 'to say' tēḷitatu 'smiled' kēṭṭitu 'having heard'. മലയാളത്തിലെ സംവൃതോകാരം പോലെയുള്ള ഒരു സ്വരവും തമിഴിലെ കുറിയഉകാരം പോലെയുള്ള ഒരു സ്വരവും ക്രർഗിൽ സ്ഥാനം പിടിച്ചിട്ടുണ്ടു്. മലയാളത്തിൽ 'അൻ' എന്ന അവസാനിക്കുന്ന പദങ്ങൾക്കു് എതിരായി ക്രർഗിൽ അകാരത്തിന്റെ ആനുനാസിക്യത്തോടുകൂടി നകാരം ലോപിക്കുകയും അടുത്തദശയിൽ ആ അകാരം ആനുനാസിക്യധർമ്മത്തെ വെടിഞ്ഞു് ഏതാണ്ടു് നമ്മുടെ

1. Intermediate vowels.

സംവൃതോകാരംപോലെ അയിത്തീരുകയും ചെയ്തിട്ടുള്ളതിന് ഉദാഹരണങ്ങൾ സുലഭങ്ങളാണ്. kambārə, kallə, mūgə, appə എന്നിങ്ങനെ നിർദ്ദേശികാവിഭക്തിയിൽ സ്വരാന്തങ്ങളായി കാണപ്പെടുന്നവയുടെ പൂർവ്വരൂപം മലയാളത്തിലുള്ളതുപോലെ അവസാനത്തിൽ 'അൻ' എന്ന അംഗത്തോടുകൂടിയവയായിരുന്നു എന്നുള്ളതിന് kallaṇḍa, mūgaṇḍa, appaṇḍa എന്ന രീതിയിൽ മറ്റു വിഭക്തികളിൽ കാണുന്ന രൂപങ്ങൾ വേണ്ടുവോളം സാക്ഷ്യം വഹിക്കുന്നു. ക്രിയാപദത്തിന്റെ ഉത്തമപുരുഷരൂപങ്ങളിൽ nindiyē, nindē, nippiciṭṭē (I stand, I stood, I make him stand) എന്നിങ്ങനെ പ്രസ്തുതമായ കേന്ദ്രീകൃതസ്വരംതന്നെ ദീർഘമായും കാണുന്നുണ്ട്. മലയാളത്തിലെ സംവൃതോകാരത്തിനെതിരായി ക്രർഗിൽ മിക്കവാറും തമിഴിലെന്നപോലുള്ള ഒരു സ്വരം അണ് ഉച്ചരിക്കപ്പെടുന്നതു്. ഉദാ:—tuṇḍu 'piece', uppu 'salt' ഈ സ്വരത്തിന് മലയാളത്തിലെ സംവൃതോകാരത്തെക്കാൾ കുറച്ചുകൂടി സംവൃതത്വം ഉണ്ടെന്ന് രണ്ടിന്റെയും ഉച്ചാരണം താരതമ്യപ്പെടുത്തി നോക്കിയാൽ അറിയുവാൻ വിഷമമില്ല. പദാവസാനത്തിൽ മലയാളത്തിലെ അകാരത്തിനും തമിഴിലെ ഐകാരത്തിനും കർണ്ണാടകത്തിലെ ഏകാരത്തിനും എതിരായി ക്രർഗിൽ തുളുവിലെന്നപോലെ 'ഉ' എന്ന സ്വരം അവസ്ഥാനം ചെയ്യുന്നു. പ്രതിഗ്രാഹികാവിഭക്തിയിൽ മലയാളത്തിലെ 'എ' എന്നതിന്റെയും തമിഴിലേ 'എയ' എന്നതിന്റെയും സ്ഥാനത്തു് മൂലസ്വരങ്ങളിൽ[1] നാലാമത്തേതിനോടു് സദൃശമായ ഒരു സ്വരം ഉച്ചരിക്കപ്പെടുന്നതും ക്രർഗിന്റെ ഒരു പ്രത്യേകതയാണ്. ക്രർഗിൽ കാണുന്ന അതിപ്രധാനമായ മറ്റൊരു നയം ഓഷ്ഠ്യവ്യഞ്ജനങ്ങളുടേയും മൂർദ്ധന്യവ്യഞ്ജനങ്ങളുടേയും ഇടയ്ക്കുള്ള ഇ, ഈ, എ, ഏ എന്നിവയ്ക്ക് യഥാക്രമം ഉ, ഊ, ഒ, ഓ എന്നുള്ള പരിണാമമാകുന്നു. ഉദാ:— puccu 'madness' cf. Tam. piccu ; muṇḍate 'silently' cf. Mal. miṇṭāte; būṭi 'a kind of tree' cf. Mal. vīṭṭi ; būṇē 'lute' cf. Mal. vīṇa; boḷḷi 'silver' cf. Mal. veḷḷi; boṇṇē 'butter' cf. Mal. veṇṇa; bōṇḍa 'need not' cf. Mal. vēṇṭa; bōre 'different' cf. Mal. vēre.

ഈ വർണ്ണവിപരിണാമനയം സാർവ്വത്രികമായിട്ടില്ലെങ്കിലും, തുളുവിലും ദർശിക്കുവാൻ കഴിയും. ക്രർഗിൽ പകാരം ഹകാരമായി മാറിയിട്ടില്ലെങ്കിലും വകാരത്തിന് ബകാരമായി ഉള്ള പരിണാമവും പദാരംഭ

1. Cardinal vowels.

ത്തിലെ കകാരത്തിന് താലവ്യസാന്നിധ്യത്തിൽ ചകാരമായുള്ള പരിണാമത്തിന്റെ അഭാവവും, പദാരംഭത്തിൽ ശ്ലോഷവ്യഞ്ജനങ്ങളുടെ സംസ്ഥിതിയും കണ്ണാടകത്തെ പൂർണ്ണമായി അനുസരിക്കുന്നുവെന്ന് പറയാം. പദാവസാനത്തിലുള്ള ൻ, ർ, ൽ, ൾ, എന്നീ വ്യഞ്ജനങ്ങളും ക്രർഗിൽ പലയിടങ്ങളിലും ലോപിച്ചിട്ടുണ്ട്.

ഉദാഹരണം:—

uṇḍeṅgi 'if' cf. Mal. uṇḍṅgil ava 'she' cf. Ma. avaḷ mon'a 'hare' cf. Mal. muyal; keda 'white-ant' cf. Mal. cetal b era 'finger' cf. Mal. veral; iṉṉu 'still' cf. Mal. iniyum.

ക്രർഗ് രേഖകം.

൧൨൨. ക്രർഗ് ഭാഷയിൽ ഉണ്ടായിട്ടുള്ള ഒട്ടനേകം പഴഞ്ചൊല്ലുകളും കണ്ണാടകലിപി ഉപയോഗിച്ച് ബാസൽമിഷൺ പ്രൈസ്സുകാരാൽ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ട്. ക്രർഗന്മാരുടെ ചരിത്രത്തേയും ആചാരങ്ങളേയും മറ്റും ക്രോഡീകരിച്ച്; കണ്ണാടകഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള പട്ടോലപ്പളമെ എന്ന ഗ്രന്ഥത്തിൽ ഉദ്ധൃതങ്ങളായ ക്രർഗ് ഗാനങ്ങളും ക്രർഗ് ഭാഷയിലെ പ്രാചീനരേഖകളിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. അടുത്തകാലത്തു് അപ്പനരചിച്ച അപ്പച്ചുക്കവി രചിച്ചിട്ടുള്ള യയാതിചരിതം, കാവേരിമാഹാത്മ്യം, എന്ന രണ്ടു നാടകങ്ങളും ചില ഷേക്സ്പിയർ നാടകങ്ങളുടെ വിവർത്തനങ്ങളും മാത്രമേ ക്രർഗിൽ സാഹിത്യം എന്നു് പറയത്തക്കതായി ഉണ്ടായിട്ടുള്ളൂ.

(ന) തൊട അല്ലെങ്കിൽ തുട.

തൊടമാരുടെ ഭാഷയാണ് തൊട അല്ലെങ്കിൽ തുട.

൧൨൩. നീലഗിരിമലയിൽ പാർത്തുവരുന്ന വർഗ്ഗക്കാരിൽ ഉൾപ്പെട്ട തൊടന്മാരുടെ ഭാഷയാണ് തൊട അല്ലെങ്കിൽ തുട. റവറെൻറ് കിറ്റൽ ഇൻഡ്യൻ ആൻറിക്വറി മൂന്നാം വാല്യം ൫൦൩-ാം വശത്തു് തൊഡ എന്ന രൂപം തെറ്റാണെന്നും തൊട എന്ന ദന്ത്യവ്യഞ്ജനമായ ടകാരം ചേർന്നുള്ളതാണ് ഭാഷയുടെ ശരിയായ സംജ്ഞയെന്നും നിർണ്ണയിച്ചിട്ടുണ്ട്. തൊട എന്നതിന് 'man of the top- *ie* that of the hills' (മലകളിലുള്ളവൻ അതായതു് കുന്നുംപുറത്തുള്ളവൻ) എന്നായിരിക്കാം അർത്ഥം

തൊടഭാഷയും തൊടന്മാരും.

മെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. തൊദന്മാരുടേയും അവരുടെ സാമുദായികചടങ്ങുകളേയും വിവരിച്ചുകൊണ്ട് ഉട്ടാക്കമണ്ഡിലും മറ്റും ചെന്നു താമസിക്കുവാൻ ഇടയായിട്ടുള്ള പല പാശ്ചാത്യരും വിവിധങ്ങളായ പ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. ഡബ്ലൂ. എച്ച്. ആർ. റിവെഴ്സിന്റെ 'The Todas' എന്ന പുസ്തകം തൊദന്മാരെപ്പറ്റിയുള്ള അറിവുകളെ മിക്കവാറും ക്രോഡീകരിക്കുന്നതിന് ഏറെക്കുറെ പര്യാപ്തമായിട്ടുണ്ട്.

ഫ ഫ ർ. തെക്കും കിഴക്കും തമിഴും പടിഞ്ഞാറ് മലയാളവും വടക്ക് കണ്ണാടകവും ആണ് തൊദയുടെ ചുറ്റുമുള്ള ഭാഷകൾ. ഫ വുന ട-ൽ ബെർണാർഡ്ഷ്മിദ് എന്നൊരാൾ തൊദഭാഷയെക്കുറിച്ച് എഴുതിയിട്ടുള്ള പ്രബന്ധത്തിൽ തൊദഭാഷയിലെ മുന്നിൽ രണ്ടു പങ്ക് വാക്കുകളും തമിഴിനോട് സംബദ്ധങ്ങളാണെന്ന് പ്രദർശിപ്പിക്കുവാൻ ശ്രമിച്ചിരിക്കുന്നു. കാൾഡ്വെല്ലിന്റെ വിശ്വാസം തൊദന്മാരുടെ ഭാഷ തമിഴിനോട് ഏതുരീതിയും അടുത്തതാണെന്നാകുന്നു. പോപ്പാകട്ടെ ഈ ഭാഷ യഥാർത്ഥത്തിൽ ഏതാണും തമിഴ് രൂപങ്ങൾ കലർന്നിട്ടുള്ള പ്രാചീനകണ്ണാടകമാണെന്നുള്ള പക്ഷക്കാരനാണ്.

ചുറ്റും വ്യവഹരിക്കുന്ന ഭാഷകളോട് തൊദഭാഷയ്ക്കുള്ള ബന്ധം.

ഫ ഫ ഉ. കണ്ണാടകത്തിൽ പകാരത്തിന്റെ സ്ഥാനത്തു് ഹകാരവും വകാരത്തിന്റെ സ്ഥാനത്തു് ബകാരവും കാണുന്ന രീതി തൊദയിൽ സ്വതേ അവിദിതമാണ്. കണ്ണാടകത്തിൽ hōgi (Mal. പോയി) handi (Mal. പന്നി) bandu (Mal. വന്നു) എന്നീ രൂപങ്ങൾ നാം കാണുമ്പോൾ തൊദയിൽ pey 'having gone'; perpia 'you were born', pūf 'flower' എന്നിങ്ങനെ പകാരഘടിതങ്ങളും vatavai 'who becomes' എന്നിങ്ങനെ വകാരഘടിതങ്ങളും ആയ രൂപങ്ങൾ തമിഴിലും മലയാളത്തിലും ഉള്ള തുപോലെതന്നെ അവസ്ഥാനം ചെയ്യുന്നു. pitti (Sk. buddhi-) tukkam (Sk. duḥkha-) putvōm (Mal. ബുധനാഴ്ച) എന്നിങ്ങനെ പദാദിയിലുള്ള ഘോഷവ്യഞ്ജനങ്ങളുടെ സ്ഥാനത്തു് അഘോഷവ്യഞ്ജനങ്ങൾ വന്നിട്ടുള്ള തൊദയിലെ രൂപങ്ങൾ തമിഴ് വർണ്ണവിപരിണാമക്രമത്തെയാണല്ലോ ലക്ഷീകരിച്ചിരിക്കുന്നതു. തൊദയിൽ Koḍutatu 'having gone' eḍci 'said' ഇത്യാദി രൂപങ്ങൾ ക്രർഗിലെ Koḍutitu, ennici ഇത്യാദിരൂപങ്ങളോട് സവ്വഥാ സാമ്യമുള്ളവയത്രേ. തമിഴിലെ pōccu എന്നുള്ള അനുപ്രയോഗ ശ്രുതകാലരൂപത്തിന് ക്രർഗിലും തൊദയിലും pōci എന്നു് ഇക്കാ

ഫടിതമായി രൂപം അഭിന്നമായി കാണുന്നു. ഇങ്ങനെ തൊദയുടെ ഭാഷാപരമായ നില നോക്കുമ്പോൾ അതു് അതിനോടടുത്തു കിടക്കുന്ന ക്രർഗ്, കോത എന്നിവയെപ്പോലെതന്നെ തമിഴ്മലയാളങ്ങളോടു് കൂടുതൽ ചാച്ചുയുള്ളതും കണ്ണാടകത്തിനേയും തമിഴിനേയും ബന്ധിപ്പിക്കുവാൻ ഉതകുന്ന ശൃംഖലയുടെ സ്ഥാനം വഹിക്കുന്നതും ആകുന്നുവെന്നു് പറയാം. കണ്ണാടകത്തിന്റെ ഒരു ഉപഭാഷയായ ബഡ്ഗ സംസാരിക്കുന്ന കൂട്ടരുമായി നിരന്തരമായ സമ്പർക്കം തൊദന്മാക്കു് ഉള്ളതുകൊണ്ടു് അവരുടെ ഭാഷയിൽ ബഡഗയിൽനിന്നും വളരെ വാക്കുകൾ കടന്നുകൂടിയിട്ടുണ്ടു്. തൊദയിലെ ബഡഗഭാഷാപദാധിക്യം കണ്ടു് ഭ്രമിച്ചിട്ടായിരിക്കാം, ഈ ഭാഷ പ്രാചീനകണ്ണാടകത്തിൽ തമിഴ് കലർന്നു് സമുദയം ചെയ്യിട്ടുള്ളതാണെന്നു് പോപ്പു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. തൊദയിൽ ഒട്ടധികം കലപ്പു് ഉണ്ടായിട്ടുണ്ടെങ്കിലും സുനിശ്ചിതമായ അതിന്റെ വ്യക്തിത്വം ഇന്നും പുലർത്തുക തന്നെ ചെയ്യുന്നു.

തൊദയുടെ പ്രത്യേകതകൾ.

ഫ ഫ നു. അകാരത്തിനു് ഉകാരവും ആകാരത്തിനു് ഓകാരവും വന്നിട്ടുള്ള രൂപങ്ങൾ തൊദയിൽ സാധാരണങ്ങളാണു്. ഉദാഹരണം:—

poddi (Mal. പന്നി) 'pig'; koik (Mal. കൈക്കു്) 'to the hand'; pōb (Mal. പാമ്പു്) 'snake' kōlk) Mal. കാലക്കു്) 'to the leg'; nōḍ (Mal. നാടു്) 'country'.

തൊദയുടെ മറ്റൊരു വൈലക്ഷണ്യം സ്വരങ്ങളുടേയും വ്യഞ്ജനങ്ങളുടേയും ക്രമാധികമായ ലോപമാണു്. 'പതിനാറു്' എന്നതിനു് pār എന്നും 'ഇരുപതു്' എന്നതിനു് ivot എന്നും 'പതിനൊന്നു്' എന്നതിനു് ponoḍ എന്നും, 'പുഴ' എന്നതിനു് 'po' എന്നും 'കതിരു്' എന്നതിനു് kadr എന്നും ഉള്ള പദങ്ങൾ മേൽപ്പറഞ്ഞതിനു് ഉദാഹരണങ്ങളാകുന്നു. സ്പർശവ്യഞ്ജനത്തിനു മുൻപുള്ള അനുനാസികത്തിന്റെ ലോപത്തോടുകൂടി yerb (Mal. എരുമു്) 'ant'; nab (Tam. ṇamb-) 'believe';
kubbuṭṭhikhēn (Tam. kumbiṭṭirukkēn) 'I adore'; ābu (Mal. ampe 'arrow' എന്നിങ്ങനെയുള്ള രൂപങ്ങൾ തൊദയിൽ സുലഭങ്ങളാണു്. തൊദഭാഷയുടെ ശബ്ദങ്ങളെ സമാഹരിച്ചു് രേഖപ്പെടുത്തിയിട്ടുള്ളതിൽ പ്രത്യക്ഷപ്പെടുന്ന മറ്റൊരു പ്രത്യേകത പല പദങ്ങളും അന്ത്യസ്വരങ്ങൾ ലോപിച്ചു് വ്യഞ്ജനാന്തങ്ങൾ ആയിത്തീർന്നിട്ടുണ്ടെന്നുള്ളതാണു്.

ഉദാഹരണം:—

kev 'ear' cf. Kan. kevi; eṭṭh 'eight' cf. Tam. eṭṭu), marmokh 'grandson' cf. Kan. maga 'son'

ഇംഗ്ലീഷിലെ 'എഫ്' എന്നതിനോട് സദൃശമായ ഒരുവർണ്ണം തൊദയിൽ uf 'back', amof 'bison', naduf 'centre', pūf 'flower', puf 'worm' എന്നു തുടങ്ങിയ പദങ്ങളിൽ ഉള്ളതും വക്കുവ്യമാണ്. ഇപ്രകാരമുള്ള 'എഫ്' ചിലപ്പോൾ തമിഴിലെ ഴകാരത്തിന്റെയും വകാരത്തിന്റെയും സ്ഥാനത്തു് ആദേശിച്ചിട്ടുള്ളതാണെന്നു് കാണാം. പല പദപ്രകൃതികളിലും ഴകാരം തിരോഭവിച്ചുപോയിട്ടുണ്ടെങ്കിലും ഉച്ചാരണത്തിൽ ഴകാരത്തോട് സാദൃശ്യം ഉള്ളതും വിദേശ്യർ 'zh' എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതും ആയ ഒരു ധ്വനിവിശേഷം തൊദയിൽ മറ്റുചില വർണ്ണങ്ങളുടെ സ്ഥാനത്തു് nāzhboth 'forty' tūvuzh 'feather' എന്നീരീതിയിൽ സമുദയം ചെയ്തിട്ടുള്ളതും വക്തവ്യമത്രേ.

---

(൬) കോത.

കോതഭാഷയും കോതന്മാരും.

൧൧൬. നീലഗിരിയിൽതന്നെ പാർത്തുവരുന്ന ഒരു ചെറുവർഗ്ഗക്കാരായ കോതകളുടെ ഭാഷയാണ് കോത. കോതകൾ ബഡഗന്മാരുടേയും തൊദന്മാരുടേയും കുറുമ്പന്മാരുടേയും മറ്റും വിടുപണികൾ ചെയ്യുന്നവരാണ്. കോതന്മാരെപ്പറ്റി പല ലേഖനങ്ങളും പുറത്തു് വന്നിട്ടുണ്ടെങ്കിലും അവരുടെ ഭാഷയെക്കുറിച്ചുള്ള ഗവേഷണം ഇനിയും ചെയ്യേണ്ടതായിരിക്കുന്നു.

കോതയും തൊദഭാഷയെപ്പോലെ തമിഴിനോടാണ് കണ്ണാടകത്തേക്കാൾ കൂടുതൽ അടുത്തുനില്ക്കുന്നതെന്നു കാണാം. നിർദ്ദേശകയൊഴിച്ചുള്ള സർവ്വനാമരൂപങ്ങളുടെ പ്രകൃത്യംശത്തിലും പ്രത്യയാംശത്തിലും കോത തമിഴിനോട് തുല്യമായിരിക്കുന്നു. enne 'me', avane 'him' ഇത്യാദി രൂപങ്ങൾ മേല്പറഞ്ഞതിനു

൧൧൭. കാർഡെല് കണ്ണാടകഭാഷയുടെ അതിപ്രാചീനമായ ഒരു വകഭേദമാണു കോതഭാഷയെന്നും അതു് വളരെക്കാലത്തിനു മുൻപു കണ്ണാടകദേശത്തിൽനിന്നും പുറപ്പെട്ട ഒരു താഴ്ന്നതരം വർഗ്ഗക്കാരാൽ നീലഗിരിയിലേക്കു് നയിക്കപ്പെട്ടിട്ടുള്ളതാണെന്നും വിചാരിക്കാമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്.[1] പക്ഷേ ഭാഷാസ്വഭാവം പരിശോധിക്കുമ്പോൾ

പുറമേ വ്യവഹരിക്കുന്ന ഭാഷകളോടു് കോതയ്ക്കുള്ള ബന്ധവും കോതയുടെ പ്രത്യേകതകളും.

1. *Comparative Grammar of the Dravidian Languages* p. 34.

നിദർശകമാണ്. പദാവസാനത്തിൽ എകാരം ചേർത്തു ഉച്ചരിക്കുന്ന ഒരു രീതി കോതയിൽ ബഹുളമായി കാണപ്പെടുന്നു. അതിൽ pirtāre 'they were born', ittāre 'they sat' ഇത്യാദി ക്രിയാരൂപങ്ങളിൽ കാണുന്ന എകാരം കണ്ണാടകത്തിൽ ഉള്ള ക്രിയാരൂപങ്ങളിൽ കാണുന്നതിനോടു സജാതീയമാണെന്നു പറയാമെങ്കിലും palle 'tooth', kive 'ear', patte 'ten', āne 'I', tiggale 'moon' ade 'it', niye 'you' എന്നിങ്ങനെ മറ്റുതരം പദങ്ങളിലും കോതയിൽ എകാരം കാണുന്നതു എടുത്തുപറയത്തക്ക ഒരു വൈശിഷ്ട്യമാണ്.

(വ) ഗോണ്ഡി.

ഫലൻ. ഗോണ്ഡന്മാരുടെ മുഖ്യമായ വ്യവഹാരഭാഷയാണ് ഗോണ്ഡി. ആര്യഭാഷകളുടെ അനുപ്രവേശംകൊണ്ട് ഗോണ്ഡിയുടെ വ്യവഹാരപരിധി കാലക്രമത്തിൽ വളരെ ചുരുങ്ങിപ്പോയിട്ടുണ്ട്. അതുകൊണ്ട് ഗോണ്ഡിഭാഷ വ്യവഹാരത്തിൽ ഇരിക്കുന്ന പ്രദേശങ്ങൾ ഒന്നിനോടൊന്നു സംബദ്ധമായി കിടക്കുന്നില്ലെന്നുമാത്രമല്ല പലയിടത്തും അതിനോടൊപ്പം മറ്റു ഭാഷകളും പ്രചാരത്തിൽ ഇരിക്കുകയും ചെയ്യുന്നുവെന്നു കാണാം. ഗോണ്ഡിയുടെ മുഖ്യസങ്കേതം ഐക്യസംസ്ഥാനങ്ങളിൽ[1] തെക്കുപടിഞ്ഞാറു വാർധമുതൽ വടക്കുകിഴക്കു സാലഘട്ടവും മന്ദ്‌ലയും വരെയുള്ള ഉന്നതപ്രദേശമത്രേ. നന്ദഗോണിനു തെക്കു ബസ്തർ, ഛന്ദ എന്നീ ഡിസ്ട്രിക്ടുകളിലൂടെ മദ്രാസ് പ്രസിഡൻസിയിലേക്കു കടന്നു വിശാഖപട്ടണത്തിലും ഗോദാവരിയിലും തെലുങ്കുഭാഷയോടിടകലർന്നു ഗോണ്ഡി പ്രചരിക്കുന്നു. ക്രമേണ ഹൈദരാബാദിന്റെ വടക്കുകിഴക്കൻഭാഗം മുഴുവനും ഗോണ്ഡി തെലുങ്കിനോടു സങ്കലിതമായി വർത്തിക്കുന്നുമുണ്ട്. ഗോണ്ഡിയുടെ ഭാഷാപരമായ അതിരുകൾ പരിച്ഛേദിക്കുവാൻ പ്രയാസമാണ്. എങ്കിലും വടക്കു പൂർവ്വപരഹിന്ദിഭാഷകളും[2] രാജസ്ഥാനിയും പടിഞ്ഞാറു മറാട്ടിയും തെക്കു തെലുങ്കും കിഴക്കു തെലുങ്കും ഒഡിയാ, ഛത്തീസ്ഗഡീ എന്നിവയും അതിരുകളാണെന്നു സാമാന്യമായി പറയാം.

വ്യാപ്തിയും ഭാഷാപരമായ അതിരുകളും.

---

1. Central Provinces.
2. Eastern & Western Hindi.

ഗോണ്ഡന്മാർ.

ഫ. ൦. സംസ്കൃതനീഘണ്ടുക്കളിൽ ഗോണ്ഡവനം എന്ന പേരിൽ അറിയപ്പെട്ടന്നതും ഏറിയകൂറും ഇന്നത്തെ മധ്യസംസ്ഥാനങ്ങൾ ഉൾപ്പെട്ടന്നതും ആയ പ്രദേശത്തിൽ പാർത്തിരുന്ന ഒരു വർഗക്കാരാണ് ഗോണ്ഡന്മാർ. ഇവരുടെ അധിവാസസ്ഥാനം വളരെ കാലത്തേക്ക് വടക്കു നർമ്മദയുടെ താഴ്വരപ്രദേശങ്ങളുടേയും തെക്കു നാഗപുരത്തിലെ സമതലപ്രദേശങ്ങളുടേയും ഇടയ്ക്കുള്ള ഉന്നതതടമായിരുന്നു. ഗോണ്ഡന്മാരോടുതന്നെ ബന്ധപ്പെട്ട വർഗ്ഗക്കാർ നർമ്മദയുടെ വടക്ക് മദ്ധ്യഇൻഡ്യയിലെ കുന്നിൻപുറങ്ങളിലും രാജപുട്ടാണയിലും കഴിഞ്ഞുകൂടിയിരുന്നുവെന്നുവേണം ഊഹിക്കുവാൻ.

ഗോണ്ടി ഭാഷാഭേദങ്ങൾ.

ഫ. ൧. ഗോണ്ഡന്മാർ തങ്ങളെ കോയിത്തോർ[1] എന്ന പേരു കൊണ്ടാണ് സാധാരണമായി നിർദ്ദേശിക്കാറുള്ളത്. കോയിത്തോർ ഗോണ്ഡരിൽ ഉൾപ്പെട്ടന്ന ഒരു ഉപവർഗ്ഗക്കാരാണെന്നും അവരുടെ ഭാഷ കോയി എന്ന പേരിൽ അറിയപ്പെട്ടന്നതാണെന്നും ചിലർ പ്രസ്താവിച്ചിട്ടുള്ളത് ശരിയല്ല. കോയ, ഗോണ്ഡിയിൽനിന്നും ഭിന്നമായ ഒരു ഭാഷയല്ല. പക്ഷേ അതിൽ തെലുങ്കുഭാഷയുടെ കലർപ്പ് കുറെയധികം ഉണ്ടായിട്ടുണ്ടെന്നു മാത്രമേയുള്ളൂ. കോയ്യയപ്പോലെ ഗട്ട അല്ലെങ്കിൽ ഗൊട്ടെ, മാഡ അല്ലെങ്കിൽ മഡിയാ തുടങ്ങിയ മറ്റുചില ഭാഷകളും പ്രത്യേകം പേരുകൾകൊണ്ട് വ്യപദേശിക്കപ്പെട്ടന്നുണ്ടെങ്കിലും വസ്തുസ്ഥിതി നോക്കുമ്പോൾ അവയും ഗോണ്ഡിതന്നെയാണെന്നു വെളിപ്പെടും. കോലാമി, നൈകീ എന്നീ ഭാഷകൾ ഗോണ്ഡിയുടെ ഉപഭാഷകളായി ഒരുകാലത്തു കരുതപ്പെട്ടിരുന്നതു യുക്തമല്ലെന്നും അവ ദ്രാവിഡഗോത്രത്തിന്റെ ഒരു ശാഖയായി പരിഗണിക്കപ്പെടത്തക്കവണ്ണം വ്യക്തിത്വം ഉള്ളവയാണെന്നും നിർണ്ണയിച്ചുകഴിഞ്ഞിട്ടുണ്ട്. ഗോണ്ഡിയുടെ ഉപഭാഷയെന്ന നിലയെ അർഹിക്കുന്നതു ബസ്താർസംസ്ഥാനത്തിൽ വ്യവഹരിക്കപ്പെട്ടന്ന പർജി മാത്രമാണ്.

ഫ. ൨. ഗോണ്ഡിയിൽ എ, ഒ. എന്നീ സ്വരങ്ങൾ പലയിടത്തും ഹ്രസ്വമോ ദീർഘമോ എന്നു നിർണ്ണയിക്കുവാൻ പ്രയാസമായ രീതിയിലാണ് കാണപ്പെട്ടന്നതു. ഇതിനു കാരണം ദീർഘങ്ങളായ ഏകാരവും ഓകാരവുംമാത്രം ഉള്ള അയ്യൽഭാഷകളോടുള്ള സമ്പർക്കമായിരിക്കാം. പദാരംഭത്തിലുള്ള എകാരവും ഒകാരവും യഥാക്രമം

1. Kōitōr.

യകാരവകാരങ്ങൾ ക്ലൃപ്തിയും വ്യഞ്ജനാന്തങ്ങളായ പദങ്ങളെ ഹ്രസ്വമായ ഉകാരംചേർത്തും ഉച്ചരിക്കുന്ന രീതികൾ ഗോണ്ഡിയിലും സംദൃശ്യങ്ങളാണ്. രേഫം ഒറ്റയായിട്ടും ഇരട്ടയായിട്ടും രണ്ടു പ്രകാരത്തിൽ ഗോണ്ഡിയിൽ ഉണ്ട്. karu 'hunger', warī 'fear', tiriñj 'claw' parānā 'to be able' മുതലായവ ഒറ്റ രേഫം ഉള്ളവയും arrānā 'to fall', parrānā 'to gather' karrānā 'cloth' മുതലായവ ഇരട്ട രേഫം ഉള്ളവയും ഉദാഹരണങ്ങളാണ്. രേഫലകാരങ്ങൾക്ക് അന്യോന്യവിനിമയം ഗോണ്ഡിയിൽ സുലഭമത്രേ. ഉദാ: 'ōl, ōr 'he' purpur, pulpul, 'a kind of pulse'. തെക്ക് കോയി എന്ന വ്യപദേശത്തിൽ അറിയപ്പെടുന്ന ഗോണ്ഡിയിൽ തെലുങ്കിലും മറാട്ടിയിലുമെന്നപോലെ ചകാരത്തിനും ജകാരത്തിനും യഥാക്രമം ts, dz എന്നീ ഉച്ചാരണങ്ങൾ താലവ്യസ്വരപരമായിരിക്കുമ്പോൾ ഏർപ്പെട്ടിരിക്കുന്നു. ഗോണ്ഡിയിൽ ഉത്തമപുരുഷസർവനാമത്തിന് കണ്ണാടകത്തിലെന്നപോലെ ഒരു ബഹുവചനരൂപം മാത്രമായിരിക്കുമ്പോൾ കോയിയിൽ mannaḍa 'you and we' (inclusive) mamma 'we' (exclusive) എന്നു രണ്ടു തരം രൂപങ്ങൾ കാണുന്നതു് തെലുങ്കിന്റെ അഭിയോഗം കൊണ്ടായിരിക്കണം. പറുവിനയുടെ മുൻവിനയെച്ചരൂപം തെലുങ്കിലെന്നപോലെ 'സ' എന്ന പ്രത്യയം ചേർന്നാണു ബാഹുല്യേന കാണപ്പെട്ടുന്നതു്. ഉദാ: Gōṇḍī kīsī kun 'having done' cf Tel cēsi. സർവനാമങ്ങളുടെ വിഭക്ത്യന്തരൂപങ്ങൾക്ക് ഗോണ്ഡിയിലും തെലുങ്കിലും മാക്കവാറും സാധാരണ്യം ദർശിക്കാവുന്നതാണ്. ഉദ്ദേശികാവിഭക്തിക്കും പ്രതിഗ്രാഹകാവിഭക്തിക്കും ഉള്ള അവ്യവസ്ഥയും സംബന്ധികാവിഭക്ത്യന്തങ്ങൾക്ക് വിശേഷ്യമായ നാമത്തിനനുസരിച്ചുള്ള ലിംഗവചനാദിയോഗവും ഗോണ്ഡിയിൽ ആര്യഭാഷാരീതിയനുസരിച്ച് സ്ഥാനം പിടിച്ചിട്ടുള്ളവയാണു. ഇങ്ങനെയൊക്കെയാണെങ്കിലും മുഖ്യങ്ങളായ വ്യാകരണകാര്യങ്ങളിൽ ഗോണ്ഡി കണ്ണാടകത്തോടും പ്രാചീനതമിഴിനോടും ആണ് ക്ലൃപ്തൽ ചാച്ച് ആവഹിക്കുന്നതു്. ക്രിയയുടെ ഭൂതകാലപ്രത്യയം കണ്ണാടകത്തിൽ 'ദ്' എന്നും തമിഴിൽ ത്, ത്ത് എന്നും ഉള്ളതിനെതിരായി ഗോണ്ഡിയിൽ 'ത്' എന്നു കാണുന്നുണ്ട്. അതുപോലെ പ്രാചീനതമിഴിലെ ഭാവികാലപ്രത്യയമായ 'ക്' ഗോണ്ഡിയിലും ഉപലഭ്യമാണ്. ഉദാ: kēkā 'I shall do'; kākōm 'we shall do' cf. Old Tam. segu and seygum. ഇതിനും പുറമേ ഗോണ്ഡി ചില വിഷയങ്ങളിൽ കണ്ണാടകത്തിൽനിന്ന് വ്യത്യസ്തതയും അതേ അവസരത്തിൽ തമിഴിനോട് സാരൂപ്യവും മറ്റു ചില

ഇതരദ്രാവിഡഭാഷകളോടു് ഗോണ്ഡിക്കുള്ള ബന്ധവും ഗോണ്ഡിയുടെ പ്രത്യേകതകളും

അവസരങ്ങളിൽ തമിഴിൽ നിന്ന് വ്യത്യസ്തതയും കണ്ണാടകത്തിനോട് സാദൃശ്യവും പ്രദർശിപ്പിക്കുന്നുവെന്നുള്ളതും പ്രസ്താവ്യമാണ്. ഇതിൽ നിന്നെല്ലാം ഊഹിക്കേണ്ടതു് ഗോണ്ഡിക്ക് തെലുങ്കിനോടും ആയ്ഭാഷകളോടും ചിരകാലസംസർഗ്ഗംകൊണ്ടു് പല പരിണതികളും കൈവന്നിട്ടുണ്ടെങ്കിലും അതിന്റെ ആന്തരപ്രകൃതി ഏറെക്കുറെ തമിഴ് കണ്ണാടകങ്ങളുടേതിനോടാണ് യോജിച്ചിരിക്കുന്നതെന്നാകുന്നു. ഒരു പക്ഷേ തമിഴ കണ്ണാടകവും ഏതൊരു ദശയിൽനിന്നും വേർപിരിഞ്ഞു് വളരുവാൻ ഇടയായോ ആ ദശയിൽ നിന്നായിരിക്കാം ഗോണ്ഡിയുടെ വേർപാടും.

(൯) മല്ത്തോ അല്ലെങ്കിൽ രാജ്മഹാലീ

ഫാഷ. രാജമഹാൽ പർവ്വതനിരകളിൽ പാർത്തുവരുന്ന മലെർ[1] എന്ന വർഗ്ഗക്കാരുടെ വ്യവഹാരഭാഷയാണ് മല്ത്തോ. മെലർ എന്നതിന് 'Hillmen' (മലയിലുള്ളവർ) എന്നായിരിക്കാം അർത്ഥമെന്നു ഗ്രിയേഴ്സൺ അഭിപ്രായപ്പെട്ടിരിക്കുന്നു.

സാമാന്യവിവരണം.

മല്ത്തോ ഭാഷയെ രാജ്മഹാലീ എന്നും വ്യപദേശിക്കാറുണ്ട്. ബംഗാളീ, ബീഹാരീ, സന്താലീ എന്നീ ഭാഷകളും പ്രചരിക്കുന്ന പ്രദേശങ്ങളുടെ നടുക്ക് അകപ്പെട്ടിരിക്കുന്നതിനാൽ ഈ ഭാഷയിൽ ആ അന്യഗോത്രഭാഷകളുടെ സമാവേശം ഒട്ടുവളരെ ഉണ്ടായിട്ടുണ്ട്.

ഫാ. ർ. കുറുക്കവർഗ്ഗക്കാരും മലെവർഗ്ഗക്കാരും പ്രാചീനകാലത്തു് കന്നിച്ചുകഴിഞ്ഞിരുന്നവരാണെന്നുള്ള ഐതിഹ്യത്തിന് അവരുടെ ഭാഷകൾക്കുള്ള സ്പഷ്ടമായ സാദൃശ്യം ഉപോദ്ബലകമാകുന്നു.

മല്ത്തോവിന് ഇതരഭാഷകളുമായുള്ള ബന്ധം.

സ്ത്രീലിംഗൈകവചനത്തിനുപകരം ക്ലീബ നപുംസകപ്രത്യയമാണ് മല്ത്തോവിലും കുറുക്കിലും കാണുന്നതു്. malni-th 'a woman' എന്ന വാക്കിലുള്ള -th എന്ന പ്രത്യയം manth 'a tree' എന്നതിലുള്ള th എന്ന നപുംസകപ്രത്യയ

1. Maler.

ത്തിൽനിന്നും ഭിന്നമല്ലല്ലോ. പുരുഷസർവനാമങ്ങളുടെ കാര്യത്തിലും മല്‌തോ . കുറുക്കിനോട്ട് അടുപ്പമുള്ളതാണ്. സംഖ്യാശബ്ദങ്ങളിൽ ആദ്യമുള്ള ചിലതൊഴികെ മറെറല്ലാം മല്‌തോവിൽ ആര്യ്യ ഭാഷാപ്രകൃതിജങ്ങളാണ്. malni 'hill woman,' mālikin 'mistress' എന്നിങ്ങനെയുള്ള ചില രൂപങ്ങളിൽ ni എന്നുള്ള സ്ത്രീപ്രത്യയം കാണുന്നതു് മല്‌തോവിലുള്ള ആര്യ്യഭാഷാസമാവേശത്തിനു് മറെറാരു ദൃഷ്ടാന്തമത്രേ. ക്രിയാരൂപത്തിൽ എല്ലാ കാലങ്ങൾക്കും മിക്ക പ്രകാരങ്ങൾക്കും നിഷേധരൂപങ്ങളും മല്‌തോവിൽ കടന്നുകൂടിയിട്ടുള്ളതു് സന്താലിയുടെ സമ്പർക്കം കൊണ്ടായിരിക്കാം.

മല്‌തോവിന്റെ പ്രത്യേകതകൾ.

ഫ ഒ ള. നാമങ്ങളിലെ അന്ത്യസ്വരം പരിത്യജിച്ചു് വിശേഷണങ്ങളാക്കുന്ന ഒരു രീതി മല്‌തോവിൽ pel-sājeth 'female attire' (cf. peli woman) mal-ţeţuth 'a human hand' (cf. male 'man') എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ ദൃശ്യമാകുന്നു. ക്രിയാവിശേഷണങ്ങളാക്കുക കർത്തൃപദത്തോടു് ലിംഗവചനങ്ങളിൽപൊരുത്തം ēn dūren ano ḍōkin 'I alone dwell there' എന്നിങ്ങനെ മല്‌തോവിൽ അപേക്ഷിതമാണ്. ഇവിടെ ക്രിയാവിശേഷണത്തിന്റെ തനിരൂപം dūre എന്നത്രേ. മറെറ പദങ്ങളോടുകൂടി ക്രിയാപദങ്ങളും ചേർന്നുള്ള സമസ്തരൂപങ്ങൾക്കു് മല്‌തോവിൽ വളരെ പ്രചാരമുണ്ടു്. പറയുക എന്നു് അർത്ഥമുള്ള 'āne' എന്ന ക്രിയയിൽനിന്നും തമ്മിൽത്തമ്മിൽ സംസാരിക്കുക എന്നു് അർത്ഥമുള്ള ān-naqe എന്നും, വരുക എന്ന അർത്ഥത്തിലുള്ള barch എന്ന രൂപത്തിൽനിന്നും 'പിണ്ടും പിണ്ടും വരുക' എന്ന അർത്ഥമുള്ള brach-sege എന്നും പ്രയോഗങ്ങളും ഉണ്ടായിട്ടുള്ളതു് മേല പ്രസ്താവിച്ചിട്ടുള്ളതിനു് നിദർശനമാണ്. നാമപദങ്ങളുടെ ബഹുത്വത്തെ കുറിക്കുന്നതിനു് പിറകിൽ 'വളരെ' എന്നോ മറെറാ അർത്ഥത്തിലുള്ള പദത്തിന്റെ പ്രകൃതി കൂട്ടിച്ചേർക്കുന്നതു് tangad-bagtēr 'മകൻ വളരെ' (അനേകം മക്കൾ) bēḍI gahṇḍith (അളുകൾ) ഇത്യാദി പ്രയോഗങ്ങളും മല്‌തോവിൽ സാധാരണങ്ങളത്രേ.

(ഫ 0) കുറുക്ക് അല്ലെങ്കിൽ ഒറാഓ.

ഫ 1. ബംഗാൾ പ്രസിഡൻസിയുടെ പശ്ചിമഭാഗത്തിലും അതിനോടു തൊട്ടുകിടക്കുന്ന മധ്യസംസ്ഥാനപ്രദേശങ്ങളിലും വ്യവഹരിക്കപ്പെടുന്ന ഭാഷയാണ് കുറുക്. കുറുക് ഭാഷതന്നെ ധാംഗരീ, കിസാൻ ഖെദ്രോഇൗ, കഛ്മക്രാ എന്നിങ്ങനെ പല പേരുകൾകൊണ്ടും ജാതിഭേദത്തെയും ദേശഭേദത്തെയും പുരസ്കരിച്ച് അറിയപ്പെടുന്നുണ്ട്. ഗാംഗപൂരിൽ പ്രചരിക്കുന്ന Berga orāō എന്ന ഭാഷ ആര്യഭാഷകളുടെ അധികമായ സാങ്കര്യത്തിനു വിധേയമായി സാധാരണകുറുക്കിൽ നിന്നും ചില അംശങ്ങളിൽ വ്യത്യസ്തതയെ ഭജിക്കുന്നതിനാൽ അതിനെ കുറുക്കിന്റെ ഒരു ഉപഭാഷയായി കണക്കാക്കേണ്ടതാണെന്ന് ഒരു അഭിപ്രായമുണ്ട്. കുറുക് വർഗ്ഗക്കാർ പണ്ട് കണ്ണാറ്റിക്കിൽ നിവസിച്ചിരുന്നു എന്നും അവിടെനിന്ന് നർബുദാ നദീതീരം വഴി മുകളിലോട്ടുപോയി ബീഹാറിൽ സോണയുടെ തീരങ്ങളിൽ സ്ഥാനം ഉറപ്പിച്ചുവെന്നും ആണ് അവരുടെ ഇടയ്ക്ക് പ്രചരിക്കുന്ന ഐതിഹ്യം. പില്ക്കാലത്തു് അക്ബ്ബർ മുഹമ്മദിയരാൽ തുരത്തപ്പെട്ട് രണ്ടായിപ്പിരിഞ്ഞു് ഒരു ശാഖ ഗംഗാതീരം വഴി സഞ്ചരിച്ച് രാജ്മഹാല്മലകളിൽ അവസാനമായി കുടിയേറിപ്പാർക്കുകയും മറെറാരു ശാഖ സോണയുടെ തീരത്തിലൂടെ സഞ്ചരിച്ച് ചോട്ടാനാഗപ്പൂർ ഉന്നതതടത്തിന്റെ വടക്കുപടിഞ്ഞാറൻ സ്ഥലങ്ങളിൽ വ്യാപിച്ച് സ്ഥാനം ഉറപ്പിക്കുകയും ചെയ്തതായി ഖിശ്വസിച്ചുപോരുന്നു. അവരിൽ ആദ്യത്തേ ശാഖ മലെ എന്നും രണ്ടാമത്തെശാഖ ഒറാഓ അല്ലെങ്കിൽ കുറുക് എന്നും ഉള്ള പേരുകളാൽ അറിയപ്പെടുന്നു.

കുറുക് ഭാഷയും കുറുക് വർഗ്ഗക്കാരും.

ഫ 2. മുണ്ഡാരീഭാഷകൾ പ്രചരിച്ചിരുന്ന നാട്ടിൽ എത്തിച്ചേർന്നതുകൊണ്ട് കുറുക്ഭാഷയിൽ അവയുടെ സമാവേശവും പാർശ്വപ്രദേശങ്ങളിലുള്ള ബിഹാരീ, ഒഡിയാ, പശ്ചിമീസ ഗഢീ മുതലായ ആര്യഭാഷകളുടെ സാങ്കര്യവും ദർശിക്കാവുന്നതാണെങ്കിലും വ്യാകരണകാര്യങ്ങളിൽ കണ്ണാടകം, തെലുങ്ക, തമിഴ് മുതലായ ദ്രാവിഡഭാഷകളോട് കുറുക്കിനുള്ള അഭേദ്യമായ ബന്ധത്തിന് ഉടവു തട്ടിയിട്ടില്ല. കുറുക്കിലെ 'ഛ്', എന്ന ഭൂതകാലപ്രത്യയം തെലുങ്കിലും ഗോണ്ഡിയിലും ഉള്ള 'ഛി, സി' എന്നീ ഭൂതകാലപ്രത്യയങ്ങളോട് സദൃശമായിരിക്കുന്നു. അതുപോലെ ഭാവികാലപ്രത്യയമായ 'ഒ' തമിഴിലും കണ്ണാടകത്തിലും ഉള്ള 'ഉ', 'വു' എന്നിവയോട് സംബന്ധമാണ്. ക്രിയാപദങ്ങളോട ചേർക്കുന്ന പുരുഷപ്രത്യയങ്ങൾക്ക് പ്രായേണ കണ്ണാടകഭാഷയോടും അടുപ്പം കാണുന്നു.

കുറുക്കിന് ഇതരഭാഷകളോടുള്ള ബന്ധം.

നിർദ്ദേശകസർവ്വനാമത്തിന് സ്ത്രീലിംഗത്തിലും നപുംസകലിംഗത്തിലും ഉള്ള ഏകവചനരൂപങ്ങൾ കുറുക്കിലും തെലുങ്കിലും സമാനങ്ങളാണ്. ആര്യഭാഷകളുടെ സമാവേശംകൊണ്ട് കുറുക്കിനങ്ങളായിട്ടുള്ള പരിവർത്തനങ്ങളിൽ സംഖ്യാശബ്ദങ്ങളിൽ അഞ്ചും അതിനു മേലും ഉള്ളവ ആര്യഭാഷാപ്രകൃതികളോട് സാമ്യം വഹിക്കുന്നതും പ്രതിഗ്രാഹികാവിഭക്തി ഉദ്ദേശികാവിഭക്തിയുടെ സ്ഥാനത്തിൽ ചിലയിടങ്ങളിൽ പ്രയോഗിക്കുന്നതും മറ്റും പ്രസ്താവ്യങ്ങളായിട്ടുണ്ട്.

കുറുക്കിന്റെ പ്രത്യേകതകൾ.

ഫ ഫ വ. അടുത്തടുത്തു രണ്ടു സ്വരങ്ങൾ ഇടയ്ക്ക് ചെറിയൊരു വിരാമത്തോടു കൂടി പ്രയോഗിക്കപ്പെടുന്നതാണ് കുറുക്കിന്റെ ഒരു പ്രത്യേകതയാണ്. ഉദാ: chi' inā to 'give'; cho' onā 'to rise'. ഭൂതകാലരൂപങ്ങളിൽ സ്വരങ്ങൾ നിയമേന സംഘടിതങ്ങളാകുന്നു. ഇതനുസരിച്ച് ba' anā 'to speak' എന്നതു bāchkan എന്നും chō' anā 'to rise' എന്നതു chōckhan എന്നും ഭൂതകാലത്തിൽ പരിണമിക്കുന്നു. ഭൂതകാലരൂപങ്ങളിലുള്ള മറ്റൊരു വൈശിഷ്ട്യം എകാരത്തിനും ഏകാരത്തിനും ഇകാരവും ഈകാരവും ആയുള്ള മാറ്റം ആണ്. ഇതിനു ഉദാഹരണമായി errānā 'to sweep' irrkan 'I swept' ērnā' to see' Irk in 'I saw' എന്നിവയെ നിർദ്ദേശിക്കാവുന്നതാകുന്നു. കുറുക്കിൽ നിഷേധാർത്ഥകങ്ങളായ ക്രിയാരൂപങ്ങൾ സാധാരണങ്ങളല്ല. അവയ്ക്കു പകരം mal, mala, maita എന്നീ അഭാവാർത്ഥകങ്ങളായ വാക്കുകൾ ക്രിയാരൂപങ്ങൾക്കു മുൻപു ചേർക്കുകയാണ് ചെയ്യുന്നതു. ക്രിയാനാമങ്ങളെ കുറുക്കിൽ നാമവിശേഷണങ്ങളായും പ്രയോഗിക്കുന്നു. 'തിന്നുക' എന്ന അർത്ഥത്തിലുള്ള onnā എന്ന ക്രിയാനാമം onnā ālō 'eatable things' എന്ന അർത്ഥത്തിലും 'നാശം' എന്ന അർത്ഥത്തിലുള്ള muñjrnā എന്ന ക്രിയാനാമം muñjrnā jnā 'perishable life' എന്നിടത്തു നശ്വരമായ എന്ന അർത്ഥത്തിലും പ്രയുക്തമായിരിക്കുന്നതു നോക്കുക.

(ഫ ഫ) കുയി, കന്ധി അല്ലെങ്കിൽ ഖൊന്ദ്.

ഫ വ ൻ. ഒറീസ്സായിൽ മഹാനദിക്കും വിശാഖപട്ടണത്തിന്റെ പടിഞ്ഞാറൻ കോണിനും ഇടയ്ക്കുള്ള മലംപ്രദേശങ്ങളിൽ താമസിക്കുന്ന കൊന്ധ, കന്ധ് എന്നിങ്ങനെയുള്ള പേരുകളാൽ വ്യപദേശിക്കപ്പെടുന്ന വർഗ്ഗക്കാരുടെ വ്യവഹാരഭാഷയാകുന്നു കുയി. ഈ ഭാഷയ്ക്ക് കന്ധി എന്നും ഖൊന്ദ എന്നും കുടി പേരുകൾ കാണുന്നു. കുയിയ്ക്ക് ദേശഭേദം അനുസരിച്ച് അല്പാല്പം വ്യത്യാസങ്ങളുണ്ടെങ്കിലും ഉദയഗിരിത്താലൂക്കിലെ ദക്ഷിണാർദ്ധത്തിലും വിശാഖപട്ടണത്തിലും മറ്റും വ്യവഹരിക്കു

പ്പെട്ടുന്ന കുയി മാത്രമേ ഒരു ഉപഭാഷയെന്നുള്ള പരിഗണനയെ അർഹിക്കുന്നുള്ളൂ.

കുയിക്ക് ഇതരഭാഷകളോടുള്ള ബന്ധം.

§ 10. ഒന്ദ്ദേശത്തിന്റെ വടക്കും പടിഞ്ഞാറും കിഴക്കും ഒഡിയായും തെക്ക് തെലുങ്കും പ്രചരിക്കുന്നു. കച്ചവടം മുതലായ തൊഴിലുകൾ കൊണ്ട്, ഒന്ദ്വർഗ്ഗക്കാരക്കു കൂടുതൽ അടുപ്പം ഒഡിയന്മാരോടാണ്. അതുകൊണ്ട് ഒഡിയായിൽനിന്നും നിരവധി പദങ്ങൾ കുയിയിൽ കടന്നുകൂടിയിട്ടുണ്ട്. ഒഡിയായുടെ സമാവേശം വടക്കും വടക്കുകിഴക്കൻ ഭാഗങ്ങളിലുമാണ് കുയിയിൽ കൂടുതലുള്ളത്. പടിഞ്ഞാറും തെക്കു പടിഞ്ഞാറും ഈ സമാവേശം തീരെ കുറവാണ്. കുയിയിലെ ബഹുവചനപ്രത്യയങ്ങളായ 'രു' 'ഗ' എന്നിവ കണ്ണാടകത്തിലെ 'രു' 'ഗൾ' എന്നിവയോടും തമിഴിലെ 'അർ' 'കൾ' എന്നിവയോടും സംബദ്ധങ്ങളാണ്. ഇതുപോലെ മറ്റു ചില കാര്യങ്ങളിലും തമിഴ്—കണ്ണാടകങ്ങളോട് കുയിക്ക് സാദൃശ്യം കാണാമെങ്കിലും തെലുങ്കിനോടാണ് ഈ ഭാഷ ആന്തരമായി കൂടുതൽ അടുത്തിരിക്കുന്നതെന്നുള്ളതു പ്രസ്താവ്യമത്രേ.

കുയിയുടെ പ്രത്യേകതകം.

§ 11. കുയിയിൽ ഒഡിയായിലുള്ളതുപോലെ രണ്ടുതരം ഡകാരങ്ങൾ ഉണ്ട്. അവയിൽ ṛ ചിലയിടത്തു് n, ṇ, l എന്നിങ്ങനെയുള്ള പരിണാമങ്ങളെ പ്രദർശിപ്പിക്കുന്നു. ഉദാ: ākōṛi ākōni 'a species of thorn tree' āsōṛi, āsōni, āsōli, 'so many'; Īsōṛi Īsōṇi, Īsōli, 'so many, that number' bōṛa, bōṇa 'a rag'; gōṛi, gōṇi 'a hook'; siṛa siṇa 'strand, wire'; luṛi, luli 'a cord made from a creeper'. മറ്റു തരം ഡകാരമാകട്ടെ ലകാരമായിട്ടുമാത്രമേ മാറുന്നുള്ളൂ. ഉദാ:— giḍa, gila the inside of the elbow; jēḍa, jēla 'love, desire' mēḍu, mēlu 'a pea-folwl. രേഫത്തിനും ലകാരമായുള്ള പരിണാമം deori, deoli 'spittle' ṭiṭēri ṭiṭēli, 'chin, slender' എന്നിങ്ങനെയുള്ള വാക്കുകളിൽ കാണാവുന്നതാണ്. ഹകാരത്തെ കുയി സാമാന്യേന വർജിക്കുന്നുണ്ടെങ്കിലും കിഴക്കൻ പ്രദേശത്തു് സകാരത്തിന്റെ സ്ഥാനത്തു് ഹകാരം കടന്നുകൂടിയിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ പദാരംഭത്തിലുള്ള ഹകാരം ലുപ്തമാവുകയും പദമദ്ധ്യത്തിലുള്ള ഹകാരം സകാരമായിട്ട് മാറുകയും ചെയ്തിരിക്കുന്നു. രേഫമോ ലകാരമോ ഉള്ള വാക്കുകളിൽ വർണ്ണങ്ങളുടെ ക്രമത്തിനു് വ്യത്യാസം[1] വന്നിട്ടുള്ളതിനു് കുയിയിൽ ഉദാഹരണങ്ങൾ സുലഭങ്ങളാണ്. būṅga, bruṅga 'a large black hornet' kilu, kliu 'clay, black cotton soil' kura, krua 'wife'; vilu, vliu 'the wind'; burṅgi bruṅgi 'sling'. കുയിയിൽ ക്രിയകൾക്കു് കാലപരമായി രണ്ടുതരം രൂപങ്ങളേ നടപ്പുള്ളൂ.

1. Metathesis.

വർത്തമാനത്തിനും ഭാവിക്കും രൂപം തുല്യമാണ്. എല്ലാത്തരം ക്രിയാപദങ്ങൾക്കും നിഷേധരൂപങ്ങളും കൂടിയിൽ സംഭവിക്കുന്നു. സ്ത്രീലിംഗത്തിന്റെ ഏകവചനത്തിനു മാത്രമല്ല, ബഹുവചനത്തിനും കൂടി കൂടിയിൽ നപുംസകരൂപങ്ങൾ പ്രയുക്തങ്ങളാകുന്നു.

(ഛ൨) കോലാമിനൈകീശാഖ

ഛന൨൨. ബീറാറിലും മധ്യസംസ്ഥാനങ്ങളിലും ഉൾപ്പെട്ട ചില പ്രദേശങ്ങളിൽ പ്രചാരത്തിലിരിക്കുന്നവയും ഗോണ്ടിയെപ്പോലെ കണ്ണാടകതമിഴകളുടേയും തെലുങ്കിന്റെയും സംയോജകശൃംഖലാരൂപത്തിൽ വർത്തിക്കുന്നവയും ആയ കോലാമീ നൈകീ, ഭീലി തുടങ്ങിയ ഭാഷകളാണ് ഈ ശാഖയിൽ ഉൾപ്പെടുന്നത്. പ്രസ്തുതഭാഷകളെല്ലാം ഒരേ ഒരു ഭാഷയുടെ പരിണതരൂപങ്ങൾ മാത്രമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഗോണ്ടിയോട് എത്രയും അടുത്ത ബന്ധം അവഹിക്കുന്നവയാണെങ്കിലും ഭിന്നമായ ഒരു ശാഖയിൽ ഉൾപ്പെട്ടതുകൊണ്ടുള്ള പ്രത്യേകതകൾ ഈ ഭാഷകളിൽ ദൃശ്യങ്ങളാണ്.

ദേശവ്യാപ്തിയും ഭേദങ്ങളും.

ഛന൨൩. കിഴക്കേ ബീറാറിലും വാർദ്ധാഡിസ്ട്രിക്റ്റിലും ഉള്ള ഒരു പഴയവർഗ്ഗക്കാരായ കോലാമികളുടെ ഭാഷയാണ് കോലാമീ. ചിലി കായ്ങ്ങളിൽ തെലുങ്കിനോടും മറ്റു ചില കായ്ങ്ങളിൽ കണ്ണാടകത്തിനോടും, അടുത്തബന്ധം പ്രദർശിപ്പിക്കുന്ന ഈ ഭാഷ നീലഗിരിയിലെ തൊദവർഗ്ഗക്കാരുടെ ഭാഷയോടും ശ്രദ്ധേയമായ വേഴ്ചയുള്ളതാണ്. കോലാമിയിലെ ബഹുവചനപ്രത്യയം സാധാരണയായി 'ല്' എന്നാണു. എന്നാൽ ചിലയിടത്ത് 'കോല്' എന്നും കാണുന്നുണ്ടു. ഇത് തമിഴിലെ 'കം' എന്നതിനോടും കണ്ണാടകത്തിലെ 'ഗം' എന്നതിനോടും തുളുവിലെ 'കു' എന്നതിനോടും ബന്ധപ്പെട്ടിരിക്കുന്നുവെന്നുള്ളത് സ്പഷ്ടമാണ്. കോലാമിയിൽ ക്രിയയുടെ ഭൂതകാലരൂപങ്ങളിൽ നിയതമായി കാണപ്പെടുന്ന വ്യഞ്ജനം ദ എന്നോ ത് എന്നോ ആണ്. ഉദാ Kāktān 'I did' sedden 'he went ഇവയെ ceydēn, vandān മുതലായി തമിഴിലും മറ്റുമുള്ള രൂപങ്ങളോട് താരതമ്യപ്പെടുത്താവുന്നതാണല്ലോ. സംഖ്യാനാമങ്ങളിൽ ōkoḍ 'one', irvē 'twenty' മുതലായവ തെലുങ്കിലെ okaṭi, iruvai മുതലായവയോടും iddar (masc) 'two' mūd 'three' എന്നിവ തൊദയിലെ edd' mūd എന്നിവയോടും വ്യക്തമായ അടുപ്പം ഉള്ളവയാണ്. സ്ത്രീലിംഗത്തിലും നപും

കോലാമി.

സകത്തിലും ഏകവചനരൂപങ്ങൾ തെലുങ്കിലും മറ്റും ഉള്ളതുപോലെ കോലാമിയിലും അഭിന്നങ്ങളത്രേ. പ്രതിഗ്രാഹികയ്ക്കും ഉദ്ദേശികയ്ക്കും വ്യത്യസ്തങ്ങളായ രൂപങ്ങളുടെ അഭാവവും വർത്തമാനകാലരൂപം തന്നെ ഭാവ്യർത്ഥത്തിലും പ്രയുക്തമാകുന്നതും കോലാമിയിലെ പ്രത്യേകതകളിൽ പ്രസ്താവ്യമായിട്ടുണ്ട്.

നൈകി. നൈകി. ചിലയിടങ്ങളിൽ ബഞ്ചാരിഎന്ന പേരുകൊണ്ട് അറിയപ്പെടുന്നു. നൈകിയിൽ മനുഷ്യജാതിക്കും തിര്യഗ്ജാതികൾക്കും ഭിന്നങ്ങളായ ബഹുവചനപ്രത്യയങ്ങൾ ഉപയുക്തങ്ങളാകുന്നു. ഉദാ: pōrākaōr'children'; ṭurrēl 'swine'. പ്രതിഗ്രാഹികയ്ക്കും ഉദ്ദേശികയ്ക്കുമുള്ള പ്രത്യയങ്ങൾ കോലാമിയിൽപ്പോലെതന്നെ നൈകിയിലും അഭിന്നമാണ്. ക്രിയാപദങ്ങളിൽ പുരുഷപ്രത്യയങ്ങൾക്ക് സമീകരണം ഉണ്ടായിട്ടുള്ളതിനും ഉദാഹരണങ്ങൾ കാണാം. antēn 'I am' thou art 'it is' എന്നീ രൂപം നോക്കുക. നൈകിയിൽ mēpēn'in order to feed' kākkēn 'to do എന്നിങ്ങനെ ēn എന്നു കാണുന്നതു് മലയാളത്തിലെ മേപ്പാൻ ചെയ്യാൻ ഇത്യാദിരൂപങ്ങളിൽ കാണുന്ന ആൻ എന്നതിനോടു് ബന്ധപ്പെട്ടതായിരിക്കുവാൻ തരമുണ്ട്.

ഭീലി. ഭീലിക്കു് ചില സ്ഥലങ്ങളിൽ കോലാമിയിൽ നിന്നും വളരെ വ്യത്യാസമില്ല. പദാവസാനത്തിൽ നകാരത്തിനു പകരം ലകാരവും മകാരവും ഉച്ചരിയ്ക്കപ്പെടുന്നതിനു് ഭീലിയിൽ ചില ലക്ഷ്യങ്ങൾ ഉണ്ട്. kōsṭēn kōsṭēm; bāpan bāpam എന്നിവയിൽ നകാരിത്തിനു് മകാരമായുള്ള പരിണാമം ഓഷ്ഠ്യ വ്യഞ്ജനത്തിന്റെ സാമീപ്യം കൊണ്ടായിരിക്കുവാൻ ഇടയുണ്ട്. പ്രതിഗ്രാഹികയിൽ നിന്നും വ്യത്യസ്തമായ ku, kūn എന്ന പ്രത്യയങ്ങൾ ചേർന്നുള്ള ഉദ്ദേശികാരൂപങ്ങൾ ഭീലിയിൽ അങ്ങിങ്ങു് കാണുന്നതു് കോലാമിയിൽ നിന്നും ഉള്ള ഒരു ഭേദമായി വിചാരിക്കാം. തമിഴിൽ 'എനതു, ഉനതു്' എന്നിങ്ങനെ നിർദ്ദേശികാസർവ്വനാമപ്രകൃതി ചേർത്തുള്ള സംബന്ധികാരൂപങ്ങളോടു് സജാതീയങ്ങളായി ഭീലിയിൽ anned 'my', unned thine എന്നും മറ്റുമുള്ള രൂപങ്ങൾ നിലവിലിരിക്കുന്നു. ഭീലിയിലെ വർത്തമാനകാലപ്രത്യയമായ സ് എന്നതു് തെലുങ്കിലെ tsu, tu എന്നീ പ്രത്യയങ്ങളോടു് തുലനം ചെയ്യാൻ അർഹമാണ്.

(ഗ) ബ്രാഹുയി.

ഗ. കിഴക്കേ ബലൂചിസ്ഥാനിലും അതിനോട് തൊട്ടുകിടക്കുന്ന സിൻഡ് പ്രദേശങ്ങളിലും ഉള്ള ശൈലതലങ്ങളിൽ പാർക്കുന്ന ബ്രാഹുയികളുടെ ഭാഷയത്രേ ബ്രാഹുയി. ബ്രാഹുയികൾ പല ചെറിയ വർഗ്ഗക്കാരായി ശിഥിലീഭവിച്ചുപോയിട്ടുണ്ട്. ഇവർ മിക്കവാറും ബലോചികളുടെ വാസസ്ഥാനങ്ങളായ മലവാരങ്ങളിൽ നിന്നും അകന്നു കഴിഞ്ഞുകൂടുന്നു. സിൻഡിൽ ബ്രാഹുയീഭാഷ ബിരൂഹി, ബിറോഹി ബ്രോഹ്കി, എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്.

ദേശവ്യാപ്തിയും സംജ്ഞാഭേദങ്ങളും.

ഗ. ബ്രാഹുയി മുറുപാടം വ്യവഹരിക്കപ്പെടുന്ന പേഴ്സിൻ, ബലോചീ, സിൻഡീ മുതലായവയിൽ നിന്നും നിരവധി പദങ്ങൾ ഉപാദാനം ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ ആന്തരമായ കെട്ടുപാട് തികച്ചും ദ്രാവിഡമായിരിക്കുന്നു. ദീർഘങ്ങളായ ഏകാരത്തിനും ഓകാരത്തിനും പുറമേ ഹ്രസ്വങ്ങളായ എകാരവും ഒകാരവും ഉള്ളതും എകാരത്തിനും ഒകാരത്തിനും ഇകാരവും ഉകാരവും ആയുള്ള വിനിമയം സംഭവിക്കുന്നതും മറ്റു ദ്രാവിഡഭാഷകളിലെന്നപോലെ ബ്രാഹുയിലും കണ്ടെത്താവുന്നതാണ്. പദാന്തത്തിലുള്ള വ്യഞ്ജനത്തോട് ചേർത്ത് ഏതെങ്കിലും ഒരു ഹ്രസ്വസ്വരം ഉച്ചരിക്കുന്ന രീതി ബ്രാഹുയിയിലും സാധാരണമാണ്. ഇപ്രകാരമുള്ള ഹ്രസ്വസ്വരം ചിലപ്പോൾ എകാരവും മറ്റു ചിലപ്പോൾ ഉകാരവും ആയിരിക്കും. ഉദാ: nar, nane 'we'; num' numu 'you'. സംയുക്തവ്യഞ്ജനങ്ങളുടെ ഇടയ്ക്കു ഹ്രസ്വസ്വരം കടന്നുകൂടുന്നതിനും ōfik 'them' (cf. ofk) എന്നതുപോലെയുള്ള ഉദാഹരണങ്ങൾ ബ്രാഹുയിൽ ഉണ്ട്. ककारത്തിനു നേരായി kh എന്നുള്ള ഉച്ചാരണം കൂടുക്കിൽ ഉള്ളതുപോലെ ബ്രാഹുയിയിലും ഏർപ്പെട്ടുകാണുന്നു. ഉദാ: khan 'eye' (cf Mal. കണ്ണ്) khal 'stone' (cf Mal കല്ല്). ബ്രാഹുയിയിലുള്ള പ്രത്യയങ്ങളുടെ ഭ്രരിപക്ഷവും ദ്രാവിഡസാധാരണം തന്നെയാണ്. khank eyes, māk 'sons' ഇത്യാദി വാക്കുകളിൽകാണുന്ന ബഹുവചനപ്രത്യയമായ 'ക്' എന്നതിനെ ഗോണ്ഡിയിലെ 'ക്' എന്നതിനോടും കൈക്കാഡീയിലെ 'ഗ' എന്നതിനോടും തമിഴിലെ 'ഗൾ' എന്നതിനോടും മറ്റും ചേർത്ത് സാമ്യപരീക്ഷകൾ നടത്താവുന്നതാണ്. കൈക്കാഡി, ബുർഗുണ്ഡി മുതലായ തമിഴിന്റെ ചില ഉപഭാഷകളിലും ഗോണ്ഡി, കുറുനകി, കോലാമി, എന്നിവയിലും കാണുന്നതു

ബ്രാഹുയിയുടെ ദ്രാവിഡീയതയും പ്രത്യേകതകളും.

പോലെ ഉദ്ദേശികയ്ക്കും പ്രതിഗ്രാഹികയ്ക്കും ഏകരൂപതയാണ് ബ്രാഹ്യയിയിൽ ഉള്ളതു്. ബ്രാഹ്യയിയിലെ പ്രയോജികാപ്രത്യയമായ 'aṭ' എന്നതു് കയിയിലെ ṭai എന്നതിനോടും കൊറവയിലെ ṇḍe എന്നതിനോടും സാമ്യമായിരിക്കുവാൻ വഴിയുണ്ടു്. ബ്രാഹ്യയിയിലെ സംബന്ധികാവിഭക്തി പ്രത്യയമായ 'നാ' എന്നതു് ബുർഗുണ്ഡിയിലെ 'നെ' എന്നതിന്റെയും നൈകിയിലും കോലാമിയിലുമുള്ള 'നേ' എന്നതിന്റെയും സ്ഥാനം വഹിക്കുന്നു. nan 'we' ni 'thou' num 'you', tēi 'self' മുതലായ സർവ്വനാമങ്ങളും ബ്രാഹ്യയിയിൽ നിലവിലിരിക്കുന്നതു് അതിന്റെ ദ്രാവിഡഗോത്രജത്വത്തിനു് അനിഷേധ്യമായ തെളിവത്രേ. ബ്രാഹ്യയിയിൽ ഭാവികാലരൂപം ധാതുവിനോടു് 'ഓ' ചേർത്താണു് ഉണ്ടാക്കുന്നതു്. ഈ വിഷയത്തിൽ പ്രസ്തുത ഭാഷ കുരുക്കിനോടു് യോജിക്കുന്നു. khanōṭ 'I shall see' khanōs 'thou wilt see' cf. Kurukh es'on 'I shall break'. ക്രിയാപദങ്ങളുടെ എല്ലാ കാലങ്ങളിലും നിയമേന നിഷേധരൂപങ്ങളും ബ്രാഹ്യയിയിൽ വന്നുകാണുന്നതു് കോലാമി, നൈകി, കയി മുതലായവയിൽ പരിചിതമത്രേ.

ഉപസംഹാരം. ബ്രാഹ്യയി കുരുക്കിനോടും മല്ത്തോവിനോടും ആണു് മറ്റു ദ്രാവിഡഭാഷകളോടുള്ളതിനേക്കാൾ കൂടുതലായി ചാർച്ച കാണിക്കുന്നതു്. ഇറേനിയൻ ഭാഷകളുടെ സമാവേശം ബ്രാഹ്യയിയുടെ സാമാന്യരൂപത്തിനു വലുതായ മാറ്റം വരുത്തിയിട്ടുണ്ടു്. ഒരുപക്ഷേ ബ്രാഹ്യയികാരർക്കു് കഴിഞ്ഞുപോയകാലത്തു് സമ്പർക്കം സിദ്ധിച്ചിരിക്കാവുന്ന മറ്റു പല ഭാഷകളിൽ നിന്നും കൂടി പല പദപ്രകൃതികളും സ്വീകൃതങ്ങളായിരുന്നിരിക്കുവാൻ വഴിയുണ്ടു്. ബ്രാഹ്യയി സ്വന്തം തറവാട്ടിൽ നിന്നും സഹോദരഭാഷകളിൽ നിന്നും എത്രയോ കാലമായി വിട്ടുരത്തിൽ ഒറ്റയ്ക്കു് വിഗോത്രഭാഷകളുടെ സ്വച്ഛന്ദമായ ആക്രമത്തിനു് വിധേയമായി വർത്തിച്ചിരുന്നിട്ടും അതിൽ ദ്രാവിഡഗോത്രത്തിന്റെ മുദ്ര വ്യക്തമായി പതിഞ്ഞുകാണുന്നതു് ദ്രാവിഡഗോത്രഭാഷകളെക്കുറിച്ചുള്ള ഗവേഷണത്തിൽ അത്യന്തം ഉപകാരകമായിരിക്കുന്നു.

ദ്രാവിഡഭാഷകളിൽ ബ്രാഹ്യയിക്കുള്ള പ്രാധാന്യം.

മലയാളം

മലയാളം എന്ന സംജ്ഞ.

ഹനുൻ. നമ്മുടെ ഭാഷയ്ക്ക് മലയാളം എന്നുള്ള പേര് ദേശനാമത്തെ പുരസ്കരിച്ച് ഉളവായിട്ടുള്ളതാണ്. 'നാട്ട്' എന്ന് അർത്ഥമുള്ള 'ആളം' എന്ന വാക്ക് 'മല' എന്നതിനോട് ചേർന്നാണ് മലയാളം എന്നുള്ള ദേശസംജ്ഞ ഉണ്ടായിട്ടുള്ളതെന്ന് വിചാരിക്കാം. മലകളുടെ ആധിക്യം കൊണ്ടും ഒരതിരു മുഴുവനും മലനിരയാകുന്നതുകൊണ്ടും കേരളത്തിന് മലയാളം എന്നുള്ള പേര് അനവദ്യംതന്നെ. ദേശവാചിയായ ആഴം അല്ലെങ്കിൽ ആള എന്നുള്ളത് ഇതരദ്രാവിഡഭാഷകളിൽ പല സ്ഥലനാമങ്ങളുടേയും ഒടുവിൽ കാണുവാൻ പ്രയാസമില്ല. അരെയാളം,[1] ഇഡ്ഡെയാളം,[2] കടവാളം[3] എന്നിങ്ങനെ തമിഴിലും നട്ടാള, ബെള്ളാള, രെഞ്ചാള, കുരിയാള എന്നിങ്ങനെ കണ്ണാടകത്തിലും ആളം അല്ലെങ്കിൽ ആള എന്ന് അവസാനിക്കുന്ന സ്ഥലനാമങ്ങൾ പ്രചുരങ്ങളാണ്. മലയുടേയും ആഴിയുടേയും ഇടയ്ക്കു കിടക്കുന്ന പ്രദേശമാകയാൽ 'മലയാളം' എന്ന പേരുണ്ടായി[4] എന്നുള്ള ചിലരുടെ വ്യുത്പാദനം സ്വീകരിക്കുവാൻ വൈഷമ്യമുണ്ട്. ആഴി എന്നാണ് ഉത്തരപദമെങ്കിൽ അതിലെ ഴകാരം ളകാരമായി മാറുവാൻ വഴിയില്ല. തമിഴിൽ ഴകാരത്തിന്റെ സ്ഥാനത്ത് ളകാരം വ്യവഹാരഭാഷയിൽ കടന്നുകൂടിയിട്ടുണ്ടെങ്കിലും മലയാളത്തിൽ ഴകാരത്തിന് ളകാരമായുള്ള വിനിമയം ഏതെങ്കിലും കാലത്ത് ഉണ്ടായിരുന്നുവെന്നുള്ളതിന് യാതൊരു തെളിവുമില്ല.

മലയായ്മയും മലയാണ്മയും.

ഹനുൻ. മലയാളഭാഷയ്ക്ക് മലയാണ്മ അല്ലെങ്കിൽ മലയായ്മ എന്നുള്ള പേര് മുൻപു് ഉണ്ടായിരുന്നുവെന്ന് കേരളപാണിനീയകർത്താവു് പ്രസ്താവിച്ചിട്ടുണ്ടല്ലോ.[5] മലയാൻമ എന്നതിന്റെ പരിണതരൂപങ്ങളായിരിക്കണം മലയായ്മയും മലയാണ്മയും. മലയാൻ എഴുത്ത് 'Malayāḷam writing' മലയാൻകെല്ലും 'Malayāḷam Era', മലയാൻപട്ടാളം 'The Malabar brigade', മലയാൻ പ്രദിശ 'Malabar district', മലയാൻ പള്ളിക്കൂടം 'Malayāḷam school' എന്നിങ്ങനെയുള്ള പ്രയോഗത്തിൽക്കാണുന്ന മലയാൻ എന്നതിനോട് 'മ' എന്നുള്ള പ്രത്യയം ചേർന്നാൽ മലയാൻമ എന്ന രൂപം ഉണ്ടാകാം. 'മലയാൻ' എന്നതിന് മലനാട്ടിനെ സംബന്ധിക്കുന്നതെന്നോ മലനാട്ടിൽ ഉള്ളവൻ എന്നോ അർത്ഥമാകാം.

---

1. Ārani Division. 2. Cenci Talook. 3. Kaṭiyāttam Talook. 4. See Introduction to *Kṛaḷakaumudi* by Koyuṇṇineduṅṅāṭi, p. 1. 5. See Introduction to *Keraḷapāṇiṇīyam* by A. R. Rajarajavarma, p. 1.

ആശാന്മ, കോന്മ എന്നിവ യഥാക്രമം ആശാൻമ 'ആശാൻ എന്നുള്ള നില' കോൻമ 'കോൻ എന്നുള്ള നില' എന്നിവയുടെ ചതിഞ്ഞ രൂപങ്ങളായിരിക്കുന്നതുപോലെയാണ് മലയാന്മയുടെ സ്ഥാനത്തു മലയാന്മ വന്നിട്ടുള്ളതു്. കാരാന്മ മുതലായ പദങ്ങളിൽ 'ര' എന്നും 'മ' എന്നും ചേർന്ന് ഉണ്ടായിട്ടുള്ള 'ന്മ' എന്നതും മലയാളം എന്നതിലെ 'ള' എന്നതും മലയാൻമയ്ക്കു് മലയാൺമ എന്ന ഉച്ചാരണത്തിനു് ഏറെക്കുറെ സഹായിച്ചിരിക്കാം. മലയാൺമ എന്നതു് ഭാഷയ്ക്കു മാത്രമല്ല, തെക്കൻനാട്ടിൽ നടപ്പിലിരുന്ന ഒരു ലിപിസംപ്രദായത്തിനും പേരായിരുന്നുവെന്നു കാണാം. കേരളപാണിനീയകർത്താവു് പറയുന്നതുപോലെ 'മലയാന്മ' എന്നതിനു് ചിലർ 'പ്രാചീനമലയാളഭാഷ' എന്നുള്ള അർത്ഥവും ധരിക്കുന്നുണ്ടു്.

തമിഴെന്നും ഭാഷയെന്നും ഉള്ള വ്യപദേശം.

ഫർ ൦. മലയാളഭാഷയ്ക്കു് 'തമിഴ്' എന്നും 'ഭാഷ' എന്നും ഉള്ള വ്യപദേശങ്ങളും സംഭാശ്യങ്ങളാണു്. 'തമിഴ്മണി സംസ്കൃതപവഴം കൊക്കിനേറൻ വൃത്തമാന ചെന്തുമ്മേല്' എന്നും,

'തമിഴ് സംസ്കൃതമെൻറുള്ള സുമനസ്സുകൾ ചേർന്തതാം
ഇണ്ടമാല തൊടുക്കിനേറൻ പുണ്ഡരീകാക്ഷപൂജയാ'.

എന്നും ഉള്ള പ്രയോഗങ്ങളിൽ 'തമിഴ്' എന്നുള്ളതുകൊണ്ടു് കേരളഭാഷയാണു് ഗ്രഹിക്കപ്പെടുന്നതു് എന്നു് ലീലാതിലകത്തിൽ വൃത്തികാരൻ 'തമിഴ്മണീത്യാദൌ 'തമിഴ്' ഇതി കേരളഭാഷാ ഗൃഹ്യതേ, ന ചോളാദിഭാഷാ, തഥാദർശനാത്' എന്നു് മുക്തകണ്ഠം പ്രസ്താവിച്ചിട്ടുണ്ടു്. കേരളന്മാരെ ദ്രാവിഡന്മാർ എന്നു് പറയാവുന്നതുകൊണ്ടു് തമിഴ്ഭാഷയുടെ അപഭ്രംശമായ കേരളഭാഷ 'തമിഴ്' എന്നു് വ്യവഹരിക്കപ്പെടാവുന്നതാണു് എന്നതേ ആചാര്യന്റെ യുക്തി. 'ശ്രീ വേദവ്യാസമഹർഷി അരുളിച്ചെയ്ത ബ്രഹ്മാണ്ഡപുരാണത്തിൽ മധ്യമഭാഗത്തെ ഇതാ ഞാൻ തമിഴായിക്കൊണ്ടറിയിക്കുന്നേൻ' എന്നു് നിരണം കവികളുടെ കൃതികളിലൊന്നായ ബ്രഹ്മാണ്ഡപുരാണം ഗദ്യഗ്രന്ഥത്തിന്റെ ആരംഭത്തിലും 'തമിഴായിക്കൊണ്ടറിയിക്കിനേറൻ' എന്നു് കണ്ണശ്ശരാമായണത്തിലും 'തമിഴ്' എന്ന പദംകൊണ്ടു് കുറിച്ചിട്ടുള്ളതും മലയാളത്തെ ആണല്ലോ. ലീലാതിലകത്തിലെ 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന സൂത്രത്തിന്റെ വൃത്തിയിൽ 'ഭാഷാ ചാത്ര കേരളഭാഷാ' എന്നു് ഭാഷാപദം കേരളഭാഷാബോധകമായി നിർദ്ദിഷ്ടമായിട്ടുണ്ടെന്നും മാത്രമല്ല അതിലേക്കു് 'ഭാഷാമിശ്രം പൊഴുതു കഥയാമി' ഇത്യാദി പൂർവ്വപ്രയോഗങ്ങളും പ്രമാണങ്ങളായി ഉദ്ധരിക്കപ്പെട്ടിട്ടുമുണ്ടു്. 'ഭാഷയായ പറവാനും

അടിയന്ത സംസ്കൃതത്തിലുമൊന്നുപോൽ' എന്നിങ്ങനെ കുഞ്ചൻനമ്പ്യാരുടെ പ്രയോഗവും സുവിദിതമാണല്ലോ.

മലയാളഭാഷയുടെ വ്യാപ്തിയും അതിരും.

ഫർഫ. മലയാളഭാഷ വടക്ക് കാസർകോട്ടുമുതൽ തെക്ക് തിരുവനന്തപുരത്തിന് നൂറു മൈൽ ദൂരത്തിലുള്ള തക്കലവരെയും മുഖ്യമായ വ്യവഹാരഭാഷയായി ഇരിക്കുന്നു. സൌത്തു് ക്യാനറയുടെ ദക്ഷിണഭാഗത്തിലും മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിൽ ഏറിയോരുഭാഗങ്ങളിലും ആണ് മലയാളഭാഷ വ്യാപിച്ചുകിടക്കുന്നതു്. അതുമല്ല, കോഴിക്കോട്ടിന് സുമാർ വ ൦ മൈൽ ദൂരത്തിൽ അറേബ്യൻ സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ലക്ഷദ്വീപത്തിലെ നാടോടിഭാഷയും മലയാളംതന്നെ. സൌത്ത് ക്യാനറയിൽ മലയാളഭാഷയുടെ അതിർത്തിക്കപ്പുറം തുളുവാണ് പ്രചാരത്തിൽ ഇരിക്കുന്നതു്. മലയാളം വയനാടൻ പ്രദേശങ്ങളിൽ ക്രർഗിനോടും കിഴക്ക് കണ്ണാടകം, തമിഴ് എന്നിവയോടും സമീപിക്കുന്നു. തിരുവിതാംകൂറിന്റെ തെക്കേഅറ്റത്തു് ഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്നതു് തമിഴാകയാൽ മലയാളത്തിന്റെ ഭാഷാപരമായ തെക്കേ അതിരു് തമിഴാണെന്നുവേണം പ്രസ്താവിക്കുവാൻ.

മലയാളഭാഷയുടെ പ്രാദേശികഭേദം.

ഫർഫ. ഒരു നാട്ടിലെ വ്യവഹാരഭാഷ ഒരറ്റംമുതൽ മറ്റൊരറ്റംവരെ ഒരേ രീതിയിൽ ആയിരിക്കുകയില്ല. നമ്മുടെ ഭാഷയിൽ തന്നെ ഒരു തെക്കനും ഒരു വടക്കനും സംസാരിക്കുമ്പോൾ പല വ്യത്യാസങ്ങളും സംഭവിക്കുന്നുണ്ടു്. എതിരാളിക്കു് മനസ്സിലാകാത്തതുകൊണ്ടു് ചില വാക്കുകൾ ചിലപ്പോൾ മാറ്റിപ്പറയേണ്ടതായിട്ടോ വിവരിച്ചു് കൊടുക്കേണ്ടതായിട്ടോ വരും എന്നു മാത്രമല്ല രുചിഭേദംകൊണ്ടു് ചില പ്രയോഗങ്ങളിൽ ഇരുകൂട്ടർക്കും അസ്വാരസ്യംപോലും ഉണ്ടായി എന്നും വരാം. 'ഞങ്ങളുടെ നാട്ടിൽ ഇങ്ങനെ പറയാറില്ല, ഇതു് തെക്കരുടെ ഭാഷയാണ്,' എന്നു് മാറുള്ളവരും അതുപോലെ തെക്കർ അങ്ങോട്ടും പ്രാദേശികതയെ മുൻനിത്തി ഭാഷയുടെ മേന്മയും താഴ്മയും കല്പിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. എങ്കിലും ഭാഷയുടെ സ്വഭാവഭേദങ്ങളെ ശാസ്ത്രീയമായി നിരൂപണംചെയ്യുന്നതിനു് വ്യവഹാരഭാഷയിലുള്ള വൈചിത്ര്യങ്ങൾ ഏറ്റവും സഹായകങ്ങളായിരിക്കുന്നതിനാൽ അവയ്ക്കും ഗണ്യമായ ഒരു സ്ഥാനം നല്കപ്പെടേണ്ടതായിട്ടുണ്ടു്.

ഫർനു. മലയാളത്തിന്റെ പ്രാദേശികഭേദങ്ങളെക്കുറിച്ചു് പര്യാപ്തമായ ഒരു ഗവേഷണം ഇതേവരെ ഉണ്ടായിട്ടില്ല. 'തെക്കൻഭാഷ' എന്നും 'വടക്കൻഭാഷ' എന്നും ചില വിഭാഗങ്ങൾ സാമാന്യമായി ചെയ്തുകണ്ടിട്ടുണ്ടെങ്കിലും അവ കേവലം അപേക്ഷികങ്ങൾ മാത്രമാണു.

ഒരു ക്ലൂട്ടർ 'തെക്കൻ' എന്നു പറയുന്നതു് മറെറാരു ക്ലൂട്ടർ 'വടക്കൻ' എന്നു് അവരവരുടെ അധിവാസസ്ഥലത്തെ മുൻനിത്തി കല്പിക്കുന്നതു് അസാധാരണമല്ല.

പദവിഷയകമായ വൈചിത്ര്യം.

ഫ ൪ ൪. കേരളത്തിന്റെ ഒരറ്റംമുതൽ മറെറാരറ്റംവരെയുള്ള ദേശങ്ങളിൽ ഓരോന്നിലും നിലവിലിരിക്കുന്ന സാധാരണവ്യവഹാരങ്ങളെ പരിശോധിക്കുമ്പോൾ പദവിഷയകമായി പല വൈചിത്ര്യങ്ങളും നമുക്കു് കണ്ടെത്തുവാൻ കഴിയും. തിരുവിതാംക്ലൂർകാർ ചിരിക്കുമ്പോൾ കൊച്ചിക്കാർ ചിറിക്കുകയാണു് ചെയ്യുന്നതു്. പല്ലുതേയ്ക്കുവാൻ നാം ഉമിക്കരി തേടുമ്പോൾ അവർ മുക്കേരിയായിരിക്കും തിരയുക. തിരുവിതാംക്ലൂറുകാരുടെ നെഞ്ചു കൊച്ചീക്കാരുടെ നെഞ്ഞാണു്. തിരുവിതാംക്ലൂറുകാർ ആരെങ്കിലും കൊച്ചിയിൽ ആദ്യമായിട്ടു് ചെന്നാൽ അതു് നടാട എത്തിയതായി കണക്കാക്കപ്പെട്ടും. തിരുവിതാംക്ലൂറിൽ പാത്രം മുഴക്കുമ്പോൾ കൊച്ചിയിൽ പാത്രം മോറുകയും കോഴിക്കോട്ടു് പാത്രം വടിക്കുകയും ചെയ്യും. തെക്കു് വെള്ളത്തിൽ വള്ളം മുങ്ങുന്നതു് വടക്കു് വള്ളത്തിൽ വെള്ളം മുങ്ങുന്നതാകും. 'കൊച്ചൻ, ചുമ്മാ, എന്തോന്നു്' എന്നിങ്ങനെയുള്ള വാക്കുകൾ പ്രയോഗിക്കുന്നവനെ തിരുവിതാംക്ലൂറുകാരനാണെന്നു് കൊച്ചീക്കാർ പറയാതെതന്നെ മനസ്സിലാക്കും. ഉത്തരകേരളത്തിലെ ഭാഷയും പദവിഷയകമായി സാധാരണമലയാളത്തെ അപേക്ഷിച്ചു് പല വൈചിത്ര്യങ്ങളും ആവഹിക്കുന്നതാണെന്നുള്ളതിനു്, തലവീച്ചൽ (തലകറക്കം), കൊരട്ടുക (ബുദ്ധിമുട്ടുക), നമ്പോലൻ (ക്രൂരങ്കൻ), കോനാലു് (വരാന്ത), കീയുക (ഇറങ്ങുക), കെരണ്ടം (കിണറു്), മാച്ചി (മൂലു്), ഊന്ത (കവിളു്), തുള്ളുക (ചാടുക), കാമ്പു് (വാഴത്തട), പച്ചുടി (കിച്ചടി), കിച്ചുടി (പച്ചടി), മൂരട്ടു് (മൊന്ത), എറുളി (എട്ടുകാലി), മുതിരു് (നീരു്), കുഞ്ഞി (കുഞ്ഞു്) എന്നിവ ദൃഷ്ടാന്തങ്ങളാണു്.

തിരുവിതാംക്ലൂറിൽതന്നെയുള്ള പ്രാദേശികഭേദങ്ങൾ.

ഫ ൪ ൫. തിരുവിതാംക്ലൂറിൽത്തന്നെ തിരുവനന്തപുരം മുതലായ സ്ഥലങ്ങളിലും മദ്ധ്യതിരുവിതാംക്ലൂറിലും ശബ്ദസമുച്ചയവിഷയകമായ വ്യത്യാസങ്ങൾ നിരവധികങ്ങളാണു്. തിരുവനന്തപുരത്തു് സാധാരണവ്യവഹാരത്തിലിരിക്കുന്ന പല പദങ്ങളും പുറമേനിന്നു് വരുന്നവക്കു് പുതിയവയായിരിക്കും. അണ്ണൻ (ജ്യേഷ്ഠൻ), അക്കൻ (ജ്യേഷ്ഠത്തി), തോനെ (അധികം), അറുപാതം (അവസാനം), കൊട്ടിയമ്പലം (പടിപ്പുര), പീയണിക്ക (മത്തങ്ങ), പല്ലി (ഗൗളി), കൊച്ചിയ്ക്ക (കുട്ടി),

തൊറട്ടി (തോട്ടി), തൂറ്റ (ചൂല്), ചാക്കാണി (പഴുതാര) മുതലായവയെ ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം. മദ്ധ്യതിരുവിതാംകൂറിലെ വ്യവഹാരത്തിൽ പേച്ചി, അച്ചങ്ങ, പപ്പയ്യ, പറങ്കാണ്ടി, കിഴത്ത, ഇറച്ചിൽ, ഒത്താരി എന്നു തുടങ്ങിയ പല വാക്കുകളും ദേശ്യഭേദങ്ങളായി മാറുള്ളവർ പരിഗണിക്കും. 'വയറിൽ പൂക്കാ എട്ടുക്കുന്നു, വയറിൽ പൈലോ എട്ടുക്കുന്നു, വയറു കായുന്നു, വയറു പയിക്കുന്നു' എന്നിങ്ങനെ ഓരോ നാട്ടുകാർ പലവിധത്തിൽ പറയുന്നതെല്ലാം 'വിശക്കുന്നു' എന്ന ഒരു അർത്ഥത്തേയാണു് കുറിക്കുന്നതു്. പിറുത്തിച്ചക്കയും കടച്ചക്കയും കൈതച്ചക്കയും പെരുകൊണ്ടല്ലാതെ വാസ്തവത്തിൽ ഭിന്നങ്ങളല്ല. ഉക്കരും ഉപ്പുരും ചെമ്പോത്തും ഒരേ പക്ഷിതന്നെയാണു്. ഉഞ്ഞാലിനെ ക്രഞ്ഞാലെന്നും ഉഴിഞ്ഞാലെന്നും നിർദ്ദേശിക്കുന്നവരും ഉണ്ടു്.

കൊച്ചിയിലെ സംഭാഷണഭാഷയ്ക്കുള്ള ചിലപ്രത്യേകതകൾ.

ഫർണു. കൊച്ചീക്കാരുടെ സംഭാഷണത്തിൽ കേരളത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു് സ്വരഭാരവിപര്യയം[1] നിമിത്തമുള്ള ലോപങ്ങളും ഹ്രാസങ്ങളും പ്രചുരങ്ങളാണു്. അത്തരത്തിലുള്ള ഉച്ചാരണവൈലക്ഷണ്യത്തെ അല്പം അതിശയോക്തി കലർത്തി പ്രതിഫലിപ്പിച്ചിട്ടുള്ള,

'മോറങ്ങേറെ വിയക്കിണോ വിശറിണോ
വീശാളണോ, വിശണോ?
ഏന്നേരായി വിശക്ക്ണല്ലയൊ വൃഥാ
കുത്യക്ക്ണതെന്തേ ഭവാൻ?
നാർണോ നൂണിന്ന് ചോറണോ കറിണോ
കണ്യാങ്ങണോ കപ്പണോ?
നേരെ ചൊല്ല മടിച്ചിടാതെ മുഴുവൻ
മാഴ്കാതെ നല്കീടുവേൻ'.

എന്ന പദ്യം പ്രസിദ്ധമാണല്ലോ. ഇല്ല എന്നതിന് ഇല്യ, പറഞ്ഞില്യ, എന്നിങ്ങനെ യകാരത്തോടുകൂടിയുള്ള ഉച്ചാരണം കൊച്ചിയിൽ മിക്ക ഇടത്തും നിലവിലിരിക്കുന്നു. തിരുവിതാംകൂറിലാകട്ടെ 'ഓ' എന്ന ചോദ്യനിപാതത്തോടുചേരുമ്പോൾ ഇല്ല എന്നതിനും അല്ല എന്നതിനും ഇല്ലേ്യാ,—അല്ലേ്യാ—എന്നിങ്ങനെയുള്ള ഉച്ചാരണം പരിചിതമത്രേ. വരു, പോകു മുതലായവയ്ക്ക് ആജ്ഞയുടെ ഒരു പ്രതീതിയും വരണം, പോകണം മുതലായവയ്ക്ക് ആദരരൂപതവും തിരുവിതാംകൂറിൽ കല്പിക്കപ്പെടുമ്പോൾ കൊച്ചിയിലും മറ്റും നേരേ മറിച്ച് വരു, പോകു, മുതലായവ ആദരവിനേയും, വരണം, പോകണം മുതലായവ ആജ്ഞയേയും ദ്യോതിപ്പിക്കുന്നതായി ധരിക്കപ്പെടുന്നു.

1. Accent shifting.

ഫർ ൬. പ്രാദേശികഭാഷകൾതന്നെ വർണ്ണവിഷയകമായും പ്രത്യയവിഷയകമായും സാധാരണമലയാളഭാഷയെ അപേക്ഷിച്ച് ശ്രദ്ധേയങ്ങളായ വൈജാത്യങ്ങൾ പ്രകടിപ്പിക്കുമ്പോൾ ഉപഭാഷകളായി പരിഗണിക്കപ്പെടുന്നു. മലയാളത്തിന്റെ ഉപഭാഷകളെക്കുറിച്ച് പര്യാപ്തമായ ഒരു ഗവേഷണം ഇതേവരെ ഉണ്ടായിട്ടില്ല. വടക്ക് കോഴിക്കോട്ടിനപ്പുറത്തു്, തലശ്ശേരി, ചിറയ്ക്കൽ, മുതലായ പ്രദേശങ്ങളിലേയും ലക്ഷദ്വീപിലേയും തെക്കൻ തിരുവിതാംകൂറിലേയും വ്യവഹാരഭാഷകൾ വർണ്ണവിപരിണാമനയം കൊണ്ടുംമറ്റും വൈശിഷ്ട്യം പുലർത്തുന്നവയാകയാൽ മുഖ്യഭാഷയുടെ ഉപഭാഷകൾ എന്ന നിലയിൽ നിരൂപണം ചെയ്യപ്പെടാവുന്നതാണ്.

പ്രാദേശികഭേദങ്ങളും ഉപഭാഷകളും.

ഫർ ൭. ഉത്തരകേരളത്തിൽ ചിറയ്ക്കലും അതിനോടു തൊട്ടു കിടക്കുന്ന പ്രദേശങ്ങളിലും ഇന്നല, നാള, അവന എന്നിങ്ങനെയുള്ള വാക്കുകളിൽ ഏകാരത്തിനുപകരം അകാരമാണ് ഉച്ചരിക്കപ്പെടുന്നതു്. ഴകാരം യകാരമായോ വകാരമായോ പരിണമിച്ചിട്ടുള്ളതും ഈ ഉപഭാഷയുടെ ഒരു പ്രത്യേകതയാണ്. പയം (പഴം), മയ (മഴ), കോയി (കോഴി), മവു (മഴു), തൊവുക (തൊഴുക), കവുക (കഴുക) മുതലായ വാക്കുകൾ മേല് പറഞ്ഞതിന് നിദർശനങ്ങളത്രേ. കളിയ്ക്കുക, അടിയ്ക്കുക, ഇരിയ്ക്കുക, മുതലായവ കളിക്കുവ, അടിക്കുവ, ഇരിക്കുവ, എന്ന രീതിയിൽ സങ്കോചിച്ചിട്ടുണ്ടെന്നു മാത്രമല്ല, യകാരോച്ചാരണം തീരെ നഷ്ടപ്പെട്ടിട്ടുമുണ്ട്. പോയിട്ട്, വന്നിട്ട്, മുതലായവയ്ക്ക് എതിരായി ചിറയ്ക്കൽ ഭാഷയിൽ പ്രയുക്തങ്ങളാകുന്ന രൂപങ്ങളിൽ പോയിറവ്, വന്നിറവ്, എന്നിങ്ങനെ ട്ടകാരത്തിന് റകാരം അതിദേശിച്ചുകാണുന്നതും ആ ഭാഷയുടെ ഒരു പ്രത്യേകതയായി കണക്കാക്കാം. പോയിന് (പോയി), വന്നിന് (വന്നു) എന്നിങ്ങനെയുള്ള ക്രിയാരൂപങ്ങളും അയിലേ (അതിലേ), ഇയിലേ (ഇതിലേ), ആട (അവിടെ), ഇട (ഇവിടെ), ഓഡ്ത്തു (എവിടെ) എന്നിങ്ങനെയുള്ള പ്രയോഗവിശേഷങ്ങളും പ്രസ്തുതമായ ഉപഭാഷയുടെ വിഭിന്നതയെ തെളിയിക്കുവാൻ ഉതകുന്നവയാണ്.

ഉത്തരകേരളത്തിലെ ഭാഷ.

ഫർ ൮. ലക്ഷദ്വീപിലെ വ്യവഹാരഭാഷയേയും മലയാളത്തിന്റെ ഒരു ഉപഭാഷയായി വീക്ഷിക്കാം. ആ ഭാഷയുടെ പ്രത്യേകതകളെക്കുറിച്ചുള്ള ഗവേഷണം നിർവ്വഹിക്കപ്പെടേണ്ടതായിരിക്കുന്നതേയുള്ളൂ. കോഴിക്കോട്ട്, കണ്ണൂർ, മുതലായ സ്ഥലങ്ങളിൽനിന്ന് വളരെക്കാലം മുൻപുതന്നെ

ലക്ഷദ്വീപിലെ ഭാഷ.

വ്യാപാരത്തിനും മറ്റുമായി ലക്ഷദ്വീപിൽ കുടിയേറിപ്പാർത്തിട്ടുള്ള ജനതതിയുടെ വ്യവഹാരഭാഷയാണ് കാലാനുസൃതമായ പരിണതികളോടും ഭാഷാന്തരസമ്പർക്കംകൊണ്ടുള്ള വ്യത്യാസത്തോടുംകൂടി അവിടെ അവസ്ഥാനം ചെയ്യുന്നത്. മദ്രാസ് പ്രസിഡൻസിയിലെ ഭാഷകളുടേയും ഉപഭാഷകളുടേയും ഗ്രാമഫോൺ റെക്കാർഡുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയിൽ ന്യൂനപക്ഷത്തിനാലാംനമ്പരായി ലക്ഷദ്വീപിലെ ഭാഷയെ ഉദാഹരിക്കുന്നതിനു ചേർത്തിരിക്കുന്ന കഥാഭാഗം മുമ്പേ ഉദ്ധരിച്ചിട്ടുള്ളതിൽനിന്നും ആ ഭാഷയുടെ പ്രത്യേകതകൾ കുറെയൊക്കെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

THE PARABBLE OF THE PRODIGAL SON.

"ഒരാളക്കു രണ്ടു മക്ക ഉണ്ടന. ഏളേ മോൻ ബാപ്പോട പറഞ്ഞു. 'എന്ന ഓതി മൊതൽ നക്കു താ'. അപ്പ ബാപ്പ മൊതൽ രണ്ടു മക്കക്കും പെയ്ത്തു കൊടുത്തു. കൊറെ നാളം കയിഞ്ഞപ്പം ഏളേ മോൻ തന്ന ഓതി ഇഡുത്തോണ്ടുപോയി. മൊതലെല്ലാം ബെറുതേ പോക്കിക്കളഞ്ഞു. എല്ലാ മൊതലും ചെലവാക്കി കളഞ്ഞപ്പം അന്നാട്ട് ബലിയ ബാരം ബന്നു. ഓൻ കയ്യിൽ ഏതുമില്ല. ഓൻ അന്നാട്ടിൽ ഒരാളം ക്കുട പണിക്കുക്കുടി. അയാളം എബനെ പന്നി പോററാൻ ബിട്ടു. ഓന്ന് ആരും ഓജീനം കൊട്ടക്കാതെ പന്നി തിന്നിന്നമിഞ്ഞം തെയ്ട തിന്നിന്താൻ. ഓൻ ഇങ്ങിനെയപ്പം തന്ന മനസ്സിൽ കരുതി 'എന്ന ബാപ്പ ക്കുലിക്കാരെല്ലാം കോട്ടി ചെനിപ്പോളം തിന്നെണ്ടു് നാൻ ബോജിനം കിട്ടാതെ പയിച്ചോണ്ടു നടക്കേണ്ട. നാൻ ഇപ്പത്തന്നെ പോയി ബാപ്പഡെ പറയും. 'നാൻ നിങ്ങളെക്കുടിയും പടച്ചോനക്കുടിയും കൊറം ചെയ്തോനായിന. നാൻ നിങ്ങളെ മോനെന്ന പറയാൻ തക്കത്തോനല്ല. നിങ്ങളം എന്നെ നിങ്ങള ക്കുലിക്കാരനെന്ന കരുതേണം. ഇങ്ങന കരുതിക്കൊണ്ടു ബയിന്തേരം കണ്ടു് കൂപ ഓടിക്കൊണ്ടുപോയി കോത്തു പിടിച്ചുമുത്തി. അപ്പ മോൻ പറയിന്തു 'നാൻ കൊറക്കാരനാനതായി നിങ്ങള മോനെന്നു് പറയാൻ തക്കത്തോനല്ല. അപ്പ ബാപ്പ തന്നെ പണിക്കാരന ബിളിച്ചു തുണിയും കൈക്കു മോതരവും കാലുക്കു ശെലിപ്പും കൊണ്ടുവരിത്തിച്ചു മോന കൊടുത്തു. അപ്പ ബാപ്പ പറയിന്തു്, എന്ന മോനെ മരിച്ചിപോയതാനതായി വിയാരിച്ചാൻ ഫായതായിനേൻ. ഇവുഡേയും വിട്ടേച്ചുപോയാൻ മഡയി ബന്നിതാ. അതുകൊണ്ടു് ഒരു തടിച്ച കടച്ചിയെ അറുത്തു പണിയാക്കി തിന്ന സന്തോഷമാവണം. അപ്പളക്കു് മൂത്തോൻ തോട്ടത്തു് ബന്നവന, തോട്ടത്തിണ്ട പെരക്കു ബൈന്ത തക്കു പാട്ടും ക്കൂട്ടും കേട്ടു, ഒരു ക്കുലിക്കാരനെ ബിളിച്ചു് ഇതെന്തു

കേട്ട്. അപ്പ ക്രഖിക്കാരൻ പറഞ്ഞു, നിന്ന എളയോൻ സൊകമായി ഇവിടേക്ക് മടയി ബന്നിന: അതുകൊണ്ട ഒരു തടിച്ച കടച്ചിയെ അറുത്തു സന്തോഷമായതണ്ടയ്. ഇതു കേപ്പുങ്കളത്ത് മൂത്തോന്ന അരിശം ബന്ന പെരക്കു പോയാലനാ. അപ്പ ബാപ്പ ബന്ന പെരക്കു ബിളിപ്പുങ്കാലത്തു മോൻ ചെല്ലിന്താൻ കൊറെ കാലമുണ്ട് നിങ്ക പറഞ്ഞ എല്ലാ പണിയും എട്ടത്തോണ്ട ബയിന്തനക്കു. ഇങ്ങനത്തെ കടച്ചിയും മറവും അറുത്തു തന്നെല്ല. ബനെ ഇപ്പ കൊറെ ചൂളച്ചിയും കൊണ്ട ബന്ന അവക്കു കടച്ചിയും അറുത്തു തിമ്മാൻ കൊട്ടുത്തിന. അപ്പ ബാപ്പ പറയാന്ത് നീ എപ്പോളും ഇവിടെ തന്നെ എന്നെ മൊതൽ എല്ലാം നിക്കുള്ളതാന്തെയി. നിന്ന എളയോൻ മരിച്ചിപോയിനെന്ത് വിയാരിച്ചിനാന. ഇപ്പ മടയി ബന്ത്" ഇന്നി നോയെല്ലാം പോയി സന്തോഷമായി കാത്തോളുവാൻ നട."

ലക്ഷദ്വീപിലെ ഉപഭാഷയുടെ പ്രത്യേകതകളും പ്രാധാന്യവും.

ഫ ൪ ൦. മുകളിൽ ഉദ്ധരിച്ച ഭാഗത്തിൽ വന്നിന, കൊട്ടുത്തിന എന്ന കാണുന്നതു് വന്നിന്, കൊട്ടുത്തിന്ത് എന്ന വേണ്ടതാകുന്നു. ചിറയ്ക്കലും മറവുമുള്ള ജനങ്ങളുടെ വ്യവഹാരത്തിലും വെച്ചിന്ത്, പോയിന്ത് എന്നും മറവും ഇവയ്ക്ക് സജാതീയങ്ങളായ രൂപങ്ങൾ ഉള്ളതു് ഇവിടെ സ്മരണീയമാണ്. കയിഞ്ഞപ്രം എന്നിടത്തു് ഴകാരത്തിന് യകാരവും ഓൻ എന്ത് അവൻ എന്നതിന്റെ സങ്കുചിതരൂപവും ചിറയ്ക്കൽ ഭാഷയിൽ ഉള്ളതുപോലെ തന്നെ പ്രസ്തുതരേഖയിൽ കാണ്മാനുണ്ട്. ഉത്തരകേരളീയരുടെ വ്യവഹാരത്തിൽ വകാരത്തിനു ബകാരമായുള്ള വിനിമയം ചിലയിടത്തു് സംഭവിക്കുന്നതു് ലക്ഷദ്വീപിലെ ഭാഷയിൽ പ്രചുരമായിരിക്കുന്നവെന്നുള്ളതിന് ബലിയ, ബിട്ട്, ബെറുതേ, ബിളിച്ച എന്നിവനിദർശനങ്ങളാണ്. മക്ക (മക്കൾ), ഇപ്പ (ഇപ്പോൾ) എന്നീ വാക്കുകളിൽ പദാവസാനത്തിലുള്ള 'ൾ' എന്ന ചില്ലിനു് ലോപം ഉച്ചാരണത്തിൽ ഉള്ള ഔദാസീന്യംകൊണ്ടു് വന്നിട്ടുള്ളതു മാത്രമാണ്. എനിക്ക് എന്ന അർത്ഥത്തിൽ 'നക്ക്' എന്നും, അവനെ എന്ന അർത്ഥത്തിൽ 'ബനെ' എന്നും യഥാക്രമം എനക്ക്, അബനെ എന്നുള്ള രൂപങ്ങളിൽ പദാദിയിലുള്ള സ്വരത്തിനു് തിരോധാനം വന്നിട്ടുള്ള പ്രയോഗങ്ങളേയും ലക്ഷദ്വീപിലെ ഭാഷയുടെ ഒരു പ്രത്യേകതയായി പരിഗണിക്കാം. പുരുഷപ്രത്യയം ചേരാതെ പറഞ്ഞു, വന്ന, കളഞ്ഞു, കൊട്ടുത്തു, പോയി ഇത്യാദി രൂപങ്ങളും പുരുഷപ്രത്യയം ചേർന്ന് തിന്നിന്താൻ, പോയാൻ, ഹായതായിനേൻ ഇത്യാദി രൂപങ്ങളും ഒന്നിനോടൊന്നുകലർന്നുകിടക്കുന്ന

പ്രയോഗരീതി മലയാളത്തിന്റെ ആ ഉപഭാഷയിൽ ഇന്നും നിലവിലിരിക്കുന്നതു് ശ്രദ്ധേയമാണു്. ചെയ്യോനായിന, തക്കത്തോനല്ല എന്നിത്തരത്തിൽ ലക്ഷദ്വീപിലെ വ്യവഹാരഭാഷയിൽതന്നെ ഉപയുക്തങ്ങളാകുന്ന രൂപങ്ങൾ സാധാരണമലയാളത്തിൽ സാഹിത്യത്തിൽ മാത്രം പ്രയോഗാർഹങ്ങളായി കരുതപ്പെടുന്ന ചില രൂപവിശേഷങ്ങളോടു് സാദൃശ്യം പുലർത്തുന്നു. സാധാരണമലയാളത്തിൽ പറയുന്നു, ചൊല്ലുന്നു ഇത്യാദി വർത്തമാനരൂപങ്ങളിൽ 'ന്നു്' എന്നു കാണുന്നതിന്റെ പൂർവദശ 'ൻറു' എന്നല്ല 'ന്തു്' എന്നുതന്നെയായിരുന്നുവെന്നുള്ള അഭ്യൂഹത്തിനു് കൂടുതൽ പ്രാബല്യം നല്കുവാൻ പയ്യാപ്പങ്ങളായി 'പറയിന്തു്', ചൊല്ലിന്താൻ' എന്നിങ്ങനെ ലക്ഷദ്വീപിലെ ഭാഷയിൽ കാണുന്നതു് ഭാഷാവിഷയകമായി എത്രയും വിലമതിക്കത്തക്കതാണു്. ലക്ഷദ്വീപിലെ ഭാഷയിൽ പുരുഷപ്രത്യയം ചേർന്നുള്ള ക്രിയാപദങ്ങൾ ബാഹുല്യേന കാണപ്പെടുന്നതിനെ ആസ്പദമാക്കി അതു് മലയാളത്തിന്റെ പ്രാചീനദശയിൽതന്നെ വേർപിരിഞ്ഞിട്ടുള്ളതാണു് എന്നു ചിലർ അഭ്യൂഹിച്ചിട്ടുള്ളതു് സംഗതമായിരിക്കുവാൻ വഴിയുണ്ടു്. സാധാരണമലയാളത്തിൽത്തന്നെ ഒരു കാലത്തു വായ്മൊഴിയിലും പുരുഷപ്രത്യയം ചേർന്ന ക്രിയാരൂപങ്ങൾ ഉണ്ടായിരുന്നിരിക്കണം എന്നുവേണം വിചാരിക്കുവാൻ.

തെക്കൻതിരുവിതാംകൂറിലെ ഭാഷ.

ഫ ഉ ഫ. തെക്കൻ തിരുവിതാംകൂറിൽ കുഴിത്തുറയ്ക്കു് തെക്കു് തമിഴിനോടൊപ്പംതന്നെ വ്യവഹാരത്തിൽ ഇരിക്കുന്ന മലയാളം ചിറയ്ക്കൽ ഭാഷയെപ്പോലെയോ ലക്ഷദ്വീപിലെ ഭാഷയെപ്പോലെയോ സാധാരണ മലയാളത്തിൽനിന്നും വേർതിരിക്കപ്പെടുവാൻ എളുപ്പമല്ലെങ്കിലും അതിൽ കാണുന്ന ചില സ്വഭാവങ്ങൾ വളരെ കാലത്തിനു മുൻപു തന്നെ ആ പ്രദേശത്തും അതിനോടു തൊട്ടുള്ള സ്ഥലങ്ങളിലും പ്രചാരത്തിൽ ഇരുന്നിരുന്നുവെന്നു് വിചാരിക്കപ്പെടേണ്ട ഒരു ഭാഷാരീതിയെ ഏറെക്കുറെ വെളിപ്പെടുത്തുവാൻ പോരുന്നവയാണു്. മലയാളഭാഷയുടെ സാധാരണരൂപം വ്യവഹരിക്കുന്ന ജനങ്ങളോടുള്ള സമ്പർക്കത്തിന്റെ ആധിക്യംകൊണ്ടു് തെക്കൻതിരുവിതാംകൂറിലെ ഭാഷയുടെ പ്രത്യേകതകൾ പല അംശങ്ങളിലും തിരോധാനം ചെയ്യുവാൻ ഇടവന്നിട്ടുണ്ടു്. എങ്കിലും അതിന്റെ അവശേഷിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എപ്പഴ് വന്നീര് (നിങ്ങൾ എപ്പോൾ വന്നു), പറഞ്ഞാനോ (അവൻ പറഞ്ഞുവോ), അവനെക്കണ്ടേൻ (ഞാൻ അവനെക്കണ്ടു), വന്നിരുന്നാൻ (അവൻ വന്നിരുന്നു), പോയിരിന്നാൻ (അവൻ പോയിരുന്നു) എങ്ങിങ്ങനെ പുരുഷപ്രത്യയങ്ങളോടുകൂടിയുള്ള ക്രിയാരൂപങ്ങളും തിട്ടുകമിനെ (വേഗത്തിൽ) വവുണിക്ക

(ആക്ഷേപിക്ക,) കുമട്ടുക (ഉപദ്രവിക്കുക), നൊടിഞ്ഞാനിയം (കളിയാക്കുക), കൈയായ്ച (വിവാഹകാര്യം), തുപ്പുവാനക്കേട് (അപമാനം) എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളും അതിന്റെ വൈലക്ഷണ്യത്തിനു് അനിഷേധ്യമായ തെളിവാണു്. കൃഷ്ണൻവകക്കാർ എന്ന സമുദായക്കാരുടെ വ്യവഹാരത്തിൽ പറഞ്ഞാൻ, വന്താൻ, പിടിത്താൻ, എന്ന തരത്തിൽ അനുനാസികാതിപ്രസരവും താലവ്യാദേശവും ക്രിയാരൂപങ്ങളും സുലഭമായി കാണുന്നുണ്ടു്. സീവിയുടെ ആഖ്യായികകളിൽ തെക്കൻ തിരുവിതാംകൂർകാരായ സങ്കല്പിക്കപ്പെട്ടിട്ടുള്ള കഥാപാത്രങ്ങളുടെ സംഭാഷണത്തിൽ നിബന്ധിച്ചിട്ടുള്ള ഭാഗങ്ങളിൽ വ്യാകരണപരമായും ശബ്ദവിഷയകമായും അവിടങ്ങളിലെ വ്യവഹാരഭാഷയ്ക്കുള്ള പ്രത്യേകതകളുടെ ഒരു സ്ഥൂലരൂപം ദർശിക്കുവൻ സാധിക്കുന്നതാണു്. 'കൊച്ചുണ്ണനും കൊമരനും പപ്പനാപുരത്തു് ഓടിയിരിക്കണൊരു്. എന്തരിനെന്നു് എക്കറിഞ്ഞുകൂടാ'[1] 'ഇവിടെക്കിടന്നു പൂത്താനിക്കണം; ഞാനിതാ അനന്തനോ കാച്ചാനോ പോണേൻ'[2] 'എത്തും എതിരും ഇരുന്നു പേശിയപ്പോ കുന്നത്തുരങ്ങുന്നു ചൊല്ലിയാരു്; ഇങ്ങൊരു രായൻ അടിപിടിച്ചട്ടമ്പി വന്നിരിക്കിനാൻപോലും. അയ്യാക്കു് എതിരുകിട്ടാണ്ടു് പൊന്നുതമ്പുരാനു് എന്തരോ അങ്കലാപ്പുപോലും; എന്നാ അഴകു ഒരു കൈ പാക്കണേ എന്നു് അങ്ങോട്ടു കേറി ചൊല്ലിയപ്പോ, കല്പറയ്ക്കപ്പിള്ള ഥൂ എന്നു് തുട്ടാരു്'[3] ഇത്യാദി ഭാഗങ്ങൾ പരിശോധിക്കുക. തെക്കൻതിരുവിതാംകൂറിലെ ഭാഷയ്ക്കു സാധാരണമലയാളത്തിൽ നിന്നും വൈജാത്യം വന്നിട്ടുള്ളതു് തമിഴ സംസാരിക്കുന്നവരോടുള്ള വേഴ്ചയുടെ ക്രുത്രിമകൊണ്ടോ അതല്ല മലയാളത്തിന്റെ പ്രാചീനദശയിലുള്ള ചില ധർമ്മങ്ങൾ തമിഴ്നാട്ടിനോടുള്ള സാമീപ്യത്താൽ നഷ്ടപ്പെടാതെ പൂർവ്വസ്ഥിതിയിൽ അവശേഷിക്കുവാൻ ഇടയായിട്ടുള്ളതുകൊണ്ടോ എന്നു് നിർണ്ണയിക്കുവാൻ തരമില്ല.

വിവിധസമുദായക്കാരുടെ ഭാഷയ്ക്കു്.

൨൫൨. വിവിധസമുദായക്കാരുടെ വ്യവഹാരത്തിലും ഭാഷയ്ക്കു് പല വ്യത്യാസങ്ങളും കാണാവുന്നതാണു്. അന്യോന്യം ഇടപെട്ടുകഴിയുന്ന സമുദായക്കാരുടെ വ്യവഹാരരീതി മിക്കവാറും സദൃശമായിരിക്കും. ഉയർന്ന സമുദായക്കാരിൽനിന്നും അകന്നു വർത്തിക്കുന്ന കാണിക്കാർ, മലങ്കുറവർ, വേടർ മലയരയർ തുടങ്ങിയവരുടെ ഭാഷയ്ക്കു് ഭാഷയുടെ സാധാരണസ്വരൂ

1. *Martāṇḍavarma*, p. 52.
2. *Dharmarāja* (First Edition) p. 96.
3. *Rāmarājabahādur* (III Edition) p. 53.

പത്തിൽനിന്നും ഉള്ള വൈലക്ഷണ്യങ്ങളും പ്രസ്താവ്യങ്ങളാണ്. ഇത്തരക്കാരുടെ ഭാഷകളിലെല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സ്വരങ്ങളുടെ ഉച്ചാവചവും ശക്തിയുക്തവും ആയ ഉച്ചാരണരീതിയാണ്[1] അവയ്ക്കുള്ള പ്രത്യേകതകളിൽ പരമപ്രാധാന്യം അർഹിക്കുന്നത്. കാണിക്കാരുടെയും മറ്റും ഭാഷ മിക്കവാറും സാധാരണഭാഷയോട് അടുക്കുന്നതാണെങ്കിലും അവരുടെ പ്രാചീനഗാനങ്ങളും വണ്ണവിചരിണാമവിഷയകമായും മറ്റും ഭിന്നമായ ഒരു നിലയെ പലയിടത്തും പ്രദർശിപ്പിക്കുന്നുണ്ട്. വീരപ്പനരയനും എഴുപത്തിരണ്ട് കാണിപ്പേരും ഏറാങ്കൽ തിരുമൻപിൽ മുഖം കാണിക്കുവാൻ പോയതിനെപ്പറ്റി പ്രതിപാദിക്കുന്ന പാട്ടിൽ[2]

'പേരുരുളി നിറഞ്ഞുപോയേ
പെരുങ്കിടാരം നിറഞ്ഞുവന്തേ' എന്നും
'കപ്പൂറകറകറ യെയ്തികിടക്കിന
തെന്തിരു പിള്ളൈ എയ്തികിടക്കിന്' എന്നും
'ഇയ്യതിരു വിട്ടടനെ
ഇയ്യതിരു കേറിനായോ'
'ഏറാറങ്കൈക്കൊട്ടാരത്തി-
ലെന്ന കരവഴി കേറുവാരാ'. എന്നും

മറ്റും ഉള്ള ഭാഗങ്ങളും ഇതിന് തെളിവുകൊടുക്കുന്നുണ്ട്.

ഭാഷാവൈചിത്ര്യങ്ങളുടെ നിയന്ത്രണം.

ഉപസംഹാരം. ഭാഷ ഒരു പൊതുസ്വത്താകയാൽ ദേശംതോറും സമുദായംതോറും വ്യക്തിതോറും അതിന് പല വൈചിത്ര്യങ്ങളും കാണുവാൻ കഴിയും. എങ്കിലും വ്യക്തിക്ക് സമുദായത്തോടും സമുദായത്തിന് ദേശത്തോടും ഒരു ദേശത്തിന് മറ്റു ദേശത്തോടും ഇണങ്ങിച്ചേരുവാൻ പ്രകൃത്യാ തന്നെ ഒരു ആഭിമുഖ്യം ഉള്ളതുകൊണ്ട് ആ വൈചിത്ര്യങ്ങളും കുറെയൊക്കെ നിയന്ത്രിതങ്ങളായി ഭാഷയുടെ സാമാന്യസ്വഭാവം ഒരുവിധം പുലർന്നുപോരുന്നു. പരിഷ്കൃതഭാഷകളിൽ മാത്രമല്ല അപരിഷ്കൃതഭാഷകളിൽപോലും ദേശഭേദംകൊണ്ടും മറ്റും ഉണ്ടായിട്ടുള്ള സ്വഭാവഭേദങ്ങളെ പര്യവേക്ഷണം ചെയ്യുന്നതിൽ പണ്ഡിതന്മാർ ആധുനികകാലത്തു പ്രദർശിപ്പിച്ചുപോരുന്ന ജാഗരൂകത ഭാഷാതത്ത്വങ്ങളുടെ പരിജ്ഞാനത്തിനു വളരെ ഉതകിയിട്ടുണ്ട്. ആ നിലയ്ക്കുനോക്കുമ്പോൾ മലയാളികളുടെ വ്യവഹാരഭാഷയിലുള്ള ദേശ്യഭേദങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുന്നതു അവയുടെ അന്വേഷണത്തിനും പഠനത്തിനും പ്രേരകമായിരിക്കുമല്ലോ.

---

1. The play of stress and pitch accent.
2. L. A. Krishna Ayyar, *'The Travancore Tribes and castes'* pp. 231—245.

ഫ ൫ ർ. ഇന്ന് ദ്രാവിഡഗോത്രത്തിൽ ഒരു സ്വതന്ത്രഭാഷയായി നിലകൊള്ളുന്ന മലയാളത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് പല അഭിപ്രായങ്ങളും പുറപ്പെട്ടിട്ടുണ്ട്. മലയാളത്തിലെ ശബ്ദസമൂഹത്തിൽ നല്ലൊരുപങ്ക് സംസ്കൃതത്തിൽനിന്നും ഉപലബ്ധമാണെങ്കിലും പ്രത്യയങ്ങൾ, സർവ്വനാമങ്ങൾ, അന്വയക്രമം തുടങ്ങി പലവിഷയങ്ങളിലും മലയാളത്തിന് ആഗമികമായ സംസ്കൃതത്തോടല്ല, ദ്രാവിഡഭാഷകളോടാണ് ബന്ധമുള്ളത് എന്നതിനെപ്പറ്റി അഭിപ്രായഭേദത്തിന് വകയില്ല. സംസ്കൃതഭാഷയിൽ മലയാളത്തിന് ഒരു ലക്ഷണശാസ്ത്രം നിർമ്മിച്ചിട്ടുള്ള ലീലാതിലകകാരൻ പോലും മലയാളഭാഷ ആര്യഭാഷയിൽ നിന്ന് വ്യതിരിക്തമാണെന്ന് പലയിടത്തും വ്യക്തമാക്കിയിട്ടുണ്ട്. 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന സൂത്രത്തിൽ ഭാഷാപദം കേരളഭാഷാപരമാണെന്നും 'കേരളാനാം ദ്രവിഡശബ്ദവാച്യതാഭവപ്രംശേന തദ്ഭാഷാതമിഴിതുച്യതേ. ചോളകേരളപാണ്ഡ്യേഷു ദ്രവിഡ ശബ്ദസ്യ വാ പ്രസിദ്ധ്യാ പ്രവൃത്തിഃ' എന്നിടത്ത് കേരളഭാഷ ദ്രാവിഡഭാഷകളിൽ അന്തർഭവിക്കുന്നതാണെന്നും ആ പ്രാചീനാചാര്യൻ മുക്തകണ്ഠം പ്രസ്താവിച്ചിരിക്കുന്നു. അതിനും പുറമേ മണിപ്രവാളശരീരത്തിൽ ഒരു ഭാഗമായ ഭാഷയെ ദേശി, സംസ്കൃതഭവാ, സംസ്കൃതരൂപാ എന്നിങ്ങനെ മൂന്നായിപിരിച്ച് ദേശിക്ക് ഗ്രാമ്യാ, ഭാഷാന്തരഭവാ, ഭാഷാന്തരസമാ എന്നുള്ള വിഭാഗം പ്രദർശിപ്പിച്ചിരിക്കുന്നതിൽനിന്നും കേരളാദിഭാഷകൾ സംസ്കൃതഭിന്നങ്ങളാണെന്നും കേരളഭാഷ ചോളഭാഷാദിഭിന്നമായ ദ്രാവിഡഭാഷയാണെന്നും ഉള്ള ആചാര്യന്റെ സിദ്ധാന്തം ഏവക്കും സുഗ്രഹമാകുന്നതാണ്. 'ഇഹ താവത് സംസ്കൃതം അന്യാദി, അന്യദാദിവത്; തസ്യ സംസ്കൃതാത് പ്രഭവഃ സ്യാത്' ഇത്യാദി വിചാരമാകട്ടെ സംസ്കൃതപക്ഷപാതികളുടെ അഭിപ്രായത്തെ ധ്വനിപ്പിക്കുവാൻമാത്രം സമുദ്ദിഷ്ടമാണ്. ഇങ്ങനെ മലയാളഭാഷ ആര്യഗോത്രത്തിൽനിന്നും വിഭിന്നമായ ഒരു ഗോത്രത്തിൽ സമുദയം ചെയ്തതാണെന്ന് നിരാക്ഷേപമായിരിക്കെ കേരളകൌമുദീകാരനായ കോവുണ്ണിനെടുങ്ങാടി സംസ്കൃതഹിമഗിരിഗളിതയായ ഗംഗയായി കേരളഭാഷയെ രൂപണം ചെയ്തിട്ടുള്ളതിൽ മലയാളത്തിന് സംസ്കൃതപ്രഭവത്വം വ്യഞ്ജിപ്പിച്ചിട്ടുള്ളതിന്റെ അസാംഗത്യം എടുത്തുപറയേണ്ടതായിട്ടില്ലല്ലോ. വടക്കുംകൂർ രാജരാജവർമ്മ തുടങ്ങിയ ചില ആധുനികപണ്ഡിതന്മാരും മലയാളഭാഷയ്ക്ക് ആഗമികമായി സംസ്കൃതത്തോടു ബന്ധമുണ്ടെന്ന് വ്യവസ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുള്ളതും കേവലം നിഷ്പ്രയോജനമാണ്.

മലയാളഭാഷയുടെ ഉദ്ഭവം.

കാൾഡ്‌വെല്ലിന്റെ മതം.

൧൫൩. മലയാളം തമിഴിന്റെ ഏറ്റവും പ്രാചീനമായ ഒരു ശാഖയാണെന്നത്രേ ഡാക്ടർ കാൾഡ്‌വെല്ല് അഭിപ്രായപ്പെട്ടിട്ടുള്ളത്. അധുനികകാലത്തു് ക്രിയാപദങ്ങളിൽ പുരുഷപ്രത്യയത്തിന്റെ നിരാസവും സംസ്കൃതപദസമാവേശത്തിന്റെ ആധിക്യവുംകൊണ്ടു് മലയാളം തമിഴിൽനിന്നും വ്യത്യസ്തമായിരിക്കുന്നുവെങ്കിലും ദ്രാവിഡഗോത്രത്തിലെ ഒരു പ്രത്യേകവ്യക്തി എന്ന നിലയെക്കാൾ തമിഴിന്റെ ഒരു ഉപഭാഷ എന്ന നിലയാണു് മലയാളത്തിനു് നല്കേണ്ടതെന്നാണു് അദ്ദേഹത്തിന്റെ പക്ഷം.[1] കിഴക്കു് എന്ന വാക്കു് തമിഴിലും മലയാളത്തിലും സാധാരണമായിരിക്കുന്നതു് തമിഴിൽനിന്നും പിരിഞ്ഞുപോയ ഒരു ശാഖയാണു് മലയാളം എന്നു് തെളിയിക്കുവാൻ സമർത്ഥമായ ഒരു ദൃഷ്ടാന്തമായി ഡാക്ടർ കാൾഡ്‌വെല്ല് പ്രദർശിപ്പിക്കുന്നു. തമിഴ്നാട്ടിൽ കിഴക്കോട്ടു ചെല്ലുന്തോറും ഭ്രസ്ഥിതി താഴ്ന്നിരിക്കുന്നതായിരിക്കണം കിഴക്കു് എന്നുള്ള ദിക്സംജ്ഞയ്ക്കു് അടിസ്ഥാനം. അതുപോലെ 'മേല്ക്കു്' എന്ന പദം ഉയരം എന്നു് അർത്ഥമുള്ള മേല് എന്ന പദത്തോടു് സംബദ്ധമായി പശ്ചിമദിക്കിന്റെ സംജ്ഞയായി നിന്നിട്ടുള്ളതും തമിഴ്നാട്ടിലെ ഭ്രസ്ഥിതിക്കു് അനുസൃതമത്രേ. ഇങ്ങനെ കിഴക്കു്, മേല്ക്കു് എന്ന ദിക്സംജ്ഞകൾ തമിഴ്നാട്ടിലാണു് ഇദംപ്രഥമമായി ആവിർഭവിക്കുവാൻ ഇടയുള്ളതെന്നതിനു് സംശയമില്ല. മലയാളത്തിലെ ഭ്രസ്ഥിതി നേരെ മറിച്ചായിരുന്നിട്ടും കിഴക്കു്, മേക്കു് എന്നീ വാക്കുകൾ തമിഴിലെപ്പോലെ യഥാക്രമം പൂർവ്വദിക്കിനേറെയും പശ്ചിമദിക്കിനേറെയും പേരുകളായിത്തന്നെ മലയാളഭാഷയിൽ വ്യവഹാരത്തിൽ ഇരിക്കുന്നതു തമിഴ്നാട്ടിലെ ഒരു ജനസംഘമാണു് മലനാട്ടിലേക്കു കുടിയേറിപ്പാർത്തിട്ടുള്ളതെന്നും മലയാളഭാഷ തമിഴിൽനിന്നു് അകന്നുപോയിട്ടുള്ളതാണെന്നും അംഗീകരിച്ചാലല്ലാതെ ഉപപന്നമാകുകയില്ല എന്നാണു് കാൾഡ്‌വെല്ലിന്റെ ദൃഢമായ വിശ്വാസം.

ഗുണ്ടർട്ടിന്റെ മതം.

൧൫൪. ഡാക്ടർ ഗുണ്ടർട്ടു് തമിഴും മലയാളവും ഏറ്റവും അടുപ്പമുള്ള രണ്ടു ഭാഷകളാണെന്നു് സമ്മതിക്കുന്നുണ്ടെങ്കിലും തമിഴിൽനിന്നുണ്ടായിട്ടുള്ളതാണു് മലയാളം എന്ന അഭിപ്രായത്തെ അനുദരിക്കുന്നില്ല.[2] ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരേ അംഗത്തിന്റെ രണ്ടു് ഉപശാഖകളാണു് തമിഴും

1. *A. Comparative Grammar of the Dravidian*, p. 18.
2. See Introduction to Dr. Gundert's Malayāḷam Dictionary

മലയാളവും എന്ന് അഭ്യൂഹിക്കുന്നതിന് ദേശ്യപ്രയോഗങ്ങളിൽ 'അപ്പം, അട' എന്നു തുടങ്ങി പല തമിഴ് വാക്കുകളും ഇന്നും നിലവാലിരിക്കുന്നതും സംഭാഷണഭാഷയിൽ വളരെക്കാലം മുൻപുതന്നെ നഷ്ടമായിപ്പോയിട്ടുണ്ടെങ്കിലും പഴയ ശൈലികളിലും പഴഞ്ചൊല്ലുകളിലും അന്നപ്പൂക, അമയുക, പുരാൻ, എന്നു തുടങ്ങി പല വാക്കുകളും സംദൃശ്യങ്ങളാകുന്നതും മതിയായ തെളിവാണെന്ന് അദ്ദേഹം വിചാരിക്കുന്നു.

കേരളപാണിനിയുടെ മതം.

ഫ ൫൯. പ്രൊഫ്സ്സർ എ. ആർ. രാജരാജവർമ്മ തമിഴിൽ പന്ത്രണ്ടുനാടുകളിലായിട്ട് ദേശ്യഭേദങ്ങൾ ഉണ്ടായിരുന്നവയിൽ കുട്ടം, കുടം, കൽ, വേൺ, പൂഴി എന്നീ അഞ്ചു നാടുകളും ഇന്നത്തെ കേരളഖണ്ഡത്തിൽ ഉൾപ്പെട്ടവയാണെന്നും ആ അഞ്ചു നാടുകളിലെ കൊടുന്തമിഴാണ് മലയാളമായി പരിണമിച്ചതെന്നും സമർത്ഥിക്കുവാൻ ശ്രമിച്ചിരിക്കുന്നു.[1] മറ്റു തമിഴനാടുകളിൽനിന്നും വേർപെട്ടുള്ള മലയാളദേശത്തിന്റെ കിടപ്പും ജനങ്ങളുടെ ആചാരഭേദവും നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യദ്രാവിഡസങ്കരവും ആണ് മലനാട്ടിലെ ഭാഷ മറ്റു നാടുകളിൽനിന്ന് വേർപെട്ടുള്ള ഒരു നിലയിൽ എത്തിച്ചേരുവാൻ ഇടയാക്കിയ കാരണങ്ങളായി അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ളതു്. മലയാളത്തിന് തമിഴിൽ നിന്നും ഉണ്ടായിത്തീർന്നിട്ടുള്ള വ്യത്യാസം അനുനാസികാതിപ്രസരം, തവർഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നീ ആറു നയങ്ങളിൽ അന്തർഭവിക്കുന്നുവെന്ന് അദ്ദേഹം സവിസ്തരം ഉപന്യസിച്ചിട്ടുണ്ട്.

ആറൂർ കൃഷ്ണപ്പിഷാരടിയുടെ മതം.

ഫ ൫൰. ആറൂർ കൃഷ്ണപ്പിഷാരടി അവർകളും 'മലയാളഭാഷയും സാഹിത്യവും—ഒരു നിരൂപണം' എന്ന ഗ്രന്ഥത്തിൽ മൂലദ്രാവിഡഭാഷയായ മുത്തമിഴിന്റെ ഒരു ശാഖയായ തമിഴിന്റെ ഉപശാഖയായിട്ടുണ്ടായ ഭാഷയാണു മലയാളം എന്നുള്ള മതം അവലംബിക്കുന്നവരുടെ യുക്തികളെ വിശകലനം ചെയ്ത് വിമർശിക്കുകയും മൂലഭാഷയുടെ ഒരു സ്വതന്ത്രശാഖതന്നെയാണ് മലയാളം എന്ന് തീർച്ചപ്പെടുത്തുന്നതിനുള്ള ചില തെളിവുകളും ഉന്നയിക്കുകയും ചെയ്തിരിക്കുന്നു. രാമചരിതം മുതലായ കൃതികളിൽ 'തമിഴ്' എന്ന പദം മലയാളഭാഷയെ വ്യപദേശിക്കുന്നതായി കാണുന്നതുകൊണ്ട് തമിഴിന്റെ ഉപശാഖയാണ് മലയാളം

1. *Keralapaniniyam*, IV Edition p. 14.

എന്ന് ഒരിക്കലും വരുന്നതല്ല. തമിഴ് എന്ന പദം ദ്രാവിഡഭാഷാ സാമാന്യപരാമർശകമാണ്. കാല്, കൈ, കൺ മുതലായ ശരീരാംഗങ്ങളെ പ്രതിപാദിക്കുന്ന പദങ്ങളും പാല്, നെയ്യ്, മുതലായി ഗൃഹോപയോഗികളായ വസ്തുക്കളെക്കുറിക്കുന്ന പദങ്ങളും മിക്കതും ചെന്തമിഴിലും മലയാളഭാഷയിലും സാധാരണമായി കാണുന്നതു് ഇതരദ്രവിഡഭാഷകളിലും നിലവിലിരിക്കുന്നതുകൊണ്ടും മൂലദ്രാവിഡഭാഷയുടെ ശാഖകളെന്ന നിലയിൽ അത്തരം സമാനപ്രകൃതികൾ സംഭാവ്യങ്ങളായതുകൊണ്ടും ചെന്തമിഴിൽനിന്ന് പിരിഞ്ഞുണ്ടായതാണ് മലയാളം എന്ന് വിചാരിക്കുന്നതിന് നിർവാഹമില്ല. രാമചരിതം, നിരണം കൃതികൾ എന്നിവയെ ആസ്പദമാക്കി മലയാളഭാഷയുടെ ആദിമരൂപം ചെന്തമിഴാണെന്ന് നണ്ണയിക്കുന്നതിനും പ്രതിബന്ധമുണ്ട്. ചെന്തമിഴിന്റെ കലർപ്പ് രാമചരിതത്തിൽനിന്നും യാതൊരു വ്യത്യാസവുമില്ലാതെതന്നെ രാമകഥാഗാനങ്ങളിലും കാണുന്നുണ്ട്. രാമചരിതാദികളിൽ കാണുന്ന ഭാഷാഭേദത്തിന്നടിസ്ഥാനം ആ വക ഗ്രന്ഥങ്ങളുടെ കർത്താക്കന്മാരുടെ ദേശഭേദമല്ലാതെ മറെറാന്നുമല്ല. അതുകൊണ്ട് രാമചരിതത്തിലോ മറോ ചെന്തമിഴ്രൂപങ്ങൾ അധികം കാണുന്നുണ്ടെന്നുള്ളതു് അവയുടെ പ്രാചീനതയെ തെളിയിപ്പാൻ പര്യാപ്തമല്ല. പഴയ ചെന്തമിഴ് ഗ്രന്ഥകർത്താക്കന്മാരിൽ ചിലർ കേരളീയരായി കാണുന്നുണ്ടെന്നുള്ളതോ കേരളത്തിലെ പഴയ ശിലാശാസനങ്ങളും മറും ചെന്തമിഴ് ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നുവെന്നുള്ളതോ മലയാളഭാഷയുടെ ആദിമരൂപനിർണ്ണയത്തിൽ യാതൊരു സാധകയുക്തിയും നല്കുന്നില്ല. പ്രാചീനകാലത്തുതന്നെ സംവൃദ്ധമായിരുന്ന തമിഴ് സാഹിത്യത്തിന് ചെന്തമിഴിൽ വൈദഗ്ദ്ധ്യം ഉണ്ടായിരുന്ന കേരളീയപണ്ഡിതന്മാരിൽനിന്ന് ഉണ്ടായിട്ടുള്ള സംഭാവനകളാണ് പതിററുപ്പത്തു്, ചിലപ്പതികാരം തുടങ്ങിയവ. എന്നാൽ അടുത്ത കാലത്തുപോലും പ്രമാണങ്ങളും മറും തമിഴിൽ എഴുതിയിരുന്നുവെന്നുള്ളതു് ഏവർക്കും അറിവുള്ളതാണല്ലോ. ചെന്തമിഴിൽ കാണുന്ന ശിലാശാസനങ്ങൾ ഏറിയകൂറും കൊല്ലത്തിനു തെക്കുള്ള പ്രദേശങ്ങളിൽ കാണുന്നതും മറു ചില പ്രദേശങ്ങളിൽ ചെന്തമിഴിലല്ലാതെ പഴയമലയാളത്തിൽത്തന്നെ ചില ശാസനങ്ങൾ ചുരുക്കമായിട്ടാണെങ്കിലും ഉണ്ടായിട്ടുള്ളതും കൂടി പ്രകൃതത്തിൽ സ്മർത്തവ്യമായിട്ടുണ്ട്. ഈ രീതിയിലാണ് മിസ്റ്റർ പിഷാരടി ചെന്തമിഴ് മലയാളത്തിന്റെ മാതൃത്വം വഹിക്കുന്നുവെന്നുള്ള വാദത്തെ നിരാകരിച്ചിട്ടുള്ളതു്.[1]

---

1. *A Critical Survey of Malayalam Language and Literature.* pp. 38-39

ഫ ൈൻ. മൂലദ്രമിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണ് മലയാളമെന്നും മലയാളത്തിന്റെ ആദ്യരൂപം മൂലദ്രമിഡഭാഷതന്നെയാണെന്നും സാധിപ്പാൻ മിസ്റ്റർ പിഷാരടി അവതരിപ്പിച്ചിട്ടുള്ള യുക്തികളും തെളിവുകളും കേവലം അസാരങ്ങളാണ്. മലയാളത്തിൽ വാഴ, പന, തല, മല മുതലായി ഇപ്പോഴും അകാരാന്തങ്ങളായി കാണുന്ന അസംഖ്യം ശബ്ദങ്ങളും മൂലഭാഷയിൽ അകാരാന്തങ്ങളായിരുന്നവയുടെ അവശേഷങ്ങളാണെന്നും ചോള പാണ്ഡ്യശാഖക്കാക്കു ഭാഷയെ പരുത്തിയും താലവ്യപ്രധാനമാക്കിയും ഉച്ചരിപ്പാനുള്ള വാസനയനുസരിച്ച് പിൽക്കാലത്തു് തമിഴിൽ വാഴ്വെ, പനൈ, തലൈ, എന്ന മാതിരി ഐകാരാന്തരൂപങ്ങളും ആയി തീർന്നുപോയതാണെന്നും ഉള്ള അധിഷ്ഠാനത്തിന്മേൽ മലയാളം മൂലദ്രാവിഡഭാഷയിൽ നിന്നും അതിപ്രാചീനമായകാലത്തുതന്നെ പിരിഞ്ഞുപോയിട്ടുള്ളതാണെന്നു് മിസ്റ്റർ പിഷാരടി പ്രസ്താവിക്കുന്നു. മൂലദ്രാവിഡഭാഷയിൽതന്നെ പ്രസ്തുതപദങ്ങളും വാഴയ്, പനയ്, തലയ്, മലയ് എന്നിങ്ങനെ താലവ്യാന്തങ്ങളായിരുന്നിരിക്കണം എന്നു സമർത്ഥിക്കുവാൻ കഴിയുന്നതിനാൽ മിസ്റ്റർ പിഷാരടിയുടെ വിപരീതവാദത്തിനു് സ്ഥാനമില്ല. മലയാളത്തിൽ തനിയേ നില്ക്കുമ്പോൾ വാഴ, പന, എന്നിങ്ങനെ അകാരാന്തങ്ങളാണെങ്കിലും പ്രത്യയയോഗത്തിൽ വാഴയ്ക്കു്, പനയ്ക്കു് എന്നിങ്ങനെ യകാരഘടിതങ്ങളായിരിക്കുന്നതു് ആദിമദശയിൽ പ്രകൃതികാലംതന്നെ താലവ്യാന്തങ്ങളായിരുന്നു എന്നുള്ളതിനു് അനിഷേധ്യമായ തെളിവാണു്. പദാവസാനത്തിലുള്ള യകാരം ശിഥിലപ്രയത്നകമായതുകൊണ്ടു് ലോപിക്കാവുന്നതത്രേ. താലവ്യത്വം ഒരു വിധത്തിലും ഇല്ലാത്ത 'ക്കു' എന്ന പ്രത്യയം ചേരുമ്പോൾ ഇടയ്ക്കു് യകാരം കാണുന്നുണ്ടെങ്കിൽ അതു് പ്രകൃതിഗതമായിരിക്കുവാനല്ലാതെ വഴിയില്ല. മൂലദ്രാവിഡഭാഷയിൽ യകാരാന്തമായിരുന്നതു് തമിഴിൽ വാഴ്വെ പനൈ എന്നിങ്ങനെ ഐകാരാന്തമായി വിന്യസിക്കപ്പെട്ടുവാനും കർണ്ണാടകത്തിൽ യകാരസമ്പർക്കത്താൽ അകാരത്തിനു ഏകാരം വന്നു വാഴ്വെ, പനെയ്, എന്നിങ്ങനെ ഉച്ചരിക്കപ്പെട്ടു് അവസാനത്തിലുള്ള യകാരത്തിന്റെ ലോപത്തോടുകൂടി വാഴ്വെ, പനെ എന്നിങ്ങനെ ഏകാരാന്തങ്ങളായി അംഗീകരിക്കപ്പെടാനും മലയാളത്തിലും തെലുങ്കിലും അവസനേത്തിലെ യകാരം ലോപിച്ചു് അകാരാന്തങ്ങളായി അവസ്ഥാനം ചെയ്യുവാനും ഇടയായി എന്നുള്ളതാണു് ശാസ്ത്രസമ്മതമായ ചിന്താഗതി.

മലയാളത്തിന്റെ ആദിരൂപം മൂലദ്രാവിഡ ഭാഷയാണെന്നുള്ളതിലേക്കു് പിഷാരടി നിർദ്ദേശിക്കുന്ന യുക്തികളും തദ്വിഷയകമായ നിരൂപണവും.

---

1. *A critical survey of Malayalam language and literature,* pp. 38-62

ഫന്നു ൧. മൂലഭാഷയിൽ ലിംഗവചനപ്രത്യയങ്ങൾം ചേർന്നും ചേരാതെയും രണ്ടുമാതിരി ക്രിയാരൂപങ്ങൾം ഉണ്ടായിരുന്നതിൽ ചോള പാണ്ഡ്യദേശങ്ങളിലെ ഭാഷയായി പിരിഞ്ഞ ശാഖയിൽ കർണ്ണാടക ശാഖയിലെന്നപോലെ ലിംഗാദിപ്രത്യയങ്ങൾം ചേർന്ന ക്രിയാരൂപങ്ങളും കേരളത്തിലെ സംഭാഷണഭാഷയായി പിരിഞ്ഞ ശാഖയിൽ ആ വക പ്രത്യയങ്ങൾം ചേരാത്ത രൂപങ്ങളും മാത്രമാണ് യദൃഛയാ സ്ഥിരപ്പെട്ട് വന്നതെന്ന് കരുതുന്നതേ യുക്തമാവുകയുള്ളു എന്നാണ് മലയാളം ദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണെന്നുള്ളതിനു് മിസ്റ്റർ പിഷാരടി അവതരിപ്പിച്ചിട്ടുള്ള മറെറാരു തെളിവു്. കേരളത്തിലെ പദ്യസാഹിത്യത്തിൽ കാണുന്ന ചൊന്നാൻ, നിന്നാൻ, എന്ന രീതിയിലുള്ള ക്രിയാരൂപങ്ങൾക്ക് ക്രമേണ യദൃഛയാ, മേ, തവ എന്നിവക സംസ്കൃത തദ്ഭവശബ്ദങ്ങളുടെ സ്ഥാനംപോലെ ചെന്തമിഴിൽനിന്നും സ്വീകരിച്ച തൽസമശബ്ദങ്ങൾം എന്നുള്ള സ്ഥാനം മാത്രമേ നലേ്കണ്ടതുള്ളു എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തം. കേരളപാണിനീയകർത്താവു് പുരുഷഭേദനിരാസം എന്നു് വ്യപദേശിച്ചു് തമിഴിലെ ലിംഗപുരുഷ വചനങ്ങളെ കുറിക്കുന്ന പ്രത്യയങ്ങൾം ചേർത്തു് രൂപഭേദം വരുത്തുന്ന സമ്പ്രദായത്തെ മലയാളം പാടേ ഉപേക്ഷിച്ചു എന്നു പ്രസ്താവിച്ചിട്ടുള്ളതും[1] ഇവിടെ സ്മർത്തവ്യമാണ്. പുരുഷാദിഭേദത്തെക്കുറിക്കുന്ന പ്രത്യയം ചേർന്ന ക്രിയാരൂപങ്ങൾം മൂലദ്രാവിഡഭാഷയിൽ സാമാന്യേന ഉണ്ടായിരുന്നതു് തമിഴ് മുതലായവയിലെന്നപോലെ മലയാളത്തിലും ആദിമദശകളിൽ വ്യവഹാരഭാഷ ഉൾപ്പെടെ ഉണ്ടായിരുന്നുവെന്നും അവ പിന്നാലെത്തു് ഏറിയകുറും ക്രമേണ തിരോധാനം ചെയ്യുവാൻ ഇടവന്നുവെന്നും വിചാരിക്കുന്നതാണ് സംഗതമായിട്ടുള്ളതു്. ക്രിയകളുടെ പ്രകാരരൂപങ്ങളിൽ[2] കേൾപ്പിൻ, വരുവിൻ എന്നിങ്ങനെ പുരുഷദ്യോതകമായ പ്രത്യയാംശം ഇന്നും പ്രയോഗത്തിൽ ഇരിക്കുന്നുണ്ടെന്നുള്ളതു് ക്രിയകളുടെ കാലരൂപങ്ങളിലും അത്തരം വ്യത്യാസങ്ങൾം ഉണ്ടായിരുന്നുവെന്നുള്ള അദ്ദേഹത്തെയാണ് സഹായിക്കുന്നതു. സംസ്കൃതസമ്പർക്കം കൊണ്ടു് പരിഷ്കൃതമായിത്തീർന്ന മലയാളകവിതാപ്രസ്ഥാനമായ പരിഗണിക്കപ്പെടേണ്ടതായ മണിപ്രവാളശാഖയിൽപോലും പുരുഷാദിഭേദത്തെക്കുറിക്കുന്ന പ്രത്യയങ്ങൾം ചേർന്ന കാലരൂപങ്ങൾം പ്രാചുര്യേണ

---

1. *Keralapāṇiniyam*, IV Edition p. 26
2. modes.

കാണുന്നതു് അവയ്ക്കു് മലയാളത്തോടുവാട്ടിലും സുദൃഢമായ ഒരു ബന്ധം ഉണ്ടായിരുന്നുവെന്നല്ലയോ വിശദീകരിക്കുന്നതു്? സഗോത്രഭാഷകളിൽ സാമാന്യേന കാണപ്പെടുന്ന ഒരു രൂപഭേദസംപ്രദായം ഒരു ഭാഷയിൽ ആധുനികകാലത്തു് നഷ്ടശ്ലേഷം നഷ്ടപ്പെട്ടപോയതിൽതന്നെ അതു് അതീതദശകളിൽ ഉണ്ടായിരുന്നുവെന്ന നിഗമനം ചെയ്യണമെന്നും അല്ലാതെ നേരെമറിച്ചു അതിനെ ആധാരമാക്കി മൂലഭാഷയിൽ അസാധാരണമായ ഒരു രീതികൂടി ഉണ്ടായിരുന്നുവെന്ന ശങ്കിച്ചുകൂടെന്നും ആണു് ജെസ്പേഴ്സൻ തുടങ്ങിയ ഭാഷാശാസ്ത്രപ്രമാണികന്മാരുടെ അഭിപ്രായഗതിയെന്നു് അവരുടെ ഗ്രന്ഥം പരിശോധിച്ചാൽ അറിയാം.

എൽ. വി. രാമസ്വാമിഅയ്യരുടെ മതം.

ഫ. വർണ്ണവികാരനയത്തിലും വ്യാകരണത്തിലും ഉള്ള സാദൃശ്യങ്ങൾ മലയാളത്തിനു് തമിഴിനോടു് മറേറതൊരു ദ്രാവിഡഭാഷയോടും ഉള്ളതിനെക്കാൾക്കൂടുതൽ ചാർച്ചയുണ്ടെന്നു വെളിപ്പെടുത്തുവാൻ പര്യാപ്തങ്ങളാണെന്നു് എൽ. വി. രാമസ്വാമിഅയ്യർ 'Malayāḷam Morphology' എന്ന ഗ്രന്ഥത്തിൽ ഒരിടത്തു് പ്രസ്താവിച്ചിരിക്കുന്നു.[1] മററു ദ്രാവിഡഭാഷകളിൽ നിന്നും തമിഴ്മലയാളങ്ങളെ വേർതിരിക്കുന്ന ചില വർണ്ണവിഷയകങ്ങളായ ഉപാധികളെ അദ്ദേഹം പരിഗണിച്ചിട്ടുള്ളതു് ഇപ്രകാരമാണു്.

ക. ററ, ൻറ എന്നീ വർജ്ജ്യവർണ്ണങ്ങളും സന്ധിയിൽ അവയുടെ സംഭവിക്കുന്ന സന്ദർഭവിശേഷങ്ങളും.

ഖ. ഴ, റ എന്നീ വർണ്ണങ്ങളുടെ അവസ്ഥാനം.

ഗ. ദന്ത്യമായ നകാരത്തിനും വർത്സ്യമായ നകാരത്തിനും തമ്മിലുള്ള വ്യത്യാസം.

ഘ. സ്വരമധ്യത്തിലുള്ള കചടതപങ്ങൾക്കു് നിയതമായ ഘോഷതാപാദനം.

ങ. അനുനാസികങ്ങളോടുകൂടിയ സംയുക്തവ്യഞ്ജനങ്ങളിൽ കചടതപങ്ങൾക്കു് ഘോഷതാപാദനം.

ന. കകാരത്തിനു ചകാരമായിട്ടുള്ള പരിണാമം.

ച. പദമധ്യത്തിൽ കകാരത്തിനു് താലവ്യതാപം കലത്തിയുള്ള ഉച്ചാരണം.

വ. പദമാതിരിയുള്ള പദാന്തസന്ധികൾ (വിശിഷ്യ സമാസങ്ങളിലുള്ളവ).

ൻ. പദമദ്ധ്യസന്ധിയിലെ വിവിധങ്ങളായ ഭേദങ്ങൾ.

---

1. See pp. 139 and 140

ഇവയുടെ പുറമേ പദഘടനാപരമായി ലിംഗപ്രത്യയങ്ങൾ, മാർ ചേർന്നുള്ള ബഹുവചനരൂപങ്ങൾ, വിഭക്തിദ്യോതകങ്ങളായ അന്ത്യാംശങ്ങൾ, ആഗമങ്ങൾ, പരാനുബന്ധങ്ങൾ, കാരിതം ചേർന്നുള്ള ധാതുപ്രകൃതികൾ, സകർമ്മകപ്രകൃത്യകർമ്മകപ്രകൃതികൾ, വർത്തമാനകാലപ്രത്യയങ്ങൾ, ഭൂതകാലരൂപത്തിലെ അംഗങ്ങളുടെ നിർമ്മിതി, വാൻ ചേർന്നുള്ള പിൻവിനയെച്ചങ്ങൾ, വിധ്യായകപ്രകാരങ്ങൾ, നിഷേധാനുപ്രയോഗങ്ങൾ എന്നിവയിലും തമിഴ്മലയാളങ്ങൾക്ക് സമാനസ്വഭാവം സംഭാവ്യമാകുന്നതും മലയാളത്തിന് തമിഴിനോടുള്ള അതിശയിതമായ ചാർച്ച വെളിപ്പെടുത്തുന്നതായി മിസ്റ്റർ രാമസ്വാമിഅയ്യർ കരുതുന്നു.

മലയാളവും തമിഴ്, തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള ഇതരാഭിപ്രായങ്ങളുടെ നിരൂപണങ്ങൾ.

ഫസ്യൂ. കർണ്ണാടകവും തെലുങ്കും തമിഴിനോട് ബന്ധപ്പെട്ടിട്ടുള്ളതുപോലെ മാത്രമേ മലയാളവും തമിഴിനോട് ബന്ധപ്പെട്ടിട്ടുള്ളൂ എന്നു അഭിപ്രായപ്പെടുന്ന ചിലരുടെ യുക്തികൾ ദുർബലങ്ങളാണെന്നു കാണിക്കുവാനും മിസ്റ്റർ രാമസ്വാമിഅയ്യർ ശ്രമിച്ചിട്ടുണ്ട്.[1] മലയാളത്തിൽ പദാന്തത്തിൽ കാണുന്ന അകാരം തമിഴിലെ ഐകാരത്തിൽ നിന്നു ഉണ്ടായിട്ടുള്ളതല്ലെന്നും മൂലദ്രാവിഡഭാഷയിൽ തന്നെ ഉണ്ടായിരുന്ന താലവ്യമായ അകാരത്തോട് നേരിട്ട ചാർച്ചയുള്ളതാണെന്നും വാദിക്കുന്നവർ തെലുങ്കിലും മലയാളത്തിലെപ്പോലെ തല, ഒറ, കൊറ മുതലായി അകാരാന്തങ്ങളായ വാക്കുകൾ ഉള്ളതും തൊൽകാപ്പിയം എഴുത്തധികാരം ഒമ്പതാം സൂത്രത്തിൽ പനംഗായ്, ആവിരംഗായ് എന്നപോലെ സമാസസന്ധിയിൽ പൂർവ്വപദത്തിലെ 'ഐ'കാരം തിരോധാനം ചെയ്യുമെന്നു പറഞ്ഞിട്ടുള്ളതിൽ നിന്നും പന എന്നതു പിൽക്കാലത്തു പനൈ എന്നു തമിഴിൽ ഐകാരാന്തമായിത്തീർന്നതാണെന്നു കരുതേണ്ടിയിരിക്കുന്നതും സ്വമതസ്ഥാപനത്തിനു ആധാരമാക്കുന്നു. അതിനും പുറമേ തമിഴിലെ ഇല്ലൈ, അവൈ, ഇവൈ എന്നതിനു നേരായി മലയാളത്തിൻ ഇല്ല, അവ, ഇവ, എന്നും കാണുന്നതു തമിഴിലെ പ്രാചീനകൃതികളിൽ മൂലദ്രാവിഡ ഭാഷയിലെ 'അ' എന്ന ബഹുവചനദ്യോതകമായ അന്ത്യാംശത്തോടുകൂടിയ രൂപങ്ങൾക്കു സമാനമാണെന്നും അപ്രകാരമുള്ള സ്ഥലങ്ങളിൽ ഐകാരം ചേർന്നുള്ള രൂപങ്ങൾ തമിഴിൻ പിൽക്കാലത്തു ഉണ്ടായിട്ടുള്ളതാണെന്നും അക്കൂട്ടർ വിചാരിക്കുന്നു. തൊൽകാപ്പിയം

1. *Malayāḷam Morpholoyy*, p. 143 – 148

എഴുത്തധികാരത്തിൽതന്നെ ന ണ ം-ാംസൂത്രത്തിൽ 'ഇല്ല' എന്നതു് ഐകാരത്തോടു ചേർന്നു് സമാസസന്ധിയിൽ ഇല്ലൈക്കൊത്തൻ, എന്നു വരുമെന്നു് പറഞ്ഞിട്ടുള്ളതും കർണ്ണാടകത്തിൽ ഇല്ല എന്ന രൂപം കാണുന്നതും കൂടി പ്രസ്തുതവാദത്തിനു് താങ്ങായിക്കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. മലയാളത്തിൽ പദാന്തത്തിലുള്ള അകാരം തമിഴിലുള്ള 'ഐ' എന്നതിനേക്കാൾ പ്രാചീനമാണെന്നു് ആദ്യമായി അഭിപ്രായപ്പെട്ടതു് ഡാക്ടർ കാൾഡ്വെലാണു്. അതിനെത്തുടർന്നു് അർവ്വാചീനപണ്ഡിതന്മാർ കൊണ്ടുവന്നിട്ടുള്ള യുക്തികളിൽ ഒന്നുംതന്നെ തമിഴിലെ 'ഐ' എന്നതിൽ നിന്നല്ല മലയാളത്തിലെ 'അ' പരിണമിച്ചിട്ടുള്ളതു് എന്നു തീർച്ചപ്പെടുത്തുന്നതിനു് ഒരു വിധത്തിലും ഉതകുന്നതല്ല എന്നതത്രേ മിസ്റ്റർ രാമസ്വാമിഅയ്യരുടെ മതം. തല, ഒറ എന്നിവയിൽ തെലുങ്കിലുള്ള അകാരവും പ്രാചീനതരമായ 'ഐ' എന്നതിന്റെ പരിണാമമാകുവാൻ പാടില്ലാത്തില്ലെന്നും, പനംഗായ് എന്നുള്ള രൂപസിദ്ധിക്കു പ്രമാണമായി തൊല്കാപ്പിയത്തിലെ സൂത്രം പനയ് എന്നതിനെക്കാൾ 'പന' എന്നാണു് പ്രാചീനരൂപം എന്ന വിചാരിക്കുന്നതിനു് ഒരു വിധത്തിലും സഹായകമല്ലെന്നും തമിഴിൽ 'ഇല്' എന്ന കുറിപ്പുവിനപ്രകൃതിയുടെ പ്രഥമപുരുഷനപുംസകബഹുവചനരൂപമായി 'ഇല' എന്നുകാണുന്നതിനു് ഇല്ലൈ എന്നതിനോടു് എന്തെങ്കിലും ബന്ധമുണ്ടെന്നു വാദത്തിനുവേണ്ടി കരുതിയാൽ തന്നെയും മലയാളത്തിലെ 'ഇല്ല' എന്നതു് തമിഴിൽ ലിംഗഭേദമോ വചനഭേദമോ പുരുഷഭേദമോ കൂടാതെ പ്രയോഗിക്കുന്ന നിഷേധവാചകമായ 'ഇല്ലൈ' എന്നതിൽ നിന്നു് ഉണ്ടായിട്ടുള്ളതല്ലെന്നു് തെളിയിക്കുവാൻ അശക്തമാണെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. മലയാളത്തിൽ അവ, ഇവ എന്നീ രൂപങ്ങളിൽ കാണുന്ന 'അ' ബഹുവചനപ്രത്യയകമായ 'അ' തന്നെയാണോ എന്നുള്ളതു് സന്ദിഗ്ദ്ധമാണെന്നും അവയുടെ, അവയിറ്റിൽ എന്നെല്ലാം രൂപങ്ങൾ കാണുന്നതുകൊണ്ടു് അവ, ഇവ എന്നിവയിലെ അകാരം തമിഴിലെ അവൈ, ഇവൈ എന്നിവയിലെ ഐകാരത്തോടു് ബന്ധമുള്ളതായിരിക്കുവാനാണു് ഇടയുള്ളതെന്നും മിസ്റ്റർ രാമസ്വാമി അയ്യർ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മലയാളത്തിൽ പ്രതിഗ്രാഹികയിൽ കാണുന്ന 'എ' മൂലദ്രാവിഡഭാഷയിലെ 'അ' എന്നതിന്റെ പരിണതരൂപമാണെന്നും പ്രതിഗ്രാഹികാപ്രത്യയമായ 'ഐ' എന്നതിനു പകരം 'അ' എന്ന കവിതയിൽ കണ്ടുവരുന്നുവെന്നുള്ള തൊല്കാപ്പിയം ചൊല്ലധികാരം ഥ ാ വ-ാംസൂത്രം കാണുന്നതുകൊണ്ടു് 'അ' എന്നതായിരിക്കാം പ്രാചീനരൂപമെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതു് ഒരു വൃഥാവാദമെന്ന

നിലയിലേ മിസ്റ്റർ അയ്യർ വീക്ഷിക്കുന്നുള്ളൂ. ദന്ത്യമായ നകാരത്തിനും വർത്സ്യമായ നകാരത്തിനും തമ്മിൽ വ്യത്യാസം നിലവിലിരിക്കുന്നതു് മലയാളത്തിന്റെ പ്രാചീനതയ്ക്കു് ഒരു തെളിവായി ചിലർ കൊണ്ടുവന്നിട്ടുള്ളതും പ്രാചീനതമിഴ് വ്യാകരണങ്ങളിൽ ആ രണ്ടു വർണ്ണങ്ങൾക്കും ഭിന്നമായ അവസ്ഥാനം സ്പഷ്ടമായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥിതിക്കു് അനാദരണീയമായി അദ്ദേഹം കരുതുന്നു. തമിഴിൽ ഗ്ഗ എന്നതിനു് എതിരായി മലയാളത്തിൽ ഗ്ഗ എന്നു കാണുന്നതും, മലയാളത്തിൽ തമിഴിലെപ്പോലെ ലിംഗപുരുഷവചനപ്രത്യയങ്ങൾ ചേർന്ന ക്രിയാരൂപങ്ങൾ കാണാത്തതും മലയാളം തമിഴിൽ നിന്നു് സ്വതന്ത്രമാണെന്നുള്ളതിനു് ആധാരമായി ചിലർ ഉന്നയിച്ചിട്ടുള്ളതിനേയും മിസ്റ്റർ രാമസ്വാമി അയ്യർ നിരാകരിക്കുന്നുണ്ടു്. തമിഴിൽ ഗ്ഗകാരത്തോടു് ഗകാരം ചേർന്നതു് അവാചീനദശയിലാണെന്നും പുരുഷാദിപ്രത്യയങ്ങൾ ചേരാത്ത ക്രിയാരൂപങ്ങൾ ദ്രാവിഡഭാഷകളുടെ പൂർവ്വദശയിൽ അറിയപ്പെട്ടിട്ടേ ഇല്ലെന്നും ആണു് അദ്ദേഹം ഇതിനു് പ്രദർശിപ്പിക്കുന്ന യുക്തി.

പ്രാചീനമധ്യകാലതമിഴിനും മലയാളത്തിനും ഇടയിൽ രാമസ്വാമി അയ്യർ അടിച്ചിട്ടുള്ള സമവാക്യം.

ഫലം. മലയാളഭാഷയുടെ ഉദ്ഭവം തമിഴിൽ നിന്നുമല്ല കർണ്ണാടകം തെലുങ്കു് മുതലായവയെപ്പോലെ സ്വതന്ത്രമായിട്ടാണു് എന്നുള്ള അഭിപ്രായത്തെ ഖണ്ഡിച്ചിട്ടു് മിസ്റ്റർ രാമസ്വാമിഅയ്യർ തമിഴിൽത്തന്നെ ഒരു പ്രത്യേകദശയോടാണു് പ്രാചീനമലയാളത്തിനു് സമാനഭാവം ഉള്ളതെന്നു് വ്യവസ്ഥാപിച്ചിരിക്കുന്നു. ഏ. ഡി. അഞ്ചാം ശതകംവരെയുള്ള സംഘംകൃതികളിൽ കാണുന്ന ഭാഷയെ പ്രാചീനതമിഴ് എന്നും അതിനുശേഷം ൧൦-ാംശതകംവരെയുള്ള തമിഴ്കൃതികളിലെ ഭാഷയെ പ്രാചീനമധ്യകാലതമിഴ് എന്നും വ്യവഹരിക്കുന്ന മിസ്റ്റർ രാമസ്വാമിഅയ്യർ പ്രാചീനമധ്യകാലതമിഴിനോടു് സദൃശമായി അഭിവൃദ്ധിപ്പെട്ടുവന്നിട്ടുള്ള ഒരു ദശാവിശേഷത്തിലാണു് മലയാളത്തിന്റെ അധിഷ്ഠാനം ദർശിക്കുന്നതു്[1] പ്രാചീനതമിഴ് ഒരു വശത്തുകൂടി പ്രാചീനമധ്യകാലത്തമിഴായി വളരുവേ മറെറാരു വശത്തുകൂടി മിക്കവാറും സദൃശമായ രീതിയിൽ വളർന്നു് മലയാളമായി പരിണമിച്ചുവെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായത്തിന്റെ ചുരുക്കം.

---

1. See *Tamil and Malayāḷam* pp. 1—2 and also *Malayāḷam Morphology* p. 140.

ഫന്നർ. മലയാളത്തിലെ പദഘടനയിൽ പല സ്വഭാവങ്ങളും പ്രാചീനമധ്യകാലതമിഴിനോട് സജാതീയങ്ങളാണെന്നുള്ളതിന് മിസ്റ്റർ രാമസ്വാമിഅയ്യർ ഉദ്ധരിച്ചിട്ടുള്ള തെളിവുകൾ[1] താഴെ ചേർക്കുന്നവയാണ്.

അതിലേക്ക് മിസ്റ്റർ അയ്യർ പ്രദർശിപ്പിക്കുന്ന തെളിവുകൾ.

(ക) 'ആൽ' എന്ന പ്രയോജികാപ്രത്യയം, 'ൻറ' എന്ന സംബന്ധികൈകവചനം, ഇൽ, കൽ, എന്നീ ആധാരികാപ്രത്യയങ്ങൾ, ചേതനാചേതനഭേദമെന്യേ പ്രയോഗിക്കപ്പെടുന്ന 'കൾ' എന്ന ബഹുവചനപ്രത്യയം, മാർകൾ എന്ന ഇരട്ടി ബഹുവചനപ്രത്യയം, കൊണ്ട്, കുറിച്ച്, പക്കൽ തുടങ്ങിയ ഗതികൾ, ഇൽ, കാട്ടിൽ എന്നീ താരതമ്യദ്യോതകങ്ങൾ എന്നിവയുടെ കായ്ത്തിൽ മലയാളം പ്രാചീനതമിഴിനോടല്ല പ്രാചീനമധ്യകാലതമിഴിനോടാണ് നേരിട്ടടുത്തിരിക്കുന്നത്.

(ഖ) മലയാളത്തിലെ നിങ്ങൾ, ഞങ്ങൾ, എങ്ങൾ, അവർകൾ, എന്നിവ പ്രാചീനമധ്യകാലതമിഴിലുള്ള നീമ്ഗൾ, നാമ്ഗൾ, എങ്ഗൾ, അവർഗൾ, എന്നിവയിൽനിന്നും പരിണമിച്ചുണ്ടായതാണ്.

(ഗ) പെട്ടത്ത് എന്നതിന് പുറമേ പെട്ടക്ക് എന്നതുപോലെയുള്ള ക്രിയാപ്രകൃതികളും, പ്രാചീനതമിഴിൽ ഇല്ലാത്ത നിന്നത്, ഇരുന്നത് തുടങ്ങിയ ക്രിയാപ്രകൃതികളും, പ്രയോജികാരൂപങ്ങളുടെ അന്ത്യാംശങ്ങളും, ആൻ, ആർ, ഏൻ, ഓം, ആയ്, എന്നു പ്രാചീനമലയാളത്തിലെ ക്രിയാരൂപങ്ങളിൽ കാണുന്ന പുരുഷദ്യോതകങ്ങളും മദ്ധ്യകാലത്തമിഴിലെ ഗിൻഡ് എന്നതിന്റെ നേരായി ഇന്ന്, ഉന്ന്, എന്നീ വർത്തമാനപ്രത്യയങ്ങളും, ഇൽ ചേർന്നുള്ള പാക്ഷികവിനയെച്ചങ്ങളും, ആനും, ഏനും, ഏലും, എന്നിവ ചേർന്നുള്ള അംഗീകാരവിനയെച്ചങ്ങളും, ഉത്തമപുരുഷനിലും മധ്യമപുരുഷനിലും, 'ഗ' എന്നതു ചേർന്നുള്ള വിധായകരൂപങ്ങളും വാൻ, പ്പാൻ, എന്നിവ ചേർന്നുള്ള പിൻവിനയെച്ചരൂപങ്ങളും ക്രിയകളുടെ പലമാതിരി നിഷേധരൂപങ്ങളും മലയാളത്തിന് പ്രാചീനമധ്യകാലത്തമിഴിനോടുള്ള അടുപ്പം വ്യക്തമാക്കുന്നവയാണ്.

മലയാളത്തിൽ മാത്രം കാണുന്ന വിശേഷങ്ങൾ.

ഫന്നർ. മദ്ധ്യമപുരുഷസർവ്വനാമൈകവചനത്തിൽ വിഭക്തിപ്രത്യയം ചേരുമ്പോൾ ഉള്ള 'നിൻ' എന്ന പ്രകൃതിയും ചെയ്യാം, ചെയ്യിൻ, കൊടുപ്പിൻ മുതലായ പ്രകാരരൂപങ്ങളും മറ്റും മലയാളത്തിന് പ്രത്യേകമായ പ്രയോഗവിശേഷങ്ങളാണെന്നത്രേ മിസ്റ്റർ രാമസ്വാമിഅയ്യരുടെ പക്ഷം. അവയ്ക്ക് തമിഴിനോടോ മറ്റേതെങ്കിലും ദ്രാവിഡഭാഷയോടോ പറയത്തക്ക യാതൊരടുപ്പവും ഇല്ലത്രേ.

---

1. *Malayalam Morphology*, p. 140.

ഫന്നതു. ഇങ്ങനെ മലയാളത്തിന്റെ ഉദ്ഭവത്തേയും ആദിമരൂപത്തേയും കുറിച്ചു് ഭിന്നങ്ങളായ അഭിപ്രായങ്ങളാണു് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു. മലയാളം ദ്രാവിഡഗോത്രത്തിൽനിന്നും പിരിഞ്ഞു് മലനാട്ടിൽ പ്രത്യേകങ്ങളായ പരിതഃസ്ഥിതികളിൽ വളന്നിട്ടുള്ളതാണെന്നുള്ള മിസ്റ്റർ പിഷാരടിയുടെ സിദ്ധാന്തം നമുക്കു സ്വീകാര്യമാണു്. അതിലേക്കു് അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള യുക്തികളുടെ അപര്യാപ്തത മുൻപുതന്നെ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. ഒരു ജീവദ്ഭാഷയുടെ പൂർവ്വരൂപം നിർണ്ണയിക്കുന്നതിനു ഗ്രന്ഥഭാഷയേക്കാൾ വ്യവഹാരഭാഷയെയാണു് നാം ആധാരമാക്കേണ്ടതു്. ഇന്നത്തെ വ്യവഹാരഭാഷ പൂർവ്വദശകളിലെ വ്യവഹാരഭാഷയുടെ പരിണതരൂപമായിത്തീരുവാൻ സംഗത്യം ഉള്ളിടത്തോളം മാത്രമേ നാം പ്രാചീനരൂപങ്ങളെ സങ്കല്പനം ചെയ്യുവാൻപാടുള്ളൂ. വിദ്യാഭ്യാസഭാഷയുടെ ഭേദംകൊണ്ടു് സാഹിത്യഗ്രന്ഥങ്ങളിലും രാജ്യഭരണസംബന്ധമായ സ്ഥിതിവിശേഷങ്ങൾക്കു് വിധേയമായി പ്രചാരാധിക്യമുള്ള ഭാഷയിൽ വിന്യസ്തങ്ങളായിട്ടുള്ള ശിലാശാസനങ്ങളിലും ഗ്രന്ഥവരികളിലുംമറ്റും യഥാർത്ഥമായ ദേശഭാഷയിൽ കാണാത്ത പല വ്യതിയാനങ്ങളും സംഭാവ്യങ്ങളാകയാൽ അവയെ ആസ്പദമാക്കി ഭാഷയുടെ പൂർവ്വരൂപം വിധിനിർണ്ണയംചെയ്യുന്നതു് മിക്കവാറും അസാധ്യമാണു്. അതിപ്രാചീനമായ കാലത്തിൽപോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഒരു ഉപശാഖയോ ആയിരുന്നുവെന്നു് വിചാരിക്കുന്നതു അസംഗതമാണു്. എത്രതന്നെ പ്രാചീനമായ മലയാളരേഖയിലും മലയാളത്തിനു് തമിഴ മുതലായ മറ്റു ദ്രാവിഡഭാഷകളിൽനിന്നും പ്രത്യേകമായ ഒരു വ്യക്തിത്വം തെളിഞ്ഞുകാണുകതന്നെ ചെയ്യുന്നു. വ്യവഹാരഭാഷയുടെ പ്രാചീനദശകളെ മിക്കവാറും പരിരക്ഷിച്ചുപോരുന്ന ശൈലികളും, പഴഞ്ചൊല്ലുകളും, കടംകഥകളും മുതലായവ മലനാട്ടുഭാഷയുടെ പ്രത്യേകതകളെ ഉദാഹരിക്കുവാൻ മറ്റേതിനെക്കാളും കൂടുതൽ പ്രഗല്ഭങ്ങളാണു്. തമിഴ്നാട്ടിനോടടുത്തു് കിടക്കുന്ന ദേശങ്ങളിൽ ഉണ്ടായിട്ടുള്ള കൃതികളും മലയാളത്തിലായാൽത്തന്നെയും ദേശ്യപ്രയോഗങ്ങളെ ബാഹുല്യേന ഉൾക്കൊള്ളുവാൻ ഇടയുള്ളതുകൊണ്ടു് അത്തരം കൃതികളുടെ പ്രാചീനതയോ അവയിലെ ഭാഷാരീതിയോ സാമാന്യഭാഷയുടെ സ്വരൂപം നിർണ്ണയിക്കുന്നതിനു് അവലംബമാക്കാവുന്നതല്ല.

പ്രകൃതവിഷയത്തിൽ ഈ ഗ്രന്ഥകാരന്റെ മതം.

ഫന്നെ. മലയാളത്തിന്റെ ആദിമരൂപവും പ്രാചീനമധ്യകാല തമിഴും പ്രാചീനതമിഴിൽനിന്നും മിക്കവാറും സമാനമായ അഭിവൃദ്ധി പ്രദർശിപ്പിക്കുന്ന രണ്ടു ശാഖകളാണെന്നുള്ള മിസ്റ്റർ രാമസ്വാമിഅയ്യരുടെ സിദ്ധാന്തം സ്വീകരിക്കുവാൻ വളരെ വൈഷമ്യമുണ്ട്. മലയാളം തമിഴിൽനിന്ന് നേരത്തേതന്നെ പരിഞ്ഞുപോയിട്ടുള്ള ഒരു ഭാഷയാണെങ്കിൽ അതിൽ തമിഴിനുവന്നതുപോലുള്ള പരിണാമങ്ങൾ സംഭവിച്ചുവെന്നുള്ളതു യുക്തിയുക്തമായിരിക്കുന്നില്ല. പ്രാചീനമധ്യകാലതമിഴിൽ മലയാളത്തിനു സരൂപങ്ങളായി അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള രൂപവിശേഷങ്ങൾ മിക്കവാറും പ്രാചീനതമിഴിൽ ഇല്ലാത്തവയും പിൽക്കാലത്തു ഉദയം ചെയ്തിട്ടുള്ളവയും ആണെന്ന് അദ്ദേഹത്തിനു അഭിപ്രായമുള്ള സ്ഥിതിക്ക് പ്രാചീനതമിഴിന്റെ അനുക്രമമായ ഒരു ദശയേയാണ് മലയാളം പ്രദർശിപ്പിക്കുന്നതെന്ന് എങ്ങനെ സമർത്ഥിക്കുവാൻ സാധിക്കും? പ്രാചീനതമിഴിൽ ഇൽ എന്നിരിക്കുമ്പോൾ പ്രാചീനമധ്യകാലതമിഴിൽ ഇൽനിൻറു എന്നും മലയാളത്തിൽ ഇൽനിന്ന് എന്നും കാണുന്നവ സമാനമായ വളർച്ചയെക്കാണിക്കുന്നു എന്നുള്ള മിസ്റ്റർ രാമസ്വാമിഅയ്യരുടെ വാദത്തിന്റെ ദൌർബ്ബല്യം പ്രകടമാണല്ലോ. ഏതാദൃശങ്ങളായ സാരൂപ്യങ്ങളുള്ള, ഒരു ഭാഷയ്ക്ക് മറെറാരു ഭാഷയോടുള്ള ആഗമികമായ ബന്ധത്തെ വ്യവസ്ഥാപിക്കുവാൻ പ്രയോജനപ്പെടുന്നതു്. തമിഴ് മലയാളങ്ങൾക്ക് പ്രാചീനമായ ദശയിൽതന്നെ വ്യവഹാരഭാഷയിൽ 'നിൻറു' എന്ന ഗതി ആധാരികയോടു ചേർത്തു സംസ്കൃതത്തിലെ പഞ്ചമീവിഭക്തിയുടെ അർത്ഥത്തിൽ ഉണ്ടായിരുന്നിരിക്കണം. അല്ലാതെ രണ്ടു ഭാഷാശാഖകളിൽ ഒരേ രീതിയിൽ പുതുതായി ആവിർഭവിച്ചുവെന്ന് എങ്ങനെ വിചാരിക്കാം? തമിഴിൽ 'ൻറു' എന്നതിനു നേരായി മലയാളത്തിൽ 'ന്ന്' എന്ന ദന്ത്യമായി കാണുന്നതു് തമിഴിൽനിന്നു് പൂർവ്വതനമായ ഒരു ദശയിൽനിന്നുള്ള പരിണാമത്തെയാണ് ദൃഷ്ടാന്തീകരിക്കുന്നതു്. ൻറ എന്നതിനു് ണ്ണ എന്നു് വർത്ത്യമായിട്ടല്ലാതെ ന്ന എന്നു് ദന്ത്യമായിട്ടുള്ള ഒരു പരിണാമം അശക്യമാണ്. മലയാളത്തിൽ നാം 'ന്ന' എന്നു കാണുമ്പോൾ അനുനാസികാതിപ്രസരം വരുന്നതിനു മുൻപുള്ള രൂപം കണ്ണാടകത്തിലെപ്പോലെ 'ന്ദ' എന്നതന്നെ ആയിരുന്നിരിക്കണമെന്നു് ന്യായമായി അഭ്യൂഹിക്കാം. മൂലദ്രാവിഡഭാഷയിലെ ഒരു ശാഖയിൽ 'ന്ദ' എന്നും മറെറാരു ശാഖയിൽ 'ൻറ' എന്നും വേർതിരിഞ്ഞിട്ടുള്ളതിൽ ആദ്യത്തെ ശാഖയുടെ സ്വഭാവത്തെ മലയാളവും രണ്ടാമത്തെ

രാമസ്വാമിഅയ്യരുടെ സിദ്ധാന്തം അംഗീകരിക്കുവാൻ ഉള്ള വൈഷമ്യം.

ശാഖയുടെ സ്വഭാവത്തെ തമിഴും പ്രദർശിപ്പിക്കുന്നു. തമിഴിനോടു പൊതുവേയോ തമിഴിൽത്തന്നെ ഏതെങ്കിലും ഒരു ദശയോടു് പ്രത്യേകമായോ മലയാളം പ്രദർശിപ്പിക്കുന്ന സാമ്യങ്ങൾ തമിഴ്മലയാളങ്ങൾക്കു് പൊതുവായ ഒരു ദശ തറവാട്ടിൽനിന്നു് കർണ്ണാടകാദികൾ പിരിഞ്ഞുപോയതിനു ശേഷവും ഉണ്ടായിരുന്നതിന്റെ ഫലം മാത്രമാണു്. ആ സ്ഥിതിക്കു് തമിഴിൽനിന്നുണ്ടായിട്ടുള്ളതാണു് മലയാളം എന്നു് നിഗമനംചെയ്യുന്നതിനു ശക്തി ആ സാമ്യങ്ങൾക്കു് ഇല്ല. മലനാട്ടിലെ ഭാഷയ്ക്കു് പ്രത്യേകമായുള്ള പ്രയോഗങ്ങളായി പരിഗണിക്കപ്പെട്ടിട്ടുള്ളവയിൽ 'നിൻ' എന്ന മദ്ധ്യമപുരുഷൈകവചനപ്രകൃതി ഉൻ, എന്ന തമിഴപ്രകൃതിയെക്കാൾ അർവ്വാചീനമായ ഒരു പരിണതി മാത്രമാണെന്നു് അവയുടെ ആഗമപ്രകാരം ചിന്തിച്ചാൽ ബോദ്ധ്യപ്പെടുന്നതാണു്. മൂലദ്രാവിഡഭാഷയിലെ മദ്ധ്യമപുരുഷൈകവചനപ്രകൃതി 'ഇൻ' എന്നതാണു്. ബഹുവചനത്തിലുള്ള 'ഇമ്' എന്നതിലെ മകാരത്തോടു് ഇണങ്ങി ഉകാരഘടിതമായി ഉമ് എന്ന രൂപം ഏകവചനരൂപത്തെക്കൂടി ഉൻ എന്നാക്കുവാൻ പ്രേരകമായിത്തീർന്നു. അതാണു് വിഭക്തിപ്രത്യയം ചേരുന്ന മദ്ധ്യമപുരുഷൈകവചനരൂപങ്ങളിൽ ദൃശ്യമാകുന്ന ഉൻ എന്ന പ്രകൃതി. മലയാളത്തിലെ 'നിൻ' എന്ന പ്രകൃതിയാകട്ടെ ഇൻ എന്നതു് യകാരഘടിതമായുള്ള ഉച്ചാരണംവഴിക്കു് 'യിൻ' എന്നായി, യകാരത്തിനു് അനുനാസിക്യം ഏർപ്പെട്ടു് നകാരഘടിതമായിത്തീർന്നിട്ടുള്ളതാണു്. ഇങ്ങനെ തമിഴിലെ 'ഉൻ' എന്നതും മലയാളത്തിലെ 'നിൻ' എന്നതും ഒരേ പ്രകൃതിയിൽനിന്നു് രണ്ടു രീതിയിൽ പരിണതങ്ങളാണെന്നു് നിർദ്ധാരണം ചെയ്യുവാൻ കഴിയും.

ഘട്ടവിഭാഗം.

ഉന്നവു. മലയാളഭാഷയെ ആദ്യഘട്ടം (കരിന്തമിഴ്കാലം), മദ്ധ്യഘട്ടം (മലയാണ്മക്കാലം), ആധുനികഘട്ടം (മലയാളക്കാലം) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി വിഭജിച്ചു് കേരളപാണിനീയകർത്താവു് ഓരോ ഘട്ടത്തിലും ഉണ്ടായിട്ടുള്ള കൃതികളിൽനിന്നു് ഭാഷാരീതി കാണിക്കുവാനായി ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുണ്ടല്ലോ1. കൊല്ലവർഷം ഒന്നു മുതൽ അഞ്ഞൂറുവരെയുള്ള കാലം വ്യാപിക്കുന്നതു് എന്നു് അദ്ദേഹം വിചാരിക്കുന്ന ആദ്യഘട്ടത്തിനു് രാമചരിതത്തേയും ശ്രീ വീരരാഘവചക്രവർത്തിപ്പട്ടയത്തേയും ആണു് നിദർശനങ്ങളാക്കീട്ടുള്ളതു്. മദ്ധ്യഘട്ടം അല്ലെങ്കിൽ മലയാണ്മക്കാലം കൊല്ലവർഷം അഞ്ഞൂറുമുതൽ എണ്ണൂറുവരെയുള്ളതും ലീലാതിലകം,

1. *Kēralapāṇiniyam*. IV Edition, pp. 51--66.

ഉണ്ണുനീലിസന്ദേശം തുടങ്ങിയ മണിപ്രവാളകൃതികളേയും രാമകഥപ്പാട്ട് കണ്ണശ്ശകൃതികൾ തുടങ്ങിയ പാട്ടുകളേയും ഉൾപ്പെടുത്തുന്നതുമാണെന്നു കേരളപാണിനീയകർത്താവു് വിചാരിക്കുന്നു. ആധുനികഘട്ടം അല്ലെങ്കിൽ മലയാളകാലം തുടങ്ങുന്നതു് കൊല്ലവർഷം എണ്ണൂറാമാണ്ടു് അതായതു് എഴുത്തച്ഛന്റെ കാലംമുതലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്.

പ്രാചീനം മധ്യമം ആധുനികം എന്നുള്ള ഘട്ടത്രയവിഭജനത്തിന്റെ ന്യൂനത.

ഫന്നൻ. ഘട്ടവിഭാഗം പലരും പലപ്രകാരം ചെയ്തിട്ടുണ്ടെങ്കിലും പ്രാചീനമലയാളകൃതികൾക്കു് മാതൃകയായി വിചാരിക്കപ്പെട്ടപോരുന്ന ഭാഷാരീതി അനുക്രമമായും സ്വാഭാവികമായും കാലഗതിയിൽ വളർന്നുള്ളതാണു് മധ്യമലയാളകൃതികളായ കണ്ണശ്ശരാമായണാദികളിലെ ഭാഷാരീതിയെന്നും അതിന്റെ അർവ്വാചീന രൂപങ്ങളാണു് എഴുത്തച്ഛന്റെയും മറ്റും കൃതികളിൽ പ്രതിഭാസിക്കുന്നതെന്നും വിചാരിക്കുവാൻ യാതൊരു പ്രസക്തിയും ഇല്ല. നിരണംകൃതികളും കൃഷ്ണഗാഥയും ചമ്പുപ്രബന്ധങ്ങളും ഭാഷാരീതിയിൽ ആവഹിക്കുന്ന വൈജാത്യം പ്രസ്ഥാനഭേദത്തെയും തത്തത് കർത്താക്കളുടെ രുചിഭേദത്തേയുമാണു് സർവ്വപ്രധാനമായി ആശ്രയിക്കുന്നതു്. സംസ്കൃതപദപ്രചുരങ്ങളായ ചമ്പുക്കളുടെ പ്രചാരകാലത്തു തന്നെയാണല്ലോ ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും അജ്ഞാതനാമാക്കളായ സമുദായാഭിമാനികളുടെ വീരാരാധനപരങ്ങളായ വടക്കൻ പാട്ടുകളും ആവിർഭവിച്ചിട്ടുള്ളതു്. എഴുത്തച്ഛന്റെ കാലത്തോടുകൂടി സാഹിത്യഭാഷയ്ക്കു് ഗണ്യമായ ഒരു വ്യവസ്ഥിതി വന്നിട്ടുണ്ടെന്നുള്ളതിനാൽ അതിനു മേലുള്ള കൃതികളിലെ ഭാഷാരീതി വിഭിന്നമായ ഒരു ദശാവിശേഷത്തെ ആവിഷ്കരിക്കുന്നുവെന്നുള്ളതിനു് സംശയമില്ല. അതുകൊണ്ടു് എഴുത്തച്ഛന്റെ കൃതികളെ ഒരു പരിണാമഘട്ടത്തിൽ ഉണ്ടായിട്ടുള്ളതായി കല്പിച്ചു് അതിനു മുൻപുള്ളവയെ പ്രാചീനങ്ങളെന്നും പിൻപുള്ളവയെ അർവാചീനങ്ങളെന്നും വ്യവഹരിക്കുവാനേ ഭാഷാരീതി പൊതുവേ സഹായകമാകുന്നുള്ളൂ.

രാമചരിതം. ഫ ൈ ൦. രാമചരിതം ഒരു പ്രാചീനകൃതിയാണെന്നു് സമ്മതിക്കാമെങ്കിലും അതിലെ ഭാഷാരീതി മലയാളത്തിലെ അതീതദശകളിൽ ഏതെങ്കിലുമൊന്നിനെ പ്രതിബിംബിപ്പിക്കുന്നുവെന്നു കരുതുവാൻ വളരെ വൈഷമ്യമുണ്ടു്. രാമചരിതത്തിലെ ഭാഷ തമിഴല്ല മലയാളം തന്നെയാണെന്നും അതിന്റെ രചന മലയാളം തമിഴിൽ നിന്നു് ഒരു ഭിന്നഭാഷയായിത്തീർന്ന കാലത്താണെന്നു്

മനസ്സിലാക്കുവാൻ ഉതകുന്നവണ്ണം പല പ്രയോഗവൈചിത്ര്യങ്ങളും അതിൽ ഉപലബ്ധമാകുന്നുവെന്നും ഉള്ളൂർ പരമേശ്വരയ്യർ അവർകളും 'പ്രാചീനമലയാളമാതൃകകളും' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ ഉപന്യസിച്ചിരിക്കുന്നു. രാമചരിതത്തിലുള്ള പ്രയോഗവൈചിത്ര്യങ്ങളായി മിസ്റ്റർ പരമേശ്വരയ്യർ പ്രസ്താവിച്ചിട്ടുള്ളവയിൽ യാതൊന്നും വ്യവഹാരഭാഷയുടെ സ്വരൂപം വ്യക്തമാക്കുന്നതാണെന്നു പറയുവാൻ സാധ്യമല്ല. 'വെയ്യുവായ നമ,മാതുരിയം വാചി പൊഴിയും, താനല്ലീവിധി താവിനാൾ' എന്നിങ്ങനെ മണിപ്രവാളരീതിയിലുള്ള പ്രയോഗങ്ങളോ, 'മലർവില്ലിയെയനങ്കനനെ' എന്നിങ്ങനെ വിശേഷണവിശേഷ്യപ്പൊരുത്തം വരുത്തിയുള്ള പ്രയോഗങ്ങളോ സാഹിത്യഭാഷയെ അല്ലാതെ വ്യവഹാരഭാഷയെ സ്പർശിക്കുന്നവയല്ല. 'ങ' 'ങ്ങ' യായും 'ന്റ' 'ന്ന' യായും ചിലപ്പോൾ മാറുകയും ചിലപ്പോൾ മാറാതിരിക്കുകയും ചെയ്യുന്ന അവ്യവസ്ഥിതസംപ്രദായം രാമചരിതകർത്താവു് സ്വീകരിച്ചിട്ടുള്ളതു് ശബ്ദാലങ്കാരത്തിനും മറ്റുമുള്ള സൗകര്യം കരുതിയാണെന്നും വാമൊഴിയിൽ 'ങ്ങ' യും 'ന്ന' യും തന്നെയായിരിക്കണം അക്കാലത്തും നടപ്പായിരുന്നതെന്നും മി. പരമേശ്വരയ്യർ സമ്മതിക്കുന്നതിനാൽ ആ വിഷയത്തിലും രാമചരിതത്തിലെ ഭാഷാരീതി ഗ്രന്ഥരചനാകാലത്തിലെ വായ്മൊഴിയുടെ പകർപ്പല്ലെന്നു് വരുന്നു. 'ആനനം വടിവുള്ളാനടിവടിവു് പേപ്പെറ്റുന്നരചൻ' എന്നും മറ്റുമുള്ള വരികളിൽ കാണുന്ന വിധത്തിൽ രാമചരിതകർത്താവു് ചെയ്തിട്ടുള്ള സന്ധികളും തമിഴ്സാഹിത്യത്തിലും പുരുക്കമായി പ്രയുക്തങ്ങളായിട്ടുണ്ടു്. ക്രിയകൾക്കു് പുരുഷപ്രത്യയം ചിലപ്പോൾ ചേർക്കുന്നതും മറ്റു ചിലപ്പോൾ ചേർക്കാതിരിക്കുന്നതും രാമചരിതകാരന്റെ മറ്റൊരു സ്വാതന്ത്ര്യമായി മി. പരമേശ്വരയ്യർ കണക്കാക്കുന്നുണ്ടെങ്കിലും അതിനു് ആധാരമായി 'തെളിവെഴപ്പൊഴിന്തു ചോരി' എന്നും 'കുതിരയഞ്ചി നടുങ്കിവീഴ്ന്തന' എന്നും ഉള്ള പ്രയോഗങ്ങൾ ഉദ്ധരിച്ചിട്ടുള്ളതു വേണ്ടുവോളം പ്രാബല്യമുള്ളതല്ല. 'തെളിവെഴപ്പൊഴിന്തു' എന്നതു് 'പൊഴിഞ്ഞുകൊണ്ടു്' എന്ന അർത്ഥത്തിലുള്ള ഒരു അപൂർണ്ണക്രിയയല്ലയോ എന്നുള്ള സംശയം ഉണ്ടാകുന്നതാണു്. ക്രിയകൾക്കു് പുരുഷപ്രത്യയം നിയമേന ചേർന്നുള്ള ഒരു രീതിയാണു് നാം രാമചരിതത്തിൽ സാർവ്വത്രികമായി കാണുന്നതു്. മിസ്റ്റർ പരമേശ്വരയ്യർ അതേ അവതാരികയിൽ തന്നെ മറ്റൊരു ഭാഗത്തു് രാമചരിതകർത്താവു് തന്റെ കാവ്യരൂപമായ നിബന്ധനം അന്നു കേരളത്തിൽ നടപ്പുള്ള ഉത്തമഭാഷയിൽ എഴുതുകയായിരുന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാണു്. ഉത്തമഭാഷ എന്നതു

കൊണ്ട് അദ്ദേഹം വിവക്ഷിക്കുന്നത് വിദ്യാഭ്യാസം കൊണ്ടും മറ്റും ഉയർന്ന നിലയിലുള്ളവരുടെ വ്യവഹാരഭാഷയെന്നാണെങ്കിൽ അത് ഒരു പ്രകാരത്തിലും സ്വീകരിക്കാവുന്നതല്ല. തമിഴും തമിഴിനോട് കലർന്ന മലയാളഭാഷയും വ്യവഹാരത്തിലിരുന്ന തെക്കൻ നാട്ടിൽ ഉണ്ടായ രാമചരിതത്തിൽ മിശ്രമായ ഒരു രീതി കാണുന്നുവെന്നല്ലാതെ കേരള ഭാഷയുടെ സാമാന്യരൂപം അതായിരുന്നുവെന്ന എങ്ങനെ വിചാരിക്കാം? അന്തരിച്ച കുഞ്ഞുപിഷാരടി അവർകളും ഭാഷാസാഹിത്യചരിത്രകർത്താവായ ആർ. നാരായണപ്പണിക്കർ അവർകളും രാമചരിതത്തിലെ ഭാഷ മലയാളത്തിന്റെ പൂർവ്വരൂപത്തെ പ്രദർശിപ്പിക്കുന്നതല്ല എന്നുള്ള പക്ഷക്കാരാണ്.[1]

രാമചരിതത്തിലെ പ്രയോഗവിശേഷങ്ങൾ.

ഫ ൈ ഫ. രാമചരിതത്തിൽ ചെന്തമിഴ് പദങ്ങളോടൊപ്പം പല മലയാളരൂപങ്ങളും പ്രയുക്തങ്ങളായിട്ടുണ്ട്. മിസ്റ്റർ പരമേശ്വരയ്യരുടെ 'പ്രാചീനമലയാളമാതൃകകൾ' എന്ന ഗ്രന്ഥത്തിൽ 'നടന്നനാനനം' 'തുനിയിന്നതിനെൻ' 'അറിവെനിക്ക്' 'നിറന്ത' 'പദങ്ങൾ' 'വന്നതിങ്കി,' 'അറഞ്ഞവന്ത്' 'എഴന്ന,' 'വിളങ്ങിൻറ' എന്ന രൂപങ്ങൾക്ക് എതിരായി 'നടൻറൻറാനനം' 'തുനിയിൻറതിനെൻ' 'അറിവെനക്ക' 'നിറൈന്ത' 'പതങ്കൾ,' 'വന്തതിങ്കി' 'അറന്തവന്ത്' 'എഴന്ത' 'വിളയിൻറ' എന്നിങ്ങനെ തിരുവനന്തപുരം പൌരസ്ത്യഗ്രന്ഥപ്രസിദ്ധീകരണശാലയിൽ പ്രകാശനം ചെയ്തിട്ടുള്ള രാമചരിതത്തിൽ കാണുന്നത് ലേഖകദോഷംകൊണ്ടാണെന്ന കരുതിയാലും ചെന്തമിഴിൽ ഒരിക്കലും വരാത്തവയും മലയാളഭാഷയിൽ മാത്രം പരിചയപ്പെട്ടിട്ടുള്ളവയും ആയ വാക്കുകൾ രാമചരിതകർത്താവ് നിബന്ധിച്ചിട്ടുണ്ടെന്നുള്ളത് നിരാക്ഷേപമാണ്. 'വിളയിച്ച്', തെളിയിച്ച് തിങ്കി, ചെറിയവർക്ക്, തുടർന്ന്, എങ്കും, നിചിചരാതിപതിയെ (പ്രത്യയം മാത്രം) പൊങ്കി, ഞാൻ, തെള്ളുതെളപ്പ്' ഇത്യാദി രൂപങ്ങൾ രാമചരിതത്തിൽ കാണുന്നവ 'വിളവിത്ത്', തെളിവിത്ത്, തിങ്കി, ചിറിയവക്ക്, തൊടർന്ത, എംകും, നിചിചരാതിപതിയെ, പൊങ്കിനാൻ, തളതളപ്പ്', എന്നിങ്ങനെയുള്ള ചെന്തമിഴ് രൂപങ്ങളിൽ നിന്നും വ്യത്യസ്തങ്ങളാണല്ലോ. നടൻറ്, തുനിയിൻറ, കൊടുവവർക്ക്, തഴത്ത, കൊള്ളിൻറ, മുതലായി രാമചരിതകർത്താവ് പ്രയോഗിച്ചിട്ടുള്ള ചില രൂപങ്ങൾ സാധാരണദൃഷ്ടിക്ക് തമിഴാണെന്നു

1. See *A Critical Survey of Malayālam Language and Literature* and *The history of Malayālam Language and Literature.*

തോന്നിയേക്കാമെങ്കിലും ശുദ്ധമായ ചെന്തമിഴ് ഭാഷയിൽ അവയ്ക്ക് സ്ഥാനമില്ല. നടന്തു എന്നല്ലാതെ നടന്ത് എന്നൊരു രൂപം ചെന്തമിഴ് കൃതികളിൽ അസംഭാവ്യമാണ്. 'തുനിയിൻറ' എന്നതിനു ചെന്തമിഴ് രൂപം തുനികിൻറ എന്നത്രേ. കൊഡുപ്പവക്കു എന്നല്ലാതെ കൊഡുവവക്കു എന്നു ചെന്തമിഴിൽ ഉപലബ്ധമല്ല. തഴൈത്ത എന്നു ഐകാര ഘടിതമായും കൊഡുക്കിൻറ എന്ന ककारം അവസ്ഥാനം ചെയ്യുന്ന നിലയിലും മാത്രമേ ചെന്തമിഴിൽ വരുകയുള്ളു എന്നിരിക്കുമ്പോൾ തഴൈത്ത, കൊള്ളിൻറ എന്നിവ രാമചരിതത്തിലെ വിലക്ഷണപ്രയോഗങ്ങളാണ്. വടിവുള്ളാനവടിവു്, അവതരിത്താതിയേ എന്നിപ്രകാരമുള്ള സന്ധികൾ രാമചരിതത്തിൽ പലയിടത്തും ചെയ്തു കാണുന്നതു് വൃത്തിസൌകര്യത്തിനു വേണ്ടിമാത്രം ചെന്തമിഴിൽ ഏറ്റവും വിരളമായി അനുവദിച്ചിട്ടുള്ളതാണ്. സമാസത്തിൽ ഉത്തരപദാദിയായ സ്പർശവ്യഞ്ജനത്തിനു് തഴൈക്കുഴൽ മലത്തയ്യൽ ഇത്യാദി സ്ഥലങ്ങളിൽ ദ്വിത്വം വരുത്തിയിട്ടുള്ളതും അകകുരുന്തു്, മനകുരുന്തു്, ഞാനപ്പൊരുളേ ഇത്യാദി സ്ഥലങ്ങളിൽ ദ്വിത്വം വരുത്താത്തതും ചെന്തമിഴ് രീതിക്കു് വിപരീതമാണ്. രാമചരിതത്തിലെ പദസമുച്ചയത്തിൽ ഗണനീയമായ ഒരു ഭാഗം മലയാളമാവുകകൊണ്ടോ വർണ്ണവികാരവിഷയകമായും മറ്റും ചെന്തമിഴിൽ നിന്നു് ചില വൈലക്ഷണ്യങ്ങളും കാണുന്നതു കൊണ്ടോ ആ ഗ്രന്ഥത്തിൻറെ കെട്ടുപാടു് തികച്ചും തമിഴ്രീതിയാണെന്നുള്ള വസ്തുതയ്ക്കു് യാതൊരു ഉലച്ചിലും തട്ടുന്നില്ല.

ഫ ൈ വ. ലീലാതിലകകാരൻ 'ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോനവൃത്തവിശേഷയുക്തം പാട്ടു്' എന്നു് പാട്ടിനു് ചെയ്തിട്ടുള്ള ലക്ഷണം അദ്ദേഹത്തിൻറെ കാലത്തിനു് മുൻപു് പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു സാഹിത്യശാഖയെ ലക്ഷ്യമാക്കിയായിരിക്കുമല്ലോ. തെക്കൻ തിരുവിതാംകൂറിൽ സമുദയം ചെയ്തിട്ടുള്ള രാമചരിതാദികൃതികളിൽ പ്രസ്തുതമായ ലക്ഷണം തികച്ചും സമന്വയിക്കുന്നുണ്ടു്. ദ്രമിഡസംഘാതത്തിലുള്ള അക്ഷരങ്ങളെക്കൊണ്ടുമാത്രം നിബദ്ധമായ എല്ലാ പാദങ്ങളിലും രണ്ടാമത്തെ അക്ഷരത്തിനു് സാമ്യം വരുക എന്നുള്ള എതുകയും പാദത്തിലെ പ്രഥമദ്വിതീയഭാഗങ്ങൾക്കു് ആദ്യാക്ഷരസാമ്യം വരുക എന്നുള്ള മോനയും ആകുന്ന പ്രാസങ്ങളും നിയമേന പ്രയോഗിച്ചിട്ടുള്ളതും വസന്തതിലകാദിവൃത്തങ്ങളിൽ നിന്നു് വിലക്ഷണമായ വൃത്തബന്ധം അനുവദിക്കുന്നതുമാണു് രാമചരിതം. മണിപ്രവാളത്തിൽ ഒരിക്കലും വരാത്തവയ്ക്കു് ഉദാഹരണങ്ങളായി ലീലാ

രാമചരിതം പാട്ടിൻറെ സ്വഭാവം പ്രദർശിപ്പിക്കുന്നതാണ്

തിലകത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള വന്താൻ, ഇരുന്താൻ, തേങ്കായ്, മാങ്കായ്, കഞ്ചി, പഞ്ചി, യാൻ, യാനൈ, അതിനൈ, ഇതിനൈ, അവറ്റൈ, ഇവറ്റൈ; യാനൈ, കുതിരൈ; ഉടൈവാൾ, ഉടൈയൻ നിന്നൈ, എന്നൈ, പേയർ, ഇതട്ട്, ഉണ്ടനർ, നിൻറനർ, ഉണ്ണാനിൻറനർ, ഉൺപർ, വരുവാൾ, കൊൺമാർ (?) ക്രയിറവ്, തായിറവ്, ... അനങ്കൻ, കുതുമം, മുകം, ചന്തിരൻ (ആയ്ച്ചൃതവ്), മാടത്തിൻകൺ, ആലിനത്ത്, മാവിനത്ത് എന്നിവ വർണ്ണവിപരിണാമനയത്തിലും, വ്യാകരണകായ്വുങ്ങളിലും തമിഴ് മലയാളങ്ങൾക്കുള്ള വിജാതീയതകളെ പ്രകടമാക്കുന്നവയാണ്. പാട്ടിലാകട്ടെ മേല്ക്കാണിച്ച രൂപങ്ങൾ സംഭാവ്യങ്ങളാണെന്നമാത്രമല്ല, അവയ്ക്കു ബാഹുല്യം കൂടി ആചായ്വൻ ഉപലക്ഷിച്ചിട്ടുമുണ്ട്. പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ കേരളഭാഷായാം ഭവതി; അത ഏവ അളന്ത വിളന്ത ഇതികൃതം' എന്നുള്ള വൃത്തിഭാഗം നോക്കുക. വൃത്തികാരൻ പാട്ടിന് ഉദാഹരിച്ചിട്ടുള്ള

'തരതലന്താനളന്താ പിളന്താ പൊന്നൻ
തനകചെന്താർ വരുന്താമൽ ബാണൻ തന്നെ
കരമരിന്താ പൊരുന്താനവന്മാരുടെ
കരളരിന്താ പുരാനേ മുരാരി കണാ
ഒരുവരന്താ പരന്താമമേ നീ കന!-
ന്തുരകചായീ പിണിപ്പൌവ്വം നീന്താവണ്ണം
ചിരതരം താൾ പണിന്തേനയ്യോ താങ്കെന്നെ
ത്തിരുവനന്താപുരം തംകമാനന്തനേ.' എന്ന ഭാഗം കേരളത്തിൽ മണിപ്രവാളപ്രസ്ഥാനത്തിനുപുറമേ കുറച്ചൊരു പ്രചാരം സിദ്ധിച്ചിരുന്ന സാഹിത്യപ്രസ്ഥാനത്തിന്റെ ഒരു മാതൃക കാണിക്കുന്നതാണ്. ആ പ്രസ്ഥാനത്തിൽ മലയാളത്തിനുകൂടി ഒരു അംശം ഉള്ളതുകൊണ്ടുമാത്രമാണ്, ആചായ്വൻ അതിനെക്കൂടി കേരളഭാഷാസംബന്ധമായി പരാമർശിക്കുവാൻ ഇടയായിട്ടുള്ളതു്. മലയാളഭാഷയുടെ പ്രത്യേകത കാംക്ഷിക്കുന്നവർക്ക് പൂർണ്ണദൃഷ്ടാന്തങ്ങളായി നമുക്ക് പ്രദാനംചെയ്യുന്നതു് മണിപ്രവാളകൃതികളാണെന്ന് ആചായ്വന് സുദൃഢമായ അഭിപ്രായം ഉണ്ടായിരുന്നുവെന്ന് ലീലാതിലകത്തിലെ ഏതുഭാഗവും വിളിച്ചുപറയുന്നുണ്ട്.

ഫലം. ഭാഷാസ്വരൂപമനുസരിച്ച് രാമചരിതത്തെ ഒരു മിശ്രഭാഷാകൃതിയായി പരിഗണിക്കുന്നതു് യുക്തമായിരിക്കും. ചെന്തമിഴിൽ നല്ല പാണ്ഡിത്യം ഉണ്ടെന്നു തെളിയിച്ചിട്ടുള്ള രാമചരിതകർത്താവു് ശുദ്ധമായ ചെന്തമിഴിലോ, ശുദ്ധമായ മലയാളത്തിലോ അല്ലാതെ മിശ്രമായ ഒരു ഭാഷാരീതി അവലംബിച്ചിട്ടുള്ളതു് സാഹിത്യപ്രണയനത്തിനു വേണ്ടി, തെക്കൻതിരുവിതാംകൂറിൽ അക്കാലത്തു് അംഗീകൃതമായിരുന്ന ഒരു പ്രസ്ഥാനവിശേഷത്തെ മുൻനിർത്തി ആയിരിക്കുവാൻ ഇടയുണ്ടു്. മലയാളത്തിന്റെ കലർപ്പോടുകൂടി തെക്കൻതിരുവിതാംകൂറിൽ വ്യവഹാരത്തിൽ ഇരുന്നിരുന്ന തമിഴിന്റെ ഭൂമികയിൽ അധിഷ്ഠിതമാണെങ്കിലും സാഹിത്യനിർമ്മിതിക്കുവേണ്ടി വളരെ അധികം കൃത്രിമത്വം വരുത്തിയിട്ടുള്ളതുകൊണ്ടു് രാമചരിതത്തിലെ ഭാഷാരീതി വ്യവഹാരഭാഷയിൽ നിന്നും വ്യത്യസ്തങ്ങളായ പല ഭാവങ്ങളും പ്രദർശിപ്പിക്കുന്നതാണു്. മലയാളഭാഷയും സംസ്കൃതഭാഷയും ചേർന്നുള്ള മണിപ്രവാളപ്രസ്ഥാനം പോലെ തമിഴിന്റെ ഒരു ദേശ്യഭേദത്തോടു് മലയാളം കലർന്നുള്ള ഒരു മിശ്രപ്രസ്ഥാനത്തിൽ നിർമ്മിതങ്ങളായ കൃതികളുടെ ഒരു പ്രാചീനമാതൃകയായി നമുക്കു് രാമചരിതത്തെ കണക്കാക്കാം. ഈ പ്രസ്ഥാനം കേരളഭാഷയ്ക്കു് പ്രാധാന്യം കല്പിച്ചിട്ടുള്ളതല്ലെങ്കിലും അതിനു് ജനമദ്ധ്യത്തിൽ പ്രചാരം ഉണ്ടായിരുന്നതിനെ സമാദരിച്ചാണു് ലീലാതിലകകാരൻ 'പാട്ടു്' എന്നുള്ള നിലയിൽ മണിപ്രവാളത്തിൽനിന്നും ഭിന്നമായി ഒരു സ്ഥാനം കല്പിച്ചതു്. ഇതുകൊണ്ടു് കേരളഭാഷയുടെ സാമാന്യവ്യവഹാരരീതി പ്രാചീനകാലത്തു് എങ്ങനെ ഇരുന്നിരുന്നു എന്നറിയുന്നതിനു് രാമചരിതം പ്രയോജകീഭവിക്കുമെന്നു് ചിലർ വിചാരിക്കുന്നതിന്റെ അസാംഗത്യം പ്രകടമാകുന്നതാണല്ലോ.

രാമചരിതത്തിലെ ഭാഷ കൃത്രിമമായ ഒരു മിശ്രഭാഷയാണു്.

ഫലം. നെയ്യാറിൻകരതാലൂക്കിൽ ഒൗവാട്ടുറ എന്ന സ്ഥലത്തു് കൊല്ലവർഷം ഒൻപതാംശതകത്തിൽ ജീവിച്ചിരുന്ന അയ്യപ്പിള്ള ആശാന്റെ രാമകഥാപ്പാട്ടു് മദ്ധ്യമഘട്ടത്തിൽ പാട്ടുരീതിയ്ക്കു് ഉദാഹരണമായിട്ടാണു് കേരളപാണിനീയകർത്താവു് നിർദ്ദേശിച്ചിട്ടുള്ളതു്.[1]

രാമകഥാപ്പാട്ടു്.

തിരുവനന്തപുരത്തും അതിനു തെക്കുള്ള പ്രദേശങ്ങളിലെ വാമൊഴിയുടെ പ്രാചീനരൂപമാണു് രാമകഥയിലെ ഭാഷ എന്നതു് മി. ഉള്ളൂർ

1. *Keralapāṇiniyam* (VI) p. 70

പരമേശ്വരയ്യരുടെ അഭിപ്രായം[1]. സംസ്കൃതശബ്ദങ്ങൾ ദുർല്ലഭമായി ചിലയിടത്തു് തൽസമരീതിയിലും പ്രയോഗിച്ചിട്ടുണ്ടെങ്കിലും ചെന്തമിഴിന്റെ രൂപങ്ങൾ ഇതിൽ രാമചരിതത്തിലുള്ളതിനെക്കാൾ ഒട്ടും കുറവല്ല എന്നു് ആറൂർ കൃഷ്ണപ്പിഷാരടി അവർകൾ നിരീക്ഷിച്ചിട്ടുള്ളതും പ്രസ്താവ്യമാണു്[2]. രാമചരിതം തെക്കൻതിരുവിതാംകൂറിൽ സാഹിതീയമായ നിബന്ധനത്തിനുവേണ്ടി അംഗീകൃതമായ ഒരു മിശ്ര ഭാഷാരീതിയിൽ നിർമ്മിതമാണെന്നു് മുൻപു പറഞ്ഞിട്ടുണ്ടല്ലോ. രാമകഥാപ്പാട്ടാകട്ടെ തമിഴിൽത്തന്നെ എഴുതപ്പെട്ടിട്ടുള്ള ഒരു കൃതിയാണു്. ഗ്രന്ഥകർത്താവിന്റെ നിത്യപരിചയത്തിലുള്ള ദേശ്യഭാഷയുടെ സാംകയ്യും ചിലയിടത്തു് കാണാനുണ്ടെന്നു് മാത്രമേ ഒരു വിശേഷമുള്ളൂ. നെയ്യാറിൻകരയിലോ അതിനടുത്തുള്ള പ്രദേശങ്ങളിലോ സാധാരണജനങ്ങളുടെ വ്യവഹാരഭാഷ രാമകഥാപ്പാട്ടിൽ കാണുന്നവണ്ണമായിരുന്നുവെന്നു കല്പിക്കുന്നതു് അതിനു് മുൻപും പിൻപും കിട്ടിയിട്ടുള്ള രേഖകളെ ആധാരമാക്കി നോക്കുമ്പോൾ ഒരു വിധത്തിലും സ്വീകരിക്കാവുന്നതല്ലെന്നു തെളിയും. രാമചരിതത്തിലെ ഭാഷയും രാമകഥാപ്പാട്ടിലെ ഭാഷയും തമ്മിലുള്ള അന്തരം ആ ഗ്രന്ഥങ്ങളിലെ ആദിമഭാഗങ്ങൾ തന്നെ പരിശോധിച്ചാൽ വ്യക്തമാകുന്നതാണു്.

രാമചരിതം.

കാനനങ്കളിലരൻ കളിരുമായ് കരിണിയായ്
കാർനെടുങ്കണ്ണമതമ്മിൽ വിളയാടിനടൻറ
ൻറാനനം വടിവുള്ളാനവടിവായവതരി-
ത്താതിയേ! നല്ല വിനായകനെന്നൊരമലനേ!
ഞാനിതൊൻറു തുനിയിൻറതിനെൻ മാനതമെന്നും
നാളുതാർതന്നിൽ നിരന്തരമിരുന്തരുൾ തെളി-
ഉനമററിവെനക്കു വന്തിക്കുംവണ്ണമേ
യുഴിയേഴിലും നിറൈന്ത മറഞാനപൊരുളേ![3]

രാമകഥാപ്പാട്ടു്.

[3]ആലമുണ്ടരൻതൻമൈന്താ! അൻകരത്തോനേയമ്പാൽ
ചീലമുന്നടികൾ പോററിച്ചിറുപയർതിരളിതേങ്കായ്

1. *Prācīnamalayāḷamātṛkakaḷ*, Introduction p. xviii.
2. *A Critical Survey of Malayāḷam Language and Literature*, p. 45.
3. *Śricitrodayamañjari* Bhāṣā series, No. iv, p. 1.

കോലമുൻകടവയിറിൻ കുറവറയമുതുചെയ്ത
വേലയിൽതിരപോലെന്തൻ മേതയിൽ തോൻറുവായേ
അഞ്ചാംതര കവിതമാതുമൻകരത്തോനുമെന്തൻ
കുഞ്ചരരെല്ലോർ പാതംകൊണ്ടേൻ നാൻ തലമീതാക
ഉരമുടനയന്തരാമനാമത്തുക്കുതവിചെയ്യ-
ക്കരുതുക കറക്കണ്ടേചർ കടലതിൽ വിഴമതാലാൽ' 1

എന്നൊരുമലനേ, ഞാൻ, വന്നതിക്കും, വിളയിച്ചു, തെളിയിച്ചു, തിങ്ങിതുടർന്ന, ചെറിയവക്കു, ഉടക്കിനതിന്ന്, അടിയിണക്കമലതാഠം എന്നിങ്ങനെ ചെന്തമിഴിൽനിന്നും വ്യത്യസ്തങ്ങളായ രൂപങ്ങൾ രാമചരിതത്തിൽ ധാരാളമായി കാണുമ്പോൾ രാമകഥാപ്പാട്ടിൽ കുറവറ, അമരുചെയ്ത്, തലമീതാക, കറക്കണ്ടേചർ, ഇമയോം, ഇടയുടയാൾ, അനവോർ, അന്നയർ, വേലയിൽ, മേതയിൽ എന്നിങ്ങനെ ഐകാരംചേർത്തു വിന്യസിച്ചിട്ടില്ലാത്തതു കൊണ്ടുമാത്രം ശുദ്ധമായ തമിഴ്രൂപത്തിൽനിന്നും വേർതിരിഞ്ഞുനില്ക്കുന്ന ചില പ്രയോഗങ്ങളേ നാം പ്രധാനമായി കാണുന്നുള്ളൂ. ഉയർന്ത, വളർന്ത (p. 72) അടർന്ത (p. 72) ഉണർന്ത (p. 72) ഇത്യാദി രൂപങ്ങൾക്കുപകരം ഉയന്ത, വളന്ത, അടന്ത, ഉണന്ത ഇത്യാദിരൂപങ്ങൾ രാമകഥാപ്പാട്ടിൽ പ്രയുക്തങ്ങളായിട്ടുള്ളവ തമിഴിൽതന്നെ വായ്മൊഴിയായിട്ടുള്ളവയിൽ പരിചിതങ്ങളത്രേ. രാമകഥാപ്പാട്ടിലെ ഏതുഭാഗം നോക്കിയാലും ഒരു തമിഴ്കൃതി എന്നു പരിഗണിക്കുവാൻ തക്ക സ്വഭാവം അതിൽ മുന്നിട്ടുനില്ക്കുന്നുവെന്നു ഏവർക്കും ബോധ്യമാകും.

൧൬൭. തെക്കൻതിരുവിതാംകൂറിൽത്തന്നെ ദേവതാപരങ്ങളും ചരിത്രപരങ്ങളും ആയി പല പാട്ടുകളും സമുദയം ചെയ്തിട്ടുണ്ട്. ചാമുണ്ഡികഥ, മതിലകത്തുകഥ, ശാസ്താംകഥ, അമ്മൻകഥ, മാരിയമ്മൻകഥ തുടങ്ങിയവ ആദ്യത്തെ ഇനത്തിലും ഉദയകുമാരൻപാട്ട്, അനന്തപുരാൻപാട്ട്, വെട്ടമാരുതൻപോര്, കേരളവർമ്മതമ്പുരാൻപാട്ട്, വലിയതമ്പികുഞ്ഞുതമ്പികഥ, രാമേശ്വരയാത്ര, ദിവാൻവെറിതുടങ്ങിയവ രണ്ടാമത്തെ ഇനത്തിലും ഉൾപ്പെടുന്നു. ഈ പാട്ടുകളിലെ ഭാഷാരീതി രാമചരിതം, രാമകഥാപ്പാട്ട് എന്നിവയിൽ ഉള്ളതിൽനിന്ന് ഭിന്നമല്ലെന്നാണ് ചിലർ പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ തമിഴിന്റെ

1. *Prācīnamalayāḷamāṟkkaḷ*, p. 71.

ഒരു ദേശ്യഭേദമായി തെക്കൻ തിരുവിതാംകൂറിൽ വ്യവഹാരത്തിലിരിക്കുന്ന ഭാഷയിലാണ് പ്രസ്തുതഗാനങ്ങൾ നിബന്ധിച്ചിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. തെക്കൻ തിരുവിതാംകൂറിലെ തമിഴിനു മലയാളം സംസാരിക്കുന്ന ദേശത്തോടുള്ള സാമീപ്യംകൊണ്ടു വന്നിട്ടുള്ള ചില വ്യത്യാസങ്ങളാണ് ഇതരദേശങ്ങളിലെ തമിഴിൽനിന്നു അതിനെ വ്യാവർത്തിപ്പിക്കുന്നതു്. വരമൊഴിയെക്കാളും വായ്മൊഴിയോടു കൂടുതൽ അടുപ്പമുള്ളതുകൊണ്ടു രാമചരിതത്തേയും രാമകഥാപ്പാട്ടിനേയും അപേക്ഷിച്ചു് ഈ ഗാനങ്ങൾക്കു് സാധാരണജനങ്ങളുടെ ഇടയ്ക്കു സിദ്ധിച്ച പ്രചാരപ്രാചുര്യം ഇന്നും പ്രായേണ പുലർന്നുവരുന്നു. ഈ ഗാനങ്ങളുടെ ഭാഷാരീതി ഗ്രഹിക്കുന്നതിനായി ചുവടേ ചില മാതൃകകൾ ഉദ്ധരിക്കുന്നു.

(ഛ) ഇരവിക്കുട്ടിപ്പിള്ളപ്പോരു്.

[കൊല്ലം വ ഛ ൦–ാമാണ്ടിടയ്ക്കു് വേണാട്ടിനെ ആക്രമിച്ചു മധുരപ്പടയോടിടഞ്ഞു് കണിയാകുളം എന്ന സ്ഥലത്തുവച്ചു് അകാലചരമമടഞ്ഞ ഇരവിക്കുട്ടിപ്പിള്ള എന്ന മന്ത്രിത്തലവന്റെ ചരിത്രത്തെ ആസ്പദമാക്കി വീരരസത്തിനും, കരുണരസത്തിനും ദീപ്തി നല്കിക്കൊണ്ടു തെക്കൻതിരുവിതാംകൂറിൽ രചിയ്ക്കപ്പെട്ടിട്ടുള്ള ഒരു ഗാനമാണ് ഇരവിക്കുട്ടിപ്പിള്ളപ്പോരു്. ഇതു് 'കണിയാകുളം പോർപ്പാട്ടു്' എന്ന പേരിലും അറിയപ്പെടുന്നുണ്ടു്.]

'മാറാതെ മറവരോടെ മീറിപ്പോൽ പടപൊരുതാൻ
വാറവിതി എപ്പടിയോ തേറുതില്ലേ എൻമനവും
മിഞ്ചുംപടി പടൈപോനാൽ എന്തൻനെഞ്ചും കലങ്കുതടാ
കൊഞ്ചവും നീ പാരായോ എന്തനട കൺമണിയേ!
ക്രൂരപടൈ വെൻറുകൊണ്ട ശൂരവനരുംപ്പടിയേ
താണ്ടി മുന്നേ വന്തിട്ടവേൻ തായാരേ വിലക്കാതെ
മിഴിത്തമിഴി അടയും മുന്നേ അഴത്തമുള്ള വാളാലേ
എതിർത്തുവന്ന രാമപ്പയ്യൻ കഴത്തെ നാനരുത്തിട്ടവേൻ
മൂത്ത അമ്മ തായാരേ യാത്തിരയിൽ വിലക്കാതേ
മാറേറാനോടു പടപൊരുതു മാത്തിരത്തിൽ വന്തിട്ടവേൻ
മെത്തവുള്ള മറപ്പടയേ കത്തിവെട്ടിത്തുരത്തിട്ടവേൻ
അത്തരക്കു പുത്തിയുണ്ടു പെറവുള്ളേ മാതാവേ'

പടയ്ക്കപോറാരിരവിപിള്ളൈ!
പനൈപൊന്നമുത്തുക്കുടചേരം
കുടയ്ക്കുകീഴേ ഇരവി വാറ-
ക്കൊലുവൈപ്പാരടി ഞാനപ്പെണ്ണേ
ഇന്തിരനും അരിച്ചന്തിരനും
ഇല്ലൈ അവരുക്കു ഒപ്പുചൊല്ല
ചന്തിരൻ തന്നതയംപോലെ പിള്ളൈ
തക്ക പടയ്ക്കല്ലോ പോറാരെടീ
വാറാരേ രവിപ്പിള്ളയവർ
മന്നവർ മെയ്ക്കപ്പട നടക്ക
വീരനും ചെൻറപ്പുതയിലെ വാറ
വീത്താരം പാരെടി ഞാനപ്പെണ്ണേ
ചീപ്പിട്ട തലൈ കോതി മുടിന്തും
ചിങ്കാരക്കണ്ണുക്കു മയ്യെഴുതി
കാപ്പിട്ട കൈയിൽ വളകിലുങ്കത്തുരൈ
കന്നിപ്പടയ്ക്കല്ലോ പോറാരെടീ
ആതിരവാന ഇരവിപ്പിള്ളൈ മുന്നേ
അകമകിഴ്ന്തു കുമ്മിയടിപ്പോമെടീ[1]

2. വെട്ടമാറുതൻപോര്.

[തന്റെ സാമന്തനായ മധുരരാജാവു് കപ്പം മുടക്കിയതു നിമിത്തം കോപിഷ്ടനായി കാഞ്ചീപുരാധിപതിയായ വെട്ടമാറുതൻ യുദ്ധത്തിനു പുറപ്പെട്ടതും, ആയ്ങ്കാവിൽ പാർത്തിരുന്ന അയ്യനാരുടേയും, മാറച്ചനേറയും സഹായത്തോടുകൂടി മധുരരാജാവു് വെട്ടമാറുതനെ തോല്പിക്കുന്നതും ആയ കഥയാണു് വെട്ടമാറുതൻപോരിലെ പ്രതിപാദ്യം. ഈ അയ്യനാർ പന്തളംരാജാവു് ആയിരുന്നിരിക്കണം എന്നാണു് ചിലരുടെ അഭിപ്രായം.]

എൻറ മൊഴി കേട്ട വെട്ടമാർവൻ
ഇരുന്ത അമശരുകംമുകംനോക്കി
നൻറുമതിരയിലാളും മന്നൻ
മാറിവിട്ടാർ കപ്പമില്ലൈയെൻറു്
ഇൻറുകപ്പമതു വാങ്കാമൽ
ഇരുന്തു പൂമിയാള നീതിയുണ്ടോ

1. Taken from a manuscript in the possession of Sri Chitrathirunal Reading Room and Library.

നൻറുനാൻ ചുമ്മാ ഇരുന്തീടിലും
നാട്ടിൽ തുരൈമക്കൾ ചിരിപ്പാരെ
ഏശാരോ നമ്മെച്ചിലപേർകൾ
ഏററ കപ്പമതു വാങ്കായ്‌വിട്ടാൽ
പേശാരോ നമ്മെ ച്ചിലപേർകൾ
പേടിനമുക്കുണ്ടോ പടൈപോക
ആശാരം പാർത്തു് ഇരുത്തുകൊണ്ടാൽ
അരശർമുറൈമയോ മന്ത്രിമാരെ! [1]

൩. മാടമ്പുകഥ.

[ഉത്രം നക്ഷത്രവും പഞ്ചമിയും ചേർന്നദിവസം ജാതനായ ഒരു ഇളമുറരാജകുമാരൻറെ തിരുമാടമ്പു് ചിറവായ് മന്നൻ നിവ്വഹിക്കുന്നതാണു് ഈ ഗാനത്തിലെ വിഷയം. അച്യുതരായർ, മധുരരാജാവു്, സിംഹളരാജാവു്, മാടരാജാവു് തുടങ്ങിയവർ സമ്മാനങ്ങൾ അയച്ചു് ഇളവരചനെ ആശീർവദിക്കുന്നതും മറ്റും ഈ പാട്ടിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതായി കാണാം.]

പന്തിരണ്ടാം തിരുവയത്തിൽ
പാണ്ടിനാട്ടുകൊള്ളവേണം
പതിനാറാം തിരുവയത്തിൽ
കന്നിപ്പോരൊൻറു പൊരുവും വേണം
ഇരുപത്തൊൻറാം തിരുവയത്തിൽ
ഇളമുറൈനാടാളവേണം
നൂപ്പത്തൊന്നാം തിരുവയത്തിൽ
തിരുമൂപ്പു വരവും വേണം.
അഴത്തപൊഴുതിലേ പരപ്പൻ കണിയാർ
ആനൈവാളോടെ വെളിയിൽ വന്താർ
വന്തു കണിയാരും വെളിയിൽ നിക്കിറാർ
മന്നർ തിരുവുള്ളം അറിയിപ്പാരാം
പട്ടുത്താർ വളൈകളിട്ടാർ
പാരാവളൈമോതിരം തനൈയണിന്താർ
പന്തിരണ്ടു നാമക്കുറി പത്തിപടാൽ തൊട്ടവാരാം

1. Taken form a manuscript in the possession of K. Kochukrishnan Nadar of Kāññiraṅkuḷam

വട്ടക്കുടൈയോടേക്കിരന്തുക്കെട്ടും
...ലെടുത്തവർ വഴി നടന്താർ
കേളപുരമുറ്റകോവിക്കലിൽ
കിഴക്കേ തിരുമുറ്റ വെളിതനിലേ
ഏറ്റ ചിങ്കാതനവുമിട്ട
എഴുന്തരുളി മന്നരിടൈത്തിരുന്താർ
തിരൻ തിരുവടിയൈക്കണ്ടപോതേ
തെണ്ടലനമക്കാരവും വിഴുന്താർ 1

൪. വലിയതമ്പി കുഞ്ഞുതമ്പി കഥ.

[മാത്താണ്ഡവമ്മ മഹാരാജാവിനു് മുൻപു് തിരുവിതാംകൂർ നാടു വാണിരുന്ന രാമവമ്മമഹാരാജാവിന്റേയും, അയോദ്ധ്യയിൽനിന്നും തിരുവിതാംകൂറിലെത്തി കുഞ്ഞുത്തമ്മാൾ എന്ന പേർ സ്വീകരിച്ച അങ്കിരാമി എന്ന സ്ത്രീയുടേയും, സന്താനങ്ങളായ വലിയ തമ്പിയും കുഞ്ഞുതമ്പിയും, അഴകപ്പമുതലിയാരുടെ സഹായത്തോടുകൂടി മാത്താണ്ഡ വമ്മയോടു് പകവീട്ടുവാൻ ഉദ്യമിയ്ക്കുന്നതും, രാജാധികാരത്തോടുള്ള ഏറ്റവുമുട്ടലിൽ അവർ നാമാവശേഷരായിത്തീരുന്നതുമായ ചരിത്രകഥയെ അടിസ്ഥാനപ്പെടുത്തി ഉണ്ടായിട്ടുള്ളതാണു് വലിയതമ്പി കുഞ്ഞുതമ്പി കഥ. ഇതിലെ വർണ്ണനകളുടെ ഓജസ്സും പ്രതിപാദനരീതിയുടെ സ്വാഭാവികതയും പ്രത്യേകം പ്രശംസാർഹങ്ങളാണു്.]

തിരിത്താരേ തീർത്തമാട ചേനൈപെരുംപടകളെല്ലാം
തമ്പിമാരിരുപേരും തങ്കപ്പണിയണിന്താർ
കൈക്കു വീരിചങ്കിലയും കളത്തിൽ തങ്കച്ചരപ്പുള്ളിയും
ആളിയിട്ട മുട്ടുകളും അരയിൽ പൊന്നാൽ കച്ചൈകളും
കൈമുട്ടുക്കു കച്ചുപ്പിറം കാലിൽ വരിത്തണ്ടകളും
കൈക്കിണംക മോതിരവും കഞ്ചിയിട്ട കവിണികളും
പൊന്നിൻ മുട്ടിട്ട ഉടവാളും പുലിത്തോൽ പരിശൈകളും
പൊമ്പരവി പൊട്ടുമിട്ട പുളുകു നൻറായൊളുകപ്പൂശി
മണിമാർവിൽ ചന്തണവും വടിവളകൻ തമ്പിമാർക്കു
വലിയ തമ്പിമന്നവരും വന്നപ്പരിമീതിലേറി
കുഞ്ഞുതമ്പിമന്നവരും കുണ്ടതൊരു പല്ലാക്കിൽ

1. Taken from a manuscript in the possession of K. Kochukrishnan Nadar of Kāññiraṅkuḷam.

ചേവിക്ക ഡമ്മാനം വിരുതുകളൂതി വര
ആച്ചിമാർകഠം കരവൈയിട പാടി ... ...
ആനൈമേലെ ഡമ്മാനം അച്ചവെടി കുമിററിടവേ
പാരവെടി കുമിററിടവേ പാരമന്നർതാൻ വരവേ
കോടി എരുതുകളും കോണകലെ വണ്ടികളും
വണ്ടിമേൽ പീരാങ്കി വലിയ വെടിപ്പുള്ളികളും
ചക്കുവെടിപ്പുള്ളികളും താനേ വെള്ളിത്തടിക്കാർകളും
പള്ളിയന്നിലാവതിലേ പാർമന്നരെഴുന്നരുളി
വലിയ തമ്പിമന്നവരും മന്നരുടെ വലതുപിറം
കുഞ്ചുതമ്പിമന്നവരും ക്രുണ്ടമന്നരിടതുപിറം
മാമൻകൊച്ചുമറപ്പിള്ളയും മന്നവരെച്ചേവിക്കവേ
രാമവർമ്മൻതമ്പുരാനും നാടിതീർത്തമാടിവൻറു് [1]

൪. രാമേശ്വരയാത്ര.

[ധർമ്മരാജാവു് എന്ന അപരാഭിധാനത്താൽ വിഖ്യാതനായിരുന്ന കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടു്, ൯൫൯ കാർത്തികമാസം വ്യാഴാഴ്ച തീയതി തിരുവനന്തപുരത്തുനിന്നും തീർത്ഥയാത്രയായി രാമേശ്വരത്തേയ്ക്കു് പുറപ്പെട്ടു് രാമേശ്വരസ്നാനം നിർവ്വഹിക്കുന്നതുവരെയുള്ള വൃത്താന്തമാണു് ഈ പാട്ടിലെ പ്രതിപാദ്യം. മഹാരാജാവു് രാമേശ്വരത്തേയ്ക്കു് എഴുന്നള്ളുണമെന്നു് തീർച്ചപ്പെടുത്തി ആക്കാട്ടനവാബായ മഹമ്മദാലിയേയും, ഈസ്റ്റിൻഡ്യാകമ്പനിയേയും തന്റേറ ആഗ്രഹം അറിയിച്ചപ്പോൾ അവർ വേണ്ട ഒത്താശകളെല്ലാം ചെയ്യാമെന്നു് വാഗ്ദാനം ചെയ്തതായി പ്രസ്താവിക്കുന്ന ഭാഗമാണു് മുവടേ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതു്.]

വരുന്തുംപടി ഒരു കാരിയം എന്തൻമനതിൽ നിനൈത്തതുണ്ടു
മകാതീർത്തമാന രാമേശ്വരം തന്നിൽ മായോനൈക്കണ്ടുതൊഴ
കണ്ടുതൊഴവേണ്ടുമെൻറേറ എൻമാമന്മാർ കല്പനൈ തന്തതുണ്ടു
അന്ത കാരിയമാനതു വിചാരിക്കവെൻറു കരുത്തിലറിന്തുകൊഠം
[വീരരേ
എൻറു പലപലവാചകമെല്ലാം എഴുതിമുകിത്തുടനേ
ഏറെ കട്ടാശിമുത്തിരൈ വൈത്തിട്ടെഴുതിയൊപ്പുതെഴുത്തുമിട്ടു
മൻറും പുകഴാൽ കൊടുത്തങ്കനുപ്പി വഴിയഞ്ചലായോടീ

1 Taken from a manuscript in the possession of Sri Chitrathirunal Reading Room & Library.

മന്നർ വാരാരെൻറു ചൊല്ലിമുതലിനവാവും മനമകിഴ്ന്താർ
ചൂഴ്ന്ത പയിരുമുങ്കിടവേ മാരിചൊരിന്തപടിപോലെ
ചൊല്ലിടുവാനൊരുതാനാപതിയൈ പുരക്കായ് വരവഴൈത്തു
അനന്തപുകഴ്തയവേണാടുമന്നവരെയൻപുടൻ ചെൻറുകണ്ടു
അവർകളുമനംതന്നിൽനിനൈന്ത കരുമത്തുക്കാരും തടൈ
വാരില്ലൈ
ഇന്നല്ല തിരുവടി ശീമൈക്കു നാനല്ലാമിങ്കൊരു പേർകളുണ്ടോ?[1]

ന്യ. തിവാൻ വെറി.

[ദിവാൻ കേശവപിള്ളയുടെ ബാല്യകാലംമുതൽ പ്രാശസ്ത്യം മൂർദ്ധന്യദശയിൽ എത്തിയതുവരെയുള്ള ചരിത്രം അതിശയോക്തി പ്രധാനമായി വണ്ണിച്ചിട്ടുള്ള ഒരു തമിഴ് പാട്ടത്രേ തിവാൻ വെറി.]

എൻറവൻ ചൊല്ലനിൻറഞ്ചിയേ മകനേ
ഏഴൈ നാനടിയാളൊരു വിണ്ണപ്പം
ഉണ്ടുറങ്കി പട്ടപാതിചാമത്തിൽ ഉറവ
ചൊൽപനമെത്തക്കൊടിയതു
ഇൻറുമിപ്പടി കൺടക്കനാവുതാൻ എങ്കേ
വന്തുപാലിക്കുമോ നാൻ കാണേൻ
കാണവേ തെൽക്കേ നീർ പടൈ പോകവും
കണ്ട തുടരെ വെട്ടിയടക്കവും
അണൈമെയാലൊരുകോട്ടൈയിലേറവും
അവർകളുവന്തു് അടന്തേറി കുത്തവും
അടന്തേറിയ തണ്ടികൈപ്പല്ലുക്കുമായുതം
പലനീങ്കും പോടപോടവും
തടംതേടിമറുംകിത്തവിക്കുവും തക്ക
ചേകരൊക്കുമടിയവും
മടയവേ കോട്ടൈ നീർ വിട്ടവാങ്കവും
വാടിയോടിമറുകവും കണ്ടേ നാൻ.

1. See. *Vijñanadīpika* Part III, pp. 192 & 193.

൬. ചാമുണ്ഡികഥ.

[അസുരവീരന്മാരായ ചണ്ഡമുണ്ഡന്മാരുടെ നിഗ്രഹാർത്ഥം ശിവന്റെ മൂന്നാംതൃക്കണ്ണിൽനിന്നും അവതരിച്ച ചാമുണ്ഡി ദേവന്മാരുടെ സങ്കടപരിഹാരം വരുത്തിയതിനുശേഷം ശിവന്റെ ആജ്ഞയനുസരിച്ച് പാണ്ഡ്യദേശങ്ങളിൽ സഞ്ചരിക്കുകയും ഒടുവിൽ മധുരയിലെ കോചക്കുല മന്നന്റെ അഭിലാഷപ്രകാരം മാനാമധുരിയിൽ കുടികൊള്ളുകയും ചെയ്യുന്നതാണ് ഇതിലെ പ്രതിപാദ്യം. പാണ്ടിനാട്ടിൽ ചാമുണ്ഡി പരദേവതയായിത്തീരുന്നതിനുള്ള കാരണങ്ങളെ പ്രതിപാദിക്കുന്ന 'മാരിയാട്ടം പെരുമാൾ കഥ' ഇതിന്റെ ഒരു ഉപകഥയായി നിബന്ധിക്കപ്പെട്ടിരിക്കുന്നു. പ്രസിദ്ധങ്ങളായ വില്ലടിപ്പാട്ടുകളിൽ ഒന്നത്രേ ചാമുണ്ഡികഥ.]

അന്തകാലത്തിലെ അവർകളെല്ലാം
അരിയകോപത്തോടെ വാഴ്ന്തിരുന്താർ
ചിന്തതളന്തല്ലോ നാമുമിങ്കേ
ചിറക്കപ്പാതാളം പുക്കൊളിത്തോം
മുന്തിനാരായണരവക്കുവേണ്ടി
മൂലം ക്രോമൽ കൊന്നുപോട്ടാർ
നാമിരുന്തവീടുവാസലെല്ലാം
നകണ്ടിടിന്തു ഭൂമി പാഴതാച്ചേ
ഓമം ചെയ്യുമന്ത ഇരിഷികളെ
ഉറുക്കാരരെ ചടങ്കം ചെയ്താർ
മേവിയുടൻ രണ്ടു പുത്തിരരേ
വിളങ്കുത്തരുവിയേ നമുക്കുമിനി
നാമാ നിനൈന്തല്ലോ അസുരപ്പൈങ്കാം
നാടി തപസ്സുകാം ചെയ്തിരുന്താർ
ചെയ്തതപസ്സിൻവലിമയലെ
ചിറന്തോരിരിഷികാം മനം മകിഴ
തൈത നല്ലാംമുകം നോക്കി
തമക്കുവേണ്ടുവതേതോ ചൊല്വാർ
ഒപ്പുപുത്തിരർ രണ്ടുപേരെ
പിറക്ക ഒൻറാക വരം കൊടുത്താർ
കൊടുത്തവരം തപ്പാമൽ

കൊണ്ടുതല്ലോ രണ്ടു ശൂലവർക്ക
അടുത്തമാസം പത്തും തികയ്ന്നപോതെ
അസുരപ്പെങ്കളും പെറെറടുത്താർ
എടുത്തിരുപേരും വളർത്താരല്ലോ.[1]

പ്രസ്തുതഗാനങ്ങൾക്കുള്ള സ്ഥാനം.

ഫണ്ടു. മലയാളത്തിന്റെ അതിത്തിദേശത്തുള്ള തമിഴിന്റെ ദേശ്യഭേദങ്ങളിൽ മലയാളത്തിന്റെ സമാവേശം എത്രത്തോളം ഉണ്ടെന്നുള്ള പഠനത്തിൽ പ്രസ്തുതഗാനങ്ങൾക്ക് ഒരു സ്ഥാനം കല്പിക്കാമെങ്കിലും മലയാളഭാഷയുടെ വളർച്ചയെ പ്രത്യക്ഷമാക്കുന്നതിന് അവ ഒരു വിധത്തിലും ഉപകാരകങ്ങളായിരിക്കുന്നില്ല.

പ്രാചീനരേഖകളിലെ ഭാഷ.

ഫണ്ടെ. കേരളത്തിലെ പ്രാചീനരേഖകളിൽ പലതിനും തമിഴ് ഭാഷയുടെ പ്രാബല്യം പ്രത്യക്ഷമാകുന്നതിനെ ആധാരമാക്കി അവ മലയാളഭാഷയുടെ പൂർവ്വരൂപങ്ങളെ പ്രതിബിംബിപ്പിക്കുന്നവയാണെന്നുള്ള അഭിപ്രായവും ആദരണീയമായിരിക്കുന്നില്ല. ഭരണസംബന്ധമായും മറും പണ്ടു കേരളദേശത്തിന് തമിഴ്നാടുകളോടുള്ള സമ്പർക്കത്തിന്റെ ദാർഢ്യം ശിലാശാസനങ്ങൾ, ചെപ്പേടുകൾ, ഗ്രന്ഥവരികൾ തുടങ്ങിയ രേഖകൾ തമിഴിലോ തമിഴ്രീതിയിലോ നിബന്ധിക്കപ്പെട്ടുന്ന സംപ്രദായം വ്യവസ്ഥാപിതമായിത്തീരുന്നതിന് ഇടവരുത്തിയിട്ടുണ്ട്. അത്രമാത്രമല്ല തമിഴിനു വിദ്യാഭ്യാസഭാഷ എന്നുള്ള നിലയിൽ ഈ നാട്ടിൽ ഏറിയൊരു കാലം പ്രചാരം സിദ്ധിച്ചിരുന്നതു് എഴുത്തുകുത്തുകൾ പ്രായേണ തമിഴിലായിത്തീരുവാൻ സഹായിച്ചു എന്നുള്ളതും നിസ്സംശയമാണ്. ശ്രീവീരരാഘവചക്രവർത്തിപ്പട്ടയത്തിലെ ഭാഷയെ മലയാളത്തിന്റെ ആദ്യഘട്ടത്തിലുണ്ടായിരുന്ന ഗദ്യത്തിനു് ഉദാഹരണമായി കേരളപാണിനി പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും ആ പട്ടയവും അതുപോലെ മറു പല പ്രാചീനരേഖകളും മലയാളഭാഷയുടെ അതാതുകാലത്തുള്ള സ്വഭാവത്തെ അവഹിക്കുന്നവയായി കരുതാൻ സാധിക്കാത്തവണ്ണം തമിഴ് രീതിയെ ആശ്രയിച്ചുള്ളവയാണ്. ഇരുന്നരുള, പറകൊണ്ടരുൾ, ഇരവികോത്തനായ, എന്നിങ്ങനെ ഏതാനും ചില മലയാളരൂപങ്ങൾ വീരരാഘവപ്പട്ടയത്തിൽ കാണുന്നതിനെമാത്രം പരിഗണിച്ച് അതിലെ ഭാഷ മലയാളമാണെന്ന് സമർത്ഥിക്കാവുന്നതല്ല. ദേശഭാഷയുടെ ചില അംശങ്ങൾ അന്തരം രേഖകളിൽ കടന്നുകൂടുന്നതു് സ്വാഭാവികമാണ്. തിരുവല്ലായിലെ വിഷ്ണുക്ഷേത്രത്തെ സംബന്ധിക്കുന്നവയും ഹജൂർ കച്ചേരിയിൽ

1, *Cāmuṇḍikatha* published by K. Kochukrishnan Nadar, p p. 25 & 26.

നിന്നും കിട്ടിയിട്ടുള്ളവയും ആയ രേഖകളിൽ അരി, തള്ളെ, ചെലവി നുള്ള, പടിഞ്ഞായിറു, തുടങ്ങി, അങ്ങാടി, തത്തെ, നങ്ങെ, എന്നി ങ്ങനെ ചില രൂപങ്ങൾ നാട്ടുഭാഷയായ മലയാളത്തിന്റെ പ്രേരണ കൊണ്ടു വന്നിട്ടുണ്ടെങ്കിലും അതിലെ മുഖ്യഭാഷ തമിഴാണെന്നുള്ളതിന് യാതൊരു ഉടവും തട്ടിയിട്ടില്ല. ഇതുപോലെ ഭാസ്കരരവിവർമ്മയുടേയും സ്ഥാണുരവിയുടേയും ശാസനങ്ങളിലും അങ്ങിങ്ങ് ചില ദേശ്യപദങ്ങൾ കണ്ടുവെന്നുവരാം. ഏതാണ്ടുശങ്കളായ ലക്ഷ്യങ്ങൾ കേരളത്തിലുണ്ടായിട്ടുള്ള തമിഴ്രേഖകളിലെ ദേശഭാഷാനുപ്രവേശത്തെക്കുറിച്ചുള്ള പഠനത്തിന് ഉപകരിക്കുമെന്നല്ലാതെ മലയാളഭാഷയുടെ ആനുക്രമമായ വളർച്ച അറിയുന്നതിന് പ്രയോജകീഭവിക്കുന്നവയല്ല.

മലയാള സാഹിത്യത്തിലെ ഭാഷാസങ്കരത്വം

ഫലവ്വ. ഒരു ഭാഷയിൽ മറ്റു ഭാഷകളിലെ പദപ്രകൃതികളല്ലാതെ പ്രത്യയങ്ങൾകൂടി സംക്രമിക്കുന്നതു് സ്വാഭാവികമല്ല. സംഭാഷണത്തിൽ മറ്റു ഭാഷകളിലുള്ള പല വാക്കുകളും പ്രയുക്തങ്ങളാകുന്നുണ്ടെങ്കിലും അവയ്ക്ക് മലയാളപ്രത്യയങ്ങൾ ചേർത്തു് സ്വകീയപദങ്ങളോടു് സാധാരണ്യം നാം വരുത്തുന്നു. മലയാളസാഹിത്യത്തിലാകട്ടെ, ഭാഷാസാങ്കര്യം പ്രത്യയാംശത്തിൽക്കൂടി ഏർപ്പെട്ട ഗണനീയങ്ങളായ പ്രസ്ഥാനങ്ങൾക്ക് കാരണമായിത്തീർന്നിട്ടുണ്ടെന്നു കാണാം. ആദിമദശയിൽ ഈ ഭാഷാസാങ്കര്യം ഏവക്കും വിലക്ഷണമായേ തോന്നിയിരിക്കയുള്ളൂ. പക്ഷേ കാലക്രമത്തിൽ കവികളും സഹൃദയന്മാരും അതിലുള്ള കൃത്രിമത്വത്തെ അവഗണിച്ചു് അതിനു സമാദരണീയമായ ഒരു സ്ഥാനം കല്പിച്ചുകൊടുത്തതു് സാഹിത്യത്തിന്റെ അദ്ഭുതപൂർവ്വമായ അഭിവൃദ്ധിക്കു് സഹായകമായി ഭവിച്ചു.

കാലത്തിനൊപ്പിട്ടിട്ടുള്ള ഭാഷകൾ

ഫലൻ. തമിഴസാഹിത്യവും സംസ്കൃതസാഹിത്യവും മലയാളസാഹിത്യത്തിന്റെ പരിപുഷ്ടിക്കു പല വിധത്തിലും ഉതകിയിട്ടുണ്ടു്. സാഹിത്യത്തിന്റെ സാങ്കേതികാംശങ്ങളിൽ മാത്രമല്ല, ശബ്ദസമുച്ചയത്തിൽക്കൂടി തമിഴും സംസ്കൃതവും നമ്മുടെ ഭാഷയിൽ കൈകടത്തിയിട്ടുള്ളതു നോക്കുമ്പോൾ ഏറിയൊരു കാലത്തേയ്ക്ക് അവയ്ക്കുണ്ടായിരുന്ന പ്രാബല്യം വ്യക്തമാകും. തനിമലയാളങ്ങളായ കൃതികൾ ഗ്രാമീണങ്ങളോ സാമുദായികങ്ങളോ ആയ ഗാനങ്ങളുടെ രൂപത്തിൽ പ്രചരിച്ചിരുന്നിരിക്കാമെന്നുള്ളതു് മേല്പറഞ്ഞതിനു വിരുദ്ധമാകുന്നില്ല. പ്രൌഢമായ സാഹിത്യമാകട്ടെ, നമുക്ക്

സംസ്കാരംകൊണ്ടും മറ്റും അടുത്ത ബന്ധമുള്ള ജനതയുടെ പ്രശസ്തങ്ങളായ സാഹിത്യങ്ങളെ പ്രതിപാദ്യവിഷയത്തിലും പ്രതിപാദനരീതിയിലും സമാശ്രയിച്ചാണ് ആശാസ്യനിലയിൽ എത്തിയിട്ടുള്ളത്. അതിൽ പ്രതിപാദനരീതിയെ സംബന്ധിച്ചിടത്തോളം വൃത്തങ്ങളുടെ അനുകരണത്തിലും സംസ്കരണത്തിലും നമ്മുടെ ഭാഷയിലുള്ള പദങ്ങളോട് മറ്റു ഭാഷയിലുള്ള പദങ്ങളെ കൂട്ടിക്കലർത്തുന്നതിലും രുചിഭേദമനുസരിച്ച് കവികൾ ദ്രാവിഡഭാഷയായ തമിഴിനേയും ആര്യഭാഷയായ സംസ്കൃതത്തേയും അവലംബമാക്കി പ്രവർത്തിച്ചിട്ടുള്ളതാണ് പ്രാധാന്യമർഹിക്കുന്നത്.

തമിഴിന്റേയും സംസ്കൃതത്തിന്റേയും സാങ്കര്യം.

ഉ വ ാ ഹ ര ണ ം. ഭാഷാഗ്രന്ഥങ്ങളിൽ തമിഴപദങ്ങളുടേയും സംസ്കൃതപദങ്ങളുടേയും സാങ്കര്യം ഒരേ രീതിയിലുള്ളതല്ല. ലീലാതിലകകാരൻ 'മണിപ്രവാളം' എന്നുള്ള വ്യപദേശം നല്കി വിവരിച്ചിട്ടുള്ളത് കേരളഭാഷയുടേയും സംസ്കൃതഭാഷയുടേയും യോഗമായ ഭാഷാസാങ്കര്യത്തെയാണ്. "അത്ര ഭാഷാവദേതി പ്രസിദ്ധം സുകുമാരാക്ഷരം സംസ്കൃതം. ഭാഷാ ച പ്രായശഃ പാമരജനപ്രസിദ്ധാ. തഥാവിധയോരേവ അനയോഃ സംശ്ലേഷോ ഭവേൽ. തത സൌഷ്ഠവപ്രതിപാദനാത്മായം മണിപ്രവാളമിതി സംജ്ഞാ. മാണിക്യവിമശ്രയോർഹി സമാനസൂത്രേ പ്രോതയോ സ്വച്ഛജാതിയവർണ്ണതയാ ഐക്യമിവാഭാതി. ന പുനർമ്മാണിക്യമുക്തയോഃ പ്രവാളനീലയോർവ്വാ. ഏവം ഭാഷാസംസ്കൃതയോരപി സംശ്ലേഷണം ഭവിതവ്യം യഥാ കിംചിന്ന വൈഷമ്യം പ്രതീയേത." എന്നു മണിപ്രവാളത്തിലെ ഘടകങ്ങളായ കേരളഭാഷാപദങ്ങളുടേയും സംസ്കൃതഭാഷാപദങ്ങളുടേയും സ്വരൂപത്തെ വിശദീകരിച്ചിരിക്കുന്നത് മറ്റു ഭാഷാസാങ്കര്യങ്ങളിൽനിന്നും മണിപ്രവാളത്തെ വേർതിരിക്കുവാൻ പ്രയോജകീഭവിക്കുന്നു. മണിപ്രവാളത്തിലെ സംസ്കൃതം ഭാഷയോടൊപ്പം അതിപ്രസിദ്ധവും സുകുമാരവർണ്ണഘടിതവുമായിരിക്കണം; കേരളഭാഷയും സംസ്കൃതഭാഷയും കലർന്ന നിബന്ധനത്തിനു മാത്രമേ മണിപ്രവാളം എന്നു പേരുള്ളൂ. മണിപ്രവാളം എന്ന സംജ്ഞ അർഹിക്കുന്ന യാതൊരു ഗ്രന്ഥത്തിലും ചോളഭാഷാലവംകൂടി കാണുകയില്ലെന്നു ആചാര്യൻ മറ്റൊരിടത്ത് പ്രസ്താവിച്ചിട്ടുണ്ട്. 'പാണ്ഡ്യഭാഷാസാരൂപ്യം ബാഹുല്യേന പാട്ടിൽ ഭാഷായാം ഭവതി' എന്നുള്ള നിരീക്ഷണത്തിൽ 'പാട്ട്' എന്ന ഇനത്തിൽ മലയാളപദങ്ങളോട് ചേർന്ന തമിഴപദങ്ങൾ അതേരൂപത്തിൽ അവസ്ഥാനം ചെയ്യുന്നതാണെന്നും അദ്ദേഹം

വിശദമാക്കിയിട്ടുണ്ട്. പാട്ടും ഭാഷാസംസ്കൃതയോഗമായ വരാവുന്നതാണല്ലോ എന്നുള്ള ആശങ്കയെ അവതരിപ്പിച്ചുകൊണ്ട് ലീലാതിലകകാരൻ ചെയ്തിട്ടുള്ള പാട്ടിന്റെ ലക്ഷണം അതിന് മണിപ്രവാളത്തിന്റെ പരിധിയിൽ അന്തർഭാവം ഇല്ലെന്നുള്ളതിന് സാധകമാണ്. ദ്രമിഡമാതൃകയിൽ ഉൾപ്പെട്ടിട്ടുള്ള വർണ്ണങ്ങളല്ലാതെ പാട്ടിൽ വരുവാൻ പാടില്ല. എതുക, മോന എന്നീ പ്രാസങ്ങൾ നിയമേന ഉണ്ടായിരിക്കുകയും വേണം. വസന്തതിലകാദികളായ വൃത്തങ്ങളിൽനിന്ന് വിഭിന്നമായ ഒരുതരം വൃത്തം—ഛന്ദോബന്ധം—ആണ്. പാട്ടിൽ ആളുതമാകുന്നതു്. മണിപ്രവാളത്തിലാകട്ടെ ദ്രാവിഡമാതൃകാവർണ്ണങ്ങൾമാത്രമല്ല, ആര്യഭാഷാവർണ്ണങ്ങളും ഉപയോഗിക്കപ്പെടാം; എതുക, മോന എന്നീ പ്രാസങ്ങളെക്കുറിച്ചുള്ള ഗണനയില്ല. സംസ്കൃതവൃത്തങ്ങൾ ഉപയോഗിച്ചും പദ്യനിബന്ധനം ചെയ്യാം. 'മണിപ്രവാളപ്രസിദ്ധവസന്തതിലകാദിവൃത്തവിലക്ഷണഛന്ദോഭേദോദിർവൃത്തവിശേഷഃ' എന്നുള്ളിടത്തു് വസന്തതിലകാദിവൃത്തങ്ങൾക്കു് മണിപ്രവാളത്തിൽ പ്രസിദ്ധിയുണ്ടെന്നല്ലാതെ എല്ലാത്തരം മണിപ്രവാളങ്ങളും പദ്യങ്ങളായിരിക്കണമെന്നോ സംസ്കൃതവൃത്തങ്ങളിൽതന്നെ നിബന്ധിക്കപ്പെട്ടിരിക്കണമെന്നോ ആചാര്യന് അഭിപ്രായമില്ലതന്നെ. ''യദി ഖലു രസികജനമഭിമുഖീകൃത്യാഭിസന്ധാതും ഗദ്യരൂപേണ പദ്യരൂപേണോഭയരൂപേണ വാ ചതുരേ പദസന്ദർഭേ പ്രസൂതേ തന്മദ്ധ്യേനന്യപരം 'ചന്ദനം കൊണ്ടാ' ഇത്യു ച്യതേ തത്ര നിരന്തരാഭ്യാം പൂർവ്വാപരാഭ്യാം വാക്യബന്ധാഭ്യാം സാഹചര്യാത് തസ്യാപ്പിയസോഽപി വചസഃ സഹൃദയരഞ്ജനസന്നാഹോഽസ്തീത്യവഗമ്യതേ തദാ മണിപ്രവാളം ഭവതി'' എന്ന ഭാഗത്തിൽ ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ ചമ്പൂരൂപത്തിലോ പ്രസൂതങ്ങളാകുന്ന പദസന്ദർഭങ്ങൾക്ക് മണിപ്രവാളത്വം അനുമതമായിട്ടുണ്ടല്ലോ.

'മുയലിൻ മൂർദ്ധനി കൊമ്പുകണക്കേ
നിന്നിൽ പ്രേമം കാന്തതന്നിക്കേ' എന്നും,
ചുഴലമരുവാരുടെ ചോരിതൻ പരിമള-
ച്ചുരിതപൂരികച്ചുടാശ്ലോണനം ചെയ്യുയും, എന്നും
വേശ്യാനാമൊരു വേശ്മ കണക്കേ
തന്നിലിണങ്ങിന തരളജംഗം
ഭഗണപുരസ്ഥിതപലക കണക്കേ
പരൽ നിരകൊണ്ടു പരത്തിന ഭാഗം'' എന്നും ഉള്ള ഉദാഹരണങ്ങൾ ദ്രാവിഡവൃത്തത്തിലും മണിപ്രവാളം ഉണ്ടാകാമെന്നുള്ളതിന് ഉപോദ്ബലകമത്രേ.

ഫവ്യ ഫ. മണിപ്രവാളത്തിലെ സംസ്കൃതം ഭാഷപോലെ അതി പ്രസിദ്ധവും സുകുമാരാക്ഷരവും ആയിരിക്കണം എന്ന നിയമനം ചെയ്തിരിക്കുന്നതുകൊണ്ട് പ്രായേണ പണ്ഡിതമാത്രവേദ്യങ്ങളായ പ്രയോഗങ്ങളേയും സുകുമാരേതരങ്ങളായ അക്ഷരങ്ങളേയും കൂടി ഉൾക്കൊള്ളുന്ന സംസ്കൃതം ബാഹുല്യേന കാണപ്പെടുന്ന രാമായണാദിചമ്പൂപ്രബന്ധങ്ങൾ മണിപ്രവാളത്തിൽ ഉണ്ടായിരിക്കേണ്ട ഭാഷാസാങ്കര്യസൌഷ്ഠവത്തെ ആവഹിക്കുന്നവയല്ലെന്ന നമുക്കു നിർണ്ണയിക്കാം. ഭാഷാസംസ്കൃതങ്ങളുടെ കലർപ്പ് ഉണ്ടെങ്കിലും ചമ്പൂപ്രബന്ധങ്ങളിലെ യാതൊരു ഭാഗവും ലീലാതിലകകാരൻ ഉദാഹരിച്ചിട്ടില്ലാത്തതും ചമ്പൂകാരന്മാർ ഈ കൃതികളിലെ ഭാഷാരീതിയെ മണിപ്രവാളം എന്ന യാതൊരിടത്തും വ്യപദേശിച്ചിട്ടില്ലാത്തതും അവയിലെ ഭാഷാസംസ്കൃതസമ്മിശ്രണം മണിപ്രവാളതത്ത്വത്തിനു യോജിച്ചതല്ലാത്തതുകൊണ്ടുതന്നെയായിരിക്കണമല്ലോ. ലീലാതിലകത്തിലെ ഉദാഹരണങ്ങൾ പരിശോധിച്ചാൽ അവയിലെ സംസ്കൃതം ചമ്പൂപ്രബന്ധങ്ങളിലുള്ളതിനെ അപേക്ഷിച്ച് ലളിതവും സുകുമാരവും ആണെന്ന് സ്പഷ്ടമാകും. പ്രതിപാദ്യവിഷയംപോലും ഏറിയകൂറും പ്രേമവും കാമവും മറ്റുമാണ്. കാമദഹനം ചമ്പുവിൽ കാമദേവന്റെ നിസ്സാണാനന്തരമുള്ള അപ്സരസ്സുകളുടെ അവസ്ഥയെ വർണ്ണിക്കുന്ന ക്ലൃപ്തത്തിൽ

"സാരസ്യത്തിനുചെന്നൊരുത്തനുമിരിപ്പീലാരുമമ്മേനകാ-
ഗാരേ നാലുമണിപ്രവാളമുയരെ ചൊല്ലുതുമില്ലാരുമേ
പാരിൽ കീർത്തി മികുത്ത മന്നവർ മരിച്ചാഹന്ത ചെല്ലും വിധൗ
നാരീണാം കഥപോലുമില്ല പരലോകാധ്വശൂന്യാടകേ" എന്നൊരു പദ്യം കാണുന്നതു് ഗണികകളെ പ്രീതിപ്പെടുത്തുവാനായി മണിപ്രവാളം ഉദ്ഘോഷിക്കുന്നതിനെ പരാമർശിക്കുന്നുണ്ടല്ലോ. സാധാരണജനങ്ങൾക്കുകൂടി സുഗ്രഹമായ പ്രതിപാദനരീതിയായിരിക്കണം മണിപ്രവാളനിബന്ധനങ്ങളിൽ ആശ്രയിക്കപ്പെടേണ്ടതു് എന്നുള്ളതിനു ഇതും ഒരു നിദർശകമത്രേ.

മണിപ്രവാളത്തിലെ സംസ്കൃതം.

ഫവ്യ ഉ. ഭാഷാപദങ്ങൾക്കും സംസ്കൃതപദങ്ങൾക്കും എണ്ണം കൊണ്ടുള്ള ഏറ്റക്കുറച്ചിൽ മണിപ്രവാളത്തിന്റെ അവാന്തരഭേദങ്ങളെ നിർണ്ണയിക്കുവാനുള്ള ഉപാധിമാത്രമേ ആകുന്നുള്ളൂ. ഭാഷാപദങ്ങൾ കൂടിയിരുന്നാൽ പ്രശസ്തിയും കുറഞ്ഞിരുന്നാൽ ഹീനതയും കാവ്യതത്ത്വജ്ഞാ സംഭവിക്കുമെന്നാണല്ലോ "തദുത്തമം ഭാഷാരസപ്രാധാന്യേ" എന്ന സൂത്രം മുതൽ "ന്യൂനതോഽധമം"

ഉത്തമ മണിപ്രവാളം.

എന്ന സൂത്രം വരെ ലീലാതിലകകാരൻ പ്രതിപാദിച്ചിട്ടുള്ളതു് ചന്ദ്രോത്സവത്തിലെ ഭാഷാരീതിയിൽ ലീലാതിലകത്തിലെ ലക്ഷണം അനുസരിച്ചുള്ള മണിപ്രവാളതുല്യം നല്ലതുപോലെ സമനിതമാകുന്നുണ്ടു്.

"മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേ-
ളനസുരഭിലയാസ്മത് കാവ്യവാണീവിഭൂത്യാ
തെളിയുക പരമിന്നാ മേദിനീചന്ദ്രികാ തേൻ-
പൊഴിയുമൊരു കലമ്പൻ മാലകൊണ്ടെന്നപോലേ"

എന്നിങ്ങനെ ചന്ദ്രോത്സവകർത്താവു് സ്വകാവ്യത്തിലെ വാക്സമുച്ചയം മധുരമധുരങ്ങളായ ഭാഷാസംസ്കൃതങ്ങളുടെ അന്യോന്യസമ്മേളനം കൊണ്ടു് മോഹനമാണെന്ന മുഖതകണ്ടം പ്രസ്താവിച്ചിട്ടുള്ളതു് സത്യകഥനം മാത്രമാണു്. ഉണ്ണിനിലീസന്ദേശത്തിൽനിന്നും.

"യത് സത്യം തദ്ഭവതു പുനർതംനാം പിറന്നെങ്കിലും കാന്തൻ
വന്നിട്ടിന്നേറ മമ മനസിജച്ചൂടൊഴിക്കിൻറുതാകിൽ
തോഴീ പൂപ്പൊല്ലെഴുവതിതു നൻറഷ്ടമേ ശുക്രചന്ദ്രൌ
ഭാഗ്യേ ജീവസ്സുചയമിതി നരുങ്ങാശ്വസന്തീ സ്ഥിതാ വാ'

എന്ന പദ്യം ലീലാതിലകകാരൻ ഉദ്ധരിച്ചിട്ടുള്ളതാകയാൽ ആ കൃതിയിലെ ഭാഷാരീതിയും മണിപ്രവാളവ്യപദേശത്തിനു് സമർഹമായി കരുതപ്പെടാവുന്നതാണു്. വ്യാധിചികിത്സാദികളെ വിവരിക്കുന്നതിനാൽ രസശൃംഗാരങ്ങളെങ്കിലും ആലത്തൂരാദി മണിപ്രവാളങ്ങൾക്കു് മണിപ്രവാളം' എന്നുള്ള പ്രസിദ്ധി അവയിലെ ഭാഷാസാകയ്യത്തെ അധിഷ്ഠിതമാക്കിയുള്ളതാകയാൽ ഉപപന്നമാണെന്നും ലീലാതിലകകാരൻ വ്യക്തമാക്കിയിരിക്കുന്നു.

ഭാഷാമിശ്രം.

ഭവതു. ഭാഷ' എന്നുള്ളതുകൊണ്ടു് കേരളഭാഷ' എന്നു ധരിക്കണം എന്നുള്ളതിനു പ്രമാണമായി ലീലാതിലകകാരൻ ഭാഷാമിശ്രം പൊഴുതുകഥയാമി' എന്നൊരു ഭാഗം ഉദ്ധരിച്ചിട്ടുണ്ടല്ലോ. ആ പദ്യഭാഗം ഏതു ഗ്രന്ഥത്തിൽനിന്നു് എടുത്തിട്ടുള്ളതാണെന്നു് ആരെങ്കിലും വിശദമാക്കിയിട്ടുള്ളതായി അറിയുന്നില്ല. മുഹൂർത്തങ്ങളെപ്പററി നിരൂപണംചെയ്യുന്ന ഒരു താളിയോലഗ്രന്ഥത്തിൽ,

"മൂഢോ മുറവും മുതല്മുടിവറഞ്ഞെൻറിയേ കണ്ടുകേട്ട-
ള്ളുചാരംകൊണ്ടപി ച മുനിഭിഃ പ്രോക്തമാലോക്യ കിഞ്ചിത്
ഭാഷാമിശ്രം പൊഴുതുകഥയാമ്യദ്യനാഹപക്കമാത്രം
വല്ലം ലോകേ ഹിതമിതി തതഃ ക്ഷന്തുമർഹന്തി സന്തഃ"

എന്നൊരു പദ്യം എനിക്കു കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ലീലാതിലകത്തിലെ ഭാഷാമിശ്രം പൊഴുതു കഥയാമി' എന്നുള്ള ഭാഗം പ്രസ്തുത പദ്യത്തിൽ ഉള്ളതുതന്നെ ആയിരിക്കണം.

'ഭാഷാമിശ്രം' എന്നു് തന്റെ പദസന്ദർഭത്തെ ഗ്രന്ഥകാരൻ നിർദ്ദേശിച്ചിട്ടുള്ളതും മണിപ്രവാളത്തിന്റെ ഒരു പര്യായം എന്ന നിലയ്ക്കു് ആയിരിക്കുവാൻ വഴിയുണ്ടു്. ആ ഗ്രന്ഥത്തിലെ ഭാഷാസംസ്കൃതയോഗം ലീലാതിലകത്തിലെ മണിപ്രവാളത്തിനു് സർവ്വഥാ അനുഗതമാണെന്നുള്ളതും പ്രസ്താവ്യതയെ അർഹിക്കുന്നു.

'മണിപ്രവാളം' എന്ന സംജ്ഞയിൽ 'മണി' എന്നതുകൊണ്ടു് ഭാഷയും 'പ്രവാളം' എന്നതുകൊണ്ടു് സംസ്കൃതത്തെയും അധ്യവസാനം ചെയ്തിരിക്കുന്നുവെന്നു പ്രസ്താവിച്ചിട്ടു് അതിനു് അനുഗുണമായി 'തമിഴ് മണി സംസ്കൃത പവഴം കോക്കിൻറേൻ വൃത്തമാന ചെന്തൂന്മെല്' എന്നുള്ള വചനത്തെ ലീലാതിലകകാരൻ പ്രദർശിപ്പിക്കുമ്പോൾ ഭാഷാസംസ്കൃതങ്ങളുടെ സവിശേഷമായ സമ്മിശ്രണമാണു് 'ഭാഷാമിശ്രം' എന്നുള്ള ഒരു വിശദീകരണത്തെ ക്രിയാനിച്ചുകൊള്ളുന്നതായും വിചാരിയ്ക്കാം. ഭാഷാമിശ്രത്തിന്റെ ഒരു ഘടകം ഭാഷയാണെന്നു് പ്രകടമാകുന്നുണ്ടെങ്കിലും മറ്റേ ഘടകം സംസ്കൃതമാണെന്നു് 'ഭാഷാമിശ്രം' എന്നുള്ള സംജ്ഞകൊണ്ടു വ്യക്തമാകുന്നില്ല. മണിപ്രവാളമെന്നുള്ള സംജ്ഞയാകട്ടെ, മണിയായി അധ്യവസിതമായ മലയാളത്തിന്റേയും പ്രവാളമായി അധ്യവസിതമായ സംസ്കൃതത്തിന്റേയും ചേർച്ചയാണെന്നു് ഒന്നുപോലെ തെളിയിക്കുന്നതിനാൽ അതിനെന്തെന്നെയാണു് സാങ്കേതികമായ നിലയിൽ ആചാര്യൻ അംഗീകരിച്ചിട്ടുള്ളതു്.

ഫുർ. മിശ്രം. 'തമിഴ് മണി' ഇത്യാദി പദ്യത്തിന്റെ പൂർണ്ണരൂപവും മറ്റൊരു താളിയോലഗ്രന്ഥത്തിൽ എനിക്കു് കണ്ടുകിട്ടുവാൻ സാധിച്ചിട്ടുള്ളതു് ചുവടേ ചേർക്കുന്നു.

"തമിഴ് മണി സംസ്കൃതപവഴം കോർക്കിൻറേൻ വൃത്തമാന ചെ
[ന്തൂന്മെല്
യോഗാനാം പഞ്ചശതം പശുപതയേ മന്ദബുദ്ധയേ കഥിതം"

ഇതു് യോഗങ്ങളെക്കുറിച്ചു വിവരിക്കുന്ന ഒരു വൈദ്യഗ്രന്ഥത്തിൽ ഉള്ളതാണു്.

"ഒൻറുമിരണ്ടും മൂൻറും പട്ടിണി പററാം ജ്വരേഷുപരികൊല്ലാ
പിത്താനിലകഫവികൃതിഷു പയ്യും വഹ നിശ്ച(വഹ്നേശ്ച)
ലാഘവം ച ഭവേത്"

എന്നു് ആ ഗ്രന്ഥത്തിൽ തന്നെ കാണുന്ന മറെറാരു പദ്യവും ഭാഷാരീതിയുടെ മണിപ്രവാളതത്ത്വത്തിനു നിദർശനമാണു്. 'തമിഴ്മണി' ഇത്യാദിയിൽ 'തമിഴ്' കേരളഭാഷയെ കുറിക്കുന്നതാണെന്നു് ലീലാതിലകകാരൻ തന്നെ നിർദ്ദേശിച്ചിട്ടുമുണ്ടു്. ഭാഷാസംസ്കൃതങ്ങൾക്കു പുറമേ ചോളഭാഷയോ മറേറാ കൂടി കലർന്നുവന്നാൽ അത്തരം ഭാഷാരീതി 'മിശ്രം' എന്നുള്ള പ്രസ്ഥാനത്തിനു് വിഷയമാകുമെന്നും അതു മണിപ്രവാളമാകയില്ലെന്നുമാണു് ലീലാതിലകകാരന്റെ സിദ്ധാന്തം. 'അപ്പം തൂപ്പം പതവിയ പഴം' എന്നതുപോലെയുള്ളതാണു് 'മിശ്രം' എന്നു് അദ്ദേഹം വിചാരിക്കുന്നു. 'തൂപ്പം' എന്നതു 'നെയ്യു്' എന്ന അർത്ഥത്തിൽ ചോളഭാഷയിൽ പ്രസിദ്ധമാണു്. പാട്ടിൽ പാണ്ഡ്യഭാഷാസാരൂപ്യം അനുവദിക്കുന്ന ആചാര്യൻ അതിലെ ഭാഷാരീതി മിശ്രമെന്നായിരിക്കണം കണക്കാക്കുന്നതു് എന്നും നമുക്കു ന്യായമായി അഭ്യൂഹിയ്ക്കാം.

നിരണംകൃതികൾ മണിപ്രവാളമാകയില്ലെന്നു്.

ഖണ്ഡം ൪. നിരണംകൃതികളിലെ ഭാഷ തമിഴ്കൂടി കലർന്നിട്ടുള്ളതാകയാൽ മണിപ്രവാളസംജ്ഞയ്ക്കു് വിധേയമാകുന്നില്ല. 'ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകാമോനാവൃത്തവിശേഷയുക്തംപാട്ടു്' എന്ന ലീലാതിലകകാരൻ കൊടുത്തിട്ടുള്ള പാട്ടിന്റെ ലക്ഷണവും അതിൽ സമന്വയിക്കാത്തതിനാൽ അതിനെ മറെറാരു പ്രസ്ഥാനമായേ കണക്കാക്കാൻ സാധിക്കൂ. ഭാഷാരീതിയേ സംബന്ധിച്ചിടത്തോളം 'മിശ്രം' എന്നുള്ള വകുപ്പിലാണു് നിരണംകൃതികൾ ചേരുന്നതു്.

'ഭാഷാമിശ്രമിതെൻറികഴാതെ
പരമേശ്വരഭക്ത്യാ വല്ലവരും' എന്ന ഭാഗത്തിൽ കവി തന്റെ നിബന്ധനത്തെ 'ഭാഷാമിശ്രം' എന്നു് നിർദ്ദേശിച്ചിട്ടുള്ളതു തമിഴ്മലയാളങ്ങൾക്കു് പൊതുവായി 'ഭാഷ' എന്നുള്ള വ്യവഹാരത്തെ സങ്കല്പിച്ചുകൊണ്ടായിരിക്കാനേ വഴിയുള്ളൂ. നിരണംകൃതികളിലെ ഭാഷാസാങ്കര്യം തമിഴ്മലയാളരൂപമായ ഭാഷയുടേയും സംസ്കൃതത്തിന്റെയും കലർപ്പാണെന്നുള്ളതു് അവയിലെ ഏതൊരു ഭാഗവും തെളിയിക്കുന്നുണ്ടല്ലോ. ലീലാതിലകകാരൻ ഉദ്ധരിച്ചിട്ടുള്ള 'ഭാഷാമിശ്രം പൊഴുതു കഥയാമി' എന്നിടത്തെ ഭാഷാമിശ്രവും 'ഭാഷാമിശ്രമിതെൻറികഴാതെ' എന്നിടത്തെ ഭാഷാമിശ്രവും വിഭിന്നങ്ങളായ സങ്കേതങ്ങളിലാണു് പ്രയുക്തങ്ങളായിട്ടുള്ളതെന്നു് സമ്മതിക്കാതെ തരമില്ല. ശ്രീ. ആർ. നാരായണപ്പണിക്കർ 'ഭാഷാമിശ്രം പൊഴുതു കഥയാമി' എന്ന ദൃഷ്ടാന്തം വഴിക്കു്

'ലീലാതിലകകാരനാൽ നിർദ്ദിഷ്ടമായ ഭാഷാമിശ്രവും നിരണംകൃതിയിൽ പ്രസ്തുതമായ ഭാഷാമിശ്രവും ഒന്നുതന്നെയാണെന്ന്' അഭിപ്രായപ്പെട്ടിട്ടുള്ളതു യുക്തമാണെന്നു തോന്നുന്നില്ല. മണിപ്രവാളപദ്യമായ ഭാഷാമിശ്രവും തമിഴ് മലയാളങ്ങളുടേയും സംസ്കൃതത്തിന്റേയും മിശ്രമായ ഭാഷാമിശ്രവും സ്വഭാവഭേദംകൊണ്ടുതന്നെ വ്യത്യസ്തമാണല്ലോ. മണിപ്രവാളത്തിൽ ഒരിക്കലും കാണുവാൻ കഴിയുന്നതല്ലെന്ന് ലീലാതിലകകാരൻ പരിഗണിച്ചിട്ടുള്ള പല വർണ്ണവിപരിണാമനയങ്ങളും നിരണംകൃതികളിൽ പാണ്ഡ്യഭാഷാസാരൂപ്യത്തെ വിളിച്ചുപറയുന്നുണ്ട്.

'വാനിലെഴും നിറമാമതിതന്നെ മകിഴ്ന്തൊരു ബാലകനിങ്കു
[പിടിപ്പാൻ'

'നല്ല ജനം മുനിയാക വിരൈന്തേ'

'ശ്രീകൃഷ്ണകഥാമിനായെളുതായൊരു പാടിചൊല്ലുനിനൈന്തേൻ'

എന്നിങ്ങനെ മലയാളത്തിൽ 'ന്ന'യുടെ സ്ഥാനത്ത് 'ന്ത' ചേർന്നുള്ളരൂപങ്ങളും 'പാരാചരിയനനുജ്ഞയിനാലെ' എന്നിങ്ങനെ ആയ്ച്ചുതി സംഭവിച്ചിട്ടുള്ള രൂപങ്ങളും 'മരതകമേനിയനേ!' എമ്പതിവണ്ണം (പറയുന്നത്) ഇന്തദേഹം, ഉച്ചിമീത് (മീതെ) എന്ന തുടങ്ങി തമിഴിന്റെ ചില പ്രത്യേകതകളെ ആവഹിയ്ക്കുന്ന പ്രയോഗങ്ങളും നിരണംകൃതികളിലെ ഭാഷാമിശ്രണത്തിൽ തമിഴ് ഭാഷയ്ക്ക് ഒരു പങ്ക് അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് തെളിയിക്കുവാൻ പോരുന്നവയത്രേ. 'അദിതോഃ കേവലയോവ്വഃ' എന്ന സൂത്രത്തിൽ സ്വരം പരമായാൽ 'അ' 'ഇ' എന്ന കേവലശബ്ദങ്ങളിൽ നിന്നാണ് വകാരാഗമം ലീലാതിലകകാരനാൽ വിധിയ്ക്കപ്പെട്ടിട്ടുള്ളത്. 'അവഴകു', അവാറു, ഇവഴകു, ഇവാറു' എന്നിങ്ങനെയത്രേ ആ സൂത്രത്തിന്റെ ഉദാഹരണം. നിരണംകൃതികളിലാകട്ടെ, പലവായുധം, പീതമാകിയവംബരം, പോനവുടങ്കൾ, വഹിച്ചവനന്തരം, എന്നിങ്ങനെ വകാരാഗമം വന്നുള്ള സന്ധിരൂപങ്ങൾ തമിഴ നിയമം അനുസരിച്ചുള്ളവയത്രേ. 'നാതരാം, അതിവ, ബത, അഥ, ന്യനം, ഏവം, ഇദാനീം, ഇഹ, സതതം തഥാ, എന്നിങ്ങനെയുള്ള സംസ്കൃതാവ്യയങ്ങളും നിരണംകൃതികളിൽ പ്രാചുര്യേണ കാണാം.

'ഏവമനേകമവസ്ഥകൾ വൈരാടേ പർവ്വണി
മുനിതിലകൻ ചൊന്നാൻ'

'മറൊരു വനഭൂവി ചെൻറിഹ കന്യാം മമ തരു
വോരാരേയിനിയെൻറാൻ

ജാതനറി ശേഷനിതമീടിയ യല്ലനാം
ജാതിയിതിൽ വന്ന ബലനായുടനിവണ്ണം
നാഥനജതാതനസുരാരി ഭവനാനാം
നാശമിയലായ്വതിനു വന്നിഹ പിറന്നാൻ.

എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ വിഭക്ത്യന്തങ്ങളായ സംസ്കൃത പ്രയോഗങ്ങളും ഗണ്യമായ ഒരു സ്ഥാനം പിടിച്ചിട്ടുണ്ട്. മലയാള പദങ്ങൾക്ക് പ്രാധാന്യവും തമിഴ് പദങ്ങൾക്കും സംസ്കൃതപദങ്ങൾക്കും അംഗഭാവവും രചനാവിഷയത്തിൽ കല്പിക്കപ്പെട്ടിട്ടുള്ള ഒരു ഭാഷാസാങ്കേതികമാണു നിരണം കൃതികളിൽ പ്രത്യക്ഷമാകുന്നതു് എന്നു ചുരുക്കത്തിൽ പറയാം. രാമചരിതം തുടങ്ങി തെക്കൻതിരുവിതാം കൂറിലുണ്ടായിട്ടുള്ള പല കൃതികളും തമിഴിന്റെ സ്വഭാവമാണ് ഏറിയകൂറും അവലംബിക്കുന്നതു്. മലയാളത്തിനു് തമിഴിന്റെ കീഴിലുള്ള ഒരു സ്ഥാനം മാത്രമേ അവയിൽ കല്പിക്കപ്പെട്ടിട്ടുള്ളൂ. വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ പോലും അങ്ങുമിങ്ങും കണ്ടേക്കാമെന്നേയുള്ളൂ. അതുകൊണ്ടു് അവയിലെ ഭാഷാസാങ്കേതികം നിരണം കൃതികളിൽനിന്നു് വിഭിന്നമായ ഒരു പ്രകാരത്തിലാണു് അവസ്ഥാനം ചെയ്യുന്നതെന്നു് പറയേണ്ടതില്ലല്ലോ.

ചമ്പുക്കളിലെ ഭാഷാസാങ്കേതികം.

ഏഴുന്നൂറ്. എഴുത്തച്ഛന്റെ കാലത്തിനുമുമ്പുള്ള മലയാളസാഹിത്യത്തിലെ ഭാഷാരീതികളെ മേല്പറഞ്ഞ ഭാഷാസാങ്കേതികങ്ങളിൽ ഒരിനത്തിലല്ലെങ്കിൽ മറ്റൊരിനത്തിൽ മിക്കവാറും ഉൾപ്പെടുന്നവയാണു്. കേരളീയകവികളുടെ സംസ്കൃതപാണ്ഡിത്യത്തിന്റെ ജയഭേരികളായ ചമ്പൂപ്രബന്ധങ്ങളിലെ ഭാഷാസംസ്കൃതയോഗം മണിപ്രവാളത്തിലെ ഭാഷാസംസ്കൃതയോഗത്തിൽ നിന്നു് മിക്കവാറും വിഭിന്നമായിരിക്കുന്നതു് അവയെ രണ്ടിനത്തിൽ ഉൾപ്പെടുത്തി വ്യവഹരിക്കുന്നതിനു അനുകൂലമായിരിക്കുന്നു. സംസ്കൃതത്തിന്റെ സൂക്ഷ്മാരതയും പ്രൌഢതയും അനാദരിച്ചുള്ള സംസ്കൃതപ്രയോഗങ്ങൾ കേരളഭാഷയോടു കലർന്നുവന്നാൽ അതിനു മണിപ്രവാളത്തിനുള്ള മെച്ചം കിട്ടുവാൻ പ്രയാസമാണു്. ഭാഷാസംസ്കൃതയോഗത്തെ സാമാന്യരീതിയിൽ ഉപാദാനംചെയ്തു ചമ്പൂപ്രബന്ധങ്ങളേയും മണിപ്രവാളങ്ങളായി പിൽക്കാലത്തു് പല നിരൂപകന്മാരും വ്യവഹരിച്ചിട്ടുള്ളതു് മണിപ്രവാളത്തിന്റെ ഏകലക്ഷണശാസ്ത്രമായ ലീലാതിലകത്തിലെ മതത്തോടു് സംവദിക്കുന്നില്ല. രാമ

ചരിതാദികളും നിരണാകൃതികളും മിശ്രത്തിന്റെ തന്നെ പ്രകാരഭേദങ്ങളായി വർത്തിക്കുന്നു. എഴുത്തച്ഛന്റെയും മാറും കൃതികളും പ്രൗഢങ്ങളായ വിഷയങ്ങളെ പ്രതിപാദ്യങ്ങളാക്കി ലക്ഷണസമന്വിതമായ മണിപ്രവാളത്തിൽ നിബന്ധിക്കപ്പെട്ടിട്ടുള്ളവയത്രേ. ഒന്നിലധികം ഭാഷകളെ, അവ ഒരേഗോത്രത്തിൽപെട്ടവയായിരുന്നാലും, കൂട്ടിക്കലർത്തുന്നതു് വിലക്ഷണമായിരിക്കെ ഉത്തമകവികളുടെ പ്രവർത്തനത്താൽ ശുദ്ധമൂലമായിത്തീർന്ന ഭാഷാസാങ്കര്യങ്ങളും സാഹിത്യത്തിന്റെ അഭിവൃദ്ധിയിൽ അത്യന്തം ശ്രദ്ധേയങ്ങളായിത്തീർന്നിട്ടുള്ളതു് അദ്ഭുതാവഹമത്രേ.

നിരണം കൃതികൾ.

൧൮. നിരണാകവികളുടെ കൃതികളിലെ ഭാഷാരീതിയെ മധ്യമപദ്ധതിക്കു് ഉദാഹരണമായിട്ടാണു് കേരളപാണിനീയകർത്താവു് അംഗീകരിച്ചിരിക്കുന്നതു്.[1] ഭാഷാശൈലിയെ അനുസരിച്ചു കൊല്ലവർഷം ആറാംശതകത്തിലാണു നിരണം കവികൾ ജീവിച്ചിരുന്നതെന്നും അവരുടെ കൃതികൾ അന്നു് നാട്ടിൽ നടപ്പുണ്ടായിരുന്ന ഭാഷയിലാണു് എഴുതപ്പെട്ടതു് എന്നും ഉള്ളൂർ പരമേശ്വരയ്യർ അവർകൾ അഭിപ്രായപ്പെട്ടിട്ടുണ്ടു്.[2] നിരണം കൃതികളെ രാമചരിതാദികളെപ്പോലെ മിശ്രഭാഷാകൃതികളായി മാത്രമേ ആറൂർ കൃഷ്ണപ്പിഷാരടി അവർകൾ കണക്കാക്കിയിട്ടുള്ളൂ. ചെന്തമിഴ് ശ്രുപങ്ങൾ കുറേ കുറഞ്ഞിട്ടുള്ളതും ചിലയിടത്തു് സംസ്കൃതശ്രുപങ്ങൾ അതേമാതിരിയിൽ പ്രയുക്തങ്ങളായിട്ടുള്ളതും ആണു് നിരണംകൃതികളെ രാമചരിതാദികളിൽനിന്നു് അല്പം വ്യത്യസ്തമായ ഒരു പ്രസ്ഥാനത്തിലുള്ളവയായി തോന്നിപ്പിക്കുന്നതെന്നു് മിസ്റ്റർ പിഷാരടി നിർദ്ദേശിക്കാതിരുന്നിട്ടില്ല.[3] കണ്ണശ്ശന്മാർ അന്നത്തെ വ്യവഹാരഭാഷയിലല്ല കവിത രചിച്ചിട്ടുള്ളതെന്നും രാമായണാദിഗ്രന്ഥങ്ങളിലെ ഭാഷ 'ഭാഷാമിശ്രം' എന്നുള്ള വ്യപദേശത്തെയാണു് അർഹിക്കുന്നതെന്നും മിസ്റ്റർ ആർ. നാരായണപ്പണിക്കർ പ്രസ്താവിക്കുന്നു.[4] നിരണംപാട്ടിൽ തന്നെ ഒരിടത്തു്,

'ഭാഷാമിശ്രമിതെൻറിക്കഴാതെ
പരമേശ്വരഭക്ത്യാ വല്ലവരും'

എന്നിങ്ങനെ താദൃശമായ ഭാഷാരീതിക്കു ഭാഷാമിശ്രം എന്നുള്ള അഭിധാനം ചെയ്യുകാണുന്നതും മിസ്റ്റർ പണിക്കർ സ്മരിക്കുന്നുണ്ടു്. ഇത്തരം ഭാഷാമിശ്രത്തെയാണു് ലീലാതിലകകാരൻ 'ഭാഷാമിശ്രം പൊഴുതു

1. *Keralapāṇiniyam* (IV Edition) p. 65.
2. *Madhyakāla malayāḷa mātrakakaḷ*, Part II, Introduction p. VIII.
3. *A Critical Survey of Malayāḷam Language and Literature* p. 71
4. *The History of Malayāḷam Literature*, Vol. I—p. 296.

കഥയാമി' എന്ന ദൃഷ്ടാന്തം വഴിക്കു് നിർദ്ദേശിച്ചിരിക്കുന്നതെന്നു മിസ്റ്റർ പണിക്കർ വിചാരിക്കുന്നതിന്റെ അസാംഗത്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടല്ലോ. 'ഭാഷാമിശ്രമിതെൻറികഴുതെ പരമേശ്വരകേ'ത്യാ വല്ല വരും' എന്നിടത്തു് കവി സംഭാഷയെ ഭാഷാമിശ്രം എന്ന ഇനത്തിൽപ്പെട്ടതാണെന്നു് നിർദ്ധാരണം ചെയ്യുവാനല്ല ആഗ്രഹിക്കുന്നതെന്നും സംസ്കൃതപക്ഷപാതികളായുള്ള അനുവാചകന്മാർ സംസ്കൃതിയെ നാട്ടുഭാഷക്രൂടി കലർന്നതാണെന്നു് കരുതി അനാദരദൃഷ്ട്യാ വീക്ഷിയ്ക്കരുതെന്നു് നിർദ്ദേശിക്കുകമാത്രമാണു് ചെയ്യുന്നതെന്നും പ്രകൃതംകൊണ്ടു കാണാവുന്നതാണു്. മണിപ്രവാളത്തിൽ കേരളഭാഷാസംസ്കൃതപദങ്ങളുടെ സമാവേശം മാത്രമേ അനുവദിയ്ക്കപ്പെട്ടിട്ടുള്ളു എന്നു് സിദ്ധാന്തിക്കുന്ന ലീലാതിലകകാരൻ മറ്റു ഭാഷകളുടെ യോഗത്തിനു് 'മിശ്രം' എന്നുള്ള വ്യപദേശം ആണു് കല്പിച്ചിരിക്കുന്നതു്. നിരണംകൃതികളിലെ ഭാഷ മലയാളവും തമിഴും സംസ്കൃതവും ചേർന്നിട്ടുള്ളതാണല്ലോ. അത്തരം ഭാഷാരീതിക്കു് ഭാഷാമിശ്രം എന്നോ മിശ്രം എന്നോ ഒരു സംജ്ഞ നിലവിലിരുന്നു എന്നുള്ളതിനു് യാതൊരു ലക്ഷ്യവും ഇല്ല. നിരണംപണിക്കന്മാരുടെ കൃതികളിൽ നിയമേന ആദരിയ്ക്കപ്പെട്ടിരിക്കുന്ന പ്രസ്ഥാനം മണിപ്രവാളത്തിൽനിന്നും മിശ്രത്തിൽനിന്നും വിലക്ഷണമാണെന്നു് മാത്രമേ പരിഗണിക്കുവാൻ നിർവാഹമുള്ളു.

ഉപസംഹാരം. നിരണംകൃതികളിൽ തമിഴിന്റെ സമാവേശം കാണുന്നതു് അക്കാലത്തെ ഭാഷാരീതി അത്തരത്തിലായിരുന്നതുകൊണ്ടാണെന്നോ ദേശഭേദംകൊണ്ടുള്ള വ്യവഹാരഭേദത്തിന്റെ ഫലമാണെന്നോ വിചാരിക്കുന്നതു് യുക്തമായിരിക്കുകയില്ല. സാഹിത്യനിർമ്മിതിയ്ക്കുവേണ്ടി മലയാളത്തോടു് സംസ്കൃതവിഭക്ത്യന്തങ്ങളായ ശബ്ദങ്ങളും കലർത്തിയുള്ള മണിപ്രവാളപ്രസ്ഥാനം പോലെതന്നെ മലയാളവും തമിഴും സംസ്കൃതവും സംയോജിപ്പിച്ചിട്ടുള്ള ഒരു പ്രസ്ഥാനം നിരണം കവികൾ ആദരിച്ചിരുന്നുവെന്നു കരുതുന്നതു് എന്തുകൊണ്ടും സംഗതമായിരിക്കും. മണിപ്രവാളത്തിൽ ചോളഭാഷാലവം പോലും കാണുകയില്ലെന്നുള്ള ലീലാതിലകവചനം കണ്ണടച്ചുരാമായണാദികളെ മണിപ്രവാളസീമയിൽനിന്നും മാറ്റിനിർത്തുന്നു. ഒരു കൃതി മണിപ്രവാളമാണെന്നു് നിർണ്ണയിക്കുന്നതിനുള്ള ഉപാധി, സപ്തദയപ്തദുഷ്ടാവർജനവിഷയകമായ ഭാഷാസംസ്കൃതയോഗം മാത്രമാണു്. വസന്തതിലകാദിവൃത്തങ്ങളിലുള്ള പദ്യങ്ങൾക്കെന്നപോലെ ദ്രാവിഡവൃത്തങ്ങളിലുള്ള നിബന്ധനങ്ങൾക്കും വൃത്തബന്ധമില്ലാത്ത ഗദ്യ

നിരണംകൃതികൾ മലയാളവും തമിഴും, സംസ്കൃതവും, സംയോജിപ്പിച്ചിട്ടുള്ള ഒരു പ്രസ്ഥാനത്തെ അവലംബിക്കുന്നവയെന്നു്.

ത്തിനുപോലും മണിപ്രവാളഗദ്യം ആചാര്യന്മാർ സമ്മതമാണ്. ദ്രമിഡ സംഘാതാക്ഷരങ്ങളിൽ നിബദ്ധമായിരിക്കണം പാട്ട് എന്നു ലീലാതിലകത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുകൊണ്ട് കണ്ണശ്ശരാമായണാദികൾ ആചാര്യന്മാർ അവിദിതങ്ങളായിരുന്നുവെന്നോ അവ ലീലാതിലകത്തേക്കാൾ അവാചീനങ്ങളാണെന്നോ വാദിക്കുന്നതും അനുപപന്നമത്രേ. കേരളത്തിൽ പ്രചാരമുണ്ടായിരുന്ന മണിപ്രവാളപ്രസ്ഥാനത്തിന് ലക്ഷണശാസ്ത്രം നിർമ്മിക്കുന്നതിന് ഒരുമ്പെട്ട ലീലാതിലകകർത്താവ് പാട്ടും ഭാഷാസംസ്കൃതയോഗമായി വരാമല്ലോ എന്നുള്ള ആശങ്കയെ പ്രതീക്ഷിച്ചുകൊണ്ടു പാട്ടിന്റെ സ്വരൂപം പ്രാസംഗികമായി പ്രസ്താവിച്ചിട്ടുള്ളതല്ലാതെ കേരളത്തിലെ എല്ലാത്തരം സാഹിത്യപ്രസ്ഥാനങ്ങളും ഒന്നുകിൽ മണിപ്രവാളം അല്ലെങ്കിൽ പാട്ട് എന്നു തനിക്ക് അഭിപ്രായമുണ്ടായിരുന്നതായി വ്യഞ്ജിപ്പിക്കുന്നുവെന്ന് അഭ്യൂഹിക്കുന്നതു നിരാലംബമാണ്.

രാമചരിതാദികളിൽനിന്നും നിരണംകൃതികൾക്കുള്ള വ്യുത്പാദം.

ഫലം. കേരളഭാഷയുടെ സാഹിത്യസമ്പത്തിൽ കണ്ണശ്ശരാമായണാദികൃതികൾക്ക് മികച്ച ഒരു സ്ഥാനമുണ്ട്. ആശയങ്ങളുടെ ഗൗരവം പരിപാലിക്കുന്നതിനും ശ്രവണസൌഖ്യം ആപാദനം ചെയ്യുന്നതിനും അനുഗുണമായ രീതിയിൽ മലയാളഭാഷയോട് തമിഴും സംസ്കൃതവും ക്രട്ടിയിണക്കി പ്രയോഗിച്ചിട്ടുള്ള നിരണംകൃതികളിലെ ഭാഷാരീതി മലയാളമാകുന്ന ഭൂമികയിലാണ് സ്വരൂപസന്ധാരണം ചെയ്തിട്ടുള്ളതെന്നുള്ളതിന് സംശയമില്ല. അതുകൊണ്ട് രാമചരിതാദികൃതികളിൽനിന്നും വ്യത്യസ്തവും ഭാഷാവിഷയമായ പ്രാധാന്യം അർഹിക്കുന്നതും ആയ ഒരു സാഹിത്യപ്രസ്ഥാനത്തെയാണ് നിരണംകൃതികൾ വെളിപ്പെടുത്തുന്നത്.

നിരണംകൃതികളിലെ കേരളഭാഷാചൈതന്യവിശേഷവും ഭാഷോപരമായ പ്രൌഢകതകളും.

ഫലം. തമിഴ് സംസ്കൃതങ്ങളുടെ കലർപ്പുണ്ടെങ്കിലും കണ്ണശ്ശകൃതികളിൽ കേരളഭാഷയുടെ ചൈതന്യവിശേഷം സ്ഫുരിക്കുന്ന പല ഭാഗങ്ങളും നമുക്കു ദർശിക്കുവാൻ കഴിയും.

ഏവം അയൻ തിരുവടിയരുൾ ചെയ്തുള-
വെല്ലാരും പുത്രരെ നിർമ്മിച്ചാർ;
ദേവകളധിപതിയിന്ദ്രൻ ബാലിയെ;
തിറമുടെ ദിനപതി സുഗ്രീവനെയും;
പാവകദേവൻ നീലനെ; അഴകിയ
പവനനും അഞ്ജനയാകിയദേവിയിൽ
ഏവരിലും ബലമുടയ ഹനുമാൻ
എന്നൊരു പുത്രനെയും നിർമ്മിച്ചാർ. [1]

1. *Kaṇṇaśśarāmāyaṇam* edidte by K P Sivasankara Pillai, p. 18.

വന്ദിക്കുന്നേൻ പരമേശ്വരനെയും
പാർവതിതന്നെയുമതിശയമായേ
വന്ദിക്കുന്നേൻ ഷൺമുഖനെയുമിഹ
വാനവരാദിമുനീന്ദ്രരെയും ഞാൻ
ചിന്തിക്കുന്നേൻ ശ്രീപദകമലം
ശ്രീപുരുഷോത്തമനച്യുതനമലൻ
ചിന്തിപ്പവർ ദുരിതത്തെയകറ്റും
ശ്രീകൃഷ്ണൻകഥ ചൊൽവാനായേ1

അതു കാലത്തഭിമന്യു തനൂജനു-
തീവമഹാത്മാവായ പരീക്ഷി-
ത്തിതമൊട്ടനായാട്ടിനു പോയവനവി-
ടെപ്പല മൃഗജാതികളെ കൊൻറാൻ
ശതമായിതു പുനരവനെയ് തളരേ
കേവലമൊരുമൃഗമതു കണ്ടരചനു-
മതുപോമടവിയിലൂടേ താനു മ-
തിൻ പിൻപേ വേഗത്തൊടു ചെൻറാൻ.2

എന്നിങ്ങനെയുള്ള ഭാഗങ്ങൾ ഇതിനു് ദൃഷ്ടാന്തങ്ങളാണു്. മണിപ്രവാള പ്രസ്ഥാനത്തിലുള്ള പ്രാചീനകൃതികളിലെന്നപോലെ 'ന്ന' എന്നതിനു പകരം 'ൻറ' എന്നു് നിരണംകൃതികളിലും ബാഹുല്യേന പ്രയുക്തമായിട്ടുണ്ടു്. മിക്കവാറും എഴുത്തച്ഛനുമുൻപുവരെ സാഹിത്യത്തിൽപ്രയോഗിക്കപ്പെട്ടിരുന്ന വാരാതെ, പുകണ്ണാർ, വീണ്ടു്, മാണി (വട്ട), മുറുവൽ (പുഞ്ചിരി), തുയ, മേതു (ഭൂമി), വല്ലേൻ, മാതർ (സ്ത്രീകൾ), ഉലാവുക, നറുങ്ങു്, പിരാൻ, ചരതം (തത്ത്വം, സത്യം), എയ്തുക (പ്രാപിക്കുക), ഉളൻ, ഇയമ്പുക (പറക, മുഴക്കുക), എന്നിങ്ങനെയുള്ള പല പ്രാചീനരൂപങ്ങളും നിരണംകൃതികളിലും മണിപ്രവാളകൃതികളിലും സാധരണങ്ങളാണു്. മണിപ്രവാളകൃതികളിലെന്നപോലെ സംസ്കൃതവിഭക്ത്യന്തങ്ങളായ ശബ്ദങ്ങളും നിരണംകൃതികളിൽ സുലഭങ്ങളത്രേ

'അകഥിതം തവ വൃത്തമതീവ പുരാണമഹാമുനിയിലിതെന്നാൻ' 'എന്തരുതാതതു മഹതാം പരപരിതാപം കളവാൻ' 'പോയാർ നിജ നിജ തുംഗേ മറവു ബുധേന വിനാ പുനരുള്ളവരെല്ലാം' ഇത്യാദി ഭാഗങ്ങൾ കാൺക.

---

1. *Kaṇṇaśśabhāgavatam* (Government Press Publication) Chapter I, 8
2. *Kaṇṇaśśabhāratam* (Government Press Publication) Part I, 115.

ഫ്രൻഫ്ര. ഇങ്ങനെ നോക്കുമ്പോൾ നിരണംകൃതികളെ മണിപ്രവാളപ്രസ്ഥാനത്തിലുള്ള കൃതികളിൽനിന്നും വേർതിരിക്കുന്നത് അവയിൽ തമിഴ്പദങ്ങളും, തമിഴ്രീതിയിലുള്ള വ്യാകരണകാര്യങ്ങളും ആധിക്യമായിട്ടിരിക്കുന്നതാണെന്ന് നിസ്സംശയിക്കാം. അനൈത്തു (എല്ലാം), ആർകലി (വൻകടൽ), ഇമയോർ (ദേവന്മാർ), ചിനം (കോപം), നാടി (അന്വേഷിച്ച്), പുരവി (കൃതിര), വേന്തൻ (രാജാവ്), കല്ലാതവർ (പഠിക്കാത്തവർ), ഇകഴ്ർ (അനാദരിക്കുകയില്ല) എന്നിങ്ങനെയുള്ള തമിഴ്പദങ്ങളും കണ്ണശ്ശകൃതികളിൽ പ്രചുരങ്ങളത്രേ. ചിലയിടത്തു് തമിഴിലുള്ള വർണ്ണവിപരിണാമനയത്തെ ഉദാഹരിക്കുന്ന രൂപങ്ങളും മറ്റു ചിലയിടത്തു് മലയാളരീതിയിലുള്ള രൂപങ്ങളും നിരണംകൃതികളിൽ കാണുന്നതു് തത്കർത്താക്കളുടെ പ്രയോഗസ്വാതന്ത്ര്യത്തെ അല്ലാതെ ഭാഷയുടെ വ്യവഹാരഗതിയെ പ്രതിബിംബിക്കുവാൻ സമുദ്ദിഷ്ടമല്ല. 'നല്ലജനം മുനിയായ്ക വിരൈന്തേ'[1], എന്നു് ഒരിടത്തു് വിരൈന്തേ എന്നു് കാണുമ്പോൾ 'വിധിവഴിയേയസ്ത്രങ്ങളവന്ന വിരഞ്ഞവിടെ തോൻറ ഞ്ഞു'[2], എന്ന മറ്റൊരിടത്തു് വിരഞ്ഞു എന്ന മലയാളരൂപം തന്നെ നമുക്കു കിട്ടുന്നുണ്ടു്. ഇതുപോലെ ഒഴിന്തു്, ഉരൈത്താർ, പുകുന്താർ, മകിഴ്ന്തു്, പോനതുകാലം, അണന്താർ, പോവോം മുതലായ തമിഴ് രൂപങ്ങളും അവയോടൊപ്പം തന്നെ മലയാളരൂപങ്ങളും അതാതു പ്രകൃതത്തിനു് അനുഗുണമെന്നു് തോന്നുന്നതുപോലെ പ്രയോഗിക്കുകയാണു് നിരണംകവികൾ ചെയ്തിട്ടുള്ളതു്. മുനിപൊട്ടു്, ശുഭചരിതന്മാരായവമാത്യരൊട്ടു്, പോയവനന്തരമേ എന്നിങ്ങനെ തമിഴ്രീതിയനുസരിച്ചുള്ള സന്ധികാര്യങ്ങളും പദാന്തങ്ങളിൽ 'അണയവരും താപങ്ങൾ കളഞ്ഞേ', 'ഉരചെയ്താൻ സൂതനവരോടേ', 'നിന്നാൻ തമസാതീരംപുക്കേ' എന്നിങ്ങനെ 'ഏ' എന്ന വർണ്ണത്തിന്റെ പ്രയോഗവും അവനിയിൽ വന്ന ജനിക്കുതിൻ(ൽ) മുൻപേ', 'എല്ലാക്ക്(ം)പിറന്നീടുമ്പോഴേ', 'മായാമതിനൊരു ഹേതുവു(ം)നീയേ', 'അന്നണരും ഗോക്കളു(ം)വേദങ്ങളും ഇത്യാദി സ്ഥലങ്ങളിൽ വില്ലുകൾക്കും അനുസ്വാരത്തിനും അനുച്ചാരണം കൊണ്ടു് ഉള്ള വൃത്തസംരക്ഷണവും നിരണംകൃതികളെ ഇതരസാഹിത്യപ്രസ്ഥാനങ്ങളിൽനിന്നും വിലക്ഷണമായി തോന്നിപ്പിക്കുന്ന ഉപാധികളിൽ പ്രധാനപ്പെട്ടവയാണു്.

നിരണംകൃതികൾ മണിപ്രവാളകൃതികളിൽനിന്നും എങ്ങനെ വ്യത്യസ്തങ്ങളാകുന്നുവെന്നു്.

---

1. *Kannaśśrībhāgavatam*, p. 2.
2. Ibid, p. 22.

ഫൻ൨. മണിപ്രവാളപ്രസ്ഥാനത്തിലുള്ള കൃതികളിൽ മലയാള ഭാഷയ്ക്ക് നിരണംകൃതികളിൽ ഉള്ളതിനേക്കാളും പ്രാധാന്യം സംസിദ്ധമായിട്ടുണ്ട്. ചില മണിപ്രവാളകവികൾ പേരിനു മാത്രം മലയാളം കലർത്തിയിട്ട് സംസ്കൃതപ്രചുരമായ രചനാരീതി അനുരിച്ചിട്ടുണ്ടെങ്കിലും അത് ആ പ്രസ്ഥാനത്തിലുള്ള ഭാഷാപ്രാധാന്യത്തെ പൊതുവേ ബാധിക്കുന്നതല്ല. മണിപ്രവാളത്തിന് ലക്ഷണശാസ്ത്രം നിർമ്മിച്ച ലീലാതിലകകാരൻ കേരളഭാഷയുടേയും സംസ്കൃതഭാഷയുടേയും യോഗം സഹൃദയഹൃദയാവർജ്ജനവിഷയമായ സന്നാഹം ആയിരിക്കണമെന്നും മണിപ്രവാളത്തിലെ സംസ്കൃതം ഭാഷപോലെതന്നെ അതിപ്രസിദ്ധവും സുകുമാരവും ആയിരിക്കണമെന്നും അനുശാസിച്ചിട്ടുണ്ടല്ലോ. 'തദുത്തമം ഭാഷാരസപ്രധാന്യേ' എന്നുള്ള സൂത്രത്തിൽ ഉത്തമമായ മണിപ്രവാളം ഭാഷാപദങ്ങളും കൂടിയും സംസ്കൃതപദങ്ങളും കുറഞ്ഞും ഉള്ളതാണെന്ന് വ്യക്തമാക്കിയിരിക്കുന്നതുകൊണ്ടും പ്രസ്തുതപ്രസ്ഥാനത്തിൽ ഭാഷാപ്രാമുഖ്യം സർവസമ്മതമായിരുന്നുവെന്നു തെളിയുന്നു.

മണിപ്രവാളം.

'പുല്കിക്കൊണ്ടാളുറക്കെ പുനരപിമണിവാ
നല്കിനാൾ മെല്ലെമെല്ലെ-
ക്കാമക്രുത്തിന്നണഞ്ഞാൾ മദനപരവശാ-
കാന്ത കൈവിമയ് മറന്നാൾ
വീത്താളൊട്ടേ വിയത്താൾ വിവശമരുതെടാ-
യെന്നെ വീയെന്നിരുന്നാ-
ളെന്മാറിൽ പോന്നുവീണപ്പുരികുഴലകമേ
മാൾകിനാളുണ്ണിനങ്ങ [1]

എന്നിങ്ങനെ ഭാഷാപ്രാധാന്യം പ്രസ്ഫുടമാകുന്ന കവനങ്ങൾക്കാണ് മണിപ്രവാളപ്രസ്ഥാനത്തിൽ മികച്ച സ്ഥാനം ഉണ്ടായിരുന്നത്.

ഫൻ൩. ലീലാതിലകത്തിലെ ഉദാഹരണഭാഗങ്ങളിൽ നിന്നും കൈരളിയിൽ മണിപ്രവാളപ്രസ്ഥാനത്തിന് ഉണ്ടായിരുന്ന വികാസാതിശയം ഊഹ്യമാണ്. അവയിൽ മുക്തകങ്ങളായി ചിലതുള്ളതിനെ ഒഴിച്ചാലും അച്ചായ്സ് ആശ്രയങ്ങളായിരുന്ന പല ലക്ഷ്യഗ്രന്ഥങ്ങളും പ്രചാരത്തിലിരുന്നുവെന്ന് സമ്മതിക്കാതെ തരമില്ല. മണിപ്രവാളപ്രസ്ഥാനത്തിന്റെ പ്രാധാന്യവും വ്യാപ്തിയും പരിഗണിക്കുമ്പോൾ

മണിപ്രവാളപ്രസ്ഥാനത്തിന്റെ പ്രാധാന്യവും വ്യാപ്തിയും.

1. *Lilātilakam* (edited by A. Krishna Pisharodi) p. 10.

ഏതാണ്ടും ശതവർഷങ്ങളിലെ ചരിത്രം തന്നെ അതിന് അനുവദിക്കേണ്ടതായിട്ടുണ്ട്. ഉണ്ണുനീലിസന്ദേശത്തിനുമുമ്പുള്ള ഉത്തമമായ ഒരു മണിപ്രവാളകൃതി ഉണ്ടായിട്ടുള്ള കാലത്തിന് എത്രയോ മുൻപുതന്നെ ആ പ്രസ്ഥാനത്തിന്റെ ആവിർഭാവം കല്പിക്കപ്പെടാവുന്നതാണ്. കേരളത്തിൽ സംസ്കൃതവിദ്യാഭ്യാസത്തിന് സിദ്ധിച്ച പ്രചാരം പ്രതിഭാശാലികളായ കവികൾക്ക് ഭാഷയും സംസ്കൃതവുംകൂട്ടിക്കലർത്തി പ്രതിപാദനഗാംഭീര്യത്തോടുകൂടി ഒരു നൂതനപ്രസ്ഥാനത്തിൽ സാഹിത്യനിർമ്മിതി സാധിക്കുന്നതിന് പ്രേരകമായി തീർന്നിരിക്കണം. എങ്കിലും മണിപ്രവാളകൃതികളുടെ അധിഷ്ഠാനം കേരളത്തിലെ വ്യവഹാരഭാഷയാണെന്നുള്ളതിന് സംശയമില്ല. സംസ്കൃതഭാഗവും സാഹിത്യഭാഷയിൽ അംഗീകൃതങ്ങളായിരുന്ന ചില പ്രാചീനപ്രയോഗരീതികളും ഒഴിച്ചാൽ നാം അവയിൽ കാണുന്നത് മലയാളത്തിന്റെ തനിക്കൊട്ടപാടുതന്നെയാണ്. അതുകൊണ്ട് അതാതുകാലത്തെ വ്യവഹാരഭാഷ നിർണ്ണയിക്കുന്നതിന് മണിപ്രവാളകൃതികൾ ഇതരപ്രസ്ഥാനങ്ങളിലുള്ള കൃതികളെ അപേക്ഷിച്ച് കൂടുതൽ പ്രയോജകീഭവിക്കുമെന്ന് പറയേണ്ടതില്ലല്ലോ! തമിഴ് മുതലായ മറ്റു ദ്രാവിഡഭാഷകളിലും സംസ്കൃതം കലർന്ന് നമ്മുടെ മണിപ്രവാളകൃതികളെപ്പോലെ ചില കൃതികൾ ലീലാതിലകകാരനുതന്നെ പരിചിതങ്ങളായിരുന്നു എന്നു വിചാരിക്കാവുന്നതാണ്. എന്നാൽ ആ കൃതികളിൽ അവലംബിക്കപ്പെട്ടിരുന്ന പ്രസ്ഥാനത്തിന് അതാതു ഭാഷകളിലെ സാഹിത്യത്തിൽ നമ്മുടെ മണിപ്രവാളപ്രസ്ഥാനത്തിനെന്നതുപോലെയുള്ള പ്രാധാന്യം ഒരിക്കലും ഉണ്ടായിരുന്നില്ല.

മണിപ്രവാളത്തിൽ പ്രതിഫലിച്ചു കാണുന്ന കേരളഭാഷയുടെ വ്യക്തിത്വം.

ഫൂൻർ. മണിപ്രവാളത്തിൽ കേരളഭാഷയുടേയും സംസ്കൃതത്തിന്റേയും യോഗം മാത്രമേ ഇഷ്ടമായിട്ടുള്ളൂ എന്നും ചോളഭാഷാലവംപോലും പാടില്ലെന്നും വ്യവസ്ഥാപനം ചെയ്യുന്ന ലീലാതിലകകാരൻ ഒന്നാമത്തെ ശില്പത്തിൽ പലവിധം തമിഴ്രൂപങ്ങളേയും അവയുടെ മലയാളരൂപങ്ങളേയും എടുത്തു കാണിച്ച് മണിപ്രവാളകൃതികളിൽ മലയാളരൂപങ്ങളല്ലാതെ ചൊന്തമിഴ്രൂപങ്ങൾ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ എന്ന് പൂർവ്വപക്ഷിയോട് ചോദിക്കുന്നത്, കേരളഭാഷയുടെ പദവിഷയകമായും വ്യാകരണവിഷയകമായും ഒരു വ്യക്തിത്വം അവയിൽ ആദരണീയമായിരുന്നുവെന്ന് തെളിയിക്കുന്നതാണ്.

"വന്താൻ, ഇരുന്താൻ, ഇത്യുക്തം വചനം തവയാ ദൃഷ്ടമഭ്രത്?
വന്നാൻ ഇരുന്നാൻ ഇത്യേവ ഖലു ദൃശ്യതേ; തേങ്കാ, മാങ്കാ, കഞ്ചി, പഞ്ചി
ഇതി കിം ദൃഷ്ടം? തേങ്ങാ, മാങ്ങ, കടത്തി ഇത്യേവ ഖലു ദൃഷ്ടം.

1. *Lilatilakam* (edited by A. Krishna Pisharodi) p. 8.

യാൻ യാന്നെ ഇതി കിമുപലബ്ധം, ഞാൻ ആന ഇത്യേവ ഖലൂപലബ്ധം? അതന്നെ, ഇതന്നെ, അവറെറ, ഇവറെറ ഇതി കിം വീക്ഷിതം? അതിനെ, ഇതിനെ, അവറെറ, ഇവറെറ, ഇത്യേവ നനം വീക്ഷിതം. യാന്നെ കുതിരെ ഇതി കിമാലോകിതം? ആന കുതിര ഇത്യേവ ഖലപാലോകിതം; ഉടെവാഠം ഇടെയൻ ഇതി കിം ഗൃഹീതം? ഉടവാഠം ഇടയൻ ഇത്യേവ നന്ന ഗൃഹീതം. നിന്നെ, എന്നെ ഇതി കിം നിദ്ദ്യാതം? നിന്നെ എന്നെ ഇത്യേവ ഖലു നിദ്ദ്യാതം. പേയർ, ഇതട്ട്, ഇതികിം നിരീക്ഷിതം? പേർ, ഇതഠം ഇത്യേവ നന്ന നിരീക്ഷിതം. ഉണ്ട നർ, നിൻറനർ, ഉണ്ണാനിൻറനർ, ഉൺപവർ, ഇതി കിമാലോകിതം? ഉണ്ടാർ, നിൻറാർ, ഉണ്ണിന്നോർ ഉണ്മർ, ഇത്യേവ നനമാലോകിതം? 'വരുവാർ, കൊണ്മാർ' ഇതി കിം വിലോകിതം? 'വരുവർ കൊഠംവർ ഇത്യേവ ഖലു വിലോകിതം. 'ക്രയിററു, തായിററു' ഇതി കിമവബുദ്ധം? 'ക്രവി, താവു' ഇത്യേവ നനപവബുദ്ധം. 'അഃത്തു ഇഃത്തു' ഇത്യുയ്ക്ഷാരസ ഹിതം കിമവഗതം? അത്തു്, ഇത്തു്, ഇത്യേവ ഖലപവഗതം. 'കനംകഴായ്', ഇതികിമുല്ലഖിതം? 'കനംകഴ' ഇത്യേവ ഖലൂല്ലിഖിതം. 'അന ങ്കൻ, കുമം മുകം, ചന്തിരൻ' ഇത്യാദി ആരിയച്ചുതവു കിം വീക്ഷിതം? 'അനംഗൻ' ഇത്യാദ്യേവ ഖലു വീക്ഷിതം. 'മാടത്തിൻകൺ' ഇതി കിമപ രോക്ഷിതം? മാടത്തിന്മേൽ, ക്രടത്തിന്മേൽ' ഇത്യാദ്യേവ പ്രായോ f പരോ ക്ഷിതം. 'ആലിനതു, മാവിനതു' ഇതി കിം ദുഷ്ടം? ആലിൻെറ മാവിൻെറ ഇത്യേവ ഖലു ദുഷ്ടം. കിം കിം വർണ്യതേ. അത്ര യത്രകുത്രചിദപി ചോളോഷ്ഠാലവോ f പി നോപലഭ്യതേ?''

തമിഴിൽനിന്ന് മലയാളത്തിനുള്ള പ്രത്യേകതകളുടെ ഒരു ദിഗ് ദർശനം മാത്രമാണ് ലീലാതിലകകാരൻ അവതരിപ്പിച്ചിരിക്കുന്നതു്. ഇത്രത്തോളം തെളിവുകഠം ഉണ്ടായിട്ടും കേരളത്തിലെ പ്രാചീനമായ വ്യവഹാരരീതി തമിഴപ്രമുരമായിരുന്നുവെന്ന് ചിലർ വാദിക്കുന്നതു് യുക്തിക്കോ അനുഭവത്തിനോ യോജിച്ചിരിക്കുന്നില്ല.

ഫൻ ൪. രാമാനുജകൃതികൾക്ക് ആദ്യംവാഴ്മാർ എഴുതിയിട്ടുള്ള ചില വ്യാഖ്യാനങ്ങൾ തമിഴ്സംസ്കൃതയോഗമായ മണിപ്രവാളത്തിലാണ്. കുഴമൂർ വിശ്വനാഥസൂരിയുടെ വിരാടപർവ്വ മണിപ്രവാളവല്ലരിയിൽ,

തമിഴ്സംസ്കൃതയോഗമായ മണിപ്രവാളം.

'ഇട്ടപ്പിലും മാറിലുമംസഭാഗയോഃ
കട്ടപ്പുടൻ ദന്തുരസീമ്നി ഭാസുരേ
ഉടപ്പിറപ്പാന പരാക്രമോ ഭവാ
നടപ്പുമന്നെ കഥമത്ര നിദ്രിതഃ'

'വണങ്കിനേനൻപദയോരഹം വിഭോ
എണങ്കി നീരദ്യ കളന്തു രക്ഷ മാം
പിണങ്കവേണ്ടാം കുടികേട്ട ചെയ്യുമൻ
ഗുണങ്കളെല്ലാം തൃജ മേ സുധാംബുധേ.'

എന്നിങ്ങനെ കാണുന്ന തരത്തിലുള്ള മണിപ്രവാളകവനങ്ങൾ തമിഴിൽ വിരളമായി ലീലാതിലകകാലത്തും ഉണ്ടായിരുന്നിരിക്കുവാൻ വയ്യാതില്ലെന്നുള്ളതിന് 'ഭവേദു ച്ചാ ചോളാദിപ്രബന്ധേഷു മണിപ്രവാളവ്യവഹാരഃ' എന്നുള്ള ഏകദേശിസമാധാനം അനുകൂലമാണ്.

ഫൻ ൫. മണിപ്രവാളകൃതികളിൽ പ്രതിഫലിക്കുന്ന വ്യവഹാരഭാഷയുടെ സ്വരൂപം നിർണ്ണയിക്കുന്നതിന് അവയിലെ സംസ്കൃതഭാഗത്തിനു പുറമേ സാഹിത്യമാത്രസ്ഥിതങ്ങളായ പദങ്ങളേയും പ്രയോഗരീതികളേയും പാടേ ഒഴിവാക്കേണ്ടതാണെന്ന മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.? ഭാഷാസാഹിത്യത്തിന്റെ ആദിമദശകളിൽ തമിഴ്സാഹിത്യത്തിൽ പ്രചാരത്തിലിരുന്ന ഒട്ടനേകം കവനസൌഷ്ഠവാപാദകങ്ങളായ പ്രയോഗഭംഗികളും സ്വീകൃതങ്ങളായതു പിൽക്കാലത്തും വല്ലിയ മാറ്റങ്ങളും വരാതെതന്നെ സാഹിത്യഭാഷയിൽ നിലനിന്നുപോന്നിട്ടുണ്ട്. അത്തരം പ്രയോഗഭംഗികളെ വ്യവഹാരഭാഷയിൽ ആദരിച്ചിരുന്നില്ലെങ്കിലും അവയ്ക്ക് സാഹിത്യഭാഷയിൽ മറ്റു പ്രയോഗങ്ങളോടൊപ്പം ഒരു പരിഗണനം നല്കിയിരുന്നുവെന്നു കാണാം. ഉത്തമമണിപ്രവാളോദാഹരണങ്ങളിൽപോലും താദൃശപ്രയോഗങ്ങൾക്ക് അവകാശം സിദ്ധിച്ചിരുന്നതുകൊണ്ട് അവ തമിഴാണെന്നുള്ള വിവേചനംപോലും നഷ്ടമായിരുന്നുവെന്ന് തീർച്ചപ്പെടുത്താം.

മണിപ്രവാളകൃതികളിൽ പ്രതിഫലിക്കുന്ന വ്യവഹാരഭാഷാസ്വരൂപത്തിന്റെ നിർണ്ണയം.

1. A manuscript of the work is available for reference in the Oriental Manuscript Library of the Travancore University.

ഫ൯൩. ഉണ്ണുനീലീസന്ദേശത്തിലും ലീലാതിലകത്തിലെ ഉദാഹരണപദ്യങ്ങളിലും പ്രാചീനതമങ്ങളായ ചില ചമ്പൂപ്രബന്ധങ്ങളിലുംമറും '൯റ' 'ന്ന' എന്നതിന്റെ സ്ഥാനത്തു് പലയിടങ്ങളിലും ൯റ എന്നു പ്രയോഗിച്ചുകാണുന്നു. അതിൽ ഒരു വിശേഷം ക്രൂടിയുള്ളതു് മൻറ്, ഇൻറ്, ഇരുന്നേറൻ, വൻറ്, തൻറ് (തന്ത്), പോൻറ് എന്നിങ്ങനെ തമിഴിൽ '൯റ' ഇല്ലാത്തിടത്തും ക്രൂടി നമ്മുടെ കവികൾ അതു പയോജിപ്പിച്ചിരിക്കുന്നതാണു്. മലയാളത്തിൽ വ്യവഹാരഭാഷയിൽ 'ന്ന' എന്നല്ലാതെ '൯റ' എന്നു പ്രാചീനദശകളിലും ഉണ്ടായിരുന്നിരിക്കാൻ വഴിയില്ല ൯റ എന്നതിന്റെ പരിണാമമായി 'ന്ന' എന്നേ വരുവാൻ തരമുള്ളൂ. '൯റ' പ്രയോഗിച്ചിട്ടുള്ള ഗ്രന്ഥകാരന്മാർതന്നെ പലയിടത്തും 'ന്ന' എന്നു പ്രയോഗിച്ചിരിക്കുന്നതും അതിന്റെ സാഹിത്യമാത്രസ്ഥിതതത്ത്വത്തെ വ്യക്തമാക്കുന്നു. ഉണ്ണുനീലീസന്ദേശത്തിൽനിന്നും ലീലാതിലകത്തിൽനിന്നും '൯റ' ചേർത്തിട്ടുള്ളവയും 'ന്ന' ചേർന്നിട്ടുള്ളവയും ആയ ചില ഉദാഹരണങ്ങൾ ചുവടേ പ്രദർശിപ്പിക്കുന്നു.

വ്യവഹാരഭാഷയിൽ ൯റ ഉപയുക്തമായിരിക്കുവാൻ വഴിയില്ലെന്നു്.

ഉണ്ണുനീലീസന്ദേശം.

ഫ. ചെൻറനേരത്തുണർന്നാൻ (ഫ–൩) മെല്ലച്ചെന്നങ്ങഹമഹിവരേ (൨–വ ൬)

൨. എങ്ങു നോക്കാവുതൻറു് (ഫ–ൻ) അന്നേ നിന്നോടവൻ

൩. നിനക്കിൻറു മംഗല്യകീർത്തേ (ഫ–ഫ ൬) പറവരിന്നും വിരുന്നുണ്മതുണ്ടോ (ഫ–൨ ൭)

ലീലാതിലകം.

ഫ. വളയുമാരവുമെൻറിതെല്ലാം (ഫ–൬) എന്നീ വണ്ണം നിജപരിജനപ്രാർത്ഥനം (൨–ഫ ൬)

൨. ഒൻറേ കുറഞ്ഞതുമതിൻ (൪–ന്ന ഫ) മറെറാന്നു കാലം പിഴയാതെ കോലം (ഫ–വ)

൩. പോനാളതിന്നിൻറു ഞാൻ (൪–൩൪) നകുമാം നരകമിന്നു കഴിപ്പാൻ (൪–ന്ന ൬)

൪. ഞാനങ്ങുചെൻറളവിലേ (൪–ൻ൪) ചെന്നകം പൂവനോ ഞാൻ (൪–൪ന്ന)

ആദ്യത്തെ ഭാഷാചമ്പുക്കളായി മഹാകവി ഉള്ളൂർ പ്രസ്താവിച്ചിട്ടുള്ള 'ഉണ്ണിയച്ചിചരിതത്തിലും' 'ഉണ്ണിയാടിചരിതത്തിലും' 'ൻറ' ചേർന്ന പ്രയോഗങ്ങൾ കാണുവാൻ കഴിയുന്നുണ്ട്.

'അത്യുക്തിയാകിലുമളീകമിതെൻറു കണ്ടോർ
ചൊല്ലീടലും കിമപി ചൊല്ലുവനുള്ള വണ്ണം
അമ്മാടമും ചിറയുമപ്പുരിചൻറുമിൻറും
മേലും ചമയ്ക്കുരുതു മേലമർവോക്കുപോലും' [1]

(ഉണ്ണിയച്ചി ചരിതം)

'ചോടചകലനെ നിൻറുതൊട്ടവതിനെൻറപോലെ
മാടളമുയർന്തു നിൻറുമാടങ്കൾ വിളങ്കുമേടം' [2]

വർത്തമാനകാലത്തിലുള്ള ക്രിയാപദങ്ങളിലും, വർത്തമാനപേരെച്ചങ്ങളിലും തൊട്ടുകിൻറേൻ, കേഴിൻറവാറ്, തുള്ളിൻറമ, ചൊല്ലിൻറേൻ, പാടിൻറതും എന്നിങ്ങനെ 'ൻറ' ചേർന്നുള്ള പ്രയോഗങ്ങൾ ഉണ്ണുനീലി സന്ദേശത്തിലും മറ്റും മിക്കവാറും 'ന്ന' യുമായുള്ള സമ്മിശ്രണം കൂടാതെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെങ്കിലും അവയ്ക്ക് വ്യാവഹാരികസത്ത ഇല്ലായിരുന്നുവെന്നുവേണം വിചാരിക്കുവാൻ.

പുരുഷപ്രത്യയം ചേർന്നുള്ള ക്രിയാരൂപങ്ങൾ മണിപ്രവാളകൃതികളിൽ കാണുന്നവയും സാഹിത്യത്തിൽ നിലനിന്നുപോന്ന യാഥാസ്ഥിതികതത്തെയാണ് പ്രതിബിംബിപ്പിക്കുന്നത്. വ്യവഹാരത്തിൽ പുരുഷപ്രത്യയങ്ങൾ അക്കാലത്തു നിർല്ലോഷം തിരോധാനം ചെയ്തിരിക്കാമെന്നുള്ളതിന് ആ കൃതികളിലെ ശുദ്ധ ക്രിയാരൂപങ്ങൾതന്നെ മതിയായ സാക്ഷ്യം വഹിക്കുന്നുണ്ട്. ആധുനികകാലത്തിലെ സാഹിത്യകാരന്മാരും പദ്യത്തിൽ കണ്ടേൻ, ചൊന്നാൻ, പോയാർ തുടങ്ങിയ രൂപങ്ങളെ കൈവെടിഞ്ഞിട്ടില്ലല്ലോ.

പുരുഷപ്രത്യയം ചേർന്ന ക്രിയാരൂപങ്ങൾ വ്യവഹാരഭാഷയിൽ ഇല്ലായിരുന്നുവെന്ന്

ൻൻ. സാഹിത്യസൗഷ്ഠവത്തിനുവേണ്ടി വ്യവഹാരഭാഷയുടെ പുറമേ മണിപ്രവാളകവികൾ പഴയ പദങ്ങളേയും പ്രയോഗഭംഗികളേയും ആദരിക്കുന്നതിൽ അതിമുഖ്യരായിരുന്നു. അവയിൽ ചിലതു തമിഴ്സാഹിത്യത്തിൽനിന്നും

പ്രയോഗഭംഗികൾ.

---

1. *Campūkāvyas in Malayāḷam*, p. 38.
2. *Campūkāvyas in Malayāḷam*, p 34.

മണിപ്രവാളത്തിൽ വഴങ്ങുവാൻ പാടില്ലാത്തതായി ലീലാതിലകകാരൻ നിർദ്ദേശിച്ചിട്ടുള്ള ചോളഭാഷാരൂപങ്ങളോട് സമാനങ്ങളായ ഉയർന്ന്, മാടങ്കൾ, വിളങ്കും എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ കാണുന്നതുകൊണ്ട് പ്രസ്തുതകൃതികളുടെ മണിപ്രവാളത്വം സംശയാസ്പദമായിരിക്കുന്നു.

സ്വീകൃതങ്ങളായിരുന്നിരിക്കുവാൻ വയ്യാത്തതല്ല. സംസ്കൃതഭാഷയിലെ സമസ്തപദങ്ങളെ മാതൃകയാക്കിയുള്ള ദീർഘങ്ങളായ ഭാഷാസമാസങ്ങളും മണിപ്രവാളകൃതികളിൽ സുലഭങ്ങളാണ്. ഏതൊരു ജീവദ്ഭാഷയിലും വ്യവഹാരഭാഷയ്ക്കും സാഹിത്യഭാഷയ്ക്കും കുറെയൊരു അന്തരം ഉണ്ടാകാതിരിക്കുകയില്ല. ശിശുക്കൾ പ്രായംചെന്നവരുടെ വ്യവഹാരത്തിൽനിന്നും ശബ്ദരൂപമായ ആശയപ്രകടനോപായം ഗ്രഹിക്കുന്നതുപോലെ സാഹിത്യകാരന്മാർ പൂർവ്വകൃതികളേയും അന്യഭാഷകളിലുള്ള സാഹിത്യപ്രസ്ഥാനങ്ങളേയും അവലംബിച്ചിട്ടാണ് അവരുടെ സാഹിത്യഭാഷയ്ക്ക് വേണ്ട കരുക്കൾ സമ്പാദിക്കുന്നത്. അതുകൊണ്ട് പദപ്രയോഗങ്ങൾക്ക് പ്രാചീനതയോ, അർവാചീനതയോ കല്പിച്ച ഗ്രന്ഥങ്ങളുടെ കാലനിർണ്ണയം ചെയ്യുന്നത് ഉസ്സാധമാണെന്ന് പറയേണ്ടതില്ലല്ലോ. പദപ്രയോഗത്തിൽ സാഹിത്യകാരന്മാർ പൊതുവേ യാഥാസ്ഥിതികരാണ്. അവരവരുടെ ഗ്രന്ഥപരിചയവൈപുല്യം അനുസരിച്ചും രുചിഭേദം അനുസരിച്ചും സമകാലികരായ കവികളുടെ കൃതികളിൽത്തന്നെ ഭാഷാരീതിക്കു സജാതീയത സംഭവിക്കുന്നതാണ്. എങ്കിലും ഒരേമാതിരി പ്രയോഗങ്ങൾ പ്രചുരമായി കാണപ്പെട്ടുന്ന കൃതികളെ മറ്റു തെളിവുകൾകൂടി അനുകൂലിക്കുന്നപക്ഷം അഭിന്നങ്ങളായ കാലത്തിൽ ആവിർഭൂതങ്ങളായി പരിഗണിക്കുന്നതിൽ അയുക്തത ഇല്ല. അഞ്ചോ ആറോ ശതവർഷങ്ങളിലെ ചരിത്രമുള്ള മണിപ്രവാളകൃതികളെ കാലപരമായുള്ള പൌർവ്വാപര്യം നിർണ്ണയിച്ച് ഭാഷയുടെ അനുസ്യൂതമായ വളർച്ച ആരായുന്നത് വേണ്ടുവോളം ഫലപ്രദമായിരിക്കയില്ല. അതിലും വിശേഷിച്ച് സാഹിത്യമാത്രസ്ഥിതങ്ങളായ അത്തരം പ്രയോഗങ്ങളുടെ അനുധാവനശ്രമം വ്യവഹാരഭാഷയുടെ സ്വരൂപനിർദ്ധാരണത്തിന് അനാവശ്യകവുമാകുന്നു.

൨൦൦. മണിപ്രവാളകൃതികളിലെ ഭാഷാരീതി വ്യവഹാരഭാഷയിൽനിന്ന് എത്രകണ്ട് അകന്നിരിക്കുന്നുവെന്ന് പൊതുവേ പരിചിന്തനം ചെയ്യുവാനേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ. ഉണ്ണുനീലി സന്ദേശത്തിലുള്ള

മണിപ്രവാളത്തിലെ ഭാഷയ്ക്കു വ്യവഹാരഭാഷയിൽനിന്നുള്ള അകലം.

വണ്ണാവാണിം വടിവിനൊടിടത്തങ്ങടുത്തുണ്ണിയാടീ
മേണാങ്കന്നും ചെറുതു കുറവാക്കിൻറ വക്ത്രാരവിന്ദം

ഓണമ്പോലെ വിരവിലെഴുനള്ളിൻറ നിന്മേൽത്തങ്ങാനീം
കാണാം തുവെണ്മരുവൽ മലരാൽ തുകി മേവിൻറവാങ് !1

പിന്നെപ്പൊന്നിന്മെതിയടി കഴിച്ചങ്ങു തണ്ടിൽക്കരേറി
കന്നൽക്കണ്ണാർ മനസിജ മതിപ്പെട്ട സേനാസമേതഃ
പുന്നപ്പൂവിൻ പരിമളഭൃതാ മാരുതേനാനയാതോ
മുന്നെക്കാണാമിതവിധ നടക്കാവു നീ പിന്നിടേഥാഃ. 2

എന്നീ പദ്യങ്ങളിൽ വടിവിനൊട്ട്, വിരവിൽ, തുവെണ്മരുവൽമലരു്, മേവിൻറവാരു്, കരേറി, കന്നൽക്കണ്ണാർ, മുന്നെ, ഇതവിധ എന്നിവയിലൊന്നും ജനങ്ങളുടെ നിത്യവ്യവഹാരത്തിൽ ഉണ്ടായിരുന്നിരിക്കുവാൻ തരമില്ല. സംസ്കൃതരീതിയിലുള്ള ദീർഘസമാസത്തിനു് ഏണാങ്കനും ചെറുതുകുറവാക്കിൻറവക് തുരവിന്ദാം, കന്നൽകണ്ണാർ മനസിജ, മതിപ്പെട്ടസേനാസമേതഃ, പുന്നപ്പൂവിൻപരിമളഭൃതാ എന്നിവ നിദർശനങ്ങളാണു്. ഭാഷാപ്രകൃതിയോടു് സംസ്കൃതപ്രത്യയം ചേർത്തുള്ള പിന്നിടേഥാഃ എന്ന പ്രയോഗം മണിപ്രവാളകവികൾ വിരളമായി സ്വീകരിച്ചിരുന്ന ഒരു വിലക്ഷണരീതിയെ അനുസരിക്കുന്നു. കാണംപോലെ, എഴുന്നള്ളുക, ഇടത്തു്, അങ്ങു്, അടുത്തു്, കാണാം, തുകുക, പിന്നെ, പൊന്നിൻമെതിയടികഴിച്ചു് (അഴിച്ചു വെച്ചിട്ടു്), തണ്ടു് (മേനാവു് cf. തണ്ടക്കാരൻ), പുന്നപ്പൂവു്, നടക്കാവു് നീ, എന്നീ പ്രയോഗങ്ങൾ വ്യവഹാരഭാഷയെത്തന്നെയാണു് ആശ്രയിച്ചിരിക്കുന്നതു്. വാക്യഘടനയാകട്ടെ, മലയാളഭാഷയുടെ സ്വതസ്സിദ്ധമായ സ്വരൂപത്തിൽ അവഭാസിക്കുന്നുവെന്നുള്ളതും അനുഭവവേദ്യമാകുന്നു. 'അങ്ങു് (അവിടെ) അടുത്തു് ഇടത്തു് (ഇടത്തുഭാഗത്തായി) ഉണ്ണിയാടിയെ ഓണംപോലെ എഴുന്നള്ളുന്ന നിൻറെ മേലു് (അവിടത്തെ മേലു്) പുഞ്ചിരി ചൊരിയുന്ന നിലയിൽ (അവിടത്തേയ്ക്കു്) കാണാം. പിന്നെ പൊന്നിൻമെതിയടി കഴിച്ചു് തണ്ടിൽകേറി പുന്നപ്പൂവിൻറെ മണമുള്ള കാറും ഏറും മുൻവശത്തു കാണുന്ന നല്ല നടക്കാവിനെ നീ (അവിടന്നു്) പിന്നിട്ടാലും' എന്നിങ്ങനെ പദ്യബന്ധത്തിലുള്ള പദക്രമത്തെ മാറ്റി ഗദ്യരൂപമാക്കിയാൽ വാക്യഘടന ഏതാണ്ടു് ഇന്നത്തേതുപോലെതന്നെ ഇരിക്കുന്നുണ്ടല്ലോ ! ഉണ്ണുനീലീസന്ദേശകാരൻറെ സംസ്കൃതപ്രതിപത്തി വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളുടെ പ്രയോഗബാഹുല്യത്തിൽ എന്നപോലെ ദീർഘസമാസങ്ങളുടെ സമായോജനത്തിലും പ്രകടമാകുന്നതുകൊണ്ടു് ഭാഷയിലുള്ള പദങ്ങളേയും ശൈലികളേയും ചിലയിടത്തു് തിരഞ്ഞു പിടിക്കേണ്ടതായിത്തന്നെ ഇരിക്കുന്നുവെന്നും പറഞ്ഞുകൊള്ളട്ടെ.

1. *Uṇṇunīlisandeśam I, 51.*
2. *Uṇṇunīlisandeśam I. 52.*

ക ഠ ഫ. ലീലാതിലകത്തിലെ ഉദാഹരണഭാഗങ്ങളിലും ചമ്പുക്കളിലുംനിന്ന് താഴെ ചേർത്തിട്ടുള്ള ഭാഗങ്ങൾ പരിശോധിച്ചാൽ ഏറെറവും അടുത്തകാലത്തുണ്ടായിട്ടുള്ള കൃതികളിലെ ഭാഷാസ്വഭാവത്തോട് സാദൃശ്യം വഹിക്കുന്ന ഒരു രീതിതന്നെ അവയിൽ നമുക്ക് ദർശിക്കുവാൻ കഴിയും.

മണിപ്രവാള കൃതികളിലെ പല ഭാഗങ്ങളിലും അടുത്തകാലത്തുണ്ടായിട്ടുള്ള കൃതികളിലെ ഭാഷാസ്വഭാവം.

'മുന്നിൽ കളുത്ത മുഖമണ്ഡപമങ്ങു കാണാം
തുക്കാപ്പുകൊള്ളുമളവത്തിരുമേനി കാണാം
ആനന്ദമായ പുകഴേന്തിന തുശപേരുർ
മാനേന്തുമപ്പനെ മറക്കരുതൊന്നുകൊണ്ടും. [1]

ചിതറിനപുരിക്രന്തൽ ചിത്തരമ്യം
വിതറിന ചാരുവിയർപ്പു വിഹ്വലാംഗേ
രതിചരിതമെടോ മറപ്പനോ ഞാ-
നതിസുകുമാരമൊരായതേക്ഷണായാ. [2]

തെളിഞ്ഞ തേൻകുപ്പി കടഞ്ഞ ശംഖെ-
ന്നിവററിലൊന്നേ ചിരുതേവികണ്ണും
അതല്ലറിഞ്ഞേനണിവാനനംഗൻ
മടിഞ്ഞുവെച്ചോരു കുറിഞ്ഞിമാല.' [3]

(ലീലാതിലകം.)

'രാമൻ പൊയ്ക്കാള്ളുമയ്യോ വിപിനഭുവി ധൃതം കൈയുകം
[കൈയ് വെടിഞ്ഞി-
ന്നാമോ ലോകക്കു കൈയുഹലമിതുകളുവാനിന്ന തസ്യാഭിഷേകേ
കാമം പ്രാണാപഹം ഞാൻ തനയവിരഹവു ധമ്മഭീത്യാ
[പൊറുപ്പേൻ
കേവം മാപാപി കഥം നിൻകുലമിതു സഹതേ കീത്തി കേളാ
[യുഗാന്തം. [4]

---

1. *Līlātilakam* (edited by A. KrishnaPishar
2. Ibid., p. 45.
3. Ibid., p. 46.
4. *Śrīmūlam Malayāḷam Series* No. XIX (*Vicchinnābhiṣekam*) p 17.

ഞാനെന്നും കാന്തയെന്നും പൊരുകിന്ന ധനമെന്നും മമാപത്യ
[മെന്നും
കാണയ്യോ ഹന്ത മോഹിച്ചനദിനമുഴലാമെന്തതിൽ കാര്യമോ-
[ത്താൽ
പ്രാണൻപോയാലിവറാൽ കരുതുമളവിൽ ഒന്നും തനിക്കൻ-
[പിലാത്മ-
ത്രാണം ചെയ്യാനൊടുക്കത്തൊരുവനമുതകാ കേളതോക്കേണമേ
[നീ. 1
(ബാലിവധം.)

രാമൻ ചൊല്ലിയതെല്ലാം കേട്ടതിഖേദം പൂണ്ടു പറഞ്ഞാൾ സീത
ഭർത്താവോടു പിരിഞ്ഞാൽ ഭവനം വനമായ്ത്തന്നെ ഭവിച്ചീടുന്നു.
കല്ലും മുള്ളും മരടും മൂർഖന്മുള്ളൊരു കാട്ടിൽ ഭർതൃസമീപം
തന്നിൽ വസിപ്പതു കുലമഹിളാജനമെല്ലാവർക്കും സുഖദം തന്നെ
ഭർത്താവിൻ നിഴലല്ലോ ഭാര്യ ചിത്താശ്വാസമതിങ്കലിരിപ്പൂ
തിരുമലരടിയിണ സതതം സേവിച്ചീടുവതേക്കാളെന്തൊരു ധർമ്മം?
ഭർത്താ ദൈവം സതികൾക്കെന്നതു വ്യർത്ഥമുരച്ചൊരു മൊഴിയ-
[ല്ലല്ലോ
ഗിരിതടഗഹനവനഭൂവി ഞാനും കരുണാകര! നിൻപിറകേ
[പോരാം
എന്നെയുപേക്ഷിച്ചുങ്ങു ഗമിച്ചാൽ പിന്നെത്തരണം മരണമെനിക്കു
എന്നു പറഞ്ഞതുകേട്ടു രഘൂദ്വഹനന്നതമോടം സമ്മതമേകി'.2
(വിചിന്നാഭിഷേകം)

ഇതരലക്ഷ്യങ്ങളെക്കൊണ്ടു് വളരെപ്പഴക്കമുണ്ടെന്നു് നിർണ്ണയിക്കപ്പെടേണ്ട കൃതികളിൽക്കൂടി ഏതാട്ടശങ്കളായ പ്രയോഗങ്ങൾ സർവ്വസാധാരണങ്ങളായിരിക്കുന്നതിനുള്ള കാരണം സാഹിത്യഭാഷയുടെ കൃത്രിമപത്രത്തിലും പ്രസ്ഫുരിക്കുന്ന വ്യവഹാരഭാഷയുടെ അനസ്യൂതമായ ചൈതന്യമാണെന്നു പറയേണ്ടതില്ലല്ലോ!

1. Ibid., (Bālivadham) p. 147.
2. Ibid., (Vicchinnābhiṣēkam) pp. 28 & 29.

൨൦൨. മണിപ്രവാളകൃതികളിൽ ഉപയുക്തങ്ങളായിട്ടുള്ള നിരവധിപദങ്ങളും പ്രയോഗവിശേഷങ്ങളും പില്ക്കാലത്തു് നഷ്ടങ്ങളോ വിരളങ്ങളോ ആയിപ്പോയിട്ടുണ്ടു്. നമ്മുടെ സാഹിത്യത്തിനു് അലങ്കരണങ്ങളായിരുന്ന അത്തരം ശബ്ദസമുച്ചയങ്ങളെ ആരാഞ്ഞറിയുന്നതു് നമ്മുടെ ഭാഷാസാഹിത്യത്തിന്റെ ആസ്വാദനത്തിനു് ഒഴിച്ചുകൂടാത്തതാണു്. അവയിൽ ഏറിയകുറിനും വ്യവഹാരഭാഷയുടെ ആലംബം ഉണ്ടായിരുന്നില്ലെന്നതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. എങ്കിലും മണിപ്രവാളകൃതികളിലെ ഭാഷാരീതിയോടു് ഉദ്ഗ്രഥിച്ചിരിക്കുന്നതിനെ മാതൃകയ്ക്കായി ചുവടേ നിർദ്ദേശിച്ചുകൊള്ളുന്നു.

മണിപ്രവാളകൃതികളിൽ ഉപയുക്തങ്ങളായിരുന്നു പില്ക്കാലത്തു് നഷ്ടങ്ങളായിപ്പോയിട്ടുള്ള പദങ്ങളും പ്രയോഗവിശേഷങ്ങളും.

മിളി (വയൽ), ചുറവം (സൌഹാർദ്ദം), മാലക്കാലം (വസന്തം), വാണാൾ (ജീവിതം), പൂണാരം (മാല), അപ്പാൽ (അപ്പുറം), മികും (ശ്രേഷ്ഠമായ), തുയിർ (ദുഃഖം), നവരം (ശ്രേഷ്ഠം), വിയാൻ (പിഴം) മേതി (മഹിഷം), കുറു് (സംശയം), ഇതവിയ (ശ്രുഭമായ), ചരതം (മോടി), മേതു് (ഭൂമി), മാർവാർ (സ്ത്രീകൾ), മേവാർ (ശത്രുക്കൾ), ഏമ്പൽ (ഏമ്പക്കം), കുറളി (മായാവി), വിരൺ (കൊതി), പകഴി (അമ്പു്), മാതർ (സ്ത്രീകൾ), ഓലക്കം (ഭംഗി), മുകഴുക (ക്രമുക), മുകുരം (മുകുളം), കമ്പി (കർണ്ണാഭരണം), വിച്ച (ആശ്ചര്യം), വല്ലീടുക (സാധ്യമാവുക), ഒവ്വാ (തുല്യമല്ല), തികതല (ഭയപ്പാടു്).

൨൦൩. തമിഴ്രീതിയെ അനുകരിച്ചു് തുള്ളിൻറമ, പോനവാറു്, ഉണ്ടാന, എത്തിനക്കാലം, കാണലാം, പിന്നിടേണ്ടും, പോനാൾ, മാററിനാ, (മധ്യമപുരുഷൈകവചനം) വല്ലേൻ, തൊഴുതുവീഴ്വോം എന്നിങ്ങനെയുള്ള പ്രയോഗങ്ങളും മണിപ്രവാളകവികൾ ചെയ്തിട്ടുണ്ടു്. വാരാഞ്ഞു, വൈകിയാതെ എന്ന മാതിരിയിലുള്ള നിഷേധരൂപങ്ങളും മനകാമ്പു്, ഇന്നേയോളം, മകളർ തുടങ്ങി ഭാഷയിലെ ഇതരപ്രയോഗങ്ങളോടു് സാധാരണ്യം ഭജിക്കാത്ത ചില രൂപങ്ങളും നമുക്കു് ഈ പ്രസ്ഥാനത്തിലുള്ള കൃതികളിൽ കണ്ടുവാൻ കഴിയുന്നു. കോറേറൻ, കാറാളം, പൊറാമര, വേതങ്കണാലും (വേദങ്ങൾം നാലും) വാണൻറു്, പൊർചില, അവ്വഴക്കു്, അവഴക്കു് മുതലായ പ്രയോഗങ്ങളിലെ സന്ധിസ്വഭാവത്തെ ലീലാതിലകകാരൻ വിവരിച്ചിട്ടുള്ളതും അവയ്ക്കു് മണിപ്രവാളകൃതികളിലുള്ള പ്രാമുഖ്യത്തെ അധാരമാക്കിയത്രേ.

'മുറംകിനേറൻ ഞാനമൃതജലധൌ മുദ്ധചന്ദ്രങ്കൽ വീണ്ണേൻ
താണ്ണേൻ ജ്യോൽസ്നാസരസി പനിനീർതന്നിലാണ്ണേനമിണ്ണേൻ'

എന്നിങ്ങനെ ധാതുസ്ഥമായ ഴകാരത്തിനേറയും ഭ്രൂതാത്ഥദ്യോതകമായ 'ന്ന്' എന്നതിനേറയും പ്രയോഗത്തിൽ ണകാരദ്വയം ആദേശിച്ചുള്ള രൂപങ്ങളും മണിപ്രവാളകൃതികളിൽ സംദൃശ്യങ്ങളാണ്. ആധുനികകാലത്തു് വീണു, താണു, ആണു, നുണു എന്നിങ്ങനെ ണകാരഘടിതങ്ങളായ രൂപങ്ങൾ വായ്മൊഴിയിലുംക്രൂടി സാധാരണങ്ങളായിരിക്കുന്നതുകൊണ്ടു് അവ, വീണ്ണു, താണ്ണു, ആണ്ണു, നുണ്ണു ഇത്യാദികളുടെ ശൈഥില്യം വന്ന രൂപങ്ങളാണെന്നു നിണ്ണയിക്കാം. മേല്ക്കാണിച്ചതരം വാക്കുകളിലും പ്രയോഗരീതികളിലും ചിലതു് കൃഷ്ണഗാഥയിലും എഴുത്തച്ഛന്റെ കൃതികളിലുംക്രൂടി അങ്ങിങ്ങു് സ്ഥാനം പിടിച്ചിട്ടുണ്ടെങ്കിലും അവയ്ക്കു് മണിപ്രവാളപ്രസ്ഥാനത്തോടുള്ള വേഴ്ച സവിശേഷം ശ്രദ്ധാർഹമാണ്.

മണിപ്രവാളകൃതികളിൽ കേരളഭാഷയ്ക്കുള്ള പ്രാധാന്യം മറെറാരു വിധത്തിലും ഉപകാരകമായിത്തീർന്നിട്ടുണ്ടു്. വ്യവഹാരഭാഷയിൽ തന്നെ നിലവിൽ ഇരുന്നവയും ഇന്നു് ഏറെക്കുറെ നിലവിലിരിക്കുന്നവയും ആയ പരശ്ശതം ശൈലികളും പഴഞ്ചൊല്ലുകളും സചകിയമായ രൂപത്തിനു് വലിയ ഹാനി വരാതെ ആ വക ഗ്രന്ഥങ്ങളിൽനിന്നു് നമുക്കു് ലഭിക്കുന്നു. വ്യവഹാരഭാഷയുമായി താരതമ്യപ്പെട്ടുനോക്കുമ്പോൾ ശൈലികളിലും പഴഞ്ചൊല്ലുകളിലും പലതും സാഹിത്യഭാഷയിൽ പ്രതിഷ്ഠിതങ്ങളല്ലെന്നു് വന്നേക്കാം. വളരെ പഴക്കമുള്ള മണിപ്രവാളകൃതികളിൽപോലും കേരളഭാഷയുടെ ചൈതന്യം പ്രസ്ഫുരിപ്പിക്കുന്ന പ്രയോഗവിശേഷങ്ങൾ നിരവധികങ്ങളായിരിക്കുന്നതിൽനിന്നും അക്കാലത്തെ വ്യവഹാരഭാഷയ്ക്കു് പിന്നിൽ ദീർഘകാലത്തെ പ്രകൃഷ്ടമായ പാരമ്പര്യം ഉണ്ടായിരിക്കണമെന്നുള്ളതു് നിസ്സന്ദേഹമത്രേ. ലീലാതിലകത്തിലും ഉണ്ണുനീലിസന്ദേശത്തിലും ചമ്പൂഗ്രന്ഥങ്ങളിലും ചെവിക്കൊള്ളുക, കണിക്കാണുക, ഇടകലരുക, കൈയ്ക്കൊള്ളുക, തിരുവുള്ളമഴിയുക, മേളംതാവുക, കൈയ്വരുക, എതിരിടുക, തായമിടുക, പരിവട്ടം കെട്ടുക, വശംകെട്ടുക, കവിണ്ണുവീഴുക, കുതകെട്ടുക, തരക്കേടുവരുക, കാലുപിടിക്കുക, ഇടതിങ്ങുക, കൊണ്ടാടുക, വിടകൊള്ളുക (ആചാരവാക്കു്), തലതല്ലുക, അടിച്ചുതളിക്കുക, വഴക്കുപറയുക, മിടുക്കുപറയുക, മനമലിയുക, കീഴ്പെടുക, എന്നുവേണ്ട, ചെവിക്കൊള്ളുക,

മണിപ്രവാളത്തിലെ ശൈലികളും അക്കാലത്തെ വ്യവഹാരഭാഷയുടെ പ്രതിബിംബകങ്ങളും.

കുരളപറയുക, തലമുടിചിക്കിഉലത്തുക എന്നിങ്ങനെ പദങ്ങളുടെ ഘടനാ വൈചിത്ര്യവും സങ്കല്പത്തിന്റെ വൈശിഷ്ട്യവും ആവഹിക്കുന്ന പ്രയോഗരീതികളും ഏറിയകൂറും തദ്ദാനീന്തനമായ ഭാഷയുടെ പ്രതിബിംബകങ്ങളായി കരുതാം.

കൃഷ്ണഗാഥ.

൨൦൪. സാഹിത്യപ്രാധാന്യമുള്ള പ്രാചീനകൃതികളിൽ ഭാഷാപരമായി പ്രാമുഖ്യം അർഹിക്കുന്നതു് കൃഷ്ണഗാഥയാണു്. സംസ്കൃതവിഭക്ത്യന്തങ്ങളായ പദങ്ങളെ ക്രുട്ടിക്കലർത്തി കൈരളിയിൽ ഉണ്ടായ കൃത്രിമപ്രസ്ഥാനത്തെ—മണിപ്രവാളപ്രസ്ഥാനത്തെ, പരിപോഷിപ്പിക്കുവാനല്ല കൃഷ്ണഗാഥ പ്രയോജകീഭവിച്ചിട്ടുള്ളതു്. സ്വർഗ്ഗാരോഹണഘട്ടത്തിൽ,

ക്ഷീരസാഗരവാരിരാശിയിൽ നാഗവീരവരാസനേ
താരിൽമാതൊടുക്കുടി മേവിന നീരജായതലോചന
വാരിജാവിന നീരദാവലി നേരെഴും തവ പൂവൽമെയ്
പാരമുള്ളിലെഴുന്ന തോന്നുക ഘോരപാതകശാന്തയേ'
... ...
കമലാകരപരിലാളിതകുഴൽതന്നിണ കനിവാ—
ടമരാവലി വിരവോടഥ തൊഴുതീടിന സമയേ
വിവിധാഗമവചസാമപി പൊരുളാകിന ഭഗവാൻ
വിധുശേഖരനുപഗമ്യ ച മധുസൂദനസവിധേ
ദ്വിജശാപജവിപദാണ്ടൊരു നിജവംശവുമഖിലം
വ്രജിനാർണ്ണവസലിലേ പരമവഹത്യ ച സഹസാ
അവശേഷിതമവനീരേമഖിലം പരമഴകോ—
ടവനോദിതമലിവോടെഴമവനോടയമവദൽ.[2]

എന്നിങ്ങനെ ചില ഭാഗങ്ങൾ ഭാഷാസംസ്കൃതയോഗരൂപമായ മണിപ്രവാളത്തിന്റെ സ്വഭാവം ആവഹിക്കുന്നുണ്ടെങ്കിലും കൃഷ്ണഗാഥയിലെ ശ്രീഭാഗവും മണിപ്രവാളപ്രസ്ഥാനത്തിൽനിന്നും അകന്നുനിൽക്കുന്നുവെന്നു് പറയേണ്ടതില്ലല്ലോ.

ചെഞ്ചമേയുള്ളോരു പുഞ്ചിരി തൂകുമ്പോൾ
കിഞ്ചന കാണായി വന്നക്രൂടി 3
... ...

1. *Kṛṣṇagātha* (edited by P. K. Narayana Pillai) Svargārōhaṇam, p. 4
2. Ibid, p. 8.
3. Ibid., p. 18.

ലോചനമൊന്നങ്ങു ലോലമെഴുതീട്ട
കാചന മറേറതെഴുതും മൻപേ[1].

നന്ദനം തന്നുടെ നിന്ദയെ ചെയ്യുമ–
മ്മന്ദിരേ നിന്നെഴും നിഷ്ക്കടങ്ങൾ[2].

എന്നിങ്ങനെ ഏറെറവും ചുരുക്കമായി ചില യിടങ്ങളിൽ പ്രാസപരിപാല നത്തിനുവേണ്ടി പ്രയോഗിച്ചിട്ടുള്ള സംസ്കൃതപദങ്ങളെ ഒഴിച്ചാൽ കൃഷ്ണ ഗാഥയിലെ ഭാഷ പ്രകൃഷ്ടമായ കൈരളീചൈതന്യംകൊണ്ടു ഭാസുരമാ ണെന്നു നിർവ്വിശങ്കം പറയാം. സംഭാഷണഭാഷയിൽ സാധാരണ മായി വരുന്ന വാക്കുകളുടേയും ശൈലികളുടേയും പഴഞ്ചൊല്ലുകളുടേയും വിശാലമായ ഒരു ഭണ്ഡാഗാരമാണു് കൃഷ്ണഗാഥ.

എന്നുടെ കന്നിനെ കട്ടതു നീയത്രേ
എന്നങ്ങു ചൊല്ലിനാളെന്നെ നോക്കി
നാവും കടിച്ചുകൊണ്ടേതുമേ വല്ലാതെ
നാണവും പൂണ്ടങ്ങു നിന്ന പിന്നെ
നിന്നുടെ കന്നിനെ കട്ടതു ഞാനല്ലേ
എന്നു ഞാൻ ചൊന്നതു കേട്ടതോരും
പേ പറഞ്ഞീടിനാൾ ക്ര പറഞ്ഞീടിനാൾ
വാ പറഞ്ഞീടിനാൾ പാപിയെന്നേ[3].

എന്നു് ഗോപികമാരുടെ ആവലാതിപറച്ചിലിലും

അഛനായുള്ളതു നീയൊഴിച്ചില്ലെനി–
ക്കച്യുതൻ തന്നുടെ പാത്തോണേ
പെറു വളത്തോരു തായായി നിന്നതു
മുറുമെനിക്കുമറാരുമല്ലേ
ആറിലും തീയിലും വീഴാതെകാണ്ടന്നെ
പോററി വളർത്തതു നിങ്ങളല്ലോ[4].

എന്നു് നന്ദഗോപനോടുള്ള ശ്രീകൃഷ്ണന്റെ കൃതജ്ഞതാവചനത്തിലും കാണുന്ന രീതി വ്യവഹാരഭാഷയോടു് ഏറെറവും അടുത്തുള്ളതും സുപരി ചിതപദങ്ങൾകൊണ്ടു് സങ്കലിതവുമായ കൃഷ്ണഗാഥയിലെ ഭാഷയ്ക്കു് നിദർശനങ്ങളാണു്. കാലത്തെ പോവുക (നേരത്തെ പോവുക) പാല് തികുന്ന വരിക, കന്നു തെളിക്കുക, കൈതിരുമ്മുക, കൺചുവത്തുക,

1. Ibid , p. 57.
2. Ibid., p. 2
3. *Kṛṣṇagāthā*, p. 22.
4. Ibid. Part II, p. 8.

കൊലപ്പെടുത്തുക, പുണ്ടുപിളുക്കുക, ചെവിക്കൊള്ളുക, എന്നിങ്ങനെ വായ്മൊഴിയോട് ഏറ്റവും ഇണങ്ങി നില്ക്കുന്ന വചോബന്ധങ്ങൾ കൃഷ്ണഗാഥയിൽ സർവത്ര സമൃദ്ധമായിക്കുന്നു. സാഹിത്യപ്രണയനത്തിൽ മലയാളകവികൾ പകിട്ടിനും പൊലിമയ്ക്കും വേണ്ടി യാതൊരു പരിമിതിയും കൂടാതെ സമാദരിച്ചിരുന്ന പദങ്ങളും രൂപസംവിധാനങ്ങളും കൃഷ്ണഗാഥയിലുള്ളിടത്തോളം മറേറതെങ്കിലും ഒരു കൃതിയിൽ കാണുമോ എന്നുള്ളതു സംശയമാണ്. കഴൽ, കഴൽ, തൺമ, മാതർ, മാൺപു് നണ്ണുക, കാലക്കം, തിണ്ണം, ചാലേ, പുറം, തിൺമ, നിച്ചലും, വിച്ച, പൂങ്കായൽ, ചോരിവാ, കൊങ്ക, ഓർച്ച, നാണുക, പൂണുക, ചെമ്മു്, വാരുറ, നീടാന്ന വാർമെയ്യും, ചേണുറ, മേളത്തിൽ, മാൺപുറ, കെല്പോടു് എന്നു തുടങ്ങിയവ ഈ കൃതിയിലെ സാഹിത്യഭോഷക്കു് ഈസ്പദങ്ങളായ പ്രയോഗങ്ങളിൽ ഏതാനും ചിലതു മാത്രമാണു്.

കൃഷ്ണഗാഥയിൽ വ്യാകരണപരമായി പരിഗണനാർഹങ്ങളായകാര്യങ്ങൾ.

൨൦൫. പുരങ്ങീതു, തുടങ്ങീതു, ഏറുന്നുതു, വണ്ണുതു എന്ന രീതിയിൽ ഇതു, ഉതു, എന്നിവയുടെ ദീർഘീകൃതരൂപങ്ങൾ ചേത്തിട്ടുള്ള പൂണ്ണക്രിയകളും, പോകത്തുടങ്ങി, ചൊല്ലത്തുടങ്ങി, എഴത്തുടങ്ങി, ചൊല്ലവല്ലേൻ എന്നിങ്ങനെ ധാതുവിനോടു് 'അ' ചേൎന്നുള്ള നടുവിനയെച്ചത്തിന്റെ രൂപം വഹിക്കുന്ന പിൻവിനയെച്ചങ്ങളും ധാതുഗതമായ അകാരത്തിനു് ദീർഘംകൂടി വരുത്തി താരാഞ്ഞു, വാരാഞ്ഞു തുടങ്ങിയ നിഷേധരൂപങ്ങളും, ഒപ്പില്ലയാതെ, ചാറില്ലയാഞ്ഞു്, എന്നു് ഇടനിലയായ യകാരം നഷ്ടമാകാതുള്ള രൂപങ്ങളും, തേമ്പാത, തുല്യതയില്ലാത, എന്നിത്തരത്തിലുള്ള ദ്വിധീകരിയ്ക്കപ്പെടാത്ത നിഷേധപേരെച്ചങ്ങളും കൃഷ്ണഗാഥയിൽ വ്യാകരണപരമായി പരിഗണനാർഹങ്ങളാണു്. ഏതാദൃശരൂപങ്ങളിൽ ഒട്ടുമിക്കവയും, ഏറെക്കുറച്ചിലോടുകൂടി എഴുത്തച്ഛന്റെ കാലംവരെയുള്ള പ്രാചീനകൃതികളിലെല്ലാം തന്നെ സാദൃശ്യങ്ങളാണു്.

കൃഷ്ണഗാഥയിലെ ആഭ്യോക്ഷാശബ്ദങ്ങളും പ്രയോഗരീതികളും.

൨൦൬. സംസ്കൃതപദങ്ങളുടെ പ്രകൃതികളെ തൽസമരീതിയിലും തദ്ഭവരീതിയിലും സ്വീകരിച്ചു് നമ്മുടെ ഭാഷയിലെ പ്രത്യയങ്ങളും ചേർത്തു് നിഷ്പാദിപ്പിച്ചിട്ടുള്ള പദങ്ങളും കൃഷ്ണഗാഥയിൽ നിരവധികങ്ങളാണു. സമാനപ്രകൃതികപംകു തന്നെ തൽസമപ്രകാരത്തിലും തദ്ഭവപ്രകാരത്തിലും ഉള്ള രൂപഭേദങ്ങളും പ്രാസസിദ്ധിക്കോ വൃത്തപൂർത്തിക്കോ വേണ്ടി പ്രയോഗിച്ചിട്ടുള്ളതിനും കൃഷ്ണഗാഥയിൽ ഉദാഹരണങ്ങളും ഉണ്ടു്.

കഞ്ചൻ തൻ നെഞ്ചിനോടൊത്ത കരിംകല്ല-
മഞ്ചിതമായൊരു പാട്ടുകേട്ട്[1] എന്നും

അഞ്ചനവണ്ണന്റെ വഞ്ചനം തൊട്ടള്ളോ-
രെഞ്ചൊല്ല പൂകേണം നിൻവെചിയിൽ[2] എന്നും,

പുഞ്ചിരിയാകിന ഗംഗതൻ തോയത്തിൽ
കഞ്ചം വിരിഞ്ഞതു തോന്നുന്നതേ
അങ്കിയെന്നുള്ളൊരു ശങ്കയുമുണ്ടെനി-
യ്ക്കുങ്കുരിച്ചീടുന്ന പിന്നെയുള്ളിൽ
കാത്തുനിന്നീടിലും കാര്യമില്ലേതും
ആസ്ഥയായ് വന്നിവൻ വഞ്ചിയുമ്പോഠം എന്നും,
ഖിന്നത കൈവിട്ട മന്നിടം കൊണ്ടുപോ-
യുന്നതനാഭയോരിരണ്ണിയാക്ഷൻ എന്നും ഉള്ള

സ്ഥലങ്ങളിൽ കഞ്ചൻ, അഞ്ചനവർണ്ണൻ, അങ്കി, കഞ്ചം, കാര്യം, ഇരണ്ണിയാക്ഷൻ ഇത്യാദി തദ്ഭവരൂപങ്ങൾ കാണുന്നുണ്ടെങ്കിലും, അന്നത്തെ വ്യവഹാരഭാഷയിൽ കംസൻ, അഞ്ജനം, അഗ്നി, കായ്യം, ഹിരണ്യാക്ഷൻ, എന്നപോലുള്ള തൽസമരൂപങ്ങൾ, ലബ്ധപ്രതിഷ്ഠങ്ങളായിരുന്നുവെന്ന് തൽസമരീതിയിലുള്ള ഇതരപ്രയോഗങ്ങൾ കൃഷ്ണഗാഥയിൽ പ്രചുരമായിരിക്കുന്നതിൽനിന്ന് നിർണ്ണയിക്കാം.

൨.൦൨. സംസ്കൃതത്തിലെ കൃത്രിമമായ ലിംഗവ്യവസ്ഥ 'ഗദ്ഗദയായൊരു ഗീത്', 'ഉത്തരയായുള്ള ദിക്ക്', 'ഉത്തമമായൊരു ഭക്തി, എന്നും മറ്റും ചിലയിടങ്ങളിൽ കൃഷ്ണഗാഥാകർത്താവ് ആദരിച്ചിട്ടുണ്ട്. 'ദേവകീചാരത്ത്', നീലവലാഹകനേർനിറമായുള്ളോൻ', 'ചൊല്വശൻ' എന്നിങ്ങനെ സംസ്കൃതപദങ്ങളും മലയാളപദങ്ങളും കലന്നിട്ടുള്ള സമസ്തപദങ്ങളും കൃഷ്ണഗാഥയിൽ കാണുവാൻ കഴിയും. കൃഷ്ണഗാഥയിലെ ഭാഷാരീതിയുടെ സാഹിത്യപരമായ പ്രാചീനതയ്ക്ക് ആലംബമായി കരുതുവാൻ പൂവില്ലവൻ, മായവൻ, ഭോജനം ചെണ്ണുക, ലേഖം ചെണ്ണുക എന്ന തരത്തിൽ തമിഴ് ചുവയുള്ള പ്രയോഗങ്ങൾ അനുകൂലങ്ങളാണെന്നുള്ളതും പ്രസ്താവ്യമത്രേ.

---

1. *Kṛṣṇagāthā* (editedaby P. K. Narayana Pillai) Part 1, p. 55.
2. Ibid., Part 1, p. 22.

ഒ ഒ ൻ. തുഞ്ചത്തെഴുത്തച്ഛന്റെ കൃതികൾ വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളുടെ പ്രയോഗമുള്ളതുകൊണ്ട് മണിപ്രവാളപ്രസ്ഥാനത്തിൽ ഉള്ളവയായി പരിഗണിക്കാമെങ്കിലും മലയാളഭാഷയുടെ സ്വാഭാവികമായ സൌകുമാര്യത്തെ പ്രകാശിപ്പിക്കുന്ന വിഷയത്തിൽ അവ അതിനു മുൻപുള്ള ഏതൊരു മണിപ്രവാളകൃതിയേയും അതിശയിക്കുക തന്നെ ചെയ്യുന്നു.

എഴുത്തച്ഛന്റെ കൃതികൾ.

ഇടിവെട്ടീടും വണ്ണം വില് മുറിഞ്ഞൊച്ചകേട്ടു
ഞെട്ടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപേടപോലെ സന്തോഷം പൂണ്ടാൾ
കൌതുകമുണ്ടായ്വന്നു ചേതസി കൌശികനും[1] എന്നും,

എന്നുടെ താതൻതന്റെ കാരുണ്യമുണ്ടാകയാ
ലിന്നേറെ ഞെളിയുന്നു നീയെന്നതറിഞ്ഞാലും

നേരിയ പുടവയും കുറിയും കോപ്പുമെല്ലാ-
മേറെ നീ തിളയ്ക്കിലോ പോകണം മറയത്തു്

വേണമെന്നാകിലതു മുട്ടത്തു പോന്നീടു നീ
ഞാനിപ്പോളിതു വീഴത്തിടുകയില്ല. ... ...[2]

എന്നും മറ്റുമുള്ള ഭാഗങ്ങൾ എഴുത്തച്ഛന്റെ ഭാഷാരീതിയുടെ പ്രകൃഷ്ടതയെ വെളിപ്പെടുത്തുവാൻ പര്യാപ്തങ്ങളാണു്. ആ കൈരളീസേവകന്റെ മാതൃക പിൽക്കാലത്തു് അവിച്ഛിന്നമായി ഉത്തമകവികൾ പിന്തുടർന്നിട്ടുള്ളതുതന്നെ അദ്ദേഹത്തിന്റെ പ്രതിപാദനരീതിയുടെ സമാകർഷകതയ്ക്കു് സാക്ഷ്യം വഹിക്കുന്നു. സ്തുതിവിഭാഗങ്ങളിലും മറ്റും സംസ്കൃതപദപ്രചുരതയുള്ള് എഴുത്തച്ഛന്റെ കൃതികളിൽ പ്രവേശം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭാഷാപദപ്രചുരമായ ഒരു സമ്പ്രദായമാണു് അദ്ദേഹത്തിന്റെ നാം വീക്ഷിക്കുന്നതു്. സാഹിത്യത്തിൽമാത്രം ദൃശ്യങ്ങളാകുന്നപ്രയോഗവിശേഷങ്ങൾ പ്രാചീനകൃതികളിൽ ഉള്ളിടത്തോളം ഇല്ലെങ്കിലും എഴുത്തച്ഛന്റെ കൃതികളിലും നല്ലൊരു സ്ഥാനം പിടിച്ചിട്ടുണ്ടു്. പറവർ, മിടമ, ചരതം, അരിമ (പ്രയാസം), തകം, കില്ലു്, ഞായം, ഇത്യാദിവാക്കുകൾ അത്തരത്തിൽ ഉള്ളവയാണല്ലോ. കൊട്ടാരം മുതൽ കുടിൽ

1. *Adhyatmārāmāyaṇam* published by S. T. Reddiar Press, Second edition p.48.
2. *Śrimahābhāratam* published by S. T. Reddiar & Sons-2nd edition, p. 67.

വരെ വായ മൊഴിയിൽ വ്യാപരിക്കുന്ന ശബ്ദങ്ങളും ശൈലികളും പലതും അതേപേടി തന്നെ എഴുത്തച്ഛന്റെ കൃതികളിൽ സംനിവിഷ്ടങ്ങളായിരിക്കുന്നു. സുന്ദരങ്ങളായ സങ്കല്പങ്ങളെ സുന്ദരമായി പ്രതിപാദിക്കുന്നതിന് ഇണങ്ങുന്ന പദങ്ങളെ അവയുടെ വർണ്ണപ്പകിട്ടുനോക്കി സങ്കലനം ചെയ്തിട്ടുള്ള കൃഷ്ണഗാഥയിലെ ഭാഷയുടെ ബാഹ്യാകാരത്തിന് പലയിടങ്ങളിലും കൃത്രിമത്വം സംഭവിച്ചുപോയിട്ടുണ്ട്. എന്നാൽ എഴുത്തച്ഛന്റെ ഭാഷയാകട്ടേ ആ വിധത്തിലുള്ള കൃത്രിമത്വത്തിന് അത്യല്പമായി മാത്രം വിധേയമായിട്ടുള്ളതും കൈരളിയുടെ യഥാർത്ഥ കാരം അവഹിക്കുവാൻ സ്വരൂപധാരണം ചെയ്തിട്ടുള്ളതും ആകുന്നു. ഈ വ്യത്യാസമാണ്, കൃഷ്ണഗാഥയെക്കാൾ എഴുത്തച്ഛന്റെ കൃതികളെ അനുകരിക്കുന്നതിന് അർവാചീനസാഹിത്യകാരന്മാർക്ക് പ്രചോദകമായിട്ടുള്ളത്. ആട്ടക്കഥകളിലും തുള്ളലുകളിലും മഹാകാവ്യങ്ങളിലും മറ്റും എഴുത്തച്ഛന്റെ ഭാഷാരീതി തന്നേയാണ് സാമാന്യേന പലർത്തപ്പെട്ടുപോന്നിട്ടുള്ളത്. നമ്പ്യാരുടെ ഭാഷാരീതി വായ്മൊഴിയോട് കൂടുതൽ അടുത്തതായിരുന്നുവെങ്കിലും അതിന്റെ അടിസ്ഥാനവും എഴുത്തച്ഛനിട്ടുതന്നെ.

വടക്കൻ പാട്ടുകൾ

ഫ്രാ. കേരളത്തിൽ സംഖ്യാതീതങ്ങളായ ഗ്രാമീണഗാനങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. അവയ്ക്ക് പ്രാദേശികമായ പ്രചാരമല്ലാതെ ഉൽകൃഷ്ടസാഹിത്യത്തിൽ ഉൾപ്പെട്ട കൃതികളോടൊപ്പം വ്യാപകമായ പ്രസിദ്ധി ലഭിച്ചിട്ടില്ല. എഴുതിവയ്ക്കുകപോലും ചെയ്യാതെ വായ്പാഠമായി ചൊല്ലിപ്പോന്നിട്ടുള്ളവയാണ് ആ വക ഗാനങ്ങളിൽ ഏറിയകൂറും. കൈരളിയുടെ അഭിമാനാസ്പദമായ ഒരു ശാഖയായി പരിഗണിക്കപ്പെടാവുന്ന ഗ്രാമീണഗാനങ്ങളിൽ വടക്കൻപാട്ടുകൾ ഭാഷാപരമായും ദേശചരിത്രപരമായും വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്. വടക്കൻ പാട്ടുകളിൽ ഉപയുക്തമായിരിക്കുന്ന ഭാഷ ഉത്തരകേരളത്തിലെ സംഭാഷണഭാഷയുടെ നേർപകർപ്പാണ്. ജനങ്ങളുടെ നിത്യവ്യവഹാരങ്ങളിൽ സ്വാഭാവികമായി വരാവുള്ള ലോപാദിവർണ്ണവികാരങ്ങൾ മിക്കവാറും അതേപടിയിൽതന്നെ അംഗീകരിച്ചുകൊണ്ടുള്ള പ്രതിപാദനം ഇത്തരം പാട്ടുകളിലെപ്പോലെ ഇതരകൃതികളിൽ പ്രാധാന്യം നേടിയിട്ടില്ല. സാഹിത്യപ്രാധാന്യം ഉള്ള കൃതികളിലെ ഭാഷയ്ക്ക് പലവിധത്തിലും കൃത്രിമത്വം ആപാദനം ചെയ്യാറുള്ളതുകൊണ്ട് അവയിൽ വായ്മൊഴിയുടെ സ്വഭാവവിശേഷങ്ങൾ കുറച്ചുമാത്രമേ പ്രതിഫലിക്കുവാൻ ഇടവരുന്നുള്ളൂ. അതുകൊണ്ട് ഗ്രാമീണഗാനങ്ങളിലും സാമുദായികഗാനങ്ങളിലും മറ്റുമാണ് വ്യവഹാരഭാഷയുടെ യഥാർത്ഥരൂപം പരിസ്ഫുരിച്ചുകാണുന്നത്.

തച്ചൊളിമേപ്പയിലെ കഞ്ഞ്യാതേനൻ
കാലും മുഖവും കഴുകി വേഗം
ഭസ്മത്തിൻ കൊട്ടയെടുത്തുവച്ചു
കയ്യൽ രണ്ടിലും എടുത്തു ഭസ്മം
നെറുകിലും മാറത്തും തൊട്ട വേഗം
കിഴക്കു ഭഗവാനേ നോക്കിക്കൊണ്ട്
ജപിച്ചൊണ്ട് തന്നെയത നില്ക്കുന്നല്ലോ
അടുത്തും വന്ന ഒതേനനാണ്
അകത്തെപ്പടിയും കടക്കുന്നല്ലോ
പുല്ലുപായലുമിരിക്കുന്നല്ലോ
അന്നേരം ചാത്തൊത്തെ കുഞ്ഞിച്ചീരു
തുമ്പപ്പൂപോലത്തെ ചോർവിളമ്പി
തച്ചൊളിമേപ്പയിലെ അവളെബന്ധു
ഓന്റെറാരു മുമ്പിലും വെക്കുന്നല്ലോ
ചോറു വിളമ്പി കറി വിളമ്പി
പച്ചവെള്ളംപോലത്തെ നെയ്യെടുത്ത്
മൂന്നോളം കയ്യൽ വിളമ്പുന്നല്ലോ
ചോറും കഴിച്ചല്ലോ കുഞ്ഞ്യാതേനൻ
കട്ടംമേൽ ചാരിക്കിടക്കുന്നല്ലോ.'[1]

ഇത്യാദി ഭാഗങ്ങൾ പരിശോധിച്ചാൽ ഗാനോചിതമായ നിബന്ധനം മാത്രമാണ് വ്യവഹാരഭാഷയിൽനിന്നും വടക്കൻ പാട്ടുകളെ വേർതിരിക്കുന്നതെന്നു മനസ്സിലാകും.

വടക്കൻ പാട്ടുകളിലെ സംഭാഷണഭാഷാനുഗമനം

ഉ-ദാ-ഹ-രണം. കയിച്ചേരത്ത് (ഒഴിച്ചുനേരത്ത്), കണ്ടോക്കി (കണ്ടുമാക്കി), എൻറാക്കും (എന്റെറയാക്കും), ധർമ്മടത്തി (ധർമ്മടക്കുഞ്ഞി), ക്രൂടേരത്തു (ക്രൂടിയന്നേരത്ത്), വത്താനം (വത്തമാനം), കൂട്ടുട്ടത്ത് (കൂട്ടിപ്പുട്ടത്ത്), തിരുവേത്ത് (തിരുവെഴുത്ത്), ഇത്യാദി പ്രയോഗങ്ങളിൽ പ്രകൃതിഗതങ്ങളായ വണ്ണങ്ങൾക്ക് വിലോപം വരുത്തിയിട്ടുള്ളതിൽ വടക്കൻപാട്ടുകൾ സംഭാഷണഭാഷയെ അനുഗമിക്കുന്നു. ഴകാരത്തിന്റെ സ്ഥാനത്തിൽ സാധാരണമായി യകാരവും ഉകാരം പരമായിരിക്കുമ്പോൾ വകാരവും വന്നിട്ടുള്ള ദേശ്യോച്ചാരണവിശേഷം കയിഞ്ഞിട്ട് (കഴിഞ്ഞിട്ട്),

1. Madras University Malayalam Series No. 3. *Ballads of North Malabar* Vol. I. pp. 25 & 26.

ത്തട (വാഴത്തട), കീയേന്ന് (കീഴേന്ന്), തായത്തു് (താഴത്തു്), ഉവ്വം (ഉഴവം), കവ്വുക (കഴുവുക), തൊവ്വാൻ (തൊഴുവാൻ) എന്നിങ്ങനെ പല രൂപങ്ങളിലും സ്ഥാനം പിടിച്ചിട്ടുണ്ട്. വാങ്ങൊണ്ടിറു (വാങ്ങിക്കൊണ്ടിട്ടു്), ക്രൂടിറു് (ക്രൂടിട്ടു്), കണ്ടിറുടി (കണ്ടിട്ടുക്രൂടി) എന്നിങ്ങനെ സാധാരണ അനുപ്രയോഗധാതുവായ ഇടു ചേർന്നുണ്ടാകുന്ന പിൻവിനയെച്ചരൂപങ്ങളിൽ 'ട്ടു്' എന്നതിനു പകരം 'റു്' എന്നു സാർവ്വത്രികമായി പ്രസ്തുതഗാനങ്ങളിൽ പ്രയോഗിച്ചുകാണുന്നതും തദ്ദേശ്യരുടെ ഉച്ചാരണത്തിൽ ഇന്നും നിലവിലിരിക്കുന്നതാണു്. 'ഒടന പറഞ്ഞല്ലോ കുട്ടാളാണു്' എന്നും 'കുങ്കിനെക്കൊല്ലാതടക്കുവേണം' എന്നും മറ്റുമുള്ള സ്ഥലങ്ങളിൽ ഏകാരത്തിനു് അകാരമായിട്ടുള്ള അവസ്ഥാനം പ്രദേശിപ്പിക്കുന്ന 'ഒടന', 'കുങ്കാന', മുതലായ രൂപങ്ങളും വടക്കൻ പാട്ടുകളുടെ ഭാഷാഭേദിയിൽ പ്രസ്താവ്യങ്ങളാണു്. ആടെ (അവിടെ), ഈടെ (ഇവിടെ), ഓളു (അവൾ), ഓൻ (അവൻ), ഓർ (അവർ), എന്നിങ്ങനെ ഉത്തരകേരളീയരുടെ നിത്യവ്യവഹാരത്തിൽ ഉച്ചാരണലാഘവപുരസ്കൃതനയത്തിൽ വന്നിട്ടുള്ള ഹ്രാസങ്ങളും അതേപടി പ്രസ്തുതഗാനത്തിൽ സംക്രമിച്ചുകാണുന്നു. സംഖ്യാതീതങ്ങളായ ദേശ്യപദങ്ങളെ ഉൾക്കൊള്ളുന്നവയാണു് വടക്കൻ പാട്ടുകൾ എന്നുള്ളതും അവയുടെ ഭാഷാപരമായ പ്രാധാന്യത്തിനു് കാരണമായിട്ടുണ്ടു്. അത്തരം ദേശ്യപദങ്ങൾക്കു്, കീയുക (ഇറങ്ങുക), ചാടുക (എറിയുക), പുല്ല (വെളുപ്പു്), കെരടു് (കിണറു്) തുള്ളുക (ചാടുക), തലക്കാണം (തലയണ), അലമുറ (നിലവിളി), തുയ്യം (തുമ്പു, ചീന്തു), കേളുതം (ജനസംസാരം), പൊയ്യുക (യുദ്ധം ചെയ്യുക) മിഞ്ഞാം (പുലരാത്തു), പിയ്യാരം (നേരംപോക്കു) മീട്ടു് (മുഖം), ചെക്കിപ്പൂ (തെച്ചിപ്പൂ, തെറിപ്പൂ), ഇനിക്കു് (നമുക്കു്) കുഴിയൽ (തവി), എന്നിവയെ നിദർശനങ്ങളായി കരുതാം. മുരുക്കിപ്പറഞ്ഞാൽ വടക്കൻപാട്ടുകൾ കേരളീയരുടെ വ്യവഹാരഭാഷയെ, വിശിഷ്യ ഉത്തരകേരളീയരുടെ വ്യവഹാരഭാഷയെ ആസ്പദമാക്കി നിർമ്മിതങ്ങളാണു്.

മറ്റു ചില പാട്ടുകൾ.

൨൧൨. വടക്കൻ പാട്ടുകൾക്കു പുറമേ മറ്റനേകം തരത്തിലുള്ള പാട്ടുകളും ഓരോരോ കാലത്തു ഉണ്ടായിട്ടുണ്ടു്. അവയിൽ ദേവതാസ്തുതിപരങ്ങളും പുരാണേതിഹാസങ്ങളിലെ ചില കഥാഭാഗങ്ങളെ ആസ്പദമാക്കിയിട്ടുള്ളവയും, കൃഷിമുതലായ തൊഴിലുകളോടു് അനുബന്ധിച്ചുള്ളവയും ആണു പ്രാധാന്യം വഹിക്കുന്നതു്. ഭദ്രകാളിപ്പാട്ടു് (തോറ്റൻപാട്ടു്), ശാസ്താംപാട്ടു, ബ്രാഹ്മണിപ്പാട്ടു്, സർപ്പപ്പാട്ടു് (പള്ളുവൻപാട്ടു്) നിഴൽക്കുത്തുപാട്ടു്,

മാവാരതം പാട്ട്, കൃഷിപ്പാട്ട്, എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്ന അത്തരം പാട്ടുകളിൽ പലതും പൂർണ്ണമായി മുദ്രിതങ്ങളായിട്ടില്ല. അവയുടെ പുറമേ ദേശംതോറും വിവിധങ്ങളായ വിനോദങ്ങൾക്ക് ഉപയുക്തങ്ങളായിരുന്ന പാട്ടുകളും ഉണ്ടായിട്ടുണ്ടെന്നുള്ളതിന് യാത്രകളിപ്പാട്ട്, ദേശത്തുകളിപ്പാട്ട്, ഓണപ്പാട്ട്, തുമ്പിപ്പാട്ട്, വഞ്ചിപ്പാട്ട്, തിരുവാതിരപ്പാട്ട്, കല്യാണക്കളിപ്പാട്ട്, തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ വക പാട്ടുകളിൽ ചിലതിന് വളരെ പഴക്കമുണ്ടായിരിക്കണം എന്നു വിചാരിക്കുവാൻ ന്യായമുണ്ട്. എഴുതിവയ്ക്കപ്പെടാതെ കുലപരമ്പരയാ ചൊല്ലിപ്പോന്നിട്ടുള്ളവയാകയാൽ അവയുടെ പൂർവ്വരൂപത്തിന് ഏറക്കുറെ മാറ്റവും മറിച്ചിലും വന്നിട്ടുണ്ട്. അതുകൊണ്ട് അവയുടെ നിർമ്മിതികാലത്തെക്കുറിച്ചോ, ഭാഷാസ്വഭാവത്തെക്കുറിച്ചോ എന്തെങ്കിലും നിസ്സംശയമായി പറയുവാൻ പ്രയാസമായിരിക്കുന്നു. അനഭ്യസ്തവിദ്യരുടെ ഉപയോഗത്തിലാണ് അവ പ്രായേണ പുലർന്നുപോയിട്ടുള്ളതു്. അതുനിമിത്തം അർത്ഥചിന്തനത്തിനുകൂടി അശക്യങ്ങളായ അപപാഠങ്ങളും ഇത്തരം പാട്ടുകളിൽ കടന്നുകൂടിയിട്ടില്ലെന്നില്ല.

തോറ്റൻ പാട്ടിൽ

കൃഞ്ഞനെക്കൊന്നശേഷം കാലികൾം മേച്ച പാല
വഞ്ചനചെയ്തരക്കർ വംശമൊക്കെത്ത രാമ
പഞ്ചപാണ്ഡവക്കു പാങ്ങായ് പാരതു ജയിച്ച വീര
പാന കാണ്മാനിന്ന നീയും പന്തൽ കീഴെഴുന്നള്ളു.'[1]

എന്ന ഭാഗവും

യാത്രകളിയിൽ

ഗണപതിഭഗവാനേ നന്മ ഞാനൊന്നിരപ്പൻ
തുണപെട്ട ശിവപുത്തിരായേ തുയ പാച്ചോരുതന്നേൻ
പണമുടയരവുതന്മേൽ പള്ളികൊള്ളുന്ന മായോനേ,
മായപുത്തിരായേ
തുണയടിതൊഴുതിരന്നേനിമ്പമായ് നല്കി നില്ക്കു.2

നിഴൽക്കുത്തിൽ

അമളിയോടു പ്രമിച്ച പൂകറ പൈതലൊന്നറിവിച്ചുടൻ
ആരിന്നിവിടെ വാഴ്വതും നീ ആരെന്നോടു ചൊല്ലു നീ

---

1. Govinda Pillai, *History of the Malāyalam Language and Liteature.* Part I. (1896.) p. 86.
2. Ibid., p. 71.

ഈനജാതികൾം അത്രയും അടിയങ്ങൾം പാരണ കുറവരു
ഇവമൊട്ട കാണുന്നാലയമൊക്കെ ഞങ്ങടെ ദൈവവും
... ...
അമ്പു കുത്തി വലിച്ച നേരമതിന്റെ നേർ മുനതമ്മിലേ
വമ്പെഴും വടമാര, പെയ്തുപോലെ വന്നുക്രൂടിയരത്തവും.[1]

എന്ന ഭാഗവും ഏതാദ്ദശങ്ങളായ പാട്ടുകളിലെ ഭാഷാരീതിക്കു് ഉദാഹരണങ്ങളായി നിർദ്ദേശിക്കാവുന്നതാണു്.

ഭാഷാരീതി.

൨ ഖണ്ഡം. ഗാനാനുസൃതമായിട്ടുള്ള പദനിബന്ധനം ഉണ്ടെന്നല്ലാതെ വ്യവഹാരഭാഷയോടോ ഉത കൃഷ്ണസാഹിത്യഗ്രന്ഥങ്ങളിൽ അംഗീകൃതമായിട്ടുള്ള ഭാഷയോടോ ഏതിനോടാണു് ഇവയ്ക്കു് ക്രൂടുതൽ അടുപ്പം എന്നു് വ്യവച്ഛേദിക്കാവുന്നതല്ല. സംസ്കൃതത്തിൽ നിന്നു് അരക്കർ, പ്രമിക്ക, കഞ്ചൻ, അരത്തം തുടങ്ങിയവചോലെ തദ്ഭവപ്രകാരത്തിൽ ഉള്ള ശബ്ദങ്ങളുടെ ബാഹുല്യവും, അനുനാസികാതിപ്രസരം ചെയ്തിട്ടില്ലാത്ത ചില രൂപങ്ങളുടെ അവസ്ഥാനവും ഒരു പക്ഷേ ഇവയുടെ പ്രാചീനതയെ ദ്യോതിപ്പിക്കുന്നവയാകാം.

൩ ഖണ്ഡം. ഒരു ജീവദ്ഭാഷയുടെ വളർച്ച നിർണ്ണയിക്കുന്നതിനു് വരമൊഴിയേക്കാൾം വായ്മൊഴിയാണു് ക്രൂടുതൽ പ്രയോജകീഭവിക്കുന്നതു്. നമ്മുടെ ഇന്നത്തെ വായ്മൊഴിയുടെ സ്വരൂപം ഏതൊന്നിൽ നിന്നുമുള്ള അനുക്രമമായ പരിണാമത്തിന്റെ ഫലമായി വ്യവസ്ഥാപിക്കുവാൻ കഴിയുമോ അതിനെയാണു് മലയാളഭാഷയുടെ യഥാർത്ഥമായ പൂർവരൂപമായി കൈയ്ക്കൊള്ളാവുന്നതു്.

ജീവദ്ഭാഷയുടെ വളർച്ച.

മലയാളഭാഷയുടെ പൂർവദശയെക്കുറിച്ചുള്ള വിചിന്തനത്തിൽ അതാതുകാലത്തെ വ്യവഹാരഭാഷയോടു് കുറെച്ചൊക്കെ അടുത്തുനില്ക്കുന്നവയായി കരുതാവുന്ന ചില രേഖകളും ഭാഷയുടെ സജീവഘടകങ്ങളായി ഗണ്യമായ മാറ്റം വരാതെ പുലർന്നുപോരുന്ന പഴഞ്ചൊല്ലുകളും ശൈലികളും സാഹിത്യഗ്രന്ഥങ്ങളെ അപേക്ഷിച്ചു് നമുക്കു് ക്രൂടുതൽ ഉപകരിക്കുന്നവയാണു്. ജനങ്ങളുടെ വ്യവഹാരത്തിൽ ഇന്നു് സുലഭമായി കണ്ടെത്താവുന്ന ശൈലികളിലും പഴഞ്ചൊല്ലുകളിലും മിയ്ക്കവയും അനേകശതവർഷങ്ങൾക്കു മുൻപുതന്നെയുള്ള നമ്മുടെ

1. P. Govinda Pillai, *History of Malayāḷam Language and Literature* Part I, p. 91

ഭാഷയുടെ സ്വഭാവവൈശിഷ്ട്യങ്ങളെ വിശദീകരിക്കുവാൻ പ്രഗല്ഭങ്ങളാണ്. ശൈലികളേയും പഴഞ്ചൊല്ലുകളേയും പോലെയുള്ള ഭാഷാഘടകങ്ങൾ മിക്കവാറും ഉദ്ധാരണങ്ങളുടെ സ്ഥാനം വഹിക്കുന്നവയാകയാൽ അവയ്ക്ക് രൂപവിപര്യയം വളരെ ചുരുക്കമായി മാത്രമേ സംഭവിക്കുകയുള്ളൂ. അതിനാൽ അത്തരം ലക്ഷ്യങ്ങളെ ആസ്പദമാക്കിയുള്ള ഭാഷാവ്യവസ്ഥിതിക്ക് മറേറതിനേയുംകാൾ പ്രാബല്യം കൂടുമെന്നു പറയേണ്ടതില്ലല്ലോ.

പഴഞ്ചൊല്ലുകളും ശൈലികളും

൨൫൭. നമ്മുടെ ഇന്നത്തെ വ്യവഹാരഭാഷയിലെ വാക്യഘടനയോട് എല്ലാ വിധത്തിലും പൊരുത്തമുള്ള ഒരു രീതിയാണ് പഴഞ്ചൊല്ലുകളിൽ വെളിപ്പെടുന്നത്. 'മടിയൻ മലചുമക്കും' 'ഒട്ടകമിരുന്നവൻ കട്ടിലൊടിച്ചു' ഞാനും മുതലയമ്മാച്ചനും ക്രൂടെ ആനയെ പിടിച്ചു' എന്നിങ്ങനെ ക്രിയാരൂപങ്ങളിൽ പുരുഷപ്രത്യയനിരാസവും, 'കാക്കയ്ക്കും തൻ കുഞ്ഞ്', പൊൻകുഞ്ഞ്' എന്നിങ്ങനെ അനനാസികാതിപ്രസരവും, 'അടുക്കെ പറയുന്നവനഞ്ഞാഴി മുട്ടം വെട്ടുന്നവനു മുന്നാഴി' കൈപ്പുണ്ണിനു കണ്ണാടി വേണോ' എന്നിങ്ങനെ തമിഴിൽ നിന്ന് വ്യത്യസ്തമായി 'ക്കു' ചേരാതുള്ള ഉദ്ദേശികാവിഭക്ത്യന്തങ്ങളും, 'ഉച്ചിവെച്ച കൈകൊണ്ട് ഉദകക്രിയ ചെയ്യരുത്,' 'പണ്ടു കഴിഞ്ഞതും പടയിൽ ചത്തതും പറയേണ്ട' എന്നിങ്ങനെ ചില നിഷേധാനുപ്രയോഗങ്ങളും മറും പഴഞ്ചൊല്ലുകളിൽ സർവസാധാരണങ്ങളായിരിക്കുന്നത് അത്തരം പ്രയോഗരീതികളുടെ പ്രാചീനതയ്ക്ക് ലക്ഷ്യങ്ങളാണ്. 'അങ്കവും കാണാം താളിയും ഒടിക്കാം', 'അങ്ങാടിയിൽ തോറ്റാൽ അമ്മയോട്', 'അച്ഛൻ നിശ്ചയിച്ചിതും പാല് വൈദ്യൻ കല്പിച്ചതും പാല്', 'അടിച്ചവഴിയേ പോയില്ലെങ്കിൽ പോയ വഴിയേ അടിയ്ക്കണം', 'അപ്പം തിന്നണോ കുഴിയെണ്ണണോ', 'അഴകുള്ള ചക്കയ്ക്ക് മുള്ളില്ല,' 'ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും', 'ഉത്സാഹമുണ്ടെങ്കിൽ അത്താഴം ഉണ്ണാം' മുതലായ പഴഞ്ചൊല്ലുകളെ വ്യാകരിച്ചാൽ ഭാഷയിൽ വാചകങ്ങളായും ദ്യോതകങ്ങളായുമുള്ള ശബ്ദങ്ങളുടെ രൂപഭേദങ്ങളിൽ മിക്കവയും അതേപടി കാണപ്പെടുന്നതിനു പുറമേ അംഗിവാക്യത്തിലുള്ള പദങ്ങളുടേയും അംഗാംഗിവാക്യങ്ങളുടേയും ഘടനാരീതിയും മലയാളത്തിലെ വ്യവസ്ഥിതസ്വഭാവത്തിനൊത്തവണ്ണം വളരെക്കാലങ്ങൾക്കു മുൻപുതന്നെ അവയിൽ ആഗൃതമായിരുന്നുവെന്നുള്ളതും വ്യക്തമാകുമല്ലോ.

൨൯൩. മലയാളഭാഷയുടെ പ്രത്യേകതകളെ ഏറക്കുറെ പ്രതിഫലിപ്പിക്കുന്ന ചില രേഖകളും കൊല്ലവർഷാരംഭം മുതൽക്കു തന്നെ നമുക്ക് എടുത്തു കാണിക്കുവാൻ കഴിയും. കൊല്ലവർഷം ൨൫-ാമാണ്ടിൽ ഉണ്ടായതായി ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള പറയുന്ന ഒരു ശിലാശാസനവും [1]കൊല്ലം ൪൦-ാമാണ്ടു് ഉള്ള ഒരു രേഖയും [2]കൊല്ലവർഷം ൫൩൦-ൽ നിർമ്മിതമായിട്ടുള്ള ഒരു കരണവും [3]ചുവടേ പകർത്തിയിട്ടുള്ളതിൽനിന്നും അവയുടെ ഭാഷാരീതി വ്യവഹാരഭാഷയേയാണു് സാഹിത്യഭാഷയേക്കാൾ കൂടുതലായി അനുസരിച്ചിരിക്കുന്നതെന്നു വിശദമാകുന്നതാണു്.

രേഖകൾ.

൨൯൪. ക്രി. ഭ. ൧൧൭൫ കർക്കടകം ഞായർ ൪നു- (അഞ്ചാന്തീയതി) നമ്മുടെ കല്ലുങ്ങര ഈശ്വർ ഭഗവതി തിരുമുമ്പെ വടക്കേ നടയിൽ ശേഖരവർമ്മ (എന്ന) തെക്കുനാഥൻ നാലുക്കുറു വാഴ്ചയും രണ്ടു തമ്പുരാട്ടിയും രണ്ടുപെൺവഴി അനന്തിരവന്മാരും കൂർ നമ്പൂതിരിപ്പാടും നാട്ടുകാരും രായിരി നല്ലരക്കുമരപൂരവും നഗരക്കാരും യോഗക്കാരും കൊവ്വക്കമന്ദാടിയും രണ്ടു കൊടകത്താക്കന്മാരും അറിയക്കുന്നം പറയുടെ കീഴെ ക്രി-ചേരിക്കൽ ൨൫൨ കലം (നെല്ല്) വിതയ്ക്കാവുന്ന കോട്ട പടി (എന്ന) നമ്മുടെ ഈശ്വർ ഭഗവതി ദേവസ്വം നിലവും ഉഭയവും പറമ്പും തൻകരക്കുട്ടത്തകുളങ്ങളും) ൫൨ ചേരിക്കൽ മലയകം ചെമ്പന മുതൽ കാച്ചനടവരേയും മലയകം അകമല പുറമല ചിറമല കിഴ്മല വരെയും (ഉള്ള) ൧൫൦ കലം (നെല്ല് വിതക്കാവുന്ന) ഉഭയവും കല്ലും കാവേരിയും പുല്ലും ഭൂമിയും ഉള്ളൂനാൾ വരെ മാന്യം വിട്ട് (കൊടുത്തിരിക്കുന്ന അതുകളിൽ നിന്നുമുള്ള) വരുമാനം കൊണ്ടു് പൂജ, ഊട്ട്, പാട്ട് പ്രജകൾ (ഇവയുടെ) ചിലവുകൾ ഏറവരികയും ഇല്ലാമൽ (നടത്തിക്കൊള്ളുകയും) വേണം. (ഇതുകൂടാതെ) ൫൦- (നെല്ല് വിതയ്ക്കാവുന്ന) നിലങ്ങളുടെ പാട്ടം കൊണ്ടു വിശേഷഅടിയന്തരം നടക്കും. (ഇവയ്ക്കു) ദോഷം ചെയ്യുന്നവൻ ഗംഗക്കരയിൽ ബ്രഹ്മഹത്തി ചെയ്യുന്ന ദോഷത്തിൽ പോകും. വടക്കുനാഥൻ വിലാട്രിനാഥൻ ഈ സാക്ഷികൾ അറിയ"

ക. കൊല്ലവർഷം ൨൫-മാണ്ടത്തെ ശിലാശാസനം.

---

1. GovindaPillai, *History of Malayāḷam Language and Literature* Part 1. p. 69
2. A copy is in possession of the Sree Cittirathirunal Reading Room and Library
3. GovindaPillai, *History of Malayāḷam Language and Literature* Prat 1. p. 123

൨ ഫവ. ,,അരുളിച്ചെയ്ത ശകാബ്ദം ൧൧൯൰ൽ മേൽ ചെല്ലാനിൻറ കൊല്ലം ർ൧൦-ാമത്ത മേടഞായറു ൧ൻ ചെന്ന വ്യാഴാഴ്ചയും മൂലവും അപരപക്ഷത്തു പഞ്ചമിയും ശിവനിത്യയോഗവും വരാഹകരണവും പെറ്റ ഇന്നാൾ വേണാട്ടു വാണരുളുന്ന കീഴ്പേരൂർ ശ്രീവീരഇരവി ഉദയമാർത്താണ്ഡവർമ്മ ചിറവാ മൂത്തവരായ നാം മലമണ്ഡലത്തു കണ്ണന്തൂർ ദേശത്തു പൂവങ്കവിളാകത്തു കോയിക്കൽ ഇരയ്യും കാണി കാളർ കുലത്തിൽ ശൈവാചാരമായ കായ്യത്തുറെ തമ്പ! ഇരവി കേരളവിക്രമഉടയാക്കു നയിനാർ മുത്തളക്കുറിച്ചിയാന ശ്രീവീരകേരളപുരത്തു മഹാദേവർ കോവിലിൽ മേൽക്കോയ്മ ഉരായ്മസ്ഥാനം കൊടുക്കയാൽ ഇന്നാൾ മുതൽക്കു മേല്പടി മഹാദേവർ കോവിലിൽ ശ്രീകായ്യം ചെയ്വാൻ പിള്ളമാർ ഉൾപ്പെട്ട പേർകളെ കൊണ്ട ശ്രീപണ്ടാരവക എപ്പേർപെട്ട മുതലാക്കിച്ചു തന്നനു കത്തു നിത്യനിദാനം മാസവിശേഷം ആട്ടവിശേഷം ആണ്ടുതോറും കുംഭഞായറു അശ്വതി ആട്ടത്തിരുനാൾ മറും എപ്പേർപ്പെട്ട ചിലവുകളിലായിട്ട്, കല്പിച്ചു വച്ചിരിക്കുന്ന പടിത്തരത്തിൽ പടിക്കു കുറവും നേരം നീക്കവും വരാതെ അടിയന്ത്രങ്ങളും നടത്തിച്ചു ആണ്ടുതോറും മുതൽ ചിലവു തിട്ടം കണ്ടു മീതിക്കുള്ള മുതൽ നേട്ടം വൈപ്പിച്ചു ആയതും പട്ട, പരിവട്ടം, തിരുവാഭരണം, പാത്രം പണ്ടം മറും ഏർപ്പെട്ടവകളും സൂക്ഷിച്ചു അശ്വതി ആട്ടത്തിരുനാൾ കൊടിയേറുന്നാൾ ശ്രീകായ്യം ചെയ്വാർകളോടുകൂടി വൃഷഭമണ്ഡപത്തിൽ വെച്ചു തന്ത്രി കക്ഷകത്തു നമ്പിക്കു മേച്ചാന്തി നമ്പിയെക്കൊണ്ടു ക്രുപവിത്രവും കൊടുപ്പിച്ചു കൊടിയേറിച്ചു ഒമ്പതാംതിരുനാൾ പള്ളിവേട്ടക്കു ശ്രീകായ്യം ചെയ്വാർകളോടും ശ്രീപണ്ടാരവും പെണ്ണും പിള്ളയും കൈയ്യേറു കുറതാച്ചു കഴിച്ചു എഴുന്നള്ളിപ്പിച്ചു വേട്ടയ്ക്കു അമ്പും ചാത്തി തിരിയെ ഏൾപ്പിച്ചു ആറാട്ടിനു ടിയാരോടു ശ്രീപണ്ടാരവും പെണ്ണും പിള്ളയും കൈയേറു എഴുന്നള്ളിപ്പിച്ചു ആറാട്ടു കഴിപ്പിച്ചു തിരിയെ എഴുന്നള്ളിപ്പിച്ചു കൊടിയും ഇറക്കിച്ചു അരിയും തിരിയും നോക്കി മാസമൊന്നിനു അരിയും ജീവ്യത്തിനു ഇരുകലം നെല്ലും ആണ്ടൊന്നിനു പരുക്കൻ പരുമുറി കച്ചവകയ്ക്കു പണം പതിനെട്ടും തിരുനാളിൽ അകമ്പടി കൂടി വരുന്ന ആൾ പരിചാരക്കാക്കു അരിശി പണം പതിനെട്ടും മേല്പടി തിരുനാളിൽ നാളൊന്നിനു നാലുപട ചോറും പഞ്ചാന്ത്രങ്ങളും പറഞ്ഞു, ആചന്ദ്രതാരമേ സന്തതി പ്രവേശമേ നയിനാർ മുത്തളക്കുറിച്ചിയാന ശ്രീവീരകേരളപുരത്തു മഹാദേവർ കോവലിൽ മേല്കോയ്മയും ഉരായ്മയും സ്ഥാനം എപ്പേരും

൨. കൊല്ലവർഷം ർ൧൦-ാമാണ്ടിലെ ഒരു രേഖ.

അയ്യധകൂറയും താനും നടന്ന് കൊള്ളുമാറും ചെയ്ക. ഇതു മേല്പടി അണ്ടു, മേല്പടിമാസം മേല്പടി നാളയ്ക്കു മേല്പടി കേരളപുരം ദേശത്തു പുതിയടത്തു കോയിക്കൽ ഈടാക നാം ഇരിയ്ക്കു ഇവർ താവകവും, ഇവൈ കണക്കു ഈശ്വരൻ കോത (എഴുത്തു)

ഫലൻ. കണ്ടൻ ദാമോദരൻ തീട്ട മങ്കാട്ടമേനവൻ വായിച്ചു നമ്മുടെ പരദേവത തിരുവാലത്തൂർ ഭഗവതി (യുടെ കായ്വാദികം നോക്കുന്നതുശ്ശൂർ നടുവിലെ മഠത്തിൽ കക്കോട്ട തിരുമനസ്സിലേ (തിരുമനസ്സുണ്ടായിക്ക) കായ്വും (എന്നാൽ) സങ്കേതത്തിൽ നിന്ന ചൂപത്തു നംപൂരിയ്ക്കു നാം ചില കൈകായ്വും ചെയ്ത (തിനാൽ ഉണ്ടായ) ഭഗവതിയുടെ തിരുവുള്ളക്കേട്ട് (നീങ്ങി) നമുക്കു ശ്രേയസ്സു വരേണ്ടതിനു പ്രായശ്ചിത്തമായ് മേലടക്കെട്ട (എന്ന നമ്മുടെ) സ്വന്തക്കു എല്ലുക കിഴക്കു എളയച്ച പാറയും അരിയൻവാകയും പാറക്കടവും തെക്കു പുഴയും മേക്കു പന്തിലോട്ടുമുക്കും വടക്കു പന്നിത്തോട്ടും (ഈ എല്ലുകക്കു കുത്തുംപ്പെട്ട) പന്നിരുകലം (വിത്തുവിതക്കാവുന്ന) നിലവും ഇടപന്തിക്കാവിലയ്യപ്പൻ അയ്യപ്പൻ വാരിയം കമ്പുക്കുളം നിലം (ഈ എല്ലുകയിലുംപ്പെട്ട) വറമ്പുകളും ഓവൻ കണ്ടത്തിൽ (നിന്നും നമുക്കുള്ള) മിച്ചവാരത്തിൽ നിന്ന പറപറ നെല്ലു മേൽ വാരവും കോട്ടവഴി നംപൂതിരിക്കു ചാർത്തിയ നൂറു പറ നിലവും ദത്തം ചെയ്തു. ഇപ്പടിയ്ക്കു കാത്തിക ഞായറിൽ ബഹുധാന്യവർഷം കാർത്ത്യായനി (രക്ഷിക്ക) ഇതിനു സാക്ഷി തിരുവാലത്തൂർ പൊതുവാൾ ചൂതനാരായണൻ വാദമൂലിക്കുമാരൻ കണ്ടൻ അറിയ".

നു. കൊല്ലവർഷം ൪൪൦-ചെ ഒരു കരണം.

ഫല. ൦ ഇത്തരം രേഖകളിൽ നമ്മുടെ, ഇല്ലാമൽ, ചെല്ലാനിൻറ, അനന (ഉദാ:- മുത്തളക്കറിച്ചിയാന) ഏർപ്പെട്ട, ചെയ്വാർകം, പേർകം, അരിശി, ഈടാക, ഇവൈ, എന്നിങ്ങനെ പുരക്കം ചില തമിഴ് രൂപങ്ങൾ കാണുന്നതു് എഴുത്തുകുത്തുകളിൽ പൊതുവേ തമിഴ് രേഖകളെ അനുകരിച്ചു് ഏർപ്പെട്ട മാമൂലിന്റെ ഫലമത്രേ. ആധുനികകാലത്തുകൂടി നീട്ടകളിലും അധാരങ്ങളിലും മറ്റും പഴയ നടപ്പനുസരിച്ചുള്ള പ്രയോഗരീതികൾ നിബന്ധിക്കപ്പെട്ടുണ്ടല്ലോ. അതിനാൽ 'അചന്ദ്രതാരമേ സതതി പ്രവേശമേ,' 'കല്ലും കാവേരിയും പുല്ലും ഭൂമിയും ഉള്ളനാൾ വരെ, അരിയും തിരിയും നോക്കി' മുതലായി പ്രമാണ

ങ്ങളിൽ ചേർക്കാറുണ്ടായിരുന്ന ശൈലികളെപ്പോലെ ചില തമിഴ്രൂപങ്ങളും എഴുത്തുകുത്തുകളിൽ വളരെക്കാലമായി പുലൻ പോരുവാൻ ഇടയായിട്ടുള്ളതാണെന്നു് വിചാരിക്കാം. ഏതായാലും മലയാളഭാഷയുടെ പ്രത്യേകതകളെ ആവഹിക്കുന്ന രേഖകൾ കൊല്ലവർഷാരംഭം മുതൽക്കുതന്നെ കണ്ടുകിട്ടിയിട്ടുണ്ടു്. സാഹിത്യഭാഷയിൽ അന്യഥാഭാവം കാണുന്നതു് പ്രസ്ഥാനഭേദം കൊണ്ടാണെന്നു് തീർച്ചപ്പെടുത്തുവാൻ പ്രാചീനരേഖകളിലെ ഭാഷാരീതിയാൽ നാം നിർബ്ബന്ധിതരായിത്തീരുന്നു.

൨൫. മലയാളഭാഷയുടെ സ്വരൂപവ്യവസ്ഥിതിക്കു് വളരെ പഴക്കമുണ്ടു്. നമുക്കു ലഭിക്കുന്ന പ്രാചീനലക്ഷ്യങ്ങളിൽ നിന്നും ഭാഷയുടെ പിൽക്കാലത്തു് ഘടനാവിഷയകമായി വന്നിട്ടുള്ള വ്യത്യാസം അനല്പമാണെന്നു ഗ്രഹിക്കാം. നാമങ്ങൾ, കൃതികൾ തുടങ്ങിയവയുടെ രൂപഭേദങ്ങളിലും വാക്യാംഗങ്ങളായ പദങ്ങളുടെ സന്നിവേശനത്തിലും മലയാളികൾ സാധാരണവ്യവഹാരത്തിൽ ആദരിച്ചുപോരുന്ന ഇന്നത്തെ രീതി മിക്കവാറും പഴയ രേഖകളിൽത്തന്നെ ദർശിക്കാവുന്നതാണു്. മലയാളഭാഷയ്ക്കു് കാലാതിപാതം കൊണ്ടുണ്ടായ വളർച്ച സംസ്കാരം കൊണ്ടും സഹവാസംകൊണ്ടും കേരളീയർക്കു് ഇടപെടേണ്ടിവന്നിട്ടുള്ള ജനങ്ങളുടെ വ്യവഹാരഭാഷകളിൽ നിന്നും തൽസമരീതിയിലും തദ്ഭവരീതിയിലും വിവിധങ്ങളായ പദങ്ങളുടെ സ്വീകരണത്തെയാണു് പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്. അത്തരം പരകീയപദങ്ങളെ വിവേചനം ചെയ്യുന്നതോടുകൂടി സ്വകീയപദങ്ങളിലുള്ള ലോപാദിവികാരങ്ങളേയും പ്രത്യയവിഷയകമായി ഉണ്ടായിട്ടുള്ള മാറ്റങ്ങളേയും വിചിന്തനം ചെയ്യുന്നതാണു് നമ്മുടെ ഭാഷയുടെ ചരിതം അറിയുവാൻ പ്രയോജകീഭവിക്കുന്നതു്.

സാഹിത്യഗ്രന്ഥങ്ങളുടെ ഭാഷാരീതിയും കാലനിർണ്ണയവും.

൨൬. മലയാളികളുടെ വ്യവഹാരഭാഷയെ ആസ്പദമാക്കി വിവിധങ്ങളായ സാഹിത്യപ്രസ്ഥാനങ്ങൾക്കു് അനുഗുണമാകുംവണ്ണം പദവിഷയകമായും വ്യാകരണവിഷയകമായും പല കൃത്രിമതകർക്കും പ്രവേശം നല്കി വിരചിതങ്ങളായ ഗ്രന്ഥങ്ങളിലെ ഭാഷാരീതികൾക്കു് അല്പാല്പം ഭേദമുണ്ടെങ്കിലും അവയുടെ പൊതുർവ്വാപയ്ത്തെ നിശ്ചയിക്കുന്നതിനു് ഭാഷാരീതികൾ അനസ്യൂതമായ വളർച്ചയെ പ്രദർശിപ്പിക്കുന്നില്ല. പ്രസ്ഥാനഭേദവും, ദേശഭേദവും ഭാഷാരീതിയുടെ പ്രാചീനതയെയോ അർവ്വാചീനതയെയോ വ്യവസ്ഥപ്പെടുത്തുവാൻ പ്രതിബന്ധ

കമായി നിൽക്കുന്നതിന് ഉദാഹരണങ്ങൾ സുലഭങ്ങളാണ്. ആഭ്യന്തര ങ്ങളോ ചരിത്രപരങ്ങളോ ആയ ലക്ഷ്യങ്ങളിൽ ഗ്രന്ഥങ്ങളുടെ നിർമ്മിതികാലം തീർച്ചപ്പെടുത്തുവാൻ അല്പമെങ്കിലും കഴിഞ്ഞാൽ കവിയാൽ ആദ്യതമായിരിക്കുന്ന ഭാഷാരീതിയെ തദനുഗുണമായി പരിശോധിക്കുന്നതിൽ വലിയ പിഴ വരുവാനില്ല. അല്ലാതെ ഏതാനും പദപ്രയോഗങ്ങളെ, അവയിലും വെച്ച് വ്യവഹാരഭാഷയിൽ ഉണ്ടായിരുന്നവോ എന്ന് ഉറപ്പിച്ചു പറയുവാൻ തന്നെ കഴിയാത്തവയെ, തിരിച്ചും മറിച്ചും നോക്കിമാത്രം ഗ്രന്ഥങ്ങളുടെ കാലവിഷയകമായ പരിമേയം പറയുന്നത്തക്ക പ്രയോജനം ഒന്നും ചെയ്യുകയില്ല. വസ്തുസ്ഥിതി ഇങ്ങനെ ആണെങ്കിലും ഏതാനും ശതവർഷങ്ങളിലെ വ്യത്യാസത്തിനു തന്നെ പഴയതു നല്കിക്കൊണ്ട് സാമാന്യമായി ഗ്രന്ഥങ്ങളുടെ രചനാകാലം നിർദ്ദേശിക്കുന്നതിൽ ഭാഷാരീതിയെക്കൂടി അവലംബമാക്കാം.

മലയാളവും തമിഴും.

പ൨൯. മലയാളം മറ്റു ദ്രാവിഡഭാഷകളെക്കാൾ തമിഴിനോട് കൂടുതൽ ചാർച്ച പ്രദർശിപ്പിക്കുന്നതിനുള്ള കാരണം മലയാളത്തിനും തമിഴിനും സമാനമായ ഒരു പൂർവ്വദശ ഉണ്ടായിരുന്നതിന്റെ ഫലമത്രേ. പിൽക്കാലത്തു് രണ്ടു ഭാഷകളായി പിരിഞ്ഞതിനുശേഷം വർണ്ണവികാരവിഷയകമായി തമിഴിലും മലയാളത്തിലും ചില വിഭിന്ന സ്വഭാവങ്ങൾ പ്രതിഷ്ഠ നേടിയിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. മലയാളത്തിന് തമിഴിൽനിന്നുമുള്ള ഭേദങ്ങൾ എന്തെല്ലാമെന്ന് ചിന്തിക്കുന്നതാണ് ആ ഭാഷയുടെ പ്രത്യേകതകളെ വിശദമാക്കുവാൻ പ്രധാനമായി ഉതകുന്നതു്.

കേരളത്തിലെ വ്യവഹാരഭാഷ കൊടുന്തമിഴായിരുന്നില്ലാ.

പ൨൰. കേരളത്തിലെ വ്യവഹാരഭാഷയായിരുന്ന കൊടുന്തമിഴാണ് മലയാളമായതെന്ന് സിദ്ധാന്തിക്കുന്ന കേരളപാണിനീയകർത്താവു് പ്രാചീനകാലത്തു് കേരളത്തിലെ വ്യവഹാരഭാഷ കൊടുന്തമിഴായിരുന്നു എന്ന് അഭ്യൂഹിക്കുന്നതിന് പ്രമാണമായി ഉപാദാനം ചെയ്തിട്ടുള്ളതു,

'തെൻപാണ്ടി കുട്ടം കുടം കർക്കാ വേൺ പൂഴി
പൻറിയരുവാ വതൻ വടക്കു നൻറായ
ചീത മലാട്ടു പുനനാട്ടു ചെന്തമിഴ് ചേ-
രേതമില് പന്തിരുനാഴ്ടൻ'

എന്നുള്ള വചനമാണല്ലോ.

തിശൈച്ചൊല്ലിനെ നിവ്വചിക്കുന്ന,

ചെന്തമിഴ്നിലം ചേർ പന്നിരുനിലത്തിനും
ഒൻപതിറിരണ്ടിനിൽ തമിഴാഴിനിലത്തിനും
തൻകുറിപ്പിനവേ തിശൈച്ചൊല്ലെൻപ[1]

എന്ന നന്നൂൽ സൂത്രത്തിൽ ചെന്തമിഴ്നിലം ചേർ പന്നിരുനിലം എന്നിടത്തു് പരാമൃഷ്ടങ്ങളായ പന്ത്രണ്ടു സ്ഥലങ്ങൾ ഏതെല്ലാമെന്നു് നിർദ്ദേശിക്കുകയാണു 'തെൻപാണ്ടികൂട്ടം ..... പന്നിരുനാടെൺ' എന്നു് പാട്ടുകൊണ്ടു് ചെയ്തിരിക്കുന്നതു്. തെൻപാണ്ടി (പൊരുനാനദിക്കു് തെക്കു് കൊർക്കൈ മുതലായ സ്ഥലങ്ങൾ), കൂട്ടം (കായൽ എന്നുള്ള അർത്ഥത്തെ തുടർന്നു് ലക്ഷണയാ കായലോരത്തെ നിർദ്ദേശിക്കുന്നു. ഇപ്പോഴത്തെ കൊല്ലവും കോട്ടയവും ഈ പ്രദേശത്തിൽ ഉൾപ്പെട്ടതു), കുടം (പടിഞ്ഞാറൻ പ്രദേശം) കർക്കാ (പശ്ചിമഘട്ടനിരകളുടെ കിഴക്കുവശത്തു് കോയമ്പത്തൂരിൽ പാറാധാരാളമുള്ള ഭാഗം), വേൺ (വേണാടു്), പൂഴി (ഇതു് തിരുവിതാംകൂറിൽ ഉൾപ്പെട്ടതായിരിക്കാൻ വഴിയുണ്ടു്. (പൂഴിതൻ എന്നുള്ള ചേരരാജനാമം നോക്കുക), പൻറി (പഴനിമലയോടു തൊട്ടുകിടക്കുന്നപ്രദേശം) അരുവാ (തെക്കൻ ആർക്കാട്ടിലെ ശ്രീഭാഗവും ഇതിൽ ഉൾപ്പെട്ടതു, അതിൻ വടക്കു് അതായതു് അരുവാവടക്കുനാടു, ചീത (കോയമ്പത്തൂരു നീലഗിരിപ്രദേശങ്ങളും), മലനാടു (തിരുക്കോയിലൂരും ചുറ്റുപാടുമുള്ള സ്ഥലങ്ങളും), പുനനാടു് (ചോളദേശം), എന്നീ പന്ത്രണ്ടു നാടുകളിൽ വ്യവഹാരത്തിലിരിക്കുന്ന ഭാഷകളിൽനിന്നു് ചെന്തമിഴിൽ കടന്നുകൂടിയിട്ടുള്ള വാക്കുകൾക്കു് തിശൈച്ചൊല് എന്നുള്ള വ്യപദേശം നല്കിയിരിക്കുന്നു എന്നാണു് പ്രസ്തുത സൂത്രത്തിന്റെ അർത്ഥം. ഈ പന്ത്രണ്ടു നാടുകളിലുള്ള വ്യവഹാരഭാഷകളും എല്ലാം തമിഴിന്റെ തന്നെ ദേശ്യഭേദങ്ങളാണെന്നു് നിർണ്ണയിക്കുവാൻ 'തെൻപാണ്ടിക്കൂട്ടം' ഇത്യാദി വചനം കേരളപാണിനീയകർത്താവു് പ്രമാണമായി അലംബിച്ചിരിക്കുന്നതു് സംഗതമാണെന്നു തോന്നുന്നില്ല. ചെന്തമിഴ്നിലം ചേർപന്നിരുനിലത്തിനും എന്ന ഭാഗത്തിനു് ചെന്തമിഴ് പ്രചാരത്തിൽ ഇരിക്കുന്ന പ്രദേശത്തോടു് അതായതു തെക്കു് വൈകയാറും പടിഞ്ഞാറു് കരുവൂരും വടക്കു് മരുതയാറും കിഴക്കു മരുവൂരും അതിരുകളായിട്ടുള്ള പ്രദേശത്തോടു ചേർന്നുകിടക്കുന്ന പന്ത്രണ്ടു നിലങ്ങൾ എന്നും ചെന്തമിഴ് പ്രചാരത്തിൽ ഇരിക്കുന്ന ദേശത്തിൽ ചേരുന്ന (ഉൾപ്പെടുന്ന) പന്ത്രണ്ടുനിലങ്ങളെന്നും രണ്ടുതരത്തിൽ വ്യാഖ്യാനം ചെയ്യപ്പെട്ടു

1. *Nannūl*, Sūtra 273.

കാണുന്നുണ്ട്. തെൻപാണ്ടി തുടങ്ങി പന്ത്രണ്ടു നാടും എല്ലാം ചെന്തമിഴിന്റെ കേന്ദ്രസ്ഥാനമായി കല്പിക്കപ്പെട്ടിരുന്ന പ്രദേശത്തോട് അവ്യവഹിതമായി ചേർന്ന കിടക്കാത്തതിനാൽ മേല്പറഞ്ഞതിൽ രണ്ടാമത്തെ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമായിരിക്കുന്നത്. ഇതരഭാഷകളും വ്യവഹരിക്കപ്പെടുന്ന സ്ഥലങ്ങളിൽ വിദ്യാഭ്യാസഭാഷ എന്ന നിലയിലോ സാഹിത്യഭാഷ എന്ന നിലയിലോ പ്രചാരമുണ്ടായിരുന്ന ചെന്തമിഴിൽ വിരളമായി വന്ന കൂടിയിരിക്കാവുന്ന ദേശ്യപദങ്ങളും ചെന്തമിഴിന്റെ സാമാന്യമായ ശബ്ദസമുച്ചയത്തിൽ തിശൈച്ചൊല് എന്നു വ്യപദേശിക്കപ്പെടുന്ന എന്നുള്ള അർത്ഥം സർവ്വഥാ ഉപപന്നമായിരിക്കുമല്ലോ. ഏതായാലും തമിഴിന്റെ ദേശ്യഭേദങ്ങളാണ് കേരളമൊട്ടാകെ വ്യവഹരിക്കപ്പെട്ടിരുന്നതു് എന്നുള്ളതിനു് നന്നൂൽസൂത്രമോ തെൻപാണ്ടിക്കുട്ടം ഇത്യാദി വചനമോ ദൃഢമായ ഒരു പ്രമാണം പോലുമാകുന്നില്ല. കേരളത്തിലെ വ്യവഹാരഭാഷ തമിഴിൽ നിന്നും ഭിന്നമായി സ്വതന്ത്രമായ ഒരു നിലയാണ് ഏതൊരു കാലത്തും പുലർത്തിപ്പോന്നതു് എന്നു് മുൻപു് വ്യവസ്ഥാപിച്ചിട്ടുണ്ടല്ലോ. അതിനാൽ അനുനാസികാതിപ്രസരം തുടങ്ങിയ ആറു നയങ്ങളും അനുസരിച്ചാണ് മലയാളം തമിഴിൽനിന്നും വേർതിരിഞ്ഞുനില്ക്കുന്നതു് എന്നുള്ള അഭിപ്രായം മലയാളം ഒരു സ്വതന്ത്രഭാഷയാണെന്നുള്ള വീക്ഷണത്തിൽ ആദരിക്കുവാൻ നിർവ്വാഹമില്ല. തമിഴും മലയാളവും ദ്രാവിഡഭാഷയുടെ ഒരു പൂർവ്വദശയിൽനിന്നും രണ്ടായി പിരിഞ്ഞു് ഭിന്നങ്ങളായ സ്ഥലങ്ങളിൽ സ്വതന്ത്രമായി വളർന്നുവരവേ അവയിൽ ഓരോന്നിലും സംഭവിച്ചിട്ടുള്ള പരിണാമഭേദങ്ങളും ചിന്തിക്കാമെന്നല്ലാതെ ഒന്നു് മറെറാന്നിന്റെ ആനുക്രമമായ പരിണാമമാണെന്നു് വ്യവസ്ഥാപിക്കുവാൻ സാധ്യമല്ല.

മലയാളഭാഷയുടെ പ്രത്യേകതകൾ.

൨൨൪. വർണ്ണവികാരവിഷയകമായി തമിഴിനും മലയാളത്തിനും തമ്മിലുള്ള വ്യത്യാസങ്ങളിൽ താഴെപ്പറയുന്നവ പ്രാധാന്യം അർഹിക്കുന്നു:—

(ക) മുൻവിനയെച്ചങ്ങളുടേയും അമ്പു്, കാട്ടു്, പാട്ടു്, തുടങ്ങിയ നാമപദങ്ങളുടേയും, കൊണ്ടു്, ഓടു്, തുടങ്ങിയ ഗതികളുടേയും മറ്റും ഒടുവിൽ ഉച്ചരിക്കപ്പെടുന്ന കേന്ദ്രീകൃതസ്വരത്തിനു് മലയാളത്തിൽ തമിഴിൽ ഉള്ളതിനെ അപേക്ഷിച്ചു് കുറച്ചുകൂടി ദൃഢതയുള്ള ഒരു നില ഉണ്ടു്.

(൨) തമിഴിൽ പദാവസാനത്തിൽ ഉള്ള ഐകാരത്തിന് എതിരായി മലയാളത്തിൽ അകാരമാണ് കാണുന്നതു്. തലൈ, വാഴൈ, തൊന്തൈ, എന്നിങ്ങനെ തമിഴിൽ ഐകാരാന്തങ്ങളായി കരുതപ്പെട്ട വരുന്നവ ആഗമികമായി ചിന്തിക്കുമ്പോൾ തലയ്, വാഴയ്, തന്തയ്, എന്നിങ്ങനെ യകാരാന്തങ്ങളാണെന്നു തെളിയും. യകാരം പ്രകൃത്യാ ശിഥിലമായതുകൊണ്ടു് പദാവസാനത്തിൽ ലോപിച്ചു പോയിട്ടുള്ള നിലയിലാണ് നാം മലയാളത്തിൽ ആ പദങ്ങളെ കാണുന്നതു്. പ്രത്യയത്തിന്റെ യോഗത്തിലും സ്വരാദിയായ ഉത്തരപദം ചേർന്നിട്ടുള്ള സമാസത്തിലും പ്രകൃതിസ്ഥമായ യകാരം അതേ നിലയിൽ അവശേഷിക്കുന്നതു് അവയുടെ പൂർവ്വരൂപം യകാരാന്തമായിരുന്നു എന്നുള്ളതിനെ തെളിയിക്കുന്നു.

(൩) രണ്ടു സ്വരങ്ങളുടെ മധ്യത്തിലുള്ള കചടതപങ്ങൾക്കു് ഉച്ചാരണശൈഥില്യം തമിഴിലും മലയാളത്തിലും സംഭവിക്കുന്നുണ്ടു്. എന്നാൽ രണ്ടുഭാഷകളും ആ വിഷയത്തിൽ അല്പം വിഭിന്നതയാണു് അവലംബിക്കുന്നതെന്നു് അന്യത്ര പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ സ്മരണീയമാകുന്നു.

(൪) തമിഴിൽ അനുനാസികമായ വ്യഞ്ജനത്തിനുശേഷം പിന്നാലേ വരുന്ന കകാരവും ചകാരവും തകാരവും മലയാളത്തിൽ അനുനാസികമായ രൂപത്തിൽ അവസ്ഥാനം ചെയ്യുന്നതിനു് പല ഉദാഹരണങ്ങളും ഉണ്ടു്. മരംകം=മരങ്ങം; മാങ്കു=മാങ്ങു; കഞ്ചി=കുത്തി; കുഞ്ഞു്, കുഞ്ഞു്; കടിഞ്ഞൂൽ, കടിഞ്ഞൂൽ; വന്താൻ, വന്നു; തിന്താൻ, തിന്നു; നടന്താൻ, നടന്നു; അടർന്താൻ, അടർന്നു; വിടർന്താൻ, വിടർന്നു. തമിഴിലും മലയാളത്തിലും 'ണ്ട' അവികൃതമായിത്തന്നെ അവശേഷിക്കുന്നു. 'മ്പ'യാകട്ടെ ചിമ്പുക, ചിമ്മുക, തിരുമ്പുക, തിരുമ്മുക, എന്നിങ്ങനെ ചിലയിടത്തു് ചുരുക്കമായി അനുനാസിക്യം ഭജിച്ചിട്ടുണ്ടു്.

അനുനാസികാതിപ്രസരംവന്നിട്ടുള്ള ഉദാഹരണങ്ങളിൽ പ്രകൃതിസ്ഥമായ ഉത്തരവ്യഞ്ജനത്തിനു് ഉച്ചാരണത്തിൽ ഘോഷത്വം ഏറ്റിട്ടിട്ടായിരിക്കണം അവ അനുനാസികങ്ങളായി പരിണമിച്ചിട്ടുള്ളതു്. ഗോവിന്ദ–ഗോവിന്നൻ; മംഗല–മങ്ങലം; അംഗനാ–അങ്ങന; ചന്ദനം–ചന്നനം; മണ്ഡപം–മണ്ണപം; സഞ്ജയൻ–സഞ്ഞയൻ; ഇത്യാദ്യുദാഹരണങ്ങളിൽ ഗ, ജ, ദ മുതലായ ഘോഷവ്യഞ്ജനങ്ങൾ ചേർന്നിരിക്കുന്നിടത്താണല്ലോ സാധാരണമായ ഉച്ചാരണത്തിൽ അനുനാസികാതിപ്രസരം പ്രവർത്തിച്ചിട്ടു

ള്ളയ്', ഉ എന്ന ഭൂതലകാലപ്രത്യയത്തിന്റെയും 'കം' എന്ന ബഹു വചനപ്രത്യയത്തിന്റെയും ആദ്യമായ തകാരത്തിനും കകാരത്തിനും മാത്രമേ അനുനാസികാതിപ്രസരം ഭാഷയിൽ നിയതമായിരിക്കുന്നുള്ളൂ. അമ്പു്, കമ്പു്, തഞ്ചം, കൊഞ്ചുക. പിഞ്ചു്, തങ്ക, മങ്ക, തന്ത, മൊന്ത, എന്നിങ്ങനെ അനുനാസിക്യം ഏർപ്പെടാത്ത നിരവധി രൂപങ്ങൾ കാണുവാൻ കഴിയും. നെഞ്ചു്, നെഞ്ഞു്; തൊങ്കൽ, തൊങ്ങൽ; പൊങ്കൽ, പൊങ്ങൽ; തുടങ്ങിയ വാക്കുകളിൽ അനുനാസികാതിപ്രസരം വന്നും വരാതേയും ഉള്ള രീതിയും നടപ്പിലുണ്ടു്. ണകാരത്തിന്റേയും ടകാരത്തിന്റേയും യോഗത്തിലാകട്ടേ ഉത്തരവർണ്ണത്തിനു് ഒരിക്കലും അനുനാസികത്വം ഭാഷാപദങ്ങളിൽ വന്നുചേർന്നിട്ടില്ല. ഉദാ:-കണ്ടു്, വണ്ടു്, മണ്ടി, പൂണ്ട, രണ്ടു്. തമിഴിൽ ചെൻറാൻ, കൻറു്, നൻറു് എന്നിങ്ങനെ ൻറ ചേർന്ന കാണുന്ന രൂപങ്ങൾക്കു് എതിരായി മലയാളത്തിൽ ചെന്നു്, കന്നു്, എന്നിങ്ങനെ ന്ന ചേർന്ന കാണുന്നരൂപങ്ങൾ തമിഴിൽ നിന്നുമുള്ള അനുക്രമമായ പരിണാമത്തെ പ്രദർശിപ്പിക്കുന്നവയായിരിക്കാൻ തരമില്ല. ദന്ത്യങ്ങളായ തകാരവും ദകാരവും ചേർന്നുള്ള ഒരു പൂർവ്വശേയിൽ നിന്നു മാത്രമേ ഉത്തരപദത്തിനു് അനുനാസിക്യം സംഭവിച്ചു് 'ന്ന' എന്നുള്ള പരിണാമം സംഭവിക്കുവാൻ വഴിയുള്ളൂ. ഏതാദൃശസ്ഥലങ്ങളിൽ കർണ്ണാടകത്തിൽ 'ന്ദ്' ചേർന്നുള്ള രൂപങ്ങളാണു് കാണുന്നതു് എന്നുള്ളതും പ്രസ്താവ്യമത്രേ.

(ഒ) തമിഴിൽ പദാദിയിൽ ഇരിക്കുന്ന നകാരത്തിനു എതിരായി മലയാളത്തിൽ ഞായർ, ഞരമ്പു്, ഞൊടി, ഞെക്കുക, ഞാൻ, ഞെരിഞ്ഞിൽ, ഞൊറി, ഞൊണ്ടി, എന്നിങ്ങനെ പല വാക്കുകളിലും ഞകാരം കാണുന്നുണ്ടു്. ഇത്തരം ഉദാഹരണങ്ങളിൽ മിക്കയിടത്തും ഏകാരമോ ഏകാരമോ നകാരത്തിന്റെ പിറകിൽ ഉണ്ടായിരുന്നിരിക്കണം എന്നു് ഊഹിക്കുവാൻ സാധിക്കും. അങ്ങനെയല്ലാതെ ഏതെങ്കിലും ഉദാഹരണത്തിൽ നകാരത്തിനു് പകരം ഞകാരം വന്നിട്ടുണ്ടെങ്കിൽ അതു് മറ്റു രൂപങ്ങളുടെ സാംകര്യം കൊണ്ടു് സംഭവിച്ചതായിരിക്കണം.

(ന) തമിഴിൽ ഇകാരത്തിന്റേയും യകാരത്തിന്റേയും പിറകിലുള്ള ത്ത, ന്ത, എന്നിവയ്ക്കു് എതിരായി മലയാളത്തിൽ, തടിച്ചി, ചെട്ടിച്ചി, പുലച്ചി, പിടിച്ചു, കടിച്ചു, അടിച്ചു, അലഞ്ഞു, ചീഞ്ഞു, തേഞ്ഞു, മാഞ്ഞു, അറിഞ്ഞു, എറിഞ്ഞു, കുഞ്ഞു് എന്നിങ്ങനെ താലവ്യാഭേശം വന്നിട്ടുള്ള രൂപങ്ങൾ നിരവധികങ്ങളാണു്. താലവ്യാഭേശവും

DHARWAR COLLEGE BANGALORE 1475

അനുനാസികാതിപ്രസരവും കാണുന്ന സ്ഥലങ്ങളിൽ താലവ്യാദേശം വന്നതിനുശേഷമായിരിക്കണം അനുനാസികാതിപ്രസരം വന്നിട്ടുള്ളതു് എന്നതും ശ്രദ്ധേയമാകുന്നു. പ്രത്യയഗതങ്ങളായ വർണ്ണങ്ങൾക്കാണു താലവ്യാദേശം നിയതമായി വന്നിട്ടുള്ളതു്. എങ്കിലും പിച്ചള, ഇച്ചിരി, എന്നതുപോലെ ചില വാക്കുകളിൽ പ്രകൃത്യംശത്തിലും താലവ്യാദേശം പ്രവർത്തിച്ചിട്ടില്ലെന്നില്ല.

(൭) തമിഴിലും കർണ്ണാടകത്തിലും വ്യവഹാരഭാഷയിൽ ഴകാരത്തിന്റെ സ്ഥാനം ക്രമേണ ളകാരം അപഹരിച്ചുകഴിഞ്ഞിട്ടുണ്ടു്. മലയാളത്തിലാകട്ടെ പ്രാചീനമായ ഴകാരം അതേ രീതിയിൽത്തന്നെ വരമൊഴിയിൽ മാത്രമല്ല വാമൊഴിയിലും പുലർന്നുപോരുന്നു.

(൮) തമിഴിൽ പട്ടുക, കട്ടുക, എന്നീ ധാതുക്കൾ ചേർന്നുള്ള രൂപങ്ങൾക്കു് എതിരായി മലയാളത്തിൽ പെട്ടുക, കെട്ടുക, എന്നിങ്ങനെ അകാരത്തിനു് എകാരം വന്നിട്ടുള്ള രൂപങ്ങളാണു് സാധാരണമായി നടപ്പിലിരിക്കുന്നതു്. ഉദാ:—അകപ്പെട്ടു, പുറപ്പെട്ടു, കെട്ടി.

(൯) തമിഴിൽ പ്രതിഗ്രാഹികാപ്രത്യയാന്തങ്ങളായി അവനെയ്, അവളെയ്, മരത്തെയ്, എന്നിങ്ങനെ ഐകാരം ചേർത്തു് എഴുതപ്പെട്ടുപോരുന്ന രൂപങ്ങൾക്കു് മലയാളത്തിൽ അവളെ, അവനെ എന്നെ, മരത്തെ എന്നിങ്ങനെ എകാരാന്തമായുള്ള ഒരു രീതിയാണു്, ഏർപ്പെട്ടിരിക്കുന്നതു്. വസ്തുസ്ഥിതിനോക്കിയാൽ തമിഴിൽ പ്രതിഗ്രാഹികാപ്രത്യയം 'എയ്' എന്നതാണെന്നു് വിശദീഭവിക്കും.

(൧൦) പുരുഷപ്രത്യയാന്തങ്ങളായ ക്രിയാരൂപങ്ങൾ വ്യവഹാരഭാഷയിൽ നഷ്ടപ്പെട്ടിട്ടുള്ള ഒരു ദശയെയാണു് മലയാളം പ്രദർശിപ്പിക്കുന്നതു്.

(൧൧) തമിഴിൽ മധ്യമപുരുഷസർവ്വനാമത്തിനു് പ്രതിഗ്രാഹികാദികളായ വിഭക്തികൾ ചേരുമ്പോൾ ഉന്നയ്, ഉമ്മയ്, ഉനക്കു്, ഉമക്കു്, എന്നിങ്ങനെ ഉൻ എന്നും ഉമ് എന്നും ഉള്ള അംഗപ്രകൃതികൾ ചേർന്നു കാണുന്ന രൂപങ്ങളുടെ രീതി മലയാളത്തിൽ സംഭവിച്ചിട്ടില്ല. നിന്നെ, നിങ്ങളെ, നിന്റെ, നിങ്ങളുടെ, എന്നിങ്ങനെ പ്രകൃതിയിൽ കാണുന്ന നിൻ, നിമ്, എന്നതന്നെ നിർദ്ദേശികയിൽ നിന്നും അഭിന്നമായാണല്ലോ, മലയാളത്തിൽ കാണുന്നതു്.

(ഫ ഫ) ഉദ്ദേശികാവിഭക്തിയുടെ ഏകവചനത്തിൽ 'kku' എന്നതു ചേർന്നുള്ള രൂപമാണു്. തമിഴിൽ സർവ്വസാധാരണമായിരിക്കുന്നതു്. പ്രകൃതി അൻ എന്നു് അവസാനിക്കുന്നിടത്തും ഇൻ എന്നതു് ഇടനിലയായി ചേരുന്നിടത്തും മലയാളത്തിൽ സംവൃതസ്വരം മാത്രമേ ഉദ്ദേശ്യകാദ്യോതകമായി പ്രയോഗിക്കപ്പെട്ടുന്നുള്ളു. ഉദാ:— കുരുടനു്, കള്ളനു്, അവനു്, കുരങ്ങിനു്, മരത്തിനു്, പശുവിനു്, അതിനു്, കല്ലിനു്. ഉദ്ദേശികയുടെ ബഹുവചനത്തിൽ മലയാളത്തിലും പ്രത്യയം ക്കു്, എന്നതന്നെ. തമിഴിൽ പ്രായേണ പ്രകൃതിയുടേയും പ്രത്യയത്തിന്റേയും ഇടയ്ക്കു് ഏകവചനത്തിനും ബഹുവചനത്തിനും കേന്ദ്രീകൃതമായ ഒരു സ്വരം ശ്രവിക്കപ്പെട്ടുന്നു എന്നുള്ളതു് അവർക്കു്, ആർക്കു, അവർക്കു്, കുട്ടികൾക്കു് എന്നിങ്ങനെ മലയാളത്തിലെ പ്രയോഗരീതിയിൽ നിന്നും വ്യത്യസ്തമാണു്.

(ഫ ന) ഉകാരസ്വരംകൊണ്ടു് അവസാനിക്കുന്ന മൻവിനയെച്ചത്തിന്റെ പിറകിൽ വരുന്ന മറുവിനയുടെ ആദിയിലുള്ള ദ്വിത്വവ്യഞ്ജനത്തിനു് തമിഴിൽ കാണുന്ന ഇരട്ടിപ്പു് മലയാളത്തിൽ പലയിടത്തും സംഭവിച്ചുകാണുന്നില്ല. ഉദാ:—വിട്ടുകൊടുത്ത (cf. Tam. Viṭṭukkoḍutta) പടിച്ചുചൊല്ലു (paṭittuccollu).

(ഫ ർ) കേൾക്കുക, വരുക, കൊടുക്കുക എന്നിങ്ങനെ പ്രയോജകപ്രകാരത്തിലും 'കടയ്ക്കൽനന്നച്ചാലേ തലയ്ക്കൽ പൊടിക്കൂ', 'കൊടുത്താലേ കിട്ടൂ' 'കള്ളനേ കള്ളന്റെ അടവറിയൂ', എന്നിങ്ങനെ അവധാരണാർത്ഥകമായ 'ഏ' എന്ന നിപാതം ചേർന്നുള്ള വാക്കിനോടു് അനുബന്ധിക്കുന്ന കൃതിയിലും മലയാളത്തിൽ കാണുന്ന 'ഉം' തമിഴിൽ ഇല്ലെന്നു കാണാം.

(ഫ ഒ) നിയോജകപ്രകാരത്തിന്റെ മധ്യമബഹുവചനത്തിൽ വരുവിൻ വരിൻ, ഉണ്ണുവിൻ ഉണ്ണിൻ, എന്നിങ്ങനെ 'ഇൻ' ചേർന്നുള്ള രൂപം മലയാളത്തിലല്ലാതെ തമിഴിൽകാണാവുന്നതല്ല.

(ഫ ന്ന) അനുജ്ഞായകപ്രകാരത്തിൽ ചെയ്യലാം, വരലാം, ഇരുക്കലാം, എന്നിങ്ങനെ തമിഴിലുള്ള രൂപങ്ങൾക്കു് എതിരായി ചെയ്യാം, വരാം, ഇരിക്കാം, എന്നിങ്ങനെ 'ആം' ചേർന്ന രൂപങ്ങളാണു് സാധാരണവ്യവഹാരത്തിൽ മലയാളം പ്രദർശിപ്പിക്കുന്നതു്.

ഫ ഫ ന്ന. ദ്രാവിഡഭാഷകളിൽ മലയാളത്തിനും തമിഴിനും ക്രൂടതൽ അടുപ്പമുണ്ടെന്നുള്ളതു് നിർവ്വിവാദമാണു്. പക്ഷേ തമിഴിൽനിന്നാണു് മലയാളം ഉണ്ടായതെന്നു പറയുവാൻ വേണ്ടിടത്തോളം ലക്ഷ്യമില്ല.

അതുകൊണ്ട് തമിഴിന്റേയും മലയാളത്തിന്റേയും താരതമ്യവിവേചനത്തിൽ വർണ്ണവിഷയകമായും പദനിഷ്പാദനവിഷയകമായും മേല് നിർദ്ദേശിച്ചതുപോലുള്ള സാജാത്യവൈജാത്യങ്ങൾക്ക് ഗണനീയമായ ഒരു സ്ഥാനം കല്പിക്കുവാൻ മാത്രമേ നിർവ്വാഹമുള്ളൂ.

മലയാളത്തിലെ പദസമുച്ചയം.

൨൨൫ ഭാഷാഭണ്ഡാഗാരത്തിലെ നാണയങ്ങളാണ് പദങ്ങൾ. തറവാട്ടിൽനിന്ന് ജന്മാവകാശമായി കിട്ടിയിട്ടുള്ള പദങ്ങൾക്ക് ഏതൊരു ഭാഷയിലും മുഖ്യസ്ഥാനം ഉണ്ടായിരിക്കും. ഒരേ ഗോത്രത്തിൽ നിന്നുതന്നെ പിരിഞ്ഞുപോയ ഭാഷകളിൽ പ്രകൃതിപരമായി സാധാരണ്യമുള്ള നിരവധി പദങ്ങൾ കണ്ടെത്താവുന്നതാണ്. സ്വതന്ത്രമായി പിരിഞ്ഞതിനു ശേഷം ഓരോ ഭാഷയും വർണ്ണവികാരവിഷയത്തിലും അർത്ഥങ്ങളുടെ ഹ്രാസവികാസങ്ങളിലും പ്രാപിച്ചിട്ടുള്ള വിഭിന്നസ്വഭാവങ്ങളുടെ സൂക്ഷ്മമായ പരിജ്ഞാനത്തോടുകൂടി മാത്രമേ സഗോത്രപദങ്ങളുടെ പ്രകൃതിസാധാരണ്യം തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ബാഹ്യമായ രൂപത്തിലും ആന്തരമായ അർത്ഥത്തിലും പദങ്ങൾക്കു വന്നിട്ടുള്ള മാറ്റത്തിലാണ് ഓരോ ഭാഷയുടേയും പ്രത്യേകതയും വളർച്ചയും തെളിയുന്നത്. ഞണ്ട് എന്ന് മലയാളത്തിൽ കാണുന്ന പദത്തിന് നേരേ തമിഴിൽ (naṇḍu) എന്നും കർണാടകത്തിൽ nalli എന്നും തെലുങ്കിൽ (y)eṇḍe എന്നും കാണുന്ന രൂപങ്ങൾ മലയാളത്തിനും സഗോത്രങ്ങളായ മറ്റു ഭാഷകൾക്കും വർണ്ണവിപരിണാമവിഷയത്തിലുള്ള വിഭിന്നതയ്ക്ക് ദൃഷ്ടാന്തങ്ങളത്രേ. എകാരാദിയായ പ്രകൃതി യകാരപൂർവകമായി ഉച്ചരിക്കപ്പെട്ട് പിറകിലുള്ള അനുനാസികവ്യഞ്ജനത്തിന്റെ അനുകർഷണത്താൽ പദാദിയായ യകാരം നകാരമായോ ഞകാരമായോ പരിണമിച്ചിട്ടുള്ളതിന്റെ ഫലങ്ങളാണ് തെലുങ്കിലെ (y)eṇḍe എന്നതു് ഒഴിച്ചുള്ള ഞണ്ടിന്റെ നാനാരൂപങ്ങൾ. കർണ്ണാടകത്തിൽ naṇḍ എന്നതിനോട് ളകാരാദിയായ ഒരു പ്രത്യയം ചേർന്ന് പരസവർണ്ണം വന്നതിന്റെ ഫലമായിരിക്കണം നള്ളി എന്നുള്ള രൂപം. സാധാരണങ്ങളായ പദങ്ങൾക്ക് പുറമേ ഓരോ ഭാഷയിലും സ്വന്തമായി ചില പദങ്ങൾ പ്രാദേശികമായിട്ടെങ്കിലും കടന്നു കൂടുവാൻ ഇടയായേക്കാം. പക്ഷേ അപ്രകാരമുള്ള വാക്കുകളെ തിരഞ്ഞുപിടിക്കുക എന്നുള്ളതു് തുലോം ദുഷ്കരമാകുന്നു. സഗോത്രഭാഷകളിലൊന്നിലും ഇല്ലാത്തതാണെന്ന് പരിച്ഛേദിക്കുന്നതിന് അത്രത്തോളം വിപുലമായ ഗവേഷണം നിർവ്വഹിച്ച

തിനുശേഷമല്ലാതെ കഴികയില്ലല്ലോ. ലീലാതിലകകാരൻ ഭാഷയെ ദേശീ എന്നും സംസ്കൃതഭവാ എന്നും സംസ്കൃതരൂപാ എന്നും ഭാഷാന്തരസമാ എന്നും പിരിക്കുകയും ശുദ്ധമായ ഭാഷയ്ക്കു കൊച്ചി, മുഴം ഞൊടി, ഇത്യാദികൾ ഉദാഹരണങ്ങളാണെന്നു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടല്ലോ. അതുപോലെ കേരളപാണിനീയകർത്താവു് ശബ്ദങ്ങളെ ആഭ്യന്തരമെന്നും ബാഹ്യമെന്നും രണ്ടായി വിഭജിച്ചിട്ടു് ആഭ്യന്തരത്തിൽ സ്വന്തം, സാധാരണം, ദേശ്യം എന്ന മൂന്നു ഭേദങ്ങൾ കല്പിക്കുകയും സ്വന്തത്തിനു് അതായതു മറ്റു ദ്രാവിഡങ്ങളിൽ കാണാതെ മലയാളത്തിൽ മാത്രം നടപ്പുള്ള ശബ്ദങ്ങൾക്കു പനി (ജ്വരം), മുണ്ടു് (വസ്ത്രം), അണ്ടി, പോറ്റി, വേള (കഴുത്തു്) എന്നിവയെ ഉദാഹരണങ്ങളായി ഉദ്ധരിക്കുകയും ചെയ്തിട്ടുള്ളതും പ്രസ്താവ്യമാണു്. എന്നാൽ ഈ പദങ്ങളിൽ ഒന്നും തന്നെ മലയാളത്തിൽ മാത്രം ഉള്ളതല്ല. കൊച്ചി (girl) എന്നതു് തമിഴിലെ കൊച്ചൈ (ഇളമൈത്തൽ) എന്നതിനോടും 'മുഴം' എന്നതു് Tam. muḷam; Kan moḷa.; Tel. more എന്നതിനോടും, ഞൊടി' എന്നതു് Tam. noḍi; Kan. nuḍi 'to sound Tel. nuḍucu to sound' എന്നിവയോടും പനി എന്നതു് Tam. paṉi 'Kan.hani cold'; dew' എന്നിവയോടും മുണ്ടു എന്നതു് Tam. muṇḍm; Kan. muṇḍu 'a short cloth used as a turban' എന്നിവയോടും അണ്ടി എന്നതു് പ്രാകൃതത്തിലെ aṇṭhi എന്നതിനോടും പ്രകൃതിവിഷയകമായി സ്പഷ്ടമായ ബന്ധം ആവഹിക്കുന്നവയാണു്. ഇന്നിന്ന പദങ്ങൾ സ്വന്തങ്ങളാണെന്നു നിർദ്ദേശിക്കുവാൻ മുതിരുന്നതു് വളരെ കരുതലോടെ വേണ്ടിയിരിക്കുന്നു

പരകീയപദങ്ങൾ.

൨൫൮. സ്വഗോത്രത്തിൽ നിന്നും പൂർവ്വസ്വത്തായി കിട്ടിയിട്ടുള്ള പദസമുച്ചയത്തിനു പുറമേ മലയാളത്തിൽ അന്യഭാഷാഗോത്രങ്ങളിൽ നിന്നും പല കാലങ്ങളിലായി ഒട്ടേറെ വാക്കുകൾ കടന്നുകൂടി സ്ഥിരപ്രതിഷ്ഠപ്രാപിച്ചിട്ടുണ്ടു്. അയ്യായിരത്തിനു് ഭാരതമൊട്ടുക്കു് വ്യാപകമായ അംഗീകാരം ലഭിച്ചതിന്റെ ഫലമായി സംസ്കൃതഭാഷയ്ക്കു് ദ്രാവിഡഭാഷകളിലെല്ലാം തന്നെ പ്രബലമായ അനുപ്രവേശം സിദ്ധിച്ചു. കേരളത്തിൽ സംസ്കൃതവിദ്യാഭ്യാസത്തിനു് പുരാതനകാലം മുതൽക്കുതന്നെ പ്രകൃഷ്ടായ ഒരു സ്ഥാനം ഉണ്ടായിരുന്നതുകൊണ്ടു് മലയാളികളുടെ സാഹിത്യഭാഷയിൽ മാത്രമല്ല വ്യവഹാരഭാഷയിൽക്കൂടി എണ്ണമില്ലാത്ത സംസ്കൃതപദങ്ങൾ സ്ഥാനം പിടിച്ചിട്ടുണ്ടു്. മലയാളത്തിലെ പദസമുച്ചയത്തിൽ സംസ്കൃതപ്രകൃതികളായ പദങ്ങളെ നിർദ്ധാരണം ചെയ്യുവാൻ വലിയ പ്രയാസമില്ല.

സംസ്കൃതത്തിൽ നിന്നും തദ്ഭവങ്ങളായിപ്പോലും വന്നു ചേർന്നിരിക്കുവാൻ ഇടയില്ലാത്ത പല പദങ്ങളേയും സംസ്കൃതപദങ്ങളുടെ നേരിട്ടുള്ള പരിണാമങ്ങളായി പലരും കരുതിപ്പോരുന്നുണ്ട്. ഒരു ഭാഷയിൽ നിന്നും മറെറാരു ഭാഷയിലേക്ക് പദങ്ങൾ പകരുമ്പോൾ വർണ്ണങ്ങൾക്ക് വരുന്ന മാറ്റങ്ങൾക്ക് ചില വ്യവസ്ഥകൾ ഉള്ളതിനെ അനാദരിച്ചിട്ട് പദങ്ങളുടെ ആഗമം നിർണ്ണയിക്കുന്നതു് സംഗതമല്ല. ആര്യന്മാരുടെ വ്യവഹാരഭാഷയായിരുന്ന പ്രാകൃതത്തിൽ നിന്നു കൂടി പല പദങ്ങളും മലയാളത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതിനാൽ നമ്മുടെ പദസമുച്ചയത്തിലുള്ള ആര്യഭാഷാപദങ്ങളിൽ സംസ്കൃതത്തിൽ നിന്നു് നേരിട്ടുവന്നിട്ടുള്ളവയുടേയും പ്രാകൃതഭാഷയിൽ നിന്നു് മാത്രം വന്നിരിക്കാവുന്നവയുടേയും വ്യവേചനം അത്യന്താപേക്ഷിതമാണു്. മകയിരം, പട്ടണം, ചെട്ടി തുടങ്ങിയ വാക്കുകളെ സംസ്കൃതത്തിൽനിന്നു് മലയാളത്തിലേക്കു് പകർന്നിട്ടുള്ളവയായി ചിലർ കണക്കാക്കിയിട്ടുള്ളതു് വർണ്ണവിപരിണാമതത്ത്വത്തെ ആദരിച്ചിട്ടല്ല. മൃഗശിരസ്, പത്തനം, ശ്രേഷ്ഠിൻ, എന്നീ സംസ്കൃതപ്രകൃതികളെ നേരിട്ടു് മലയാളത്തിലേക്കു് ഉപാദാനം ചെയ്യുകയാണെങ്കിൽ മകയിരം, പട്ടണം, ചെട്ടി എന്നീ രൂപങ്ങൾ അവയ്ക്കു വരുവാൻ പ്രയാസമാണു്. നേരെ മറിച്ചു് മഗസിര, പട്ടണ, നെഠടി എന്നീ പ്രാകൃതഭാഷാരൂപങ്ങളോടാണു് യഥാക്രമം, മകയിരം, പട്ടണം, ചെട്ടി എന്നിവ ആഗമികമായി അവ്യവഹിതമായ ബന്ധം പുലർത്തുന്നതു്. പ്രാകൃതഭാഷയിൽ വേണ്ടതുപോലെ ജ്ഞാനമില്ലാത്തതുകൊണ്ടു് മലയാളത്തിൽ പ്രചാരത്തിൽ ഇരിക്കുന്ന പ്രാകൃതപ്രകൃതികളായ പലപദങ്ങളേയും നമ്മുടെ ഭാഷയിൽ സ്വന്തങ്ങളായി പലരും കണക്കാക്കുന്നു. നവീനോൻഡ്യൻ ഭാഷകളിൽ മറാട്ടിയിൽനിന്നും ഹിന്ദിയിൽനിന്നും ആണു് നമ്മുടെ ഭാഷയിലേക്കു് കൂടുതൽ പദങ്ങൾ സംക്രമിച്ചിട്ടുള്ളതു്. ഒരു കാലത്തു് ഹിന്ദുസ്ഥാനിക്കു് രാഷ്ട്രഭാഷാരംഗങ്ങളായ ഇടപാടുകൾ വഴിക്കു് ഗണനീയമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. നമ്മുടെ കോടതിഭാഷയിലും എഴുത്തുകുത്തുകളിലും കച്ചവടക്കായ്ങ്ങളിലും മറവും ഹിന്ദിവാക്കുകളും അറബിവാക്കുകളും പേർഷ്യൻ വാക്കുകളും പ്രാമുഖ്യേന കാണുന്നതു് ഹിന്ദുസ്ഥാനി സ്വഭാഷയായുള്ള രാജസ്ഥാനങ്ങളുടെ അനുകരണത്തിന്റെ ഫലമത്രേ. അതിനും പുറമേ കേരളീയർക്കു് കൂടുതൽ ഇടപെടുവാൻ സംഗതിയായിട്ടുള്ള പോർട്ടുഗീസുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നീ പാശ്ചാത്യവർഗ്ഗക്കാരുടെ ഭാഷകളിൽ

നിന്നും ആവശ്യം പോലെ പല വാക്കുകളും അപ്പോഴപ്പോൾ സ്വീകരിച്ചിട്ടുള്ളതും നമ്മുടെ ഭാഷയുടെ പരിപുഷ്ടിക്ക് സഹായകമായിട്ടുണ്ട്. അവയിൽ പ്രധാനഭാഷയിൽ നിന്നുള്ളവ എണ്ണത്തിൽ കുറവും ഇംഗ്ലീഷിൽ നിന്നും ഉള്ളവ ക്രൂടതലുമാണ്.

൨൫൯. മലയാളത്തിലുള്ള പദസമുച്ചയത്തിൽ അന്യഭാഷാഗോത്രങ്ങളിൽനിന്നും സംക്രമിച്ചിട്ടുള്ള പദങ്ങളുടെ മാതൃക കാണിക്കുവാനായി അവയിൽ സംസ്കൃതം ഒഴിച്ചുള്ളവയ്ക്ക് ചില ഉദാഹരണങ്ങൾ ചുവടേ ചേർക്കുന്നു.

അന്യഭാഷാഗോത്രജങ്ങളായ ചില പദങ്ങൾ

(a) മല്യമേൻഡോആര്യൻ (പ്രാകൃതവും പാലിയും)

അത്താണി 'porter's rest' Pk. അത്ഥാണീ
അരക്കൻ 'demon' Pk. രക്ഖ-
ആയില്യം 'The ninth lunar mansion' Pk. ആസിലിസ-
ഒട്ടകം 'camel' Pk. ഒട്ഠക-
കണ്ണൻ 'Kṛṣṇa' Pk. കൺഹ-
കത്തിരി 'scissors' Pa. Pk. കത്തരീ
കുപ്പായം 'garment' Pk. കപ്പാസ-
കേമം 'excellenee, well being' Pa. Pk. ഖേമ-
കേവ് 'crossing' cf. കേവുവള്ളം Pk. ഖേവ-
ചമ്മട്ടി 'scourge' Pk. ചമ്മട്ഠീ-
ചവളം 'lance' Pk. സ്വല-
ചിക്ക് 'quickuess' cf. ചിക്കെന്ന Pk. സിഗ്ഘ-
ചൂത് 'gambling' Pa. ജൂത-
ചെട്ടി 'one of the foreign merchant classes Pa. Pk. സെട്ഠീ-
ഞായം 'reason, 'right' Pk. ഞായ-
തവി 'ladle' Pk. ദ്വീ
പക്കം 'side, lunar day' Pk. പക്ഖ-
പച്ച 'unripe' Pk, * പക്ക cf. Sk, പച്യ-
പന്തയം 'stake' Pk. * ബന്ധയ-cf. Sk. ബന്ധക-
പൂയം 'the eighth lunar asterism Pk. പുസ-

മകയിരം 'the fifth constellation' Pk. മഗസിര-
മുത്ത് 'pearl' Pa. Pk. മുത്ത-
ലക്ക് 'aim' Pa. Pk. ലക്ഖ-
ലെക്കം 'number, volume' Pk. ലെക്ഖ-
വട്ടം 'circle' Pa. Pk. വട്ട-

(b) നവീനേൻഡോ ആര്യൻ.
(ഹിന്ദി, മറാട്ടീ തുടങ്ങിയവ.)

ആശാൻ 'teacher' H. M. ആചാര്യ
ഉണ്ടി 'bill of exchange' H. M. ഹുണ്ഡീ
കിച്ചടി 'a kind of curry' H. M. ഖിച്ഡീ
കൂഞ്ഞ് 'hump: useless portion of fruits' * H. Khūj
ഗോസായി 'a religious mendicant' H. gōsāĩ
ചട്ടിണി 'ground condiment' M. ചട്ണീ
ചാതി 'friend' cf. ചാതിക്കാരൻ H. M. സാഥ്
ഠാണാ 'station, place' H. ഠാണാ
ഡാവ് 'device, exaggeration' M. ḍāv
താക്ക് 'aim' H. താക്
ഉപ്പട്ടായ് H. M. ഉപ്പടാ
തോപ്പ് 'grove' M. ഥോംബ്
നങ്ക 'an unmarried Brahman girl' H. M. നങ്ഗാ
നട്ടുവൻ 'dancing master' H. നട്വാ
പങ്ക 'snspended fan' M. പംഖാ
പാങ്ക് 'side, party' M. പംഖ്
പാറാവ് 'sentry' H. പഹാ
പുക്കാർ 'brawl, noise' H. M. പുകാർ
പോക്കിരി 'dissolute fellow' H. പോകീ
ബഡായി 'magnifying' H. ബഡാഈ
ഭേക്ക് 'beautiful' H. M. ഭേക്
മട്ട 'sweetened honey' M. മധ്യ
മൈനാ 'a kind of bird' H. M. മൈനാ
ലക്കോട്ട് 'envelope' M. ലഖോടാ
ലങ്കോട്ടി 'loin cloth, H. M. ലങ്ഗോടീ

(c) അറബിക്.

ഹാജർ 'present' hāzir
ഹർജി 'a petition' arz
ഹുജൂർ 'principal collector's office' ḥuzūr
സലാം 'greeting' salām
സ്രാഫ് 'a banker' sarāf
സനന്ത് 'grant, diploma' sanad
ബാക്കി 'balance' bāqī
വസൂൽ 'collection' wasūl
വക്കാലത്ത് 'agency, commission' vakālat
വക്കീൽ 'advocate' vakīl
മുക്ത്യാർ 'commission, will, full power' mukhtār
രാജി 'amicable settlement' rāzi
മാമൂൽ 'established custom' māmūl
മസാല 'spices' maṣālih
നാക്കൽ 'draft copy' naql
കത്ത് 'letter' khat
ഖജനാ 'treasury' khazāna
തകരാർ 'altercation, confusion' takrār
കാലി 'empty' khāli
തമാശ് 'show, spectacle' tamāṣā
തർജമ 'translation' tarjama
താക്കീത് 'injunction' tākīd
കരാർ 'agreement' qarār
കശാപ്പ് 'butchering' qaṣāb

(d) പേഴ്സ്യൻ.

ശരാശരി 'average' sar-ā-sari
സുമാർ 'about' ṣumār
ശിപാർശ 'recommendation' sifāris
ശിപായി 'a soldier' sipāhi
സിബ്ബന്തി 'peon, companion' sib-bandī
സവാരി 'riding' savāri
സർക്കാർ 'government' sarkār
ശിക്കാർ 'hunting' ṣikār
ലഗാൻ 'bridle' lagām
രുമാൽ 'handkerchief' rūmāl

മൈതാനം 'a plain, open field' maidān
യാദാസ്ത് 'a memorandum' yād-dāśt
മേന പ് 'a palanquin' miyānā
മുസാഫരി 'travelling' musāfiri
മഹസർ 'statement of those who are present at an inquest mahazar
മഹത്താപ്പ് 'blue light' mah-tāb
പേഷ്കാർ 'a revenue officer' pēshkār
തയ്യാർ 'ready' tayyār
സാമാനം 'things' sāmān
പാപ്പോസ് 'slipper' pāpōsh
കുശാൽ 'happy, cheer' xūśhāl
കൂജ 'gogglet' kūzah
ഗുമസ്ഥൻ 'writer' gumāstha
ത്രാസ് 'a balance' tarāzū
കാനേഷുമാരി 'census' khāna-śumāri
നൊസ്സ് 'insanity' nōś 'drinker'

(e) പോർട്ടുഗീസ്.

ജനൽ 'window' janella
ചിന്നൽ 'a burnishing chisel' sinzel
താരിപ്പ് 'tariff' tarifa
കോപ്പ 'cup' copa
മേസ്തിരി 'a maistry' mestre
തവല 'towel' toalha
തുറുങ്ക് 'a jail' tronco
പറങ്കിക്കാശ് 'a European coin' patacâo
പീപ്പ (പീപ്പ) 'a cask' pipa
മേൽമുണ്ട് 'handkerchief' lenco
ലേലം 'auction' leilao
വീഞ്ഞ് 'wine' vinho
റോന്ത് 'night patrol' ronda
രൂക്ക് 'a small coin' reis
വാര 'a rod' vāra
കപ്പിത്താൻ 'captain' capitaō

(f) ഇംഗ്ലീഷ്.

പെൻസിൽ pencil
ടിക്കറ്റ് ticket
ഗേറ്റ് gate

ബുക്ക് book
ഡിപ്പോ depot
സിഗാറ്റ് cigarette

കോപ്പി copy

ബൽട്ട് belt
പ്രെസ്സ് press
സിനിമ cenema
കോളേജ് college
ബസ്സ് bus
ആപ്പീസ് office
കാർ car
ഫോൺ phone
ഹോട്ടൽ hotel
സ്റ്റേഷൻ station
പോലീസ് police
കേസ്സ് case
അറസ്റ്റ് arrest
ബാങ്ക് bank
ബെഞ്ച് bench
റോഡ് road
പേപ്പർ paper
ക്ലാർക്ക് clerk
ഗ്ലാസ് glass
ഏക്കർ acre
ക്ലാസ്സ് class

ഡ്രൈവർ driver
സ്ലേറ്റ് slate
ചാക്ക് chalk
നോട്ടീസ് notice
സമൻസ് summons
ട്രൂപ്പ് troop
റെഗുലേഷൻ regulation
രസീത് receipt
സൈക്കിൾ cycle
സർ sir
ഐസ് ice
സോഡാ soda
ലെമണേഡ് lemonade
ഷർട്ട് shirt
കോട്ട് coat
മില്ല് mill
റബ്ബർ rubber
കമ്പനി company
ഫോട്ടോ photo
സ്റ്റാമ്പ് stamp
സോപ്പ് soap

൨൩൦. ഇപ്രകാരമുള്ള അന്യഭാഷാപദങ്ങളുടെ ചരിത്രപരമായും മറ്റും ഉള്ള പ്രാധാന്യം വേണ്ടപോലെ അറിയപ്പെട്ടാൽ ഗ്രന്ഥങ്ങളുടെ കാലനിർണ്ണയവിഷയത്തിൽ അല്പം പ്രകാശം ഉണ്ടായേക്കുവാൻ ഇടയുണ്ട്. ഒരു ഭാഷയിലെ വർണ്ണവിപരിണാമങ്ങളുടെ യഥാർത്ഥ സ്വഭാവം അറിയുന്നതിന് ബാഹ്യപദങ്ങളുടെ പരിശോധനം അത്യന്തം ഉപകാരകമാണ്.

൨൩൧. ഒരു ഭാഷയിൽ സഹോദരഭാഷകളിൽ ഏതിലെങ്കിലും നിന്ന് അതിലെ വർണ്ണവ്യവസ്ഥകളോടുകൂടി സംക്രമിച്ചിട്ടുള്ള പദങ്ങളെ ആഭ്യന്തരഭാഷാപദങ്ങൾ[1] എന്ന് വ്യപദേശിക്കുന്നു. ഗാഡു, ഒഡ്യാണം, എന്നിവ തെലുങ്കിൽ നിന്നും പൊട്ട് എന്നത് കർണ്ണാടകത്തിൽനിന്നും മലയാളത്തിലേക്ക് പകർന്നിട്ടുള്ള ആഭ്യന്തരഭാഷാപദങ്ങളാണ്. സംസ്കൃതത്തിലെ 'വൃത്ത' എന്നതിന് എതിരായി പ്രാകൃതത്തിലെ വട്ട-എന്നതിന് കർണ്ണാടകത്തിലെ വർണ്ണവിപരിണാമപ്രക്രിയ അനുസരിച്ച് ബൊട്ട എന്നുള്ള രൂപം വന്നിട്ടുണ്ട്. മലയാളത്തിലെ 'പൊട്ട്' കർണ്ണാടകംവഴിക്ക് മാത്രമേ വന്നിരിക്കുവാൻ ഇടയുള്ളൂ.

ആഭ്യന്തരഭാഷാപദങ്ങൾ.

൨൩൨. പദസമുച്ചയത്തിന്റെ പഠനത്തിൽ പദപ്രകൃതികളുടെ വ്യുത്പത്തിയും അർത്ഥവിഷയകമായ ഹ്രാസവികാസങ്ങളും ആണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ളത്. വാക്കുകളുടെ ബാഹ്യവും ആഭ്യന്തരവുമായ ചരിത്രത്തെ വിശദമാക്കുവാൻ പ്രയോജകീഭവിക്കുന്ന ഇവയുടെ സ്വരൂപവും വ്യാപ്തിയും നമുക്ക് പരിചിന്തനം ചെയ്യാം.

൨൩൩. മനുഷ്യരുടെ സാമൂഹ്യകമായ പ്രയത്നത്തിന്റെ ഫലമായി സംഭവിച്ച ഭാഷകളുടെ പ്രഥമവും പ്രധാനവും ആയ ധ്വനികളുടെ[2] സംയോജനത്തിലും വിയോജനത്തിലും അന്തർഭവിക്കുന്ന പ്രേരണോപാധികളെക്കുറിച്ച് എത്ര പ്രാചീനതമമായ കാലത്തും ഏകരൂപങ്ങളോ ഭിന്നരൂപങ്ങളോ ആയ ചിന്തനങ്ങൾ ഉണ്ടായിരിക്കാം എന്നുള്ളതിന് അഭ്യൂഹം മാത്രമല്ല, അവിടവിടെ പൂർവ്വഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചുകാണുന്ന

ശബ്ദവ്യുത്പത്തി.

1. Interdialectal borrowings.
2. Sounds.

ശബ്ദവ്യുത്പത്തിപ്രദർശനരൂപങ്ങളായ പ്രസ്താവങ്ങളും സചീകായ്വുമായ തെളിവാകുന്നു. അനദ്യസ്തവിദ്യരുടെ ഇടയ്ക്കുപോലും, പ്രയോഗത്തിൽ ഇരിക്കുന്ന ചില പദങ്ങളെക്കുറിച്ച് അത്യനിഷ്പത്തിപരമായി പല അഭിപ്രായങ്ങളും പുറപ്പെട്ടുന്നതു് നാം വിനോദരസത്തോടുകൂടി ശ്രവിച്ചിരിക്കാം. ഭാഷാസാമ്രാജ്യത്തിൽ ഏതു് അംശത്തിലും കൈയ്കായ്വും ചെയ്യുന്നതിനുള്ള അവകാശം സമസ്തജനസാധാരണമായിട്ടുള്ളതാണല്ലോ. പക്ഷേ നാം ഒരു കായ്വും എപ്പോഴും ചിന്തിക്കേണ്ടതാണ്. ഏറ്റവും ഹ്രസ്വമായ ഒരു പരിതഃസ്ഥിതിയിൽ നമ്മുടെ വീക്ഷണം പതിഞ്ഞാൽ പോരാ. നമ്മുടെ ദർശനസ്ഥാനം എത്രത്തോളം ഉയരുന്നുവോ അത്രത്തോളം വീക്ഷണം വ്യാപകമായിത്തീരുകയും മൻപിൽ ആലോചനാവിഷയമായതോ നിർണ്ണയപരിധിയിൽ എത്തിയതോ ആയ അർത്ഥംതന്നെയും വിപുലമായോ ഭിന്നമായോ അനുഭൂതമാവുകയും ചെയ്യും. ഭാഷാതത്ത്വശാസ്ത്രത്തിനു് ഇത്രത്തോളം അധിഷ്ഠാനം ഉറച്ചിട്ടില്ലാത്ത പുരാതനകാലങ്ങളിൽ ആവിർഭവിക്കുകയും അന്തർഹിതമാകുകയും ചെയ്ത ശബ്ദവ്യുത്പാദനങ്ങളും മുൻപറഞ്ഞ വ്യാപകമായ വീക്ഷണത്തിന്റെ അഭാവത്താൽ പ്രായേണ സങ്കുചിതസ്വഭാവകങ്ങളും മിത്ഥ്യാസാദൃശ്യാദികളിലുള്ള സങ്കല്പനങ്ങളിൽ അധിഷ്ഠിതങ്ങളും ആയിരുന്നുവെന്നു് പറയേണ്ടിയിരിക്കുന്നു.

ശബ്ദവ്യുത്പത്തിയിൽ ശാസ്ത്രീയമായ പരിചിന്തനത്തിന്റെ ആവശ്യം.

ഉദാ. മലയാളഭാഷ ദ്രാവിഡഗോത്രത്തിൽ ഉൾപ്പെട്ടതാണെന്നും അതിൽ ഉൾപ്പെട്ട ഇതരഭാഷകളുടെ താരതമ്യപഠനംകൊണ്ടു മാത്രമേ മലയാളപദങ്ങളുടെ വ്യുത്പത്തി സമഞ്ജസമായി സാധിക്കുവാൻ കഴിയുകയുള്ളുവെന്നും ധരിച്ചിട്ടുള്ളവർതന്നെ വളരെ വിരളമാണ്. സംസ്കൃതവൈയാകരണന്മാരുടെ ഇടയ്ക്കും പദാർത്ഥവിചിന്തനത്തിലോ പദങ്ങളുടെ പ്രക്രിയാപ്രദർശനങ്ങളിലോ സഗോത്രജങ്ങളായ ഭാഷകളിലേക്കു് ഒരു സാചീവിലോകനംപോലും ചെയ്യുവാൻ കഴിവോ മനസ്സോ ഉള്ളവരുടെ കായ്വും അപ്രകാരംതന്നെ. ശബ്ദവ്യുത്പത്തിപ്രദർശനത്തിൽ ആക്കും എന്തും പറയാം എന്നുള്ള ഒരു നിലയാണ് സാമാന്യേന കാണപ്പെട്ടുന്നതു്. എന്നാൽ ആ കാലം കഴിഞ്ഞുപോയി എന്നുള്ളതു് നാം ഓർക്കണം. 'oatstealer' എന്ന പദമാണു് ചുരുങ്ങി 'ostler' എന്നായിത്തിന്നതു് എന്നു് ശബ്ദവ്യുത്പത്തി

യുടെ തത്ത്വമേതും അറിയാതെ അഭിപ്രായപ്പെടുന്ന ഭാഷാപണ്ഡിതന്മാരും ഉണ്ടായിത്തീർന്നിട്ടുണ്ട്' എന്നുള്ള വാക്യത്തയുടെ പരിഹാസത്തിന് പാത്രമാകാതിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്. സ്വരങ്ങൾക്ക് യാതൊരു സ്ഥാനവുമില്ല; വ്യഞ്ജനങ്ങളെ വളരെ വകവയ്ക്കേണ്ടതും ഇല്ല; അങ്ങനെയൊരു ശാസ്ത്രമാകുന്ന ശബ്ദവ്യുത്പത്തി' എന്നുള്ള പഴിക്ക് കാരണമായ അലസതയേയും, മൻപും പിൻപും നോക്കാതുള്ള അഭിപ്രായപ്രകടനവ്യഗ്രതയേയും എത്ര വേഗത്തിൽ ഉപേക്ഷിക്കുന്നുവോ അത്രയും വേഗത്തിൽ ശബ്ദവ്യുത്പത്തിപ്രകടനപരമായി നിലവിലിരിക്കുന്ന കലക്കം തെളിഞ്ഞ ഒരു നഭോമണ്ഡലം പ്രത്യക്ഷമായിത്തീരും. മലയാളത്തെ പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങളിൽ ഒന്നിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായി പരിചിന്തനം ചെയ്യുന്നതിന് വിദൂരങ്ങളായ ഭ്രമണ്ഡലങ്ങളിൽപോലും ജീവിതംതന്നെ വിജ്ഞാനവ്യവസായാത്മകമായി സമർപ്പിച്ചിട്ടുള്ള എത്രയോ മഹാത്മാക്കൾ ഉണ്ടെന്നുള്ളതു് നാം അറിഞ്ഞുകൊണ്ടുവേണം നമ്മുടെ മാതൃഭാഷയെ സംബന്ധിച്ചിടത്തോളം പ്രവർത്തിക്കുവാൻ. നമ്മുടെ വാക്കുകൾ ഉപപന്നങ്ങളാകുമ്പോൾ അവയെ നിഖിലാദരങ്ങളോടുംകൂടി സ്വീകരിപ്പാനും, നേരെ മറിച്ചായാൽ, നമ്മുടെ അനാത്മജ്ഞതയെക്കുറിച്ചു് ഉള്ളുകൊണ്ടു ചിരിപ്പാനും പുറമേയുള്ളവർ ബദ്ധശ്രദ്ധരായിരിക്കും.

ശബ്ദവ്യുത്പത്തിയിൽ ചിലർ സ്വീകരിക്കുന്ന സ്വേച്ഛാചാരിത്വം.

൨൩. ലീലാതിലകത്തിൽ സംസ്കൃതഭവങ്ങളായ ശബ്ദങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്ന ഘട്ടത്തിൽ ചില ശബ്ദങ്ങളുടെ വ്യുത്പത്തി പ്രദർശനരൂപത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു് പദങ്ങളുടെ പൂർവ്വപ്രകൃതിവിനിർണ്ണയത്തിൽ ചിലർ സ്വീകരിച്ചുപോരുന്ന സ്വേച്ഛാചാരിത്വത്തെ ഏറെക്കുറെ വെളിപ്പെടുത്തുമെന്നു തോന്നുന്നു.

ഇവിടെ ഒരു സംശയം. എല്ലാ പദങ്ങളുടേയും പ്രകൃതി ഉൗഹിപ്പാൻ കഴിയും. എങ്ങനെയെന്നാൽ വയറ് എന്നതിന് വൈരി എന്നു് പ്രകൃതി. വയറ് ശത്രുവാണു്. വിശപ്പുകൊണ്ടാണല്ലോ അന്യന്റെ മുതൽ കക്കുന്നതിനും അതു നിമിത്തം തടവിൽപെടുന്നതിനും ചാവുന്നതിനുതന്നെയും ഇടയാകുന്നതു്. പാമ്പു് എന്നതിന് പാപഃ എന്നതു് പ്രകൃതി. സർപ്പം ജീവികളെ കടിച്ചുകൊല്ലുന്നു. അതെങ്ങനെ പാപമല്ലാതിരിക്കും? ചോറു് എന്നതിന്റെ പ്രകൃതി ചോരഃ എന്നുള്ളതാണു്. ചോയ്ക്കുന്നതു ഇതി ചോരഃ എന്ന വിഗ്രഹ

ത്താൽ 'കക്കപ്പെട്ടന്നത്' എന്നർത്ഥം വരും. ഇങ്ങനെ മറ്റു പദങ്ങളുടേയും പ്രകൃതി മനസ്സിലാക്കാം. '...' വയറ്, പാമ്പ്, ചോറ് ഇത്യാദികളുടെ പ്രകൃതി യഥാക്രമം വൈരിൻ-, പാപ-, ചോര-, എന്നിവയാണെന്നു വരുത്തിക്കൂട്ടുവാൻ സമാനങ്ങളായ വർണ്ണങ്ങളുടെ സമാവേശം കൊണ്ടുള്ള ഭ്രമമോ, ആവശ്യംപോലെയും അവസരംപോലെയും നീണ്ടു നീണ്ടുപോകുന്ന യുക്ത്യാഭാസങ്ങളുടെ ഉദ്ധാരണമോ ഒരുവിധത്തിലും ഫലപ്രദങ്ങളാകുന്നതല്ല. മിഥ്യാസാദൃശ്യവും സ്വമേധയാ ഉള്ള കൂട്ടിച്ചേർക്കലും പദങ്ങളുടെ വ്യുത്പത്തിപ്രദർശനത്തിൽ നമ്മെ വഴി തെറ്റിക്കാതിരിക്കുവാൻ സദാ ശ്രദ്ധിക്കേണ്ടതാണെന്ന് വെളിപ്പെടുത്തുവാൻ ഇതുയും മതിയാകുമല്ലോ.

വർണ്ണവിപരിണാമത്തിന്റെയും യുക്തിയുടേയും ആവശ്യത.

ഉപസംഹാരം. പ്രയോഗത്തിലിരിക്കുന്ന ഏതു വാക്കിനും പൂർവ്വപ്രകൃതി, അതുതന്നെയും ധാതുരൂപത്തിൽ, പറഞ്ഞേ മതിയാവൂ എന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്ന നിരുക്തകാരന്മാർ പ്രസ്തുതമായ ഭാഷാപരിധിക്കകത്തല്ലാതെ വർണ്ണവിപരിണാമചിന്തയിലോ ഓരോരോ പ്രസ്താവങ്ങൾക്കും യുക്തിയുടെ പിൻതുണ നല്കുന്നതിലോ അയാസപ്പെട്ടിട്ടില്ല. ലക്ഷ്യാനുധാവനവ്യഗ്രതകൊണ്ട് പ്രകൃതികളോ പ്രത്യയങ്ങളോ ഇഷ്ടംപോലെ വ്യവസ്ഥാപനംചെയ്ത് ആദേശം, ആഗമം, ലോപം, എന്നു തുടങ്ങിയ വിധികളെക്കൊണ്ട് പ്രക്രിയാപ്രദർശനത്താൽ തൃപ്തിയടയുന്ന പാണിന്യാദികളായ വൈയാകരണന്മാരും ഭാഷാതത്ത്വശാസ്ത്രത്തിന്റെ സുനിശ്ചിതമായ അധിഷ്ഠാനത്തിൽനിന്നും പലപ്പോഴും അകന്നുനില്ക്കുന്നുവെന്നു കാണാം. ഒരു ഭാഷയുടെ ഗതിവിഗതികളെ മാത്രം ആധാരമാക്കിക്കൊണ്ടുള്ള വ്യാകരണപ്രണയനത്തിൽ പാണിനിമഹർഷിയെപ്പോലെ ശബ്ദവിപരിണാമപ്രകാരങ്ങൾ തത്ത്വദൃഷ്ട്യാ പരിചിന്തനംചെയ്യുന്നതിന് ആകുവോളം ഔന്മുഖ്യം പ്രദർശിപ്പിച്ചിട്ടുള്ളവർ വളരെ വിരളമാണ്. ഭാഷാതത്ത്വശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളെന്ന് പരിഗണിക്കപ്പെട്ടിട്ടുള്ളവർക്ക് പാണിനീയമായ വ്യാകരണതന്ത്രം പല അംശങ്ങളിലും പ്രതികോപാധിയായി വർത്തിച്ചിട്ടുണ്ടെന്നുള്ളതുതന്നെ ശാസ്ത്രീയമായി ആ തന്ത്രത്തിനുള്ള പ്രാശസ്ത്യത്തെ വിശദീകരിക്കുന്നു. അത്രത്തോളം ധിഷണാശാലിയായ ആ മഹർഷിപ്രവരന്റെ ദൃഷ്ടി സംസ്കൃതത്തിന്റെ സഹോദരഭാഷകളിലും താരതമ്യബുദ്ധ്യാ വ്യാപരിച്ചിരുന്നുവെങ്കിൽ നമുക്കു ലഭിക്കുമായിരുന്ന മഹാനുഗ്രഹം ഒരു വിധത്തിലും പരിച്ഛേദിക്കാവുന്നതല്ല.

൨൩൬. 'കേരളം' എന്ന ദേശസംജ്ഞയുടെ വ്യുത്പത്തി എങ്ങനെയെങ്കിലും പ്രദർശിപ്പിക്കാതെ നമ്മുടെ ദേശചരിത്രകാരന്മാരോ, ഭാഷാചരിത്രകാരന്മാരോ, വൈയാകരണന്മാരോ മുൻപോട്ടു പോയിട്ടില്ല. 'ചേരലകം' എന്ന് ഒരു പൂർവ്വരൂപം സങ്കല്പനം ചെയ്തു പ്രകൃതോപയോഗിയായ ഒരു അർത്ഥം സിദ്ധിക്കത്തക്കവണ്ണം കുറെ വാക്കുകൾ മുൻപിലും പിറകിലും കൂട്ടിച്ചേർത്തു 'ചേരലകം' അതായതു 'കടലിൽനിന്നു കരയോടുചേർന്ന ഒരു ഭൂവിഭാഗത്തിന്റെ പേരു' എന്നോ മറേറാ അർത്ഥം നിർദ്ദേശിച്ചു ചേരലകം ചേരലമായി, ചേരലം ചേരളമായി, ചേരളം കേരളവുമായി എന്നിങ്ങനെ ഉപസംഹരിച്ചു എന്തോ ഒരു കൃതാർത്ഥത ചിലർ അനുഭവിക്കുന്നു. കേരലം, ചേരലം എന്ന് രണ്ടു രൂപങ്ങൾ കാണപ്പെടുമ്പോൾ അവയിൽ പൂർവ്വരൂപം 'കേരലം' എന്ന് ലകാരാഘടിതം തന്നെ ആയിരിക്കണമെന്ന് വർണ്ണവിപരിണാമതത്ത്വം ഗ്രഹിക്കുമ്പോൾ ഏവർക്കും ബോധ്യപ്പെടുന്നതാണ്. 'ഏ' എന്ന താലവ്യസ്വരത്തിന്റെ സന്നികർഷത്തിൽ 'കേരല'ത്തിലെ ലകാരം താലവ്യവ്യഞ്ജനമായ 'ച' കാരമായി മാറി 'ചേരല'മായിത്തീരുവാനാണല്ലോ സാധ്യതയുള്ളതു്. ഇതിനെതിരായി സമാനലക്ഷ്യങ്ങളിൽ ചകാരത്തിനു് ലകാരാദേശം വന്നിട്ടുള്ള രൂപം സംദൃശ്യവും അല്ല. 'നാളികേരം' എന്നതിലെ കേര—എന്ന പ്രകൃതി കേരവൃക്ഷങ്ങളുടെ സമൃദ്ധിയെക്കുറിക്കുമാറു് ബഹുലാർത്ഥത്തിൽ സംസ്കൃതത്തിൽ വിധിച്ചിട്ടുള്ള 'ലച്' പ്രത്യയം ചേർന്നു് കേരലമെന്ന രൂപം നിഷ്പന്നമാകാം. സംസ്കൃതത്തിലെ ലകാരം ചിലയിടത്തു് കേരളീയരുടെ ഉച്ചാരണത്തിൽ ളകാരമായി മാറിയിരിക്കുന്നുവെന്നുള്ളതു്, കാളമേഘം, ശാകുന്തളം, നളൻ ഇത്യാദി പദങ്ങൾ വ്യക്തമാക്കുന്നുണ്ടല്ലോ. കേരനാട്ടു്, ചേരനാട്ടു്, കേരളം, ചേരളം എന്നീ സംജ്ഞകളിലെല്ലാം പൂർവ്വപ്രകൃതിയായി 'കേര—'എന്നതുതന്നെയാണു് അന്തർഭവിച്ചിരിക്കുന്നതു് എന്നു് നിർദ്ധാരണം ചെയ്യുന്നതിൽ യാതൊരു അനുപപത്തിയും കാണുന്നില്ല. 'കേര' എന്നതു് ഒരു ദ്രാവിഡപ്രകൃതിതന്നെ ആയിരിക്കണമെന്നുള്ളതും പ്രസ്താവ്യമാകുന്നു. കേരവൃക്ഷത്തിന്റെ ആവിർഭാവത്തിനു മുൻപു് ഈ നാട്ടിന്റെ പേരു് എന്തായിരുന്നുവെന്നുള്ള ചിന്ത നമ്മുടെ അഭ്യൂഹത്തിനു് ഒരുതരത്തിലും ബാധകമല്ല. മറ്റു പലതിലുമെന്നപോലെ ദേശനാമങ്ങളിലും പഴയവയുടെ സ്ഥാനം പുതിയവ കൈയ്യേലാക്കാറുണ്ടെന്നുള്ളതിനു് എത്രയോ ദൃഷ്ടാന്തങ്ങളുണ്ടു്. തെക്കൻതിരുവിതാംകൂറിൽ ഇന്നു് 'രാമവർമ്മപുരം' എന്നു പറയപ്പെടുന്ന

ആ ദേശത്തിന് കുറച്ചുകാലം മുൻപുവരെ കുഴകൻതിട്ട എന്നായിരുന്ന പേരെന്ന പലർക്കും അറിവുണ്ടായിരിക്കുമല്ലോ. കുറെക്കാലംകൂടി ചെല്ലുമ്പോൾ ആ പൂർവ്വസംജ്ഞ മറവിലാകുമെന്നു വരരുതോ ?

കച്ചവടശബ്ദം.

ഉദാ. വ്യ. 'കച്ചവടം' എന്നതിന് 'കച്ചകപടം' എന്ന രീതിയിൽ ഒരു പ്രകൃതിനിർദ്ദേശം ചിലർ ചെയ്തു കേട്ടിട്ടുണ്ട്. കപടം കൃത്രിമമായി കാണുമെന്നോ അതിനു സൌകര്യം ഉണ്ടെന്നോ ഉള്ള ഒരു സങ്കല്പം ഉള്ളിലിരിക്കുന്നതിന്റെ പ്രതിഫലനമാണ് ഇവിടെ നാം കാണുന്നതു്. എന്നാൽ വാസ്തവമെന്നപോലെ കപടത്തിന് കച്ചവടത്തിൽ യാതൊരു സ്ഥാനവുമില്ലെന്ന് അറിയുവാൻ അല്പം ചിന്തിച്ചാൽ മതിയാകുന്നതാണ്. സംസ്കൃതത്തിലെ കക്ഷ്യാപട—എന്നുള്ളതിന് നേരായി പ്രാകൃതത്തിൽ കാണുന്ന 'കച്ഛാവട'—എന്നതിന്റെ തദ്ഭവരൂപമാണ് മലയാളത്തിലെ 'കച്ചവടം. 'കച്ചാവടങ്ങളും വന്നു നിരന്നുതേ' എന്നുള്ള പ്രാചീനപ്രയോഗം ദീർഘഘടിതമായ ഒരു രൂപവും മലയാളത്തിൽ പ്രയോഗത്തിൽ ഇരുന്നിരുന്നു എന്നുള്ളതിനു നിദർശനമാണ്. 'കക്ഷ്യാപട'—എന്നതിന് സംസ്കൃതത്തിൽ 'നഗ്നത മറയ്ക്കുവാനുള്ള വസ്ത്രം' എന്നുള്ള അർത്ഥമത്രേ കാണുന്നതു്. 'അപ്രകാരമുള്ള വസ്ത്രങ്ങളുടെ വില്പന' എന്നുള്ള അർത്ഥത്തിൽനിന്നുടൻ ക്രയവിക്രയരൂപമായ ആ തൊഴിലിനു 'കച്ചവടം' എന്ന പേരു സിദ്ധിച്ചു എന്നു നിർണ്ണയിക്കുന്നതു് എത്രയും സംഗതമാണ്. നാരങ്ങ, മാമ്പഴം, വള, തൈരു് മുതലായവയെ വില്ക്കുന്നവരെത്തന്നെ അതാതു പദാർത്ഥങ്ങളുടെ പേരുകൊണ്ടു് അഭിധാനം ചെയ്യാറുള്ളതു് അർത്ഥത്തിന്റെ പരിവർത്തനത്തിലുള്ള സംഭാവ്യതയെ ഉദാഹരിക്കുന്നുണ്ടല്ലോ.

ഓച്ഛാനം ഉടങ്ങിയ ചില ശബ്ദങ്ങൾ.

ഉദാ. 'ഓച്ഛാനിച്ചു നിൽക്കുക' ഇത്യാദി പ്രയോഗങ്ങളിൽ കാണുന്ന ഓച്ഛാനം എന്ന പദത്തിന്റെ വ്യുത്പത്തിയിൽ ഗണ്ടത്ത് സായിപ്പു പോലും ഭ്രമിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ നിഘണ്ടുവിൽ 'ഓച്ഛാനം' എന്നതിനെ വ്യുത്പാദിപ്പിച്ചിരിക്കുന്നതു് 'The humble answer as given to a Guru with proper gesture' എന്നത്രേ. എന്നാൽ അവച്ഛാദന—എന്ന സംസ്കൃതപ്രകൃതിയാണ് ഓച്ഛാനം എന്നതിന്റെ പൂർവ്വപ്രകൃതിയെന്നു നമുക്കു ഗ്രഹിക്കുവാൻ ശബ്ദപരിണാമതത്ത്വത്തെ നിരീക്ഷിച്ചാൽ മതിയാകും. 'അവച്ഛാദനം' എന്നതിനു നല്ലവണ്ണം മറയ്ക്കുക, എന്നുള്ള അർത്ഥമാണുള്ളതു്. 'പഞ്ചപുച്ഛം അടക്കിനില്ക്കുക' 'കയ്യും

കെട്ടി വായുംപൊത്തി നില്ക്കുക' എന്നിങ്ങനെയുള്ള ആദർശപ്രദർശനങ്ങളിൽ ആശ്രിതവർഗ്ഗങ്ങം അനുവർത്തിച്ചുപോരുന്ന ആത്മാകാരഗോപനവും ഉൾപ്പെടാവുന്നതാണ്. 'അവച്ഛാദനം' എന്നതു് 'ഓഷ്ഠാദനം' എന്നായി, അതു് 'ഓച്ഛാനം' എന്നുള്ള ദുഷ്ടമായ രൂപത്തിൽ എത്തിച്ചേരാവുന്നതാണല്ലോ. 'അവച്ഛാദനം' 'ഓച്ഛാദന' മാകുന്നതിന് 'കലവറ' 'കലോറ'യും 'പടവലം' 'പടോല'വും മറ്റും ആയി വ്യവഹാരമണ്ഡലിയിൽ വരുന്നതു് നല്ല തെളിവുകളാകുന്നു. 'മുദംഗവാദനാ' എന്നതിൽ 'വാദനാ' എന്നിടത്തു് 'സ്വരമധ്യത്തിലുള്ള ദകാരം ലോപിച്ചു് പ്രാകൃതത്തിൽ വാ അന എന്നായി യകാരാഗമത്താൽ വായന എന്നാകുന്നതുപോലെ ഓച്ഛാദനം ഓച്ഛായനം എന്നുള്ള വിലയെപ്രാപിച്ചതിനു ശേഷം യകാരംക്രൂടി ലോപിച്ചു് 'ഓച്ഛാനം' എന്നുള്ള രൂപമായി പരിണമിച്ചുവെന്നു് അനുമാനിക്കാം. വായാടി എന്ന പദത്തിൽ പ്രഥമദൃഷ്ടിയിൽ തോന്നുന്ന വായിട്ടാട്ടുക' എന്ന അർത്ഥത്തിനു് രൂപനിഷ്പത്തിക്രമത്തിൽ യാതൊരു പ്രവേശവും ഇല്ലെന്നു് യഥാർത്ഥത്തിൽ ഉള്ള പൂർവ്വപ്രകൃതിയായ വാചാടപദം തെളിയിക്കുന്നുണ്ടു്. അതുപോലെതന്നെ 'വാചാല' എന്നതിന്റെ തദ്ഭവമാണു് വായാളി. ഈ രണ്ടു ഉദാഹരണങ്ങളിലും കാണുന്ന അന്ത്യസ്വരവയവമായ ഇകാരം മലയാളത്തിൽ പല നാമങ്ങളിലും കാണപ്പെടുന്ന പ്രത്യയമാണെന്നുള്ളതും ശ്രദ്ധേയമാണു്. 'കായൽ' എന്നതു് സംസ്കൃതത്തിൽ 'ഖാത' എന്നതിനു നേരായി പ്രാകൃതത്തിൽ കാണുന്ന 'ഖായ' എന്നതിന്റെയും, 'കള്ളു്' എന്നതു് സംസ്കൃത്തിൽ 'കല്യാ' എന്നതിനു നേരായി പ്രാകൃതത്തിലുള്ള 'കല്ലാ' എന്നതിന്റെയും 'കേവുവള്ളം, കേവുകുലി ഇത്യാദിയിലെ 'കേവു്' എന്നതു് സംസ്കൃതത്തിൽ 'ക്ഷേപ' എന്നുള്ളതിനു നേരായി പ്രാകൃതത്തിലുള്ള 'ഖേവ' എന്നതിന്റെയും, 'കൊട്ടാരം' എന്നതു് സംസ്കൃതത്തിൽ 'കോഷ്ഠാഗാര' എന്നതിനു നേരായി പ്രാകൃതത്തിലുള്ള 'കൊട്ഠാ ആര–എന്നതിന്റെയും, 'പടിക്കം' എന്നതു് സംസ്കൃതത്തിൽ 'പ്രതിഗ്രഹ–' എന്നതിനു നേരായി പ്രാകൃതത്തിലുള്ള 'പഡിഗ്ഗഹ–' എന്നതിന്റെയും 'പന്തയം' എന്നതു് സംസ്കൃതത്തിൽ 'ബന്ധക–' എന്നതിനു നേരായി പ്രാകൃതത്തിലുള്ള 'ബന്ധയ–' എന്നതിന്റേയും തദ്ഭവങ്ങളെന്നു് വർണ്ണവിപരിണാമപ്രകാരപരീക്ഷണവും അർത്ഥാനുഗതചിന്തനവുംകൊണ്ടു് പ്രകടമാകുന്നതാണു്.1

---

1. ഇവിടെ അർത്ഥവിഷയകമായ അഭിവൃദ്ധിപ്രമവും ശ്രദ്ധേയമാണു്. Sk. ഖാത 'Well', 'pond' Sk. ക്ഷേപ– 'crossing'; Sk. കോഷ്ഠാഗാര–'granary' (ധാന്യം ശേഖരിച്ചുവെയ്ക്കുന്ന സ്ഥലം) Sk. പ്രതിഗ്രഹ– 'spitton' (കോളാമ്പി; Sk. ബന്ധക– pledge'.

൨൨൦. ഇങ്ങനെ ദിങ്മാത്രമായി പ്രകടിപ്പിച്ച ഉദാഹരണങ്ങൾകൊണ്ട് ശബ്ദവ്യുത്പത്തിയിൽ വർണ്ണവിപരിണാമത്തിന്റെ സയുക്തികമായ അധിഷ്ഠാനവും മിഥ്യാസാദൃശ്യപുരസ്കൃതങ്ങളായ ഊഹാപോഹങ്ങളുടെ അഗണ്യതയും വിശദീഭവിക്കുമല്ലോ. ഒരു ഭാഷയിൽനിന്നും മറെറാരു ഭാഷയിലേക്കോ ഒരു ഭാഷയിൽതന്നെ ഒരു ദശയിൽനിന്ന് മറെറാരു ദശയിലേക്കോ പദങ്ങൾ സംക്രമിക്കുമ്പോൾ അർത്ഥപരമായി ചില പരിവർത്തനങ്ങൾ സംഭവിക്കാമെങ്കിലും അക്കാര്യത്തിൽ അനിയന്ത്രിതമായ കല്പനാഗതിക്ക് അത്യല്പമായ സ്ഥാനംപോലുമില്ലെന്ന നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതത്രേ. ശബ്ദവ്യുത്പത്തിയിൽ നമുക്ക് പരമാവലംബമാകുന്നതു ഭാഷകളുടെ താരതമ്യപുരസ്കൃതമായ ശാസ്ത്രീയപഠനം തന്നെയാണെന്നുള്ളതു് സർവാദരണീയമായിത്തീരട്ടെ.

ശാസ്ത്രീയമായ ശബ്ദവ്യുത്പാദനം.

൨൨൧. ജീവദ്ഭാഷകളിൽ കടന്നുകൂടിയിട്ടുള്ള പ്രയോഗവിഷയകമായ അർത്ഥവിപരിണാമങ്ങളെ പ്രത്യവലോകനം ചെയ്യുമ്പോൾ അവയുടെ ഉച്ചാരണവൈഖല്യവും എന്നാൽ ഉപപന്നവും ആയ പരിപാടി ഹൃദയാകർഷകമായി പ്രതിഭാസിക്കുന്നു. ഭാഷയുടെ അകൃത്രിമമായപ്രവർത്തനത്തിന് ചെറുപൈതലിന്റെ കളിയേക്കാൾ ഒരു ദൃഷ്ടാന്തം വേറെ വേണ്ട. മോഹനങ്ങളായ ആ ചേഷ്ടകളുടെ പിന്നിൽ ഇരിക്കുന്ന ഭാവനയെ പ്രേരിപ്പിച്ച വസ്തുവോ പരിതഃസ്ഥിതിയോ പ്രഥമവീക്ഷണത്തിൽ അവ്യക്തവും അകിഞ്ചിത്കരവും ആയിത്തോന്നിയാലും പ്രകൃതിസിദ്ധമായ ഏതോ വൈശിഷ്ട്യം അപ്രത്യക്ഷമായ നിയന്ത്രണം അനുഷ്ഠിക്കുന്നു എന്ന് ഏറെക്കുറെ കാണുവാൻ കഴിയും.

അർത്ഥവിപരിണാമം.

൨൨൨. ഭാഷയിൽ സവികീയങ്ങളോ പരകീയങ്ങളോ ആയ പദങ്ങളിൽ ഉച്ചാരണപ്രയുക്തമായ രൂപവിപരിണാമംപോലെതന്നെ മൌലികമായ അർത്ഥത്തിന് വിവിധങ്ങളായ സാഹചര്യങ്ങളാൽ സംഭവിക്കുന്ന ഹാനികരമായ വികാസങ്ങളും നമ്മുടെ ഗാഢമായ ശ്രദ്ധയെ ആകർഷിക്കുവാൻ പര്യാപ്തങ്ങളാണ്. പദത്തിന്റെ സവീകരണം അർത്ഥത്തിനുവേണ്ടിയായതുകൊണ്ട് മാനസികവ്യാപാരത്തിന് കുറച്ചുകൂടി പ്രസക്തിയുള്ളതു് അർത്ഥപരമായ അഭിവൃദ്ധിയിൽ ആയിരിക്കും. വർണ്ണവിപരിണാമത്തിലാകട്ടേ, ശബ്ദജനനേന്ദ്രിയങ്ങളുടെ വ്യാപ്തിയത്രേ പ്രാമുഖ്യം

ഭാഷാഭിവൃദ്ധിയിൽ അർത്ഥവിപരിണാമക്രമത്തിന്റെ പ്രാധാന്യം.

അഭിക്കുന്നതു്. ഒരു ഭാഷ ജീവിക്കുന്നുവെന്നുള്ളതിന് പല ലക്ഷണങ്ങളും വേണ്ടതായിട്ടുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്ത അർത്ഥവിപരിണാമക്രമത്തിന്റെ ആദ്യാലോചനാപൂർവകമായ അംഗീകാരം ഭാഷാഭ്യുദയകാംക്ഷികളുടെ അപരിഹാര്യമായ കർത്തവ്യമാകുന്നു. അതിനാൽ മലയാളഭാഷയിൽ പ്രയോഗപ്രാചുര്യം നേടിയിട്ടുള്ള ചില പദങ്ങളുടെ അർത്ഥപരമായ നിരീക്ഷണത്തിലൂടെ അർത്ഥവിപരിണാമസിദ്ധാന്തത്തിനുള്ള സർവതോമുഖമായ വ്യാപ്തിയെ വിശദീകരിക്കുന്നതു് സംഗതമായിരിക്കുമെന്നു വിചാരിക്കുന്നു.

സങ്കേതപരിവർത്തനം.

ഉർദു. അർത്ഥത്തിനോടു് പദത്തിനുള്ള ബന്ധം സങ്കേതംകൊണ്ടു് പരിനിഷ്ഠിതമാകുന്നതാണല്ലോ. സങ്കേതം അല്ലെങ്കിൽ ശക്തി എന്നു് വ്യവഹരിക്കപ്പെടുന്ന ആ സംബന്ധം ഭാഷയുടെ ആദിമദശമുതൽ ഏതെല്ലാം ഉപാധികളിലൂടെ സ്ഥാനം നേടിയെന്നുള്ളതു് ഇവിടെ വിചാരിക്കുന്നില്ല. ഭാഷോത്പത്തിയെ പരാമർശിക്കുന്ന അത്തരം സിദ്ധാന്തങ്ങൾ ശബ്ദശാസ്ത്രത്തിന്റെ വിപുലമായ പ്രവർത്തനത്താൽ മിക്കവാറും പ്രകടിതങ്ങളായിട്ടുണ്ടു്. നിശ്ചിതാർത്ഥകങ്ങളായ പദങ്ങളെക്കൊണ്ടു് ഒരു വസ്തുവിനെയോ ഒരു സംഭവത്തെയോ വിചരിക്കുമ്പോൾ അതിന്റെ അവയവങ്ങളായ ആശയങ്ങളെ ഉൾക്കൊള്ളുന്ന പദങ്ങൾക്കു് അന്യോന്യം ചില ബന്ധങ്ങൾ അപേക്ഷിതങ്ങളാകുമല്ലോ. അങ്ങനെ പ്രത്യയം എന്നു പറയപ്പെടുന്ന അംശം ക്രടിച്ചേർന്നു് പദങ്ങൾ നിഷ്പന്നങ്ങളായിത്തീരുന്നു. ഈ രീതിയിൽ ഒരേ പ്രകൃതിയിൽനിന്നും അല്പാല്പമായ ഭേദത്തോടുകൂടി പല രൂപങ്ങളും ഉണ്ടായിത്തീരുന്നതിന്റെ ഉപപത്തിയെക്കുറിച്ചുള്ള ചിന്ത ശബ്ദശാസ്ത്രത്തിന്റെ ഒരു വിഭാഗം മാത്രമാണു്. വ്യവഹാരത്തിന്റെ ആധിക്യംകൊണ്ടു് ഭാഷയ്ക്കു് അഭിവൃദ്ധിയുണ്ടാകുമ്പോൾ മാറ്റങ്ങളും മറിച്ചിലുകളും നേരിടുന്നു. വീട്ടിലുള്ള പാത്രങ്ങൾക്കും മറ്റുപകരണങ്ങൾക്കും പതിവുപോലുള്ള ഉപയോഗക്രമത്തിനു് വല്ല അടിയന്തിരമോ മറ്റോ വരുമ്പോൾ പല വ്യത്യാസങ്ങളും അറിഞ്ഞും അറിയാതേയും, നല്ലപോലെ നിഷ്കർഷമുള്ളവരുടെ കാര്യത്തിലും വന്നുപോകുമല്ലോ. അതുപോലെ ഭാഷയുടെ വളർച്ചയ്ക്കാത്തവണ്ണവും പ്രവക്തൃതാവിന്റെ അറിവും ആവശ്യകതയും അനുസരിച്ചു പദഗതങ്ങളായ സങ്കേതങ്ങൾക്കു് വിവിധങ്ങളായ പരിണാമങ്ങൾ ലബ്ധപ്രതിഷ്ഠങ്ങളാകുന്നതിൽ സൂക്ഷ്മനിരീക്ഷകന്മാക്കു് സാംഗത്യം ദർശിക്കുവാൻ കഴിയുന്നതാണു്.

പദങ്ങളുടെ അർത്ഥഭേദങ്ങൾ.

൨൫൫. ഒരു പദത്തിന് മൂലാർത്ഥത്തോട് ഏതെങ്കിലും തരത്തിലുള്ള ബന്ധംകൊണ്ട് മറ്റർത്ഥങ്ങൾകൂടി ഉണ്ടാകുകയോ നൂതനമായ ഒരർത്ഥത്തിൽ നിയമിതമായി മൂലാർത്ഥം തിരസ്കൃതമാകുകയോ ചെയ്യുന്നതിൽ അടങ്ങിയിരിക്കുന്ന തത്ത്വങ്ങളെ വിചിന്തനം ചെയ്താൽ മാത്രമേ ഓരോ ഭാഷയിലേയും കോശഗ്രന്ഥങ്ങളിൽ സമുദ്ധരിക്കപ്പെട്ടിട്ടുള്ളവയോ അപ്രകാരം രേഖപ്പെടുത്തപ്പെടാതെ വ്യവഹാരത്തിൽ മാത്രം നിലകൊള്ളുന്നവയോ ആയ പദങ്ങളുടെ അർത്ഥഭേദങ്ങൾ, ഭാഷയുടെ സജീവപ്രകൃതിയെ ലക്ഷീകരിക്കുന്നതായി നമുക്കു ബോധ്യപ്പെടുകയുള്ളൂ. ഞായറാഴ്ച, തിങ്കളാഴ്ച എന്നീ പ്രയോഗങ്ങളിൽ ഞായർ, തിങ്കൾ, എന്നീ വാക്കുകൾ യഥാക്രമം സൂര്യനേയും ചന്ദ്രനേയും ആണ് കുറിയ്ക്കുന്നതു് എന്നു സ്പഷ്ടമാണല്ലോ. ആ വാരങ്ങൾക്കു് സൂര്യനോടും ചന്ദ്രനോടും ഉള്ള ബന്ധം ജ്യോതിശ്ശാസ്ത്രപ്രകാരം അറിയാത്തവരും അതാതു ദിനങ്ങളുടെ പേരുകളായി ഞായർ, തിങ്കൾ എന്നീ പദങ്ങൾ പ്രയോഗിക്കുന്നു. ഞായർ എന്നതിനു നേരായി നേസർ എന്ന പദമത്രേ സൂര്യവാചിയായി കർണ്ണാടകത്തിൽ കാണുന്നതു്. മലയാളത്തിലും തമിഴിലും 'സമയം' എന്ന അർത്ഥത്തിൽ 'നേരം' എന്നു കാണുന്ന വാക്കു് സൂര്യവാചിയായ പദത്തോടു് ബന്ധമുള്ളതാകുന്നു. കാലകത്താവോ കാലഗണനയ്ക്കു് പ്രമാണഭൂതനോ ആയ സൂര്യനു് നേരത്തിനോടു് ആർത്ഥികമായുള്ള ബന്ധം സുസ്പഷ്ടമത്രേ. ക്രുഡ്ഭാഷയിൽ 'നേര' എന്ന പദത്തിനു് 'സൂര്യൻ' എന്നും 'സമയം' എന്നും അർത്ഥങ്ങൾ കാണുന്നുണ്ടു്. അതിനാൽ നേരം എന്ന പദത്തിനു് സൂര്യാർത്ഥകമായ പ്രകൃതിയോടു് ബന്ധമുണ്ടെന്നു് വ്യവസ്ഥാപിക്കാവുന്നതാണു്. നേസർ എന്നതിൽ രണ്ടു സ്വരങ്ങളുടെ ഇടയ്ക്കിരിക്കുന്ന സകാരം യകാരമായി മാറി നേയർ എന്നായിട്ടു് നകാരത്തിനു് ഏകാരത്തിന്റെ സാന്നിധ്യത്താൽ താലവ്യാദേശം വന്നു് ഏകാരസ്വരം വിവൃതമായ അകാരമായിട്ടു് ഞായർ എന്നുള്ള രൂപം സിദ്ധമാകുന്നു. അതുപോലെ 'നേസർ' എന്നതു് നേയർ എന്നായിട്ടു് താലവ്യാദേശം വരാതെ 'യ' എന്നതിനു് ലോപം വന്നു് നേർ എന്നായിട്ടു് 'അം' എന്ന അംഗപ്രത്യയം ചേർന്നു് നേരം എന്നുള്ള മറ്റൊരു രൂപത്തിലും ആയിത്തീരുന്നു. 'നേരം' എന്ന പദത്തിനു് പര്യായഭൂതമായ ഒരു പദമാണല്ലോ 'പൊഴുതു്'. ആ പദവും സൂര്യാർത്ഥകമായ ഒരു പ്രകൃതിയോടു് ബന്ധപ്പെട്ടതാണെന്നുള്ളതിനു് തെലുങ്കിൽ 'സൂര്യൻ, സമയം, ദിവസം, രാവിലെ' എന്നെ-

ല്ലാമർത്ഥമുള്ള ‹ത്തൊട്ട്' എന്ന പദം കാണുന്നതു് അനിഷേധ്യമായ ഒരു തെളിവാണു്. ചന്ദ്രവാചിയായ ‹തിങ്കൾ' എന്ന പദത്തിനു് ‹മാസം' എന്നുള്ള അർത്ഥം ‹തിങ്ങൾക്കോപ്പു്', ‹തിങ്ങൾപ്പണം' ഇത്യാദി പ്രയോഗങ്ങളിൽ സിദ്ധമായിട്ടുണ്ടല്ലോ. മാസഗണനത്തിൽ ചന്ദ്രനുള്ള സ്ഥാനം ശ്രാവണം, പ്രോഷ്ഠപദം മുതലായ ചാന്ദ്രമാസസംജ്ഞകളിൽ നിന്നതന്നെ സുഗ്രഹമാകുന്നതാണു്. ഇംഗ്ലീഷിൽ മാസാർത്ഥകമായ 'Month' എന്ന പദത്തെ ചന്ദ്രവാചിയായ Moon എന്നപദത്തോടു ബന്ധമുള്ള Mona എന്ന പ്രകൃതിയിൽനിന്നും ശബ്ദശാസ്ത്രജ്ഞന്മാർ വ്യുത്പാദിച്ചിരിക്കുന്നതു് ഒരു തുല്യനിദർശനം എന്ന നിലയിൽ പ്രസ്താവ്യമത്രേ.

അർത്ഥഭേദത്തിനു് ചില ഉദാഹരണങ്ങൾ.

൨൪൭. ഞായറാഴ്ച മുതലായി ദിനങ്ങളെ കുറിക്കുന്നിടത്തു് ആഴ്ച എന്നതു് അധിപത്യം വഹിക്കുക എന്ന അർത്ഥത്തിലുള്ള ‹ആഴ്' എന്ന ധാതുവോടു സംബദ്ധമാണെന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. ‹ഇന്നു് ആഴ്ചയെന്തു്?' ഇത്യാദി പ്രശ്നങ്ങളിൽ ദിനം എന്നുള്ള അർത്ഥം ആഴ്ച എന്ന പദത്തിനു് പ്രത്യേകമായിത്തന്നെ കല്പിതമായിരിക്കുന്നു. ഏഴുദിവസങ്ങൾ കൂടിയ കാലം എന്നുള്ള അർത്ഥം ആഴ്ച എന്നതിനു് സംകേതിതമായിത്തീർന്നതു് അർത്ഥപരമായ വികാരത്തെ ഉദാഹരിക്കുന്നതായി പറയാം. ‹ആഴ്ചപ്പതിപ്പു്', ‹ആഴ്ചയിൽ രണ്ടുതവണ' എന്നു തുടങ്ങിയ വ്യവഹാരങ്ങളിൽ മേൽ വിവരിച്ച അർത്ഥവികാസം സ്പഷ്ടമാണല്ലോ. സംസ്കൃതത്തിലെ 'വാരം' എന്ന പദത്തേയും ആഴ്ച എന്നതുപോലെ രണ്ടർത്ഥങ്ങളിലും മലയാളഭാഷയിൽ പ്രയോഗിക്കാറുണ്ടു്. ഉടുപ്പു് എന്ന വാക്കു് 'ഉടുക്കുക' എന്ന ക്രിയയോടു് ബന്ധപ്പെട്ടതായതുകൊണ്ടു് ഉടുമുണ്ടു് എന്നുള്ള അർത്ഥത്തിലാണു് ആദ്യം ശക്തമായിത്തീർന്നതെന്നു വിചാരിക്കാം. എന്നാൽ ഇപ്പോൾ കുപ്പായം എന്നുള്ള അർത്ഥത്തിൽ ഉടുപ്പു എന്നുള്ള പദം നിയന്ത്രിതമായിപ്പോയെന്നിരിക്കുന്നു. ഇങ്ങനെ ശബ്ദപരമായ അർത്ഥവികാസത്തിന്റെ അനുഗ്രഹത്തിൽ പ്രസവിക്കാത്ത സ്ത്രീകളും കൂടി അമ്മമാരും വയസ്സന്മാരെല്ലാം ചുമ്മാതെ അമ്മാവന്മാരും ചുമ്മാതെ അപ്പൂപ്പന്മാരും ആയിത്തീരുന്നുണ്ടല്ലോ. കുഞ്ഞുങ്ങളുള്ള ഭവനത്തിൽ ചെല്ലുന്ന ഒരു മാന്യൻ അവരുടെ ഒരു 'മാമൻ' ആണെന്നുള്ള നിലയിൽ മാതാപിതാക്കളാൽ പരിചയപ്പെടുത്തപ്പെടുവാൻ ഇടയായിത്തീരുന്നതു് ഇവിടങ്ങളിൽ അസാധാരണമല്ല. ഇംഗ്ലീഷിലെ ‹സർ' എന്ന പദത്തിനു് മലയാളത്തിൽ സാർ എന്നുള്ള രൂപഭേദത്തോടുകൂടി അദ്ധ്യാപകൻ എന്നുള്ള അർത്ഥവും ഉണ്ടായിത്തിന്നിട്ടുണ്ടല്ലോ.

പദസംഘാതങ്ങളുടെ പ്രഹതാർത്ഥത്വം,

വർണ്ണ. ഒന്നിലധികം പദങ്ങൾ ചേർന്നുള്ള സംഘാതത്തിന് പ്രയോഗംകൊണ്ടുണ്ടാകുന്ന പ്രഹതാർത്ഥത്വം അർത്ഥവിപരിണാമസിദ്ധാന്തത്തിൽനിന്നും വിഭിന്നമായ നിലയിൽ പരിചിന്തിക്കപ്പെടേണ്ടതാണ്. പമ്പകടക്കുക, അടിയറവു പറയിപ്പിക്കുക, തലയിൽക്രൂടി വണ്ടി ഓട്ടുക, പുളിശ്ശേരി കൂടിക്കുക, ദീപാളികുളിക്കുക മുതലായ ശൈലികളിൽ അവയുടെ വാച്യാർത്ഥത്തെ പാടേ ഉപേക്ഷിച്ച് സാജാത്യമോ സാദൃശ്യമോ സാഹചര്യമോ മറ്റോ ഉള്ള ഏതെങ്കിലും അർത്ഥത്തിൽ നിയമിതമായിപ്പോയിട്ടുണ്ടെങ്കിലും അവയുടെ സംഘാതത്തിനല്ലാതെ ഘടകപദങ്ങൾക്ക് പ്രത്യേകമായി അർത്ഥഭേദം വന്നിട്ടില്ല. ബസ്സിലും ബോട്ടിലും മറ്റും യാത്ര ചെയ്യുമ്പോൾ 'നാലു നെട്ടമങ്ങാടിറങ്ങി' 'ഏഴ് അലപ്പുഴ കയറിയിട്ടുണ്ട്' എന്നൊക്കെ നമുക്കു കേൾക്കുവാൻ ഇടവന്നിരിക്കുമല്ലോ. അവിടെ അതാതു സ്ഥലങ്ങളിൽ പോകുന്ന യാത്രക്കാരെ ഉദ്ദേശിച്ച് പ്രയുക്തമാകുന്ന അത്തരം വ്യവഹാരങ്ങൾ നില്ക്കുന്നു, കയറിയിട്ടുണ്ട് മുതലായ ചേതനാസാധ്യങ്ങളായ ക്രിയകളുടെ സാന്നിദ്ധ്യത്താൽ അവയോട് അടുത്ത ബന്ധമുള്ള അർത്ഥങ്ങളിൽ ശക്തങ്ങളായിത്തീരുന്നു. സംസ്കൃതത്തിൽ 'മഞ്ചാഃ ക്രോശന്തി' (മഞ്ചങ്ങൾ മൂളുന്നു); 'കുന്താഃ പ്രവിശന്തി (കുന്തങ്ങൾ പ്രവേശിക്കുന്നു) മുതലായ പ്രയോഗങ്ങളിൽ മഞ്ചപദത്തിന് മഞ്ചവാഹികൾ എന്നും കുന്തപദത്തിന് കുന്തധാരികൾ എന്നും മറ്റും ഉള്ള അർത്ഥത്തിൽ ലക്ഷണ കല്പിക്കപ്പെട്ടുന്നതുപോലെയാണ് മേൽക്കാണിച്ച പ്രയോഗങ്ങളിലും ഉപപത്തി കാണേണ്ടതെന്ന് പറയേണ്ടതില്ലല്ലോ. പദാന്തരസാഹചര്യാദികൾകൊണ്ട് സംഭവിക്കുന്ന ആ അർത്ഥഭേദവും പൃഥക് പ്രയോഗത്തിന് വിഷയമാകാത്തതിനാൽ ശൈലികളിൽ പ്രത്യക്ഷമാകുന്ന അർത്ഥവിപരിണാമനയത്തെ അനുസരിക്കുന്നതേയുള്ളൂ. ഭാഷയിൽ സകീയങ്ങളോ പരകീയങ്ങളോ ആയ പദങ്ങളിൽ പ്രയോഗവൈവിധ്യംകൊണ്ട് സംജാതമായിട്ടുള്ളതും ഓരോ പദത്തിനേറയും പ്രത്യേകമായ ഗ്രഹണത്തിൽ തന്നെയും സംകേതരൂപമായ ശക്തികൊണ്ട് സ്മരിക്കുന്നവയും ആയ അർത്ഥപരങ്ങളായ ഹ്രാസവികാസങ്ങളെക്കുറിച്ചു മാത്രമേ ഇവിടെ ചിന്തിക്കുന്നുള്ളൂ.

വർ൬. ഏതു ഭാഷയിലെ കോശഗ്രന്ഥം പരിശോധിച്ചാലും ഒരേ പദത്തിന് ഈഷദ് ഭിന്നങ്ങളായ അനേകം അർത്ഥങ്ങൾ വ്യവഹാരത്തിൽ വന്നിട്ടുള്ളതിനെ പ്രായേണ നിരീക്ഷണം ചെയ്ത് രേഖപ്പെടുത്തി

യിട്ടുള്ളതായിക്കാണാം. സ്വകീയശബ്ദങ്ങളുടെ ഉച്ചാരണത്തിലും ലിപിവിന്യാസത്തിലും അത്ഥകല്പനത്തിലും അംഗീകരിക്കുന്ന പരിണതികളെ പരിഗണിക്കുമ്പോൾ പരകീയ ശബ്ദവിഷയകമായി നാം പുലർത്തുന്ന മനോഭാവം പല അംശങ്ങളിലും വ്യത്യസ്തമായിരിക്കുന്നതായി കാണുവാൻ കഴിയും. വസ്തുസ്ഥിതി ആലോചിച്ചു നോക്കുന്നതായാൽ ഈ വ്യത്യസ്തമായ വീക്ഷണം ഒട്ടും കാര്യകാരിയല്ലെന്ന് വ്യക്തമാകും. നമ്മുടെ ഭാഷയിലുള്ള ശബ്ദഭണ്ഡാഗാരത്തിൽ എത്രയോ ഭാഷകളിൽ നിന്നും കണക്കില്ലാത്ത പദങ്ങൾ പല കാലങ്ങളിലും പല കാരണങ്ങളാലും കടന്നുകൂടിയിട്ടുണ്ട്. അവയെ എല്ലാം ഇന്ന ഇന്ന ഭാഷയിൽ നിന്നും വന്നിട്ടുള്ളതാണെന്നുള്ള വിവേചനബുദ്ധിയോടുകൂടിയേ പ്രയോഗിക്കാവൂ എന്നു ശഠിക്കുന്നതു് എതെങ്കിലും തരത്തിൽ യുക്തമാകുന്നതാണോ?

സ്വകീയ ശബ്ദങ്ങളും പരകീയശബ്ദങ്ങളും.

ഉ ർ വ്വ. നാം ഏതു ഭാഷയിൽ നിന്നും ആവക പദങ്ങളെ ഗ്രഹിച്ചുവോ അവയുടെ പ്രക്രിയയും മൂലാർത്ഥവും ഗ്രഹിച്ചു് അണുവും ഭേദം വരാത്തവണ്ണം അതേ രൂപത്തിലും അതേ അത്ഥത്തിലും പ്രയോഗിച്ചുകൊള്ളണമെന്നുള്ള നിയമവും അസ്ഥാനത്തിലാണു്. ആ ഭാഷകൾ ജീവദ്ഭാഷകൾ ആയിരുന്നാൽ നാം എപ്പോൾ പദങ്ങളെ സ്വീകരിച്ചുവോ അതിനു ശേഷം അവിടെത്തന്നെ പല വിപരിണാമങ്ങളും സംഭവിച്ചിരിക്കാം. അതുകൊണ്ടു് നമ്മുടെ ഭാഷയിലുള്ള പ്രയോഗപ്രാചുര്യത്തെ ആസ്പദമാക്കി രൂപത്തിനും അത്ഥത്തിനും വ്യവസ്ഥിതിയേർപ്പെടുത്തുന്നതാണു് അഭിലഷണീയമായിട്ടുള്ളതെന്നു് പറയേണ്ടതില്ലല്ലോ.

പരകീയ ശബ്ദങ്ങളും അത്ഥഭേദത്തിനു വിധേയങ്ങളാണ്

ഉ ർ ൻ. അത്ഥവിപരിണാമസിദ്ധാന്തത്തിനു് സ്വകീയ ശബ്ദങ്ങളിലും പരകീയ ശബ്ദങ്ങളിലും തുല്യമായ അനുപ്രവേശമാണുള്ളതെങ്കിലും ഭൂരിപക്ഷം പ്രയോക്താക്കളെ സംബന്ധിച്ചിടത്തോളവും പരകീയശബ്ദങ്ങളുടെ അവയവാത്ഥം ദുർഗ്രഹമായതിനാൽ അവയുടെ അർത്ഥത്തിൽ ഹ്രാസവികാസങ്ങൾ മിക്കവാറും നിയന്ത്രണാതീതങ്ങളും അതിമാത്രം വ്യാകുലങ്ങളും ആയിത്തീർന്നേക്കാമെന്നുള്ളതു് പ്രത്യേകം ശ്രദ്ധയെ അർഹിക്കുന്നു. സംസ്കൃതഭാഷാപദങ്ങൾക്കു് മലയാളികളുടെ പ്രയോഗത്തിൽ ഉണ്ടായിട്ടുള്ളതുപോലെ അത്ഥഭേദങ്ങൾ മറ്റേതെങ്കിലും ഭാഷയിൽ

മലയാളത്തിൽ സ്വീകൃതങ്ങളാകുന്ന സംസ്കൃതപദങ്ങൾ.

സംഭവിച്ചിട്ടുണ്ടോ എന്നുള്ളതു് സംശയമാണു്. സംസ്കൃതം ഒരു ഗ്രന്ഥഭാഷയായിരിക്കുന്ന സ്ഥിതിക്കു് പൂർവ്വകവികളുടെ കൃതികളിൽ കാണുന്ന അർത്ഥങ്ങളിൽ കവിഞ്ഞു് അതതു പദങ്ങൾക്കു് അർത്ഥവ്യാപ്തി വരുവാൻ ഇടയില്ലാത്തവണ്ണം പരിക്ഷിയുണ്ടു്. നേരെ മറിച്ചു് ഭിന്നമായ ഒരു നൂതനാർത്ഥത്തിൽ ഏതെങ്കിലും പദം പ്രയുക്തമാകുന്ന പക്ഷം സംസ്കൃതത്തിൽ അതു് സമ്മതമാകുന്നതല്ല. ഒരു അല്പ പക്ഷത്തിനു് സംസ്കൃത ഭാഷയിൽ ഗാഢമായ പാണ്ഡിത്യം സമ്പാദിക്കുവാൻ കഴിഞ്ഞു എന്നു വന്നാൽ തന്നെയും മലയാളികളുടെ പൊതുവേയുള്ള വ്യവഹാരരീതിയെ തടഞ്ഞു് സംസ്കൃതത്തിൽ നിന്നു് സ്വീകൃതങ്ങളായ പദങ്ങളെ രൂപത്തിലും അർത്ഥത്തിലും അക്ഷതങ്ങളായി പരിപാലിക്കുക സാദ്ധ്യമല്ല.

പ്രയോഗം കൊണ്ടുണ്ടാകുന്ന അർത്ഥഭേദത്തിന്റെ അംഗീകാര്യത.

ഉന്നം. വളമില്ലാത്ത നിലത്തുനിന്നും ഒരു വിത്തെടുത്തു് അനുകൂലമായ പരിതഃസ്ഥിതിയിൽ നിക്ഷേപിച്ചാൽ വളർച്ചയിൽ വ്യത്യാസം വരുന്നതു് സ്വാഭാവികമാണെല്ലോ. അതു പോലെയാണു് ഒരു ജീവദ്ഭാഷയിൽ സ്ഥാനം നേടിയ ഇതരഭാഷാപദത്തിന്റെയും അവസ്ഥ. വായ്മൊഴിയിലെന്നപോലെ വരമൊഴിയിലും ലബ്ധപ്രതിഷ്ഠങ്ങളായ ഒട്ടനേകം സംസ്കൃതപദങ്ങൾ മൂലാർത്ഥത്തിൽ നിന്നു് പല പ്രകാരത്തിലും ഭേദം ആവഹിക്കുന്നവയാണു്. വർത്തമാനം, സംസാരം, അവകാശം, അവധി, ഉദ്യോഗം, യജമാനൻ, വിചാരം, പുച്ഛം, ഭംഗി, കല്യാണം, സംബന്ധം, പരോക്ഷം, ആവശ്യം, ഭാഗവതർ സാവധാനം, ശിക്ഷ എന്നു തുടങ്ങിയ വാക്കുകൾക്കു് മലയാളത്തിൽ ഉണ്ടായിട്ടുള്ള ഭിന്നാർത്ഥകതാ മിക്കവാറും ഉറച്ചുപോയിരിക്കുന്നുവെന്നതന്നെ പറയാം. സംസ്കൃത പദങ്ങളെ മൂലാർത്ഥത്തിനു് ഭേദം കൂടാതെ പ്രയോഗിക്കണമെന്നു് ചിലർ ശഠിക്കുന്നതായി കണ്ടിട്ടുണ്ടെങ്കിലും മുൻകാലത്തു് ഇറക്കുമതി ചെയ്തിട്ടുള്ള ചരക്കുകളുടെ കാര്യത്തിൽ യാതൊരു വിപ്രതിപത്തിയും പ്രദർശിപ്പിക്കുന്നില്ല. അതേ നയം ആധുനിക ദശയിൽ തിരസ്കൃതമാകുന്നതിലോ അപലപിക്കപ്പെടുന്നതിലോ എന്തൊരു സാംഗത്യമാണു് പറയുവാൻ കഴിയുന്നതു്? ഒരാളുടെയോ ഏതാനും ചിലരുടെയോ പ്രയോഗത്തെ ആസ്പദമാക്കി അർത്ഥഭേദം അനുവദിക്കപ്പെടണമെന്നല്ല ഇവിടെ പ്രസ്താവിക്കുന്ന

തെന്നും ഒരു പ്രയോഗം പ്രചാരപ്രാപ്തിയും നേടിക്കഴിഞ്ഞാൽ അതിന്റെ സമ്മതിയെക്കുറിച്ചു് സംകുചിതബുദ്ധി പ്രദർശിപ്പിക്കുന്നതു് നിഷ്പ്രയോജനമാണെന്നു് ചൂണ്ടിക്കാണിക്കുകയാണെന്നും വ്യക്തമായിരിക്കുമല്ലോ.

൨൫൧. വ്യുത്പന്നങ്ങളായ പദങ്ങളുടെ അവയവാർത്ഥവിജ്ഞാനം വിവക്ഷിതത്തെ ഏറെക്കുറച്ചിൽക്രടാതെ പ്രകടിപ്പിക്കുന്നതിനു് ഉചിതങ്ങളായ പദങ്ങളെ തിരഞ്ഞെടുക്കുന്നതിൽ അത്യന്തം സഹായകമാണു്. നിഷ്കർഷപൂർവ്വമായ ശബ്ദപ്രയോഗം പാണ്ഡിത്യത്തിന്റെ ഉത്തമലക്ഷ്യവുമാകുന്നു പക്ഷേ ഭാഷയുടെ പുരോഗതിയിൽ ശ്രദ്ധ പതിപ്പിക്കാതെ, എപ്പോഴും ശബ്ദങ്ങളുടെ പ്രകൃത്യർത്ഥത്തിലേക്കു് പ്രതിഗമനം ചെയ്യുവാൻ ആയാസപ്പെടുന്നതു് അനാശാസ്യമത്രേ. പ്രാചീനന്മാരായ അർത്ഥചിന്തകന്മാർതന്നെ അവ്യുത്പന്നങ്ങളായ ശ്രുഢശബ്ദങ്ങൾക്കും വ്യുത്പന്നങ്ങളായ യൗഗിക ശബ്ദങ്ങൾക്കും പുറമേ യോഗശ്രുഢങ്ങളായി പങ്കജാദി ശബ്ദങ്ങളെ നിരീക്ഷണം ചെയ്തതു് ഹ്രാസവും വികാസവും അർത്ഥത്തിൽ ഉണ്ടാകുമെന്നും അവ പ്രയോഗത്തിൽനിന്നും വിജ്ഞേയങ്ങളാണെന്നും നിർവിശങ്കം വിശദീകരിക്കുന്നു.

പ്രാചീനരായ അർത്ഥചിന്തകന്മാരും അർത്ഥഭേദത്തെ അനുവദിച്ചിട്ടുണ്ടു്.

൨൫൨. അർത്ഥത്തിന്റെ പരിവർത്തനം ചിലയിടത്തു് വ്യക്തവും മറ്റു ചിലയിടത്തു് കാരണാന്തരംകൊണ്ടു് കല്പനീയവുമായിരിക്കാം. മദ്ധ്യാഹ്നങ്ങൾ അവിജ്ഞാതങ്ങളാകുന്നപക്ഷം പ്രകരണാകൊണ്ടുമാത്രം നിശ്ചയിക്കപ്പെടേണ്ടതായിത്തീരുന്നു. ഒരു ആശയത്തിന്റെ പ്രകടനത്തിനു് സമുചിതമായ പദം പെട്ടെന്നു കിട്ടാതെ വരുമ്പോൾ അതിനോടു് ഏതാണ്ടു് അടുപ്പമുള്ള പദം പ്രയുക്തമാകുന്നതും അശ്രദ്ധകൊണ്ടു് നിഷ്കർഷം പരിത്യജിക്കപ്പെടുന്നതും ഗോപനീയതയ്ക്കുവേണ്ടി സ്പഷ്ടാർത്ഥകങ്ങളായ പദങ്ങളെ ഉപേക്ഷിച്ചു് കേവലം സൂചകങ്ങളായ പദങ്ങളെ ഗ്രഹിക്കുന്നതും ഉയർന്നിലയിലുള്ളവരോടു് ആദരവും ആപേക്ഷികമായി തങ്ങൾക്കുള്ള താഴ്മയും കാണിക്കുന്നതിനുവേണ്ടി ഭംഗ്യന്തരോക്തിയെ ആശ്രയിക്കുന്നതും എല്ലാം അർത്ഥവിപരിണാമത്തിനുള്ള വിഭിന്നങ്ങളായ ഉപാധികളാകുന്നു. വർത്തമാനം, സംസാരം തുടങ്ങി മേൽക്കാണിച്ച ഉദാഹരണങ്ങളെ പരിശോ

അർത്ഥവിചരിണാമത്തിന്റെ വിഭിന്നോപാധികളും ഉദാഹരണങ്ങളും.

ധിക്കുന്നപക്ഷം സൂക്ഷ്മമോ സ്ഥൂലമോ ആയ ഏതെങ്കിലും ഒരു ബന്ധം അവയുടെ മൂലാർത്ഥത്തോടു് ഉള്ളതായി കാണാമല്ലോ. നടന്നുകൊണ്ടിരിക്കുന്നതു് എന്നു് അർത്ഥമുള്ള വർത്തമാനം എന്ന വാക്കു് സംഭാഷണം, വൃത്താന്തം എന്നീ അർത്ഥങ്ങളിൽക്കൂടി സങ്കേതിതമായി. ജനനമരണാത്മകമായ സംസാരത്തിനും രണ്ടു പേർ തമ്മിലുള്ള സംസാരത്തിനും (സംഭാഷണത്തിനും) ലൌകികബന്ധം ആകുന്ന സാധാരണ്യമേയുള്ളൂ. ഭാരം അല്ലെങ്കിൽ 'ഇടം' എന്ന അർത്ഥത്തിലുള്ള അവകാശത്തിനും സ്വത്തിലുള്ള അവകാശത്തിനും രണ്ടു തരത്തിൽ പ്രവേശനാനുകൂലത സ്പഷ്ടമാണല്ലോ. അവധി എന്നതിനു് സംസ്കൃതത്തിൽ അതിരു് എന്നുള്ള അർത്ഥവും ഒഴിവു് എന്നു് മലയാളത്തിൽ വന്നിട്ടുള്ള അർത്ഥവും പൌർവാപര്യക്രമമായ പരിധിയെ ആശ്രയിക്കുന്നതുകൊണ്ടു് അന്യോന്യബദ്ധങ്ങളാകുന്നു. ഉദ്യോഗത്തിൽ ഉദ്ദിഷ്ടമായ ഒരുക്കവും ഉദ്യോഗത്തിനു് (ജോലിക്കു്) ആവശ്യം തന്നെ. യാഗം നടത്തുന്നവനായ യജമാനനുള്ള ബഹുമതി മേലുദ്യോഗസ്ഥന്മാരോ മറേറാ ആയ യജമാനന്മാർക്കും മറ്റുള്ളവർ വകവച്ചുകൊടുക്കുന്നു. 'ഭാരം' എന്നുള്ള അർത്ഥത്തിൽ നിന്നും 'വിചാര'ത്തിനു് വ്യക്തമായ സ്ഥിതിഗതികൾ, വകതിരിവു്, പഠിപ്പു് മുതലായ അർത്ഥങ്ങൾ വിവൃതിയുടെ സഹജാതങ്ങളാകയാൽ സംഭാവ്യങ്ങളത്രേ. പുച്ഛത്തിനു് (വാലിനു്) പൃഷ്ഠസ്ഥിതികാണ്ഡു് അൽപം പുച്ഛിക്കത്തക്കനില ഉള്ളതിനെ ആസ്പദമാക്കി ആ പദത്തിനു് പരിഹാസരൂപമായ അർത്ഥംകൂടി പ്രയോഗത്താൽ വന്നുചേർന്നു ഇതുപോലെ വേഷവൈചിത്ര്യം, മംഗല്യം, ചേച്ചു്, അസ്വാതന്ത്ര്യം, ഭഗവദ്ഭക്തന്മാർ, സൽസ്വഭാവം, പരിശീലനം എന്നു് യഥാക്രമം അർത്ഥങ്ങളുള്ള ഭംഗി, കല്യാണം, സംബന്ധം, പരിഹാസം (Coll.), ഭാഗവതർ, സാവധാനം (പതുക്കെ), ശിക്ഷ (നല്ലതു് Cf. പാട്ടു് ശിക്ഷയായി) ഇത്യാദികളായ വാക്കുകളിൽ സംവിഭാവിച്ചിട്ടുള്ള അർത്ഥവിപരിണാമം ഉപപന്നമാണെന്നു കാണാവുന്നതാണു്.

പ്രചുരപ്രചാരങ്ങളായ പ്രമാദങ്ങളിൽ അനുപപത്തി ആശങ്കിക്കേണ്ടതില്ല.

ഒരു പ്രാസംഗികൻ എന്ന വാക്കു് തെറ്റാണെന്നും പ്രസഞ്ജകൻ എന്നോ പ്രസംഗകൻ എന്നോ മറേറാ ഉള്ള നിലയിൽ അതു മാറ്റപ്പെടേണ്ടതാണെന്നും ചിലർ വാദിക്കുകയും അതനുസരിച്ചു് പത്രപംക്തികളിലും സമാജകാര്യപരിപാടികളിലും ചിലപ്പോഴൊക്കെ പ്രാസംഗികന്റെ സ്ഥാനത്തിൽ പ്രസഞ്ജകനും സ്ഥാനംപിടിക്കുകയും ചെയ്തിട്ടുണ്ടല്ലോ. പ്രസംഗം എന്ന വാക്കിനു തന്നെ പ്രഭാഷണം എന്ന അർത്ഥം

ഇല്ലാത്ത സ്ഥിതിക്ക് പ്രസംഗത്തിനും പ്രാസംഗികനും അടിസ്ഥാനമായ ധാതുവിനെ സമാശ്രയിച്ച് ഒരു പദം പ്രഭാഷകൻഎന്നുള്ള അർത്ഥത്തിൽ സൃഷ്ടിക്കുന്നതിന്റെ അയുക്തത സുവിശദമാണല്ലോ. പ്രാസംഗികൻ എന്നുള്ള പദം ആഗന്തുകൻ എന്നുള്ള അർത്ഥത്തിൽ സംസ്കൃതത്തിൽ നിഷ്പന്നമാണ്. ചുരുക്കത്തിൽ പ്രസംഗവും പ്രാസംഗികനും സംസ്കൃതത്തിൽ നിന്നും അർത്ഥവ്യത്യാസത്തോടെ ഗ്രഹിക്കപ്പെട്ടിരിക്കുന്നുവെന്ന് പറയണമെന്നല്ലാതെ നിഷ്പ്രയോജനമായ അനുപപത്തി ആശങ്കിക്കുന്നത് അസ്ഥാനത്തിലാണെന്ന മാത്രം പ്രസ്താവിച്ചുകൊള്ളട്ടെ. ഈ നിലയ്ക്ക് സഹായം, ഉദ്ദേശം, ക്ഷണം അല്ലെങ്കിൽ ക്ഷണനം എന്നിങ്ങനെ പ്രയോഗപ്രാചുര്യം സിദ്ധിച്ചിട്ടുള്ള വാക്കുകൾ പരിത്യജിച്ചിട്ട് സാഹായ്യത്തിനും ഉദ്ദേശ്യത്തിനും നിമന്ത്രണത്തിനും മറ്റും തേടിപ്പോകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

൨൫. നമ്മുടെ ഭാഷയിൽ വ്യവഹാരബാഹുല്യം സിദ്ധിച്ചിട്ടുള്ള ഏതാനും പരകീയശബ്ദങ്ങളെ അവയിൽ വന്നിട്ടുള്ള അർത്ഥഭേദത്തോടുകൂടി ഒരു പട്ടികയായി പ്രദർശിപ്പിക്കുന്നത് ഭാഷയൊട്ടുക്കു വ്യാപിച്ചു കിടക്കുന്ന അർത്ഥവിപരിണാമസിദ്ധാന്തത്തെ ആരാഞ്ഞറിഞ്ഞു് ഏതദ്വിഷയകമായ ഉപരിചിന്തനത്തിന് പ്രയോജകീഭവിക്കുമെന്നു വിശ്വസിക്കുന്നു.

അർത്ഥവിപരിണാമസിദ്ധാന്തത്തിന്റെ ഉന്നയനത്തിന് സഹായിക്കുന്ന പട്ടിക.

സംസ്കൃതം അന്യഭാഷ

ശബ്ദം.	അർത്ഥം.
അഭ്യാസ	repeated study
അമൃത	ambrosia
അംബഷ്ഠ	a man of the medical caste
ആഭാസ	semblance, fallacious appearance
ആലസ്യ	want of energy
ഉദ്യോഗ	the act of undertaking any thing
ഏഷണ	the act of seeking, probing
കക്ഷ്യാപട	cloth passed between the legs to cover the private parts
കല്യാണ	prosperity, happiness
കഷ്ടി	pain, trouble
കസ്യംഭ	outward affection
തർക്ക	reasoning, speculating
താമസ	appertaining to the quality 'tamas'
ദാഹ	internal heat
നിർവ്വാണ	final emancipation
പരിഷ്കാര	ornament, decoration
ഫലാഹാര	living on fruit
പിത്ത	bile
പ്രാപ്യ	to be resorted to
പീഠിക	stool, bench
ഫലിത	producing consequences

മലയാളം അന്യഭാഷ

ശബ്ദം.	അർത്ഥം.
അഭ്യാസം	gymnastics
അമൃതഭോജനം	royal meal
അമ്പട്ടൻ	barber
ആഭാസം	low, vulgar
ആലസ്യം	sickness of kings
ഉദ്യോഗം	job, employment
ഏഷണി	back-biting, calumny
കച്ചവട	commercial trade
കല്യാണം	marrirage
കഷ്ടി	strait, scantiness
കുശുമ്പ്	envy
തർക്കം	dispute altercation
താമസം	delay
ദാഹം	thirst
നിർവാണം	nudity (a secondary sense derived from the naked state of mendicants cf. Kanareese നിർവ്വാണി person who goes naked and who is exonerated while living from future birh and ritual ceremonies
പരിഷ്കാരം	civilization
പലഹാരം	sweetmeat
പിച്ച്	madness
പ്രാവിശ്യം	turn, time
പീടിക	shop
ഫലിതം	wit, humour

സംസ്കൃതം ശബ്ദം.	അന്യഭാഷ അർത്ഥം.
ഭംഭാ	bee
വരാഹ	boar
വണിജ്	merchant
രണ്ഡ	hard excrement
ഷഡംഗ	the six works auxiliary to the Veda
ശൃണ്ഠി	ginger
സന്ധാ	junction
സിദ്ധാന്ത	doctrine
സംവധാന	attention
ആസ്ഥാനി	assembly, meeting house
ആജ്ഞാ	command
ക്ഷേമ	well-being
കൊട്ടാര	granary
പാടക	mantle, cloak
രാജപുത്ത	a Rajput
വ്യാഖ്യാന	commenting, expounding
വിവക്ഷ	fancy, imagination
ജഗന്നാഥ്	The place called jagannath
പാംഖ്	side, party
*സഠ്	merchant
സീമാ	boundary, foreign land

മലയാളം ശബ്ദം.	അന്യഭാഷ അർത്ഥം.
പമ്പരം	spinning top
വരാഹൻ	a gold coin (bearing the stamp of a boar)
വാണിയൻ	oilmonger
ആരണ്ടം	elephant-dung
ചടങ്ങ്	ritual
ശുണ്ഠി	anger
ചന്ത	market
സിദ്ധാന്തം	stubbornness
താവധാനം	delay
ആത്താണ	porter's rest
ആണ	swearing
കേമം	excellent
കൊട്ടാരം	palace
പാവാട	skirt
രാവുത്തൻ	a class of northern Mohammedans
വക്കാണം	dispute, quarrel
വ്യാക്ക	wish of pregnant women
ജഗന്നാഥൻ	a kind of cloth manufactured in the mills of jagannāth
പാങ്ങ്	means
സേട്ട്	a wealthy Muslim merchant
ശീമ	foreign land cf. മഹശീമ, now used in the restricted sense of England

൨൫൪ ഭാഷ വിപുലമായ ജനസമൂഹത്തിൽപ്പെട്ട വ്യക്തികളാൽ സ്വാത്മനാ സമാദരിക്കപ്പെടുന്നതിനാൽ ദൈനംദിനം അഭിവൃദ്ധിയും പരിഷ്കൃതിയും പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഭാഷയുടെ സജീവശക്തിയെ നിരീക്ഷണം ചെയ്യുന്നതിനാണ് ശബ്ദശാസ്ത്രജ്ഞന്മാർ വിവിധങ്ങളായ മാർഗ്ഗങ്ങളിലൂടെ പരിശ്രമിക്കുന്നത്. അവിച്ഛിന്നങ്ങളായ ജനപരമ്പരകളുടെ വ്യാപൃതിക്കും വ്യാഹൃതിക്കും വിഷയമായ നിഖിലപ്രയത്നങ്ങളിലും പരമമായ പ്രാധാന്യം അർഹിക്കുന്ന ഭാഷയിൽ അനുപ്രവേശിച്ചിരിക്കുന്ന പൊരുളിന്റെ വിളയാട്ടം അറിയുന്തോറും താത്ത്വികമായ ചിന്ത പ്രബലീഭവിക്കുന്നു.


൨൫൫. ദക്ഷിണഭാരതത്തിലെ ലിപിസമ്പ്രദായങ്ങളും എല്ലാം തന്നെ ഗുഹാലിപികളുടെ (cave characters) പരിണതരൂപങ്ങളാണെന്ന് ബർണൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഗുഹാലിപികളും എന്നു പറയുന്നത് ദാക്ഷിണാത്യങ്ങളായ അശോകശാസനങ്ങളിൽ ഉപയുക്തമായിട്ടുള്ള ലിപിസംപ്രദായത്തിന്റെ ഒരു വകഭേദം മാത്രമാകുന്നു. ചേരചോളപാണ്ഡ്യദേശങ്ങളിൽ പ്രചാരത്തിൽ ഇരുന്നിരുന്ന വട്ടെഴുത്ത് ദക്ഷിണാശോകലിപിയിൽ നിന്നും പൃഥഗ്ഭാവം അർഹിക്കുന്നതാണ്. എങ്കിലും ആ രണ്ടു തരം ലിപികളും ഒരേ വൈദേശിക ലിപിയിൽ നിന്നും ഉണ്ടായിട്ടുള്ളവയായിരിക്കുവാൻ ഇടയുണ്ടെന്ന് ബർണ്ണൽ അഭ്യൂഹിച്ചിരിക്കുന്നു. വട്ടെഴുത്തിനും ദക്ഷിണാശോകലിപിക്കും ഫിനീഷ്യൻ, അറാമിക് എന്നീ മെഡിറ്ററേനിയൽ ലിപികളോടുള്ള ചില സാദൃശ്യങ്ങളാണ് ബർണൽ ഈ വിഷയത്തിൽ ആധാരമാക്കുന്നത്. വട്ടെഴുത്തിലെ ചില അക്ഷരങ്ങളുടെ വടിവുകൾക്ക് പ്രാചീനതമങ്ങളായ പഹ്ലവി ലിപികളോടുള്ള വ്യക്തമായ സാദൃപ്യവും ശ്രദ്ധാർഹമാണെന്ന് ബേർണൽ ചൂണ്ടിക്കാണിക്കുന്നു. പേഴ്സ്യക്കും ഇൻഡ്യയുടെ പശ്ചിമതീരപ്രദേശങ്ങൾക്കും തമ്മിൽ വാണിജ്യപരമായി സുദൃഢമായ ബന്ധം പുരാതനകാലത്തു് ഉണ്ടായിരുന്നുവെന്നുള്ളതിന് വേണ്ടുവോളം ലക്ഷ്യങ്ങളുണ്ടല്ലോ.

മലയാളത്തിലെ ലിപികം.

൨൫൬. ബർണ്ണലിന്റെ അഭിപ്രായം ഗുഹാലിപികൾക്ക് ചേരം ചാലൂക്യം വെങ്ങി എന്ന മൂന്നു ശാഖകൾ ഉള്ളവയിൽ ചേരത്തിൽ നിന്ന് പ്രാചീനമായ ഗ്രന്ഥലിപിയും അതിൽനിന്ന് തുളുവിനും മലയാളത്തിനും പ്രഭവമായിത്തീർന്ന ഒരു തരം ലിപിയും ഉണ്ടായി എന്നത്രേ. വട്ടെഴുത്ത് ചേരാദികളായ മൂന്നു ശാഖകളിൽ നിന്നും വേർതിരിഞ്ഞു് അവസ്ഥാനം ചെയ്തിരുന്നതും പ്രാചീനമായ ഗ്രന്ഥലിപിയുടെ സംസർഗ്ഗത്തോടുകൂടി

ബർണ്ണലിന്റെ അഭ്യൂഹം.


ആധുനികമായ തമിഴ്‌ലിപിക്ക് ആധാരമായിരുന്നതും ആണെന്ന് ബർണ്ണൽ വിചാരിക്കുന്നു. ദക്ഷിണഭാരതീയലിപികളുടെ ആഗമത്തെ നിർദ്ദേശിക്കുവാൻ ബർണ്ണൽ അംഗീകരിച്ചിട്ടുള്ള പട്ടിക ചുവടെ ചേർത്തിരിക്കുന്നു.



ഡാക്ടർ രവിവർമ്മയുടെ അഭ്യൂഹം.

ഉദ്ദേശം അടുത്ത കാലത്തു് പ്രാചീനകേരളലിപികളുടെ ആഗമത്തെക്കുറിച്ചു് വിപുലമായ ഗവേഷണം നടത്തിയിട്ടുള്ള വൈദ്യശാസ്ത്രനിപുണൻ ഡാക്ടർ എൽ. ഏ. രവിവർമ്മ പ്രാചീനമായ ബ്രാഹ്മീലിപിയിൽ നിന്നും ക്രമാനുഗതമായ പരിണാമത്തോടുകൂടി ആഗതങ്ങളായിട്ടുള്ളവയാണു് വട്ടെഴുത്തുൾപ്പടെയുള്ള ദക്ഷിണഭാരതത്തിലെ എല്ലാ ലിപികളും എന്നു തെളിയിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. പല ഗ്രന്ഥങ്ങളുടെ കൈയെഴുത്തുകളും അശോകന്റെ ശിലാശാസനങ്ങളും മറ്റും രേഖപ്പെടുത്തിയിട്ടുള്ളതു് ബ്രാഹ്മീലിപിയിലത്രേ. ജൈനരുടേയും മറ്റും പ്രഭാവകാലത്തായിരിക്കണം ബ്രാഹ്മീലിപിക്കു് തെക്കേ ഇൻഡ്യയിൽ അനുപ്രവേശം സിദ്ധിച്ചതെന്നു് ഡാക്ടർ എൽ. ഏ. രവിവർമ്മ പ്രസ്താവിക്കുന്നു. ബ്രാഹ്മിക്കു് ദക്ഷിണഭാരതത്തിൽ സംഭവിച്ചിട്ടുള്ള റൌണ്ഡ് പാലി, ചേര, ചാലൂക്യ വട്ടെഴുത്തു് (വട്ടെഴുത്തു് എന്നല്ലാ വട്ടെഴുത്തെന്നാണു് ശരിയായ പേരു് എന്നു് അദ്ദേഹം അനുശാസിക്കുന്നു) എന്നീ നാലു ഭേദങ്ങളിൽ ചേരരാജ്യത്തിന്റെ ഭിന്നങ്ങളായ രണ്ടു ശാഖകളായിട്ടാണു് ഗ്രന്ഥത്തേയും തുളു-മലയാളത്തേയും (തുളുവിനും മലയാളത്തിനും പൊതുവായി

രുന്ന ലിപി) ഡാക്ടർ രവിവർമ്മ വീക്ഷിക്കുന്നത്. വട്ടെഴുത്തിന്റെ അർവാചീനദശയിൽ തമിഴ് ശാഖയും കോലെഴുത്ത്, മലയാണ്മ എന്നിവയുംപ്പെട്ട മറ്റൊരു ശാഖയും സംഭവിച്ചുവെന്നും അഭ്യൂഹിച്ചിരിക്കുന്നു. ഈ സിദ്ധാന്തത്തിന് ഉപോദ്ബലകമായി പ്രായേണ എല്ലാത്തരം ലിപിഭേദങ്ങളുടേയും അനുക്രമമായ വ്യത്യയെ ഉദാഹരിക്കുന്ന രേഖകളെ ഡാക്ടർ എൽ. ഏ. രവിവർമ്മ അവർകൾ പ്രദർശിപ്പിച്ചിട്ടുള്ളത് പ്രസ്തുതവിഷയത്തിൽ പ്രയോജനകരമായിട്ടുണ്ട്. ബ്രാഹ്മിയിൽ നിന്നും ദാക്ഷിണാത്യലിപികളുടെ ആഗമത്തെ വ്യക്തമാക്കുന്നതിന് മിസ്റ്റർ രവിവർമ്മ നല്കിയിട്ടുള്ള പട്ടിക ബണ്ണലിന്റേതിൽ നിന്നും വ്യത്യസ്തമാകയാൽ അതും ഇവിടെ ഉല്ലേഖിക്കുന്നു.


ബ്രാഹ്മി (അശോകലിപി)
(ഗുപ്തലിപി)
വടക്കേഇന്ത്യൻ ലിപികൾ
തെക്കേ ഇന്ത്യൻ ലിപികൾ
പല്ലവഗ്രന്ഥം
വെട്ടെഴുത്ത്
കോലെഴുത്ത്
തമിഴ്
മലയാണ്മ
ഗ്രന്ഥം
ഗ്രന്ഥം
ഗ്രന്ഥം

൨൫൯. ഇന്നു് മലയാളത്തിൽ അച്ചടിയിലും എഴുത്തിലും പൊതുവേ ഉപയോഗിച്ചുവരുന്ന ലിപിസമ്പ്രദായത്തെ ആര്യ എഴുത്തെന്നു പറയുന്നതു് അതിന്റെ ആഗമം ആര്യലിപിയിൽ നിന്നാണെന്നുള്ള പരമ്പരാഗതമായ വിശ്വാസം കൊണ്ടായിരിക്കാം കേരളത്തിൽ ഗ്രന്ഥവരികളിലും ശാസനങ്ങളിലും മറവും വട്ടെഴുത്തു്, കോലെഴുത്തു്, മലയാണ്മ, എന്നീ പേരുകളിൽ വ്യപദേശിക്കപ്പെടാവുള്ള മൂന്നു തരം ലിപികളും ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്. ആര്യ എഴുത്തു് ഇവയിൽ നിന്നെല്ലാം അർവാചീനമാണെന്നു് ഉള്ള ചിലരുടെ അഭിപ്രായം, രേഖകളുടെ യാഥാത്ഥ്യം നോക്കുമ്പോൾ സ്വീകാര്യമായിരിക്കുന്നില്ല. ആര്യ എഴുത്തും മറവു ലിപികളും ഒട്ടുപ്പം തന്നെ പ്രാചീനരേഖകളിൽ പോലും കണ്ടെത്താവുന്നതാണു്. വട്ടെഴുത്തും കോലെഴുത്തും മലയാണ്മയും ഒന്നിനോടൊന്നു് അടുപ്പമുള്ള ലിപിസമ്പ്രദായങ്ങൾ ആണു്. കേരളമൊട്ടുക്കു് വട്ടെഴുത്തിനു് വ്യാപകമായ പ്രചാരം ഉണ്ടായിരുന്നു എന്നുമാത്രമല്ല എഴുത്തുകൊണ്ടുള്ള രൂപവൈചിത്ര്യം താരതമ്യേന കുറവായതുകൊണ്ടു് വട്ടെഴുത്തിലുള്ള ഏതു രേഖയും എളുപ്പത്തിൽ വായിച്ചു് മനസ്സിലാക്കുവാൻ സാധിച്ചുമിരുന്നു. കോലെഴുത്തിനു് കൊച്ചിയിലും മലബാറിലും ആണു് കൂടുതൽ പ്രചാരം സിദ്ധിച്ചിരുന്നതു്. മലയാണ്മ അഥവാ തെക്കൻ മലയാണ്മ വട്ടെഴുത്തിനേയും കോലെഴുത്തിനേയും അപേക്ഷിച്ചു് അർവാചീനമാണെന്നുള്ളതിനു പുറമേ അതിനു് ദക്ഷിണതിരുവിതാംകൂറിലല്ലാതെ മറെറങ്ങും പ്രചാരം സിദ്ധിച്ചിട്ടുമില്ല. കോലെഴുത്തുരൂപങ്ങളും മലയാണ്മരൂപങ്ങളും തമിഴ്രൂപങ്ങളും പലപ്പോഴും കലത്തി ഉപയോഗിക്കപ്പെട്ടിരിക്കുന്നതു കൊണ്ടും ലേഖനസാമഗ്രീഭേദത്താൽ മലയാണ്മയ്ക്കു് സംഭവിച്ചിട്ടുള്ള വിലാസവൈചിത്ര്യം കൊണ്ടും ദക്ഷിണതിരുവിതാംകൂറിലെ രേഖകൾ ഇതരസ്ഥലങ്ങളിലുള്ളവയെ അപേക്ഷിച്ചു് ഒർഗ്രഹങ്ങളായിട്ടുണ്ടു്. വട്ടെഴുത്തു്, കോലെഴുത്തു്, മലയാണ്മ എന്നിവയുടെ രൂപം അറിയുന്നതിനു് അവയിൽ ഓരോന്നിലുമുള്ള അക്ഷരമാലയെ പട്ടികയായി പ്രദർശിപ്പിച്ചിരിക്കുന്നതു നോക്കുക.

വിഭിന്നലിപികളുടെ പ്രയോഗം.

൨൫൰. മലയാളഭാഷയുടെ ശാസ്ത്രീയവും താരതമ്യപൂരസ്സരവുമായ അഭ്യസനത്തിനു് പൂർവരംഗം എന്ന നിലയിൽ അവശ്യം അറിഞ്ഞിരിക്കേണ്ട പ്രമേയങ്ങളെക്കുറിച്ചാണു് ഇവിടെ നിരൂപണം ചെയ്തിട്ടുള്ളതു്. വ്യാകരണത്തിന്റെ മുഖ്യമായ ധർമ്മം ഉത്സർഗാപവാദരീതിയിൽ കുറേ നിയമങ്ങളെ ക്രോഡീകരിച്ചു് ലക്ഷ്യങ്ങളിലെല്ലാം ഒരുവിധം സമനയ

ഉപസംഹാരം.

പ്പിച്ച് തൃപ്തിയടയുകയല്ലെന്നും അതുവോളം ലക്ഷ്യങ്ങളെ പരിശോധിച്ച് യുക്തിക്കും അനുഭവത്തിനും ചേരുന്നവണ്ണം അവയിൽ അടങ്ങിക്കിടക്കുന്ന തത്ത്വങ്ങളെ വിശദീകരിക്കുകയാണെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. ഒരു ഭാഷ എന്ന നിലയ്ക്ക് ലോകഭാഷകളുടെ സമവായത്തിൽ വ്യക്തിത്വം അർഹിക്കുന്ന നമ്മുടെ മാതൃഭാഷയിൽ അന്തർലീനങ്ങളായിരിക്കുന്ന പല തത്ത്വങ്ങളുടേയും വിവരണത്തിന് സഗോത്രഭാഷകൾ മാത്രമല്ല ചരിത്രംകൊണ്ട് യാതൊരു സംബന്ധവുമില്ലാത്ത ഭാഷകൾപോലും നിദർശനകോടിയിൽ ആനയിക്കപ്പെടേണ്ടതായി വരും. അതുകൊണ്ട് ഭാഷകളുടെ സാമാന്യതത്ത്വങ്ങളേയും സ്വഭാവവൈചിത്ര്യങ്ങളേയും കുറിച്ച് ഈ ഭാഗത്തിൽ ചെയ്തിട്ടുള്ള ചർച്ച മലയാളഭാഷാവ്യാകരണത്തിൽ പ്രതിപാദിക്കപ്പെടുന്ന വിഷയങ്ങളുടെ സൂക്ഷ്മമായ അവലോകനത്തിന് സഹായകമായിരിക്കുമല്ലോ.

DHARMARAM LIBRARY
BANGALORE-560 029

Due Date	Due Date	Due Date

DC Library
00014715
T51 G54